# ആവിഷ്കാരസ്വാതന്ത്ര്യവും അധികാരവും മലയാള നാടകവേദിയിൽ

‘നാടുഗദ്ദിക’, ‘കുരിശിന്റെ വഴിയിൽ’, ‘ക്രിസ്തുവിന്റെ ആറാംതിരുമുറിവ്’
എന്നീ നാടകങ്ങളെ മുൻനിർത്തിയുള്ള അപഗ്രഥനാത്മക പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന പ്രബന്ധം

സമർപ്പിക്കുന്നത്
ശ്യാംരജി എസ് എസ്

ഗവേഷണ മാർഗ്ഗദർശി
ഡോ. എസ് സുനിൽകുമാർ

സ്കൂൾ ഓഫ് ഡ്രാമ & ഫൈൻ ആർട്സ്
ഡോ. ജോൺ മത്തായി സെന്റർ
യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
അരണാട്ടുകര, തൃശ്ശൂർ

# ആവിഷ്കാരസ്വാതന്ത്ര്യവും അധികാരവും മലയാള നാടകവേദിയിൽ

'നാടുഗദ്ദിക', 'കുരിശിന്റെ വഴിയിൽ', 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്'
എന്നീ നാടകങ്ങളെ മുൻനിർത്തിയുള്ള അപഗ്രഥനാത്മക പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന പ്രബന്ധം

സമർപ്പിക്കുന്നത്
**ശ്യാംരജി എസ് എസ്**

ഗവേഷണ മാർഗ്ഗദർശി
**ഡോ. എസ് സുനിൽകുമാർ**

**സ്കൂൾ ഓഫ് ഡ്രാമ & ഫൈൻ ആർട്സ്**
ഡോ. ജോൺ മത്തായി സെന്റർ
യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
അരണാട്ടുകര, തൃശ്ശൂർ

School of Drama & Fine Arts
Dr. John Matthai Centre
Aranattukara, Thrissur
680 618
University of Calicut

# *Freedom of Expression and Power in Malayalam Theatre*

***An Analytical study of the plays: Nadugadhika, Kurishinte Vazhiyil and Kristhuvinte Aaraam Thirumurivu***

*Thesis submitted to*
*the University of calicut for the award of the*
***Degree of Doctor of Philosophy***
*in Theatre arts.*

*By*


***Syamraji S S***


*under the guidance of*


***Dr. S Sunilkumar***
*Assi. Professor, School of Drama & fine Arts.*

***School of Drama & Fine Arts***
***Dr. John Mathai Centre***
*University of Calicut*
*Aranattukara, Thrissur*



School of Drama & Fine Arts
Dr. John Mathai Centre
Aranattukara, Thrissur
680 618
University of Calicut

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി.എച്ച്.ഡി ബിരുദത്തിന് വേണ്ടി ശ്യാംരജി എസ്.എസ് സമർപ്പിക്കുന്ന 'ആവിഷ്കാരസ്വാതന്ത്ര്യവും അധികാരവും മലയാള നാടകവേദിയിൽ നാടുഗദ്ദിക, കുരിശ്ശിന്റെ വഴിയിൽ, ക്രിസ്തുവിന്റെ ആറാംതിരുമുറിവ് എന്നീ നാടകങ്ങളെ മുൻനിർത്തിയുള്ള അപഗ്രഥനാത്മക പഠനം'എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശാനുസ്സരണം നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

For:
05-12-2022

School of Drama & Fine Arts
Dr. John Matthai Centre
Aranattukara, Thrissur
680 618
University of Calicut

**ഡോ. എസ്. സുനിൽകുമാർ**
അസി. പ്രൊഫസർ
സ്കൂൾ ഓഫ് ഡ്രാമ &ഫൈൻ ആർട്ട്സ്.
യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
അരണാട്ടുകര, തൃശൂർ

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന 'ആവിഷ്കാരസ്വതന്ത്ര്യവും അധികാരവും മലയാള നാടകവേദിയിൽ- നാടുഗദ്ദിക, കുരിശിന്റെ വഴിയിൽ, ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്നീ നാടകങ്ങളെ മുൻനിർത്തിയുള്ള അപഗ്രന്ഥനാത്മക പഠനം' എന്ന ഈ ഗവേഷണ പ്രബന്ധം ഇതിനുമുൻപ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതിയല്ലെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

5/12/2022

**ശ്യാംരജി. എസ്. എസ്**
ഗവേഷകൻ
സ്കൂൾ ഓഫ് ഡ്രാമ & ഫൈൻ ആർട്ട്സ്
ഡോ. ജോൺ മത്തായി സെന്റർ
യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
അരണാട്ടുകര. തൃശൂർ.

# കൃതജ്ഞത

പ്രബന്ധ നിർമ്മിതിക്കാവശ്യമായ നിർദ്ദേശങ്ങളും സർഗ്ഗാത്മക അഭിപ്രായവും നൽകി വളരെ ക്ഷമയോടെ പരിഗണിക്കുകയും ചെയ്ത ഗവേഷണ മാർഗ്ഗദർശി ഡോ.എസ്. സുനിൽകുമാർ മാഷിനോടുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നു. ഗവേഷണ സംബന്ധമായ ചർച്ചകളിൽ നിർദ്ദേശങ്ങൾ നൽകിയ സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവരോടുള്ള നന്ദിയും കടപ്പാടും വാക്കുകൾക്ക് അതീതമാണ്. ഗവേഷണത്തിന് ആവശ്യമായ സഹായങ്ങൾ നൽകിയ നാടകപ്രവർത്തകരായ ജോസ്.പി. റഫേൽ, സുർജിത്ത്, നാടുഗദ്ദികയിലെ അഭിനയതാവ് ഔസേപ്പച്ചൻ, വയനാട് കനവിലെ പ്രവർത്തകർ, അഡ്വ. നരേന്ദ്രൻ, ആലപ്പുഴസൂര്യകാന്തി തിയേറ്ററിന്റെ പ്രവർത്തകർ, ബി. രാജീവൻ, കഥാകൃത്ത് ടി. അരുൺകുമാർ, നിയമസഭയിലെ ഉദ്യോഗസ്ഥൻ പ്രമോദ്, ഡോ. ഡോമനിക് ജെ. കാട്ടൂർ, ഡോ. ദീപു. പി. കുറുപ്പ്, ഡോ. ഷിബു എസ്. കൊട്ടാരം, സേതുലക്ഷ്മി ടീച്ചർ എന്നിവരോടുള്ള കടപ്പാടും രേഖപ്പെടുത്തുന്നു.

സ്കൂൾ ഓഫ് ഡ്രാമയിലെ ലൈബ്രേറിയൻ സന്തോഷ്, കേരള യൂണിവേഴ്സിറ്റി ലൈബ്രറിയിലെ ജീവനക്കാരായ ഡോ. അജിതകുമാരി, ജിതിൻ കണ്ണാടൻ, ഷാനവാസ്, മെഹബൂബ് എന്നിവരോടും കൊല്ലംകോണം ആജ്ഞയനേയ സിദ്ധാശ്രമത്തിലെ കൃഷ്ണൻസ്വാമിയ്ക്കും നന്ദിയും രേഖപ്പെടുത്തുന്നു. ജീവിതപങ്കാളി രമ്യാ വൽസല, സുഹൃത്തുക്കളായ അതുല്യപ്രസന്നൻ, സജിൻ, ചാരുഅഗരു, ബീന. എൻ, ആതിര.എസ്.ജെ, കലാമണ്ഡലം സുധീപ് ചന്ദ്രൻ, അനൂപ് എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. ഈ പ്രബന്ധം ടൈപ്പ് ചെയ്ത് സഹായിച്ച ബിയോൻഡ് പബ്ലിക്കേഷനിലെ എല്ലാ പ്രവർത്തകരോടും നന്ദി.

**ശ്യാംരജി എസ്. എസ്**

# ഉള്ളടക്കം


പേജ്. നമ്പർ

ആമുഖം (i - iv)

**അദ്ധ്യായം 1. ആവിഷ്കാരസ്വാതന്ത്ര്യവും അധികാരവും (1 – 40)**

**ഭാഗം – I ആവിഷ്കാരസ്വാതന്ത്ര്യം**

1.1.2 ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ്

1.1.3 പ്രതിരോധനാടകങ്ങളും ഇന്ത്യൻസ്വാതന്ത്ര്യസമരവും

1.3.1 നീൻദർപ്പണും മറ്റ് നാടകങ്ങളും

1.1.4 ഇന്ത്യൻ പീപ്പിൾസ് തീയേറ്റർ അസോസിയേഷനും ആവിഷ്കാരസ്വാതന്ത്ര്യവും

1.1.5 ആവിഷ്കാരസ്വാതന്ത്ര്യവും : ഇന്ത്യൻ ഭരണഘടനയും.

1.1.5.1 ആവിഷ്കാരസ്വാതന്ത്രം : സ്വാതന്ത്ര്യപൂർവ്വ കേരളത്തിൽ

1.1.5.2 ആവിഷ്കാരസ്വാതന്ത്ര്യം : സ്വാതന്ത്ര്യാന്തര കേരളത്തിൽ

1.1.6 കേരള ഡ്രമാറ്റിക് പെർഫോമൻസ് ആക്റ്റ്

**ഭാഗം – II അധികാരം**

1.2.1 അധികാരം : അന്റോണിയോ ഗ്രാംഷി

1.2.2 അധികാരം : ലൂയി അൽത്തൂസർ

1.2.2.2 അധികാരം : ബർനാൻഡ് റസ്സൽ

1.2.2.3 അധികാരം : പൗലോ ഫ്രെയർ

1.2.2.4 അധികാരം : ക്രിസ്ഹാൻ

1.2.2.5 അധികാരം : മിഷേൽ ഫൂക്കോ

1.2.2.5.1 അച്ചടക്ക അധികാരം

1.2.2.5.2 ജൈവവാധികാരം

1.2.2.5.3 ജൈവരാഷ്ട്രീയ അധികാരം

1.2.2.5.4 ജ്ഞാനവും അധികാരവും

1.8 അദ്ധ്യായ ഉപസംഗ്രഹം

**അദ്ധ്യായം 2. കേരളത്തിലെ തീവ്രഇടതുപക്ഷവും കലാപ്രവർത്തനങ്ങളും (41– 80)**

**2.1 നക്സൽമൂവ്മെന്റ് : സംസ്കാരികപ്രവർത്തനങ്ങൾ**

2.1.1. കലാപ്രവർത്തനം : തീവ്ര ഇടതുപക്ഷപ്രത്യായശാസ്ത്രം

**2.2 അടിയന്തരാവസ്ഥ**

2.2.1 അടിയന്തരാവസ്ഥ കേരളത്തിൽ

2.2.1.1 അടിയന്താരവസ്ഥ: തീവ്ര ഇടതുപക്ഷാവിഷ്കാരം

**2.3 അടിയന്തരാവസ്ഥ: മലയാളസാഹിത്യം**

2.3.1 അടിയന്തരാവസ്ഥ : കവിത

2.3.1.1. കെ. സച്ചിദാനന്ദൻ.

2.3.1.2 കെ.ജി. ശങ്കരപിള്ള

2.3.2 അടിയന്തരാവസ്ഥ: ചെറുകഥകൾ

2.3.2.1 യു.പി. ജയരാജ്

2.3.2.2 പി.കെ.നാണു

2.3.2.3 പട്ടത്തുവിള കരുണാകരൻ

2.3.2.4 എം. സുകുമാരൻ

2.3.3 അടിന്തരാവസ്ഥ: മുഖ്യധാരസാഹിത്യം

2.3.3.1 ഒ. വി. വിജയൻ

**2.4 അടിയന്തരാവസ്ഥ : നാടകം**

2.4.1 പട്ടിയെ കുറിച്ചൊരു അന്വേഷണം

2.4.2 കൈപാണ്ടിയും കുറേ ദൈവങ്ങളും

2.4.3 ഇപ്രകാരം കുറുപ്പാൾ മാഷ്

**2.5 ജനകീയ സാംസ്കാരിക വേദി**

2.5.1 കവിയരങ്ങ്

2.5.2 തെരുവ് നാടകങ്ങൾ

2.5.3 ഗറില്ലാ തിയേറ്റർ

2.5.4 അരങ്ങിന്റെ രൂപമാറ്റം

2.5.5 ജനകീയ സാംസ്കാരികവേദി : നാടുഗദ്ദിക

**2.7 അദ്ധ്യായ ഉപസംഗ്രഹം**

**അദ്ധ്യായം 3. നാടുഗദ്ദികയും ആവിഷ്കാരസ്വാതന്ത്ര്യവും (81 – 138)**

**3.1 കെ. ജെ. ബേബി : ജീവിതം– നാടകം**

3.1.2 കെ. ജെ. ബേബിയുടെ പാട്ടുകൾ

3.1.3 നാടകം

3.1.4 നാടുഗദ്ദികയ്ക്ക് ശേഷം

**3.2 കെ.ജെ.ബേബി സർഗ്ഗാത്മക പ്രവർത്തനങ്ങൾ**

3.2.1 മാവേലിമന്റം (നോവൽ)

3.2.2 ഗുഡ (സിനിമ)

3.2.3 ബസ്പൗർക്കാന (നോവൽ)

3.2.4 കനവ്

**3.3 നാടുഗദ്ദിക**

3.3.1 വയനാടിന്റെ രാഷ്ട്രീയ ചരിത്രം

3.3.2 ഗദ്ദിക ഒരു പഠനം

3.3.3 നാടകത്തിന്റെ ഇതിവൃത്തം

3.3.4 നാടുഗദ്ദിക ആദ്യ അവതരണങ്ങളുടെ രംഗപാഠം

3.3.5 കഥാപാത്രങ്ങൾ

(i) വെള്ളി

(ii) ലക്ഷ്മണൻ

(iii) വെള്ള

(iv) തമ്പുരാൻ

(v) യാചൻ

(vi) ഗദ്ദികകാരൻ.

3.3.6 നാടുഗദ്ദിക. ദർശനങ്ങൾ

3.3.6.1 മാവേലിനാട്
3.3.6.2 കാട്/ ഭൂമിയുടെ അവകാശികൾ
3.3.6.3 ആദിവാസി മേഖലയിലെ പൊതുവിദ്യാഭ്യാസം
3.3.7 പുരാവൃത്തം
3.3.7.1 അടിയോരുടെ കരുണവൻമാൻ അടിമകളായ പുരാവൃത്തം
3.3.7.2 തമ്പുരാന്റെ മാളി എന്ന ദൈവ സങ്കൽപ്പം
3.3.7.3 പണിയർ അടിമകളായ പുരാവൃത്തം
3.3.7.4 ഉണ്ടക്കട
3.3.7.5 മാനിപ്പുല്ല്
3.3.7.6 കീയുലോകം
3.3.8 നാടുഗദ്ദിക : പ്രേക്ഷകർ
3.3.9 നാടുഗദ്ദിക : ഭാഷ
3.3.10 നാടുഗദ്ദിക : അരങ്ങ് സങ്കൽപ്പം
3.3.11 നാടുഗദ്ദികയിലെ രംഗാവതരണം
3.3.11.1 നാടുഗദ്ദിക : ആക്രമിക്കപ്പെടുന്നു
3.3.12 വിചാരണ
3.3.13 നാടുഗദ്ദിക ചരിത്ര നിർമ്മിതി
3.3.13.1 ചാതുർവർണ്യവ്യവസ്ഥയും നാടുഗദ്ദികയും

**അദ്ധ്യായ ഉപസംഗ്രഹം**

**അദ്ധ്യായം : 4 ക്രിസ്തുവിന്റെ ആറാം തിരുമുറിവും ആവിഷ്കാരസ്വാതന്ത്ര്യവും (139–180)**

**4. പി.എം. ആന്റണി : ജീവിതം, നാടകം**

**4.1. പി.എം. ആന്റണിയുടെ നാടകങ്ങൾ ഒരു പഠനം**

4.1.1 വിശുദ്ധപാപങ്ങൾ
4.1.2 മണ്ഡേലയ്ക്ക് സ്നേഹപൂർവ്വം വിന്നി
4.1.3 അയ്യങ്കാളി
4.1.4 ടെററിസ്റ്റ്
4.1.5 അമേരിക്കൻ മോഡൻ അറബിക്കടലിൽ

**4.2 പി. എം.ആന്റണിയുടെ രചനാ ഭാഷ**

4.2.1 പൗരോഗിത്യം

4.2.2 ചരിത്രം

**4.3 ക്രിസ്തുവിന്റെ ആറാം തിരുമുറിവ്**

4.3.1 ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം : നോവൽ, ഒരു പഠനം.

4.3.1.1 നിക്കോസ് കസാൻദ്സാക്കീസ്

4.3.1.2 നോവലിന്റെ ഇതിവൃത്തം

4.3.1.3 ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം: കഥാപാത്രങ്ങൾ

(i) യേശു

(ii) യൂദാസ് ഇസ്കരിയോട്ട്

(iii) മേരി

4.3.1.4 ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം: ദർശനം.

4.3.2 ക്രിസ്തുവിന്റെ ആറാം തിരുമുറിവ്: ഇതിവൃത്തം

4.3.3 ക്രിസ്തുവിന്റെ ആറാം തിരുമുറിവ്: കഥാപാത്രങ്ങൾ.

(i) ജീസസ്സ്.

(ii) യൂദാസ്

4.3.4 കഥാപാത്രങ്ങൾ : നോവലിലും നാടകത്തിലും

4.3.4.1 നോവൽ

4.3.4.2 നാടകം.

4.3.5 ക്രിസ്തുവിന്റെ ആറാംതിരുമുറിവ്: ദർശനം.

**4.4 ആറാംതിരുമുറിവ് : ആവിഷ്കാരസ്വാതന്ത്ര്യം**

4.4.1 ക്രിസ്തുവിന്റെ ആറാം തിരുമുറിവിനെതിരെയുള്ള പ്രതിഷേധം

4.4.2 നാടകസംഘത്തിന്റെ പ്രതിഷേധം

4.4.3 സ്വാതന്ത്ര്യോൽസവം

4.4.4 ക്രിസ്തുവിന്റെ ആറാംതിരുമുറിവ് നിയമസഭയിൽ

4.4.5 കാലിക്കറ്റ് സർവ്വകലാശാല പാഠഭാഗം പിൻവലിക്കുന്നു.

4.4.6 തിരഞ്ഞെടുത്ത പാനലിന്റെ മുന്നിലെ നാടകാവതരണം

4.4.7 ക്രിസ്തുവിന്റെ ആറാം തിരുമുറിവിനെ
അനുകൂലിച്ചവരുടെ അഭിപ്രായങ്ങൾ

4.4.8 ക്രിസ്തുവിന്റെ ആറാം തിരുമുറിവിനെ വിമർശിച്ചവരുടെ അഭിപ്രായങ്ങൾ

**അദ്ധ്യായ ഉപസംഗ്രഹം**

**അദ്ധ്യായം 5 : കുരിശിന്റെ വഴിയിൽ ആവിഷ്കാര സ്വാതന്ത്ര്യവും** **(181–195)**

**5.1 ജോസ് ചിറമ്മൽ : ജീവിതവും നാടകവും**

**5.2 കുരിശ്ശിന്റെ വഴി : നാടകാവിഷ്കാരം**

5.2.1 റിഹേഴ്സൽ

5.2.2 അറസ്റ്റ്

5.2.3 പോലീസ് സ്റ്റേഷൻ

5.2.4 വിചാരണ

5.2.5 പ്രതികരണങ്ങൾ

**അദ്ധ്യായ ഉപസംഗ്രഹം**

**ഉപസംഗ്രഹം** **(196 – 204)**

**ഗ്രന്ഥസൂചി** **(205 –212)**

**അനുബന്ധം (ചിത്രങ്ങൾ)** **(215– 226)**

**അനുബന്ധം (അഭിമുഖങ്ങൾ)** **(227– 281)**

# ആമുഖം

ഒരു കലാരൂപം വർത്തമാനകാല സാമൂഹികയാഥാർത്ഥ്യവുമായി സത്യസന്ധമായി സംവദിക്കുമ്പോൾ അത് ബഹുജനമുന്നേറ്റങ്ങളുടെ ഭാഗമായി തീരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് നാടകം പോലുള്ള കലാരൂപങ്ങൾ സാമൂഹിക, രാഷ്ട്രീയ പോരാട്ടങ്ങളുടെ ഭാഗമായി ഇന്ത്യയിൽ പ്രയോഗിക്കപ്പെട്ടത്. കോളോണിയൽ ഭരണത്തിനും രാജഭരണത്തിനുമെതിരെയുള്ള കലാപങ്ങളിൽ നാടകം എന്ന ജനകീയകലാരൂപം നിർണ്ണായകമായ പങ്കാണ് വഹിച്ചത്. മതാചാരങ്ങൾക്കും രാജസ്തുതിക്കും വേണ്ടി ഉപയോഗിച്ച് കൊണ്ടിരുന്ന കലാരൂപങ്ങൾ സാധാരണക്കാരായ മനുഷ്യരുടെ പ്രതിരോധ ശബ്ദമായി മാറിയ കാലഘട്ടമായിരുന്നു അത്. ഇന്ത്യയുടെ സ്വപ്നം കണ്ടിരുന്ന കോടിക്കണക്കിന് ജനങ്ങളുടെ ബ്രിട്ടീഷ് വിരുദ്ധമുന്നേറ്റങ്ങൾക്ക് നാടകപ്രവർത്തനങ്ങൾ നൽകിയ ഊർജ്ജം വളരെ വലുതാണ്. ദീനബന്ധു മിത്രയുടെ നീൽദർപ്പൺ (1872) എന്ന നാടകത്തിന്റെ അവതരണത്തോടെയാണ് ഇന്ത്യയിൽ സർഗ്ഗാത്മക പ്രതിരോധം ആരംഭിക്കുന്നത്.

നിരക്ഷരരായ ജനങ്ങളെ പെട്ടെന്ന് ആകർഷിക്കാനും, ഏകോപിക്കാനും കഴിയുന്ന നാടകം എന്ന കലാരൂപം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മൂർച്ചയുള്ള സമരായുധമായി മാറുകയായിരുന്നു. ഈ കലാരൂപത്തിന്റെ ജനകീയതയും പ്രഹരശേഷിയും തിരിച്ചറിഞ്ഞ ബ്രിട്ടീഷുകാർ ഇത്തരം നാടകപ്രവർത്തനങ്ങളെ അടിച്ചമർത്തുന്ന നിയമങ്ങൾ നിർമ്മിച്ചു. ഇന്ത്യക്കാർ അവതരിപ്പിച്ച നാടകങ്ങളെ തടയുന്നതിന് വേണ്ടി ബ്രിട്ടീഷ്കാർ രൂപീകരിച്ച നിയമമാണ് 'ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ്-1876'. ഇന്ത്യക്കാരുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളെ അടിച്ചമർത്താൻ നിർമ്മിക്കപ്പെട്ട ഈ നിയമം സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ ഭേദഗതികളോടെ ഇപ്പോഴും ഉപയോഗിക്കുന്നു. ഇന്ത്യൻ ഭരണഘടന ഒരു പൗരന് നൽകുന്ന മൗലികാസ്വാതന്ത്ര്യങ്ങളിൽ പരമപ്രധാനമാണ് ആവിഷ്കാരം നടത്തുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം. ബംഗ്ലാദേശ് പോലുള്ള മതരാജ്യങ്ങൾ പോലും ഉപേക്ഷിച്ച നാടകനിരോധന നിയമം ഭാരതത്തിൽ ഇപ്പോഴും നിയമവ്യവസ്ഥയുടെ ഭാഗമാണെന്നുള്ളത് വൈരുദ്ധ്യം മാത്രം.

സോഷ്യലിസ്റ്റ്, മതേതര ജനാധിപത്യരാജ്യമായ ഇന്ത്യയിൽ നാടകങ്ങളുടെ ആവിഷ്കാരത്തെ പലപ്പോഴും തടഞ്ഞിട്ടുള്ളത് ഏതെങ്കിലും പ്രത്യയശാസ്ത്ര വിശ്വാസത്തിന്റെ പേരിൽ അക്രമാസക്തരായ ആൾക്കൂട്ടങ്ങളാണ്. ഭരണക്കൂടത്തെ നിയന്ത്രിക്കാൻ കഴിയുന്ന ആൾക്കൂട്ടങ്ങളുടെ താൽപ്പര്യങ്ങക്കനുസരിച്ചാണ് പലപ്പോഴും നാടകനിരോധനങ്ങൾ ഉണ്ടായിട്ടുള്ളത്. നാടകനിരോധനനിയമങ്ങൾ പോലുള്ളവ ഉപയോഗിച്ച് കലാസൃഷ്ടിയുടെ ആവിഷ്കാരത്തെ തടയുമ്പോൾ ഒരു കലാകാരന്റെ/ പൗരന്റെ അഭിപ്രായസ്വാതന്ത്ര്യത്തെയാണ് നിശബ്ദമാക്കുന്നത്. ചരിത്രത്തിന്റെ ഗതി പരിശോധിക്കുകയാണെങ്കിൽ ഇത്തരം ഇടപെടലുകളുടെ നീണ്ട നിരതന്നെ കാണാൻ കഴിയും. കേരളത്തിന്റെ അവസ്ഥയും വ്യത്യസ്തമല്ല. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ മേൽ അധികാരം കടന്നു കയറിയതിനു സാക്ഷ്യങ്ങളായി നിരവധി സംഭവങ്ങൾ മലയാള നാടക ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ജനാധിപത്യത്തിലെ പുഴുക്കുത്തുകളെയും മതഇടപെടലുകളെയും വിമർശിച്ചു കൊണ്ട് സൃഷ്ടിക്കപ്പെട്ട രചനകളെ എതിർത്ത് അമർച്ച ചെയ്യാനുള്ള മനഃപൂർവ്വമായ ശ്രമങ്ങൾ ആയിരത്തി തൊള്ളായിരത്തി എൺപതുകളിൽ നടക്കുകയുണ്ടായി. സർഗ്ഗാത്മകതയുടെമേൽ അധികാരം കടന്നുകയറിയ ആ കാലഘട്ടം കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ  സർഗ്ഗാത്മക മേഖലകളിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടായിട്ടുണ്ട്. 1961 ലെ കേരള ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് പ്രകാരം നിരോധിക്കപ്പെട്ട കെ.ജെ. ബേബിയുടെ 'നാടുഗദ്ദിക' (1981) പി.എം. ആന്റണിയുടെ 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' (1986) ജോസ് ചിറമേലിന്റെ 'കുരിശിന്റെ വഴിയിൽ' (1986) എന്നീ നാടകങ്ങളുടെ അവതരണം, നിരോധനം, അറസ്റ്റ്, വിചാരണ എന്നിവ ഇതു സംബന്ധിച്ച് സവിശേഷ ശ്രദ്ധയാകർഷിക്കുന്ന സംഭവങ്ങളായിരുന്നു. ചരിത്ര പ്രാധാന്യമുള്ള പ്രസ്തുത സംഭവങ്ങളെ സാംസ്കാരികപഠനത്തിന്റെ സിദ്ധാന്തപരിസരത്തിൽ നിന്നുകൊണ്ട് അപഗ്രഥനാത്മക രീതിശാസ്ത്രമുപയോഗിച്ച് പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

**പഠനലക്ഷ്യം**

ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന പ്രതിരോധ ശേഷിയുള്ള കലാരൂപമെന്ന നിലയിൽ നാടകങ്ങളുടെ ആവിഷ്കാരത്തിൽ സൂക്ഷ്മവും, സ്ഥൂലവുമായ അധികാരപ്രയോഗം എത്തരത്തിലാണ് ഇടപെട്ടത് എന്നന്വേഷിക്കലാണ് ഈ പഠനത്തിന്റെ പ്രധാനലക്ഷ്യം. ദേശീയസ്വതന്ത്ര്യസമരത്തിന്റെ ഭാഗമായി ഇന്ത്യക്കാർ അവതരിപ്പിച്ച  നാടകങ്ങളെ നിരോധിക്കാൻ വേണ്ടി ബ്രിട്ടീഷ്കാർ നിർമ്മിച്ച പല കരിനി


ii

യമങ്ങളും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിക്ഷിപ്ത രാഷ്ട്രീയലക്ഷ്യങ്ങൾക്ക് വേണ്ടി ചില ഭേദഗതികളോടെ ഉപയോഗിച്ച് വരുന്നു. ഈ നിയമം ഉപയോഗിച്ച് നിരവധി നാടകാവിഷ്കാരങ്ങളെ ഏതൊക്കെ ഘട്ടത്തിൽ എങ്ങനെയാണ് നിരോധിച്ചതെന്നുള്ള അന്വേഷണവും ഈ പ്രബന്ധത്തിന്റെ മറ്റൊരു ലക്ഷ്യമാണ്.

1980 മുതൽ 1986 വരെയുള്ള കാലഘട്ടത്തിനിടയിൽ കേരളത്തിൽ നിരോധിക്കപ്പെട്ട 'നാടുഗദ്ദിക',കുരിശിന്റെ വഴിയിൽ', ക്രിസ്തുവിന്റെ ആറാംതിരുമുറിവ് എന്നീ മൂന്ന് നാടകങ്ങളുടെ ആവിഷ്കാരത്തിൽ നാടകനിരോധന നിയമം ഉപയോഗിച്ചുകൊണ്ടുള്ള അധികാരത്തിന്റെ കടന്ന് കയറ്റത്തെ ഈ പഠനം സൂക്ഷ്മമായി നിരീക്ഷിക്കാൻ ശ്രമിക്കുന്നു. അധികാരത്തെ നിരാകരിക്കുകയും പ്രതിരോധിക്കുകയും ചെയ്ത കലാകാരൻമ്മാരുടെ ചരിത്രത്തെ വ്യത്യസ്തമായ വീക്ഷണകോണിൽ നിന്നുകൊണ്ട് പുനഃപരിശോധിക്കുന്നതിലൂടെ അധികാരവും ആവിഷ്കാരവും സ്വതന്ത്ര്യവും തമ്മിലുള്ള ചരിത്രപരമായ പോരാട്ടത്തെ  മലയാളനാടകവേദിയുടെ പശ്ചാത്തലത്തിൽ അപഗ്രഥിക്കാനും ഈ പ്രബന്ധം ഉദ്ദേശിക്കുന്നു.

ഇന്ത്യൻഭരണഘടനയിൽ ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ച് പരാമർശിക്കുന്നതും, ആവിഷ്കാരസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും പഠനവിധേയമാക്കുന്നുണ്ട്. അധികാര കടന്നുകയറ്റത്തെ ചരിത്രപരമായ സമീപനങ്ങളും സൈദ്ധാന്തികരുടെ നിർവചനങ്ങളും നിരീക്ഷിച്ചുകൊണ്ട്. അവ മേൽസൂചിപ്പിച്ച കേരളത്തിലെ സാംസ്കാരിക സംഭവങ്ങളിൽ ചെലുത്തിയ സ്വാധീനതയും അപഗ്രഥനവിധേയമാക്കുന്നു.

**പഠനമേഖല**

കേരളത്തിലെ കലാസാഹിത്യമേഖലയിൽ തീവ്രഇടതുപക്ഷ ആശയങ്ങൾക്ക് ശക്തമായ വേരോട്ടമുണ്ടായ ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയഞ്ച് മുതൽ ആയിരത്തി തൊള്ളായിരത്തി എൺപത്തിയാറു വരെയുള്ള കാലഘട്ടത്തിൽ അധികാരവർഗ്ഗത്തിനെതിരെ പ്രതിരോധംതീർത്ത നാടകങ്ങളാണ് ഈ പ്രബന്ധത്തിന്റെ പ്രധാന പഠനമേഖല. സ്വാതന്ത്ര്യത്തിനുമുൻപും സ്വാതന്ത്ര്യാനന്തരവും സമൂഹത്തിന്റെ ഓരങ്ങളിൽ നിൽക്കേണ്ടിവന്ന ആദിവാസികളുടെ സംസ്കാരം ഉൾക്കൊണ്ട് കൊണ്ട് അവതരിപ്പിക്കപ്പെട്ട ആദ്യമലയാള നാടകമാണ് നാടുഗദ്ദിക. ആധുനിക ജനാധിപത്യസമ്പ്രദായത്തിലും കൊടിയ ചൂഷണങ്ങൾക്കും അസമത്വങ്ങൾക്കും വിധേയ

രായ വയനാട്ടിലെ ആദിവാസികളുടെ ദുരിതജീവിതത്തിന് നേരെ പിടിച്ച കണ്ണാടിയായിരുന്നു ഇത്. നാടുഗദ്ദികയുടെ പഠനത്തിലൂടെ വയനാടിന്റെ രാഷ്ട്രീയ ചരിത്രവും, ആദിവാസികൾ നേരിട്ടിട്ടുള്ള സാമൂഹിക സംസ്കാരിക രാഷ്ട്രീയ ഉച്ചനീചത്വങ്ങളെക്കുറിച്ചും പഠനവിധേയമാക്കുന്നു. 1986 ൽ അവതരിപ്പിക്കപ്പെട്ട 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' ഭരണക്കൂടത്തിനെയും പൗരോഹിത്യത്തെയും അതിശക്തമായ രീതിയിൽ വിമർശിച്ച നാടകമാണ്. നാടകത്തിനെതിരെ മതവിശ്വാസികൾ കേരളത്തിലുടനീളം പ്രതിഷേധം സൃഷ്ടിച്ചതിന്റെ ഭാഗമായി ഭരണക്കൂടം 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' നിരോധിച്ചു. ആവിഷ്കാര സ്വാതന്ത്ര്യത്തിനായി പുരോഗമന വാദികളും കലാകാരൻമാരും ഒരു വശത്തും  മതസംരക്ഷണത്തിന്റെ പേരിൽ വിശ്വാസികൾ മറുവശത്തും അണിനിരന്ന് ശക്തമായ പ്രക്ഷോഭങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. പൗരോഹിത്യവും, ഭരണക്കൂടവും ചേർന്നുണ്ടാകുന്ന അധികാരത്തിന്റെ അവിശുദ്ധ കൂട്ടുകെട്ടിനെ പ്രതിരോധിച്ച  കലാകാരുടെയും സംസ്കാരികപ്രവർത്തകരുടെയും  ചരിത്രം മലയാളനാടകവേദിയുടെ മറക്കാനാവാത്ത ഒരധ്യായമാണ്. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'  എന്ന നാടകത്തെ നാടകനിരോധന നിയമം ഉപയോഗിച്ച്  നിരോധിച്ചതിൽ തടഞ്ഞതിൽ പ്രതിഷേധിച്ച് രൂപപ്പെട്ട നാടകമായിരുന്നു 'കുരിശിന്റെ വഴി'

'കുരിശിന്റെ വഴിയിൽ'എന്ന നാടകത്തെ അവതരിപ്പിക്കുന്നതിന് മുമ്പ്  നാടകപ്രവർത്തകരെ അറസ്റ്റ് ചെയ്തു. കേരളത്തിലെ നക്സൽ പ്രസ്ഥാനത്തിന്റെ വളർച്ച, അടിയന്തരാവസ്ഥ, അടിയന്തരാവസ്ഥയെ എതിർത്ത കലാസാഹിത്യ പ്രവർത്തനങ്ങൾ, ജനകീയ സംസ്കാരികവേദി, തൽസംബന്ധമായി നിരോധിക്കപ്പെട്ട മൂന്ന് നാടകങ്ങൾ തുടങ്ങിയവയാണ്  ഗവേഷണ മേഖലയിൽ കടന്ന് വരുന്നത്.

**പഠനത്തിന്റെ പ്രസക്തിയും പരിമിതിയും**

ഐക്യകേരള രൂപീകരണത്തിന് ശേഷം അവതരിപ്പിക്കപ്പെട്ട രാഷ്ട്രീയ നാടകങ്ങളുടെ പ്രസക്തിയെ കുറിച്ചുള്ള പഠനങ്ങൾ വളരെ കുറവാണ്.  നിലവിലുണ്ടായിരുന്ന കക്ഷിരാഷ്ട്രീയത്തോടും മതസംഘടനകളോടും ശക്തമായി വിയോജിച്ച നാടകങ്ങളെക്കുറിച്ചുള്ള പഠനങ്ങളും തീരെ കുറവാണെന്നു കാണുന്നു.

കേരളത്തിലെ ബദൽ സംസ്കാരിക പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച നാടകങ്ങളുടെ നിരോധനത്തിലേയ്ക്ക് നയിച്ച രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളെ


iv

കുറിച്ച് നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്നത് നവോത്ഥാന മൂല്യങ്ങൾ നിരാകരിക്കപ്പെടുന്ന സമകാലിക കേരള പരിസരത്തിൽ വളരെ പ്രസക്തി അർഹിക്കുന്നു. മലയാള നാടകവേദിയുടെ രൂപപരിണാമം കോളോണിയൽ രംഗഭാഷയോട് ചേർന്ന് നിൽക്കുമ്പോൾ രൂപപരമായിത്തന്നെ കേരളീയസ്വത്വത്തെ ഉൾക്കൊണ്ട വലിയ രാഷ്ട്രീയ ധർമ്മം നിർവഹിച്ചത് കൊണ്ടാണ് മേൽപ്പറഞ്ഞ നാടകങ്ങൾ പ്രസക്തമാകുന്നത്.

മതപൗരോഹിത്യവും അധികാരവും ചേർന്ന പുതിയ രാഷ്ട്രീയസമവാക്യത്തെ സർഗ്ഗാത്മകമായി പ്രതിരോധിക്കുക എന്ന രാഷ്ട്രീയ ധർമ്മമാണ് ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്റെ അവതരണത്തോടെ ഉണ്ടായത്. ഇത്തരം സമവാക്യങ്ങൾ വീണ്ടും പ്രസക്തമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകത്തെ കുറിച്ചുള്ള പഠനത്തിന് പ്രാധാന്യമുണ്ട്.

പഠനത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട മൂന്ന് നാടകങ്ങുടെയും രംഗാവതരണം കാണാൻ കഴിഞ്ഞിട്ടില്ല എന്നതാണ് പ്രധാന പരിമിതി.

**രീതിശാസ്ത്രം**

'നാടുഗദ്ദിക', 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്', 'കുരിശിന്റെ വഴിയിൽ' എന്നീ നാടകങ്ങളുടെ ആവിഷ്കാരത്തിൽ അധികാരത്തിന്റെ പ്രയോഗത്തെ കുറിച്ച് അപഗ്രഥനാത്മക രീതിശാസ്ത്രമുപയോഗിച്ചുകൊണ്ട് ഈ പ്രബന്ധം പഠനവിധേയമാക്കുന്നു. പഠനത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട മൂന്ന് നാടകങ്ങൾ അവതരിപ്പിക്കപ്പെട്ട കാലഘട്ടത്തിന്റെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം പഠിക്കുന്നതിന് ഹിസ്റ്ററിക്കൽ മെത്തേഡിന്റെ (Histrical method) സൈദ്ധാന്തിക പരിസരമാണ് ഉപയോഗിച്ചിരിക്കുന്നത്. നാടുഗദ്ദിക, ക്രിസ്തുവിന്റെ ആറാം തിരുമുറിവ്, കുരിശിന്റെ വഴിയിൽ എന്നീ നാടകങ്ങളുടെ രചിതപാഠത്തെക്കുറിച്ചുള്ള വിശദമായ പഠനത്തിനായി ടെക്സ്റ്റൽ മെത്തേഡ്സ് (Textual) ആണ് പ്രയോജനപ്പെടുത്തിയത്. അധികാരത്തിന്റെ പ്രയോഗം, ഘടന, സൂക്ഷ്മവും, സ്ഥൂലവുമായ രൂപങ്ങൾ എന്നിവയെ കുറിച്ച് പഠിക്കാൻ സിനോപ്റ്റിക് മെത്തേഡ് (Synoptic) ഉപയോഗിച്ചിരിക്കുന്നു.

**പൂർവ്വ പഠനങ്ങൾ**

നാടുഗദ്ദിക എന്ന നാടകത്തെക്കുറിച്ച് ചില പഠനങ്ങളും ഗവേഷണങ്ങളും മുമ്പ് നടന്നിട്ടുണ്ട്. ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് ചില ലേഖനങ്ങളും ചർച്ച

കളും കേരളത്തിൽ നടന്നിട്ടുണ്ട്. ആവിഷ്കാരരൂപമെന്ന നിലയിൽ ഈ പഠനത്തിൽ ഉപയോഗിച്ചിരിക്കുന്ന മൂന്ന് നാടകങ്ങളുടെ കാലം, അധികാരത്തിന്റെ ഇടപെടൽ, അവയുടെ നിരോധനം എന്നിവയുമായി ബന്ധപ്പെട്ട് വേണ്ടത്ര ആഴത്തിലുള്ള പഠനങ്ങൾ മുൻപ് നടന്നിട്ടില്ല. അധികാരവും പി.എം. രാജിന്റെ നാടകങ്ങളുമായി ബന്ധപ്പെട്ട് ഡോ. സുനിൽകുമാറിന്റെ ഗവേഷണ പ്രബന്ധവും, അടിയന്തരാവസ്ഥയിൽ കേരള രൂപപ്പെട്ട നാടകങ്ങളുമായി ബന്ധപ്പെട്ട് ഡോ. ഷിബിജയുടെ ഗവേഷണപ്രബന്ധവുമാണ് അധികാരത്തെകുറിച്ചും, അടിയന്തരാവസ്ഥയെ കുറിച്ചുമുള്ള മറ്റ് രണ്ട് പഠനങ്ങൾ. എങ്കിലും നാടകത്തിലെ ആവിഷ്കാരസ്വാതന്ത്ര്യം പ്രധാന ആശയമായി വരുന്ന ഒരു ഗവേഷണ പ്രബന്ധവും മലയാളത്തിൽ ഉണ്ടായിട്ടില്ല.

**പ്രബന്ധ സ്വരൂപം**

ആവിഷ്കാര സ്വാതന്ത്ര്യവും അധികാരവും മലയാള നാടക വേദിയിൽ - നാടുഗദ്ദിക, കുരിശിന്റെ വഴിയിൽ, ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്നീ നാടകങ്ങളെ മുൻനിർത്തിയുള്ള അപഗ്രന്ഥനാത്മക പഠനം എന്ന ഈ പ്രബന്ധത്തിൽ ആമുഖം , ഉപസംഗ്രഹം, എന്നിവയ്ക്കു പുറമെ അഞ്ചു അദ്ധ്യായങ്ങളും ഗ്രന്ഥസൂചിയും അനുബന്ധവും അടങ്ങുന്നതാണ്.

'ആവിഷ്കാര സ്വാതന്ത്ര്യവും അധികാരവും' എന്ന ഒന്നാമത്തെ അദ്ധ്യായത്തിൽ ആവിഷ്കാരസ്വാതന്ത്ര്യം, നാടക നിരോധന നിയമം, അധികാരത്തെക്കുറിച്ചുള്ള പരികൽപ്പനകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

'തീവ്ര ഇടതുപക്ഷവും കലാപ്രവർത്തനങ്ങളും' എന്ന രണ്ടാമത്തെ അദ്ധ്യായത്തിൽ കേരളത്തിലെ നക്സൽ പ്രസ്ഥാനത്തിന്റെ വികാസ പരിണാമങ്ങൾ, അടിയന്തരാവസ്ഥയെ പ്രതിരോധിച്ച കലാസാഹിത്യ പ്രവർത്തനങ്ങൾ, ജനകീയസാംസ്കാരികവേദി, കേരളത്തിലെ തെരുവു നാടകങ്ങളുടെ തുടക്കം തുടങ്ങിയവയെക്കുറിച്ചുള്ള പഠനമാണ്.

'നാടുഗദ്ദികയും ആവിഷ്കാര സ്വാതന്ത്ര്യവും' എന്ന മൂന്നാമത്തെ അദ്ധ്യായത്തിൽ വയനാട്ടിലെ ആദിവാസികളുടെ ദുരിത ജീവിതത്തെ അടയാളപ്പെടുത്തിയ കെ.ജെ. ബേബിയുടെ നാടുഗദ്ദികയെക്കുറിച്ചുള്ള സമഗ്രമായ പഠനമാണ്. നാടുഗദ്ദികയെ നിരോധിക്കാനുണ്ടായ കാരണങ്ങളെക്കുറിച്ച് അപഗ്രഥനാത്മകമായ രീതിയിൽ പഠനം നടത്തുന്നു.


vi

'ക്രിസ്തുവിന്റെ ആറാം തിരുമുറിവും ആവിഷ്കാരസ്വാതന്ത്ര്യവും' എന്ന നാലാമത്തെ അദ്ധ്യായത്തിൽ പി.എം. ആന്റണിയുടെ നാടകങ്ങളെക്കുറിച്ചുള്ള പഠനം, നാടകനിരോധനം, തുടർന്നുണ്ടായ ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോഭങ്ങൾ എന്നിവയാണ് വിശദീകരിക്കുന്നത്.

'കുരിശിന്റെ വഴിയും ആവിഷ്കാരസ്വാതന്ത്ര്യവും' എന്ന അഞ്ചാം അദ്ധ്യായത്തിൽ കുരിശ്ശിന്റെ വഴിയെന്ന പ്രതിരോധ നാടകത്തിന്റെ റിഹേഴ്സൽ, അറസ്റ്റ്, വിചാരണ തുടങ്ങിയവയാണ് വിശദീകരിക്കുന്നത്. ഒന്നുമുതൽ അഞ്ചുവരെയുള്ള അദ്ധ്യായങ്ങളിൽ നിന്നെല്ലാം ക്രോഡീകരിച്ച നിഗമനങ്ങളുടെയും നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിലാണ് ഉപസംഗ്രഹം രൂപപ്പെടുത്തിയിരിക്കുന്നത്. അനുബന്ധത്തിൽ കെ.ജെ. ബേബി, കെ.കെ. രാജൻ തുടങ്ങിയവരുടെ അഭിമുഖങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം ഒന്ന്

# ആവിഷ്കാരസ്വാതന്ത്ര്യം

മനുഷ്യൻ സമൂഹത്തോട് നടത്തുന്ന സർഗ്ഗാത്മകമായ സംവാദമാണ് കലാവിഷ്കാരങ്ങൾ. മനുഷ്യരുടെ ഉൽപ്പത്തി, വികാസപരിണാമങ്ങളുടെ കാലഘട്ടത്തിൽ തന്നെയാണ് കലാരൂപങ്ങളുടെ ആവിഷ്കാരവും രൂപപ്പെട്ടു വരുന്നത്. പുരാതന ശിലായുഗത്തിലെ ജീവിതത്തോടൊപ്പം കലാരൂപങ്ങളുടെ അവതരണങ്ങളും രൂപപ്പെട്ട് വരുന്നതായി ഗവേഷണപഠനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. മൃഗങ്ങളെ വേട്ടയാടിപ്പിടിക്കുന്ന രീതികളെയാണ് ശിലായുഗത്തിലെ മനുഷ്യർ ഗുഹകളിൽ ചിത്രങ്ങളായി ആലേഖനം ചെയ്തത്. മൃഗങ്ങളെപോലെ കായികമായ ശക്തി കുറഞ്ഞ മനുഷ്യർ അവർക്ക് അപ്രാപ്യമായതിനെ ചിത്രങ്ങളിലൂടെയും പാട്ടുകളിലും അവതരിപ്പിച്ചു. കാടിനെയും പുഴയേയും മഴയെയും മിന്നൽപിണരുകളെയും കൊടുങ്കാറ്റിനെയും അവർ ഭയത്തോടെ ആരാധിക്കുകയും, ഇത്തരം ശക്തികളെ പ്രകീർത്തിച്ച് നൃത്തവും പാട്ടും ചിത്രങ്ങളും അവതരിപ്പിക്കുകയും ചെയ്തു. വേട്ടയാടലിനെയും ഭൂമിയെ നിയന്ത്രിക്കുന്ന ആമാനുഷികശക്തികളെയും ശിലായുഗത്തിലെ മനുഷ്യൻ ആവിഷ്കരിച്ചതാണ് കലാരൂപങ്ങളുടെ തുടക്കം. ഒരു വ്യക്തിയോ ഒരു കൂട്ടം ആളുകളോ തങ്ങൾക്ക് ചുറ്റുമുള്ളവരായി നടത്തുന്ന സർഗ്ഗാത്മകമായ ആശയപ്രകടനമാണ് കലാരൂപങ്ങളുടെ ഉൽപ്പത്തിയ്ക്ക് കാരണം."പ്രാകൃതരായ കാടൻമ്മാർ പാറക്കല്ലുകളിലും മരത്തടികളിലും പക്ഷിമൃഗാദികളുടെ ചിത്രങ്ങൾ കൊത്തിപ്പിടിപ്പിച്ചിരിക്കുന്നു. ചന്ദ്രന്റെയോ പനിനീർപൂവിന്റെയോ, ആകാശവിമാനങ്ങളുടെയോ ചിത്രങ്ങളല്ല, ചുറ്റുപാടുകളിൽ കാണപ്പെട്ടവയും തങ്ങളുടെദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടവയുമായ ചിത്രങ്ങൾ മാത്രമാണ് അവരുടെ ഭാവനകളിലൂടെ പുറത്ത് വന്നത്. ഇങ്ങനെ പ്രാകൃതകാലം മുതൽക്കേ കല സാമൂഹ്യബോധത്തിന്റെ ഒരു രൂപകമായിരിക്കുന്നു"(ദാമോദരൻ, കെ. 2011:22) കലാപ്രവർത്തനങ്ങൾ കേവലം പ്രകൃതിയിൽ

കാണുന്ന കാഴ്ചകളെ അനുകരിക്കുകയല്ല. ഒരാളുടെ ഉള്ളിൽ നടക്കുന്ന വികാരവിചാരങ്ങൾ ഏതെങ്കിലും ഒരു മാധ്യമത്തിലൂടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇരകളെതേടി പലായനം ചെയ്ത മനുഷ്യർ അവർക്ക് ജീവിക്കാൻ അനുയോജ്യമായ സ്ഥലങ്ങളിൽ താമസിക്കുകയും കാട്ട് മൃഗങ്ങളെ ഇണക്കി വളർത്തി അതിജീവനത്തിന്റെ പുതിയ മാർഗ്ഗങ്ങൾ തേടുകയായിരുന്നു.

വേട്ടയാടലിന് ശേഷം കൃഷിയുടെ ആരംഭിക്കുന്നതോടുകൂടിയാണ് ആദിമമനുഷ്യൻ ഒരു സ്ഥലത്ത് സ്ഥിരതാമസം  ആരംഭിച്ചത്. കാടിനുള്ളിലെ ജീവിതവും പിന്നീട് കാലക്രമത്തിന് വികാസം പ്രാപിച്ച മനുഷ്യരുടെ സാമൂഹിക ജീവിതത്തോടൊപ്പം കലാരൂപങ്ങളിലും മാറ്റങ്ങൾ ഉണ്ടായി. ഭാഷയുടെ ഉൽപ്പത്തിയോടെ രംഗാവിഷ്കാരത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. വേട്ടയാടുന്നവനും കൃഷിചെയ്യുന്നവനും തന്നെയായിരുന്നു കലാരൂപങ്ങളെ ആവിഷ്കരിച്ചിരുന്നത്. ഓരോ ജോലികൾ ചെയ്യുന്ന ജനങ്ങൾക്കിടയിൽ വിഭജനം ഉണ്ടായതോടുക്കൂടിയാണ് കലാകാരൻ എന്ന വിഭജനം ഉണ്ടായത്. അടിമ ഉടമ ബന്ധവും അതിന് ശേഷം രൂപപ്പെട്ട ഫ്യൂഡൽ കാലഘട്ടവും രാജഭരണവും കോളോണിയൽ ഭരണവും മനുഷ്യരുടെ സാമൂഹിക സംസ്കാരിക ജീവിതത്തെ മാറ്റിമറിച്ചു. ഒരു ചെറിയ ന്യൂനപക്ഷം വലിയ ജനസഞ്ചയത്തെ നിയന്ത്രണങ്ങൾക്ക് വിധേയമാക്കി അടക്കിഭരിക്കുന്ന അധികാര കേന്ദ്രങ്ങൾ നയിച്ചിരുന്നത് പുരോഗിതരുടെയും മതനേതാക്കളുടെയും രാജാക്കൻമാരുടെയും നേതൃത്വമായിരുന്നു. രാജാക്കൻമാരും മതപുരോഗിതൻമാരും ജനങ്ങളെ അടക്കി ഭരിക്കാൻ തുടങ്ങിയതോടു കൂടിയാണ് സർഗ്ഗാത്മകപ്രവർത്തനങ്ങൾ നിയന്ത്രണങ്ങൾക്ക് വിധേയമാക്കി തുടങ്ങിയത്. ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന് സ്വയം പ്രഖ്യാപിച്ച രാജാക്കൻമാർ അവരുടെ അധികാരത്തെ ഉറപ്പിക്കുന്നതിന്റെ ഭാഗമായി നിയമങ്ങളും നിയന്ത്രണങ്ങൾ രൂപപ്പെടുത്തിയെടുത്തു. രാജധികാരത്തെ നിലനിർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി കലാപ്രവർത്തനങ്ങളെ അധികാരികൾ തന്ത്രപൂർവ്വം പ്രയോജനപ്പെടുത്തി. ജനകീയ കലാരൂപമായി നാടകത്തിന്റെ അവതരണത്തെ പലപ്പോഴും രാജഭരണത്തിൻ കീഴിൽ നിയന്ത്രണങ്ങൾക്ക് വിധേയമാക്കിയിരുന്നു. ഗ്രീക്ക് നാടകവേദിയുടെ ചരിത്രം പരിശോധിച്ചാൽ ആവിഷ്കാരങ്ങൾ മേൽ കടുത്ത നിയന്ത്രണങ്ങൾ ദർശിക്കാൻ കഴിയും. നാടകങ്ങളുടെ അവതരണങ്ങൾക്ക് മുമ്പ് നാടകകൃതികൾ പുരോഗിതൻമാരെ കാണിച്ച് ബോധ്യപ്പെടുത്തിയതിന് ശേഷം മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ എന്ന നിയമം ഗ്രീക്ക് നാടകവേദിയിലുണ്ടായിരുന്നു. “ഗ്രീക്ക്

നാടകവേദിയെ നിയന്ത്രിച്ചിരുന്നത് മതപുരോഗിതൻമാരായിരുന്നു. നാടകങ്ങളെ നിയന്ത്രിച്ചിരുന്നതും മതപുരോഗിതൻമാരായിരുന്നു. നാടകങ്ങളെ നിയന്ത്രിച്ചിരുന്നത് മൈസീനസ് (Maceenas) ആയിരുന്നു. നാടകങ്ങൾ അവതരിപ്പിക്കുന്നതിന് മുമ്പ് ഡയനീഷ്യസിലെ പുരോഗിതന്റെ അനുവാദം വേണ്ടിയിരുന്നു, നാടകങ്ങളെ ഇവർ സെൻസെർ ചെയ്തിരുന്നു"[1] (Boal, Augusto. 1974 : 15). പല രാജ്യങ്ങളും ചിത്രരചന, നാടകം, സംഗീത തുടങ്ങിയ കലാരൂപങ്ങളെ കർശനമായ നിയന്ത്രണങ്ങൾ വിധേയമാക്കി. 16-ാം നൂറ്റാണ്ടിലെ പ്രശസ്തനായ ചിത്രകാരൻ മൈക്കലാഞ്ചലോയുടെ **ദി ലാസ്റ്റ് ജഡ്ജിമെന്റ്** (The last Judgement) എന്ന ചിത്രത്തെ അശ്ലീലം ആരോപിച്ചു വത്തിക്കാനിലെ സിസ്റ്റായീൻ പള്ളിയിൽ നിന്ന് സെൻസെർ ചെയ്യപ്പെട്ടു. ഫ്രാൻസിസോ ഗയാ (Francisco Gaya) എന്ന സ്പാനീഷ് ചിത്രകാരന്റെ ദി നൂഡ്മായ (The nude maya) എന്ന ചിത്രരചനയെ സ്പെയിൻ നിരോധിച്ചു. ഗുസ്റ്റേവ് കോൾട്ട്ബറ്റ് എന്ന ഫ്രഞ്ച് ചിത്രകാരന്റെ ഒർജിൻ ഓഫ് ദി വേൽഡ് (Orgin of the world)എന്ന ചിത്രത്തെ ഫ്രഞ്ച് സർക്കാരിന്റെ ചിത്രപ്രദർശനങ്ങളിൽ നിന്ന് നിരോധിച്ചു. അശ്ലീലം, രാജ്യദ്രോഹം, മതസ്പർദ്ദ വളർത്തുക, മാന്യതപുലർത്താതിരിക്കുക തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് കലാപ്രവർത്തനങ്ങളെ ഓരോ രാജ്യങ്ങളും നിരോധിച്ചത്. 1988 ൽ ബ്രീട്ടീഷ് നോവലിസ്റ്റ് സൽമാൻ റുഷദി എഴുതിയ 'സാത്തനിക് വേഴ്സസ്' (Satanic Verses) എന്ന നോവലിനെതിരെ മതതീവ്രവാദികൾ അതിശക്തമായ അതിക്രമങ്ങളാണ് ലോകത്തിന്റെ പല ഭാഗങ്ങളും ഉണ്ടായത്. ഇറാനിലെ പരമോന്നത നേതാവ് അയത്തുള്ള ഖുമൈനി സൽമാൻ റുഷ്ദിയെ വധിക്കാനുള്ള ഫത്വ ഏർപ്പെടുത്തി. 'സാത്താനിക് വേഴ്സസ്' എന്ന നോവൽ ജപ്പാനീസ് ഭാഷയ്ക്ക് പരിഭാഷപ്പെടുത്തിയ ഹിറ്റോഷി ഇഗരാഷി (Hitoshi Igarashi) കൊലചെയ്യപ്പെട്ടു. നോവൽ ഇറ്റലിയൻ ഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഇട്ടറേ കാപാറേലോ (Ettoro Capariolo) ആക്രമിക്കപ്പെട്ടു, നോർവീജിയിൽ 'സാത്താനിക് വേഴ്സ്സ' പരിഭാഷപ്പെടുത്തിയ വില്യം ന്യൂഗാർഡിനെ(William Nugaard) തീവ്രവാദികൾ വെടിവച്ചു. സൻമാൻറുഷ്ദിയെ വധിക്കുന്നവർക്ക് മർട്ടി മില്യൻ ഡോളർ പാരിതോഷികമായി നൽകുമെന്ന് മതനേതാക്കൾ പ്രഖ്യാപിച്ചു. മാതൃരാജ്യമായ ബ്രിട്ടൻ സൽമാൻ റുഷ്ദിയെന്ന നോവലിസ്റ്റിന് പൂർണ്ണമായ പിൻതുണ നൽകുകയും സംരക്ഷിക്കുകയും ചെയ്തു.

"ഒരു കലാസൃഷ്ടി ഒരു കൂട്ടം ജനങ്ങൾക്ക് ഇഷ്ടമില്ലെങ്കിൽ അതിനെ നശിപ്പിക്കുകയോ, നിരോധിക്കുകയോ അല്ല വേണ്ടത് ആ കലാസൃഷ്ടിയോട് താൽപ്പര്യമില്ലാത്തവർ അതിനെ ബഹിഷ്കരിക്കുകയാണ് നല്ലത് "[2]എന്നാണ് സൻമാൻ റുഷ്ദി

അഭിപ്രായപ്പെട്ടത്. ഇത്തരത്തിൽ മുസ്ളീം മതതീവ്രവാദികൾ ഫത്വ പ്രഖ്യാപിച്ച മറ്റൊരു സാഹിത്യകാരിയാണ് തസ്ലീമ നസ്റിൻ. ബംഗ്ലാദേശിൽ മുസ്ളീം സ്ത്രീകൾ അനുഭവിക്കുന്ന അടിച്ചമർത്തലും ചൂഷണങ്ങളും ന്യൂനപക്ഷമതത്തിൽപ്പെട്ട ഹിന്ദുക്കൾ അനുഭവിക്കുന്ന അതിക്രമങ്ങളെയും പത്രങ്ങളിൽ നിരന്തമായി എഴുതിയപ്പോൾ തസ്ലിമ നസ്റിൻ എന്ന എഴുത്ത്കാരിയെ  വധിക്കാൻവേണ്ടിയുള്ള ഫത്വ മതതീവ്രവാദികൾ പുറപ്പെടുവിച്ചു. ബംഗ്ലാദേശിന്റെ തെരുവുകളിൽ തസ്ലിമ നസ്റിനെതിരെയുള്ള ആക്രമസക്തരായ ജനങ്ങളുടെ വലിയ പ്രതിഷേധങ്ങൾ നടന്നു. 1992 ലെ ബാബറി മസ്ജിന്റെ തകർച്ചയെ തുടർന്ന് ബംഗ്ലാദേശിലെ ന്യൂനപക്ഷമായ ഹിന്ദുക്കൾ നേരിട്ട അക്രമണങ്ങളെ ചിത്രീകരിച്ച 'ലജ്ജ'(Shame) എന്ന നോവൽ പ്രസിദ്ധീകരിച്ചതോടു കൂടി ബംഗ്ലാദേശ് ഗവൺമെന്റ് തസ്ലിമ നസ്റീനെ രാജ്യത്ത് നിന്നും പുറത്താക്കി. ഇന്ത്യയിൽ അഭയാർത്ഥിയായി  താമസിച്ച തസ്ലീമയെ ഹൈദ്രബാദിൽവച്ച് കുറച്ച്പേർ ആക്രമിക്കാൻ ശ്രമിക്കുകയും ബംഗാളിലെ മുസ്ലീംമതമൗലികനേതാക്കൾ തസ്ലീമയെ കൊല്ലുന്നവർക്ക് പാരിതോഷികവും പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് തസ്ലിമ നസ്റീന് സ്വീഡൻ ഗവൺമെന്റ് പൗരത്വം നൽകി. "മതന്യൂനപക്ഷങ്ങൾക്ക് വേണ്ടി ഞാൻ വാദിച്ചു. സർക്കാർ ആക്രണങ്ങൾക്ക് ഇരയാകുന്ന ന്യൂനപക്ഷങ്ങളെ സംരക്ഷിച്ചില്ല. മതമൗലികവാദികൾ എന്റെ മരണത്തിന് വേണ്ടി തെരുവിൽ ഇറങ്ങി. പോലീസും തീവ്രവാദികളും എന്നെ തേടി നടന്നു. ജയിലും സുരക്ഷിതമല്ല അവിടെയുള്ള പ്രിസനറോ, പോലീസോ എന്നെ കൊല്ലും. മതപരമായ വികാരം അപകടമാണ്."[3] ആവിഷ്കാര സ്വാതന്ത്ര്യത്തിനും മതേതരത്തിനും മനുഷ്യാവകാശത്തിനും വേണ്ടി ശബ്ദം ഉയർത്തിയ തസ്ലിമ നസ്റിൻ എന്ന എഴുത്ത്കാരിയ്ക്ക് സ്വന്തം രാജ്യമായ ബംഗ്ലാദേശിൽനിന്ന് രക്ഷപ്പെട്ട് മറ്റ് രാജ്യങ്ങളിൽ അഭയാർത്ഥിയായി അലയേണ്ടി വന്നു. അക്രമാസക്തരായ വലിയ ആൾക്കൂട്ടങ്ങൾ നിയമങ്ങളെ അട്ടിമറിച്ച്കൊണ്ട് വ്യക്തികളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ തകർക്കുകയും അവരെ ശാരീരികമായി ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു.

1998- ൽ പ്രശസ്തനായ ഇന്ത്യൻ ചിത്രകാരൻ എം.എഫ്. ഹുസൈന്റെ ചിത്രങ്ങൾ ഹിന്ദുദൈവങ്ങളെ അപകീർത്തിപ്പെടുത്തി എന്ന് ആരോപിച്ച മതതീവ്രവാദികൾ  അദ്ദേഹത്തിന്റെ വീടാക്രമിച്ചു. രാജ്യം പദ്മശ്രീ, പദ്മഭൂഷൻ, പദ്മവിഭൂഷൺ തുടങ്ങിയ അവാർഡുകൾ നൽകി ആദരിച്ച എം.എസ് ഹുസൈൻ എന്ന കലാകാരൻ ഇന്ത്യയിൽ രക്ഷപ്പെട്ട് ഖത്തറിൽ ജീവിക്കേണ്ടി വന്നു എന്നതാണ് ചരിത്രയാ

ഥാർത്ഥ്യം. പോപ്പ് സംഗീതത്തിന്റെ രാജാവെന്ന ഖ്യാതിനേടിയ മൈക്കിൾ ജാക്സന്റെ 'ദേ ഡോൺട് കെയർ എബോട്ട് അസ്സ്"(They don't Care about us), പാന്തർ (Penther) തുടങ്ങിയ ഗാനങ്ങളെ എം. ടി.വി. നിരോധിച്ചു. ബില്ലി ഹോളിഡേ (Billie Holiday) എന്ന ഗാനത്തെ അമേരിക്കൻ റേഡിയോ നിരോധിച്ചു. കറുത്ത വംശജരായ നിരവധി ഗായകരുടെ ആൽബങ്ങൾ അമേരിക്ക തിരസ്കരിച്ചിരുന്നു. 1964- ൽ ബ്രിട്ടീഷ് മ്യൂസിക് ബാൻായ ബീറ്റിൽസിനെ ഇസ്രയേലിൽ പ്രവേശിക്കുന്നത് വിലക്കിയിരുന്നു. ലാറ്റിൻ പോപ്പ് ഗായികയായ ഗ്ലോറിയ ഇസ്റ്റിഫൻന്റെ (gloria Estefan) പാട്ടുകൾ ക്യൂബയിൽ വിലക്കേർപ്പെടുത്തി. 1960-ൽ കറുത്തവംശജരായ സ്ത്രീകളുടെ ആദ്യ മ്യൂസിക് ബാന്റ് ദി ഷിറിൻസ്' (The Shirelles) പുറത്തിറക്കിയ 'വിൽ യു സ്റ്റിൽ ലൗ മീ റ്റുമാറോ' (Will you still love me tomarrow) എന്ന ആൽബത്തെയും എം.ടി.വി നിരോധിച്ചു.

### 1.1 നാടകം : ആവിഷ്കാരം - നിരോധനം

ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന കലാരൂപം എന്ന നിലയ്ക്ക് നാടകപ്രവർത്തനങ്ങളെ എല്ലാ കാലഘട്ടത്തിലെ അധികാരികൾ നിയമങ്ങൾ ഉപയോഗിച്ച് നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ആശയപ്രചരണത്തിനുള്ള നല്ല മാധ്യമമാണ് നാടകം എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് മതപുരോഗിതൻമാരും, അവർ നിയന്ത്രിച്ചിരുന്ന രാജാക്കൻമാരും മിറാക്കിൾ പ്ലേയ്സ് (Miracle Plays) ഓരോ കാലത്തിലും പ്രചരിപ്പിച്ചിരുന്നു. ഗ്രീക്ക് നാടകവേദിയെ നിയന്ത്രിച്ചിരുന്നത് പുരോഗിതൻമാരായിരുന്നു. മൂല്യബോധം, സമൂഹത്തിൽ പ്രവചനങ്ങൾക്കും പുരോഗിതൻമാർക്കുള്ള സ്ഥാനം, നൻമയും തിൻമയും ദൈവത്തിന്റെ പ്രതിപുരുഷനായ രാജാവ് തുടങ്ങിയ ആശയങ്ങളാണ് ഗ്രീക്ക് നാടകങ്ങളിൽ നിറഞ്ഞ് നിന്നിരുന്നത്. റോമിൽ കത്തോലിക്ക സഭ അധികാരത്തിൽ വന്നതോടെ നാടകങ്ങൾ കാണുന്നതിൽ നിന്ന് വിശ്വാസികളെ വിലക്കിയിരുന്നു. "A-D- 430 റോമൻ സാമ്രാജ്യം തകർന്നതോടെ കത്തോലിക്കസഭ അവിടെ ശക്തിപ്രാപിച്ചു AD-398 ൽ കാർത്തേജിൻ കൂടിയ സുഹന്നദോസിൻ വിശ്വാസികൾ നാടകം കാണുന്നതിന് തന്നെ നിരോധിച്ചു." (എബ്രഹാം, ടി.എം. 2018:93).

പ്രൊട്ടസ്റ്റൻസ്കൾ ഇംഗ്ലണ്ടിൽ അധികാരത്തിൽ വന്നതോടെ നാടകങ്ങളെ നിരോധിക്കുകയും നാടകശാലകളെ ഇടിച്ച് നിരത്തുകയും ചെയ്തു. "1642 - ൽ പൂരിറ്റൻസ് (Puritans) ഇംഗ്ലണ്ടിന്റെ പാർലമെന്റിൽ അധികാരം ലഭിച്ചു. ഒലിവൻ ക്രോംബല്ലിന്റെ നേതൃത്വത്തിൽ അധികാരത്തിലേറിയ പൂരിയൻസ് നാടകങ്ങളുടെ അവത

രണം നിരോധിച്ച് കൊണ്ടുള്ള കൽപ്പന പുറപ്പെടുവിച്ചു. 1644 ഗ്ലോബ് തിയേറ്റർ അടക്കമുള്ള എല്ലാ തീയേറ്ററുകളും ഇടിച്ച് നിരത്തി". (2018 : 49)

പല രാജ്യങ്ങളും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ കോളനിഭരണത്തിൽ നിന്ന് മുക്തരായി, ജനാധിപത്യ ആശയങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും പുത്തൻ ഉണർവ് നൽകി. തൊഴിലാളി വർഗ്ഗം ഉയർത്തെഴുന്നേൽക്കുന്ന നാളായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകം സാക്ഷ്യം വഹിച്ചത്. അടിമകളായി മാത്രം പരിഗണിച്ചിരുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ മാനുഷിക അവകാശങ്ങൾക്കായി അധികാരികൾക്ക് എതിരെ സംഘടിതരായി പോരാട്ടങ്ങൾ നടത്തി സാധാരണക്കാരായ തൊഴിലാളികളെ മുഖ്യകഥാപാത്രമാക്കിയുള്ള സാഹിത്യരചനകൾ ഉണ്ടായിരുന്നു. സായുധവിപ്ലവ പ്രവർത്തനങ്ങളിലൂടെ റഷ്യയിൽ തൊഴിലാളി വർഗ്ഗ പാർട്ടിയായ ബോൾഷവിക്കുകൾ അധികാരത്തിൽ വന്നു. പുതിയതായി രൂപമെടുത്ത ഭരണസംവിധാനങ്ങൾ നാടകം പോലുള്ള കലാരൂപങ്ങളെ നിയന്ത്രിക്കുന്നത് പല നിയമങ്ങളും നടപ്പിലാക്കി. ജനാധിപത്യരാജ്യങ്ങളും മതനിയമങ്ങൾ പിൻതുടരുന്ന രാജ്യങ്ങളും വിപ്ലവപ്രവർത്തനങ്ങളിലൂടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും നാടകാവതരണത്തെ നിയമങ്ങൾ കൊണ്ട് നിയന്ത്രണവിധേയമാക്കി. പ്രതിഷേധങ്ങളെയും എതിർശബ്ദങ്ങളെയും ഇല്ലായ്മചെയ്യുക എന്നതാണ് എല്ലാ ഭരണകൂടങ്ങളുടെയും പൊതുവായ സ്വഭാവമാണ്. ആവിഷ്കാര സ്വാതന്ത്ര്യം എന്നത് തന്നെ ഭരണകൂടത്താൽ ഇല്ലായ്മ ചെയ്ത കലാകാരുടെ ചരിത്രം കൂടിയാണ്.

1917- ലെ റഷ്യൻ വിപ്ലവത്തിനു ശേഷം ഭരണത്തിൽ വന്ന ലെനിനിന്റെ നേതൃത്വത്തിലുള്ള ബോൾഷവിക്ക് പാർട്ടി സോഷ്യലിസ്റ്റ് റിയലിസം[4] എന്ന ആശയം മാത്രമേ കലാപ്രവർത്തനങ്ങളിൽ ഉപയോഗിക്കാവൂ എന്ന് പ്രഖ്യാപിച്ചു. ആധുനിക പരീഷണ കലാപ്രവർത്തനങ്ങളെ റഷ്യയിൽ നിരോധിച്ചു. 1920 ഫെബ്രുവരി 20-ാം തീയതി റഷ്യയിൽ കലാപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടി സെൻസെർഷിപ്പ് ഏർപ്പെടുത്തി. 1938- ൽ സ്റ്റാലിന്റെ ഉത്തരവ് പ്രകാരം ബയോമെക്കാനിസത്തിന്റെ[5] പ്രയോക്താവ് മെയർഹോൾഡിനെ പോലീസ് അറസ്റ്റ് ചെയ്യുകയും സ്റ്റുഡിയോ കണ്ട് കെട്ടുകയും ചെയ്തു. " ഇരുപത് വർഷത്തോളം 'ബയോ മെക്കാനിസം' എന്ന നാടകപദ്ധതിയാണ് മെയർ ഹോൾഡ് പിൻതുടർന്നത്. 1938 ൽ സ്റ്റാലിന്റെ ഉത്തരവ് പ്രകാരം അദ്ദേഹത്തിന്റെ സ്റ്റുഡിയോ അടച്ചുപൂട്ടിച്ച് അറസ്റ്റ് ചെയ്യപ്പെട്ട മെയർ ഹോൾഡ് മോസ്കോ ജൂഡീഷ്യൽ കസ്റ്റഡിയിൽ വച്ച് വെടിവച്ച് കൊന്നു."[6](Malaev, Andrei.

2011:16) ആധുനിക നാടകവേദിയിലെ ആചാര്യൻമാരിൽ പ്രമുഖനായ റഷ്യൻ നാടക സംവിധായകൻ സ്റ്റാൻസ്ലാവിസ്കിയെ റഷ്യൻ കമ്മ്യൂണിസ്റ്റ് ഭരണകൂടം കരുതൽ തട ങ്കിലാക്കി. "സ്റ്റാൻസ്ലാവിക്സിയുടെ അവസാനത്തെ നാല് വർഷങ്ങൾ സ്റ്റാലിന്റെ ഭര ണത്തിൽ കീഴിലുള്ള ഒരു തരം വീട്ട് തടങ്കലിലായിരുന്നു. സ്റ്റാലിന്റെ നയമായ ഉറ്റപ്പെ ടുത്തലും സംരക്ഷണവും എന്ന രീതി ഉപയോഗിച്ച് ഏകാന്തതയുടെ തടവിലായിരുന്നു ലോകമറിയുന്ന സ്റ്റാൻസ്ലാവിസ്കി എന്ന സോവിയറ്റ് പൗരൻ"[7](Alise, Hodge. 2010 : 6) 1930 കൾക്ക് ശേഷം ജർമ്മനിയുടെ ഭരണം അഡോൽഫി ഹിറ്റ്ലരുടെ കീഴിലായ തോട് കൂടി തത്വചിന്തകരും, കലാകാരൻമാരും അടങ്ങുന്ന സംഘങ്ങൾ രാജ്യം വിട്ട് രക്ഷപ്പെടേണ്ടി വന്നു. എപ്പിക്ക് തിയേറ്ററിന്റെ പ്രയോക്താവായ ബ്രത്തോൾഡ് ബ്രഹ്ത്ത്, തത്വചിന്തകരായ വാൾട്ടർ ബഞ്ചമിൻ, ലൂക്കാച്ച് തുടങ്ങിയവർ ജർമ്മനി യിൽ നിന്ന് രക്ഷപ്പെട്ട് മറ്റ് രാജ്യങ്ങളിൽ അഭയം തേടി"1933-ൽ ഹിറ്റ്ലർ അധികാരമേറ്റ തോടെ ബ്രഹ്ത്ത് അമേരിക്കയിലേക്കും ബെഞ്ചമിൻ ഫ്രാൻസിലേയ്ക്കും ലൂക്കാച്ച് മോസ്കോയിലേക്കും കുടിയേറാൻ നിർബന്ധിതരായി. (ഗോവിന്ദപിള്ള, പി. 2016 : 45). ഹിറ്റ്ലർ മോഡേൻ ആർട്ടിനെ (modern art) നെ ജർമ്മനിയിൽ നിരോധിച്ചു. പ്രശ സ്തരായ ചിത്രകാരൻമാരുടെ ചിത്രങ്ങൾ ജർമ്മനിയിലെ മ്യൂസിയത്തിൽ നിന്ന് നീക്കം ചെയ്യുകയും ബൗഹാസ് (Bauhance)പോലുള്ള ആർട്ട്സ്ക്കൂളുകൾ അടച്ച് പൂട്ടി. നിശബ്ദ ചലച്ചിത്രങ്ങളിലൂടെ ലോകം മുഴുവൻ ആരാധകരെ സൃഷ്ടിച്ച ബ്രിട്ടീഷ് നടനും, സംവിധായകനുമായ ചാർളി ചാപ്ലിൻ 1940- ൽ പുറത്തിറക്കിയ *ദി ഗ്രേറ്റ് ഡിക്റ്റേറ്റർ* (*The great dictator)* എന്ന ചലച്ചിത്രത്തെ നാസി ഭരണകൂടം ജർമ്മനി യിൽ നിരോധിച്ചു. മനുഷ്യൻ അനുഭവിക്കുന്ന കൊടിയ പട്ടിണി, ദാരിദ്യം, യുദ്ധകെ ടുതികൾ തുടങ്ങിയ വർത്തമാനകാല യഥാർത്ഥങ്ങളെ അഭ്രപാളികളിൽ അവതരി പ്പിച്ച ചാർളി ചാപ്ലിൻ കമ്മ്യൂണിസ്റ്റ് അനുഭാവിയാണ് എന്ന് ആരോപിച്ച് അമേരി ക്കയും ഉപരോധം ഏർപ്പെടുത്തി. ലോകസിനിമയിലെ ആചാര്യനായി പരിഗണി ക്കുന്ന സോവിയറ്റ് യൂണിയൻ സിനിമ സംവിധായകൻ ഐസൻസ്റ്റെയിന്റെ *ബാറ്റിൻഷിപ്പ് പൊട്ടൻകിൽ* എന്ന ചലച്ചിത്രത്തെ പല രാജ്യങ്ങളിലും സെൻസെർഷി പ്പിന് ശേഷമാണ് പ്രദർശിപ്പിച്ചത്.

ലാറ്റിനമേരിക്കൻ നാടകപ്രവർത്തകനും തിയേറ്റർ ഓഫ് ഒപ്രസിഡ് (Theatre of Oppressed) എന്ന പ്രസ്ഥാനത്തിന്റെ അമരക്കാരനായ അഗസ്റ്റോ ബോളിനെ ബ്രസ്സീലിയൻ പട്ടാളഭരണക്കൂടം സെൻസെർഷിപ്പ് ഏർപ്പെടുത്തി അറസ്റ്റ് ചെയ്തു.

ലീവിംഗ് തിയേറ്ററിന്റെ പ്രയോക്താക്കളായ ജൂലിയൻ ബക്കു, ഭാര്യ ജൂഡിത്തിന്റെയും നാടകപ്രവർത്തനങ്ങളെ അമേരിക്കൻ ഗവൺമെന്റ് തടസ്സപ്പെടുത്തുകയും ഇവർക്കെതിരെ കേസ്സെടുക്കുകയും ചെയ്തു, പിന്നീട് ബ്രസ്സീലിൻ എത്തിയ ജൂലിയൻ ബക്കിനെയും ഭാര്യയെയും പട്ടാളഭരണക്കൂടം അറസ്റ്റ് ചെയ്യുകയും രണ്ട് മാസം ജയിലിൽ അടയ്ക്കുകയും ചെയ്തു. ചൈനയിൽ മാവോ സെ തൂങ്ങിന്റെ നേതൃത്വത്തിലുള്ള ചെമ്പട (Red Army) അധികാരം പിടിച്ചെടുക്കുകയും 1967 മുതൽ ആരംഭിച്ച സംസ്കാരികവിപ്ലവത്തിന്റെ (Cultural revolution) ഭാഗമായി ചൈനയുടെ പഴയ സാഹിത്യകൃതികളും, പഴയശിൽപ്പങ്ങളെയും നശിപ്പിക്കുകയും വിപ്ലവസാഹിത്യങ്ങളെയും കലാപ്രവർത്തനങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സംസ്കാരിക വിപ്ലവത്തോടെ ചൈനയിലെ വിപ്ലവകലാപ്രവർത്തനങ്ങൾ ഒഴികെയുള്ള എല്ലാ സർഗ്ഗാത്മക പ്രവർത്തനങ്ങളെയും അടിച്ചമർത്തി.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം കംബോഡിയായിൽ അധികാരത്തിൽ എത്തിയ ഖമറൂഷ് കമ്മ്യൂണിസ്റ്റ് ഭരണകൂടം എല്ലാ കലാപ്രവർത്തനങ്ങളെയും നിരോധിച്ചു.

ഇന്ത്യയിൽ നാടക പ്രവർത്തനങ്ങൾ നിരോധിച്ച് തുടങ്ങിയത് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബ്രിട്ടീഷ്കാരാണ്. കോളനി വിരുദ്ധ പോരാട്ടങ്ങളുടെ ഭാഗമായി നാടക പ്രവർത്തനങ്ങളെ ഇന്ത്യയിലുടനീളം ഉപയോഗിച്ചപ്പോഴാണ് ബ്രിട്ടീഷ്കാർ ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് (Dramatic Performance act-1876) നടപ്പിലാക്കിയത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രൂപപ്പെട്ട കോളനി വിരുദ്ധ നാടകങ്ങൾ നാടക നിരോധന നിയമത്താൽ നിരോധിക്കപ്പെട്ടു. ബ്രിട്ടനിൽ നാടകങ്ങള നിയന്ത്രിക്കുന്നത് വേണ്ടി രൂപപ്പെടുത്തിയ സ്റ്റേജ് ലൈസൻസിങ് ആക്റ്റ് (Stage licensing act-1737) പരിഷ്കരിച്ചാണ് നാടകനിരോധന നിയമം ഇന്ത്യയിൽ അവതരിപ്പിച്ചത്. ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോപങ്ങളെ അടിച്ചമർത്താൻ ഉപയോഗിച്ച ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് (Dramatic Performance act) സ്വാതന്ത്രാനന്തരഇന്ത്യയിലെ ജനാധിപത്യസർക്കാരുകൾ വീണ്ടും ഉപയോഗിച്ച് നാടകങ്ങളുടെ അവതരണങ്ങളെ നിരോധിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ കലാരൂപമായ സിനിമയെയും നിയന്ത്രിക്കുന്നതിന് 1917 സെപ്റ്റംബർ 5 ന് സിനിമാട്ടോഗ്രാഫ് ബില്ല് (Cinematograph Bill) ബ്രിട്ടീഷ്കാർ ഇന്ത്യയിൽ അവതരിപ്പിച്ചു. കൽക്കട്ട, ബോംബെ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിൽ ഇന്ത്യയിലെ സിനിമകൾ സെൻസെർ ചെയ്യുന്നതിന് വേണ്ടി സെൻസർ ബോർഡുകൾ ബ്രിട്ടീഷ് ഗവൺമെന്റ് സ്ഥാപിച്ചു.

### 1.1.2 ഡ്രാമറ്റിക് പെർഫോമൻസ് ആക്റ്റ് 1876 (Dramatic Performance Act- 1876).

പൊതു ഇടങ്ങളിൽ നാടക അവതരണങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടി ബ്രിട്ടീഷ്കാർ നിർമ്മിച്ച നിയമമാണിത്. 1876 നവംബർ 6-ാം തീയതി ഗവർണർ ജനറൽ ഓഫ് ഇന്ത്യയാണ് ഈ നിയമം പാസാക്കിയത്. രാജ്യദ്രോഹമോ, അപകീർത്തിപ്പെടുത്തുന്നതോ, അശ്ലീലമോ ആയ നാടകങ്ങളുടെ അവതരണത്തെ ഈ നിയമപ്രകാരം സർക്കാരിന് നിരോധിക്കാൻ കഴിയും. ജില്ലാ മജിസ്ട്രേട്ടാണ് ഇത്തരത്തിലുള്ള നാടകങ്ങളെ നിരോധിക്കാനുള്ള ഉത്തരവാദിത്വം ഉള്ളത്. നാടകം, മൂകാഭിനയം എന്നിവയുടെ അവതരണത്തെ തടയേണ്ടതാണ് എന്ന് സർക്കാരിന് ബോധ്യപ്പെട്ടാൻ ഈ നിയമം അനുസരിച്ച്  നിരോധിക്കാം. നാടകം കാണാൻ പ്രേക്ഷകർ കൂടിയിരിക്കുന്ന അടച്ചുറപ്പുള്ള ഏതു സ്ഥലത്തെയും പൊതു ഇടമായിട്ടാണ് പരിഗണിക്കുന്നു.

ഒരു നാടകത്തെ നിരോധിക്കാനുള്ള കാരണങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. നിന്ദിക്കുന്നവയോ, അപകീർത്തിപ്പെടുത്തുന്നതോ, മാനഹാനിയുണ്ടാക്കുന്നതോ ആയവ.
2. സർക്കാരിനെതിരെയുള്ള വികാരം ഉത്തേജിപ്പിക്കാൻ സാധ്യതയുള്ള നാടകങ്ങൾ, മൂകാഭിനയങ്ങൾ.
3. അശ്ലീലമായ നാടകങ്ങൾ

ഈ പറഞ്ഞ ഘടകങ്ങൾ അടങ്ങിയ നാടകങ്ങളെ നിരോധിക്കാനുള്ള അവകാശം സർക്കാരിനുണ്ട്. നാടകത്തെ സംഘടിപ്പിച്ചവർ, അഭിനയിച്ചവർ, നാടകം അവതരിപ്പിച്ച സ്ഥലത്തിന്റെ ഉടമ എന്നിവർക്ക് നോട്ടീസ് കൊടുക്കുകയും ഈ നിയമത്തിന്റെ ഉത്തരവ് അവർ പാലിക്കുന്നില്ലെങ്കിൽ മൂന്ന് മാസം തടവ് ശിക്ഷയോ, പിഴയോ, രണ്ടും ഒരുമിച്ചും അനുഭവിക്കണം. ഒരു നാടകത്തെ നിരോധിച്ചിരിക്കുന്നു എന്ന് അതാത് സ്ഥലങ്ങളിലെ മജിസ്ട്രേറ്റ് നാടകവുമായി ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകും. നാടകകൃതി നാടകത്തിന്റെ എഴുത്തികാരനോ, നാടകകമ്പനിയുടെ ഉടമസ്ഥനോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് പ്രകാരം നിരോധിക്കപ്പെട്ട ഒരു നാടകം സർക്കാരിന്റെ അനുവാദമില്ലാതെ അവതരിപ്പിക്കാൻ ശ്രമിച്ചാൽ ആ പ്രദേശത്തെ പോലീസ് ഉദ്യോഗസ്ഥന് നാടകം അവതരിപ്പിക്കാൻ സാധ്യതയുള്ള സ്ഥലത്തേയ്ക്ക് ബലപ്രയോഗിച്ച് പ്രവേശിക്കുന്നതിനും നാടകത്തിന് ഉപയോഗിച്ച സാധനങ്ങൾ കണ്ട്കെട്ടുന്നതിനും

അവിടെയുള്ള ആളുകളെ അറസ്റ്റ് ചെയ്യുന്നതിനും മജിസ്ട്രേറ്റ് അധികാരം നൽകുന്നുണ്ട്. നിരോധിക്കപ്പെട്ട നാടകത്തിന്റെ സ്ക്രിപ്റ്റോ, ഉള്ളടക്കമോ പ്രാദേശിക ഗവൺമെന്റിന് കൈമാറി അവർ ആ നാടകകൃതിയെ പരിശോധിച്ച് മാറ്റങ്ങൾ ആവശ്യപ്പെട്ടതിന് ശേഷം മാത്രമേ നാടകമോ, മൂകാഭിനയമോ വീണ്ടും അവതരിപ്പിക്കാൻ പാടുള്ളൂ. ഇന്ത്യൻ പീനൻ കോഡ് സെക്ഷൻ 124 (എ), 294 എന്നീ വകുപ്പുകളാണ് ഈ നിയമത്തിൽ ഉപയോഗിക്കുന്നത്. മതപരമായ ചടങ്ങുകൾ, അവതരണങ്ങൾ എന്നിവ ഡ്രാമറ്റിക് പെർഫോമൻസ് ആക്റ്റിൻ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

### 1.3 പ്രതിരോധനാടകങ്ങളും ഇന്ത്യൻ സ്വാതന്ത്ര്യസമരവും

ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ക്രൂരമായ ഭരണത്തിനെതിരെ രൂപപ്പെട്ട പ്രതിരോധപ്രവർത്തനങ്ങളിൽ നാടകം എന്ന ദൃശ്യകലാരൂപം വഹിച്ച പങ്ക് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ വിസ്മരിക്കാനാവാത്ത ചരിത്രമാണ്. 1857– ൽ ബ്രീട്ടിഷ്കാർക്കെതിരെ ഇന്ത്യക്കാരായ പട്ടാളക്കാർ നടത്തിയ വിപ്ലവം (ശിപ്പായി ലഹള) ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വലമായ ചുവട് വയ്പ്പായിരുന്നു. ഇന്ത്യൻ പട്ടാളക്കാർ നടത്തിയ ചെറുത്ത് നിൽപ്പ് രാജ്യത്താകമാനമുള്ള ജനങ്ങളിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ചൂഷണങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾക്ക് കൂടുതൽ ഊർജ്ജം നൽകി. കർഷകരും, വിദ്യാർത്ഥികളും, സ്ത്രീകളും അടങ്ങുന്ന ഇന്ത്യൻ ജനത നിർഭയരായി കോളനി വിരുദ്ധ സമരങ്ങളിൽ പങ്കെടുത്തു. കച്ചവടത്തിനായി ഭാരതത്തിന്റെ മണ്ണിൽ കടന്ന് വന്ന് തദ്ദേശിയരായ മനുഷ്യരെ അടിച്ചമർത്തിയ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനെതിരെയുള്ള കലാപരമായ വിപ്ലവങ്ങളാണ് 'നീൽദർപ്പൻ', 'ഗ്യാക്ക്ബാർ ദർപ്പൻ', 'ചക്കർദർപ്പൻ', 'സുരേന്ദ്രവിനോദിനി', 'ഗജാധനധ പ്രഹസൻ' തുടങ്ങിയ നാടകങ്ങൾ. നാടകത്തെ ശക്തമായ വിമോചന ആയുധമാക്കിക്കൊണ്ട് കോളനിവിരുദ്ധ സമരങ്ങൾ ഇന്ത്യയിലുടനീളം രൂപപ്പെട്ടു.

#### 1.3.1 നീൽ ദർപ്പണും (Nildurpan) മറ്റ് നാടകങ്ങളും

ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ അരങ്ങേറിയ കലാപരമായ വിപ്ലവത്തിന്റെ തുടക്കം 'നീൽദർപ്പൻ' എന്ന നാടകത്തിലൂടെയാണ്. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഉടമസ്ഥതയിലുള്ള ബംഗാളിലെ നീലം തോട്ടങ്ങളിൽ അടിമപ്പണി ചെയ്യാൻ വിധിക്കപ്പെട്ട അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ നാടകരൂപമാണ് *'നീൽദർപ്പൻ'* ബംഗാളിലെ നീലം തോട്ടങ്ങളിൽ രാപ്പകൽ ഇല്ലാത്ത പണിയെടുത്തിരുന്ന തൊഴിലാളികൾക്കെ

തിരെ ബ്രിട്ടീഷ്കാരായ തോട്ടം ഉടമകൾ നടത്തിയിരുന്ന അതിക്രമം, കൊലപാതകം, തട്ടിക്കൊണ്ട് പോകൽ, കൂലികൊടുക്കാതെ പണിയെടുപ്പിക്കുക, സ്ത്രീകൾക്ക് നേരെ യുള്ള ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയ സംഭവങ്ങളെയാണ് *'നീൽദർപ്പൻ'* എന്ന നാടകത്തിലൂടെ ആവിഷ്കരിച്ചത്. ഇന്ത്യൻ നാടകചരിത്രത്തിലെ ഏറ്റവും കരുത്തുള്ള മുന്നേറ്റമായിരുന്ന ദീനബന്ധുമിത്ര എഴുതിയ 'നീൽദർപ്പൻ' എന്ന നാടകം. 1860-ൽ ബംഗാളിഭാഷയിൽ എഴുതിയ *നീൽദർപ്പൻ* എന്ന നാടകത്തെ ചർച്ച് മിഷൻ സൊസൈറ്റിയുടെ (Church Mission Society) റവറന്റ് ആയിരുന്ന ജയിംസ് ലോംഗ്, ഇംഗ്ലീഷിലേയ്ക്ക് തർജ്ജിമ ചെയ്ത് ഇന്ത്യയിലും ഇംഗ്ലണ്ടിലും പ്രചരിപ്പിച്ചു.

1859 മുതൽ ബംഗാളിലെ നീലം കർഷകർ നടത്തിയ സമരത്തിന്റെ പശ്ത്താല ത്തിൽ നിർമ്മിക്കപ്പെട്ട നീൽദർപ്പൻ എന്ന നാടകത്തിന് ഇന്ത്യയിലും ഇംഗ്ലണ്ടിലും വലിയ പ്രചാരണം ലഭിച്ചു. ബ്രിട്ടീഷ് തോട്ടം ഉടമകളായ ജെ.ജെ. വുഡ് (J.J. Wood), പി. പി. റോസ് (P.P. Rose) എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളായാണ് '*നീൽദർപ്പൻ* എന്ന നാടകം ദീനബന്ധു മിത്ര രചിച്ചത്. ഒരു തോട്ടം തൊഴിലാളിയുടെ മകളെ ബ്രിട്ടീഷ്കാരായ തോട്ടം ഉടമകൾ ബലാൽസംഘം ചെയ്യുകയും, പരാതിയുമായി തൊഴി ലാളികൾ പോലീസ് സ്റ്റേഷനിലും, ബ്രിട്ടീഷ് കോടതിയിലേക്കും പോകുകയും അഴി മതിക്കാരും സ്വജനപക്ഷക്കാരുമായ നീതിപീഠം ഇന്ത്യക്കാരായ തൊഴിലാളികളെ അവ ഗണിക്കുന്നതുമായ സംഭവങ്ങളാണ് 'നീൽദർപ്പൻ' എന്ന നാടകം പ്രതിപാദി ക്കുന്നത്.

ബ്രിട്ടീഷ്കാർക്ക് ആനന്ദിക്കാൻ നിർമ്മിക്കപ്പെട്ട ഇംഗ്ലീഷ് നാടകങ്ങളുടെ സ്ഥാനത്ത് ഇന്ത്യൻ ജനത അനുഭവിക്കുന്ന സാമൂഹിക അനീതിയ്ക്കെതിരെ രൂപ പ്പെട്ട 'നീൽദർപ്പൻ'ന്റെ പ്രചാരണം ബ്രിട്ടീഷ്കാരെ അസ്വസ്ഥരാക്കി. ലാഹോർ ക്രോണിക്, ഹർക്കരു, ഇംഗ്ലീഷ്മാൻ, മദ്രാസ് ടൈംസ് തുടങ്ങിയ പത്രങ്ങളിൽ നീൽദർപ്പനെക്കുറിച്ചുള്ള വാർത്തകൾ പ്രസിദ്ധീകരിച്ചു. 'നീൽദർപ്പൻ' നിരോധിക്ക ണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നീലം തോട്ടമുടമകളായ പി.പി. വൈസ് (P.P.Wise), എഫ്. എ. ഗുഡിനഫ് (F.A. Gooddenough) തുടങ്ങിയവർ ബംഗാൾ ഗവർണർ ജനറലിന് പരാതി നൽകി. 1861-ൽ ബ്രിട്ടീഷ് കോടതിയിൽ നാടകത്തിനെതിരെ തോട്ടം ഉടമകൾ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ നീൽദർപ്പൻ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്ത കുറ്റത്തിന് ജയിംസ് ലോംഗിനെ കോടതി ഒരുമാസത്തെ തടവിന് വിധിച്ചു. നാടകം പ്രസിദ്ധീകരിച്ച എച്ച്. എച്ച്. മാന്യൂൻ

എന്ന പ്രിൻററർക്ക് പത്ത്‌രൂപ പിഴയും കോടതി വിധിച്ചു. 1875- ൽ ലക്നോയിൽ വച്ച് നടന്ന 'നീൽദർപ്പൻ' എന്ന നാടകത്തിന്റെ അവതരണത്തെ കാഴ്ചക്കാരായ ബ്രിട്ടീഷുകാർ തടസ്സപ്പെടുത്തുകയും, അഭിനയതാക്കളെ വേദിയിൽ കയറി മർദ്ദിക്കുകയും ചെയ്തു. നാടകത്തെ വിമോചനത്തിലുള്ള ആയുധമായി ഇന്ത്യക്കാർ ഉപയോഗിച്ച് തുടങ്ങിയതോടെ അത്തരം കലാ പ്രവർത്തനങ്ങളെ അടിച്ചമർത്തുന്നതിന് വേണ്ടി ബ്രിട്ടീഷ്കാർ രൂപീകരിച്ച നിയമമാണ് ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് -1876. "ആദ്യത്തെ ദേശീയ നാടകം എന്ന നിലയിൽ മാത്രമല്ല നീൽദർപ്പൻ എന്ന നാടകത്തിന്റെ പ്രസക്തി കോളോണിയൻ ഭരണത്തിനെതിരെ നാടകത്തെ പ്രതിരോധ ആയുധമാക്കി ഉപയോഗിക്കാം എന്നതിന്റെ ഉത്ഘാടനമാണ് നീൽദർപ്പണത്തിന്റെ അവതരണത്തിലൂടെ സാധ്യമായത്.[8] (Nandi Bhatia .2004 : 12).

നീൽദർപ്പന്റെ നിരോധനത്തെ തുടർന്ന് ഇന്ത്യയുടെ പലഭാഗങ്ങളിലും നടക്കുന്ന ചൂഷണങ്ങൾക്കെതിരെ അതിശക്തമായ രീതിയിൽ പ്രതികരിക്കുന്ന നാടകങ്ങൾ രൂപപ്പെട്ടു. ആസ്സാമിലെ തേയിലതൊഴിലാളികൾ നേരിടുന്ന അടിച്ചമർത്തലുകൾക്ക് ചർച്ചചെയ്ത നാടകമായിരിക്കുന്നു ദക്ഷിണ ചരൺ ചന്ധോപാധ്യ എഴുതിയ *ചക്കർ ദർപ്പൻ* (1875). വ്യാജമായ തൊഴിൽ കരാർ ഉണ്ടാക്കി ബ്രിട്ടീഷ്ക്കാരായ തേയിലതോട്ടം ഉടമകൾ തൊഴിലാളികളെ വഞ്ചിക്കുന്ന സംഭവത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച നാടകമാണ് '*ചക്കർ ദർപ്പൻ*'. തേയിലതോട്ടങ്ങളിൽ കൂലിയില്ലാതെ, ജോലി ചെയ്യുന്ന സരത, ഭരത എന്നീ രണ്ട് തൊഴിലാളികളാണ് നാടകത്തിലെ കേന്ദ്രകഥാപാത്രങ്ങൾ. ഈ തൊഴിലാളികളുടെ ഭാര്യമാർ ഇവരെ തേടി തേയിലതോട്ടത്തിൽ എത്തുന്നു. ഇവരിൽ ഒരു സ്ത്രീയെ ബ്രിട്ടീഷ് തോട്ടമുടമ ബലാൽസംഗം ചെയ്യുന്നു. ബ്രിട്ടീഷുകാർക്ക് അനുകൂലമായി പ്രവർത്തിക്കുന്ന കോടതികൾ തൊഴിലാളികളുടെ പരാതികളെ നിരാകരിക്കുന്നതുമായ സംഭവങ്ങളാണ് *ചക്കർ ദർപ്പൻ* മുന്നോട്ട്‌വച്ച ആശയം. ബറോഡയിലെ രാജാവായ മൽഹർ റാവു ഗെയ്വാറിനെ കേണാർ ഫയർ എന്ന ബ്രിട്ടീഷ്കാരനെ വിഷം കൊടുത്ത് കൊല്ലാൻ ശ്രമിച്ചു എന്ന കള്ളക്കേസിൽ കുടുക്കി അധികാര ഭ്രഷ്ടനാക്കുകയും, ബറോഡയുടെ ഭരണം ചതിയിലൂടെ ബ്രിട്ടീഷ്കാർ കൈക്കലാക്കിയതിന്റെ പശ്ചത്താലത്തിൽ എഴുതിയ നാടകമായിരുന്നു *ഗേക്ക്ബാർദർപ്പൻ* (Gackwar Durpan). ബ്രിട്ടീഷ് കോടതികളിൽ നടക്കുന്ന അനീതിയ്ക്കെതിരെ പ്രതികരിച്ച നാടകമായിരുന്നു ഉപേന്ദ്ര നാഥ് ദത്ത് എഴുതിയ *സുരേന്ദ്ര ബിനോദിനി* (Surendra Binodini- 1875).

യൂറോപ്യൻ മജിസ്ട്രേട്ട് തന്റെ വേലക്കാരിയെ ലൈംഗിക അതിക്രമവും നടത്തുകയും അതിനെ എതിർത്ത് കൊണ്ട് അയാളുടെ വലിയവീടിന്റെ ജനാലവഴി പുറത്ത്ചാടി ആത്മഹത്യചെയ്ത ജോലിക്കാരിയുടെ, ജീവിതത്തെയാണ് *'സുരേന്ദ്ര ബിനോദിനി'* എന്ന നാടകത്തിലൂടെ അവതരിപ്പിച്ചത്. ബയിൻ രാജകുമാരന്റെ ബംഗാൾ സന്ദർശത്തെ എതിർത്ത്കൊണ്ട് അവതരിപ്പിച്ച നാടകമായിരുന്നു *ഗജാദനന്ദ പ്രഹസൺ, (Gajadananda Prabasan),* ഈ നാടകം അവതരിപ്പിച്ച ഗ്രേറ്റ് നാഷ്ണൽ തിയേറ്ററിന്റെ മനേജരെ പോലീസ് അറസ്റ്റ്ചെയ്തു. ഇത്തരത്തിൽ നീൽ ദർപ്പൻന്റെ അവതരണത്തോടെ കോളോണിയൽ ഭരണത്തിനെതിരെ സർഗ്ഗാത്മക പ്രതിരോധങ്ങൾ രാജ്യത്തുടനീളമുണ്ടായി . നാടക നിരോധനനിയമത്തെയും അറസ്റ്റിനെയും കൂച്ച് വിലങ്ങുകളെ വകവയ്ക്കാതെ ധീരരായ കലാകാരൻമാർ സൃഷ്ടിച്ച നാടകങ്ങൾ ഇന്ത്യയിലെ മുഴുവൻ ജനങ്ങളുടെയും ശബ്ദമായി മാറി. സാധാരണക്കാരായ മനുഷ്യരെ ആകർഷിക്കാനും പ്രബുദ്ധരാക്കാനും കഴിയുന്ന നാടകം എന്ന ദൃശ്യ കലാരൂപം, ഇന്ത്യൻജനത അനുഭവിച്ച പീഢനങ്ങളെയും സാമൂഹിക അസമത്വങ്ങളെയും അരങ്ങുകളിൽ എത്തിച്ചു.

ബ്രിട്ടീഷ് പോലീസ് ഉദ്യോഗസ്ഥരായ ഹോജ്, ലാമ്പ് എന്നിവരെ വിമർശിച്ചു കൊണ്ട് ഉപേന്ദ്രനാഥ് എഴുതിയ *ദി പോലീസ് ഓഫ് പിഗ് ആന്റ് ഷീപ്പ് (The Police of Pig and Sheep)* എന്ന നാടകത്തെ നിരോധിക്കുകയും നാടകകൃത്തിനെയും, നാടക സംഘത്തിന്റെ മാനേജർ അമൃതലാലിനെയും ഒരു മാസം ജയിലിൽ അടക്കുകയും ചെയ്തു. ബംഗാളിലെ ജയിലുകൾക്കുള്ളിൽ ക്രൂരമായ പീഢനങ്ങൾ ഏറ്റു വാങ്ങുന്ന സ്വാതന്ത്രസമരപോരാളികൾക്ക് വേണ്ടി ദക്ഷിണരഞ്ജൻ ചക്രപാണ്ഡ്യ എഴുതിയ നാടകമായിരുന്നു *ജയിൽ ദർപ്പൻ* ***(Jail Durpan).*** ബംഗാളിലെ അവസാനത്തെ നബാബിന്റെ ജീവചരിത്രത്തെ ആസ്പദമാക്കി ഗിരീഷ് എഴുതിയ 'സിറാജ് ഉധൗള' എന്ന നാടകം നിരോധിച്ചു. 1919 ൽ കർണ്ണാടകയിലെ ഗുണ്ടൂർ ഗോധാവരിയിലെ മജിസ്ട്രേറ്റ് ആ പ്രദേശങ്ങളിൽ നാടകം അവതരിപ്പിക്കണമെങ്കിൽ അവതരണത്തിന് മുമ്പ് നാടകകൃതികൾ ഉദ്യോഗസ്ഥരെ കാണിച്ച് സാക്ഷ്യപ്പെടുത്തിയതിന്ശേഷം മാത്രമേ അവതരിപ്പിക്കാവൂ എന്ന ഉത്തരവ് ഇറക്കി. ഖിലാഫത്ത് സമരം, വിദേശവസ്ത്ര ബഹിഷ്കരണം, ബാലഗംഗാതരതിലകന്റെ അന്ത്യസമയത്ത് ഗാന്ധി നടത്തിയ സന്ദർശനം എന്നീ ചരിത്ര സംഭവങ്ങളെ കോർത്തിണക്കി തിലക് നാടക സമാചരം അവതരിപ്പിച്ച 'സ്വരാജ്യസ്വപ്നം' (1921) എന്ന നാടകത്തെയും

നിരോധിച്ചു. ശ്രീപദ കൃഷ്ണമൂർത്തി *'തിലക് മഹാരാജ്'* എന്ന പേരിൽ ഒരു നാടകം എഴുതി പ്രസിദ്ധീകരിച്ചു എന്നാൽ ആ നാടകത്തിന്റെ അവതരണത്തിന് മുമ്പ് തന്നെ നിരോധിക്കപ്പെട്ടു. 1927 ൽ ഗുണ്ടൂർ നാടകസംഘം ഇന്ത്യൻസ്വാതന്ത്രസമരത്തിന് പിൻതുണനൽകികൊണ്ട് അവതരിപ്പിച്ച *'തളിക്കോട്ട യുദ്ധം'*, റോഷനാര എന്നീ നാട കങ്ങളെയും നിരോധിച്ചു. ഇന്ത്യൻ സ്വാതന്ത്ര സമരത്തിന് പിൻതുണ പ്രഖ്യാപിച്ച് ടി.കെ. കൃഷ്ണസ്വാമി പവലാർ അവതരിപ്പിച്ച *'ഇന്ദ്ര സമാജം'*, *'പതിഭക്തി'*, *ജംബു ലിംഗം'*, *'ഖദറിൻ വെട്രി'* തുടങ്ങിയ നാടകങ്ങളെയും നിരോധിച്ചു. നിരോധനത്തെ അവഗണിച്ച് കൊണ്ട് 'ഖദറിൻ വെട്രി' മറ്റു പല പേരുകളിൽ അനേകം വേദികളിൽ അവതരിപ്പിക്കപ്പെട്ടു.

സുധാനന്ദ ഭാരതിയുടെ *'വീരു പെട്രൂ നില്ലഡാ'*, *'ദേവസിങ്കുരാജൻ'*, *'ശിവാജി'* എന്നീ നാടകങ്ങളും നിരോധിക്കപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്രസമരത്തിൽ സ്ത്രീക ളുടെ പങ്കാളിത്തത്തെ കുറിച്ച് പ്രതിപാദിക്കുന്ന സ്വാമിനാഥ ശർമ്മയുടെ *'ബാണ പുരത്ത് വീരൻ'* എന്ന നാടകത്തെ നിരോധനനിയമത്താൽ ബ്രിട്ടീഷ്കാർ കരിംപട്ടി കയിൽപ്പെടുത്തി.

### 1.1.4 ഇന്ത്യൻ പീപ്പിൾസ് തീയേറ്റർ അസോസിയേഷനും (IPTA) ആവിഷ്കാര സ്വാതന്ത്ര്യവും.

ഇടതുപക്ഷ ആശയങ്ങളുടെ പ്രചരണത്തിന് പ്രവർത്തിക്കുന്ന സംസ്കാരിക സംഘടനയാണ് ഇപ്റ്റ. 1943 ൽ രൂപീകരിച്ച ഇപ്റ്റ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (CPI) യുടെ സംസ്കാരികസേന എന്ന നിലയ്ക്കാണ് പ്രവർത്തനങ്ങൾ ആരംഭിച്ച ത്. പുരോഗമന സാഹിത്യസംഘം, ട്രെയിഡ് യൂണിയൻ, കിസാൻ സഭ തുടങ്ങിയ സംഘടനകളുടെ പിൻതുണയോടെയാണ് ഇപ്റ്റ സ്ഥാപിതമായത്. ഫാസിസം, കോള നീവത്ക്കരണം, തൊഴിലാളികൾ നേരിടുന്ന ചൂഷണം, തുടങ്ങി വിഷയങ്ങൾ നാടകം, പാട്ട്, തുടങ്ങിയ കലാരൂപങ്ങളിലൂടെ സാധാരണക്കാരായ ജനങ്ങളുടെ ഇടയിൽ ഇപ്റ്റ അവതരിപ്പിച്ചു. പ്രേസേനിയം വേദികളിൽ അവതരിപ്പിച്ച് കൊണ്ടിരുന്ന നാടകത്തെ തുണികൊണ്ട്മറച്ച ചെറിയ വേദികളിൽ അവതരിപ്പിച്ച് കൊണ്ട് നാടകത്തെ ജനകീ യമാക്കാൻ ഇപ്റ്റയ്ക്ക് കഴിഞ്ഞു. ബംഗാളിലെ നാടോടി കലാരൂപമായ ജാത്ര, മഹാ രാഷ്ട്രയിലെ 'തമാശ' ആന്ധ്രാപ്രദേശിലെ 'ബുരക്കഥ' തുടങ്ങിയ കലാരൂപങ്ങളെ ഉപയോഗിച്ച് കൊണ്ട് സാമൂഹികരാഷ്ട്രീയ വിഷയങ്ങൾ ഇപ്റ്റ അവതരിപ്പിച്ചു. ശംഭു മിത്രൻ, അന്നഭാനു സാതേ, കെ.എ. അബ്ബാസ്, ബിജിന്ന ഭട്ടാചാര്യ, ഷീലാ ഭാട്ടിയ,

ഉമാചക്രവർത്തി തുടങ്ങിയ നിരവധി കലാകാരാണ് ഇപ്റ്റയെ നയിച്ചത്. രണ്ടാംമഹാ യുദ്ധകാലഘട്ടത്തിൽ ബംഗാളിലെ കാർഷികവിഭവങ്ങൾ പട്ടാളക്കാർക്ക് വേണ്ടികയറ്റി അയയ്ക്കുകയും ബംഗാൾ കടുത്ത പട്ടിണിയിലേയ്ക്ക് നയിച്ച ബ്രിട്ടീഷ്കാരുടെ നയ ത്തിനെതിരെ അതിശക്തമായി പ്രതികരിച്ച നാടകമായിരുന്നു ബിജിന്ന ഭട്ടാചാര്യ യുടെ 'നബന്ന' (New Harvest). ചിറ്റഗോംഗിൽ ജപ്പാൻ നടത്തിയ ബോംബാക്രമണ ത്തിന്റെ പശ്ചാത്തലത്തിൽ അലി സർദാർ ജെഫ്രി എഴുതിയ 'യാ കിസ് കാ ഘ്യൂൺ ഹൈ' (Whose Blood is this), മുംബെയിലെ മില്ലുകളിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെതിരെ ടി.കെ. സൽമാക്കർ എഴുതിയ 'ഡാഡ' (Brother) 'റോർ ചൈന' (Roar Comrades), 'ധാനി' (land) തുടങ്ങിയ നാടകങ്ങളിലൂടെ കോളോണിയൽ ഭരണത്തിനെ ഇപ്റ്റ അതിശക്തമായ രീതിയിൽ പ്രതികരിച്ചു. ഇപ്റ്റ അവതരിപ്പിച്ച നാൽപ്പതോളം നാടകങ്ങളെ ബ്രിട്ടീഷ് ഭരണ ക്കൂടം നിരോധിച്ചു.

### 1.1.5 ആവിഷ്കാര സ്വാതന്ത്ര്യവും : ഇന്ത്യൻ ഭരണഘടനയും

ഇന്ത്യൻഭരണഘടനയുടെ ആർട്ടിക്കിൾ 19 മുതൽ 22 വരെയുള്ള ഭാഗത്താണ് ആവിഷ്കാര സ്വാതന്ത്ര്യത്തെകുറിച്ച് പ്രതിപാദിക്കുന്നത്. ജനാധിപത്യവൽക്കരിക്ക പ്പെട്ട ആധുനികസമൂഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ് സംസാരിക്കാനും ആവിഷ്കരിക്കാനുമുള്ള സ്വാതന്ത്ര്യം. ജനാധിപത്യത്തിന്റെ ജീവശ്വാസമായിട്ടാണ് അഭിപ്രായ സ്വാതന്ത്ര്യത്തെ പരിഗണിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിലെ മൗലീക സ്വാതന്ത്ര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അഭിപ്രായസ്വാതന്ത്രം. ഭരണഘടന യിലെ ആർട്ടിക്കിൾ 19(1)(എ)യിലാണ് പൗരന്റെ അഭിപ്രായസ്വാതന്ത്രത്തെ കുറിച്ച് പരാമർശിക്കുന്നത്. ഒരു പൗരന്റെ കാഴ്ചപ്പാട്,അഭിപ്രായം, വിശ്വാസം എന്നിവ എഴു ത്ത്, അച്ചടി, സംസാരം, അല്ലെങ്കിൽ മറ്റെതെങ്കിലും മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്ന അവകാശമാണിത്. ഒരു ഇന്ത്യൻ പൗരന് ഭരണഘടനയുടെ ആർട്ടിക്കിൾ 19 (എ) പ്രകാരം ആറ് തരത്തിലുള്ള മൗലിക സ്വാതന്ത്രം നൽകുന്നു.

1. സംസാരിക്കുന്നതിനും ആശയങ്ങൾ പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്രം
2. സംഘടിക്കാനുള്ള സ്വാതന്ത്ര്യം
3. സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം
4. സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം
5. താമസിക്കാനുള്ള സ്വാതന്ത്ര്യം
6. വ്യാപാരം, തൊഴിൽ, എന്നിവ ചെയ്യാനുള്ള സ്വാതന്ത്ര്യം

സംസാരിക്കുന്നതിനും ആവിഷ്കാരം നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യത്തി നോടൊപ്പം നിശബ്ദമായിരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഭരണഘടന പൗരന് നൽകുന്നുണ്ട്. അഭിപ്രായസ്വാതന്ത്ര്യമെന്നാൽ ഒരു വ്യക്തിയ്ക്ക് തോന്നുന്നതെന്തും പ്രകടിപ്പിക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യമല്ല. അഭിപ്രായ സ്വാതന്ത്ര്യത്തെ കുറിച്ച് ഭരണഘടനയിൽ പ്രതിപാദിപ്പിക്കുമ്പോഴും അത് ചില സാമൂഹിക നിയന്ത്രണങ്ങൾക്ക് വിധേയമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുക, കോടതിയെ അവഹേളിക്കുക, മാന്യതയും, ധാർമ്മികതയും അല്ലാത്തത്, ഇന്ത്യയുടെ അഖണ്ഡതയെയും പരമാവ ധികാരത്തെയും അധിക്ഷേപിക്കുക, മറ്റ് രാജ്യങ്ങളുമായിട്ടുള്ള ബന്ധം, രാജ്യസുരക്ഷ, പൊതുനിയമങ്ങൾ എന്നിവയെ വെല്ല് വിളിക്കുന്ന അഭിപ്രായ പ്രകടനങ്ങൾ നടത്താൻ പാടില്ല എന്ന് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(2-6) ഭാഗത്ത് പ്രതിപാദി ക്കുന്നു. 1951 ലെ ഒന്നാം ഭരണഘടന ഭേദഗതിയിലാണ് ആർട്ടിക്കിൾ 19(എ) ലെ അഭിപ്രായസ്വാതന്ത്രത്തിന് നിയന്ത്രണങ്ങൾ നൽകിയത്. മറ്റൊരാളുടെ അവകാശത്തെ വ്യക്തിത്വത്തെ ഹനിക്കാൻ ഒരാൾക്ക് അവകാശമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)യിൽ പൗരന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ആർട്ടി ക്കിൾ 19(2) പ്രതിപാദിക്കുന്ന രാഷ്ട്രത്തിന്റെ അവകാശങ്ങളെ കുറിച്ചാണ്. അഭിപ്രായ സ്വാതന്ത്ര്യം ഉപയോഗിച്ച് മറ്റൊരാളുടെ വിശ്വാസത്തെയോ, സ്വാതന്ത്ര്യത്തെയോ ഹനി ക്കുകയാണെങ്കിൽ ഇന്ത്യൻ പീനൽ കോഡ് (IPC) സെക്ഷൻ 153 (എ), 292,294 വരെ യുള്ള വകുപ്പുകളാണ് ചുമത്തുന്നത്. "ഭരണഘടന അനുവദിച്ച് തരുന്ന സംസാരി ക്കുവാനും ആവിഷ്കരിക്കാനുമുള്ള സ്വാതന്ത്ര്യം കൊണ്ട് അർത്ഥമാക്കുന്നത് പൂർണ്ണ മായ സ്വാതന്ത്രമല്ല സാമൂഹിക ധാർമ്മികതയും മാന്യതയുമാണ് ഈ സ്വാതന്ത്ര്യത്തെ ന്യായമായി നിയന്ത്രിക്കുന്നത്."[9] (Basu, Durga Das . 2015 : 111). പരിപൂർണ്ണമായ സ്വാതന്ത്ര്യം ആധുനിക രാഷ്ട്രങ്ങൾ വാഗ്ദാനം ചെയ്യുന്നില്ല. വ്യക്തി സ്വാതന്ത്ര്യവും സാമൂഹികനിയന്ത്രണവും തമ്മിലുള്ള സന്തുലിനാവസ്ഥയിലാണ് ആവിഷ്കാര സ്വാത ന്ത്ര്യമെന്ന ആശയം നിലനിൽക്കുന്നത്. "സാമൂഹികമായ നിയന്ത്രണങ്ങൾ ഇല്ലാത്ത പരിപൂർണ്ണമായ സ്വാതന്ത്ര്യം പൗരൻമാർക്ക് നൽകുകയാണെങ്കിൽ അതിന്റെ പരി ണിതഫലം വലിയ അപകടങ്ങൾ സൃഷ്ടിക്കും."[10] (Panday. 2014 : 180- 81)

സ്വാതന്ത്ര്യനന്തര ഭാരതത്തിലും നാടകനിരോധന നിയമത്തെ ചില ഭേദഗതി കളോടെ ഓരോ സംസ്ഥാനങ്ങളും പ്രയോഗിച്ചു. ഇന്ത്യക്കാരുടെ സർഗ്ഗാത്മക പ്രതി രോധങ്ങളെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ സൃഷ്ടിച്ച 'ഡ്രാമാറ്റിക്ക് പെർഫോമൻസ്

ആക്റ്റ്, വീണ്ടും  ഇന്ത്യക്കാർക്കെതിരെ തന്നെ പ്രയോഗിക്കപ്പെട്ടു. ബംഗ്ലാദേശ് അടക്കമുള്ള മതനിയമം പിൻതുടരുന്ന  രാജ്യങ്ങളും നാടക നിരോധന നിയമത്തെ റദ്ദു ചെയ്തു.  മതസംഘടനകളുടെ എതിർപ്പ്, രാഷ്ട്രീയ വിരോധം തുടങ്ങിയ കാരണങ്ങൾ കൊണ്ട് പല നാടകങ്ങളുടെ അവതരണം തടസ്സപ്പെടുത്തുകയും ചില നാടകങ്ങളെ സർക്കാരുകൾ നിരോധിക്കുകയോ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സ്വതന്ത്ര്യനന്തര ഇന്ത്യയിൽ നിരോധിക്കപ്പെടുകയോ, അവതരണം തടസ്സപ്പെടുത്തുകയോ ചെയ്ത ചില നാടകങ്ങളെ കുറിച്ച് താഴെ സൂചിപ്പിക്കുന്നു. ബംഗ്ലാളിലെ നക്സൽ ബാരിയിൽ നടന്ന പോലീസ് അതിക്രമങ്ങളെയും നക്സൽ പ്രസ്ഥാനത്തിന്റെ വളർച്ചയെയും പരാമർശിച്ച ഉത്പൽദത്തിന്റെ *ധീർ (Arrow)* എന്ന നാടകത്തിന്റെ അവതരണത്തെ നിരോധിക്കുകയും, ബംഗാളി നാടക പ്രവർത്തകനായ ഉത്പൽദത്തിനെ വിചാരണ കൂടാതെ ആറ് മാസം ജയിലിൽ അടക്കുകയും ചെയ്തു.  നാടകത്തിലൂടെ ബ്രാഹ്മണ സമുദായത്തെ അധിക്ഷേപിച്ചു എന്ന കാരണം ചൂണ്ടിക്കാട്ടി പ്രശസ്ത  മറാഠ നാടകകൃത്ത് വിജയ് ടെൻണ്ടുൽക്കറുടെ *'ഗാഷിറാം കോട് വാൾ'* എന്ന നാടകത്തിന്റെ അവതരണത്തെ ശിവസേന പ്രവർത്തകർ എതിർക്കുകയും, സർക്കാർ നാടകത്തെ നിരോധിക്കുകയും ചെയ്തു. 1972 വിജയ് ടെൻണ്ടുൽക്കറുടെ *'സുഖറാം ബൈന്ദർ'* എന്ന നാടകവും ബ്രാഹ്മണരെ അപമാനിച്ചു., അശ്ലീലം പ്രചരിപ്പിച്ചു തുടങ്ങിയ പ്രശ്നങ്ങൾ ഉയർത്തി കാട്ടി പൂനയിൽ നടന്ന നാടക അവതരണത്തെ ഹിന്ദുമഹാസഭ, യൂത്ത് കോൺഗ്രസ്സ്, ജനസംഘം തുടങ്ങിയ സംഘടനകൾ തടസ്സപ്പെടുത്തി. പിന്നീട് ഹൈക്കോടതിയുടെ ഇടപെടലിനെ തുടർന്ന് നാടകത്തിന് പ്രദർശനാനുമതി ലഭിച്ചത്. അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽ ബാംഗളൂർ ആസ്ഥാനമാക്കി പ്രവർത്തിച്ച നാടകപ്രവർത്തക സ്നേഹലത റെഡ്ഡിയെയും ഭർത്താവ് പട്ടാഭിയെയും പോലീസ് അറസ്റ്റ്ചെയ്ത് ജയിലിൽഅടച്ചു. ആസ്മരോഗിയായ സ്നേഹലത റെഡ്ഡിയ്ക്ക് ജയിലിൽ വച്ച് ചികിൽസ നിഷേധിക്കുകയും, ജയിൽ മോചിതയായ ഉടൻ അവർ മരണപ്പെടുകയും ചെയ്തു.

1974- ൽ ഉത്പൽ ദത്തിന്റെ 'ബാരിക്കേഡ് എന്ന നാടകത്തിനെതിരെ നടന്ന അക്രമണത്തെ അദ്ദേഹം ഓർക്കുന്നത് അത്തരത്തിലാണ്' "ബാരിക്കേഡ് എന്ന നാടകത്തിനെതിരെ അഞ്ച് തവണയാണ് ആക്രമണം ഉണ്ടായത്. ദേശ്വിനീർ നഗരി (Nightmare City) എന്ന നാടകം സ്റ്റാർ തിയേറ്ററിൽ നടക്കുമ്പോൾ ഞങ്ങൾക്കെതിരെ അതിക്രമം ഉണ്ടായി, നടീനടൻമാരെ തല്ലിചതച്ചു" (Utpul Dutt. 1997. India today).

1989 ജനുവരി 1 ാം തീയതി ഡൽഹിയിൽ 'ഹല്ലാ ബോൽ' എന്ന തെരുവ് നാടകം അവതരിപ്പിച്ചുകൊണ്ടിരിക്കേ രാഷ്ട്രീയ ഗുണ്ടകളുടെ ആക്രമണത്തിൽ സഫ്ദർ ഹാഷ്മിയെന്ന നാടക പ്രവർത്തകൻ കൊല്ലപ്പെട്ടു.

**1.5.1 ആവിഷ്കാരസ്വാതന്ത്ര്യം : സ്വാതന്ത്ര്യ പൂർവ്വ കേരളത്തിൽ**

"ധർമ്മരാജ്യത്തിലെ കെടാവിളക്കിന്റെ മുമ്പിൽ വച്ചു, പൗരസ്വാതന്ത്ര്യത്തെ അടിച്ചുടച്ചു നിലംപതിപ്പിക്കുന്നു, സ്ത്രീത്വത്തെ അവഹേളിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ കണ്ഠം ഞെക്കിഞെരിക്കുന്നു ആത്മാഭിമാനത്തെ വലിച്ച് കീറുന്നു യുവത്വത്തെ വേട്ടയാടുന്നു, മനുഷ്യനെ ചുട്ടെരിക്കുന്നു" (രജികുമാർ. 2015 : 270) കേരള രൂപീകരണത്തിന് മുമ്പ്, തിരുവിതാംകൂർ ഗവൺമെന്റിന്റെ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യരുടെ ഏകാധിപത്യ ഭരണത്തിനെതിരെ മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ വൈക്കം ബഷീർ എഴുതിയ 'ധർമ്മരാജ്യം' എന്ന ലഘുലേഖയുടെ വരികളാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. 1910 ൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അനുകൂലിച്ച് ദേശാഭിമാനി പത്രത്തിൽ വാർത്ത എഴുതിയതിന്റെ പേരിൽ തിരുവി താംകൂർ സർക്കാർ രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും പത്രം അച്ചടിച്ച പ്രസ്സ് കണ്ടുകെട്ടുകയും ചെയ്തു. 1928 നവംബർ 7-ാം തീയതി മലയാളത്തിലെ ആദ്യ ചല ചിത്രമായ 'വിഗദകുമാര'നിൽ നായികയായി  അഭിനയിച്ച പി.കെ. റോസി എന്ന ദലിത് സ്ത്രീയെ സവർണ്ണപ്രമാണിമാർ ആക്രമിച്ച് അവരുടെ വീട് അഗ്നിക്ക് ഇരയാക്കുകയും അവർ നാഗർകോവിലിലേയ്ക്ക് രക്ഷപ്പെട്ട് പോകുകയും ചെയ്തു.  'വിഗദകുമാരൻ' പ്രദർശിപ്പിച്ച തിരുവനന്തപുരം സ്റ്റാച്ച്യൂവിലെ ക്യാപിറ്റൽ ട്രെന്റ് തിയേറ്ററിലേയ്ക്ക് കല്ലേറു നടത്തിയതും ആവിഷ്കാരസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തിയ പ്രധാന സംഭവമാണ്. 1930 ൽ കേസരി ബാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ പുറത്തിറങ്ങിയ 'പ്രബോധകൻ' എന്ന മാസികയുടെ ലൈസൻസ് സർക്കാർ റദ്ദ് ചെയ്തു. 1938 ൽ സ്വാതന്ത്ര്യസമരത്തിന് പിൻതുണ പ്രഖ്യാപിച്ചതിന് മലയാള മനോരമ പത്രത്തെ സർക്കാർ അടച്ച്പൂട്ടി. ചീഫ് എഡിറ്റർ മാമൻമാപ്പിള ഉൾപ്പെടെയുള്ളവർ ജയിലിലായി.

തിരുവിതാംകൂറിനെ ഒരു സ്വാതന്ത്രരാജ്യമായി നിലനിർത്തി  ജനങ്ങളെ  അടക്കിഭരിക്കാൻ ശ്രമിച്ച സി.പി രാമസ്വാമി അയ്യരുടെ കിരാതഭരണത്തിനെതിരെ കലാസാംസ്കാരിപ്രവർത്തകർ അതിരൂക്ഷമായ ഭാഷയിലാണ് പ്രതികരിച്ചത്.  വൈക്കം മുഹമ്മദ് ബഷീർ ദിവാന്റെ ദുർഭരണത്തെ എതിർത്ത് കൊണ്ട് 'ധർമ്മരാജ്യം',

'ഹതഭാഗ്യയായ എന്റെ നാട്' തുടങ്ങിയ ലേഖനങ്ങൾ എഴുതി. 1939 ആഗസ്റ്റ് 24 ന് ബഷീർ എഴുതിയ 'ധർമ്മരാജ്യം' എന്ന ലഘു ലേഖ തിരുവിതാംകൂർ സർക്കാർ നിരോധിക്കുകയും, ബഷീറിനെ രാജ്യദ്രോഹ കുറ്റം ചുമത്തി അറസ്റ്റ്ചെയ്തു. രണ്ട് വർഷത്തെ കഠിനതടവും ആയിരം രൂപ പിഴയും ചുമത്തി ബഷീറിനെ തിരുവനന്തപുരം സെൻട്രൽ ജയിലിൽ അടച്ചു. ജയിലിൽ തടവുക്കാരനായി കിടക്കുമ്പോൾ ബഷീർ എഴുതിയ 'പ്രേമലേഖനം' എന്ന നോവലും തിരുവിതാംകൂർ സർക്കാർ നിരോധിച്ചു. നിരോധനവും അറസ്റ്റും കോടതിയെയും അവഗണിച്ച് കൊണ്ട് ഭരണക്കൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്ക് എതിരെ കേരളത്തിൽ അതിശക്തമായ കലാപ്രവർത്തനങ്ങൾ രൂപപ്പെട്ടു. തിരുവിതാംകൂർ നാടകനിരോധനനിയമം, പത്രങ്ങൾ നിരോധിക്കാനുള്ള നിയമം തുടങ്ങിയ കാടൻ നിയമങ്ങളിലൂടെ പ്രതിഷേധങ്ങളെ അടിച്ചമർത്താൻ അധികാരികൾ ശ്രമിച്ചു.

1939 ജനുവരി പതിനാറാം തീയതി തിരുവിതാംകൂറിന്റെ ദുർഭരണത്തിനെതിരെ എം.ജി. ജോൺ പ്രസാദകനായി പുറത്തിറക്കിയ 'തിരുവിതാംകൂർ സ്റ്റേറ്റ് ഗീതങ്ങൾ' എന്ന ചെറുകവിതകളെ സർക്കാർ നിരോധിച്ചു. 'തിരുവിതാംകൂർ സ്വാതന്ത്ര സമരം'എന്ന ഓട്ടൻതുള്ളൽ അവതരിപ്പിച്ചതിന് കെ.സി. ജോർജ്ജിനെ പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. 1939 ഏപ്രിൽ 16 ന് എ.കെ. നാരായണപ്പിള്ള പ്രസാദകനായി ഇറക്കിയ 'സമര കാഹളം' എന്ന പ്രതിരോധകവിതകളെയും നിരോധിക്കപ്പെട്ടു. കേസരി മാസികയിൽ സഞ്ജയൻ എഴുതിയ 'സർ, സി.പി.യുടെ നെട്ട,' സർ, പോകണം, സാറിനെ ഞങ്ങൾക്ക് വേണ്ട' തുടങ്ങിയ ലേഖനങ്ങളെയും നിരോധിച്ചു. 'സന്നദ്ധരാകൂവിൻ' എന്ന ആഴ്ച്ചപ്പതിപ്പിൽ സജ്ഞയൻ എഴുതിയ 'സർ', സി. പി.യെ വിട്ടയ്ക്കരുത്, സച്ചിവോത്തമന്റെ പിച്ചും പിരാന്തും' എന്ന ലേഖനങ്ങളും നിരോധിച്ചു. 1946– ൽ ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ച 'ജയിലിലും കഷ്ടം തിരുവിതാംകൂർ', 'തിരുവിതാംകൂർ ഭരണഘടന തിരുവിതാംകൂർ മോഡലാക്കാൻ സ്റ്റേറ്റ് കോൺഗ്രസ്സ് നേതൃത്വം കൊടുക്കണം', തുടങ്ങിയ ലേഖനങ്ങളും ആര്യ കേരളത്തിൽ പ്രസിദ്ധീകരിച്ച 'രാഷ്ട്രപതി' ജയ്ഹിന്ദ് വാരികയിൽ എൻ ശ്രീകണ്ഠൻ നായർ എഴുതിയ 'കൊടുങ്കാറ്റിന് ശേഷം' തുടങ്ങിയ ലേഖനങ്ങളെ സർക്കാർ നിരോധിക്കുകയും അവ അച്ചടിച്ച പ്രസ്സുകളെ സർക്കാർ കണ്ട് കെട്ടുകയും ചെയ്തു. തിരുവിതാംകൂർ ഗവൺമെന്റ് നടത്തിയ പട്ടാള റിക്രൂട്ട്മെന്റുകളിലെ അഴിമതിയെ പരിഹസിച്ച് കൊണ്ട് ലേഖനം അച്ചടിച്ചതിന് കൗമുദി പത്രത്തെയും നിരോധിച്ചു. തകഴി ശിവശങ്കരപ്പിള്ള

യുടെ 'തോറ്റില്ല' എന്ന നാടകത്തെയും 'തോട്ടിയുടെ മകൻ' എന്ന നോവലിനെയും നിരോധിച്ചു. ആലപ്പുഴ കോസ്റ്റൽ തിയേറ്ററിന് വേണ്ടി ശാരംഗപാണി എഴുതിയ 'അവൻ ഞങ്ങളുടെ മകൻ' എന്ന നാടകത്തെ കമ്മ്യൂണിസം പ്രചരിപ്പിക്കുന്നു എന്ന കാരണം ചൂണ്ടിക്കാട്ടി നിരോധിച്ചു.

**1.5.2 ആവിഷ്കാര സ്വാതന്ത്ര്യം : സ്വാതന്ത്ര്യാനന്തര കേരളത്തിൽ**

"സർവ്വാധിപതികളുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ഒഴിച്ചു നിർത്തിയാൽ ആവിഷ്കാര സ്വാതന്ത്ര്യം ഏറ്റവും കൂടുതൽ ആക്രമിക്കപ്പെടുന്നത് മതവിശ്വാസികളുടെയും അവരെപോലെ തന്നെ പെരുമാറുന്ന ഐഡിയോളജിസ്റ്റുകളുടെയും പക്ഷത്ത് നിന്നാണ്." (ആനന്ദ്. 2003 :79)

കോളോണിയൽ ഭരണത്തിൽ നിന്നുള്ള മോചനത്തിന് ശേഷം ഐക്യകേരളം രൂപീകരിക്കുന്നതിന് മുമ്പാണ് തിരു കൊച്ചി സംസ്ഥാനം നിലവിൽ വരുന്നത്. (1949 ജൂലൈ) തിരു കൊച്ചിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് ആശയവുമായ ബന്ധപ്പെട്ട ലേഖനങ്ങളും, നാടകങ്ങളും സർക്കാർ നിരോധിച്ചു ശൂരനാട് കൊലപാതകക്കേസിൽ പ്രതിചേർക്കപ്പെട്ട് ഒളവിൽ കഴിഞ്ഞിരുന്ന തോപ്പിൽ ഭാസി 'സോമൻ' എന്ന തൂലികനാമത്തിൽ പേരിൽ എഴുതിയ *'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'* എന്ന നാടകം സാധാരണക്കാരുടെ ഇടയിൽ വളരെ പെട്ടെന്നാണ് പ്രചാരണം ലഭിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്കാരികസംഘടനയായ കെ.പി.എ.സി. (Kerala Peoples art Club) ആണ് *നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി* അവതരിപ്പിച്ചത്. 1953– ൽ തിരുവനന്തപുരം കോവളത്ത് നാടകം അവതരിപ്പിച്ചുകൊണ്ട് നിൽക്കുമ്പോൾ നടീനടൻമാരെ പോലീസ് അറസ്റ്റ് ചെയ്യുകയും നാടകത്തെ നിരോധിക്കുകയും ചെയ്തു. ഡ്രാമാറ്റിക് പെർഫോർമൻസ് ആക്റ്റ് ഭരണഘടന വിരുദ്ധമാണ് എന്ന് വാദിച്ചു കൊണ്ട് നാടകസംഘം കേരള ഹൈക്കോടതിയെ സമീപിക്കുകയും രണ്ട് മാസത്തെ നാടകനിരോധനത്തെ കോടതി റദ്ദ് ചെയ്യുകയും ചെയ്തു. ഭരണക്കൂടവും മതസംഘടനകളും നാടകംപോലുള്ള കലാരൂപങ്ങളുടെ അവതരണത്തെ തടസ്സപ്പെടുത്തുവാൻ ശ്രമിച്ചത് തോപ്പിൽഭാസി ഇത്തരത്തിലാണ് സൂചിപ്പിച്ചിരുന്നത് "പള്ളി കമ്മ്യൂണിസ്റ്റുകൾക്ക് വോട്ടു നൽകരുതെന്നും വിലക്കു പ്രഖ്യാപിച്ചതിന് പുറമേ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി നാടകം കാണരുതെന്ന് വിലക്കിയിരുന്നു."(തോപ്പിൽ ഭാസി. 2008:46).

നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി നിരോധിച്ചപ്പോൾ നാടകത്തിന്റെ പേര് മാറ്റി മറ്റൊരു പേരിൽ മുംബൈയിൽ അവതരിപ്പിച്ചു. അക്രമങ്ങളെയും നിരോധനങ്ങളെയും അതിജീവിച്ച *'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'* എന്ന ജനകീയ നാടകം കേരളത്തിന്റെ രാഷ്ട്രിയ ചരിത്രനിർമ്മിതിയ്ക്ക് മുഖ്യമായ പങ്കാണ് വഹിച്ചത്. "ലോകത്തിൽ ആദ്യ മായി തെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റുപാർട്ടിയെ അധികാരത്തിൽ എത്തിക്കാൻ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' പ്രധാന പങ്കാണ് വഹിച്ചത്. അക്കാലത്തൊക്കെ ജൻമിമാരുടെ ഗുണ്ടകൾ ഞങ്ങളെ കല്ലെറിയുകയും വണ്ടി തടയുകയും കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും പതിവാണ്. ഗുണ്ടകൾ, കൊട്ടകയിൽ കയറി കൂവാൻ തുടങ്ങും" (മാധവൻ, ഒ. 1998, നവംബർ ഭാഷാപോഷിണി). കേരളത്തിലെ കർഷകതൊഴിലാളി കളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിച്ച കെ. ദാമോദരന്റെ *'പാട്ടബാക്കി'* എന്ന നാട കത്തിന്റെ രണ്ടാം പതിപ്പ് ഇറക്കാൻ ശ്രമിച്ചതിനെ കൊച്ചി സർക്കാർ തടഞ്ഞത് (1950) കെ. ദാമോദരന്റെ സമ്പൂർണ്ണകൃതിയിൽ ഈ സംഭവത്തെ ഇത്തരത്തിലാണ് വിവരിക്കുന്നത്. "കൊച്ചി ഗവൺമെന്റ് പോലീസ് ഇരിങ്ങാലക്കുടയിലെ വിജയപ്രസ്സ് കയ്യേറി. പാട്ടബാക്കിയുടെ അടിച്ച് വച്ചിരിക്കുന്ന മുഴുവൻ കോപ്പിയും എടുത്തുകൊണ്ട് പോയി. ഗവൺമെന്റ് എന്റെ നാടകത്തെ നിരോധിച്ചു. വിപ്ലവസാഹിത്യങ്ങൾ അച്ചടി ച്ചെന്ന കുറ്റം ചുമത്തി വിജയപ്രസ്സ് കണ്ടുകെട്ടി. പാട്ടബാക്കി നിരോധിച്ച കൊച്ചി ഗവൺമെന്റ് ഇന്നു നിലനിൽക്കുന്നില്ല. പാട്ടബാക്കി മാത്രം ഒരു ചരിത്രസംഭവമെന്ന നിലയ്ക്ക് കുറച്ച് കാലം കൂടി ജീവിച്ചിരിക്കട്ടെ" (ദാമോദരൻ, കെ. 2011: 320) കേരള ത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ അട്ടിമറിച്ച വിമോചന സമരത്തെ രൂക്ഷമായ ഭാഷ യിൽ വിമർശിച്ച്കൊണ്ട് പി.ജെ. ആന്റണി എഴുതിയ *'ഇൻക്വിലാബിന്റെ മക്കൾ'* എന്ന നാടകത്തെയും നിരോധിച്ചു (1958). കേരളത്തിൽ അവതരിപ്പിക്കപ്പെട്ട പല നാടക ങ്ങളും രാഷ്ട്രീയ പാർട്ടികളും യഥാസ്ഥിതിക മതസംഘടനകളും തടസ്സപ്പെടുത്തിയി ട്ടുണ്ട്. കെ.ഇ. അയ്മൂവിന്റെ *'ഇജ്ജ് നല്ല മനുഷ്യനാകാൻ നോക്ക്'*' എന്ന നാടകത്തിൽ അഭിനയിച്ചതിന് നിലമ്പൂർ അയിഷയ്ക്ക് നേരെ മതതീവ്രവാദികൾ അതിശക്തമായി അക്രമങ്ങൾ നടത്തി. "യാഥാസ്ഥിക സമൂഹം അയിഷയെ ഭ്രഷ്ട് കൽപ്പിച്ചു. മഞ്ചേരി ക്കടുത്ത് മേലാകത്ത് അയിഷയ്ക്ക് നേരെ തീവ്രവാദികൾ സ്റ്റേജിലേയ്ക്ക് എയർഗൺ കൊണ്ട് വെടിയുതിർത്തെങ്കിലും തലനാരിഴയ്ക്ക് രക്ഷപ്പെട്ടു. പലയിടത്തും നാടക ത്തിന് നേരെ കല്ലേറുണ്ടായി, ധർമ്മടത്തും നാദാപുരത്തും നാടകവണ്ടിയെ തടഞ്ഞു. നാടകനോട്ടീസുകൾ വലിച്ച് കീറി. ഒരിടത്ത് നാടകം നടക്കുമ്പോൾ കല്ലേറ് കൊണ്ട്

അയിഷയുടെ ചുണ്ട് പൊട്ടി ചോരയൊഴുകി. ചോരയിറ്റുന്ന ചുണ്ടുമായി അവർ നാടകം പൂർത്തീകരിച്ചു. (ശ്രീകുമാർ, കെ. 2009 : 165). കെ.ടി മുഹമ്മദിന്റെ പ്രശസ്തമായ നാടകമായ *'ഇത് ഭൂമിയാണ്'* എന്ന നാടകത്തിനെതിരെയും പ്രതിക്ഷേധങ്ങളും ഭീഷ ണിയും ഉണ്ടായി. *"ഇത് ഭൂമിയാണ്* എന്ന നാടകത്തിമെതിരെ മുസ്ളീങ്ങൾക്കിടയിൽ വലിയ എതിർപ്പുണ്ടായി. ലീഗുകാർ എന്നെ കൊന്ന് കളയുമെന്ന് ഭീഷണിപ്പെടുത്തി" (മുരളീധരൻനായർ,പി; 1991 :99) വിമോചന സമരത്തെ പരിഹസിച്ച് കൊണ്ട് എസ്. എൽ. പുരം സദാനന്ദൻ എഴുതിയ *'പുണ്യവാളന്റെ വീട്ടിലെ പാപികൾ"* എന്ന നാടകം വലിയ വിവാദങ്ങൾക്ക് തിരികൊളുത്തി. എസ്.എൽ.പുരം സദാനന്ദന്റെ വീട് പോലീസ് വളയുകയും നാടകത്തിന്റെ കൈയെഴുത്ത് പ്രതി എടുത്തുകൊണ്ട് പോകുകയും ചെയ്തു. നാടകത്തിലെ വിവാദ പരാമർശങ്ങൾ ഒഴിവാക്കി കൊണ്ട് അതേ നാടകം *'യാഗശാല'* എന്ന പേരിൽ പിന്നീട് അവതരിപ്പിച്ചു. നക്സൽ പ്രസ്ഥാനത്തോട് അനു ഭവം പ്രകടിപ്പിച്ച്കൊണ്ട് എസ്. എൽ. പുരം സദാനന്ദൻ എഴുതിയ *'ചിറക് തേടുന്ന പക്ഷികൾ'* എന്ന നാടകം അവതരിപ്പിക്കാൻ ശ്രമിച്ചപ്പോൾ പോലീസ് അറസ്റ്റ് ചെയ്യു കയും പിന്നീട് വിട്ടയ്ക്കുകയും ചെയ്തു. ഇത്തരത്തിൽ നിരോധിക്കപ്പെട്ട കെ.ജെ. ബേബിയുടെ '*നാടുഗദ്ദിക'* (1981) പി.എം. ആന്റണിയുടെ *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'* (1986), ജോസ് ചിറമ്മലിന്റെ '*കുരിശിന്റെ വഴി'* (1986) എന്നീ നാടകങ്ങ ളാണ് ഗവേഷണ വിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്.

### 1.1.6 കേരള ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് 1961 (Kerala Dramatic Performance Act -1961)

"കാള എന്നുള്ളത് വരിയുടച്ച ഒരു കാളയായിരിക്കണമെന്നത് വണ്ടിയോടി ക്കുന്നവന്റെയും ഉഴുത് മറിക്കുന്നവന്റെയും ആവശ്യമാണ്" (വിജയൻ, എം.എൻ. 2010 : 199)

സ്വാതന്ത്ര്യനന്തരം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കോളോണിയൽ കാലഘട്ടത്തിലെ 'ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ്' ചില ഭേദഗതിയോട് കൂടി വീണ്ടും അവതരിപ്പിക്കപ്പെട്ടു. ബ്രിട്ടീഷ്കാലത്ത് നിർമ്മിച്ച നാടകനിരോധനനിയമ ത്തോട് ചിലത് കൂട്ടിചേർത്താണ് കേരള ഡ്രാമറ്റിക് പെർമോൻസ് ആക്റ്റ് (1961) രൂപ പ്പെടുത്തിയത്. കോളോണിയൻ കാലഘട്ടത്തിലെ നിയമത്തോടൊപ്പം കൂട്ടിച്ചേർക്ക പ്പെട്ട വകുപ്പുകൾ താഴെ സൂചിപ്പിക്കുന്നു.

1. ഇന്ത്യൻ സായുധസേനയിലോ, പോലീസ് സേനയിലോ ഉള്ളവരെ ഏതെങ്കിലും തരത്തിൽ പ്രലോഭിപ്പിക്കുന്നത്, ഇത്തരം സേന നിയമങ്ങളെക്കുറിച്ച് തെറ്റായ രീതിയിൽ പ്രതിപാദിക്കുന്നത്.

2. മതവിശ്വാസത്തെ വൃണപ്പെടുത്തുന്നതോ, ആക്രമിക്കുന്നതോ, ദൈവത്തെ നിന്ദിക്കുകയോ, അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്ന തരത്തിലുള്ളവ.

ബ്രിട്ടീഷ് നാടകനിരോധനനിയമത്തിൽ നിന്ന് വ്യത്യസ്തമായി മതവിശ്വാസത്തെ ഹനിക്കുക, ഇന്ത്യൻ സായുധ സേനയെ അപമാനിക്കുക എന്നീ വകുപ്പുകൾ പുതിയ നാടകനിരോധന നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഗവൺമെന്റ് നടപടികളെ വിമർശിക്കുന്ന നാടകങ്ങളെ നിരോധിക്കാൻ പാടില്ല എന്ന് കേരള നാടകനിരോധന നിയമം വിശദീകരിക്കുന്നുണ്ട്. സമൂഹത്തിലെ ക്രമസമാധാനം തകർക്കുന്ന വിഷയങ്ങൾ അവതരിപ്പിച്ച് കൊണ്ടിരിക്കുന്ന നാടകങ്ങളോ, അവതരിപ്പിക്കാൻ പോകുന്ന നാടകങ്ങളേയോ, മൂകാഭിനയങ്ങളെയോ നിരോധിക്കാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ട് എന്ന് ഈ നിയമം പ്രതിപാദിക്കുന്നുണ്ട്. രണ്ട് മാസത്തെ കാലയളവിലാണ് നാടകം നിരോധിക്കുന്നത്. ഈ നിരോധനത്തെ മറികടന്ന് നാടകം അവതരിപ്പിക്കുകയാണെങ്കിൽ മൂന്ന് മാസത്തെ തടവോ, ആയിരം രൂപ പിഴയോ, രണ്ടും ഒരുമിച്ചോ ശിക്ഷയായി അനുഭവിക്കേണ്ടി വരും.

### ഭാഗം രണ്ട്

# അധികാരം

“ഒരു വ്യക്തിയെയോ, മറ്റെന്തെങ്കിലും വസ്തുവിനെയോ നിയന്ത്രിക്കാനുള്ള കഴിവാണ് അധികാരം” എന്നാണ് ഓക്ഫോർഡ് ഡിഷ്നറിയിൽ അധികാരത്തെ കുറിച്ച് പരാമർശിക്കുന്നത്. അധികാരത്തെയും അധികാരപ്രയോഗങ്ങളെയും കുറിച്ച് ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് വിശദമായ പഠനങ്ങൾ രൂപപ്പെടുന്നത്. ഒരാൾക്കോ, ഒരു സ്ഥാപനത്തിനോ, ഒരു പ്രത്യായശാസ്ത്രത്തിനോ മറ്റൊരു വ്യക്തിയോ ഒരു കൂട്ടം ജനങ്ങളെയോ നിയന്ത്രിക്കാനും അനുസരിപ്പിക്കാനുമുള്ള കഴിവാണ് അധികാരം എന്നായിരുന്നു ആദ്യകാലങ്ങളിൽ അധികാരത്തെ കുറിച്ചുള്ള പഠനങ്ങൾ വിലയിരുത്തിയത്. മാർക്സിസ്റ്റ് പ്രത്യായശാസ്ത്രം അധികാരത്തെ കുറിച്ച് പ്രതിപാദിക്കുന്നത്, വർഗ്ഗങ്ങൾ തമ്മിലുള്ള വൈരുദ്ധത്തിന്റെ അടിസ്ഥാനത്തിലാണ് അധികാരം രൂപപ്പെടുന്നത് എന്നാണ്. ജന്മി കുടിയാനിലേയ്ക്കും, ഉടമ അടിമയിലേയ്ക്കും മുതലാളി തൊഴിലാളിയിലേയ്ക്കും അധികാരം പ്രയോഗിക്കുന്നു എന്നാണ് മാർക്സിസ്റ്റ് വീക്ഷണം. ഉൽപ്പാദനവും ഉൽപ്പാദന ഉപകരണങ്ങളും അടങ്ങുന്ന മൂലധനം കൈവശം വയ്ക്കുന്ന ബൂർഷ്യാ ഭരണക്കൂടമാണ് അധികാരം സ്ഥാപിക്കുന്നത്. ഇത്തരത്തിൽ രൂപപ്പെടുന്ന അധികാരം ഭരണക്കൂടത്തിലൂടെ താഴെയ്ക്ക് പ്രസരിക്കുന്നു. ‘ഉൽപാദനോപാദികൾ ഒരു കൂട്ടർ കൈയടക്കിവയ്ക്കാൻ ആരംഭിച്ചതോടെ മറ്റ് കൂട്ടരുടെ മേൽ ചൂഷണം തുടങ്ങി. ചൂഷിതർ എതിർക്കുമ്പോൾ വരെ മർദ്ദിച്ചൊതുക്കാൻ ചൂഷികർക്ക് അധികാരം വേണം. അതിന് വേണ്ടി ചൂഷകവർഗ്ഗം കെട്ടിപൊക്കിയതാണ് ഭരണക്കൂടം. ഭരണകൂടം ഒരു മർദ്ദനോപാദിയാണ്. ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തിനുമേൽ ആധിപത്യം ചെലുത്താൻ പ്രയോഗിക്കുന്ന മർദ്ദനോപകരണമാണകൂടം”(ഗംഗാധരൻ. 2017: 59) അധികാരം, അധികാരത്തിന്റെ രൂപങ്ങൾ, അധികാരപ്രയോഗം എന്നിവയെ കുറിച്ച് വളരെ സൂക്ഷ്മമായി പഠനം നടത്തിയ ലൂയി അൽത്തൂസർ, അന്റോണിയോ  ഗ്രാംഷി ബർനാൻഡ് റസ്സൽ, മിഷേൽ ഫൂക്കോ തുടങ്ങിയവരുടെ സിദ്ധാന്തങ്ങളാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

### 1.2.1 അധികാരം : അന്റോണിയോ ഗ്രാംഷി (1861–1937)

മാർക്സിസ്, ലെനിനിസ്റ്റ് സിദ്ധാന്തങ്ങളുടെ തുടർച്ച എന്ന നിലയ്ക്കാണ് ഇറ്റാലിയൻ സൈദ്ധാന്തികനായ അന്റോണിയോ ഗ്രാംഷിയുടെ ആശയങ്ങൾ പ്രശസ്തമായത്. ഇറ്റാലിയൻ ഫാസിസ്റ്റ് നേതാവായിരുന്ന മുസ്സോളനിയുടെ ഏകാധിപത്യത്തിനെതിരെ ശക്തമായ വിമർശനങ്ങൾ ഉയർത്തിയ ഗ്രാംഷിയെ ഭരണക്കൂടം കാരാഗ്രഹത്തിൽ അടച്ചു. ജയിലിൽ കിടന്ന് കൊണ്ട് വളരെ രഹസ്യമായി എഴുതിയ *ജയിൽക്കുറിപ്പുകൾ (Prison notes)* മാർക്സിസ്റ്റ് പ്രത്യായശാസ്ത്രത്തിന് നിസ്തുലമായ മുതൽക്കൂട്ടാണ്. ഭരണകൂടം ഗ്രാംഷിയോടു പ്രകടിപ്പിച്ചിരുന്ന കടുത്ത അമർഷത്തെ '*അന്റോണിയോ ഗ്രാംഷി*' എന്ന പുസ്തകത്തിൽ ഇത്തരത്തിലാണ് വിവരിക്കുന്നത്. വിചാരണവേളയിൽ പബ്ലിക്ക് പ്രോസിക്ക്യൂട്ടർ ഫാസ്സിസ്റ്റ് ജഡ്ജിയോട് അപേക്ഷിച്ചത് അടുത്ത ഇരുപത്‌വർഷത്തേയ്ക്കെങ്കിലും ഈ തലച്ചോറിന്റെ പ്രവർത്തനം അവസാനിപ്പിച്ചേ പറ്റൂ എന്നാണ്" (വിജയകുമാർ, ബി. 2017:7).

അന്റോണിയോ ഗ്രാംഷിയുടെ ദർശനങ്ങളിൽ ആവർത്തിച്ച് വരുന്നത്, 'പൊതുസമൂഹം', 'ഹെജിമണി' എന്നീ ആശയങ്ങളാണ്. അധികാരത്തെയും ഭരണക്കൂടത്തെയും ബന്ധപ്പെടുത്തിയാണ് ഗ്രാംഷിയുടെ പഠനങ്ങൾ നിലനിൽക്കുന്നത്. ഭരണകൂട അധികാരം ബലപ്രയോഗങ്ങളിലൂടെയും അതിനെ ന്യായീകരിക്കുന്ന പ്രത്യായശാസ്ത്രങ്ങളിലൂടെയും നേരിട്ടും അല്ലാതെയും ജനങ്ങളിൽ എത്തിക്കുന്നു. ഭരണകൂടങ്ങളുടെ തീരുമാനങ്ങളെ അനുകൂലിക്കുന്നവരുടെ കൂട്ടമാണ് 'പൊതുസമൂഹം'(Civil society) എന്ന ആശയംകൊണ്ട് ഗ്രാംഷി അർത്ഥമാക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പൊതുസമൂഹമാണ് ഭരണക്കൂടത്തെ പ്രതിനിധാനം ചെയ്യുന്നത്. " ഒരു രാജ്യത്ത് ജനങ്ങളുടെ മേൽ ഭരണവർഗ്ഗം രണ്ട് തരത്തിലുള്ള അധികാരം ഉറപ്പിക്കുന്നു. ഒന്ന് ബലപ്രയോഗം മറ്റൊന്ന് ധൈഷണികം".(രാധാകൃഷ്ണൻ, എസ്. 2008:57) അധികാരം കൈയാളുന്ന സവർണ്ണ വരേണ്യവർഗ്ഗം അവരുടെ പ്രത്യായശാസ്ത്രം, സാഹിത്യം, കല, റേഡിയോ, സ്പോഴ്സ്, പുരാവൃത്തങ്ങൾ എന്നിവയിലൂടെ അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ട ജനങ്ങളിൽ എത്തിക്കുന്നു. ഇത്തരത്തിൽ ഭരണക്കൂടം നടത്തുന്ന സൂക്ഷ്മമായ പ്രത്യയശാസ്ത്രപ്രയോഗത്തെയാണ് ഗ്രാംഷി 'ഹെജിമണി' അഥവാ 'പ്രത്യായശാസ്ത്ര മേൽക്കോയ്മ" എന്ന ആശയം കൊണ്ട് അർത്ഥമാക്കുന്നത്. " നേരിട്ടുള്ള രാഷ്ട്രീയധികാരത്തിൽ നിന്ന് സ്വാതന്ത്രമായ സാംസ്കാരിക സൈദ്ധാന്തിക മേൽക്കോയ്മയെ ഹെജിമണി എന്ന പരികൽപ്പന കൊണ്ട് ഗ്രാംഷി വിശദീകരിക്കുന്നത്. (ഷിജു ഏലിയാസ്. 2003 : 14)

ഭരണക്കൂടത്തിനോടുള്ള വിധേയത്വം, മാനസ്സികമായ അടിമത്തം, അധികാരികളെ എതിർക്കാനുള്ള ഭയം, അനുസരണ ശീലം തുടങ്ങിയവ ഹെജിമണിയിലൂടെ ഭരണവർഗ്ഗം കീഴളരുടെ ഇടയിൽ സ്ഥാപിച്ചെടുക്കുന്നു. ഇത്തരത്തിലുള്ള പ്രത്യായശാസ്ത്ര മേൽക്കോയ്മയിലൂടെ ഭരണക്കൂടം അധികാരം വളരെ സൂക്ഷ്മമായി അവതരിപ്പിക്കുന്നു. ഭരണക്കൂടത്തിന്റെ പ്രത്യായശാസ്ത്രം പരാജയപ്പെടുമ്പോൾ രാജ്യത്തെ യുദ്ധത്തിലേക്കും പട്ടാള ഭരണത്തിലേയ്ക്കും നയിക്കുന്നു. "ഭരണക്കൂടങ്ങൾ അവരുടെ പ്രത്യായശാസ്ത്രപരമായ നായകത്വം തകരുമ്പോഴോ, പ്രതിസന്ധി നേരിടുമ്പോഴാണ് ബലപ്രയോഗത്തിലേക്കും പട്ടാള ഭരണത്തിലേയ്ക്കും യുദ്ധത്തിലേക്കും നീങ്ങുന്നത്. "(പോക്കർ, പി.കെ. 2008 :61) ഭരണകൂടത്തിന്റെ പ്രത്യായശാസ്ത്ര മേൽക്കോയ്മയിലൂടെ കീഴാളരായ സാധാരണക്കാരുടെ സംസ്കാരത്തെ അവഗണിക്കുകയും തിരസ്കരിക്കുകയും ചെയ്തുകൊണ്ട് അവരിൽ അപകർഷതാ ബോധം ഉണ്ടാക്കിയെടുക്കുന്നു. അധികാര വർഗ്ഗം കൈകാര്യം ചെയ്യുന്ന സർഗ്ഗാത്മക പ്രവർത്തനങ്ങൾ  ഉത്തമവും സാധാരണക്കാരായ ജനങ്ങളുടെ കലാസംസ്കാരിക പ്രവർത്തനങ്ങൾ അധമമായി പരിഗണിക്കുന്നു. "പൗരസമൂഹത്തിലെ സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, സർവ്വകലാശാലകൾ, പള്ളി, മാധ്യമം,  എന്നിവയുടെ നിയന്ത്രണം വച്ചുകൊണ്ടാണ് ബ്യൂർഷ്യാ ഭരണങ്ങൾ ജനങ്ങളുടെ മേൽ സാംസ്കാരിക മേൽക്കോയ്മ ഉറപ്പിക്കുന്നത്"(രാധാകൃഷ്ണൻ, എസ്. 2008:17)

### 1.2.2.1 അധികാരം : ലൂയി അൽത്തൂസർ (1918–1990)

ഫ്രഞ്ച് ദാർശനികനും മാർക്സിസ്റ്റ് ചിന്തകനുമായ ലൂയി അൽത്തൂസർ ഭരണകൂടാധികാരത്തിന്റെ പ്രയോഗങ്ങളെക്കുറിച്ചാണ്  പഠനങ്ങളാണ് നടത്തിയത്. ഭരണകൂടം ജനങ്ങളുടെ മേൽ രണ്ട് രീതികളിലാണ് അധികാരം പ്രയോഗിക്കുന്നു എന്നാണ് അൽത്തൂസറിന്റെ വാദം. സർക്കാർ, പോലീസ്, കോടതി, ജയിലുകൾ, പട്ടാളം തുടങ്ങിയ മർദ്ദനഉപകരണങ്ങളിലൂടെ ഭരണക്കൂടം നേരിട്ട് അധികാരം ജനങ്ങളിൽ സ്ഥാപിക്കുന്നു.  ഭരണക്കൂടത്തിന്റെ പ്രത്യായശാസ്ത്ര ഉപകരണങ്ങളായ (ideological state apparatus) കുടുംബം, പള്ളി, കല, സാഹിത്യം, സ്പോഴ്സ്, എന്നിവയിലൂടെ ഭരണക്കൂടത്തിന്റെ പ്രത്യാശശാസ്ത്രങ്ങൾ വളരെ സൂക്ഷ്മമായി ജനങ്ങളിൽ എത്തിക്കുന്നു.

ഹിംസയിലടിസ്ഥാനമാക്കിയ സ്ഥൂലമായ അധികാര പ്രയോഗത്തിലൂടെയും, പ്രത്യായശാസ്ത്ര ഉപകരണങ്ങളിലൂടെയുള്ള സൂക്ഷ്മമായ അധികാര പ്രയോഗത്തി

ലൂടെയും ഭരണകൂടങ്ങൾ  അധികാരം സ്ഥാപിക്കുന്നു. പള്ളി, സ്കൂൾ, കുടുംബം, കലാപ്രവർത്തനങ്ങൾ സാഹിത്യം, പത്രം, സ്പോഴ്സ് , ടെലിവിഷൻ തുടങ്ങിയ പ്രത്യായശാസ്ത്ര ഉപകരണങ്ങളിലൂടെ ഭരണകൂടം ജനങ്ങളിൽ അനുസരണം, രാജ്യസ്നേഹം, വിധേയത്വം, അച്ചടക്കം എന്നിവ പരിശീലിപ്പിച്ചെടുക്കുന്നു. പട്ടാളം, കോടതി, നിയമം, പോലീസ്, തുടങ്ങിയ മർദ്ദന ഉപകരണങ്ങൾ സമൂഹത്തിലെ പൊതുമണ്ഡലത്തിൽ പ്രയോഗിക്കുകയും പള്ളി, സ്ക്കൂൾ, കല, സാഹിത്യം, കുടുംബം തുടങ്ങിയഘടകങ്ങൾ അടങ്ങിയ പ്രത്യായശാസ്ത്ര ഉപകരണങ്ങൾ സമൂഹത്തിലെ സ്വകാര്യമണ്ഡലത്തിലും പ്രയോഗിക്കുന്നുണ്ട്. ഭരണക്കൂടത്തിന്റെ മർദ്ദന ഉപകരണങ്ങൾ തകർന്നാലും പ്രത്യായശാസ്ത്ര ഉപകരണങ്ങൾ പ്രസരിപ്പിച്ച ആശയങ്ങളിലൂടെ ഭരണക്കൂടം അതിശക്തമായി നിലനിൽക്കും. ഭരണകൂടം നടത്തുന്ന കൂട്ടക്കൊലകൾ, യുദ്ധം  എന്നിവയെ പ്രത്യായശാസ്ത്ര ഉപകരണങ്ങളിലൂടെ അവർ ന്യായീകരിക്കുകയും പൗരസമൂഹത്തിനിടയിൽ പൊതുസമ്മിതി നേടിയെടുക്കുകയും ചെയ്യുന്നു.

“കായിക മർദ്ദനമടക്കമുള്ള മർദ്ദനങ്ങളിലൂടെയാണ് മർദ്ദനപരമായ ഭരണകൂടം പ്രവർത്തിക്കുന്നത്. എന്നാൽ അവയും പ്രത്യായശാസ്ത്രപരമായ പൊതുസമ്മതി നേടി കൊണ്ടാണ് പ്രവർത്തിക്കുന്നത്. അതുപോലെ പ്രത്യായശാസ്ത്രപരമായ ഉപകരണങ്ങൾ നടപ്പാക്കുന്നതും ഹിംസയിലൂടെയാണ്”. (സത്യൻ, പി.പി. 2011:94).

### 1.2.2.2 അധികാരം : ബർനാൻഡ് റസ്സൽ

ബ്രിട്ടീഷ് ദാർശനികനായ ബർനാൻഡ് റസ്സൻ അധികാരത്തിന്റെ വ്യത്യസ്തമായ രൂപങ്ങളെ കുറിച്ചാണ് *‘അധികാരം’ (Power)* എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. അധികാരം മുകളിൽ നിന്ന് താഴേയ്ക്ക് വരുന്ന ഒരു പിരമിഡ് പോലെയാണ് പ്രവർത്തിക്കുന്നതെന്ന് റസ്സൻ വ്യക്തമാക്കുന്നത്. അധികാരം പടിപടിയായി താഴേയ്ക്ക് വരുകയും ഓരോ പടിയിലുള്ളവരും ഈ അധികാരത്തെ ആസ്വാദിക്കുകയും ചെയ്യുന്നു എന്ന് റസ്സൻ വാദിക്കുന്നു. ഒരു രാജ്യത്തിലെ പ്രധാനമന്ത്രിയുടെയോ പ്രസിഡന്റിയോ അധികാരം അയാളുടെ  പ്രശസ്തിയ്ക്കും  മുകളിലാണ്. പ്രശസ്തി നേടിയെടുക്കാനുള്ള  എളുപ്പവഴി അധികാരം നേടുകയാണെന്ന് റസ്സൽ അഭിപ്രായപ്പെടുന്നു. ഒരു നേതാവ് തന്റെ അണികളിൽ അധികാരം പ്രയോഗിക്കുന്നു, നേതാവിന്റെ തീരുമാനം നടപ്പിലാക്കുന്നതിലൂടെ അധികാരം അണികളിൽ കേന്ദ്രീകരിക്കുന്നു എന്ന് റസ്സൻ അവകാശപ്പെടുന്നു.

"അധികാരത്തോടുള്ള പ്രണയം പല രൂപങ്ങളിൽ ഉണ്ട്, അത് മിക്കവാറും സർവ്വ ലൗകികമാണ്. ഒരു പ്രധാനമന്ത്രി രാഷ്ട്രീയ അധികാരം ആസ്വാദിക്കുന്ന ത്പോലെയാണ് ഒരു സ്ത്രീ തന്റെ ഗൃഹഭരണത്തിലൂടെ ആനന്ദം കണ്ടെത്തുന്നത്."[11] (Russell, Bertrand. 2004: 9)

അധികാരം വ്യക്തികളുടെ മേലും അചേതന വസ്തുക്കളിൽ പ്രയോഗിക്കുന്നു. 'നഗ്നമായ അധികാരം', 'പൗരോഹിത്യ അധികാരം', 'പരമ്പരഗതമായ അധികാരം', 'സാമ്പത്തിക അധികാരം', 'വിപ്ലവാത്മകരമായ അധികാരം', എന്നിങ്ങനെ അധികാരത്തെ റസ്സൻ പലതായി തരം തിരിക്കുന്നു. വ്യക്തികളുടെ അധികാരവും സംഘടനകളുടെ അധികാരവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഒരു സംഘടന നേടിയെടുക്കുന്ന അധികാരവും ആ സംഘടനയ്ക്കുള്ളിൽ ഒരു വ്യക്തി നേടിയെടുക്കുന്ന അധികാരവും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. പഴയകാലഘട്ടത്തിൽ അധികാരം തലമുറകളിലൂടെയാണ് കൈമാറ്റം ചെയ്യപ്പെടുന്നത് ഒരു രാജാവിന്റെ അധികാരം കൈമാറുന്നത് അദ്ദേഹത്തിന്റെ മക്കൾക്കാണ്. ഇത്തരത്തിൽ പരമ്പരാഗതമായ അധികാരം തലമുറകളിലൂടെ തുടർന്ന് കൊണ്ടിരിക്കും. ഒരു ജനാധിപത്യ സമ്പ്രദായത്തിൽ ഒരു നേതാവോ, രാഷ്ട്രീയ പ്രവർത്തകനോ ജനാധിപത്യത്തെ തകർത്ത് ഏകാധിപതിയായി മാറുമ്പോഴാണ് ജനങ്ങൾ അയാളെ കൂടുതൽ സ്വീകരിക്കുന്നതെന്നാണ് റസ്സൽ അഭിപ്രായപെടുന്നത്. "ജനാധിപത്യത്തെ തകർക്കുകയും സ്വച്ഛാപധിയായുകയും ചെയ്യുന്നത് ആരാണോ അവരാണ് വിജയികളായ ജനാധിപത്യരാഷ്ട്രീയക്കാർ"[12] (2004 : 33)

അധികാരത്തെ പ്രകടമായി ദർശിക്കാൻ കഴിയുന്നതാണ് 'നഗ്നമായ അധികാരം'. ഒരു കശാപ്പുക്കാരന് ആടിന് മേലുള്ള അധികാരം, പരാജയപ്പെട്ട രാജ്യത്തിന്റെ മേലുള്ള വിജയിച്ച പട്ടാളത്തിന്റെ അധികാരം, ഗൂഢാലോചന നടത്തുന്നവർക്കെതിരെയുള്ള പോലീസിന്റെ അധികാരം എന്നിവ നഗ്നമായ അധികാരത്തിന്റെ ഉദാഹരണങ്ങളാണ്. ഒരു ഭരണക്കൂടം പൗരൻമാരിൽ ഉപയോഗിക്കുന്നത് പരമ്പരാഗതമായ അധികാരമാണ്, എന്നാൽ വിമതർക്കതിരെ പ്രയോഗിക്കുന്നത് നഗ്നമായ അധികാരമാണ്. അഭിപ്രായങ്ങൾ ഉണ്ടാക്കുന്ന അധികാരം സാമൂഹികബന്ധത്തിലെ ഏറ്റവും ശക്തമായ ഒന്നായി റസ്സൻ കണക്കാക്കുന്നു. മതനേതാക്കളുടെയും പുരോഹിതൻമാരുടെയും അഭിപ്രായങ്ങൾ മിക്കവാറും ഭരണക്കൂടത്തിന്റെ അധികാരത്തിന്റെ മുകളിൽ പ്രതിഷ്ഠ നേടുന്നു. ഒരു നേതാവിന്റെയോ പട്ടാളമേധാവിയുടെയോ അഭിപ്രായങ്ങളാണ് രാജ്യത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്നത്.

### 1.2.2.3 അധികാരം : പൗലോ ഫ്രെയർ (1921–1997)

ബ്രസ്സീലിയൻ സൈദ്ധാന്തികനും വിദ്യാഭ്യാസചിന്തകനുമായ പൗലോ ഫ്രെയറുടെ '*മർദ്ദിതരുടെ ബോധനശാസ്ത്രം' (Pedagogy of the Oppressed)* എന്ന ഗ്രന്ഥത്തിലൂടെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ അധികാര പ്രയോഗത്തെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഒരാളെ മറ്റൊരാൾ പഠിപ്പിക്കുമ്പോൾ അറിവിനെക്കാൾ കൂടുതൽ കൈമാറ്റം ചെയ്യുന്നത് അധികാരമാണ് എന്നാണ് ഫ്രെയർ അഭിപ്രായപ്പെടുന്നത്. പഴയരീതിയിലുള്ള വിദ്യാഭ്യാസപദ്ധതികളിൽ അധികാരം കേന്ദ്രീകരിക്കുന്നത് അദ്ധ്യാപകരിലാണ്. അദ്ധ്യാപകർ നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, ഓർത്ത് വയ്ക്കുക, ആ നിർദ്ദേശങ്ങൾ അച്ചടക്കത്തോടെയും അനുസരണയോടെയും പിൻതുടരുക എന്നാണ് വിദ്യാർത്ഥികളുടെ കടമ. അദ്ധ്യാപകന്റെ നിർദ്ദേശങ്ങൾ അനുസരണയോടെ ചെയ്ത് തീർക്കുന്നവരെയാണ് നല്ല വിദ്യാർത്ഥികളായി പരിഗണിക്കുന്നു. അദ്ധ്യാപകരിൽ അധികാരം കേന്ദ്രീകരിക്കുന്നതോടെ അവർ ആഖ്യാതാക്കളായി മാറി വിദ്യാർത്ഥികളിൽ അറിവ് നിറയ്ക്കുന്നു. ഇത്തര പഠനരീതികളിൽ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾക്കോ, ആശയങ്ങളോ, ചിന്തകൾക്കോ പരിഗണന നൽകുന്നില്ല. അദ്ധ്യാപകർ അറിവുകൾ വിദ്യാർത്ഥികളിൽ അടിച്ചേൽപ്പിക്കുന്നു. കേൾക്കുക, എഴുതുക, ഓർമ്മിക്കുക, പരീക്ഷകളിൽ അത് വീണ്ടും എഴുതുക എന്നതാണ് വിദ്യാർത്ഥികളിൽ അർപ്പിതമായിരിക്കുന്ന കർത്തവ്യം.

വിദ്യാർത്ഥികളെ നിഷ്കൃയരാക്കി അവരിൽ അറിവുകൾ കുത്തിനിറയ്ക്കുന്ന വിദ്യാഭ്യാസപ്രക്രിയയെ ബാങ്കിംഗ് എജ്യൂക്കേഷൻ (Banking Education) എന്നാണ് പൗലോ ഫ്രെയർ വിളിച്ചത്. "ബാങ്കിംഗ് സമ്പ്രദായ വിദ്യാഭ്യാസത്തിൽ അറിവുള്ളവരെന്നു സ്വയം കരുതുന്ന കുറച്ച്പേർ ഒന്നുമറിയാത്തവരെന്നു തങ്ങൾ കരുതുന്ന കുറച്ചുപേരിൽ അടിച്ചേൽപ്പിക്കുന്ന പാരിതോഷികമാണ് അറിവ് ' (പൗലോ ഫ്രെയർ. 2011: 43)

### 1.2.2.4 അധികാരം – ക്രിസ്ഹാൻ

ബ്രിട്ടീഷ് സാമൂഹികനരവംശശാത്രജ്ഞനായ ക്രിസ്ഹാളിന്റെ സോഷ്യൽ ആന്ത്രോപോളജി (Social Anthropology) എന്ന പുസ്കത്തിലാണ് അധികാരത്തിന്റെ ഉറവിടങ്ങളെകുറിച്ചാണ് പ്രതിപാദിക്കുന്നത്. സാമ്പത്തികഅധികാരം, ജനാധിപത്യ അധികാരം, ബലപ്രയോഗത്തിലൂടെയുള്ള അധികാരം, നിയമാധികാരം, പ്രത്യായശാസ്ത്ര അധികാര, നിയമാധികാരം, പ്രത്യായശാസ്ത്രഅധികാരം എന്നിങ്ങനെ അധികാരത്തെ

ക്രിസ്ഹാൾ പലതായി തിരിക്കുന്നു സമ്പത്തിന്റെ സ്ഥിരതയുടെ അടിസ്ഥാനത്തിലാമണ് എല്ലാ രാഷ്ട്രീയ സംഘടനകളും സജീവമായി പ്രവർത്തിക്കുന്നത് ഒരു രാജ്യത്ത് പ്രധാനസംഘടനകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് സാമ്പത്തിക സ്ഥിരതയാണ്. "ദരിദ്രരുടെ കൂട്ടായ്മയിലൂടെ ഉണ്ടാകുന്ന സമ്പത്ത്ഘടനയിൽ നിന്ന് നിങ്ങൾക്കൊരിക്കലും ആധുനികജനാധിപത്യ രാജ്യത്തെ സംഘടിപ്പിക്കുവാൻ കഴിയുകയില്ല"(Hann, Chris 2000 : 120)

ജധാധിപത്യ അധികാരം കൊണ്ട് അർത്ഥമാക്കുന്നത് ജനങ്ങൾ തങ്ങളെ ഭരിക്കുന്നതിനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്ക് നൽകുന്നു എന്നതാണ്. ശാരീരികമായ ബലപ്രയോഗത്തിലൂടെ ഉണ്ടാകുന്ന അധികാരമാണ് ബലപ്രയോഗത്തിലൂടെ രൂപപ്പെടുന്ന അധികാരം കൊണ്ട് അർത്ഥമാക്കുന്നത്. ഭർത്താവ് ഭാര്യയെ ക്രൂരമായി മർദ്ദിക്കുന്നത് ബലപ്രയോഗത്തിലൂടെയുള്ള അധികാരത്തിന്റെ ഉദാഹരമാണ്. ഓരോ സമൂഹത്തിലെ നിയമവ്യവസ്ഥകൾ വ്യത്യസ്തമാണ്. അക്രമത്തിലൂടെയും അടിച്ചമർത്തലുകളിലൂടെയാണ് നിയമങ്ങൾ നടപ്പിലാക്കുന്നത്. ഏറ്റവും ശക്തമായ അധികാരമാണ് പ്രത്യായശാസ്ത്രങ്ങൾ രൂപപ്പെടുത്തുന്ന അധികാരം ഓരോ രാജ്യത്തിന്റെ അധികാരത്തെ നിയന്ത്രിക്കുന്നത് പ്രത്യായശാസ്ത്രങ്ങളാണ്.

**1.2.2.5 അധികാരം : മിഷേൽ ഫൂക്കോ (1926–1984)**

ഫ്രഞ്ച് തത്ത്വചിന്തകനായ മിഷേൽ ഫൂക്കോ, അദ്ദേഹത്തിന്റെ *അധികാരവും ജ്ഞാനവും (Power and Knowledge) ഒരു ക്ലിനിക്കിന്റെ ആരംഭം (Birth of Clinic)* തുടങ്ങിയ പുസ്തകങ്ങളിൽ അധികാരത്തിന്റെ വളരെ സൂക്ഷ്മമായ രൂപത്തെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. അധികാരം ഭരണക്കൂടം പ്രയോഗിക്കുന്ന ഒരു ഹിംസാത്മക പ്രവർത്തനമല്ല എന്നാണ് ഫൂക്കോ അവകാശപ്പെടുന്നത്. "അധികാരം എന്നത് ഒരു വ്യക്തിയുടെ കഴിവോ, ഒരു സ്ഥാപനമോ, ഒരു ഘടനയോ അല്ല അത് സാമൂഹിക ശക്തികളുടെ സങ്കീർണ്ണമായ ക്രമീകരണങ്ങളാണ്"[14] (Lunch ,A, Richerd, 2011: 21) പാശ്ചാത്യ സമൂഹങ്ങളിൽ അധികാരം പ്രവർത്തിക്കുന്നത് ശക്തമായ നിയമങ്ങളുടെ രൂപത്തിലാണ്. അധികാരവും പ്രതിരോധവും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. പ്രതിരോധമില്ലാത്ത അധികാരത്തിന് നിലനിൽക്കാൻ കഴിയുകയില്ല. അധികാരത്തെ ഫൂക്കോ അച്ചടക്ക അധികാരം (disciplinary power) ജൈവാധികാരം (bio- power) ജൈവരാഷ്ട്രീയ അധികാരം (bio- Political power)എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

### 1.2.2.5.1 അച്ചടക്ക അധികാരം (disciplinary power)

അച്ചടക്ക അധികാരം നടപ്പിലാക്കുന്നത് വ്യക്തിശരീരങ്ങളിലൂടെയാണ്. വ്യക്തികളെ വസ്തുവൽക്കരിച്ച് കൊണ്ടും ഉപകരണങ്ങളായി പരിഗണിച്ച് കൊണ്ടാണ് അച്ചടക്ക അധികാരം സ്ഥാപിക്കുന്നത്. ഓരോ വ്യക്തികളെയും അച്ചടക്കം പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായി രൂപപ്പെട്ട് വരുന്ന പൊതുസമൂഹമാണ്. അച്ചടക്ക സമൂഹം, കുടുംബം, സ്കൂൾ, മാനസിക ആശുപത്രികൾ, ജയിൽ എന്നീസ്ഥാപനങ്ങളിലൂടെ വ്യക്തികളെ അച്ചടക്കം പഠിപ്പിക്കുന്നു. ഓരോ രീതിയിലുള്ള ചലനങ്ങൾ അടങ്ങിയ പരേഡുകൾ, പരീക്ഷകൾ, നിയമങ്ങൾ എന്നിവയിലൂടെ വ്യത്യസ്തകൾ ഇല്ലാത്ത വ്യക്തികളെ ഭരണകൂടം രൂപപ്പെടുത്തിയെടുക്കുന്നു. വ്യക്തിപരമായ കഴിവുകൾ, പ്രത്യേതകൾ എന്നിവയെ ഇത്തരം ഭരണകൂടസ്ഥാപനങ്ങൾ പരിഗണിക്കുന്നില്ല "അച്ചടക്ക അധികാരം എന്ന ആശയം പ്രവർത്തിക്കുന്നത് വ്യക്തികളിലാണ് അത് വ്യക്തികളെ നിർമ്മിച്ചെടുക്കുന്നു. അത് വ്യക്തികളെ വസ്തുവായും ഉപകരണമാക്കി മാറ്റുന്നത് ഈ അധികാരത്തിന്റെ പ്രധാനപ്പെട്ട ഒരു തന്ത്രമാണ്"[15](Hoffman, Marcelo 2011:28) ഒരാൾ മറ്റൊരാളെ നിയന്ത്രിച്ച് നിർത്തുന്നത് അച്ചടക്കത്തിൽ അധികാരം അടങ്ങിയിരിക്കുന്നു. അച്ചടക്കം എന്നത് അധികാരത്തിന്റെ വളരെ സൂക്ഷ്മമായ രൂപമാണ്. ഭരണക്കൂടം അച്ചടക്കം നടപ്പിലാക്കുന്നത് നിയമത്തിന്റെ സഹായത്താലാണ്. അച്ചടക്ക അധികാരം പ്രവർത്തിക്കുന്നത് ജയിൽ, ഭ്രാന്താശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിലൂടെയാണ് ഇവയെ നിയന്ത്രിക്കുന്നത് ഭരണകൂടമാണ്.

### 1.2.2.5.2 ജൈവാധികാരം : (Bio- Power)

ലോകം മുഴുവൻ ഒരു വലിയ വിപണിയായി മാറ്റിയ സാമ്രാജ്യത്വം അവരുടെ അദൃശ്യമായ നൂലുകളിൽ എല്ലാ രാജ്യങ്ങളെയും പരസ്പരം കോർത്ത്കൊണ്ട് തങ്ങളുടെ അധികാരം പ്രയോഗിക്കുന്നു. ഭൂഖണ്ഡത്തിലെ മുഴുവൻ മനുഷ്യരിലും ബഹുരാഷ്ട്രകുത്തകകൾ അവരുടെ ഉൽപ്പന്നങ്ങൾ കൊണ്ട് നിറയ്ക്കുന്നു. പത്രങ്ങളിലൂടെയും ടെലിവിഷൻ മാധ്യമങ്ങളിലെ പരസ്യങ്ങളിലൂടെ ബഹുരാഷ്ട്ര കുത്തകൾ അവരുടെ ഉൽപ്പന്നങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രചരിപ്പിക്കുന്നു. മനുഷ്യൻ കഴിക്കുന്ന ആഹാരം ഉപയോഗിക്കുന്ന വസ്ത്രം, ഇത്തരത്തിലുള്ള നിത്യോപയോഗ വസ്തുക്കൾ അവർ നമ്മളിൽ എത്തിച്ചിട്ട് നമ്മുടെ അഭിരുചികളെ അവർ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. " ലോകത്തെ ഒന്നാകെ ബാഹ്യനിയന്ത്രണങ്ങളും ക്രമങ്ങളുമില്ലാതെ ഒരു ഫാക്ടറിയായി മാറ്റുന്ന, ലോകത്തെ ഒന്നാകെ ആവാ

ഹിക്കുന്ന മൂലധനം ജീവിതത്തിലും പ്രകൃതിയിലും പ്രവർത്തിക്കുന്ന ഒരു ന്യൂനത അധികാര രൂപമായി മാറുകയാണ്. മിഷേൽ ഫൂക്കോയുടെ ഭാഷയിൽ ജീവിതത്തെയും പ്രകൃതിയെയും നേരിട്ട് ഗ്രസിക്കുന്ന ഈ അധികാരത്തെ ജൈവാധികാരം എന്ന് വിളിക്കാം. ജൈവാധികാരം ഭരിക്കുന്നവരുടെ അധികാരമാണ്". (രാജീവൻ. ബി :2010)

ലോകത്തെ മുഴുവൻ ഒരു ഫാക്ടറിയായി പരിഗണിച്ചു കൊണ് ആഗോള മൂലധനവും സമ്രാജ്യത്വ അധികാരവും ഉപയോഗിച്ച് കൊണ്ട് ചെറിയ രാജ്യങ്ങളിൽ ബഹുരാഷ്ട്രകുത്തകൾ ജൈവാധികാരം സ്ഥാപിച്ചെടുക്കുന്നു.

### 1.2.2.5.3 ജൈവരാഷ്ട്രീയ അധികാരം (Bio- Political Power)

ലോകത്തെ മൊത്തത്തിൽ നിയന്ത്രിക്കുന്നവരുടെ ജൈവാധികാരത്തെ പ്രതിരോധിക്കുന്നവരുടെ അധികാരത്തെയാണ് ജൈവരാഷ്ട്രീയ അധികാരം (bio- political power) എന്ന് ഫൂക്കോ വിളിക്കുന്നത്. സ്ത്രീകളും, തൊഴിലാളികളും, ന്യൂനപക്ഷങ്ങളും മറ്റ് പാർശ്വവൽകൃത വിഭാഗവും ചേർന്നുണ്ടാകുന്ന കൂട്ടായ്മയിലൂടെ ഉണ്ടായി വരുന്ന  അധികാരമാണിത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭരിക്കപ്പെടുന്നവരുടെ അധികാരമാണിത്. അധികാരത്തെ കുറിച്ച് പഠനം നടത്തിയ മറ്റ് സൈദ്ധാന്തികരിൽ നിന്ന് ഫൂക്കോയെ വ്യത്യസ്തനാക്കിയത്  ജൈവരാഷ്ട്രീയ അധികാരം എന്ന പരികൽപ്പനയുടെ പഠനത്തിലൂടെയാണ്. അധികാരം നിലനിൽക്കുന്നിടത്ത് പ്രതിരോധവും ഉണ്ടാവും. രണ്ട് മനസ്സുകളോ, വ്യക്തികളോ പരസ്പരം വലിക്കുകയോ തള്ളുകയോ ചെയ്യാതെ അധികാരം ഉണ്ടാവുകയില്ല എന്ന് ഫൂക്കോ വാദിക്കുന്നു.

ഭരിക്കുന്നവരുടെയും ഭരിക്കപ്പെടുന്നവരുടെയും ഇടയിലാണ് ജൈവരാഷ്ട്രീയ അധികാരം പ്രവർത്തിക്കുന്നത്.

### 1.2.2.5.4 ജ്ഞാനവും അധികാരവും

ഒരു കാലഘട്ടത്തിലെ അസാധാരണമായ അറിവുകൾ പുതിയൊരു കാലഘട്ടത്തിൽ സാധാരണ അറിവുകളായി മാറുന്നു. അറിവും, ജ്ഞാനവും തമ്മിലുള്ള ബന്ധത്തെ ഫൂക്കോ വളരെ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചു. അറിവുകൾക്ക് അനുസരിച്ച് അധികാരവും മാറിവരുന്നതായി കാണാൻ കഴിയും. ഒരു കാലഘട്ടത്തിൽ അസ്സാധാരണവും വളരെ മോശവും നിന്ദ്യവുമായി പരിഗണിക്കുന്ന അറിവുകൾ കുറച്ച് കാലം കഴിയുമ്പോൾ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

19-ാം നൂറ്റാണ്ടിന് മുമ്പ് കുടുംബവും സമൂഹവും നിയമസംവിധാനങ്ങളും സ്വവർഗ്ഗലൈംഗികതയെ എതിർക്കുകയും അത് ഒരു രോഗമായി പരിഗണിച്ച്

ചികിൽസിക്കുകയും ശിക്ഷാ നടപടികൾക്ക് വിധേയരാക്കുകയും ചെയ്തിരുന്നു. രക്ഷ കർത്താക്കൾ, ഡോക്ടർ, നിയമം, ഭരണകൂടം എന്നിവ ലൈംഗികന്യൂനപക്ഷങ്ങളെ അടിച്ചമർത്തുകയും സാമൂഹികമായി ഒറ്റപ്പെടുത്തുകയും ചെയ്തു. എന്നാൽ പുതിയ കാലഘട്ടത്തിൽ സ്വവർഗ്ഗലൈംഗിക രോഗമല്ലെന്നും ശരീരികമായ വ്യതിയാനമാണെ ന്നുള്ള ബോധത്തിലേയ്ക്ക് പൊതുസമൂഹം വളർന്നപ്പോൾ നിയവും ഭരണക്കൂടവും ലൈംഗികന്യൂനപക്ഷങ്ങൾക്ക് അനുകൂലമായ തീരുമാനങ്ങൾ കൈകൊണ്ടു. ഓരോ കാലഘട്ടത്തിലെ അറിവുകളാണ് അധികാരത്തെ സൃഷ്ടിക്കുന്നത്. ഒരു ആശയം തന്നെ കാലഘട്ടങ്ങൾക്കനുസരിച്ച് അർത്ഥങ്ങൾ മാറിമറിയുന്നു. ഓരോ കാലഘട്ട ത്തിലെ രാഷ്ട്രീയസാമൂഹിക പരിണാമങ്ങൾക്കനുസരിച്ച് ജ്ഞാനവും മാറിമറിയു ന്നു. രാജഭരണക്കാലത്ത് ജനങ്ങളെ പ്രജകളായി പരിഗണിച്ചിരുന്നെങ്കിൽ ജനാധിപ ത്യസമ്പ്രദായത്തിൽ ജനങ്ങൾ പ്രജകളല്ല പൗരൻമാരാണ്. സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷം, കീഴളർ എന്നിവരെ രണ്ടാംകിട മനുഷ്യരായി പരിഗണിച്ചിരുന്ന സാമൂ ഹിക അന്തരീക്ഷത്തെ തകർത്ത് കൊണ്ടാണ് പുതിയ കാലഘട്ടം കടന്ന് പോകു ന്നത്.

## അദ്ധ്യായ ഉപസംഗ്രഹം

വർത്തമാനകാല യഥാർത്ഥങ്ങളോട് പ്രതികരിച്ച നാടകങ്ങളെ പലകാലഘട്ടങ്ങളിലും അധികാരികൾ വേട്ടയാടിയിട്ടുണ്ട്. ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന നാടകം പോലുള്ള കലാരൂപത്തെ ഭരണകൂടങ്ങൾ അതിശക്തമായ നിയന്ത്രണങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ട്. 'നീൽദർപ്പൻ'എന്ന നാടകത്തിലൂടെയാണ് കോളോണിയൽ ഇന്ത്യയിലെ സാധാരണക്കാർ അനുഭവിച്ച ചൂഷണങ്ങളെ തുറന്ന് കാണിച്ചത്. മതാചാരങ്ങൾക്കും രാജസ്തുതിക്കുമായി ഉപയോഗിച്ച് കൊണ്ടിരുന്ന കലാരൂപങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന് ശേഷം സാമൂഹിക വിമോചനത്തിനുള്ള ആയുധമായി ഉപയോഗിക്കുന്ന കാഴ്ചയാണ് ലോകം സാക്ഷ്യം വഹിച്ചത്. ധീരോദത്തനും, അതിപ്രതാപഗുണവാൻമാരായ രാജാക്കൻമാരുടെ വർണ്ണനകൾക്ക് പകരം സാധാരണക്കാരായ മനുഷ്യൻ നാടകങ്ങളിൽ കഥാപാത്രങ്ങളായി വന്നു. സ്വാതന്ത്ര്യത്തിനും ജനാധിപത്യവകാശങ്ങൾക്കും വേണ്ടി ശബ്ദം ഉയർത്തിയ നാടകങ്ങളെ ഭരണകൂടം നിയമങ്ങൾ ഉപയോഗിച്ച് നിരോധിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രൂപപ്പെട്ട നാടകങ്ങളെ അടിച്ചമർത്താൻ ബ്രിട്ടീഷ്കാർ നിർമ്മിച്ച നിയമമാണ് ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ്- 1876. ഇന്ത്യക്കാർക്കെതിരെ രൂപപ്പെടുത്തിയ നാടകനിരോധനനിയമം സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സംസ്ഥാനങ്ങൾ ചില ഭേദഗതികളോടെ വീണ്ടും ഉപയോഗിച്ചു. 1961- ലാണ് കേരളത്തിൽ നാടകനിരോധന നിയമം ഭേദഗതിയോട് കൂടി അവതരിപ്പിക്കുന്നത്, 'മതവികാരം വൃണപ്പെടുത്തുന്ന' നാടകങ്ങളെ നിരോധിക്കുകയെന്നതായിരുന്നു പുതുതായി കൂട്ടിചേർത്ത ഭേദഗതിയുടെ പ്രത്യേകത. തീവ്രവാദം വളർത്തുന്നു എന്ന കാരണത്താൽ നാടഗദ്ദികയെന്ന നാടകത്തെ സർക്കാർ നിരോധിച്ചു. (1981) മതവികാരം വൃണപ്പെടുത്തുന്നു എന്ന കാരണത്താൽ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്','കുരിശിന്റെ വഴിയിൽ'(1986) എന്നീ നാടകങ്ങളെയും നിരോധിച്ചു. നാടുഗദ്ദികയെ നിരോധിച്ചത് രാഷ്ട്രീയകാരണത്താലാണെങ്കിൽ ക്രിസ്തുവിന്റെ 'ആറാം തിരുമുറിവ്', 'കുരിശിന്റെ വഴി'യിൽ എന്നീ നാടകങ്ങളെ നിരോധിച്ചത് മതസംഘടനയുടെ എതിർപ്പിനെ തുടർന്നാണ്. ഭരണക്കൂടാധികാരത്തെ നിയന്ത്രിക്കുവാൻ കഴിയുന്ന മത

സംഘടനകളുടെ താൽപ്പര്യങ്ങൾക്ക് വഴങ്ങിയാണ് മുകളിൽ സൂചിപ്പിച്ച രണ്ട് നാടക ങ്ങളെ സർക്കാർ നിരോധിച്ചത്. അക്രമസക്തരായ ജനങ്ങൾ നിയമം കൈയിലെടു ക്കുകയും നാടകം പോലുള്ള കലാരൂപങ്ങളെ ആക്രമിക്കുന്നതാണ് നിലവിലുള്ള രീതി. അക്രമാസക്തരായ ജനക്കൂട്ടങ്ങളെ നിയന്ത്രിക്കുന്നതിന് പകരം സർക്കാർ നാട കത്തെ നിരോധിച്ച ആൾക്കൂട്ടങ്ങളെ തൃപ്തിപ്പെടുത്തുന്നു.

ഭരണകൂടം ഒരു വശത്ത് പ്രതിരോധശേഷിയുള്ള നാടകങ്ങളെ നിയമങ്ങളെ നിയമങ്ങൾ ഉപയോഗിച്ച് നിരോധിക്കുകയും മറുവശത്ത് സംസ്കാരികസ്ഥാപനങ്ങ ളിലൂടെ അവർ അരാഷ്ട്രീയനാടകങ്ങളെ പ്രോൽസാഹിപ്പിക്കുന്നു. ഒരു നാടകത്തെ നിരോധിച്ച് വർഷങ്ങൾ നീണ്ട് നിൽക്കുന്ന വിചാരണയിലൂടെ ഭരണക്കൂടം നാടകപ്ര വർത്തകരിൽ അച്ചടക്ക അധികാരമാണ് പ്രയോഗിക്കുന്നത്. അറസ്റ്റിനും നിരോധന ത്തിനും ശേഷം കലാകാരനെ ഭരണകൂടം നിരന്തമായ നിരീക്ഷണങ്ങൾക്ക് വിധേയ മാക്കി അവരുടെ പ്രതികരണശേഷിയെ ഇല്ലായ്മ ചെയ്യുന്ന ഒരു പ്രവണതയും ഇത്തരം നിരോധനങ്ങളുടെ ഭാഗമാണ്. വംശീയ കലാപങ്ങൾ നടത്തുന്ന ആൾക്കൂട്ടങ്ങളാണ് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളെ തടസ്സപ്പെടു ത്തിയിട്ടുള്ളത് എന്ന് ചരിത്രത്തിലൂടെ മനസ്സിലാക്കാൻ കഴിയും.

ബംഗാൾ പോലുള്ള സംസ്ഥാനങ്ങളിൽ ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് പിൻവലിച്ചു കഴിഞ്ഞു. ഒരു കലാസൃഷ്ടിയ്ക്ക് എതിരെ ആക്രമണം നടത്തുന്ന ജന ക്കൂട്ടങ്ങൾക്ക് അനുകൂലമായിട്ടാണ് പലപ്പോഴും ഗവൺമെന്റുകൾ പ്രവർത്തിക്കുന്നത്. ഒരു കലാസൃഷ്ടിയെ ഒരു കൂട്ടം ആളുകൾക്ക് താൽപ്പര്യമില്ലെങ്കിൽ അതിനെ നിരോ ധിക്കുകയല്ല ചെയ്യേണ്ടത്. താൽപ്പര്യമില്ലാത്തവർ ആ കലാസൃഷ്ടിയെ ബഹിഷ്കരി ക്കുകയാണ് ഉത്തമം. രാഷ്ട്രീയ പാർട്ടികളും മതസാമുദായികസംഘടനകളും അവ യുടെ അഭിപ്രായങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുകയും സമൂഹത്തിൽ അധികാരം സ്ഥാപിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ നിലപാടുകൾ പ്രകടിപ്പിക്കുന്ന കലാരൂപ ങ്ങളെ നിയമങ്ങൾ ഉപയോഗിച്ച് നിരോധിക്കുന്ന പ്രവണതയാണ് കാണാൻ കഴിയു ന്നത്. പ്രബന്ധത്തിന്റെ ഭാഗമായ മൂന്ന് നാടകങ്ങൾ സർക്കാർ നിരോധിക്കുകയും വർഷങ്ങൾ നീളുന്ന വിചാരണകളിലൂടെ കലാകാരൻമാരെ ഭരണകൂടം അടിച്ചമർത്താൻ ശ്രമിച്ചിട്ടുണ്ട്. ഒരു വലിയ കുറ്റം ചെയ്ത ക്രിമിനലുകളെ പോലെയാണ് കലാകാ രൻമ്മാർ കോടതികളിൽ കയറിയിറങ്ങിയത്. നിരോധനവും അറസ്റ്റിന് ശേഷവും നാട കപ്രവർത്തകരെ വർഷങ്ങളോളം നിയമനടപടികൾ പിൻതുടരുന്നു. കേസ്സും വിചാര

ണയും തുടർന്നതോടെ നാടുഗദ്ദിക എന്ന നാടകത്തിന്റെ സംവിധായകൻ കെ.ജെ. ബേബിയും ആദിവാസികളായ നടൻമാരും തമ്മിലുള്ള ബന്ധത്തിൽ വിള്ളലുകൾ ഉണ്ടായി. കൂലിപ്പണി ചെയ്ത് ജീവിച്ച നാടുഗദ്ദികയിലെ നടൻന്മാരെ സംബന്ധിച്ചിട ത്തോളം വയനാട് പനമരത്തിൽ നിന്ന് എല്ലാ മാസവും കോഴിക്കോട് കോടതിയി ലേയ്ക്ക് പോകുന്നത് സാമ്പത്തികമായും മാനസികമായും ബുദ്ധിമുട്ടുകൾ ഉണ്ടായി. 1981– ൽ നാടുഗദ്ദികയെ അറസ്റ്റ് ചെയ്തതിന് ശേഷം പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് കെ.ജെ. ബേബി കലാപ്രവർത്തനങ്ങൾ വീണ്ടും ആരംഭിക്കുന്നത്. 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' എന്ന നാടകത്തിന്റെ നിരോധനത്തിന് ശേഷം പി.എം. ആന്റണിയുടെ കലാജീവിതം കൂടുതൽ കരുത്തുള്ളതായി തീർന്നു. ഒരു കൊല പാതക കേസ്സിൽ പ്രതിചേർക്കപ്പെട്ട ആന്റണി ജയിലിലായി. ജയിലിനുള്ളിൽ കിട ന്ന്കൊണ്ട് ആന്റണി 'വിശുദ്ധപാപങ്ങൾ', 'മണ്ഡേലയ്ക്ക് സ്നേഹപൂർവ്വം വിന്നി' തുടങ്ങിയ നാടകങ്ങൾ എഴുതിയത്. 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' നിരോധിച്ച തിന് ശേഷം പി.എം. ആന്റണി എഴുതിയ നാടകങ്ങളിലൂടെ പൗരോഹിത്വത്തിനെ തിരെ കടന്നാക്രമിക്കുന്നതായി കാണാം. 'കുരിശിന്റെ വഴി' എന്ന നാടകം നിരോധി ച്ചതിന് ശേഷമുള്ള വിചാരണകൾ ജോസ് ചിറമ്മലിന്റെ സർഗ്ഗാത്മക പ്രവർത്തന ങ്ങളെ പ്രതികൂലമായി ബാധിച്ചതായി കാണാം.

മതവികാരം വൃണപ്പെടുന്നു എന്ന കാരണം ചൂണ്ടിക്കാട്ടി അക്രമപ്രവർത്തന ങ്ങളിൽ ഏർപ്പെടുന്ന ബഹുഭൂരിപക്ഷം ആൾക്കൂട്ടങ്ങളുടെ മുന്നിൽ ഭരണകൂടം കീഴ ടങ്ങുന്ന കാഴ്ചയാണ് രാജ്യത്തുടനീളം കാണാൻ കഴിയുന്നത്. ജനാധിപത്യ മതേ തരരാജ്യത്ത് അഭിപ്രായങ്ങൾ തുറന്ന് പറയുന്നതിനുമുള്ള ഒരു വ്യക്തിയുടെ അവ കാശങ്ങളെ ജാതി, മത രാഷ്ട്രീയ സംഘടനകൾ പലപ്പോഴായി അടിച്ചമർത്താൻ ശ്രമിച്ചതായി മനസ്സിലാക്കാൻ കഴിയും. സ്വാതന്ത്ര്യം എന്ന് പറയുന്നത് ഒരാൾ മറ്റൊ രാൾക്ക ചില നിബന്ധനകളോടെ അനുവദിച്ച് തരേണ്ട ഒരു സംഗതിയല്ല.

നാടുഗദ്ദിക ക്രിസ്തുവിന്റെ ആറാം തിരുമുറിവ്, കുരിശിന്റെ വഴിയിൽ എന്നീ നാടകങ്ങളെ നിരോധിക്കുകയും വിചാരണ ചെയ്യുകയും ചെയ്തതിലൂടെ ഭരണകൂടം അച്ചടക്ക അധികാരം സ്ഥാപിച്ച് കൊണ്ട് കലാകാരൻമാരെ സൂക്ഷ്മമായ നിരീക്ഷണ ങ്ങൾ വിധേയമാക്കി.ആവിഷ്കാരസ്വാതന്ത്ര്യം എന്ന ആശയം കേരളത്തിൽ ചർച്ച യായി തീർന്നത് 'ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്റെ നിരോധനത്തോടെയാണ്. നാടകത്തിന്റെ റിഹേഴ്സൽ ആരംഭിച്ചപ്പോൾ തന്നെ നാടകത്തിനെതിരെ ക്രിസ്തുമ

തവിശ്വാസികളുടെ പ്രതിഷേധമുണ്ടാവുകയും റിഹേഴ്സൽ ക്യാമ്പ് പോലീസ് റെയ്ഡ് ചെയ്യുകയും ചെയ്തു. "മനുഷ്യപുത്രനല്ലാത്ത ക്രിസ്തു, ഒറ്റുകാരനല്ലാത്ത യൂദാസ്, വേശ്യയല്ലാത്ത മറിയ, കള്ളനല്ലാത്ത ബറാബാസ്' എന്നെഴുതിയ നാടകത്തിന്റെ പോസ്റ്റർ പ്രത്യക്ഷപ്പെട്ടതോടെയാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. മതവിശ്വാസിക ളുടെ പ്രതിഷേധങ്ങളെ തുടർന്ന് ഭരണക്കൂടം കേരളത്തിലെ ഓരോ ജില്ലകളിലും നാടകം നിരോധിച്ചു. നാടകത്തെ നിരോധിച്ചപ്പോൾ പുരോഗമന സാഹിത്യക്കാരും, രാഷ്ട്രീയപ്രവർത്തകരും കലാകാരന്റെ ആവിഷ്കാരത്തിന് വേണ്ടി വാദിച്ചു.

സഭയും മതവിശ്വാസികളും ഒരു ഭാഗത്തും പുരോഗമന കലാസാഹിത്യ പ്രവർത്ത കരും മറുഭാഗത്തും തങ്ങളുടെ ആശയങ്ങൾ ശക്തിയായി അവതരിപ്പിച്ചു. കെ. കരു ണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള ഐക്യ ജനാധിപത്യ മുന്നണി സർക്കാർ നാടകനി രോധനത്തെ അനുകൂലിച്ചു. പിന്നീട് അധികാരത്തിൽ വന്ന ഇ.കെ. നയനാർ നയിച്ച ഇടത്പക്ഷ സർക്കാരും നിരോധനം തുടരുകയാണ് ചെയ്തത്. സർക്കാറിനെ നിയ ന്ത്രിക്കാൻ കഴിയുന്ന വോട്ട് ബാങ്കുകളായ മതസംഘടനകളാണ് ആവിഷ്കാരത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചത്. മതവികാരം വ്യണപ്പെടുന്നു എന്ന കാരണത്താലാണ് നിയമം മൂലം നാടകത്തെ നിരോധിച്ചത്. അക്രമസക്തരായ ജനക്കൂട്ടങ്ങൾക്ക് അനു കൂലമായിട്ടാണ് സർക്കാരുകൾ പ്രവർത്തിക്കുന്നതെന്ന് തോന്നിപ്പോകുന്ന സംഭവങ്ങ ളാണ്. മതഅധികാരം ഉപയോഗിച്ച് ജനാധിപത്യ സർക്കാരുകൾക്ക് മേൽ സമ്മർദ്ദം ചെലുത്തി നാടകം പോലുള്ള കലാരൂപങ്ങളെ തടയുന്നു. മതേതരരാജ്യമായ ഇന്ത്യ യിൽ മതവിശ്വാസി അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നത്പോലെ ഒരു യുക്തി വാദിക്ക് അവരുടെ നാസ്തികവാദം പ്രചരിപ്പിക്കാനുള്ള അവകാശമുണ്ട്. ജനാധിപ ത്യ, മതേതര രാജ്യത്ത് ഒരു വ്യക്തിയുടെ അഭിപ്രായസ്വാതന്ത്ര്യത്തെ ആൾക്കൂട്ടങ്ങൾ തടസ്സപ്പെടുത്തുന്നത് വളരെ ദൗർഭാഗ്യകരമാണ്. മതവും, സർക്കാരും ചേർന്ന അധി കാര കേന്ദ്രത്തിനെതിരെ കലാകാരൻമാരും സാഹിത്യകാരും അടങ്ങുന്നവർ നടത്തിയ ചെറുത്ത് നിൽപ്പാണ് 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ അവ തരണവുമായി ബന്ധപ്പെട്ട ഏറ്റവും മനോഹരമായ മുഹൂർത്തം. ഒരു കലാകാരന്റെ തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നത് അയാളുടെ കലാസൃഷ്ടികളിലൂടെയാണ്. ഇത്തരം പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നത് ഭരണഘടനനൽകുന്ന മൗലികാഅ വകാശങ്ങളുടെ ലംഘനമാണ്. ക്രമസമാധാനം തകർക്കുന്ന ആൾക്കൂട്ടങ്ങളെയാണ് നിയന്ത്രിക്കേണ്ടത് കലാപ്രവർത്തനങ്ങളെയല്ല.

അധികാരം എന്ന പരികൽപ്പനയെക്കുറിച്ച് ആദ്യകാലത്തെ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്ന അധികാരമെന്നാൽ മുകളിൽ നിന്ന് താഴേയ്ക്ക് പ്രവഹിക്കുന്ന ശക്തി യാണ് എന്നാണ് അർത്ഥമാക്കുന്നത്. ഒരു നാട് ഭരിക്കുന്നവരെ അധികാരിയെന്നാണ് വിളിച്ചിരുന്നത്. രാജാവ്, പുരോഗിതർ, എന്നിവരിലാണ് അധികാരം കേന്ദ്രീകരിച്ചിരി ക്കുന്നത്. ഈ അധികാരം താഴെ തട്ടിലുള്ളവരിലേയ്ക്ക് ബലപ്രയോഗത്തിലൂടെ അടി ച്ചേൽപ്പിക്കുന്നു. ഫ്യൂഡലിസത്തിന്റെയും, രാജഭരണത്തിന്റെയും കോളേണിയൽ ഭര ണത്തിന്റെ കീഴിലായിരുന്ന രാജ്യങ്ങളിലെ സാധാരണ ജനങ്ങളുടെ ശരീരത്തിന്റെ പൂർണ്ണമായ അധികാരം ഭരണാധികാരികൾക്ക് ആയിരുന്നു. മാർക്സിസ്റ്റ് പ്രസ്ഥാന ശാസ്ത്രത്തിന്റെ വളർച്ചയോട് കൂടിയാണ് അധികാരത്തിന്റെ പ്രയോഗത്തെ കുറിച്ച് കൂടുതൽ പഠനങ്ങൾ രൂപപ്പെട്ട് വന്നത്. മാർക്സിസ്റ്റ് സൈദ്ധാന്തികരുടെ അഭിപ്രായ ത്തിൽ അധികാരം കേന്ദ്രീകരിക്കുന്നത് മൂലധന കൈവശപ്പെടുത്തിയിരിക്കുന്ന ഭര ണകൂടത്തിലാണ്. ഭരണകൂടം ബലപ്രയോഗത്തിലൂടെ അധികാരം സ്ഥാപിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബം, പള്ളി, കലാകായികസംസ്കാരിക പ്രവർത്ത നങ്ങൾ അടങ്ങിയ സ്ഥാപനങ്ങളിലൂടെ ഭരണകൂടം അവരുടെ പ്രത്യായശാസ്ത്രങ്ങളെ ജനങ്ങളിൽ എത്തിക്കുന്നു. അധികാരത്തിന്റെ ഘടന, വിവിധ രൂപങ്ങൾ, സൂക്ഷ്മ മായ പ്രയോഗത്തെ എന്നിവയെ കുറിച്ച് സമഗ്രമായ പഠനം നടത്തിയത് മിഷേൽ ഫൂക്കോ ആയിരുന്നു. പഴയ കാലഘട്ടത്തിൽ വ്യക്തികളുടെ ശരീരത്തെ അധികാരി കൾ പരസ്യമായി ശിക്ഷാനടപടികൾ വിധേയരാക്കിയിരുന്നു. എന്നാൽ ജയിൽ, ഭ്രാന്താ ശുപത്രി എന്നീ സ്ഥാപനങ്ങളുടെ വരവോടെ വ്യക്തികളുടെ ശരീരത്തെയും മനസ്സി നെയും ഭരണകൂടം അതിസൂക്ഷ്മമായ നിരീക്ഷണങ്ങൾ വിധേയമാക്കുന്നു. ജയിലിൽ വ്യക്തികളുടെ ശരീരത്തെ ഭരണകൂടം പൂർണ്ണമായ നിയന്ത്രണങ്ങൾക്ക് വിധേയമാക്കി വസ്തുവൽക്കരിക്കുന്നു. നിരന്തരമായ അച്ചടക്ക നടപടികളിലൂടെ വ്യക്തികളുടെ ശരീ രത്തെയും മനസ്സിനെയും ഭരണകൂടം വഴക്കി എടുക്കുന്നു. അച്ചടക്ക നടപടികളി ലൂടെ രൂപപ്പെടുത്തി എടുക്കുന്ന പൊതുസമൂഹം ഭരണകൂടത്തെ അനുസരിക്കുകയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. അച്ചടക്കം അധികാരം സമൂഹ ത്തിൽ നടപ്പിലാക്കുമ്പോഴും അതിനെ പ്രതിരോധിച്ച് കൊണ്ട് ഭരിക്കപ്പെടുന്നവരുടെ ജൈവരാഷ്ട്ര അധികാരം ശക്തിപ്പെടുന്നു.

## കുറിപ്പുകൾ

1. Augusto Boal. Theatre of the oppressed. 1974. (p-15)
   "It was censored by maccenas and those like him who, with their cally tas incentives, would only pay for plays they approved of, and it was also censored by the priest of Pionysus".
2. 2012 Salman Rushdie Qn A Session India Today Conclave.
   https : // you,be / lerte soft 28 (4:01)
3. Bangladesi writer Taslima Nasirn interviewed by central of secular space. Gita sahgal (Director ) https : // youtu.be / yiacwsstmgc (11:23) (nano Golesorkh channel)
4. റോസെന്താൾ. 2009. കലയും സൗന്ദര്യബോധവും (P .36)
   "കല ജനങ്ങളുടേതാണ് അദ്ധ്വാനിക്കുന്ന വിപുലമായ ജനങ്ങൾക്കിടയിലേയ്ക്ക് വളരെ ആഴത്തിൽ അതിന്റെ വേരോടണം അത് ഈ ബഹുജനങ്ങൾക്ക് മനസ്സിലാകുകയും അവരുമായി ബന്ധപ്പെടുകയും വേണം"
5. റഷ്യൻ തിയേറ്റർ ഡയറക്ടറും ബയോമെക്കാനിസം എന്ന തിയേറ്റർ പദ്ധതിയുടെ ഉപജ്ഞാതാവുമാണ് മെയർ ഹോൾഡ്. നടന്റെ ശരീരചലനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന അഭിനയ പദ്ധതിയാണ് മെയർഹോൾഡ് വികസിപ്പിച്ചെടുത്തത്. സർക്കസ്, കോമഡി ഡെൽ ആർട്ടോ, പാന്റോമൈം എന്നിവ നടനപരിശീലനത്തിനായി പ്രയോജനപ്പെടുത്തി. റിയലിസ്റ്റിക് തിയേറ്റർ രീതികളോട് അതിശക്തമായ വിയോജിപ്പാണ് ബയോ മെക്കാനിസം എന്ന അഭിനയ പദ്ധതിയിലൂടെ മെയർഹോൾഡ് മുന്നോട്ട് വച്ചത്.
6. Andrei, Malaev . The Vakhatangove saurce book. 2011 (Page : 16)
   " The same year meyerhold was arrested on stalin order. He was sentanced and shot in a moscow prison following year on false accusation."
7. Alison Hodge. Actor Training. 2010. (Page : 6)
   "Stanslavisky lived the last four yeras of his life in internal exile, according to stalin's policy of isolation and preservation reserved for internationally known soviet citizen."

8. Nandi Bhatia. 2004. Acts of authority Acts of Resistance. ( P : 22)

" Not only did it establish Nildarpan as the first nationalist drama, it is inagurated the theatre as a powerful weapon of resistance in the sruggle for independance from colonial rule".

9. Durga Das Basu. 2015. Introduction to the constitution of India. (P : 111).

"Even through the institutional freedom of speech and expression is not absolute and canbe subjected to reasonable restrictions on the ground such as decency and morality".

10. Panday, J.N. 2014. Constitutioanl law of India. (Page : 180- 81)

" If people were given complete and absolute liberty without any social control, the result wouldbe ruined'.

11. Russel, Bertrand. 2004. Power (P: 9)

" Love of power, in various limited forms , it is almost universal but in its absolute form it is rare. A woman who enjoys power in the management of her house is likely to shink from the sort of political power enjoyed by a prime minister.

12. Russel, Bertrand. 2004. power (P. 33) "The most succeful democratic politicians are those who succed in abolishing democracy and becoming dictators.

13. Chris, Hann.2000. Social Anthropology (P. 120)

"You cant organize a modern democratic state on the basic of a hunger gather economy"

14. Richrd A Lunch. 2011. Michel foucault key concepts. (page : 21)

Power is not an institution or a structure nor an individual capacity, but ratherthan a complex arrengement forces in society.

15. Hoffman, Mercelo. 2011 michel faucalt key concepts. (P. 28)

" The concept of disciplinary power concerns individuals, It is the specific techniques of power that regards individuals as objects and as instruments of its exercise.

## അദ്ധ്യായം രണ്ട്

# കേരളത്തിലെ തീവ്രഇടതുപക്ഷവും, കലാപ്രവർത്തനങ്ങളും

1960 കൾക്ക് ശേഷമാണ് കേരളത്തിൽ നക്സൽ പ്രസ്ഥാനത്തിന് വേരോട്ടമുണ്ടായത്. 1964 ൽ അഭിവ്യക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(CPI) പ്രത്യയശാസ്ത്രപരമായ ഭിന്നതകൾകൊണ്ട് രണ്ടായി പിളരുകയും, സോഷ്യലിസ്റ്റ് റഷ്യയെ അനുകൂലിക്കുന്നവരും ചൈനയുടെ നയത്തെ പിൻതുടരുന്നവരും രണ്ട് പാർട്ടികളിലായി മാറി. ചൈനയുടെ നയത്തെ പിൻതുടരുന്നവരെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ് (CPI (M)) എന്നറിയപ്പെടാൻ തുടങ്ങി, റഷ്യൻ അനുകാലികൾ മാതൃസംഘടനയിൽ തുടർന്നു. എന്നാൽ സി.പി.ഐ(എം) ഉണ്ടായിരുന്ന കുറച്ചുപേർ ചൈനയുടെ സാംസ്കാരിക വിപ്ലവത്തിന്റെ മാതൃകയിൽ ഇന്ത്യയിൽ സായുധവിപ്ലവം നടത്തണമെന്ന് വാദിച്ചു. അവർ പിന്നീട് പാർട്ടിയുമായി പിരിഞ്ഞ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് മാവേ സെ തൂങ്ങിനെ തങ്ങളുടെ നേതാവായി പരിഗണിച്ചുകൊണ്ട് ഭരണകൂടത്തിനെതിരെ സായുധവിപ്ലവം നടത്തി. പശ്ചിമബംഗാളിലെ ഡാർജലിങ് ജില്ലയിലെ *'നക്സർബാരി'* എന്ന കർഷകഗ്രാമത്തിലെ ആദിവാസികളായ ജനങ്ങളാണ് ഇത്തരത്തിലുള്ള സായുധവിപ്ലവം നടത്തിയത്. ആദിവാസികളും കർഷകരും അടങ്ങുന്ന സംഘം ജന്മിമാർക്കെതിരെ നടത്തിയ വിപ്ലവത്തെ 'നക്സൽമൂവ്മെന്റ്' എന്നറിയപ്പെടാൻ തുടങ്ങി. ചാരു മജുംദാർ, കനു സന്യാൽ ജംഗൽ സന്താൾ എന്നിവരുടെ നേതൃത്വത്തിലാണ് നക്സൽ പ്രക്ഷോഭം ആരംഭിച്ചത് "1967 ജൂലൈ അഞ്ചിന് ചൈനയുടെ പീപിൾസ് ഡെയ്‌ലി പത്രത്തിലെ മുഖപ്രസംഗം പീക്കിംഗ് റേഡിയോ പ്രക്ഷോപണം ചെയ്തതോടെയാണ് നക്സൽബാരി എന്ന കൊച്ചുഗ്രാമത്തിൽ നടന്ന കർഷകരുടെ സായുധവിപ്ലവത്തിന് ലോകപ്രശസ്തി ലഭിക്കുന്നത്." (അജീഷ്, റ്റി. 2016:15).

ചൈനയുടെ പെക്കിംഗ് റേഡിയോ ഈ മുന്നേറ്റത്തെ 'വസന്തത്തിന്റെ ഇടിമുഴക്കം' എന്നാണ് വിശേഷിപ്പിച്ചത്. ഭരണകൂടം ഈ സായുധകലാപത്തെ അടിച്ചമർത്തിയെങ്കിലും ഇന്ത്യയിലെ പല ഭാഗങ്ങളിലും നക്സൽ അനുകൂല പ്രവർത്തനങ്ങൾ ഉണ്ടായി. കേരളത്തിൽ ഇത്തരത്തിലുള്ള നക്സൽ അനുകൂല പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കോഴിക്കോട് കുന്നിക്കൽ നാരായണന്റെ നേതൃത്വത്തിലാണ്. 1968 മുതൽ കുന്നിക്കൽ നാരായണൻ, ഭാര്യ മന്ദാകിനി, മകൾ കെ. അജിത, തേറ്റമല കൃഷ്ണൻകുട്ടി, വെള്ളത്തൂവൽ സ്റ്റീഫൻ, മുണ്ടൂർ രാവുണ്ണി, എ. വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ ഭരണകൂടത്തെ സായുധകലാപത്തിലൂടെ കീഴ്പ്പെടുത്താൻ തീരുമാനിച്ചത്. ഭരണകൂടത്തിന്റെ മർദ്ദനോപകരണമായ പോലീസ് സ്റ്റേഷൻ ആക്രമിക്കാൻ അവർ പദ്ധതിയിട്ടു. തലശ്ശേരി, വയനാട്ടിലെ പുൽപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലെ പോലീസ്സ്റ്റേഷനുകൾ ആക്രമിച്ച്കൊണ്ട് നക്സൽ പ്രവർത്തകർ അവരുടെ സാന്നിദ്ധ്യം കേരളത്തെ അറിയിച്ചു. പിന്നീട് അജിതയെയും, ഫിലിപ്പ്. എം. പ്രസാദിനെയും അറസ്റ്റ് ചെയ്യുകയും കുന്നിൻ നാരായണൻ പോലീസില് കീഴടങ്ങുകയും, എ. വർഗ്ഗീസിനെ ആസൂത്രിതമായി പോലീസ് വെടിവച്ചു കൊല്ലുകയും ചെയ്തതോടെ കേരളത്തിലെ നക്സൽപ്രസ്ഥാനത്തിന്റെ ഒന്നാംഘട്ടം അവസാനിച്ചു. പിന്നീട് അടിയന്തരാവസ്ഥ ആരംഭിച്ചതോടുകൂടി കെ. വേണുവിന്റെ നേതൃത്വത്തിലാണ് നക്സൽ പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടം രൂപപ്പെട്ടത്.

നക്സൽ പ്രസ്ഥാനവുമായി അനുഭവം പ്രകടിപ്പിച്ച എഴുത്തുകാർ അടിയാന്തരാവസ്ഥയുടെ ഭീകരനാളുകളെ കവിതയിലൂടെയും ചെറുകഥയിലൂടെയും സർഗ്ഗാത്മകമായ പ്രതിരോധം തീർത്തുകൊണ്ട് ഭരണകൂടം സൃഷ്ടിച്ച നിശബ്ദയെ ഭേദിക്കാൻ ശ്രമിച്ചു. കേരളത്തിലെ യുവാക്കളുടെ ഇടയിൽ നക്സൽ പ്രവർത്തനങ്ങൾ വലിയ സ്വാധീനം ഉണ്ടായി. അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽ കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന രാജന്റെ തിരോധാനവും അതിനെ തുടർന്നുള്ള രാഷ്ട്രീയ കോലാഹലങ്ങളും കേരളത്തിൽ അരങ്ങേറി. അടിയന്തരാവസ്ഥയ്ക്ക് ശേഷം ജനകീയ പ്രശ്നങ്ങളിൽ ഇടപെടാനും സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും നക്സൽ പ്രവർത്തകരുടെ ഒരു വിഭാഗം തീരുമാനിച്ചു. കവിയരങ്ങുകൾ, തെരുവ് നാടകങ്ങൾ, ജനകീയ വിചാരണ, ലിറ്റിൻ മാഗസിനിന്റെ പ്രവർത്തനങ്ങൾ ഇത്തരത്തിലുള്ള പുത്തൻ സംസ്കാരിക പ്രവർത്തനങ്ങൾ ജനകീയമായി അവർ അവതരിപ്പിച്ചു.

കവിതയെയും നാടകത്തെയും സാധാരണക്കാരുടെ ഇടയിൽ പ്രചരിപ്പിച്ച ഈ കൂട്ടായ്മയാണ് 'ജനകീയ സാംസ്കാരികവേദി' എന്നറിയപ്പെട്ടത്. മധുമാഷ്, ബി. രാജീവൻ, സിവിക് ചന്ദ്രൻ, കവിയൂർ ബാലൻ, സച്ചിദാനന്ദൻ, കെ.ജി. ശങ്കരപിള്ള തുടങ്ങിയവരാണ് സാംസ്കാരിക വേദിയെ നയിച്ചത്. തീവ്രഇടതുപക്ഷപാർട്ടിയുടെ ജനകീയ മുഖമായിരുന്നു ജനകീയ സാംസ്കാരിക വേദി ആഫ്രിക്കൻ രാജ്യങ്ങളും ലാറ്റിനമേരിക്കൻ രാജ്യങ്ങളും അടങ്ങുന്ന മൂന്നാം ലോകരാജ്യങ്ങളിലെ പ്രതിരോധത്തിന്റെ ഭാഗമായി രൂപപ്പെട്ട കവികൾ, നാടകങ്ങൾ എന്നിവ കെ.സച്ചിദാനന്ദൻ അടക്കമുള്ള കവികൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തു. കവിയരങ്ങുകളും നാടകാവതരണവും സാധാരണക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് വേണ്ടി ജനകീയ സംസ്കാരിക പ്രവർത്തകർ തെരുവിനെ അരങ്ങായി മാറ്റുകയായിരുന്നു. ഫ്രാൻസിൽ സാർത്രിന്റെ നേതൃത്വത്തിൽ തുടങ്ങിയ ന്യൂലെഫ്റ്റ് മൂവ്മെന്റിന്റെ ആവേശമാണ് ഇവരെ നയിച്ചത്. സാർത്ര്, നെരൂദ തുടങ്ങിയവരുടെ കവിതകൾ കേരളത്തിന്റെ തെരുവുകളിൽ ജനകീയ സംസ്കാരികവേദി അവതരിപ്പിച്ചു. ജനകീയ സംസ്കാരികവേദി അവതരിപ്പിച്ച ജനകീയകലാപ്രവർത്തനങ്ങൾ തെരുവിലൂടെ കടന്ന് പോയവർ പുത്തൻ അനുഭവമാണ് നൽകിയത്. മധുമാഷ് സംവിധാനം ചെയ്ത്, കോഴിക്കോട് രണചേതന അവതരിപ്പിച്ച 'അമ്മ', 'സ്പാർട്ടക്കാസ്' എന്നീ നാടകങ്ങൾ കേരളത്തിൽ ഉടനീളമുള്ള അരങ്ങുകളിൽ അവതരിപ്പിച്ചു. ജനകീയ സംസ്കാരികവേദിയുടെ ഏറ്റവും ശക്തമായ നാടകമായിരുന്നു കെ.ജെ. ബേബിയുടെ 'നാടുഗദ്ദിക'. നൂറ്റാണ്ടുകളായി വയനാട്ടിലെ ആദിവാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളുടെ നേർകാഴ്ചയായിരുന്നു 'നാടുഗദ്ദിക'. ജനകീയ സാംസ്കാരിവേദിയുടെ സംസ്ഥാനകമ്മറ്റി അംഗമായിരുന്ന പി.എം. ആന്റണി, സാംസ്കാരിക വേദി പിരിച്ച് വിട്ടതിന് ശേഷം അവതരിപ്പിച്ച നാടകമായിരുന്നു. 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്'. മതവികാരം വൃണപ്പെടുത്തി എന്ന കാരണത്താൽ നാടകത്തെ കോടതി നിരോധിച്ചു. ഈ നാടകത്തെ നിരോധിച്ചതിൽ പ്രതിക്ഷേധിച്ചാണ് തൃശ്ശൂരിലെ നാടകപ്രവർത്തകർ ജോസ് ചിറമ്മേലിന്റെ നേതൃത്വത്തിൽ 'കുരിശിന്റെ വഴി' എന്ന പ്രതിരോധനാടകം അവതരിപ്പിക്കാൻ തീരുമാനിച്ചത്. എന്നാൽ നാടകം തുടങ്ങുന്നതിന് മുമ്പ്തന്നെ തൃശ്ശൂരിലെ ആലപ്പാട് വച്ച് ഈ നാടകത്തിന്റെ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു. ഗവേഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത നാടുഗദ്ദിക, ക്രിസ്തുവിന്റെ ആറാംതിരുമുറിവ് എന്നീ നാടകങ്ങൾ കേരളത്തിന്റെ തീവ്ര ഇടത്പക്ഷവുമായോ ജനകീയ സാംസ്കാരിക വേദിയുമോ ബന്ധമുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതിനാൽ

കേരളത്തിലെ തീവ്രഇടതുപക്ഷ ആശയങ്ങളുടെ വളർച്ചയെ കുറിച്ചും അതിന്റെ തുടർച്ച യായ ജനകീയ സംസ്കാരികവേദിയെ കുറിച്ചും ഈ അദ്ധ്യയത്തിൽ പഠനവിധേയ മാക്കുന്നു. ഇത്തരത്തിൽ കേരളത്തിന്റെ കലാസാഹിത്യമേഖലകളിലെ ജനകീയ സ്വഭാ വമുള്ള ബദൽമുന്നേറ്റങ്ങളെക്കുറിച്ചുള്ള പഠനം കാലിക പ്രാധാന്യമുള്ളതാണ്.

**2.1 നക്സൽ മൂവ്മെന്റ് – സംസ്കാരികപ്രവർത്തനങ്ങൾ**

"ജനങ്ങളോട് അടുത്ത ബന്ധമില്ലാത്ത ഒരു വിപ്ലവസംസ്കാരിക പ്രവർത്ത കൻ സേനയില്ലാത്ത ഒരു സേനാനായകനാണ്. അയാളുടെ ആയുധശക്തിയ്ക്ക് ശത്രു വിനെ വീഴ്ത്താൻ കഴിയുകയില്ല". (മാവോ സെ തൂങ്ങ്. 1983:40)

ബംഗാളിലെ നക്സൻബാരിയിൽ ഉണ്ടായ കർഷകസമരവും, സായുധവിപ്ലവവും ഇന്ത്യയിലുടനീളം വലിയ ചലനങ്ങൾ ഉണ്ടാക്കി. നക്സൻബാരിയിൽ പോലീസ്സുമാ യുള്ള ഏറ്റുമുട്ടലിൽ ഒരു കുട്ടിയടക്കം പതിനൊന്ന്പേർ കൊല്ലപ്പെട്ടു; പോലീസിന്റെ ഈ അതിക്രമത്തിന് എതിരെ രാജ്യത്ത് ഉടനീളം വലിയ പ്രതിഷേധങ്ങൾ രൂപപ്പെട്ടു. കേരളത്തിൽ നക്സൽബാരി സമരത്തെ പിൻതുണച്ചുകൊണ്ട് നിരവധിപേർ മുന്നോ ട്ടുവന്നു. മാവേയുടെ ആശയങ്ങളിൽ ആകൃഷ്ടരായ കുന്നിക്കൽ നാരായണൻ, പാല ക്കാട് നിന്ന് മുണ്ടൂർ രാവുണ്ണി, ഇടുക്കി മലയോരമേഖലയിൽനിന്ന് വെള്ളത്തൂവൽ സ്റ്റീഫൻ, വെള്ളമുണ്ടയിൽ നിന്ന് എ. വർഗ്ഗീസ്, തിരുവനന്തപുരത്ത് നിന്ന് ഫിലിപ്പ് എം. പ്രസാദ് എന്നിവർ നക്സൽബാരിയുടെ മാതൃകയിൽ കേരളത്തിൽ സായുധ വിപ്ലവം നടത്താൻ തീരുമാനിച്ചു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽനിന്ന് ഒരുപാട്പേർ നക്സൽ പ്രസ്ഥാനത്തിന്റെ ഭാഗമായി മാറി. ഭരണകൂടത്തിന്റെ മർദ്ദന ഉപകരണമായ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കാൻ നക്സൽ പ്രവർത്തകർ തീരു മാനിച്ചതിന്റെ ഭാഗമായി 1968 നവംബർ 22 ന് തലശ്ശേരി പോലീസ് സ്റ്റേഷനും, നവം ബർ 24 ന് വയനാട്ടിലെ പുൽപള്ളി പോലീസ് സ്റ്റേഷനും നക്സൽ പ്രവർത്തകർ ആക്രമിച്ചു. കേരളത്തിലെ നക്സൽ പ്രസ്ഥാനത്തിന്റെ ശക്തമായ പ്രവർത്തനങ്ങൾക്ക് തുടക്കം ഈ ആക്രമണങ്ങളോട് കൂടിയാണ്. ഈ കലാപത്തിൽ പങ്കെടുത്ത കെ. അജിത, ഫിലിപ്പ് എം പ്രസാദ്, തുടങ്ങിയ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യു കയും കുന്നിൽക്കൽ നാരായണൻ പോലീസ്സിൽ കീഴടങ്ങുകയും ചെയ്തു. ചാരുമ ജുംദാറിന്റെ നേതൃത്വത്തിലുള്ള നക്സൽപ്രവർത്തകർ ജൻമിത്വത്തെ മുഖ്യശത്രുവായി പരിഗണിച്ചപ്പോൾ കുന്നിൽക്കൽ നാരായണൻ മുഖ്യശത്രുവായി കരുതിയത് ഭരണ കൂടത്തെയാണ്. അതുകൊണ്ടാണ് ഭരണകൂടത്തിന്റെ ശക്തികേന്ദ്രമായ പോലീസ്

സ്റ്റേഷൻ ആക്രമിക്കാൻ തീരുമാനിച്ചത്. എന്നാൽ കുന്നിൽക്കൽ നാരായണനുമായി കേരളത്തിലെ മറ്റ് നക്സൽ പ്രവർത്തകർ സഹകരിക്കാൻ തയ്യാറായില്ല. പുൽപ്പള്ളി കലാപത്തിൽ പങ്കെടുക്കുകയും പോലീസിന് പിടികൊടുക്കാതെ ഒളുവിൽ കഴിയുകയും ചെയ്ത എ. വർഗ്ഗീസ്, വാസു (ഗ്രോവാസു) എന്നിവർ ജൻമിത്വത്തിനെതിരെ വിപ്ലവം ചെയ്യാൻ തീരുമാനിച്ചു. വയനാട്ടിലെ ആദിവാസികൾക്ക് ഇടയിൽ സ്വാധീനമുണ്ടായിരുന്ന എ. വർഗ്ഗീസ് അവരെ ചൂഷണത്തിന് വിധേയമാക്കികൊണ്ടിരുന്ന ജന്മിമാരെ ഉൻമൂലനം ചെയ്യാൻ തീരുമാനിച്ചു. 1970 ഫെബ്രുവരി ഒൻപതിന് വർഗ്ഗീസിന്റെ നേതൃത്വത്തിലുള്ള നക്സൽ സംഘം വയനാട്ടിലെ തൃശ്ശിലേരി, തിരുനെല്ലി എന്നീ പ്രദേശങ്ങളിലെ ജൻമിമാരുടെ വീടുകൾ ആക്രമിക്കുകയും, ഭൂപ്രഭുവായ വാസുദേവ അഡിഗ, കച്ചവടക്കാരൻ ചേക്കു എന്നിവരെ വധിക്കുകയും, നാട്ടുകാരിൽ നിന്ന് അവർ കൈയടക്കിയ ഭൂരേഖകൾ തീയിട്ട് നശിപ്പിക്കുകയും ചെയ്തു. ചോമൻ, ബട്ടി, ചമ്പാരൻ, കൊറിയൻ, ഗോണി, വി.കെ. കരിയൻ, വരച്ചാത്തൻ, കട്ടക്കാളൻ തുടങ്ങിയ ആദിവാസികളായ കർഷകരും വർഗ്ഗീസിനോടൊപ്പം കലാപത്തിൽ പങ്കെടുത്തു. ഈ കലാപത്തിന് ശേഷം എ. വർഗ്ഗീസിനെ പോലീസ് പിടികൂടി  വെടിവച്ച് കൊന്നു. ഐ.ജി. ലക്ഷ്മണയുടെ, നിർദ്ദേശപ്രകാരമാണ് വർഗ്ഗീസിനെ വെടിവച്ച് കൊന്നത് എന്ന് കോൺസ്റ്റബിൾ രാമചന്ദ്രൻനായരുടെ വെളിപ്പെടുത്തലോടെയാണ് അതൊരു ആസൂത്രിത കൊലപാതകമാണെന്ന് പുറംലോകം മനസ്സിലാക്കിയത്. പിന്നീട് വെള്ളത്തൂവൻ സ്റ്റീഫന്റെ നേതൃത്വത്തിൽ തെക്കൻ കേരളത്തിലെ കിളിമാനൂർ, കുമ്മിൾ, നഗരൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ജന്മിമാർക്ക് എതിരെ ശക്തമായ ഉൻമൂലന പ്രവർത്തനങ്ങൾ നടത്തി. ഈ കലാപങ്ങൾക്ക് നേതൃത്വം നൽകിയ വെള്ളത്തൂവൽ സ്റ്റീഫന്റെ അറസ്റ്റോടുകൂടി നക്സൽപ്രവർത്തനത്തിന്റെ ഒന്നാംഘട്ടം അവസാനിച്ചു. 1970 കൾക്ക് ശേഷമാണ് കെ.വേണുവിന്റെ നേതൃത്വത്തിൽ 'ഇങ്കിലാബ്' എന്ന തീവ്ര ഇടതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള 'ലിറ്റിൽ മാഗസീൻ' പുറത്തിറക്കിയത്. പല ഗ്രൂപ്പുകളായി പിരിഞ്ഞ നക്സൽപ്രവർത്തകരെ കെ. വേണു ഏകോപിക്കാൻ ശ്രമിച്ചു. അടിയന്തരാവസ്ഥയിൽ കെ. വേണുവിന്റെ നേതൃത്വത്തിലാണ് നക്സൽ പ്രവർത്തനങ്ങൾ നടന്നത്. പൗരസ്വാതന്ത്ര്യം റദ്ദ്ചെയ്ത അടിയന്താരാവസ്ഥയിലാണ് കെ. വേണുവിന്റെ നേതൃത്വത്തിൽ കായണ്ണ പോലീസ്സ്റ്റേഷൻ ആക്രമിച്ചത്, ഈ കേസ്സിന്റെ ഭാഗമായിട്ടാണ് കോഴിക്കോട് എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥിയായ രാജനെ പോലീസ് അറസ്റ്റ്ചെയ്ത് കക്കയം ടോർച്ചർ ക്യാമ്പിൽവച്ച് കൊലപ്പെടുത്തി

യത്. എല്ലാ സർഗ്ഗാത്മ പ്രവർത്തനങ്ങളെയും സെൻസറിംഗിന് വിധേയമാക്കിയ അടിയന്തരാവസ്ഥയുടെ നാളുകളിൽ നക്സൽ പ്രവർത്തകരും, വളരെ കുറച്ച് സാഹിത്യ പ്രവർത്തകരും കലാസാഹിത്യ പ്രവർത്തനങ്ങളിലൂടെ ഏകാധിപത്യത്തെ ശക്തമായി വിമർശിച്ചു. ബഹുഭൂരിപക്ഷം മുഖ്യധാര സാഹിത്യകാർ നാവടക്കി നിശബ്ദത പാലിച്ചപ്പോൾ കവിതകളിലൂടെയും കഥകളിലൂടെയും അടിയന്താരവസ്ഥയുടെ അധികാരത്തെ ചോദ്യംചെയ്യാൻ വളരെ കുറച്ചുപേർക്ക് സാധിച്ചു. കെ. സച്ചിദാനന്ദൻ, ബി. രാജീവൻ, കെ.ജി.ശങ്കരപിള്ള, യു.പി. ജയരാജ്, എം. സുകുമാരൻ, പി.കെ. നാണു തുടങ്ങിയവർ സർഗ്ഗാത്മകപ്രവർത്തനങ്ങളിലൂടെ അടിയന്താരാവസ്ഥയെ നേരിട്ടു. നിരന്തരമായ അറസ്റ്റും ചോദ്യംചെയ്യലും ഈ കലാകാരൻമാരെ തളർത്തിയില്ല. അടിയന്താരവസ്ഥയ്ക്ക് ശേഷവും ഈ സാംസ്കാരികകൂട്ടായ്മ കേരളത്തിലെ ദൃശ്യകലാസാംസ്കാരത്തെ മാറ്റിമറിച്ചു. പ്രതിരോധത്തിന്റെയും പ്രതികരണത്തിന്റെയും ശക്തമായ ഈ ബദൽ സാംസ്കാരിക കൂട്ടായ്മയാണ് പിന്നീട് 'ജനകീയ സാംസ്കാരിക വേദിയ്ക്ക്' തുടക്കം കുറിച്ചത്. "സാംസ്കാരിക വേദിയിൽ ഭാഗമായവർ സൗന്ദര്യശാസ്ത്രപരമായി പഴയ മട്ടിലുള്ള പുരോഗമന കാല്പനിക കാവ്യരഥ്യയിലോ റിയലിസ്റ്റിക് തിയേറ്ററിലോ റിയലിസ്റ്റിക് കലയിലോ തൃപ്തരായിരുന്നില്ല. അവർ കൂടുതൽ അടുത്ത് നിന്നത് മൂന്നാം ലോകത്ത് ഉയർന്നുവന്നിരുന്ന ആധുനികതാസമ്പ്രദായങ്ങളോടായിരുന്നു.' (സച്ചിദാനന്ദൻ, കെ. 2017, മെയ് 21, മാതൃഭൂമി ആഴ്ചപ്പതിപ്പ്)

### 2.1.1 കലാപ്രവർത്തനം : തീവ്രഇടതുപക്ഷം ; പ്രത്യയശാസ്ത്രം

കാലം പഴയതല്ല
വിട്ടുവീഴ്ചകളില്ല
ചോരയ്ക്കു ചോര
തോക്കിനു തോക്ക്      (ശങ്കരപ്പിള്ള കെ.ജി, 1997: 39)

1917 ലെ റഷ്യൻ വിപ്ളവത്തിന് ശേഷമാണ് ഇടതുപക്ഷആശയങ്ങൾ പ്രചരിപ്പിക്കുന്ന കലാപ്രവർത്തനങ്ങൾ ശക്തമായ രീതിയിൽ രൂപപ്പെട്ട് തുടങ്ങിയത്. സാമൂഹികമാറ്റങ്ങളെ ഉൾക്കൊള്ളുകയും തൊഴിലാളിവർഗസർവ്വാധിപത്യമെന്ന ആശയത്തെ പ്രചരിപ്പിക്കുകയും വൈരുധ്യാത്മകഭൗതികവാദത്തെ കലാപ്രവർത്തനത്തിൽ സന്നിവേശിപ്പിച്ച സോഷ്യൽ റിയലിസം ( social realism ) എന്ന പുതിയ ആവിഷ്ക്കാരരീതി റഷ്യയിൽ നിലവിൽ വന്നു. റഷ്യൻ വിപ്ലവനായകൻ ലെനിന്റെ മരണത്തോടെ അധികാരത്തിൽ വന്ന സ്റ്റാലിൻ സോഷ്യൽ റിയലിസത്തെ കലാകാരൻമാരുടെ ഇടയിൽ അടിച്ചേൽപ്പിച്ചു. തൊഴിലാളികളും അവർക്ക് വേണ്ടി പോരാടുന്ന ക

മ്മ്യൂണിസ്റ്റുകാരും കലാസാഹിത്യപ്രവർത്തനങ്ങളിൽ പ്രധാനവിഷയമായി. മാക്സിംഗോർക്കിയുടെ ***അമ്മ*** പോലുള്ള നോവലുകൾ സോഷ്യൽ റിയലിസത്തിന് കൂടുതൽ കരുത്ത് നൽകി. 1934 ൽ മോസ്ക്കോയിൽ അണിനിരന്ന സാഹിത്യപ്രവർത്തകരുടെ സമ്മേളനത്തിൽ മാക്സിംഗോർക്കി അവതരിപ്പിച്ച 'സാംസ്കാരികനായകരേ, നിങ്ങൾ ഏത് ചേരിയിലാണ്?' എന്ന പ്രമേയം സോഷ്യൽ റിയലിസം എന്ന ആശയത്തിന് കൂടുതൽ കരുത്ത് നൽകി. സ്റ്റാലിൻ അധികാരത്തിൽ വന്നതിന് ശേഷം എല്ലാ ആധുനികകലാപരീക്ഷണങ്ങളെയും അടിച്ചമർത്തുകയും വർഗസമരത്തെ അനുകൂലിക്കുന്ന സോഷ്യൽ റിയലിസം എന്ന കലാപ്രവണതെ മാത്രം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. റഷ്യൻ വിപ്ളവത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ടാണ് മാവോ സെ തുങ്ങ് (1893-1976 ) ചൈനയിൽ അധികാരം പിടിച്ചെടുത്തത്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയങ്ങളുടെ തുടർച്ചയെന്ന നിലയിലാണ് മാവോയുടെ ആശയങ്ങളെ കമ്മ്യൂണിസ്റ്റ് അനുഭാവികൾപരിഗണിച്ചത്. 1942 മെയ് 2-ാം തീയതി യെനൻ ഫോറത്തിൽ വച്ച് മാവോ സെ തുങ്ങ് നടത്തിയ പ്രസംഗങ്ങൾ കലസാഹിത്യപ്രവർത്തനങ്ങളെപ്പറ്റിയുള്ള പുതിയ ദർശനങ്ങളാണ്. വിപ്ളവകലാകാരൻമാരുടെ ലക്ഷ്യങ്ങൾ, കലാപ്രവർത്തനങ്ങൾ എങ്ങനെയാണ് സാധ്യമാക്കേണ്ടത്, കലാസൃഷ്ടികളിലെ ഭാഷാപ്രയോഗം തുടങ്ങിയ കാര്യങ്ങളിൽ അതിസൂക്ഷ്മമായ നിരീക്ഷണങ്ങളാണ് മാവോ നടത്തിയത്. കലാകാരൻമാർ സാധാരണകൃഷിക്കാരുടെ ഇടയിൽ ഇറങ്ങി പ്രവർത്തിക്കണമെന്നും അവരുടെ ജീവിതവും ഭാഷയും പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ കലാസൃഷ്ടികൾ രൂപപ്പെടുത്തണം എന്ന് മാവോ നിർദ്ദേശിച്ചു. അലങ്കാരങ്ങളും സൗന്ദര്യദർശനങ്ങളും അടങ്ങിയ , 'അച്ചിട്ടു വാർത്ത' പോലുള്ള ബുദ്ധിജീവികളുടെ ക്ലാസിക് ഭാഷയെ മാവോ എതിർത്തു. ചൈനീസ് നാട്ടുഭാഷയെ സാഹിത്യനിർമ്മിതിക്ക് ഉപയോഗിക്കണമെന്ന് മാവോ വ്യക്തമാക്കി. ആത്മനിഷ്ഠപരമായ കൃതികളെ അദ്ദേഹം എതിർത്തു. കലാപ്രവർത്തകരെ സാംസ്ക്കാരികസേന എന്നാണ് മാവോ അഭിസംബോധന ചെയ്തത്. ഗ്രാമങ്ങളിൽ പോയി സാധാരണകാരായ ജനങ്ങളെ സംഘടിപ്പിക്കുകയും അവരുടെ സംസാരഭാഷ കലാകാരന്മാർ പഠിച്ച് ആ ഭാഷയിൽ കലാരൂപങ്ങൾ അവതരിപ്പിക്കണമെന്ന് മാവോ അനുശാസിക്കുന്നു.

ശൂന്യതാവാദം, വ്യക്തിവാദം തുടങ്ങിയവയെ പിൻതുണച്ച് കല കലയ്ക്ക് വേണ്ടി എന്ന ആശയത്തെയും ഉയർത്തിപ്പിടിക്കുന്നവർ ബൂർഷ്വകലാപാരമ്പര്യത്തെയാണ് പിൻതുടരുന്നതെന്ന് എന്ന മാവോ വിശദീകരിച്ചു. ചൈനയുടെ പഴയ സംസ്ക്കാരത്തിൽ നിന്ന് ആവശ്യമുള്ളത് മാത്രം സ്വീകരിക്കുകയും ആവശ്യമില്ലാത്തത്തിനെ തള്ളിക്ക

ഉയാനും മാവോ ആഹ്വാനം ചെയ്തു[1]. ജനങ്ങളുടെ ഇടയിൽ പ്രചാരമുള്ളതും ജനങ്ങൾക്ക് ഇഷ്ടമുള്ളതുമായ കലാരൂപങ്ങളെ വിപ്ലവകലാകാരൻമാർ പഠിച്ച്, അവയെ ഉപയോഗിച്ച് സമൂഹപരിവർത്തനത്തിന് ആവശ്യമായ പുതിയ കലാസൃഷ്ടികൾ രൂപപ്പെടുത്തണമെന്ന് മാവോ നിർദ്ദേശിച്ചു. ഇടത്പക്ഷകലാകാരൻമാർ സാധാരണക്കാരുടെ ഇടയിൽ പ്രവർത്തിക്കാനുള്ള മാർഗ്ഗരേഖയാണ് മാവോ യെനാൻ പ്രസംഗത്തിലൂടെ നൽകിയത്. കലാപ്രവർത്തനങ്ങളുടെ സിദ്ധാന്തമല്ല മാവോ പ്രതിപാദിച്ചത് മറിച്ച് സാധാരണക്കാരുടെ ഇടയിൽ കല എത്തരത്തിലാണ് പ്രയോഗിക്കപ്പെടേണ്ടതെന്നാണ് അദ്ദേഹം യെനാൻ പ്രസംഗത്തിലൂടെ വിശദീകരിച്ചത്. "കല കലയ്ക്ക് വേണ്ടി, വർഗാതീതമായി നിൽക്കുന്നകല അല്ലെങ്കിൽ രാഷ്ട്രീയത്തിൽ നിന്ന് വേറിട്ടതോ സ്വതന്ത്രമായതോ ആയ കല എന്നതൊക്കെ വാസ്തവത്തിൽ ഇല്ലാത്തതാണ്"( മാവോ. 1984 : 88 ).

ചൈനയിൽ 1966 മുതൽ 1969 വരെ മാവോ നടത്തിയ സാംസ്ക്കാരികവിപ്ലവത്തിൽ ആവേശഭരിതരായവരാണ് കേരളത്തിൽ ജനകീയസാംസ്ക്കാരികവേദിക്ക് തുടക്കം കുറിച്ചത്. സാധാരണക്കാരായ ജനങ്ങളുടെ ഇടയിൽ അവതരിപ്പിക്കപ്പെടുന്ന തെരുവ് നാടകങ്ങളും കവിയരങ്ങുകളും ജനകീയസംസ്കാരികവേദി അവതരിപ്പിച്ചു. സാംസ്ക്കാരികപ്രവർത്തകരുടെ ഇടയിലും ക്ളാസ് മുറികളിലും മാത്രം നിറഞ്ഞുനിന്നിരുന്ന കവിത ഉൾപ്പെടെയുള്ള സാഹിത്യകൃതികളെ തെരുവുകളിലേക്കെത്തിച്ചത് ജനകീയസാംസ്ക്കാരികവേദിയാണ്. ജനകീയ സംസ്കാരിക വേദി തെരുവിനെ സംസ്കാരിക ഇടമായി മാറ്റുകയായിരുന്നു.

കേരളത്തിൽ നടന്ന കർഷകസമരങ്ങളിൽ സാധാരണകാരായ തൊഴിലാളികളെ കൂട്ടുന്നതിന് വേണ്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി നാടകത്തെ പ്രചരണ ആയുധമായി തെരഞ്ഞെടുത്തത്. കെ. ദാമോദരന്റെ 'പാട്ടബാക്കി' കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിച്ച ആദ്യ നാടകമായി പരിഗണിക്കാം. തൊഴിലാളികൾക്ക് എതിരെ ഫ്യൂഡൽ പ്രഭുക്കൾ നടത്തി വന്ന കടുത്ത ചൂഷണങ്ങൾക്കെതിരെ നാടകം എന്ന ജനകീയകലാരൂപത്തിലൂടെ നടത്തിയ പ്രതിഷേധമായിരുന്നു 'പാട്ടബാക്കി'യിലൂടെ രൂപപ്പെട്ടു വന്നത്. നിലനിന്നിരുന്ന സാമൂഹികസാഹചര്യങ്ങളെ മാറ്റിത്തീർക്കുന്നതിനും വർഗസമരത്തിൽ അധിഷ്ഠിതമായ ആശയങ്ങൾ നിരക്ഷരരായ സാധാരണക്കാർക്കിടയിൽ പ്രചരിപ്പിക്കാനും 'പാട്ടബാക്കി'ക്ക് കഴിഞ്ഞു. 'പാട്ടബാക്കി', 'കൂട്ടുകൃഷി', 'നമ്മളൊന്ന്' തുടങ്ങിയ നാടകങ്ങളിലൂടെ കേരളത്തിൽ നിലനിന്നിരുന്ന ഫ്യൂഡലിസത്തിനെതിരെ പ്രതികരിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞു.

1952-ൽ കെ.പി.എ.സി ( kerala people's arts club) രൂപീകരിച്ചതോട് കൂടി ഇടതുപക്ഷനാടകാവതരണങ്ങൾ പ്രൊസേനിയം[2] വേദിയിലേക്ക് മാറുകയായിരുന്നു. കെ.ടി.മുഹമ്മദ്, പി.ജെ.ആന്റണി, ഒ.മാധവൻ തുടങ്ങിയ ഇടതുപക്ഷസഹചാരികളുടെ നാടകങ്ങളും പ്രൊസേനിയം വേദിയിലാണ് അവതരിപ്പിച്ചത്. നാടകം അവതരിപ്പിക്കുന്ന ഓഡിറ്റോറിയത്തിലേയ്ക്ക് ജനങ്ങൾ എത്തുന്ന രീതിയായിരുന്നു. ക്ലബ്, സഹകരണസംഘങ്ങൾ, വായനശാലകൾ, സാംസ്കാരികനിലയങ്ങൾ എന്നിവിടങ്ങളിലാണ് പൊതുവേ മുകളിൽ സൂചിപ്പിച്ചവരുടെ നാടകങ്ങൾ അവതരിപ്പിച്ചിരുന്നത്. ജനകീയസാംസ്കാരികവേദിയുടെ ആരംഭിച്ചതോടെ കലാരൂപങ്ങൾ ജനങ്ങളെ തേടിയുള്ള യാത്രആരംഭിച്ചു. കെട്ടിയടച്ച പ്രൊസേനിയം വേദി ഉപേക്ഷിച്ചു കൊണ്ട് കലാരൂപങ്ങൾ തെരുവിലൂടെ സഞ്ചരിച്ച ജനങ്ങളുമായി നേരിട്ട് സംവാദത്തിൽ ഏർപ്പെട്ടു. കെട്ടിയുണ്ടാക്കിയ പ്രോസേനിയം നാടകവേദി രൂപപരമായി അഭിനയതാക്കളെയും കാഴ്ചകാരേയും പരസ്പരം വേർതിരിക്കുന്ന രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. കൃത്യമായ അളവിൽ കസേരകൾ ക്രമീകരിച്ച്, കാഴ്ചകാരുടെ സാമൂഹിക പദവികൾ അനുസരിച്ച് അവരെ മുന്നിലും പിന്നിലുമായി ക്രമീകരിക്കുന്ന പ്രൊസേനിയം സമ്പ്രദായത്തെയാണ് തെരുവ് നാടകങ്ങളുടെ അവതരണത്തോടെ ജനകീയ സാംസ്ക്കാരികവേദി തകർക്കാൻ ശ്രമിച്ചത്. കലാപ്രവർത്തനങ്ങൾ എങ്ങനെയാണ് സാധാരണജനങ്ങളുടെ ഇടയിൽ അവതരിപ്പിക്കേണ്ടത് എന്ന മാവോ സെ തുങ്ങിന്റെ ആശയമാണ് സാംസ്ക്കാരികവേദിയുടെ പ്രവർത്തനങ്ങളിലാകെ പ്രതിഫലിച്ചത്.

**2.2 അടിയന്തരാവസ്ഥ**

"ഓരോ ഭരണകൂടവും ഓരോ സർവ്വാധിപത്യമാണ്. കുശാഗ്ര ബുദ്ധിയും, ബൃഹത് ശേഷിയുമുള്ള ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ച് നിൽക്കുന്ന സംഘടിതമായ ഒരു ചെറുന്യൂനപക്ഷത്താൽ സൃഷ്ടിക്കപ്പെട്ട സർക്കാരല്ലാതെ ഒരുഭരണകൂടത്തിനും അസ്തിത്വമില്ല". (ഗ്രാംഷി, അന്റോണിയോ. 2010:29)

1969 ജൂലൈ 19-ാം തീയതി ബാങ്കുകളെ ദേശസൽക്കരിച്ച് കൊണ്ടുള്ള പ്രഖ്യാപനം ഭരണകക്ഷിയായ കോൺഗ്രസ്സിനുള്ളിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും മുതിർന്ന നേതാവ് മൊറാർജി ദേശായിയും തമ്മിലുള്ള ഭിന്നതകൾ മൂർച്ഛിപ്പിച്ചു. 1969 നവംബറിൽ ശ്രീമതി ഇന്ദിരാഗാന്ധിയെ പാർട്ടിയിൽ നിന്ന് അച്ചടക്കലംഘനത്തിന് പുറത്താക്കിയതോടെ ഭരണകക്ഷിയായ കോൺഗ്രസ്സിൽ പിളർപ്പ് പൂർണ്ണമായി. ജയ

പ്രകാശ് നാരാണയന്റെ നേതൃത്വത്തിൽ തൊഴിലില്ലായ്മക്കും, പട്ടിണിക്കും എതിരെ ശക്തമായ സമരങ്ങൾ രാജ്യത്തിലുടനീളം ഉണ്ടായി. കൂടാതെ 1971 ലെ തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിലെ റായ്ബറി ലോക്സഭാ മണ്ഡലത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിയെ തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിച്ചതിന്റെ പേരിൽ എതിർസ്ഥാനാർത്ഥിയായ രാജ് നാരയണൻ നൽകിയ കേസ്സിന്റെ അടിസ്ഥാനത്തിൽ അലഹബാദ് ഹൈകോടതി ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് റദ്ദുചെയ്യുകയും, ആറ് വർഷത്തേയ്ക്ക് തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിന് അവർക്ക് വിലക്കേർപ്പെടുത്തുകയും ചെയ്തു. രാജ്യത്തിലുടനീളം പ്രധാനമന്ത്രിയ്ക്ക് എതിരെ പ്രതിഷേധങ്ങൾ ശക്തമായി. യൂണിവേഴ്സിറ്റികളും, തെരുവുകളും പ്രതിഷേധത്തിന്റെ വേദികളായി. ഇതിനെ നേരിടുന്നതിനുവേണ്ടി ഭരണഘടനയുടെ 352-ാം വകുപ്പ് പ്രകാരം 1975 ജൂൺ 25 അർദ്ധരാത്രി അടിയന്തരാവസ്ഥയുടെ പ്രഖ്യാപനത്തിൽ അന്നത്തെ രാഷ്ട്രപതി ഫക്രുദ്ദീൻ അലി ഒപ്പു വച്ചു. അടിയന്തരവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്ന് പ്രതിപക്ഷനേതാക്കളെ അറസ്റ്റ് ചെയ്തു, മാധ്യമങ്ങൾക്ക് സെൻസെർഷിപ്പ് ഏർപ്പെടുത്തി പൗരാവകാശങ്ങൾ റദ്ദുചെയ്തു, ഭരണഘടന റദ്ദാക്കുകയും ചെയ്തു. സ്വതന്ത്രഇന്ത്യയിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ദിവസങ്ങളായിരുന്നു അടിയന്തരാവസ്ഥയുടെത്.

ആഭ്യന്തര സുരക്ഷനിയമം 'മിസ' (മെയിന്റനൻസ് ഓഫ് ഇന്റേണൽ സെക്യൂരിറ്റി ആക്ട്). പ്രതിരോധ നിയമം (ഡിഫൻസ് ഓഫ് ഇന്ത്യ റൂൾസ്) എന്നി നിയമങ്ങൾ ചുമത്തി പ്രതിഷേധകരെ ജയിലിൽ അടച്ചു. 1975 ജൂൺ മുതൽ 1977 മാർച്ച്വരെ നീണ്ടുനിന്ന ഭീകരവാഴ്ചയായി അടിന്തരാവസ്ഥയെ പിന്നീട് മാധ്യങ്ങൾ വിശേഷിപ്പിച്ചു. 'നാവടക്കൂ, പണി എടുക്കൂ' എന്ന ആപ്തവാക്യം രാജ്യത്തിലുടനീളം മുഴങ്ങികേട്ട കാലഘട്ടമായിരുന്നു അത്. പൗരന്മാർക്ക് മൗലിക അവകാശങ്ങൾ ഉറപ്പ് നൽകുന്ന ഭരണഘടനയുടെ 14,21,22 എന്നീ വകുപ്പുകൾ നിർവ്വീര്യമാക്കി. " ടാഗൂറിന്റെ കവിതകളും, നെഹ്റു മകൾക്ക് എഴുതിയ കത്തുകൾ, ഗാന്ധിജിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' വരെ നിരോധിച്ചു" എന്ന് പി.ഗോവിന്ദപിള്ള അമർഷത്തിന്റെ കവിതകൾ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ പ്രതിപാദിക്കുന്നുണ്ട്. (ഗോവിന്ദപിള്ള.പി, 2015: 4) പത്രങ്ങളുടെ വായമൂടികെട്ടിയ കാലഘട്ടത്തിന്റെ ക്രൂരതകൾ അടിയന്തരാവസ്ഥ പിൻവലിച്ചതിന്ശേഷമാണ് പുറംലോകം അറിയുന്നത്. ജനാധിപത്യം ഏകാധിപത്യത്തിലേയ്ക്ക് തകർന്ന് വീണ് പതിനെട്ട് മാസങ്ങളാണ് ഇന്ത്യ എന്ന രാജ്യം അടിയന്തരാവസ്ഥയിൽ സാക്ഷ്യം വഹിച്ചത്. ജനങ്ങളെ അനു

സരണ ശീലമുള്ളവരാക്കി മാറ്റാൻ ശ്രമിച്ച ഭരണകൂടത്തിന്റെ ശക്തിയെ ഒരു ജനത അനുഭവിച്ചറിഞ്ഞു. "ഇന്ത്യ എന്നാൽ ഇന്ദിര. ഇന്ദിരയെന്നാൽ ഇന്ത്യയാകുന്നു. അന്നത്തെ കോൺഗ്രസ്സ് പ്രസിഡന്റ് ഡി.കെ. ബറുവയുടെ കുപ്രസിദ്ധമായ ആപ്ത വാക്യം". (സേതുനാഥ് കെ പി. 201:55) അടിയന്തരാവസ്ഥയ്ക്ക് ശേഷം ഭരണകക്ഷിയായ കോൺഗ്രസ്സ് രണ്ടായി പിളരുകയും ലോകസഭയിൽ ദയനീയമായി പരാജയപ്പെടുകയും ചെയ്തു. എന്നാൽ കേരളത്തിൽ അടിയന്തരാവസ്ഥയ്ക്ക് ശേഷമുണ്ടായ തിരഞ്ഞെടുപ്പിൽ ഭരണ കക്ഷിയായ കോൺഗ്രസ്സ് ലോക്സഭയിൽ ഇരുപത് സീറ്റിൽ ജയിക്കുകയും നിയമസഭയിൽ നൂറ്റിപതിനൊന്ന് സീറ്റുകൾ നേടി തുടർ ഭരണം സ്ഥാപിക്കുകയും ചെയ്തു.

**2.2.1 അടിയന്തരാവസ്ഥ കേരളത്തിൽ**

"നടവഴിയിൽ, നാലുകെട്ടിൽ
നാട്ടിലെല്ലാം നടപ്പുദീനം
നാട്ടമ്മ നല്ല തേവി
കോട്ടയിൽ നിന്നരുൾ ചെയ്തു
തട്ടുകത്തേ നാവെല്ലും
കെട്ടിയിട്ടു കുരുതിചെയ്യാൻ." (സച്ചിദാനന്ദൻ കെ. 2015 :3 )

ഇന്ത്യൻ ചരിത്രത്തിലെ കറുത്ത ദിവസങ്ങളായിരുന്നു അടിയന്തരാവസ്ഥ പകർന്ന് നൽകിയത്. എല്ലാ പൗരവകാശങ്ങളെയും കാറ്റിൽ പറത്തികൊണ്ട് അധികാരം ചില ആളുകളിൽ മാത്രം കേന്ദ്രീകരിച്ച പതിനെട്ട് മാസങ്ങൾ, പ്രജകളെ എന്തും ചെയ്യാൻ അധികാരമുള്ള രാജഭരണകാലഘട്ടത്തിന്റെ ജനാധിപത്യരൂപമായിരുന്നു അടിയന്തരാവസ്ഥ. ഏതൊരു പൗരനെയും അറസ്റ്റ് ചെയ്യാനും, കൊടിയ മർദ്ദനത്തിന് വിധേയമാക്കാനും കഴിഞ്ഞിരുന്ന മനുഷ്യത്വരഹിതമായ കാലഘട്ടം. പോലീസ് സ്റ്റേഷൻ അല്ലാതെ വാടകയ്ക്ക് എടുത്ത സ്ഥലങ്ങളായ കക്കയം, തിരുവനന്തപുരംത്ത് ശാസ്തമംഗലം, ശംഖുമുഖം തുടങ്ങിയ സ്ഥലങ്ങളിലാണ് പോലീസിന്റെ ഉരുട്ടൽ അടക്കമുള്ള മൂന്നാംമുറകൾ നടത്തിയത്. അടിയന്തരാവസ്ഥ എന്നാൽ മലയാളിയ്ക്ക് പെട്ടെന്ന് ഓർമ്മ വരുന്നത് കക്കയം, ഇടപ്പള്ളി, ശാസ്തമംഗലം അങ്ങനെ കുറെ സ്ഥലങ്ങൾ, മനുഷ്യരെ മൃഗീയമായി തല്ലിചതച്ച കുറച്ച് പോലീസ് ഉദ്യോഗസ്ഥരുടെ പേരുകൾ, കാണാതായ മകനെ തേടി ജീവിതം മുഴുവൻ നിയമപോരാട്ടങ്ങൾ നടത്തിയ ഈച്ചരവാര്യരെപോലുള്ള ചില വൃദ്ധമുഖങ്ങളുമാണ്. അടിയന്തരാവസ്ഥയിൽ എത്ര പേർ കൊല്ലപ്പെട്ടു എത്രപേർ ക്രൂരമായ പീഢനങ്ങൾക്ക് വിധേയരായി എന്ന് കൃത്യമായ കണക്കുകൾ ഇല്ല. അടിയന്തരാവസ്ഥയെ അനുകൂലിച്ചുകൊണ്ട് ആഭ്യന്തര വ

കുപ്പ് മന്ത്രിയായിരുന്ന കെ. കരുണാകരൻ 1975 ജൂലൈ 30 തിന് നിയമസഭയിൽ അവതരിപ്പിച്ച പ്രമേയം ഇത്തരത്തിലായിരുന്നു. "ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രധാന നിലനിൽപ്പ് ആ രാജ്യത്തിന്റെ അച്ചടക്കമാണ്. ഒരു രാജ്യത്തിലെ ജനങ്ങൾക്ക് അവരുടെതായ വികസനത്തിന്റെ വളർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കാനുള്ള സാവകാശം വേണം. അഭിപ്രായസ്വാതന്ത്രം., സംഘടനസ്വാതന്ത്ര്യം എന്നൊക്കെ പറയുന്നത് ആരെയും തൊള്ളയിൽ തോന്നിയത് വിളിച്ചു പറയാനുള്ള സ്വാതന്ത്ര്യമല്ല. ഇവിടെ വിദ്യാലയത്തിൽ വിദ്യാർത്ഥികൾ അച്ചടക്കത്തോടുകൂടി പഠിക്കുന്നതു കാണുമ്പോൾ ആ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് ഉണ്ടാകുന്ന ആനന്ദത്തിന്റെ അശ്രുക്കൾ ഞാൻ കാണുകയാണ്." (2017:69)

കേരളത്തിൽ പോലീസ്‌രാജ് നടപ്പിലാക്കിയ അടിയന്തരാവസ്ഥയോട് കൂടിയാണ് രണ്ടാം നക്സൽപ്രസ്ഥാനം ഉടലെടുക്കുന്നത്. അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽ കുന്നിക്കൽ നാരായണനും, അജിതയും, വെള്ളത്തൂവൽ സ്റ്റീഫനും ജയിലായിരുന്നു. കെ.വേണുവിന്റെ നേതൃത്വത്തിലുള്ള നക്സൽ പ്രവർത്തകർ അടിയന്തരാവസ്ഥയെ നേരിടാൻ  അധികാരകേന്ദ്രമായ പോലീസ് സ്റ്റേഷൻ ആക്രമിക്കാൻ തീരുമാനിച്ചു. 1976 ഫെബ്രുവരി 28 ന് കോഴിക്കോട് കായണ്ണ പോലീസ് സ്റ്റേഷൻ കെ. വേണു, എം. എ. സോമശേഖരൻ, അച്യുതൻ, വത്സരാജൻ, അശോകൻ, കെ. കെ. ദാമു, കുന്നേൻ കൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ ആക്രമിക്കുകയും രണ്ട് റൈഫിളുകൾ സംഘം തട്ടിയെടുക്കുകയും ചെയ്തു.  പോലീസ് സ്റ്റേഷൻ ആക്രമിച്ച വാർത്ത സെൻസെറിംഗ് കാരണം പത്രങ്ങളിൽ വരാത്തത്കൊണ്ട് കെ. വേണുവിന്റെ നേതൃത്വത്തിലുള്ള നക്സൽ പ്രവർത്തകർ കല്ലച്ച് ഉപയോഗിച്ച് നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തു. കായ്യണ്ണ പോലീസ് സ്റ്റേഷൻ ആക്രമത്തോടെ പോലീസ് സംശയം തോന്നിയ എല്ലാപേരെയും അറസ്റ്റ് ചെയ്ത് ഉരുട്ടൽപോലുള്ള ക്രൂരമർദനത്തിന് ഇരയാക്കി. അടിയന്തരാവസ്ഥയിലെ ഭരണകൂടത്തിന് കിട്ടിയ ഏറ്റവും വലിയ തിരിച്ചടിയായിരുന്നു കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണം.  ഈ കേസ്സുമായി ബന്ധപ്പെട്ട് കോഴിക്കോട് റീജിനൽ എഞ്ചിനീയനിയറിംഗ് കോളേജിലെ വിദ്യാർത്ഥികളായ രാജൻ, ജോസഫ് ചാലി എന്നിവരെ അറസ്റ്റ് ചെയ്തു. രാജനെ കക്കയം ക്യാമ്പിൽവച്ച് ക്രൂരമായ ഉരുട്ടലിന് വിധേയമാക്കി കൊലപ്പെടുത്തി എന്നാണ് സഹതടവുകാരായ ജോസഫ് ചാലി, കാഞ്ഞങ്ങാട് രാജൻ, എബ്രഹാം ബെൻഹർ എന്നിവർ ടോർച്ചർ ക്യാമ്പിൽ നിന്ന് മോചിതരായിട്ട് പുറംലോകത്തെ അറിയിച്ചത്.

അടിയന്തരാവസ്ഥയിലെ ഈ ക്രൂരതകളെ കുറിച്ച് മുൻ ഡി.ജി.പി. മധുസൂദനൻ ന്യായികരിച്ചത് ഇത്തരത്തിലാണ്" കുറ്റം ചുമത്തപ്പെട്ടതിൽ ഞാൻ നിരാശനല്ല. ഇതെല്ലാം ഒക്കൂപേഷണൽ ഹസാർഡ് (Occupational hazard) ആയി മാത്രമേ ഞാൻ കണക്കാക്കിയിട്ടുള്ളു. രാജൻ കേസ്സടക്കം." (2017 മെയ് 21, മാതൃഭൂമി ആഴ്ചപ്പതിപ്പ്.)

പോലീസ് അവരുടെ ജോലി ചെയ്യുകയായിരുന്നു എന്ന വാദത്തെ ചോദ്യം ചെയ്യുകയായിരുന്നു രാജന്റെ കൂടെ കക്കയം ക്യാമ്പിൻ ഉരുട്ടലിന് വിധേയനായ കാഞ്ഞങ്ങാട് രാജൻ, "അവർ ഡ്യൂട്ടി ചെയ്യുകയായിരിരുന്നില്ല. ലക്ഷ്മണയും, മുരളീകൃഷ്ണദാസ്, ജയറാം പടിക്കൻ, പുലിക്കോടൻ നാരയണൻ, മധുസൂദനൻ എന്നിവർ കഠിനമായി മർദ്ദിക്കുന്നതിൽ അവർ അനുഭവിച്ചിരിക്കുന്ന ആഹ്ലാദവും താൽപര്യവും നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞതാണ് അത് വ്യക്തമായി പറയാൻ കഴിയും. (രാജൻ കാഞ്ഞങ്ങാട്. 2017 മെയ് 21. മാതൃഭൂമി ആഴ്ചപ്പതിപ്പി: 106)

1977 മാർച്ച് 31 ന് അടിയന്തരാവസ്ഥ പിൻവലിച്ചു. അടിയന്താരാവസ്ഥയ്ക്ക് ശേഷം മുഖ്യമന്തിയായ കെ. കരുണാകരൻ കോഴിക്കോട് എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന രാജനെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല എന്ന കള്ള സത്യവാങ്ങ്മൂലം കോടതിയിൽ സമർപ്പിക്കുകയും എന്നാൽ കോടതിവിധി കെ. കരുണാകരന് എതിരാവുകയും അതിന്റെ ഫലമായി 1977 മാർച്ച് 25 ന് മുഖ്യമന്ത്രി രാജിവയ്ക്കുന്നത് കേരളം സാക്ഷ്യംവഹിച്ചു. അടിയന്തരാവസ്ഥയിൽ തിരുവനന്തപുരം ശാസ്തമംഗലം ടോർച്ചർ ക്യാമ്പിൻ ഉരുട്ടികൊല ചെയ്യപ്പെട്ട നാടകപ്രവർത്തകർ കൂടിയായ വർക്കല വിജയൻ, കക്കയം ക്യാമ്പിൻ വച്ച് കൊല്ലപ്പെട്ട പി. രാജൻ എന്നിവരുടെ ഭൗതീക ശരീരത്തെ പോലീസ് എന്ത്ചെയ്തു എന്ന് ഇന്നും പുറംലോകത്തിന് അറിയില്ല. ടോർച്ചർ ക്യാമ്പിൽവച്ച് കോടതിയുടെ അനുവാദമില്ലാതെ ഇന്ത്യയിൽ ആദ്യമായി നാർകോ അനാലിസിസിന് വിധേയനാക്കപ്പെട്ട പി.ടി. തോമസ്, നാടകത്തിൽ അഭിനയിച്ചതിന്റെ പേരിൽ അറസ്റ്റ് ചെയ്ത് ക്രൂരമായ മർദ്ദനത്തിന് വിധേയമാക്കിയ പതിനാറ് വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന വയനാട് മീനങ്ങാടി സ്വദേശിനിയായ സുലോചന, പോലീസിന്റെ മർദ്ദനത്തെ തുടർന്ന് ഭ്രാന്തായവർ, അങ്ങനെ അറിയപ്പെട്ടതും, അറിയപെടാത്തതുമായ ഒരുപാട് പീഢനങ്ങളാണ് അടിയന്തരാവസ്ഥയുടെ നാളുകളിൽ സംഭവിച്ചത്. എന്നാൽ ഭരണകൂടത്തിന്റെ ഈ ഏകാധിപത്യത്തെ കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും സ്വീകരിച്ചതായി ചരിത്രം സൂചിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ സമരങ്ങൾ ഉണ്ടായില്ല. കൃത്യനിഷ്ഠയോടെ അനുസരണയോടെ ഓഫീസുകളും, സ്കൂളുകളും പ്രവർത്തിച്ചു. ഭരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പരമാധികാരികൾക്ക്

പൂർണ്ണമായ അവകാശം നൽകി മലയാളി സിവിൽ സമൂഹം അടിയന്തരാവസ്ഥയെ സ്വാഗതം ചെയ്തു എന്നതിന്റെ തെളിവാണ് അടിയന്തരാവസ്ഥയ്ക്ക് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ലോകസഭയിലെയും നിയമസഭയിലെയും ഭരണകക്ഷി നേടിയ വലിയ വിജയം.

### 2.2.2 അടിയന്തരാവസ്ഥ: തീവ്ര ഇടത്പക്ഷം ആവിഷ്കാരം

''മറ്റൊരു വ്യക്തിയുടെയോ സചേതന ജീവിതത്തിൽമേൽ പരിപൂർണ്ണ മേൽകോയ്മയുടെ ആനന്ദം സാഡിസത്തിന്റെ അന്തസത്തയാണ്.'' (പൗലോ ഫെയർ: 2011:29)

ഇന്ത്യൻഭരണഘടന റദ്ദ്ചെയ്ത അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽ പത്രങ്ങളെ മാത്രമല്ല എല്ലാ കലാപ്രവർത്തനങ്ങളെയും സെൻസെർഷിപ്പിന് വിധേയമാക്കി. അധികാരം കൈകാര്യംചെയ്ത പോലീസ് സംശയം തോന്നിയ എല്ലാപേരെയും മൃഗിയമായി പീഢിപ്പിച്ചു. രാജ്യം അപകടത്തിലാണ്, അച്ചടക്കമുള്ള അനുസരണാശീലമുള്ള പ്രജകളെയാണ് രാജ്യത്തിന്റെ വികസനത്തിന് ആവശ്യം എന്നീ തത്വങ്ങളാണ് ഭരണകൂടം മുന്നോട്ട് വച്ചത്. കേരളത്തിലെ കലാസംസ്കാരിക പ്രവർത്തനങ്ങളെ അടിന്തരാവസ്ഥയുടെ നിയമങ്ങൾ പിടിമുറുക്കി. എല്ലാ തരത്തിലുള്ള ആവിഷ്കാരങ്ങളുടെമേലും കടുത്ത നിയന്ത്രണം ഏർപ്പെടുത്തി. അടിയന്തരാവസ്ഥയെ ശക്തിയായി എതിർക്കാൻ കേരളത്തിലെ തീവ്രഇടതുപക്ഷത്തിന് കഴിഞ്ഞു. 1976 ഫെബ്രുവരി 28 ന് കെ. വേണുവിന്റെ നേതൃത്വത്തിലുള്ള നക്സൽ പ്രവർത്തകർ കായണ്ണ പോലീസ്സ്റ്റേഷൻ ആക്രമിച്ചു. ബി. രാജീവൻ, കെ. സച്ചിദാനന്ദൻ, കെ.ജി. ശങ്കരപിള്ള, യു.പി. ജയരാജ്, എം. സുകുമാരൻ, പി.കെ. നാണു തുടങ്ങിയ സാഹിത്യകാരൻമാർ അവരുടെ കൃതികളിലൂടെ അടിയന്തരാവസ്ഥയെ നിർഭയരായി നേരിട്ടു. വയനാട് സാംസ്കാരിക സമിതിയുടെ 'അക്ഷൗഹിണി' എന്ന നാടകത്തിൽ അഭിനയിച്ച പതിനാറ് വയസ്സ്മാത്രം പ്രായമുള്ള മീനങ്ങാടി സ്വാദേശിനി സി. ആർ. സുലോചനയെ പോലീസ് അറസ്റ്റ് ചെയത്, ക്രൂരമായ മർദ്ദനത്തിന് വിധേയമാക്കി. അടിയന്തരാവസ്ഥയിൽ ടോർച്ചർ ക്യാമ്പിൽ മർദ്ദനത്തിന് വിധേയമാക്കപ്പെട്ട സുലോചനയുടെ വാക്കുകൾ ഇത്തരത്തിലാണ്: "ഭ്രാന്തൻ നായയെ തല്ലിക്കൊല്ലുന്നത്പോലെ മനുഷ്യൻ മനുഷ്യനോട് പെരുമാറുന്നത് ഞാൻ ആദ്യമായിട്ടാണ് കാണുന്നത്... വെറും കൗമാരക്കാരിയായ എന്നെ നിലത്ത് കിടത്തീട്ട് കാലിന്റെ മുട്ടിന്റെ മുകളിൽ കയറിനിന്ന് ബൂട്ടുകൊണ്ട് ചവിട്ടുകയായിരുന്നു അയാളുടെ പ്രധാന വിനോദം. (ലക്ഷ്മണ). മുഖത്തടിക്കും, ശരീരമാസകലം വേദനിപ്പിക്കും. ബോധം കെടുന്നതുവരെ ഇതു തുടരും." (സുലോചന, സി. ആർ, മാതൃഭൂമി ആഴ്ചപതിപ്പ് 2017 മെയ് 21)

പ്രായപൂർത്തിയാവാത്ത പെൺകുട്ടിയെ അറസ്റ്റ് ചെയ്തതും ക്രൂരമായ മർദ്ദനത്തിന് വിധേയമാക്കിയതും വലിയ നിയമപ്രശ്നം ഉണ്ടാകും എന്ന കാരണത്താൽ സുലോചനയെ അറസ്റ്റ് ചെയ്തതിന്ശേഷം പോലീസ്കാർ അവരുടെ എസ്.എസ്. എൽ.സി ബുക്ക് നശിപ്പിച്ച് കളഞ്ഞു. നക്സൽ പ്രസ്ഥാനത്തോട് അനുഭവം പ്രകടിപ്പിച്ച കോളേജ്അദ്ധ്യാപകനായ ബി. രാജീവനെ പോലീസ് അറസ്റ്റ് ചെയ്ത് നഗ്നനാക്കി ചോദ്യം ചെയ്തു. ജയറാം പടിക്കർ, മുരളീ കൃഷ്ണദാസ് എന്നിവർ ചോദ്യം ചെയ്തതും അദ്ദേഹം ഇന്നും ഓർക്കുന്നു[3]. അടിയന്തരാവസ്ഥയെ എതിർത്ത്കൊണ്ട് പി.ജെ. ആന്റണി അവതരിപ്പിച്ച 'കാളരാത്രി' എന്ന നാടകത്തെ ഭരണകക്ഷിയിൽ പെട്ടവർ കല്ലെറിഞ്ഞ് അവതരണം മുടക്കി. കോഴിക്കോട് കേന്ദ്രീകരിച്ച് മധുമാസ്റ്റർ അടിയന്തരാവസ്ഥയെ എതിർത്തുകൊണ്ട് 'ചുവന്ന സന്ധ്യ – ഇന്ത്യ 74' എന്ന നാടകം അവതരിപ്പിച്ചു. കോഴിക്കോട് കേന്ദ്രീകരിച്ച് അടിയന്തരാവസ്ഥയെ എതിർത്ത്കൊണ്ട് നാടകപ്രവർത്തനങ്ങൾ അരങ്ങേറി. രാജൻ തിരുവോത്തിന്റെ 'പട്ടിയെകുറിച്ച് ഒരു അന്വേഷണം', വിശ്വൻ മന്ദങ്കാവിന്റെ 'കൈപാണ്ടിയും കുറെ ദൈവങ്ങളും', ഇപ്രകാരം കുറുപ്പാൾ മാഷ് എന്നീ നാടകങ്ങൾ സെൻസർഷിപ്പിനെ മറികടന്ന് അവതരിപ്പിച്ചു.  പ്രശസ്തകവി കെ. സച്ചിദാനന്ദന്റെ പിന്തുണയിൽ വി.സി. ശ്രീജൻ എഡിറ്ററായി പ്രസിദ്ധികരിച്ച 'യെനൻ' എന്ന ലിറ്റിൽ മാസികയുമായി സഹകരിച്ച എല്ലാ പേരെയും പോലീസ് ചോദ്യം ചെയ്തു. കോളേജ് അധ്യാപകൻ കൂടിയായ സച്ചിദാനന്ദനെ ഇരിങ്ങാലക്കുടയിലും പാലക്കാടും വച്ച് പോലീസ് ചോദ്യം ചെയ്യലിന് വിധേയനാക്കി. "ഞാൻ അന്ന് താമസിച്ചിരുന്ന ഇരിങ്ങാലക്കുടയിലെ വീടിന്റെ പരിസരത്ത് പോലീസിന്റെ ശക്തമായ നിരീക്ഷണം ഉണ്ടായിരുന്നു. എനിക്ക് വരുന്ന കത്തുകൾ ഇവർ പരിശോധിച്ചിരുന്നു. ടി.എൻ. ജയചന്ദ്രൻ എന്ന ഐ.എ.എസ് ഉദ്യോഗസ്ഥനായിരുന്നു സെൻസെറിംഗ് ഓഫീസർ. ദേശാഭിമാനിയിൽ എഴുതിയ 'നിഷ്പക്ഷത' എന്ന കവിത അനുവദിച്ചില്ല. പിന്നീട് സെൻസെറിംഗ് വളരെ കുറഞ്ഞ 'മലയാളനാട്' എന്ന മാസികയിൽ അച്ചടിച്ചുവന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള എഴുത്തുകാർ സ്വാതന്ത്ര്യത്തെപറ്റി എഴുതിയ കവിതകൾ ഞാൻ എഡിറ്റ് ചെയ്ത് പുറത്തിറക്കി.  സമാഹാരത്തിന്റെ പേര് 'സ്വാതന്ത്ര്യഗീതം' എന്നായിരുന്നു, എന്നാൽ അവർ ആ പേര് അനുവദിച്ചു തന്നില്ല."[4]

### 2.3 അടിയന്തരാവസ്ഥ : മലയാളസാഹിത്യം

"ആട്ടും ചവിട്ടും ഏറ്റ് വാങ്ങി വാലാട്ടുന്ന
വളർത്തുനായയുടെ വിനയമുണ്ടല്ലോ

അതാണ് നിന്റെ ശത്രു.
എല്ലാം സൃഷ്ടിച്ച് ഒന്നുമില്ലാത്തവനായി കഴിയുന്ന
നിന്റെ നിശബ്ദമായ സഹനമുണ്ടല്ലോ
അതാണ് നിന്റെ ശത്രു.
ഇത്രയുമായിട്ടും എന്തു ചെയ്യണമെന്നറിയാതെ
മിഴിച്ച് നിൽക്കുന്ന നീയുണ്ടല്ലോ
നീ തന്നെയാണ് നിന്റെ ശത്രു"' (സച്ചിദാനന്ദൻ, കെ. 2015:63)

അടിയന്തരാവസ്ഥയെ സർഗ്ഗാത്മകമായി പ്രതിരോധിച്ചതിൽ മുഖ്യപങ്ക് വഹിച്ചത് തീവ്രഇടതുപക്ഷവുമായി ബന്ധപ്പെട്ടവരും, അതിന് അനുഭാവം പ്രകടിപ്പിച്ചവരുമായിരുന്നു. കേരളത്തിന്റെ നക്സൽ പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടം അടിയന്തരാവസ്ഥയിലാണ് ആരംഭിച്ചത്. കലാകാരൻമാരുടെയും ബുദ്ധിജീവികളുടെയും സാന്നിദ്ധ്യമായിരുന്നു രണ്ടാം ഘട്ടത്തിലെ നക്സൽപ്രസ്ഥാനത്തിന്റെ സവിശേഷത. അദ്ധ്യാപകരും, എഴുത്തുകാരും അടങ്ങുന്ന പ്രശസ്തരായ കലാപ്രവർത്തകരുടെ വലിയനിര അടിയന്താവസ്ഥയെ സർഗ്ഗത്മകമായി പ്രതിരോധിച്ചു. ജീവിതത്തിന്റെ ലാഭനഷ്ടങ്ങളോ കിട്ടാൻപോകുന്ന ഉയർന്ന സ്ഥാനങ്ങളെപറ്റിയോ ചിന്തിക്കാതെ നിസ്വാർത്ഥമായി വിപ്ലവം സ്വപ്നം കണ്ട ഒരു കൂട്ടം കലാകാരൻമാരുടെ ധീരമായ ചെറുത്ത് നിൽപ്പാണ് കേരളം സാക്ഷ്യം വഹിച്ചത്. "ധീരരായ സത്യസന്ധരായ കുറെ ആളുകൾ ചരിത്രത്തിലേക്ക് വന്നു എന്നതാണ് എഴുപതുകളിലെ പ്രത്യേകത അവർ കാണിച്ച ധീരത ഇപ്പോഴും ചരിത്രത്തിൽ നിറഞ്ഞ് നിൽക്കുന്നു."( തോമസ് പി.ടി, 2017, മെയ് 21 മാതൃഭൂമി ആഴ്ചപ്പതിപ്പ്)

സാഹിത്യവും കലയും ലോകത്തെ മാറ്റിമറിക്കാൻ ശേഷിയുള്ള മൂർച്ചയുള്ള ആയുധമാണ് എന്ന് തിരിച്ചറിഞ്ഞവർ അടിയന്തരാവസ്ഥയെ ചെറുകഥകളിലൂടെയും, കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും ശക്തമായി പ്രതിരോധിക്കാൻ ശ്രമിച്ചു. അടിസ്ഥാന വർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് സ്വപ്നം കണ്ട ഒരു തലമുറയുടെ ചരിത്രത്തെ കേരളത്തിലെ സംസ്കാരിക പ്രവർത്തകർക്ക് വിസ്മരിച്ച് കഴിയില്ല. 'വസന്തത്തിന്റെ ഇടിമുഴക്കം' ഹൃദയത്തിൽ ഏറ്റുവാങ്ങിയ എം. സുകുമാരനെപ്പോലുള്ള പലരേയും സർക്കാർ ജോലിയിൽ നിന്നു പിരിച്ചു വിട്ടു.

### 2.3.1 അടിയന്തരാവസ്ഥ: കവിത

"കുറെ നാളായുള്ളിലൊരുത്തി തൻ
ജഡമളിഞ്ഞു നാറുന്നു." (രവിവർമ്മ, ആറ്റൂർ. 2012:43)

കവിതയെ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും ആയുധമാക്കി മാറ്റിയ പ്രതിഭകളെ സംസ്കാരിക കേരളത്തിന് മറക്കാൻ കഴിയില്ല. അക്ഷരങ്ങളിലെ അഗ്നി ലോകത്തെ ജീർണ്ണതകളിൽ നിന്ന് മോചിപ്പിക്കും എന്നവർ വിശ്വസിച്ചു. വർത്തമാന കാലത്തിന്റെ പൊള്ളുന്ന യഥാർത്ഥങ്ങളെ അവർ കണ്ണ് തുറന്ന് കാണുകയും, ചെവി തുറന്ന് കേൾക്കുകയും അനിതീയ്ക്ക് എതിരെ ഉച്ചത്തിൽ സംസാരിക്കുകയും ചെയ്തു. അടിയന്തരാവസ്ഥയെ എതിർത്ത് കൊണ്ട് കവിതകൾ എഴുതിയ കെ. സച്ചിദാനന്ദൻ, കെ. ജി. ശങ്കരപിള്ള, എന്നിവരും, ചെറുകഥകൾ കൊണ്ട് പ്രതിരോധം സൃഷ്ടിച്ച യു. പി. ജയരാജ്, എം. സുകുമാരൻ. പി.കെ. നാണു, പട്ടത്തുവിള കരുണാകരൻ, തുടങ്ങിയവരുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നു.

"എന്റെ വൃത്തം ഓടയിൽ പെറ്റുവീണ
കുഞ്ഞിന്റെ
നിലവിളിയുടെ വൃത്തമാണ്
എന്റെ പ്രാസം തടവറയിലെ
കർഷകന്റെ
പക നിറഞ്ഞ പേശിയുടെ പ്രാസമാണ്."

(സച്ചിദാനന്ദൻ, കെ. 2013:64)

### 2.3.1.1 കെ. സച്ചിദാനന്ദൻ

"ചോദിക്കേണ്ട ചോദ്യം ചോദിച്ചതിന്
തടവറയിൽ നിന്റെ അസ്ഥികൾ
ഒടിക്കുന്ന
നിയമപാലകനും
നിന്നെ കഴുവേറ്റാൻ വിധിക്കുന്ന
ന്യായാധിപനു
നിന്റെ ശത്രുക്കളല്ല
അവർ മറ്റാരുടെയോ നിയമം നടപ്പിലാക്കുകയാണ്. (സച്ചിദാനന്ദൻ, കെ. 2015:63)

സച്ചിദാനന്ദന്റെ 'ആരാണു ശത്രു' എന്ന കവിതയിലെ ഈ വരികൾ അടിയന്തരാവസ്ഥയിലെ സെൻസെർഷിപ്പിന് വിധേയമാക്കി. ഇന്ത്യൻ സ്വാതന്ത്ര സമരത്തിന് ടാഗോറിന്റെ കവിതകൾ നൽകിയ ഊർജ്ജംപോലെയാണ് കേരളത്തിന്റെ നക്സൽ

പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സച്ചിദാനന്ദന്റെ കവിതകൾ കരുത്ത് നൽകിയത്. അടിയന്തരാവസ്ഥയുടെ അധികാരപ്രയോഗത്തെ സച്ചിദാനന്ദൻ കവികളിലൂടെ ധീരമായി നേരിട്ടു. പല പ്രാവശ്യം ക്രൈംബ്രാഞ്ച് സച്ചിദാനന്ദനെ ചോദ്യം ചെയ്തു. കവി താമസിച്ചിരുന്ന വീടിന്ചുറ്റും പോലീസിന്റെ നിരന്തരമായ നിരീക്ഷണമുണ്ടായി. സച്ചിദാനന്ദന് വരാറുള്ള എല്ലാ കത്തുകളും രഹസ്യമായി പോലീസ് നിരീക്ഷിച്ചിരുന്നു. അടിയന്തരാവസ്ഥയ്ക്ക് ശേഷമുണ്ടായ ബദൽ സംസ്കാരിക മുന്നേറ്റമായ 'ജനകീയ സംസ്കാരികവേദി'യുടെ പ്രധാനിയായിരുന്നു സച്ചിദാനന്ദൻ. വിപ്ലവം എന്ന ആശയത്തെ മറക്കുകയും അധികാരം നേടാൻ വേണ്ടി നീക്ക്പോക്കുകൾ ചെയ്ത് കക്ഷി രാഷ്ട്രീയത്തിന്റെ ഭാഗമായി തീർന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ അപചയത്തെ സച്ചിദാനന്ദൻ കവിതകളിലൂടെ ശക്തമായ വിമർശനമുയർത്തി. അടിസ്ഥാനവർഗ്ഗത്തിന്റെ ശബ്ദമായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വെറും പാർട്ടിയായി അധഃപതിച്ചതിന്റെ പ്രതിഷേധമാണ് 'കൊടി' എന്ന കവിതയിൽ നിറഞ്ഞ് നിൽക്കുന്നത്.

"ആദ്യം അപ്രത്യക്ഷമായത്
അരിവാളാണ്.
കതിരിനെക്കാൾ അരിയാനെളുപ്പമുള്ള
മൃദുലമായ കഴുത്തുകൾ തേടി
ഉല തണുത്തപ്പോൾ
ചുറ്റിക യാത്രയായി
എവിടെയെല്ലാം ചോദ്യചിഹ്നംപോലെ
തലകളുയരുന്നുണ്ടോ
അവയെല്ലാം തച്ചുടയ്ക്കാൻ
മൃഗങ്ങളുടെ കണ്ണീരിൽ
നക്ഷത്രം കെട്ടതോടെ
ചുമപ്പു കറുപ്പായി
കറുപ്പിന് കൊമ്പു തുമ്പിയുമുണ്ടായി
ശത്രുക്കൾ പറഞ്ഞു
ഉപാപ്പയുടെ ആന
കുഴിയാനയായിരുന്നെന്ന് (സച്ചിദാനന്ദൻ, കെ. 2004:57)

അടിയന്തരാവസ്ഥയ്ക്ക് എതിരെ സച്ചിദാനന്ദൻ എഴുതിയ കവിതകളാണ് 'നാവുമരം', 'സാക്ഷ്യപത്രം', 'ഫയലുകൾ' 'ആരാണ് ശത്രു'?, തുടങ്ങിയവ. തീവ്ര ഇടതു

പക്ഷപ്രത്യായശാസ്ത്രത്തിൽ വിശ്വാസം അർപ്പിച്ച് ജീവൻ നഷ്ടപ്പെട്ട എ. വർഗ്ഗീസ്, വർക്കല വിജയൻ, രാജൻ, സനൽദാസ്, സുബ്രഹ്മണ്യദാസ് എന്നിവർ സച്ചിദാനന്ദന്റെ കവിതകളിൽ നിറഞ്ഞ് നിന്നു. നക്സൽ പ്രസ്ഥാനം ആശയപരമായി പല ഗ്രൂപ്പുകൾ ആയി ചിതറിയപ്പോൾ ആ മനോവിഷമത്തിൽ 'നാം ഒരു തോറ്റ ജനതയാണ്' എന്നെഴുതി വച്ച് ആത്മഹത്യചെയ്ത സുബ്രഹ്മണ്യദാസിനുവേണ്ടി എഴുതിയ കവിതകളാണ്. 'ഒഴിഞ്ഞ മുറിയും', 'ഓറഞ്ച് മരമായി മാറിയ സുബ്രഹ്മണ്യദാസ്' തുടങ്ങിയവ. വിപ്ലവം സ്വപ്നം കണ്ടവർക്ക് സച്ചിദാനന്റെ കവിതകൾ പ്രതീക്ഷയും, ആവേശവും നൽകി. കവിത എഴുതുക മാത്രമല്ല ജനകീയ പ്രശ്നങ്ങളിൽ സച്ചിദാനന്ദൻ നേരിട്ട് ഇടപെട്ടു. അതിന്റെ അനന്തര ഫലങ്ങളാണ് പിന്നീട് ഉണ്ടായ അറസ്റ്റും കോടതി വിചാരണകളും. സമൂഹത്തിന്റെ വശങ്ങളിലേക്ക് മാറ്റിനിർത്തപ്പെട്ട ആദിവാസികളുടെ ജീവിതയാഥാർത്ഥങ്ങളെ കവിതകളിലൂടെ രേഖപ്പെടുത്താൻ സച്ചിദാനന്ദന് കഴിഞ്ഞു.

"ചരിത്രം സൃഷ്ടിക്കുന്നവർ ഓഫീസിലോ
കോളേജുകളിലോ അല്ല
അവർ എഴുതുകയോ പത്രം നടത്തുകയോ ചെയ്യുന്നില്ല.
അവർക്ക് വാർത്തപ്രാധാന്യമില്ല.
അവർ വള്ളൂർക്കാവിൽ കൈമാറ്റം ചെയ്യപ്പെടുന്നു.
ഉള്ളാട കുടിയിൻ ഉടലോടെ
ദഹിക്കപ്പെടുന്നു." (സച്ചിദാനന്ദൻ, കെ. 1997 : 348)

പോരാട്ടവും, കലയും, ജീവിതവും ഒന്നുതന്നെയാണെന്ന് സ്വന്തം പ്രവർത്തി കൊണ്ട് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ സച്ചിദാനന്ദന് കഴിഞ്ഞു.

### 2.3.1.2 കെ.ജി. ശങ്കരപിള്ള

കൂട്ടുകാരാ...
നമ്മെത്തന്നെ തിന്ന്
നമ്മുടെ മസ്തിഷ്കത്തിൽ
ചെളിവെള്ളത്തിൽ
ഒരു മുതല വളരുന്നു." (ശങ്കരപിള്ള, കെ. ജി. 2017: 49)

ചുറ്റും ചുട്ട്പൊള്ളുമ്പോൾ വെറുതെ പുറംകാഴ്ചകൾ കണ്ട് രസിക്കാൻ കെ. ജി. ശങ്കരപിള്ള എന്ന കവിയ്ക്ക് കഴിഞ്ഞില്ല. 'ബംഗാൾ', 'കഷണ്ടി', 'മുണ്ട്', 'നിശബ്ദത' എന്നീ കവിതകളിൽ നക്സൽബാരിയിൽ നടന്ന വിപ്ലവത്തിന്റെ അലയടി കാണാൻ കഴിയും. കവിതകളിലൂടെ വർത്തമാന കാലത്തിന്റെ യഥാർത്ഥങ്ങളെ അടയാളപ്പെടുത്താൻ കെ.ജി. ശങ്കരപ്പിള്ള ശ്രമിച്ചു. തെരുവിൽ ഒഴുകിയ രക്തത്തിൽ ചവിട്ടിനിന്ന് വേട്ടയാടപ്പെട്ടവർക്ക് വേണ്ടി വാക്കുകളെയും വാക്യങ്ങളെയും നിർമ്മിച്ചെടുക്കാൻ കെ.ജി.ശങ്കരപിള്ളയുടെ കവിതകൾക്ക് കഴിഞ്ഞു.

''കൂട്ടുകാരാ ഭീരുത്വം മൂലം
ഒരിക്കലും ഒരു പട്ടി കുരയ്ക്കാതിരിക്കുന്നില്ല....
പട്ടി എപ്പോഴും സ്വന്തം
ദർശനംഅപ്പാടെ വിളിച്ച് പറയുന്നു...
കൂട്ട്കാരാ പറയേണ്ടത് പറയാതെ
ഒരു പട്ടിപോലുമല്ലാതെ." (2017: 49)

തടവറകളിൽ മർദ്ദനങ്ങൾക്ക് വിധേയമാക്കപ്പെട്ട കമ്മ്യൂണിസ്റ്റ്കാർക്ക് വേണ്ടി എഴുതപ്പെട്ട കവിതയാണ് 'മുണ്ട്'. എത്ര അടിച്ച് കഴുകിയിട്ടും ചവിട്ടി മെതിച്ചിട്ടും ചുമപ്പ് നിറം മുണ്ടിൽനിന്ന് മാറുന്നില്ല, കാരണം ചുവപ്പ് കേവലം ഒരു നിറമായിരുന്നില്ല കെ.ജി. ശങ്കരപിള്ളയുടെ കവിതകളിൽ. "വെളുത്ത മുണ്ടിന്റെ കരയിലുള്ള ചുമപ്പ് നിറം ഓരോ അലക്കിലും ഇളകിവന്നു, ചുമപ്പ് ഇളകുന്നത് നിർത്താൻ ഡോബി ശ്രമിച്ചു...

വിധി പറയാൻ ജഡ്ജി ഫയൽ തുറക്കുന്ന ഗൗരവത്തിൽ
ഒന്നു മിണ്ടാതെ മേശപ്പുറത്ത് വെച്ച് മുണ്ടുകെട്ടഴിച്ചു.
ആ മുണ്ട് അസാധാരണമാംവിധം വെളുത്ത്
ഒരു നഗരികനെപ്പോലെ സുന്ദരമായിരുന്നു.
എടുത്ത് നിവർത്തിയപ്പോൾ
ആകെ കീറിപ്പറിഞ്ഞിരിക്കുന്നു.
ആ രക്തചുമപ്പിന്റെ വേലിയേറ്റമുണ്ടാകുന്ന
ഓരോ ഞരമ്പുകളും
കരിമ്പാറയിലെ
അടിയും തൊഴിയുമേറ്റ്

വിളറിവെളുത്ത് പോയിരിക്കുന്നു.

പക്ഷേ അപ്പോഴേക്കും

കൂട്ടത്തിലുള്ള

മുഴുവൻ ചുവന്ന് കഴിഞ്ഞിരുന്നു.

പുഴകളും, തടാകങ്ങളും മുഴുവൻ

ചുമന്നു കഴിഞ്ഞിരുന്നു." (ശങ്കരപിള്ള, കെ.ജി. 1997:48)

ശബ്ദമില്ലാതാകുന്ന ജനങ്ങൾ, അവർ എന്തിനെയോ ഭയക്കുകയാണ്, അധികാരികളുടെ ഏത് ആജ്ഞയും കുമ്പിട്ടുനിന്ന് സ്വീകരിക്കുന്ന പ്രജകളുടെ നേർകാഴ്ചയാണ് 'നിശബ്ദത' എന്ന കവിത. ഭരണകൂടങ്ങൾക്ക് ആവശ്യം അനുസരണ ശീലമുള്ള പ്രതികരണശേഷിയില്ലാത്തവരെയാണ്. നിശബ്ദതയിൽ ആണ്ട് കിടക്കുന്ന ജനങ്ങളെ ഉണരുവാൻ 'നിശബ്ദത' എന്ന കവിത പ്രേരിപ്പിക്കുന്നു.

"നിരാശയുടെ കവലയിൽ പ്രജ്ഞയറ്റ്

നിന്നുപോയ നിങ്ങളുടെ വാക്കുകൾക്ക്

കീ കൊടുക്കുവിൻ

ഈ നിശ്ശബ്ദ മണിക്കൂറിന്റെ ആഴത്തിൽ

വസന്തത്തിന്റെ ഇടിമുഴക്കമുണ്ട്

വിഷസർപ്പങ്ങൾ വിറച്ചിടട്ടെ,

തടവറകൾ പൊട്ടിത്തെറിക്കട്ടെ,

ഇലകൊഴിഞ്ഞ ശിഖരങ്ങളിൽ മുഴുവൻ

രക്തപുഷ്പങ്ങൾ ആർത്തുണരട്ടെ,

വീണ്ടുംപൊട്ടിയ മരുസ്ഥലങ്ങളിൽ

ഉറവകളുടെ പാട്ടുണരട്ടെ, വേഗമാകട്ടെ, തുടിമുഴങ്ങട്ടെ

നിന്നുപോയ വാച്ചുകളിൽ നേരം ശരിയാകുവിൻ. " (1997: 44)

### 2.3.2 അടിയന്തരാവസ്ഥ: ചെറുകഥകൾ

#### 2.3.2.1 യു.പി. ജയരാജ്

ഒരു രാജ്യത്ത് ഏകാധിപത്യം എങ്ങനെയാണ് പിടിമുറുകുന്നത് എന്ന് വായനക്കാർക്ക് അനുഭവിക്കാൻ കഴിയുന്ന കഥയാണ് യു.പി. ജയരാജിന്റെ 'മഞ്ഞ്'. ഒരു പ്രത്യേക കാലഘട്ടത്തിൽ ഓരോ നാടുകളിലും വെള്ളനിറത്തിലുള്ള മഞ്ഞ് നിറയുന്നു, മഞ്ഞ് കൂടുന്നത് അനുസരിച്ച് ആ നാട്ടിലെ ജനങ്ങൾ മരിച്ച് വീഴുന്നു, അധി

കാരം കൈയാളുന്നവരുടെ പെരുമാറ്റം മാറിവരുന്നതാണ് കഥയുടെ ഇതിവൃത്തം. കാക്കയും മൈനയും അടക്കമുള്ള പക്ഷികളെ നാട്ടിൽ കാണാതാകുന്നു. കഴുകന്റെ മുഖവും പ്രാവിന്റെ തൂവലുമുള്ള, ശവങ്ങൾക്കിടയിൽ ജീവിക്കുന്ന 'ഡിറ്റൻറസ്' എന്ന ഭീകരനായ പക്ഷി പ്രത്യക്ഷപ്പെടുന്നു. ഇത്തരത്തിൽ വലിയ അപകടത്തെ പ്രതീക്ഷിച്ച് നിൽക്കുന്നവരുടെ ഉൾഭയമാണ് മഞ്ഞ് എന്ന ചെറുകഥയുടെ കഥാബീജം. "പുറത്ത് കൊടും ശൈത്യമുണ്ട്, മഞ്ഞുണ്ട്, ശവംതീനികളായ 'ഡിറ്റൻറസ്' പക്ഷികളുണ്ട്. എങ്കിലും വെല്ലുവിളികളെ ഒരു നായാട്ടുകാരന്റെ മനസ്ഥൈര്യത്തോടെ നേരിടുകയും പരാജയങ്ങൾക്ക് മുന്നിൽ ഒരിക്കലും കീഴടങ്ങാതിരിക്കുകയും ചെയ്യുന്ന സാന്തിയാഗോ എന്ന മുക്കുവന്റെ പൗരുഷവും കൂസലില്ലായ്മയും നിറഞ്ഞ ധീരമായ പുഞ്ചിരി ഞങ്ങളുടെ ഉള്ളിൽ പിന്നെയും പൊട്ടിച്ചിതറുകയാണ്." (ജയരാജ്, യു.പി. 2003:83)

**2.3.2.2 പി.കെ.നാണു**

'ഞാനിപ്പോഴും സ്വപ്നങ്ങൾ കാണാറുണ്ട്
സ്വപ്നങ്ങൾ കാണാനും വേണം ചങ്കൂറ്റം.'

(നാണു, പി.കെ. 2007. മെയ്-22,മാതൃഭൂമി ആഴ്ചപ്പതിപ്പ്)

രാജ്യം ഒരാളിൽ കേന്ദ്രീകരിക്കുകയും അയാളുടെ അഭിപ്രായം ജനങ്ങളുടെ അഭിപ്രായമായി പരിണമിക്കുകയും ചെയ്യുന്ന ഏകാധിപത്യപ്രവണതയെ സർഗ്ഗാത്മമായി ചിത്രീകരിക്കുന്ന ചെറുകഥയാണ് 'സ്ഥിതിവിശേഷം' ഒരു നാട്ടിലെ ജനങ്ങളുടെ സംസാരശേഷി പെട്ടന്ന് നഷ്ടപ്പെട്ടു പോകുന്നു. കുട്ടികളെ അക്ഷരങ്ങൾ പഠിപ്പിക്കുന്ന യശ്ശോദ ടീച്ചറുടെ ശബ്ദമാണ് ആദ്യം നഷ്ടപ്പെട്ട് പോകുന്നത്; പിന്നീട് നാട്ടിലുള്ള ഓരോ മനുഷ്യരുടെയും സംസാരിക്കാനുള്ള കഴിവ് നഷ്ടപ്പെട്ട്കൊണ്ടിരിക്കുന്നു. ചെറിയ കുട്ടികളുടെ ചിരിയുംകളിയും നിന്നുപോകുന്നു. രാജ്യത്തിലെ എല്ലാ ജനങ്ങളുടെയും ശബ്ദം നഷ്ടപ്പെട്ട് പോകുന്നു.

"ഞാനിറങ്ങി, വീണ്ടും നിരത്തിൽ എല്ലാം തന്നെ എനിക്ക് വിചിത്രമായി തോന്നി. ആരുമാരും ഒന്നുമൊന്നും മിണ്ടുന്നില്ല. എല്ലാവരും ഊമകൾ. വെറുതെ ചലിക്കുന്നു. വെറുതെ നടക്കുന്നു. ഏതോ ദുരൂഹമായ ഒരു പാവകളി മാതിരി."(നാണു, പി.കെ. 2006:100)

പ്രതികരണശേഷി നഷ്ടപ്പെട്ട് പോകുന്ന ഒരു ജനതയുടെ പ്രതിനിധികളാണ് പി.കെ. നാണുവിന്റെ കഥകളിലെ കഥാപാത്രങ്ങളായി കടന്ന് വരുന്നത്.

### 2.3.2.3 പട്ടത്തുവിള കരുണാകരൻ

നക്സൽ പ്രസ്ഥാനത്തിന്റെ കരുത്ത് ആവാഹിച്ച കഥാകൃത്താണ് പടത്തുവിള കരുണാകരൻ. 'ബലി', 'ഗൂർണ്ണിക്ക', 'മുനി' തുടങ്ങിയ ചെറുകഥകളിൽ വിപ്ലവത്തിന്റെ ആവേശം ദർശിക്കാൻ കഴിയും. നാടിന്റെ പരിവർത്തനത്തിനായി രക്തസാക്ഷിയായ വിപ്ലവകാരിയുടെ അമ്മയെ ആവിഷ്കരിക്കുകയാണ് 'ഗൂർണിക്ക' എന്ന ചെറുകഥ യിൽ. വിപ്ലവകാരിയുടെ അമ്മ മകനെ ഓർത്ത് കരയുകയല്ല അവർ വരാൻപോകുന്ന വിപ്ലവത്തെ കുറിച്ച് ധീരമായി സ്വപ്നം കാണുകയാണ് ഗൂർണിക എന്ന കവിത യിൽ.

"ആ സ്ത്രീ പുരികങ്ങൾ ഉയർന്നു. അവർ ചിന്തിച്ചു ഗൂർണിക്ക.

അവർ ചുവരിലെ ചിത്രം കണ്ടു

'ഭവനം അലങ്കരിക്കാനുള്ള വസ്തുവല്ല പെയിന്റിംഗ്.

ശത്രുവിനെതിരെ യുദ്ധത്തിൽ ഉപയോഗിക്കാനുള്ള ആയുധം ആക്രമണത്തിനും ഉപരോധത്തിനും" - പിക്കാസോ

ആരാണ് ഈ ആയുധങ്ങൾ മോഷ്ടിച്ചത്?"

(കരുണാകരൻ, പട്ടത്തുവിള. 1981:96)

പട്ടത്തുവിള കരുണാകരൻ എന്ന സാഹിത്യകാരൻ തനിക്ക് ബോധ്യപ്പെട്ട പ്രത്യ യശാസ്ത്രത്തോട് കൂറ്പുലർത്തുക അത് തന്റെ ചെറുകഥകളിൽ അവതരിപ്പിക്കുകയും ചെയ്തു. ഭരണകൂടത്തിന്റെ പീഢനങ്ങളാൽ കൊല്ലപ്പെട്ട വിപ്ലവകാരികൾക്ക് വേണ്ടി എഴുതിയ കഥയാണ് 'ബലി'. ഈ ചെറുകഥയിൽ ഉൻമൂലനത്തെ ന്യായീകരിക്കുക യും, ഇന്ത്യൻ ഭരണാധികാരിയെ 'നരച്ച റാണി നാടുവാഴുന്നു' എന്ന് പ്രയോഗിക്കു കയും ചെയ്തിട്ടുണ്ട്. തൊഴിലാളി വർഗ്ഗത്തിന് വേണ്ടി പോരാട്ടം നടത്തിയ രക്തസാ ക്ഷികളായ സഖാക്കളെ ഓർത്തുകൊണ്ടാണ് ഈ ചെറുകഥ അവസാനിക്കുന്നത്. "എന്നാൽ തുളച്ച് കയറുന്ന കണ്ണുകൾ അവരെ ഭയപ്പെട്ടിടുത്തിയിരിക്കാം. അവ ചൂഴ്ന്ന് എടുക്കാനുള്ള ആജ്ഞ ലഭിച്ചു. പുതിയ ധൈര്യത്തോടെ കണ്ണുകളില്ലാത്ത ശരീരത്തെ ഭേദ്യം ചെയ്തു. കണ്ണുകൾ ചൂഴ്ന്ന് എടുക്കുമ്പോഴും, മർമ്മം ഞെരിച്ച് ശ്വാസം മുട്ടിച്ച പ്പോഴും പതറിയില്ല, ശബ്ദിച്ചില്ല, മരിച്ച് വീണപ്പോൾ പരാജയപ്പെട്ടത് ആരാണ്? വേണ്ട.. വേണ്ട ശത്രുവിന്റെ കിങ്കരനോട് പ്രതികാരം കാണിച്ചിട്ടർത്ഥമില്ല. ശത്രുവിനെ ആയു ധംകൊണ്ട് നേരിടാം, തോൽപ്പിക്കാം. പകരം വീട്ടേണ്ടത് ഒറ്റുകാരെയാണ്, വർഗ്ഗവഞ്ച കരെ." (കരുണാകരൻ, പട്ടത്തുവിള. 1993:18)

### 2.3.4 എം. സുകുമാരൻ

അടിയന്തരാവസ്ഥയ്ക്ക് എതിരെ ശക്തമായ പ്രതിരോധം സൃഷ്ടിച്ച എഴുത്തുകാരനാണ് എം. സുകുമാരൻ. അടിയന്തരാവസ്ഥയിൽ എ.ജി.എസ്. (Accountant General offices) ഓഫീസിൽ തൊഴിൽസമരം നടത്തിയതുകൊണ്ടാണ് എം. സുകുമാരനെ രാഷ്ട്രപതിയുടെ ഉത്തരവ് പ്രകാരം ജോലിയിൽനിന്ന് പിരിച്ച് വിട്ടത്. സ്വന്തം നിലപാടുകളിൽ എല്ലാകാലത്തും ഉറച്ച് നിൽക്കാൻ എം. സുകുമാരൻ എന്ന എഴുത്തുകാരന് കഴിഞ്ഞു. തടവറകളിൽ അമർത്തിയ നിലവിളിയും കണ്ണീരും, നഖത്തിനിടയിൽ മൊട്ടുസൂചി കയറിയപ്പോൾ ഇറ്റ് വീണ ചോരതുള്ളികളും, കരിങ്കൽ ഭിത്തികളിൽ അവസാനിച്ച ജീവിതങ്ങളും എം. സുകുമാരന്റെ കൃതികൾക്ക് കരുത്ത് നൽകി. "കരയരുത്, ഭീരുവിന്റെ ഭൂസ്വത്താണ് കണ്ണീർ. നിന്റെ രക്തവുമായി സാമ്യമുള്ളവരെ നീ തിരിച്ചറിയുക. സംഘം ചേരുക." (സുകുമാരൻ, എം. 2012:15) 'തൂക്ക് മരങ്ങൾ ഞങ്ങൾക്ക്' എന്ന ചെറുകഥയിൽ കഥാകൃത്ത് ആദിവാസികളോട് സംവദിക്കുന്നത് ഇത്തരത്തിലാണ് "നിങ്ങൾ വിശന്ന് പൊരിയുന്നവർ, അത്താഴം കഴിക്കാതെ വിളഞ്ഞ നെൽവയലിൽ കാവൽ നിൽക്കുന്നവർ, വിതക്കാത്തവരുടെ മുറ്റത്ത് ധാന്യങ്ങൾ എത്തിക്കുന്നതിന് മുമ്പ് വിതച്ചവരെ നിങ്ങൾ ഈ രാത്രിയിൽ മുഴുവൻ ധാന്യങ്ങളും കൊയ്തെടുക്കുക."(2012:11)

കല ജീവിതത്തിൽ നിന്ന് മാറിനിൽക്കുന്ന ഒന്നല്ല അത്, ജീവിതം തന്നെയാണ് എന്ന ദർശനമാണ് ഇവരുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ നിറഞ്ഞ് നിൽക്കുന്നത്. നക്സൽ പ്രസ്ഥാനത്തിനോടുള്ള എം.സുകുമാരന്റെ ആവേശം 'എന്റെ കഥകൾ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ഒരു ഉറച്ച പ്രഖ്യാപനമായി കാണാൻ കഴിയും. "തീഷ്ണയൗവനം കത്തി പടർന്നകാലത്ത് ചിന്തയും, പ്രവർത്തിയും സമാന്തരമായി സഞ്ചരിച്ചു. ജീവിതത്തിൽ ഉണ്ടായ എല്ലാം തിരിച്ചടികൾക്കും അന്നത്തെ വിശ്വാസം ഒരാശ്വസമായിരുന്നു. അക്ഷരങ്ങൾ അഗ്നിയാണെന്നും, അസമത്വം കത്തി ചാരമാകുമെന്നും മോഹിച്ച് നടന്ന കാലഘട്ടത്തിന് മധുരമനോജ്ഞമായ ഒരു പ്രത്യായശാസ്ത്രത്തിന്റെ പിൻബലമുണ്ടായിരുന്നു. ചോരയിൽ മുക്കി ചുവരിൽ പതിപ്പിച്ച കൈപ്പത്തി ചിഹ്നങ്ങൾ...അടിയറവ് പറയാത്ത പോരാളിയുടെ നെഞ്ചിലേയ്ക്ക് കാഞ്ചി വലിച്ച കാക്കിവേഷങ്ങൾ." (2012:1)

### 2.3.3 അടിയന്തരാവസ്ഥ: മുഖ്യധാരസാഹിത്യം

#### 2.3.3.1 ഒ.വി.വിജൻ

ഭരണകൂടാധികാരത്തെ ആക്ഷേപഹാസ്യത്തിലൂടെ കടന്നാക്രമിച്ച നോവലാണ് ഒ.വി. വിജയന്റെ *ധർമ്മപുരാണം.* അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ഒരു മാസം കഴിയുന്നതിനിടയിലാണ് മലയാളനാട് എന്ന വാരികയിൽ *ധർമ്മപുരാണം* ഖണ്ഡശ്ശയായി പ്രസിദ്ധീകരിക്കുന്നത് (1975 ജൂലൈ 20). നോവലിൽ പരപീഡനത്തിലൂടെ ആനന്ദം കണ്ടെത്തുന്ന മുഖ്യ കഥാപാത്രത്തിന്റെ പേര് ആദ്യം പ്രസീദ്ധീകരിച്ചപ്പോൾ രാഷ്ട്രപതിയെന്നായിരുന്നു. പിന്നീടാണ് പ്രജാപതി എന്ന് മാറ്റിയെഴുതിയത്. നോവലിന്റെ നാലാമത്തെ അധ്യായത്തിന്റെ പേര് അടിയന്തരാവസ്ഥയെന്നായിരുന്നു പിന്നീട് 'പ്രതിസന്ധി' എന്ന് മാറ്റുകയായിരുന്നു.

രാജ്യം ഏകാധിപത്യത്തിലേയ്ക്ക് കൂപ്പ്കുത്തിയ കാലഘട്ടത്തിന് നേർക്കുള്ള സർഗ്ഗാത്മക കലാപമായിരിക്കുന്നു *'ധർമ്മപുരാണം'.* സാഹിത്യനിർമ്മിതിയുടെ സദാചാരവേലികെട്ടുകളെ തച്ചുടച്ച ധർമ്മപുരാണം അശ്ലീലം രചനസങ്കേതമായി സ്വീകരിച്ച് അധികാരത്തെ പ്രതിരോധിക്കുകയായിരുന്നു. പഴക്കമേറുംതോറും വീര്യം കൂടുന്ന വീഞ്ഞ് പോലെയാണ് കലാസാഹിത്യരംഗത്ത് *ധർമ്മപുരാണ*ത്തിന്റെ പ്രസക്തി. ആധുനിക സൈബർ ഇടങ്ങളിലും അധികാരത്തെ ചോദ്യം ചെയ്യുന്നതിന് വേണ്ടി 'പ്രജാപതിയ്ക്ക് തൂറാൻ മുട്ടി' എന്ന പ്രയോഗം ഉപയോഗിക്കുന്നതിലൂടെ ധർമ്മപുരാണം കാലാനുവർത്തിയായി നിലനിൽക്കുന്നു. "ഭരണകൂടവും ജനതയും ഉള്ളിടത്തോളം അധികാരത്തിന്റെ പോസ്റ്റ്മോർട്ടം ഗൈഡായി ധർമ്മപുരാണം നിലനിൽക്കും" (അരുൺകുമാർ.ടി 2021:131).

ഒ.വി. വിജയന്റെ 'അരുമ്പാറാ', 'ഭ്രൂണം', 'എണ്ണ' തുടങ്ങിയ ചെറുകഥകളും അടിയന്തരാവസ്ഥ സൃഷ്ടിച്ച അധികാരപ്രയോഗത്തെ വളരെ സൂക്ഷ്മമായി ചിത്രീകരിച്ചിട്ടുണ്ട്. 'ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം' എന്ന കാർട്ടൂൺ പരമ്പരകളിലൂടെയും അടിയന്തരാവസ്ഥയെ ഒ.വി. വിജയൻ അതിശക്തമായി വിമർശിച്ചു.

മുഖ്യധാര കലാസാഹിത്യ പ്രവർത്തകർ നിശബ്ദമായ കാലഘട്ടമായിരുന്നു അടിയന്തരാവസ്ഥ. പോലീസിന് വാറണ്ട് ഇല്ലാതെ ആരെയും അറസ്റ്റ്ചെയ്യാനും കസ്റ്റഡിയിൽ വയ്ക്കാനും പരിപൂർണ്ണ സ്വാതന്ത്രമുണ്ടായിരുന്ന നാളുകളായിരുന്നു അത്. കഥയും കവിതയും പത്രങ്ങൾവരെ അച്ചടിക്കുന്നതിന് മുമ്പ് സെൻസർ ഓഫീസറെ

കാണിച്ചിട്ട് മാത്രമേ പ്രസിദ്ധീകരിക്കാൻ കഴിയുമായിരുന്നുള്ളൂ. അടിയന്തരാവസ്ഥയെ സ്വാഗതം ചെയ്ത സാഹിത്യകാരും കേരളത്തിൽ ഉണ്ടായിരുന്നു അവർ അടിയന്താര വസ്ഥയുടെ ഗുണഗണങ്ങളെ കുറിച്ച് നിരന്തരമായി സംസാരിച്ചു കവിതകൾ എഴുതി. "അടിയന്തരാവസ്ഥയുടെ സന്ദേശം ഉയർത്തിപ്പിടിക്കുന്നതിന് വേണ്ടി ദേശീയ തലത്തിൽ സ്ഥാപിതമായ 'നാഷ്ണൽ ഫോറം ഓഫ് റൈറ്റേസിന്റെ' കേരളത്തിന്റെ കൺവീനർമാർ എൻ.പി. കൃഷ്ണവാര്യരും, സുഗതകുമാരിയുമായിരുന്നു."(സേതുനാഥ് കെ.പി. 2017:92)

അടിയന്തരാവസ്ഥയെ എതിർത്ത മുഖ്യധാരയിലെ കവിതകൾ ചുവടെ ചേർക്കുന്നു.

I. 'കടിച്ചല്ലേ പിടിച്ചല്ലേ കടുപ്പം കാട്ടല്ലേ
കടുക്ക ഞാൻ കുടിച്ചോളം അമ്മച്ചീ
കടുക്ക ഞാൻ കുടിച്ചോളാം
കയിപ്പെന്നും പറയത്തില്ല കവർപ്പെന്നും പറയത്തില്ല
കടുക്ക ഞാൻ കുടിച്ചോളം പൊന്നമ്മച്ചീ,ഈ
കടുക്ക ഞാൻ പിടിച്ചേക്കാം.' (അയ്യപ്പപണിക്കർ. 2015:55)

II. 'കേൾക്കരുതു
ചെവിയോർക്കരു
തിമ ചിമ്മരു
തിനി നോക്കരു
തുരിയാടരു
തൊരു വാക്കു.' (രമേശ്, പഴവിള. 2015:61)

III. എഴുത്തോ നിന്റെ, കഴുത്തോ
ഏറെക്കൂറേതിനോട്? (ഗോവിന്ദപിള്ള, പി. 2015 അവതാരിക)

അടിയന്തരാവസ്ഥയെ എതിർത്തുകൊണ്ട് പ്രശസ്ത കാഥികൻ വി. സാംബശി വൻ 'ഇരുപതാം നൂറ്റാണ്ട്' എന്ന കഥാപ്രസംഗം അവതരിപ്പിക്കുകയും, പോലീസ് അറസ്റ്റ് ചെയ്ത് ആറ് മാസം അദ്ദേഹം ജയിലിൽ കിടക്കേണ്ടി വന്നതും ഇവിടെ സൂചിപ്പിക്കുന്നു.

## 2.4 അടിയന്തരാവസ്ഥ: നാടകം

ഭരണാധികാരികൾക്ക് ആരെയും എപ്പോഴും മുന്നറിയിപ്പ് ഇല്ലാതെ ജയിലിൽ അടയ്ക്കാൻ ശേഷിയുള്ള അടിയന്തരാവസ്ഥയെ പ്രതിരോധിച്ച നാടകപ്രവർത്തന

ങ്ങൾ വളരെ കുറവാണ്. നാടകം അവതരിപ്പിക്കണമെങ്കിൽ സ്ക്രിപ്റ്റ് സെൻസർ ഓഫീസറെ കാണിച്ച് അനുവാദം വാങ്ങണം എന്ന നിബന്ധനയുണ്ടായിരുന്നു. നാടകത്തിന്റെ അവതരണത്തിൽ സ്ക്രിപ്റ്റിൽ നിന്ന് വ്യതിചലിക്കാനും പാടില്ല എന്ന നിബന്ധനയിലാണ് നാടകത്തിന് അനുവാദം ലഭിക്കുന്നത്. എന്നാൽ ചില നാടകപ്രവർത്തകർ ഈ പ്രതിസന്ധികളെ മറികടന്ന് നാടകം അവതരിപ്പിച്ചു. അടിയാന്തരാവസ്ഥയെ എതിർത്ത് കൊണ്ട് പ്രശസ്ത നാടകപ്രവർത്തകൻ പി.ജെ. ആന്റണി അവതരിപ്പിച്ച 'കാളരാത്രി' എന്ന നാടകത്തിന്റെ അവതരണത്തെ ഭരണകക്ഷിയിൽപ്പെട്ടവർ കല്ലെറിഞ്ഞ് അവതരണം മുടക്കിയിട്ടുണ്ട്. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ കേരളസന്ദർശനത്തെ തുടർന്ന് കോഴിക്കോട് മധുമാസ്റ്റർ ഫക്ടറി തൊഴിലാളികളെ അണിനിരത്തി 'ചുവന്ന സന്ധ്യ (ഇന്ത്യ 74') എന്ന നാടകം അവതരിപ്പിച്ചു. വയനാട് മീനാങ്കലിൽ സിവിക് ചന്ദ്രന്റെ നേതൃത്വത്തിൽ 'അക്ഷൗഹിണി' എന്ന നാടകം അവതരിപ്പിച്ചു, കോഴിക്കോടിന്റെ പല ഭാഗങ്ങളിൽ പോലിസിന്റെ കണ്ണ് വെട്ടിച്ച് ഒരു നാടകംതന്നെ പല പേരുകളിൽ അവതരിപ്പിച്ചു. രാജൻ തിരുവേത്തിന്റെ 'പട്ടിയെ കുറിച്ചൊരു അന്വേഷണം, വിശ്വൻ മന്ദങ്കാവിന്റെ 'കൈപാണ്ടിയും, കുറേ ദൈവങ്ങളും, 'ഇപ്രകാരം കുറുപ്പാൾ മാഷ്' തുടങ്ങിയ നാടകങ്ങൾ ഇത്തരത്തിൽ അടിയന്തരാവസ്ഥയുടെ സെൻസെർഷിപ്പിനെ മറികടന്നുകൊണ്ട് രംഗാവതരണം സാധ്യമായി.

### 2.4.1 പട്ടിയെ കുറിച്ചൊരു അന്വേഷണം

"നമ്മുക്കേവർക്കും ഭക്ഷണം തരുന്ന, നാം എപ്പോൾ എന്ത് സംസാരിക്കണമെന്ന് തീരുമാനിക്കുന്ന നമ്മുടെ തമ്പ്രാന്റെ പട്ടിയെ കാണാതായിട്ട് ദിവസങ്ങൾ...ആഴ്ചകൾ എത്രയായി." (ഷിബിജ, എൻ. 2011:68)

അടിയന്തരാവസ്ഥയിലെ കരി നിയമങ്ങളെ അവഗണിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ പല ഭാഗങ്ങളിൽ അവതരിപ്പിച്ച നാടകമായിരുന്നു രാജൻ തിരുവോത്തിന്റെ 'പട്ടിയെ കുറിച്ചൊരു അന്വേഷണം'. തമ്പ്രാന്റെ കാണാതായ പട്ടിയെ കുറിച്ച് അന്വേഷണം നടത്തുന്നതാണ് നാടകത്തിന്റെ ഇതിവൃത്തം.

'പ്രിയപ്പെട്ട നാട്ടുകാരെ തമ്പ്രാന്റെ പട്ടിയെ ഉന്നതകുലജാതനായ പട്ടിയെ കഴുത്തിൽ പട്ടയുള്ള പട്ടിയെ കാണാതായിരിക്കുന്നു'. എന്ന അറിയിപ്പോട് കൂടി ആണ് നാടകം ആരംഭിക്കുന്നത്. ഓരോ വാക്കുകളിലൂടെയും വിസ്മയം സൂക്ഷിക്കുകയും

ജനങ്ങളെ തന്റെ കൈവെള്ളയിൽ നിർത്തുന്ന പ്രാസംഗികൻ തമ്പ്രാന്റെ ഗുണഗണ ങ്ങൾ പ്രകീർത്തിക്കുന്നു, രാജാധികാരത്തെ ജനങ്ങൾക്ക് ഇടയിൽ വീണ്ടും വീണ്ടും അയാൾ ഓർമ്മിപ്പിക്കുന്നു. തമ്പ്രാന്റെ സേവകൻ പലപ്പോഴും തമ്പ്രാൻ താൻതന്നെ യാണ് എന്ന് കരുതി ആജ്ഞകൾ നൽകുന്നു. അധികാരിയുടെ/ തമ്പ്രാന്റെ ആജ്ഞാ നുവർത്തികളായ പോലീസ് പട്ടിയെകുറിച്ചുള്ള അന്വേഷണം വളരെ വേഗത്തിൽ നടത്തുന്നു. തമ്പ്രാന്റെ പട്ടിയുടെ വാർത്ത പത്രങ്ങളിലും ടി.വി. ചാനലുകളിലും നിറ യുന്നു. നാടകത്തിൽ ഏരിയൽ തലയിൽ വച്ചാണ് ടി.വി ചാനലുകാരൻ എന്ന കഥാ പാത്രം കടന്ന് വരുന്നത്. അയാൾ പട്ടിയെ കാൺമാനില്ല എന്ന വാർത്ത വളരെ ജാഗ്ര തയോടെ അവതരിപ്പിക്കുന്നു. രാജസേവകൻ പട്ടിയെ കാണാതായ വാർത്ത നിയമ സഭയിലും പാർലമെന്റിലും അവതരിപ്പിക്കുന്നു. പാർലമെന്റ് ഏഴംഗകമ്മിഷനെ നിയ മിച്ച് പട്ടിയ കണ്ടെത്താനുള്ള അന്വേഷണം ആരംഭിക്കുന്നു. നാടകത്തിന്റെ അവസാ നത്തിൽ പട്ടി കടപ്പുറത്ത് ചത്ത് കിടക്കുന്നു. നാടകത്തിലുടനീളം കടന്ന് വരുന്ന മറ്റൊരു കഥാപാത്രമുണ്ട്,  മകനെയും പശുവിനെയും കാൺമാനില്ല എന്ന പരാതി യുമായി നടക്കുന്ന സാധു വൃദ്ധൻ. പോലീസ് സ്റ്റേഷൻ, നിയമസഭ, പാർലമെന്റ് എന്നീ അധികാരകേന്ദ്രങ്ങളിൽ നിന്ന് വൃദ്ധനെ ആട്ടിപായിക്കുന്നു. ഒരു പട്ടിയുടെ ജീവന്റെ വിലപോലും മനുഷ്യന് ഇല്ലാത്ത അടിയന്തരാവസ്ഥയെ മൂർച്ചയുള്ള ആക്ഷേപ ഹാസ്യത്തിലൂടെ നാടകം കടന്നാക്രമിക്കുന്നു. തമ്പ്രാന്റെ ആജ്ഞകളെ ജനങ്ങൾ കൂകിവിളിക്കുന്നു എന്നാൽ രാജസേവകന്റെ കൂടെ സഞ്ചരിക്കുന്നത് അംഗ പരിമിതിയുള്ള ഒരു നാട്ടുകാരൻ മാത്രമാണ്. പട്ടിയുടെ മരണത്തെ തുടർന്ന് രാജ്യത്ത് ഹർത്താലും ദു:ഖാചരണ പരിപാടികളും നടത്തുന്നു, അപ്പോഴും നഷ്ടപ്പെട്ട മക നെയും പശുവിനെയും തേടി വൃദ്ധൻ അലയുകയാണ്. എന്റെ മകനുവേണ്ടി പകരം ചോദിക്കുവാൻ, ദു:ഖാചരണം നടത്താൻ ആരുമില്ലേ?' എന്ന വൃദ്ധന്റെ ചോദ്യത്തി ലാണ് 'പട്ടിയെ കുറിച്ചൊരു അന്വേഷണം' എന്ന നാടകം അവസാനിക്കുന്നത്. മാറി മാറി വരുന്ന അധികാരകേന്ദ്രങ്ങൾക്ക് വേണ്ടി കുഴലൂത്ത് നടത്തുന്ന പത്രസ്ഥാപന ങ്ങളെയും ടി.വി. ചാനലുകളെയും മൂർച്ചയോടെ വിമർശിക്കുകയാണ് ഈ നാടക ത്തിൽ.

### 2.4.2 കൈപാണ്ടിയും കുറേ ദൈവങ്ങളും

ദൈവവിശ്വാസ സങ്കല്പങ്ങൾ മനുഷ്യർക്ക്  പ്രതീക്ഷകളും, ആശ്വാസവും നൽകുന്നു. അപകടങ്ങൾ വരാതിരിക്കാൻ, കഷ്ടപ്പാടുകളിൽ നിന്ന് മുക്തിനേടാൻ

വിശ്വാസികൾ തങ്ങളുടെ അധ്വാനത്തിന്റെ ഒരു വിഹിതം ഇഷ്ടദൈവങ്ങൾക്ക് കാണിക്കയായി നൽകുന്നു. വിശ്വൻ മന്ദങ്കാവിന്റെ ശ്രദ്ധേയമായ നാടകമാണ് 'കൈപാണ്ടിയും കുറെ ദൈവങ്ങളും'. പ്രദേശികമായ വിശ്വാസങ്ങളും, സങ്കൽപ്പങ്ങളും, പുരാവൃത്തങ്ങളുമാണ് ഈ നാടകനിർമ്മിതിയ്ക്ക് വേണ്ടി ഉപയോഗിച്ചിട്ടുള്ളത്. വിശന്ന്വലഞ്ഞ് നടക്കുന്ന ഒരു സ്ത്രീയും പുരുഷനുമാണ് ഈ നാടകത്തിലെ പ്രധാനകഥാപാത്രങ്ങൾ. അവർ ഭഗവതിയുടെ നടയിൽ ഇരിക്കുന്ന ധാന്യങ്ങൾ വിശന്ന്വലഞ്ഞ് എടുത്ത് കഴിക്കാൻ ശ്രമിക്കുന്നു, എന്നാൽ ഗുളികൻ അവരെ തടയുന്നു, മർദ്ദിക്കുന്നു. അവർ പരാതിയുമായി വെളിച്ചപ്പാടിനെ സമീപിക്കുന്നു എന്നാൽ വെളിച്ചപ്പാട് വിശപ്പിനെകുറിച്ച് ബോധവാനല്ല അയാൾ സംസാരിക്കുന്നത് തേനും പാലും ഒഴുകുന്ന വരാൻ പോകുന്ന കാലത്തെ കുറിച്ചാണ്, അവരുടെ കൈവശമുള്ള കല്ലരിപോലും ഭഗവതിയുടെ കിങ്കരൻമാർ തട്ടിപറിക്കുന്നു. പട്ടിണിയിൽ കഴിയുന്ന അവർക്ക് ഒരു നേരത്തെ ഭക്ഷണം ഒരു ദൈവവും നൽകുന്നില്ല. നാട്ടുകാരുടെ കാശും, ധാന്യങ്ങളും കൊണ്ടാണ് ഭഗവതിയുടെ ഭണ്ഡാരം നിറയ്ക്കുന്നത്. ചോദ്യങ്ങൾ ചോദിച്ചതിന് നാടിന്റെ അധികാരിയായ ഭഗവതി അവരുടെ വായമൂടികെട്ടി അവരെ നിശബ്ദരാക്കുന്നു. അപ്പോഴാണ് പുതിയ ദൈവത്തിന്റെ കടന്ന് വരവ്; സ്ത്രീയും പുരുഷനും ആ ദൈവത്തിൽ പ്രതീക്ഷ അർപ്പിക്കുന്നു. എന്നാൽ പുതിയ ദൈവവും, പഴയ ദൈവവും ഒന്നായി തീർന്ന് ദരിദ്രരായ മനുഷ്യരെ വീണ്ടും ദ്രോഹിക്കുന്നു. ഏതോ ദിക്കിൽനിന്ന് കടന്ന്വരുന്ന പ്രത്യാശയുടെ വെളിച്ചത്തിലാണ് നാടകം അവസാനിക്കുന്നത്.

നാടിന്റെ രക്ഷകർതന്നെ നാട്ടുകാരുടെ ശിക്ഷകരായി മാറുന്ന ദുരന്തകാഴ്ചയാണ് 'കെപാണ്ടിയും കുറേ ദൈവങ്ങളും' എന്ന നാടകത്തിലൂടെ അവതരിപ്പിച്ചത്. അധികാരികൾ പല രൂപങ്ങളിൽ പ്രത്യക്ഷപ്പെട്ട് പ്രജകളെ നിരന്തരമായി പീഢിപ്പിക്കുന്നു. ദൈവത്തെ/ അധികാരിയെ ചോദ്യം ചെയ്താൽ ദുർമരണം സംഭവിക്കുമെന്ന ചിന്ത ജനങ്ങളുടെ അബോധത്തിൽ അവർ നിറക്കുന്നു.

### 2.4.3 ഇപ്രകാരം കുറുപ്പാൾ മാഷ്

"നാം അസ്വസ്ഥരാണ്. നമ്മുടെ സമൂഹ്യവ്യവസ്ഥിതി, രാഷ്ട്രീയ പരിതസ്ഥിതി. എല്ലാം മുഷിഞ്ഞ് നാറികൊണ്ടിരിക്കുന്നു." (2011:87)

അടിയന്തരാവസ്ഥയ്ക്ക് എതിരെ വിശ്വൻ മന്ദങ്കാവ് എഴുതിയ മറ്റൊരു നാടകമാണ് 'ഇപ്രകാരം കുറുപ്പാൾ മാഷ്'. പ്രശസ്ത ഫ്രഞ്ച് നാടകകൃത്ത് സാമുവൽ ബക്ക

റ്റിന്റെ 'ഗോദോയെ കാത്ത്' എന്ന നാടകത്തിൽ കഥാപാത്രങ്ങൾ ഗോദോയെ കാത്തിരിക്കുന്നത്പോലെ ഒരു കൂട്ടം ജനങ്ങൾ ആരേയൊ കാത്തിരിക്കുന്നിടത്ത് നിന്നാണ് ഈ നാടകം ആരംഭിക്കുന്നത്. ആരെയാണ് കാത്തിരിക്കുന്നത്, എന്താണ് വരാൻ പോകുന്നത് എന്ന് ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു. 'ഞാൻ പറയാം തോക്കാണോ' എന്ന സംഭാഷണത്തിലൂടെയാണ് നാടകം ആരംഭിക്കുന്നത്. ഈനാശു, മൊയ്തു, ബാലൻ, പാങ്ങൻനായർ, കുറുപ്പൻമാഷ്, വണ്ണാത്തി എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ.

ഓരോ കഥാപാത്രങ്ങളും അവരുടെ ജീവിത കഥ പറയുന്നതിലൂടെയാണ് നാടകത്തിന്റെ ഇതിവൃത്തം പുരോഗമിക്കുന്നത്. പോലീസ്സ്കാരാൽ പീഡിപ്പിക്കപ്പെട്ട വണ്ണാത്തിയും അവളുടെ ദുരന്തകഥ പറയുന്നു. ഈ നാടകത്തിൽ ഉടനീളം തീവ്രഇടതുപക്ഷആശയങ്ങളുടെ ചില സൂചനകൾ നൽകുന്നു. ഉദാഹരണമായി 'തോക്കിൻ കുഴലിലൂടെ അധികാരം' എന്ന മാവോ സെ തൂങ്ങിന്റെ സംഭാഷണത്തെ സൂചിപ്പിക്കുന്ന പ്രധാന ഉപകരണമായ തോക്ക് ആണ് ജനങ്ങൾ കാത്തിരിക്കുന്നത്. മാവോയുടെ സമ്പൂർണ്ണകൃതികളിൽ പ്രതിപാദിക്കുന്ന 'പർവ്വതങ്ങളെ നീക്കം ചെയ്ത വിഡ്ഢിയായ വൃദ്ധൻ' എന്ന ചൈനീസ് നാടോടി കഥ ഈ നാടകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. കഥാപാത്രങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുന്നവർ നാടകത്തിന്റെ അവസാനം കടന്നുവരുന്നു, അവർ കൊണ്ട് വന്നത് തോക്കാണ്. പക്ഷേ തോക്കിൽ നിറയ്ക്കാനുള്ള 'ഉണ്ട' അവരുടെ കൈവശമില്ല. വണ്ണാത്തി ഉണ്ടയാകാൻ തയ്യാറാവുകയും, വണ്ണാത്തിയെ തോക്കിനുള്ളിലാക്കി വെടിപൊട്ടിക്കാൻ ജനങ്ങൾ തയ്യാറായി നിൽക്കുമ്പോൾ നാടകം അവസാനിക്കുന്നു. അധികാരത്തിനെതിരെ ജനങ്ങൾ സായുധമായി സംഘടിക്കുമ്പോഴാണ് നാടകം അവസാനിക്കുന്നത്.

**2.5 ജനകീയസാംസ്കാരികവേദി**

'എഴുപതുകളിലെ മഴയ്ക്ക്
യുവരക്തത്തിന്റെ കടുംചുമപ്പായിരുന്നു
ആദിവാസികളുടെ നിറഞ്ഞകണ്ണുകളിലും
കർഷകരുടെ തകർന്ന അസ്ഥികളിലും
നിന്നാണ് അത് ഇരച്ചെത്തിയത്
എൺപതുകളുടെ മഴയ്ക്ക്

സഹ്യഗിരികളുടെ കരിംപച്ച നിറമായിരുന്നു

പിന്നെ മഴകൾ ഉണ്ടായില്ല.

ഞാറ്റുവേലകൾ അവശേഷിച്ച്

ഇറവെള്ളം മാത്രം ഇപ്പോഴും

ഇറ്റു വീഴുന്നു." (ബാലൻ, കവിയൂർ. 2014:7)

കേരളത്തിന്റെ കലാസാംസ്കാരികമേഖലയിലെ വേറിട്ട ശബ്ദമായിരുന്നു ജനകീയസംസ്കാരികവേദി. തീവ്ര ഇടതുപക്ഷ ആശയങ്ങളെ പിൻ തുണച്ച സംസ്കാരിക പ്രവർത്തകരുടെ കൂട്ടായ്മയായിരുന്നു ജനകീയസംസ്കാരികവേദി. അടിയന്തരാവസ്ഥയിലെ സർഗ്ഗാത്മപ്രതിരോധത്തിന്റെ തുടർച്ചയായിരുന്നു ജനകീയസംസ്കാരികവേദിയിലൂടെ രൂപപ്പെട്ടത്. കെ. സച്ചിദാനന്ദൻ, ബി. രാജീവൻ, കെ.ജി. ശങ്കരപിള്ള, മധുമാസ്റ്റർ, സിവിക്ചന്ദ്രൻ തുടങ്ങിയനിരവധി സംസ്കാരിക പ്രവർത്തകരാണ് സംസ്കാരികവേദിയെ നയിച്ചത്. രഹസ്യമായി പ്രവർത്തിച്ചിരുന്ന നക്സൽ പ്രവർത്തനത്തിൽ നിന്ന് വ്യത്യസ്തമായി ജനങ്ങളുമായി നേരിട്ട് സംവദിക്കാനും, രംഗാവതരണങ്ങളെ തെരുവിലേക്ക് കൊണ്ടുവരാനും സംസ്കാരിവേദിയ്ക്കു കഴിഞ്ഞു. അടിയന്തരാവസ്ഥയ്ക്ക് ശേഷം നക്സൽ പ്രസ്ഥാനത്തിൽ രണ്ട് ചേരികൾ ഉണ്ടായി, ഉൻമൂലന സിദ്ധാന്തത്തിൽ ഉറച്ച് നിന്നവരും, ജനകീയ മുന്നേറ്റങ്ങൾക്ക് വേണ്ടി വാദിച്ചവരും, ഇത്തരത്തിൽ ജനകീയ മുന്നേറ്റങ്ങൾക്ക് വേണ്ടി വാദിച്ചവരുടെ കൂട്ടായ്മയാണ് സംസ്കാരികവേദി. കേരളത്തിലെ കലാസാഹിത്യ മേഖലകളിലെ പ്രശസ്തരായ പലരും സംസ്കാരികവേദിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി. നക്സൽ പ്രസ്ഥാനത്തോട് അനുഭാവം പ്രകടിപ്പിക്കാത്ത ബാലചന്ദ്രൻ ചുള്ളിക്കാടും കടമ്മനിട്ട രാമകൃഷ്ണനെയും പോലെ പല ബുദ്ധിജീവികളും സംസ്കാരികവേദിയുടെ സജീവ പ്രവർത്തകരായിരുന്നു. അടിയാന്തരാവസ്ഥയ്ക്ക് ശേഷം ജയിൽമോചിതരായ മധുമാസ്റ്റർ, സിവിക്ചന്ദ്രൻ, എന്നിവർ വയനാട് കേന്ദ്രീകരിച്ച് വയനാട്സംസ്കാരികവേദി എന്ന പേരിൽ സർഗ്ഗാത്മകപ്രവർത്തനങ്ങളുടെ കൂട്ടായ്മ ആരംഭിച്ചു. മിസ്സാ തടവുകാരായ നക്സൽപ്രവർത്തകർ ജയിലിൽവച്ച് മധുമാസ്റ്റർക്ക് നൽകിയ 'സംസ്കാരിക പ്രവർത്തനങ്ങൾക്കൊരു മാർഗ്ഗരേഖ'യെന്ന ലഘുലേഖയാണ് സംസ്കാരികവേദിയുടെ തുടക്കത്തിന് കാരണമായത്. ബി. രാജീവന്റെ *'സ്വാതന്ത്ര്യത്തിന്റെ സമഗ്രത'* എന്ന പുസ്തകവും ജനകീയസംസ്കാരികവേദിയുടെ സൈദ്ധാന്തിക ചിന്തകൾക്ക് വഴികാട്ടിയായി. സംസ്കാരികവേദിയുടെ പ്രവർത്തനങ്ങൾക്ക് ഏകോപിച്ചത് സി.

പി.ഐ (എം.എൽ)ന്റെ സംസ്ഥാന കമ്മറ്റി അംഗമായിരുന്നു പി.കെ. ദാമോദരൻ (ദാമു മാഷ്) ആയിരുന്നു. "കേരളത്തിന്റെ സൈദ്ധാന്തികരുടെയും ബൗദ്ധികജീവികളുടെയും ക്രീം തന്നെയായിരുന്നു ജനകീയ സംസ്കാരികവേദി"[5] ജോയി മാത്യു, ടി.എൻ. ജോയി, എ.സി. കെ. രാജ, സ്റ്റെല്ല, മോകേരി രാമചന്ദ്രൻ, മധുമാസ്റ്റർ, ബി. രാജീവൻ, കെ. ജെ. ബേബി അങ്ങനെ നിരവധി പ്രതിഭകൾ കേരളത്തിന്റെ തെരുവുകളിൽ നാടകവും കവിതയുമായി ജനങ്ങളുമായി നേരിട്ട് സംവാദിച്ചു. മുഖ്യധാര രാഷ്ട്രീയപാർട്ടികളുടെ സംസ്കാരിക പ്രവർത്തനങ്ങളെക്കാൾ സംസ്കാരികവേദിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ പ്രതിരോധത്തിന്റെ പുത്തൻ രംഗഭാഷ ചമച്ചു. 'അനീതിയ്ക്ക് എതിരെ കലാപം ചെയ്യുക.' എന്ന മുദ്രാവാക്യവുമായി സാഹിത്യകാരും ബൗദ്ധികജീവികളും അടങ്ങിയ സംഘം കേരളത്തിന്റെ തെരുവുകളിൽ സർഗ്ഗാത്മകമായ മുന്നേറ്റം നടത്തി.

'ഒരു തെരുവിൽ അനീതിയുണ്ടായാൽ വൈകുന്നേരം ആകുന്നതിന് മുമ്പ് ആ നഗരം കത്തിചാമ്പലാകണം' എന്ന ബ്രഹ്ത്തിന്റെ വരികളും, 'വരൂ... കാണൂ ഈ തെരുവിന്റെ രക്തം കാണൂ...വരൂ...കാണൂ...'എന്ന നെരൂദയുടെ കവിതകളും സംസ്കാരികവേദിയിലൂടെ കേരളത്തിൽ മുഴങ്ങികേട്ടു. കോഴിക്കോട് രണചേതനയിക്കുവേണ്ടി മധുമാസ്റ്റർ സംവിധാനം ചെയ്ത 'അമ്മ', 'സ്പാർട്ടക്കാസ്' തുടങ്ങിയ നാടകങ്ങളെ പ്രേക്ഷകരുടെ ഇടയിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. 1978-ൽ തൃശ്ശൂരിലെ ഒളരിക്കരയിൽ പ്രമുഖ സാഹിത്യപ്രവർത്തകരായ വരവരറാവു, കെ.ജി. ശങ്കരപിള്ള, അശോകൻ, ബാലകൃഷ്ണൻ, ആര്യാട് ഗോപി തുടങ്ങിയവർ പങ്കെടുത്ത രണ്ട് ദിവസത്തെ സംസ്കാരികയോഗമാണ് ജനകീയ സംസ്കാരികവേദിയ്ക്ക് തുടക്കം കുറിച്ചത്. 'പുത്തൻ ജനാധിപത്യവിപ്ലവത്തിന്റെ സംസ്കാരികസേന' എന്ന നിലയിലാണ് സംസ്കാരികവേദിയെ ഈ സാഹിത്യകാരൻമാർ വിശേഷിപ്പിച്ചത്. സംസ്ഥാന കോർഡിനേഷൻ കമ്മറ്റിയിലേയ്ക്ക് കവിയൂർ ബാലൻ, സേതു, കെ.എസ്. സദാശിവൻ, സച്ചിദാനന്ദൻ, സിവിക് ചന്ദ്രൻ, സോമൻ, ചിത്തരഞ്ജൻ എന്നിവരെ തിരഞ്ഞെടുത്തു. 1980 ഓഗസ്റ്റ് 28,29,30 തിയതികളിൽ ജനകീയ സംസ്കാരികവേദിയുടെ സംസ്ഥാന സമ്മേളനം തൃശ്ശൂർ അന്തിക്കാട് വച്ച് നടന്നു. കവിയരങ്ങുകൾ, തെരുവ് നാടകങ്ങൾ ജനകീയവിചാരണ തുടങ്ങിയ പുത്തൻ സംസ്കാരിക മുന്നേറ്റങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. ജനകീയസംസ്കാരികവേദിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധയാകർഷിച്ചത് 'ജനകീയ വിചാരണയായിരുന്നു. അഴിമതിക്കാരെയും ജനദ്രോഹികളുമായ ഉദ്യോഗസ്ഥരെയും ജനമദ്ധ്യത്തിൽ വച്ച് ജനകീയ വിചാരണനടത്തി

കൊണ്ട് ജനകീയ സംസ്കാരികവേദി കേരളത്തിൽ വ്യത്യസ്തമായ സമരമുറ ആവിഷ്കരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലെ കൈകൂലികാരനായ ഡോക്ടറെ പൊതുസ്ഥലത്ത് വച്ച് ജനകീയ വിചാരണ നടത്തി. കേരളത്തിന്റെ പല ഭാഗങ്ങളിലും നിയമവിരുദ്ധമായി ചൂതാട്ട പ്രവർത്തനങ്ങൾ നടത്തിയവർക്കെതിരെ സംസ്കാരിക വേദി ചൂതാട്ടവിരുദ്ധ സമരങ്ങൾ നടത്തി. ചൂതാട്ട പ്രവർത്തനങ്ങളെ നിയന്ത്രിച്ചിരുന്ന ഗുണ്ടകളുടെ ആക്രമണത്തിൽ 'രമേശൻ' എന്ന സംസ്കാരികവേദിയുടെ പ്രവർത്തകർ കൊല്ലപ്പെട്ടു. മലയാളത്തിൽ പുറത്തിറക്കിയ 'ഗുൻമോഹർ' അടക്കമുള്ള പല ചലചിത്രത്തിലും സംസ്കാരികവേദി നടത്തിയ ജനകീയ വിചാരണയെ അഭ്രപാളിയിൽ വീണ്ടും അവതരിപ്പിച്ചിട്ടുണ്ട്.

**2. 5.1 കവിയരങ്ങ്**

ക്ലാസ്സ്റൂമുകളിലും, പുസ്തകങ്ങളിലുംമാത്രം ഒതുങ്ങിനിൽക്കുകയും സാഹിത്യ അഭിരുചിയുണ്ടായിരുന്നവർക്ക് മാത്രം ആസ്വദിക്കാൻ കഴിഞ്ഞിരുന്ന കവിയെ തെരുവുകളിൽ ചൊല്ലി അവതരിപ്പിച്ചത് സംസ്കാരികവേദിയാണ്. കടമ്മനിട്ട രാമകൃഷ്ണനും, കെ.ജി. ശങ്കരപിള്ളയും ബാലചന്ദ്രൻ ചുള്ളിക്കാടും, സച്ചിദാനന്ദനും അവരുടെ കവിതകളെ സാധാരണകാരായ ജനങ്ങൾക്കുവേണ്ടി തെരുവുകളിൽ ചൊല്ലികേൾപ്പിച്ചു. സുരാസു 'മൊഴിയാട്ടം' എന്ന പേരിൽ കടമനിട്ടയുടെ 'കുറത്തി', 'കാട്ടാളൻ' എന്നീ കവിതകളെ ദൃശ്യവൽകരിച്ചു. "സാധാരണകാർക്ക് മനസ്സിലാക്കുന്നതിനും, അവരുടെ മുന്നിൽ അവതരിപ്പിക്കുന്നതിനുവേണ്ടി ബോധപൂർവ്വം സൃഷ്ടിച്ച കവിതകളാണ് പുലയപ്പാട്ടും, പറയപ്പാട്ടും."[6] ജനകീയ സംസ്കാരിവേദിയുടെ കവിയരങ്ങിലൂടെ ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള കവിതകൾ മുദ്രാവാക്യംപോലെ കേരളം ഏറ്റ്പാടി. ഗ്വാട്ടിമാലൻ കവി ഓട്ടോ റെനോ കാസ്റ്റിലോയുടെ 'ഒരു ദിവസം ഏറ്റവും ദരിദ്രരായ ജനങ്ങളാൽ എന്റെ രാജ്യത്തിലെ അരാഷ്ടിയ ബുദ്ധിജീവികൾ ചോദ്യചെയ്യപ്പെടും,' തുടങ്ങിയ കവിതകൾ ജനകീയമാക്കിയതിൽ സംസ്കാരികവേദിയുടെ പങ്ക് നിക്ഷേധിക്കാനാവില്ല. ലാറ്റിനമേരിക്കൻ, ദക്ഷിണാഫ്രിക്കൻ കവിതകൾ കെ. സച്ചിദാനന്ദന്റെ നേതൃത്വത്തിൽ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട കാലഘട്ടമായിരുന്നു. കെ.എസ്. സദാശിവൻ പത്രാധിപനായും ബി. രാജീവൻ എഡിറ്ററായും പുറത്തിറങ്ങിയ 'പ്രേരണ' സംസ്കാരികവേദിയുടെ മുഖപത്രമായിരുന്നു. "കല അതിന്റെ സഹജമായ സ്വഭാവത്തിൽതന്നെ ഒരു സമരരൂപമാണ്. അത് ഓരോ കാലഘട്ടത്തിന്റെ വർഗ്ഗസമരത്തെ മുന്നോട്ട് നയിക്കപ്പെടുന്ന ഒരായുധമാണ്. " (രാജീവൻ ബി, 2010:122)

### 2.5.2 തെരുവ് നാടകങ്ങൾ

മനുഷ്യരുടെ ഇടയിൽ അവരോടൊപ്പം വളർന്നുവന്ന ദൃശ്യകലാരൂപങ്ങൾ പിന്നീട് നഗരത്തിന്റെ വളർച്ചയ്ക്കനുസരിച്ച് കൃത്രിമമായി നിർമ്മിച്ചെടുത്ത പ്രൊസേനിയം വേദികളിലേയ്ക്ക് പറിച്ചുനടുകയായിരുന്നു. കേരളത്തിലെ രാഷ്ട്രീയ നാടകവേദിയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകുന്നത് നാടക അവതാരങ്ങൾക്കായി അവർ തെരഞ്ഞെടുത്തത് പ്രോസേനീയം വേദികളാണ്. 1950 കൾക്ക് ശേഷം ഉണ്ടായ ഏറേക്കുറെ രാഷ്ട്രീയ നാടകങ്ങളുടെ അവതരണങ്ങൾ ഹാളിലോ, ഓഡിറ്റോറിയത്തിലോ വച്ചായിരുന്നു അവതരിപ്പിച്ചിരുന്നത്. നാടകം അവതരിപ്പിക്കുന്ന സ്ഥലത്തേയ്ക്ക് (Space) കാഴ്ചക്കാർ എത്തുന്ന കോളോണിയൻ നാടകസമ്പ്രദായമായിരുന്നു നാടകാവതരണത്തിന് ഉപയോഗിച്ചത്. ജനകീയകലാരൂപമായ നാടകങ്ങളുടെ അവതരണം പ്രോസീനിയം വേദിയിലേക്ക് മാറിയ കാലഘട്ടത്തിലാണ് ജനകീയ സംസ്കാരിവേദി തെരുവിൽ രാഷ്ട്രീയ നാടകങ്ങൾ അവതരിപ്പിച്ചത്. അഭിനേതാക്കളും കാഴ്ചക്കാരെയും പരസ്പരം വേർതിരിക്കുന്ന അതിർവരമ്പുകൾ ഭേദിച്ചുകൊണ്ട് ജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന തെരുവ് നാടകത്തെ മലയാളി ആവേശത്തോടെ സ്വീകരിച്ചു. വയനാട്ടിലെ കർഷകരുടെ കുടിയിറക്കുമായി ബന്ധപ്പെട്ട് 'ഗൂഢല്ലൂർ ഡ്രാപ്പ്' അവതരിപ്പിച്ച 'ലൂയിസ്സിനെ നിങ്ങൾ മറന്നുവോ' ആയിരുന്നു കേരളത്തിൽ അവതരിക്കപ്പെട്ട തെരുവുനാടകങ്ങളുടെ തുടക്കമായി വിലയിരുത്തുന്നു. വയനാട് സംസ്കാരിക വേദിയുടെ നേതൃത്വത്തിൽ കെ.ജെ. ബേബിയുടെ സംവിധാനത്തിൽ തെരുവുകളിൽ അവതരിപ്പിച്ച 'നാടുഗദ്ദിക' ആദിവാസികളുടെ അതിജീവനത്തിന്റെയും പ്രതിരോധത്തിന്റെ നാട്യരൂപമായി മാറി.

### 2.5.3 ഗറില്ലാ തിയേറ്റർ

ഗറില്ലാ തിയേറ്ററിന്റെ മാതൃകയിൽ സംസ്കാരികവേദി അവതരിപ്പിച്ച നാടകമായിരുന്നു സിവിക് ചന്ദ്രന്റെ സംവിധാനത്തിൽ അവതരിപ്പിച്ച 'എം.എൽ.എ'. സംസ്കാരികവേദിയുടെ പ്രവർത്തനങ്ങളെ പോലീസ് നിരീക്ഷിക്കുകയും, ചില രാഷ്ട്രീയ സംഘടനകൾ ജനകീയസംസ്കാരികവേദിയുടെ പ്രവർത്തകരെ ആക്രമിച്ചിരുന്ന സമയത്താണ് എം.എൽ.എ പോലുള്ള ഗറില്ലാ തിയറ്റർ കേരളത്തിന്റെ തെരുവുകളിൽ അരങ്ങേറിയത്. ഒരു തെരുവിലേക്ക് നാടകസംഘം പെട്ടന്ന് എത്തി നാടകം അവതരിപ്പിച്ച് അഭിനേതാക്കൾ തെരുവിലെ ജനകൂട്ടങ്ങളിലേയ്ക്ക് മറയുന്ന രീതിയായിരുന്നു. എം.എൽ.എ. എന്ന നാടകത്തിന്റെ അവതരണത്തിന് ഉപയോഗിച്ചത്. മധു മാസ്റ്റർ

സംവിധാനംചെയ്ത 'അമ്മ' എന്ന നാടകത്തിൽ അമ്മ എന്ന കേന്ദ്രകഥാപാത്രമായി അഭിനയിക്കുകയും സംസ്കാരികവേദിയുടെ പ്രവർത്തകയുമായ സ്റ്റെല്ല 'എം.എൽ.എ' എന്ന നാടകത്തിൽ അഭിനയിച്ച അനുഭവം വിവരിക്കുന്നു.

'ഒരു എം.എൽ.എ നാട്ടുകാർ ഓടിച്ച് വിചാരണ ചെയ്യുന്നതാണ് നാടകം, ഓരോ നാട്ടിൽ എത്തുമ്പോൾ അവിടത്തെജനങ്ങളെ നേരിട്ട്കണ്ട് ആ നാട്ടിലെപ്രശ്നങ്ങൾ പഠിച്ചാണ് നാടകം അവതരിപ്പിക്കുന്നത്. നാടകം നടക്കുമ്പോൾ ഇത് നാടകമാണെന്നറിയാതെ ജനങ്ങൾ ഇടപ്പെട്ടിട്ടുണ്ട്. ഓരോ സ്ഥലത്തിന് അനുസരിച്ച് സ്ക്രിപ്റ്റ് മാറും. ഞങ്ങളുടെ പിന്നാലെ നീലകണ്ഠൻമാർ (പോലീസ്) ഉണ്ടായിരുന്നു. പെട്ടെന്ന് ഒരു സ്ഥലത്ത് വരുകയും നാടകം അവതരിപ്പിച്ച് നാട്ടുകാരുടെ ഇടയിലൂടെ രക്ഷപ്പെടും. പലസ്ഥലങ്ങളിലുംവച്ച് എതിർപാർട്ടികൾ ഞങ്ങളുടെ നടൻമാരെ മർദ്ദിച്ചിരുന്നു.[7] "

സംസ്കാരികവേദി പ്രോസീനിയം വേദികളിൽ അവതരിപ്പിച്ച ശ്രദ്ധയമായ നാടകങ്ങളാണ് കോഴിക്കോട് രണചേതനയുടെ 'അമ്മ', 'സ്പാർട്ടക്കാസ്', കോട്ടയം സംസ്കാരികവേദിയുടെ 'ശക്തൻ തമ്പുരാൻ', വയനാട് സംസ്കാരികവേദിയുടെ 'പടയണി' തൃശ്ശൂരിലെ പ്രവർത്തകരുടെ നേതൃത്വത്തിൽ 'വെള്ളതലമുടികാരി പെൺകുട്ടി' തുടങ്ങിയ നാടകങ്ങൾ.

മധുമാസ്റ്റർ, ജോയ്മാത്യു, രാമചന്ദ്രൻമോകേരി, സുരാസു,എ.സി.കെ.രാജ, അശോക് കുമാർ, കരുണാകരൻ ബറുമ, ഹമീദ് മണ്ണിശ്ശേരി, സ്റ്റെല്ല, അലി അക്ബർ, കെ.ജെ.ബേബി തുടങ്ങിയ കലാകാരൻമാർ സാംസ്കാരികവേദിയുടെ നാടകങ്ങൾക്ക് കരുത്തുനൽകി. ലോകത്തിന്റെ പല ഭാഗങ്ങളിലും തൊഴിലാളി പ്രസ്ഥാനത്തിന് ശക്തി പകർന്ന തെരുവ് നാടകത്തെ കേരളത്തിന്റെ മണ്ണിൽ മൂർച്ചയോടെ അവതരിപ്പിക്കാൻ ജനകീയസാംസ്കാരികവേദിയ്ക്ക് കഴിഞ്ഞു. അതുകൊണ്ടാണ് തന്നെയാണ് 'നാടുഗദ്ദിക' പോലുള്ള സാംസ്കാരികവേദിയുടെ തെരുവ്നാടകത്തിന്റെ അവതരണം ഭരണകൂടം തടയുകയും, നാടകപ്രവർത്തകരെ ജയിലിൽ അടക്കുകയും വർഷങ്ങൾ വിചാരണ നേരിടുകയും ചെയ്തത്.

### 2.5.4 അരങ്ങിന്റെ രൂപമാറ്റം

നാടകത്തെയും കവിതയെയും തെരുവുകളിൽ അവതരിപ്പിച്ചു എന്നതാണ് സാംസ്കാരികവേദിയുടെ പ്രധാന സംഭാവന. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള എഴുത്തുകാരുടെ കവിത, ചെറുകഥ എന്നിവ മലയാളത്തിലേയ്ക്കു മൊഴിമാറ്റുകയും

അത് സാധരണക്കാരുടെ ഇടയിൽ അവതരിപ്പിച്ചുകൊണ്ട്, ജനകീയ സംസ്കാരിക വേദി തെരുവിനെ ഒരു സാംസ്കാരിക ഇടമാക്കി മാറ്റാൻ കഴിഞ്ഞു. നെരുദയുടെയും സാർത്രിന്റെയും ബ്രഹ്ത്തിന്റെയും കവിതകൾ ജനകീയ സംസ്കാരികവേദിയിലൂടെ മലയാളികൾക്ക് സുപരിചിതമായി. കെട്ടിയടച്ച വേദിയിൽ നിന്ന് നാടകം, കവിത എന്നിവ പുറത്തേയ്ക്ക് കൊണ്ടുവരാനുള്ള നീക്കമായിരുന്നു സാംസ്കാരികവേദി നടത്തിയത്.

വയനാട്ടിലെ ഗോത്രജനവിഭാഗമായ അടിയോരുടെ അനുഷ്ഠാനകലാരൂപമായ 'ഗദ്ദിക'യിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട 'നാടുഗദ്ദിക' എന്ന നാടകം തെരുവിന്റെ സാധ്യതകളെ പൂർണ്ണമായി ഉപയോഗിച്ച്കൊണ്ട് അവതരിപ്പിച്ചു. ആദിവാസികളുടെ ഭാഷയിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ട നാടകം തെരുവിലൂടെ കടന്ന്പോയ സാധരണകാരുമായി സംവാദിച്ചു. നാടകത്തിലെ കഥാപാത്രമായ 'വെള്ളി'യുടെ 'പയ്ക്കിഞ്ചോ' (വിശക്കുന്നേ) എന്ന വിളി കേരളത്തിന്റെ തെരുവുകളിൽ മുഴങ്ങി കേട്ടു. നാടകപരിശീലനം ലഭിച്ച അഭിനേയതാക്കളുടെ നാടകം കണ്ടിരുന്ന പ്രേക്ഷകരുടെ മുന്നിലേക്ക് ആദിവാസികളായ സാധരണക്കാർ, അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ നാടകത്തിലൂടെ വിളിച്ചുപറഞ്ഞു. അരങ്ങിന്റെ സങ്കൽപ്പങ്ങളെയും അഭിനയ സമ്പ്രദായങ്ങളെയും ഇത്തരത്തിൽ മാറ്റിമറിക്കാൻ സാംസ്കാരികവേദിയ്ക്ക് കഴിഞ്ഞു. രണ്ട് വർഷം മാത്രം നീണ്ടുനിന്ന സാംസ്കാരിക വേദിയുടെ സംഭാവനകൾ ആയിരുന്നു 'പ്രേരണ', 'യെനൻ' 'ഉത്തരം' തുടങ്ങിയ ലിറ്റിൽ മാഗസീനുകൾ. സാംസ്കാരികവേദിയുടെ പ്രവർത്തനങ്ങളുടെ തുടർച്ച എന്ന നിലയിലാണ് ജനങ്ങളിൽ നിന്ന് പിരിവെടുത്ത് ജോൺ എബ്രഹാം സംവിധാനം ചെയ്ത 'അമ്മ അറിയാൻ' എന്ന സിനിമയും രൂപപ്പെടുന്നത്. 1980 കളിൽതന്നെ സംസ്കാരികവേദി ദലിതരും, ആദിവാസികളും നേരിടുന്ന പ്രശ്നങ്ങൾ, സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹിക അസമത്വങ്ങൾ, പരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ കലാനിർമ്മാണത്തിന് ഉപയോഗിച്ച് തുടങ്ങി. സാംസ്കാരിക വേദി പിരിച്ച് വിട്ടതിന് ശേഷവും ഇതിലെ പ്രവർത്തകർ കേരളത്തിന്റെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചു.

തീവ്രഇടതുപക്ഷവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച കെ.കെ. കൊച്ച്, സലിംകുമാർ എന്നിവരാണ് പിന്നീട് ദലിത് മുന്നേറ്റങ്ങൾക്ക് കരുത്ത് പകർന്നത്. "അനീതിയ്ക്ക് എതിരെകലാപംചെയ്യുക എന്ന എഴുപതുകളിലെ ജനകീയ മുദ്രവാക്യത്തിന്റെ മാറ്റൊലി കേരളരാഷ്ട്രീയത്തിലും, സംസ്കാരത്തിലും നിലച്ചിട്ടില്ല എന്നതിന്റെ തെളി

വാണ് വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെ പരിധിയ്ക്ക് പുറത്ത് കേരളത്തിൽ അടുത്തിടയ്ക്ക് ഉണ്ടായ ജൈവരാഷ്ട്രീയ സമരങ്ങൾ.'(സച്ചിദാനന്ദൻ കെ. 2017 മെയ് മാതൃഭൂമി ആഴ്ചപ്പതിപ്പ്)

### 2.5.5 ജനകീയസാംസ്കാരികവേദി : നാടുഗദ്ദിക

കേരളത്തിൽ തെരുവ് നാടകങ്ങൾ പ്രചാരത്തിൽ വരുന്നത് സാംസ്കാരികവേദി അവതരിപ്പിച്ച നാടകങ്ങളിലൂടെയാണ്. കെ.ജെ. ബേബി രചനയും, സംവിധാനവും നിർവ്വഹിച്ച വയനാട് സംസ്കാരികവേദിയുടെ 'നാടുഗദ്ദിക' എന്ന നാടകത്തിന്റെ അവതരണം കേരളത്തിന്റെ നാടകചരിത്രത്തിലെ പ്രധാനപ്പെട്ട ഒരേടായ് മാറി. പണിയരും, അടിയരും, അടങ്ങുന്ന ആദിവാസികൾ അഭിനയിച്ചു എന്ന പ്രത്യേകത മാത്രമല്ല അവരുടെ സംസ്കാരത്തെ മുഖ്യധാരയിൽ കൊണ്ടുവരാനും നാടുഗദ്ദികയ്ക്ക് കഴിഞ്ഞു. ആദിവാസികൾക്ക് ഇടയിൽ സാക്ഷരപ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച കെ.ജെ. ബേബി. കാടിന്റെ മക്കളിൽ നിന്ന് പഠിച്ച് ഗോത്ര ഭാഷയും പാട്ടും, നൃത്തവും, താളവും, പുരാവൃത്തങ്ങളെയും നാടകനിർമ്മിതിയ്ക്കായി ഉപയോഗിച്ചു. വയനാട്ടിലെ ആദിവാസി ഊരുകളിൽ മാത്രം അവതരിപ്പിച്ചുകൊണ്ടിരുന്ന നാടുഗദ്ദികയെ സിവിക് ചന്ദ്രനാണ് കേരളത്തിന്റെ പല ഭാഗങ്ങളിലും അവതരിപ്പിക്കാൻ അവസരം ഒരുക്കിയത്. 1981 മെയ് 22 ന് കോഴിക്കോട് മുതലകുളം മൈതാനത്തിൽ വച്ച് 'നാടുഗദ്ദിക'യുടെ അവതരണം പോലീസ് തടസ്സപ്പെടുത്തുകയും നാടകപ്രവർത്തകരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുകയും ചെയ്തു. സാംസ്കാരികവേദി പിരിച്ചുവിട്ടതിന് വർഷങ്ങൾക്ക് ശേഷം 'നാടുഗദ്ദിക' എന്ന നാടകം ഇന്ത്യയിലെ പല ഭാഗങ്ങളിലും വീണ്ടും അവതരിപ്പിച്ചു.

ജനകീയസാംസ്കാരികവേദിയുടെ സംസ്ഥാന കമ്മറ്റി അംഗമായിരുന്ന പി.എം. ആന്റണിയാണ് കേരളത്തിൽ വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കിയ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ ശിൽപി.

## അദ്ധ്യായ ഉപസംഗ്രഹം

കേരളത്തിലെ മുഖ്യധാര രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും കലാസാംസ്കാരിക പ്രവർത്തനങ്ങളെയും അതിശക്തമായി എതിർത്തുകൊണ്ട് രൂപപ്പെട്ടരാഷ്ട്രീയ സംസ്കാരിക പ്രസ്ഥാനമാണ് ജനകീയസംസ്കാരികവേദി. അടിയന്തരാവസ്ഥയിലെ അടിച്ചമർത്തലുകളെ കഥയിലൂടെയും കവിതകളിലൂടെയും പ്രതിരോധം സൃഷ്ടിക്കാൻ കഴിഞ്ഞ സർഗ്ഗാത്മകപ്രവർത്തകരുടെ കൂട്ടായ്മയായിരുന്നു ജനകീയസംസ്കാരികവേദി. കലാപ്രവർത്തനങ്ങളെ ജനകീയമാക്കുന്നതിന് വേണ്ടി കവിതാലാപനവും, നാടകാവതരണവും തെരുവിലേയ്ക്ക് എത്തിച്ചത് ജനകീയസംസ്കാരികാവേദിയിലൂടെയാണ്. കെ.ജി. ശങ്കരപ്പിള്ള, കെ. സച്ചിദാനന്ദൻ, ബി. രാജീവൻ, സിവിക് ചന്ദ്രൻ, മധുമാസ്റ്റർ, കെ.ജെ. ബേബി, ജോയ് മാത്യൂ, എം. സുകുമാരൻ, യു.പി. ജയരാജ്, പി. കെ. നാണു, പി.എം. ആന്റണി, രാമചന്ദ്രൻ മോകേരി, എൻ. ശശിധരൻ, തുടങ്ങിയ നിരവധി കലാസംസ്കാരിക പ്രവർത്തകർ ഭരണകൂടം ഉയർത്തിയ അധികാരത്തെ തങ്ങളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളിലൂടെ പ്രതിരോധിച്ചു. മാർക്സിസ്റ്റ്, ലെനിനിസ്റ്റ്, മാവോയിസ്റ്റ് ആശയങ്ങോട് പൂർണ്ണമായി ചേർന്ന് നിന്ന് കൊണ്ട് അതിശക്തമായ രാഷ്ട്രീയ വിഷയങ്ങൾ കലാപ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ ഇടയിൽ അവതരിപ്പിച്ചു. ഭരണക്കൂടവും മതസംഘടനകളും ഉയർത്തിയ അധികാരത്തെ ഭയരഹിതരായി പ്രതിഷേധിക്കാനും പ്രതികരിക്കുവാനും സംസ്കാരികവേദിയിലെ പ്രവർത്തകർക്ക് കഴിഞ്ഞു. കേരളത്തിലെ ആദിവാസിമേഖലകളിലെ പ്രശ്നങ്ങൾ, സ്ത്രീകൾ നേരിടുന്ന ലിംഗപരമായ അസമത്വങ്ങൾ, പാരിസ്ഥിതിക ചൂഷണങ്ങൾ, ജാതീയമായ ഉച്ചനീചത്വങ്ങൾ തുടങ്ങിയ വിഷയങ്ങൾ നാടകം ഉൾപ്പെടെയുള്ള കലാപ്രവർത്തനങ്ങളിലൂടെ സംസ്കാരികവേദി അവതരിപ്പിച്ചു. നിഷ്പക്ഷതയെന്ന മുഖംമൂടിയെ ഊരിമാറ്റിയിട്ട് വ്യക്തമായ രാഷ്ട്രീയ നിലപാടുകളാണ് സംസ്കാരിക വേദി മുന്നോട്ട് വച്ചത്. അക്ഷരം അഗ്നിയാണെന്നും അത് സാമൂഹിക അസമത്വങ്ങളെ നശിപ്പിക്കുമെന്നും സംസ്കാരികവേദിയുടെ പ്രവർത്തകർ ഉറച്ച് വിശ്വസിച്ചു. ജീവിതത്തിന്റെ വശങ്ങളിൽ നിർത്തപ്പെട്ട ആദിവാസികൾ അനുഭവിക്കുന്ന ചൂഷണങ്ങൾക്ക് എതിരെ പ്രതി

കരിച്ച കാടിന്റെ സ്വത്വം ഉൾക്കൊണ്ട നാടകമായിരുന്നു സംസ്കാരികവേദിയുടെ 'നാടുഗദ്ദിക' കേരളത്തിൽ ആദ്യമായി ആദിവാസി ഭാഷ സംസാരിച്ച നാടകമാണ് നാടുഗദ്ദിക. കുറച്ചു കാലം മാത്രമേ പ്രവർത്തിച്ചുള്ളൂ എങ്കിലും സംസ്കാരികവേദി മുന്നേട്ട് വച്ച ആശയങ്ങൾ ഓരോ കാലഘട്ടങ്ങളിലെയും സംസ്കാരികപ്രവർത്തന ങ്ങൾക്ക് വലിയ ഊർജ്ജമാണ് നൽകിയത്. ജനങ്ങളിൽ നിന്ന് ചെറിയ നാണയങ്ങൾ ശേഖരിച്ച് കൊണ്ട്  നിർമ്മിച്ച ജോൺ എബ്രഹാമിന്റെ 'അമ്മയറിയാൻ' എന്ന സിനി മയും സംസ്കാരികവേദി മുന്നോട്ട് വച്ച ആശയത്തിന്റെ തുടർച്ചയാണ്. സിനിമപോ ലുള്ള മുഖ്യധാരമാധ്യമങ്ങൾ കേരളത്തിലെ നക്സൽ പ്രസ്ഥാനത്തിന്റെയും സാംസ്കാരിക വേദിയുടെ വികാസപരിണാമത്തെ അഭ്രപാളികളിൽ അവതരിപ്പിച്ചി ട്ടുണ്ട്. പി.കെ. ബക്കറുടെ 'കബനി നദി ചുവന്നപ്പോൾ', (1976) 'സംഘഗാനം'(1979) ചിന്തരവി സംവിധാനം ചെയ്ത് 'ഇനിയും മരിക്കാത്ത നമ്മൾ (1980)ഹരിഹരൻ സംവി ധാനം ചെയ്ത 'പഞ്ചാഗ്നി' (1986), 'ആരണ്യകം' (1988), ഷാജി എം. കരുൺ സംവി ധാനം ചെയ്ത 'പിറവി' (1989), ജയരാജ് സംവിധാനം ചെയ്ത 'ഗുൻമോഹർ' (2008) മധുപാൽ സംവിധാനം ചെയ്ത 'തലപ്പാവ്'(2008) എന്നീ ചലച്ചിത്രങ്ങളിൽ അടിയ ന്തരാവസ്ഥയും നക്സൽ പ്രസ്ഥാനത്തെയും ചിത്രീകരിച്ചിട്ടുണ്ട്. ഭരണക്കൂടം അടി ച്ചമർത്താൻ ശ്രമിച്ചിട്ടും തളരാതെ പോരാട്ടം നയിച്ച ഒരു കൂട്ടം കലാകാരുടെ ചരി ത്രത്തെ കേരളത്തിന് മറക്കാൻ കഴിയുകയില്ല.

## കുറിപ്പുകൾ

1. മാവോ സെ തൂങ്ങ്. 1984. തെരഞ്ഞെടുത്തകൃതികൾ പേജ്: (53-104) (കലയെയും കുറിച്ച്, അച്ചിട്ടു വാർത്തതുപോലുള്ള പാർട്ടിലേഖനമെഴുത്തിനെ എതിർക്കുക തുടങ്ങിയ ലേഖനങ്ങൾ)

2. മൂന്ന് വശവും ചുവരുകൾ കൊണ്ട് മറച്ച് സിനിമയും, മറ്റ് പരിപാടികളും നടത്തുന്ന കെട്ടിയുണ്ടാക്കിയ അരങ്ങാണ് പ്രോസേനീയം. കാഴ്ചകാരിൽ നിന്ന് ഉയരത്തിൽ നിർമ്മിച്ചിരിക്കുന്ന അരങ്ങാണ് പ്രോസേനീയം. യൂറോപ് കേന്ദ്രീകൃതമായി നാടകങ്ങൾ അവതരിപ്പിച്ചിരുന്ന അരങ്ങാണ് പ്രോസേനീയം. മൂന്ന് വശവം മറച്ച ഒരു റൂമിന്റെ നാലാമത്തെ അദൃശ്യചുവരായിട്ടാണ് പ്രേക്ഷകരെ പരിഗണിക്കുന്നത്. അഭിനേയതാക്കളെയും കാഴ്ച്ചകാരെയും പരസ്പരം വേർതിരിച്ച് നിർത്തുന്നു എന്നത് ഈ അരങ്ങിന്റെ പ്രത്യേകതയാണ്.

3. രാജീവൻ, ബി. അഭിമുഖം 9/8/2019 (അനുബന്ധം. പേജ് : 236-237)

4. സച്ചിദാനന്ദൻ, കെ. അഭിമുഖം. 8/6/2019. (അനുബന്ധം. പേജ് : 238-239)

5. രഘു, ജെ. അഭിമുഖം 9/2/2019 (അനുബന്ധം. പേജ് : 242)
(സംസ്കാരിക പ്രവർത്തകൻ)

6. സച്ചിദാന്ദൻ, കെ. അഭിമുഖം 8/6/2019 (അനുബന്ധം. പേജ് : 238-239)

7. സ്റ്റെല്ല അഭിമുഖം 30/5/2019 (അനുബന്ധം. പേജ് : 240-241)

## അദ്ധ്യായം മൂന്ന്

# നാടുഗദ്ദികയും ആവിഷ്കാര സ്വാതന്ത്ര്യവും

വയനാടിലെ ആദിവാസികളായ അടിയ, പണിയവിഭാഗത്തിൽപ്പെട്ടവരെ അണിനിരത്തി കെ.ജെ. ബേബി രചനയും, സംവിധാനവും നിർവ്വഹിച്ച നാടകമാണ് 'നാടുഗദ്ദിക' രോഗശാന്തിക്കും പ്രേതബാധ ഒഴിപ്പിക്കുന്നതിനും വേണ്ടി അടിയോർ നടത്തുന്ന ആഭിചാരക്രിയയാണ് 'ഗദ്ദിക'. 1974 മുതൽ വയനാട്ടിലെ ആദിവാസികൾക്കിടയിൽ സാക്ഷരതപ്രവർത്തനം നടത്തിവരുകയായിരുന്നു കെ.ജെ. ബേബി. മുഖ്യധാരയിൽനിന്ന് അരുകുവൽക്കരിക്കപ്പെട്ട ആദിവാസി ജീവിതത്തിന്റെ നേർകാഴ്ചയായിരുന്നു 'നാടുഗദ്ദിക'യെന്ന നാടകം. ഭൂപ്രഭുക്കൻമാരുടെയും കുടിയേറ്റക്കാരുടെയും കൃഷി ഇടങ്ങളിൽ മൃഗങ്ങളെപ്പോലെ പണി എടുത്ത ഒരു വിഭാഗം ആദിവാസികളുടെ പ്രതിരോധശബ്ദമായിട്ടാണ് ഈ നാടകത്തെ പരിഗണിക്കേണ്ടത്. അടിയരുടെ സംസാരഭാഷയിലാണ് ഈ നാടകം നിർമ്മിച്ചിരിക്കുന്നത്. ആദിവാസികൾ നേരിടുന്ന എല്ലാതരത്തിലുള്ള ചൂഷണങ്ങളെയും നാടുഗദ്ദിക തീവ്രതയോടെ കേരളത്തിന്റെ തെരുവുകളിൽ അവതരിപ്പിച്ചു. കക്ഷിരാഷ്ട്രീയത്തെയും ഭരണക്കൂടത്തെയും അതിശക്തമായ രീതിയിൽ വിമർശിച്ച 'നാടുഗദ്ദിക'യെ തീവ്രഇടതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുന്നു എന്ന് ചൂണ്ടിക്കാട്ടി 1981 മെയ് 22-ന് കോഴിക്കോട് മുതലക്കുളം മൈതാനത്ത് വച്ച് പോലീസ് അറസ്റ്റ് ചെയ്യുകയും നാടകപ്രവർത്തകരെ മൂന്ന് മാസം കോഴിക്കോട് സബ് ജയിലിൽ അടയ്ക്കുകയും ചെയ്തു. കോഴിക്കോട് സബ് ജയിലിനുള്ളിൽ വച്ച് കെ.ജെ. ബേബിയും സംഘവും 'നാടുഗദ്ദിക' തടവുകാർക്കുവേണ്ടി അവതരിപ്പിച്ചു. നാല് വർഷം നീണ്ട് നിന്ന വിചാരണയ്ക്കു ശേഷം നാടകപ്രവർത്തകരെ കോടതി വെറുതെ വിട്ടു. 1990കൾക്ക് ശേഷം മഞ്ഞുമലൈമക്കൾ എന്ന കുട്ടികളുടെ സംഘം *'നാടുഗദ്ദിക'* വീണ്ടും അവതരിപ്പിച്ചത്. കെ.ജെ. ബേബി ആരംഭിച്ച

കനവ് എന്ന ബദൽവിദ്യാഭ്യാസകേന്ദ്രത്തിലെ കുട്ടികളായിരുന്നു വീണ്ടും അവതരിപ്പിച്ച '*നാടുഗദ്ദിക*യിലെ' അഭിനേയതാക്കൾ. ഇന്ത്യയിലെ പലഭാഗങ്ങളിലും 'നാടുഗദ്ദിക' അവതരിപ്പിച്ചു. നർമ്മദനദി സംരക്ഷണത്തിന്റെ ഭാഗമായി മഹാരാഷ്ട്രയിൽ നാടകം അവതരിപ്പിച്ചു. സമരനായിക മേധാപട്ക്കറും, ബാബആംതേയും നാടകം നേരിട്ട് കാണുകയും, ആ നാട്ടിലെ കർഷകർ നാടുഗദ്ദികയും അവതരണം ഇഷ്ടപ്പെടുകയും അവരുടെ ഗ്രാമങ്ങളിലൂടെ കൊണ്ട്നടന്ന് കളിപ്പിക്കുകയും ചെയ്തു. 'നാടുഗദ്ദിക'യുടെ ആശയപരമായ തുടർച്ചയാണ് കെ.ജെ. ബേബിയുടെ 'മാവേലിമന്റ്' എന്ന നോവൽ. മനുഷ്യർ തമ്മിൽ ജാതിവ്യത്യാസം ഇല്ലാതിരുന്ന സുന്ദരമായ മാവേലിമന്റത്തിന്റെ സാക്ഷാത്കാരം തന്നെയായിരുന്നു കെ.ജെ.ബേബി പിന്നീട് ആരംഭിച്ച കനവ് (സ്വപ്നം) എന്ന വിദ്യാഭ്യാസകേന്ദ്രം. ചുരുക്കി പറഞ്ഞാൽ *'നാടുഗദ്ദിക'* എന്ന ബദൽ നാടകത്തിന്റെ അവതരണം അവസാനിക്കുന്നില്ല, കനവിലൂടെ അത് തുടർന്നു കൊണ്ടിരിക്കുന്നു.

### 3.1 കെ.ജെ. ബേബി: ജീവിതം - നാടകം

1954-ൽ കണ്ണൂർ ജില്ലയിലെ മാവടിയിൽ ജോസഫിന്റെയും ത്രേസ്യമ്മയുടെയും രണ്ടാമത്തെ മകനായി കെ.ജെ.ബേബി ജനിച്ചു. 1994 ൽ *മാവേലിമന്റം* എന്ന നോവലിന് കേരള സാഹിത്യഅക്കാദമി അവാർഡ്, 2001 ൽ മുട്ടത്തുവർക്കി അവാർഡ്, ടി.പി. കൊച്ചുബാബ അവാർഡ് എന്നീ പുരസ്കാരങ്ങൾ കെ.ജെ. ബേബിയെ തേടിയെത്തി. 1970കൾക്ക് ശേഷം വയനാട്ടിലെ വള്ളിയൂർക്കാവിൽ താമസിക്കുമ്പോഴാണ് ആദിവാസി വിഭാഗമായ അടിയോരെയും പണിയോരെയും കുറിച്ച് കെ.ജെ ബേബി മനസ്സിലാക്കുന്നത്. സംഗീത തൽപ്പരനായ കെ.ജെ.ബേബിയെ ആദിവാസികളിലേയ്ക്ക് അടുപ്പിച്ചത് അവരുടെ തുടിയുടെ ശബ്ദമാണ്. ജനനം മുതൽ മരണവരെയുള്ള ഓരോ ജീവിത മുഹൂർത്തത്തെയും അടിയോർ പാട്ടിലൂടെയും പുരാവൃത്തങ്ങളിലൂടെയുമാണ് അവതരിപ്പിക്കുന്നത്. അടിയോരുടെ മൂപ്പനായ മാതപ്പെരുമനുമായുള്ള ബന്ധത്തിലൂടെ കാടിന്റെ മക്കളുടെ സംസ്കാരം പൂർണ്ണമായി മനസ്സിലാക്കാൻ കെ.ജെ.ബേബിക്കു കഴിഞ്ഞത്. കാടിനെ സ്നേഹിക്കുന്ന ആദിവാസികളെ കുറിച്ചുള്ള ആഴത്തിലുള്ള അറിവാണ് അദ്ദേഹത്തിന്റെ കലാപ്രവർത്തനങ്ങൾക്ക് ഊർജ്ജമായി മാറിയത്. ഊരുമൂപ്പൻമാരിൽ നിന്ന് ലഭിച്ച കാട്ടറിവുകൾ കെ.ജെ. ബേബി നാടകത്തിലൂടെയും പാട്ടുകളിലൂടെയും നോവലിലൂടെയും മുഖ്യധാരയിലേയ്ക്ക് എത്തിക്കാൻ ശ്രമിച്ചു. മൂപ്പൻമാരിൽ നിന്ന് കാടിനെയും മലമുകളിലെ ദൈവങ്ങളെയും കൂട്ടായ്മയിലൂടെ ജീവിക്കുന്ന ഗോത്രനൻമകളെയും കെ.ജെ. ബേബി തിരിച്ചറിയുകയായിരുന്നു. മേലോരച്ച

ന്റെയും കീഴോർത്തിയുടെയും കഥ പറഞ്ഞുകൊടുത്ത തിരുനെല്ലിയിലെ *'മുത്ത'*, മാളി എന്ന തമ്പുരാന്റെ ദൈവത്തിന്റെ പാട്ട് പകർന്ന് *'ഗൊജ്ജ്പൊട്ടപെരുമൻ'*, പണിയ രുടെ മരണാനന്തര ജീവിതത്തെ കുറിച്ച് പറഞ്ഞ 'കറപ്പൻമൂപ്പൻ', കമ്പളത്തെ കുറിച്ച് വിവരിച്ചു കൊടുത്ത *'കൊളുമ്പൻ'* എന്നിവരിലൂടെ ഒരു ഗോത്രവംശത്തിന്റെ ജീവനും ജീവിതവും സ്വപ്നങ്ങളും കെ.ജെ.ബേബിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത്തര ത്തിൽ ആർജ്ജിച്ച അറിവുകളാണ് *'നാടുഗദ്ദിക'*, *'മാവേലിമന്റം'*, *'ഗുഡ'* എന്നീ സൃഷ്ടി കളിലേയ്ക്ക് അദ്ദേഹത്തെ നയിച്ചത് "കാടിനെ പ്രണയിക്കുന്നവരുടെ വേഷവും ഭാഷയും ജീവിതരീതിയുമൊക്കെ കണ്ട് ഞാനവരുടെ കൂടെയങ്ങ് കൂടുകയായിരുന്നു."

(ബേബി കെ. ജെ 1993. ആമുഖം)

### 3.1.2 കെ.ജെ. ബേബിയുടെ പാട്ടുകൾ

വയനാട്ടിലെ അടിയ,പണിയ വിഭാഗത്തിൽപ്പെട്ട കുട്ടികളെ അക്ഷരം പഠിപ്പി ക്കുന്നതിന്റെ ഭാഗമായിട്ടാണ് കെ. ജെ. ബേബി പാട്ടുകൾ ഉണ്ടാക്കിയത്. മലയാള അക്ഷരങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിന് വേണ്ടി അവരുടെ ഗോത്രഭാഷ കെ.ജെ. ബേബി മനസ്സിലാക്കുകയും, ആ ഭാഷയിൽ നിർമ്മിച്ച പാട്ടുകളിലൂടെയാണ് സാക്ഷ രതപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇത്തരത്തിൽ ഉണ്ടാക്കിയ പാട്ടുകളുമായി 'സീറോ ആർട്ട്സ് ക്ലബ്' എന്ന സംഘം രൂപീകരിക്കുകയും നിരവധി വേദികളിൽ പരിപാടി കൾ അവതരിപ്പിക്കുകയും ചെയ്തു. ആദിവാസികൾ അടങ്ങിയ ഈ ഗായകസംഘ ത്തെ അണിനിരത്തിക്കൊണ്ടാണ് കെ.ജെ. ബേബിയുടെ *'അപൂർണ്ണ'* ആദ്യനാടകമായ അവതരിപ്പിച്ചത്. അടിയോരുടെ ഭാഷ സംസാരിക്കുന്ന ആദ്യ നാടകം എന്ന നില യിൽ ആദിവാസികൾക്കിടയിൽ 'അപൂർണ്ണ' വലിയ സ്വീകാര്യത ലഭിച്ചു. 'നാട് എൻ വീട് വയനാട്' എന്ന പ്രശസ്തമായ ഗാനം ഈ നാടകത്തിന്റെ ഭാഗമായിരുന്നു.

### 3.1.3 നാടകം

"നാടിന്റെ മക്കളെ പണ്ടു നമുക്കൊരു കാലമുണ്ടായിരുന്നു.

മാവേലിയുടെ കാലം ആ കാലത്തിൽ നിന്നും നമ്മളെ കട്ടെടുത്തവർ അവ രുടെ ദൈവങ്ങളെയും മുറിവാളുകളെയും കാട്ടി നമ്മളെ അടിമകളാക്കി അവർക്കായി നാമെത്ര കാടുകൾ വെട്ടി? തോട്ടങ്ങളുണ്ടാക്കി? വയലുകളുണ്ടാക്കി? എത്ര കാവു കളും കോവിലുകളുമുണ്ടാക്കി? (ബേബി കെ.ജെ. 1993:58)

*'അപൂർണ്ണ'* എന്ന നാടകത്തിന്റെ തുടർച്ചയാണ് നാടുഗദ്ദിക. *'അപൂർണ്ണ'* യിലെ തമ്പുരാൻ, യാചകൻ, വെള്ളി, വെള്ള, ലക്ഷ്മണൻ എന്നീ കഥാപാത്രങ്ങൾക്കൊപ്പം

ഗദ്ദികകാരൻ മുഖ്യകഥാപാത്രമായി അവതരിപ്പിച്ചതാണ് 'നാടുഗദ്ദിക' തിരുനെല്ലി യിലെ അടിയോരുടെ ആചാരമായ 'നാടുഗദ്ദിക' യുടെ പ്രചോദനത്താൽ എഴുതിയ നാടകമാണ് *'നാടുഗദ്ദിക'.* അപൂർണ്ണ ആദിവാസി ഊരുകളിൽ പോയി അവതരിപ്പി ച്ചപ്പോൾ കിട്ടിയ പ്രതികരണങ്ങളിൽ നിന്നാണ് പ്രേസേനിയം വേദി ഉപേക്ഷിച്ച് ജന ങ്ങളുടെ ഇടയിൽ നാടകം അവതരിപ്പിക്കുകയെന്ന ആശയം ബേബിക്ക് ലഭിച്ചത്. എല്ലാ വീടുകളിലും കയറിയിറങ്ങി അനുഗ്രഹം കൊടുക്കുന്ന *'നാടുഗദ്ദിക'* എന്ന അനുഷ്ഠാനകലാ രൂപത്തിന്റെ മാതൃകയിലാണ് കെ.ജെ. ബേബി *'നാടുഗദ്ദിക'* അവ തരിപ്പിച്ചത്. 1978-ൽ വയനാടിലെ പൂതാടിയിലെ സ്കൂൾ ഗ്രൗണ്ടിൽ പൊതുജന ങ്ങൾക്കായി *നാടുഗദ്ദിക* അവതരിപ്പിച്ചു. വയനാട്ടിലെ ഊരുകളിൽ മാത്രം അവതരി പ്പിച്ചിരുന്ന *'നാടുഗദ്ദിക'*യെ സംസ്കാരിക പ്രവർത്തകൻ സിവിക് ചന്ദ്രനാണ് വയ നാട് ജില്ലയുടെ പുറത്തേയ്ക്ക് അവതരിപ്പിക്കാൻ അവസരമൊരുക്കിയത്. 'സീറോ ആർട്സ് ക്ലബ്' എന്ന പേര്മാറ്റി *'വയനാട് സംസ്കാരികവേദി'* എന്ന സംഘത്തിന്റെ പേരിലാണ് *'നാടുഗദ്ദിക'* പിന്നീട് അവതരിപ്പിച്ചത്. 1981 മെയ് 22 ന് കോഴിക്കോട് മുതലക്കുളം മൈതാനത്തിൽ വച്ച് തീവ്രഇടതുപക്ഷ ബന്ധം ആരോപിച്ചത് നാടക ത്തിന്റെ അവതരണത്തെ പോലീസ് തടയുകയും ആദിവാസികൾ ഉൾപ്പെടുന്ന നടീ നടൻമാരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുകയും ചെയ്തു.

നാടകത്തിന്റെ അറസ്റ്റ്, ജയിൽ വാസം, വിചാരണ, കോടതി, അങ്ങനെ നാല് വർഷത്തെ നിയമപോരാട്ടങ്ങൾക്ക്ശേഷം 'നാടുഗദ്ദിക'മായി ബന്ധപ്പെട്ട എല്ലാവരെയും കോടതി വെറുതെ വിട്ടു. പിന്നീട് കുറച്ച് കാലം കെ.ജെ.ബേബി ജോൺ എബ്രഹാ മിന്റെ 'കയ്യൂർ' എന്ന സിനിമയുമായി ബന്ധപ്പെട്ട തിരക്കഥ രചനയിൽ ഏർപ്പെട്ടു. മല ബാർ മദ്യദുരന്തത്തിന്റെ ഭാഗമായി നടവയൽ മദ്യവിരുദ്ധ സമര സമിതിയ്ക്കുവേണ്ടി 'കുഞ്ഞപ്പന്റെ കുരിശ് മരണം,' സാക്ഷരത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 'കീയൂ ലോകത്തെപ്പറ്റി' എന്നീ ചെറിയ നാടകങ്ങൾ എഴുതി. വയനാട്ടിൽ നിലനിന്നിരുന്ന അടിമകച്ചവടത്തിന്റെ പശ്ചാത്തലത്തിൽ കെ.ജെ. ബേബി എഴുതിയ നോവലാണ് *'മാവേലിമന്റം'.* 1991 ൽ കേരള സാഹിത്യ അക്കാദമി അവാർഡ് *'മാവേലിമന്റം'* കര സ്ഥമാക്കിയപ്പോഴാണ് കെ.ജെ. ബേബി എന്ന പ്രതിഭയെ കേരളം തിരിച്ചറിയുന്നത്. *"മാവേലിമന്റം"* ഇറങ്ങിയ ശേഷമാണ് *നാടുഗദ്ദിക* വീണ്ടും അവതരിപ്പിക്കുന്നത്. ഇന്ത്യയിലുടനീളം 'മഞ്ഞ്മലൈ മക്കൾ' എന്ന സംഘത്തിന്റെ പേരിൽ *'നാടുഗദ്ദിക'* വീണ്ടും അവതരിപ്പിച്ചു. *'നാടുഗദ്ദിക'*യിൽ അഭിനയിച്ച ആദിവാസി കുട്ടികളെ അക്ഷ

രങ്ങൾ പഠിപ്പിക്കുന്നതിന്റെ ഭാഗമായിരൂപപ്പെട്ടുവന്ന 'കനിവി'ലെ കുട്ടികളെ അണി നിരത്തി കെ.ജെ. ബേബി തിരക്കഥ എഴുതി സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'ഗുഡ'. സംഘർഷങ്ങൾ നിറഞ്ഞ ഒരു നാടകത്തെപ്പോലെയായിരുന്നു കെ.ജെ. ബേബി യുടെ കലാപ്രവർത്തങ്ങളും ജീവിതവും.

### 3.2.1 മാവേലിമന്റം (നോവൽ)

"അങ്ങങ്ങ് കാട്ടില് നക്ഷത്രങ്ങൾ കായ്ക്കുന്ന മരമുണ്ട് മരത്തിനരികെ കാട്ടുപൂ ക്കളുടെ മണം നിറയുന്ന പുഴയുണ്ട്." ആ പൊഴയിൽ മുങ്ങാലും മുങ്ങാലും മതിവ രൂല. മത്യായി കേറ്യാലോ സൂര്യഭഗവാൻ ഇറങ്ങിവന്ന് തൊട്ട് തലോടി ഒറക്കും. പിന്നെ ചന്ദ്രഭഗവാൻ വന്ന് വിളിച്ചാലേ ഒറക്കം തെളിയൂ. രാത്രികളിൽ കെമ്പി കാട്ടിലെത്തി അഞ്ഞൂ ആരേലും ബര്യോ എന്നെ ആടേക്ക് കൂട്ടോ.(ബേബി, കെ.ജെ. 2000:19)

1994 -ലെ കേരളസാഹിത്യ അക്കാദമി അവാർഡ്, 2001 -ലെ മുട്ടത്ത് വർക്കി അവാർഡ്, ടി.വി. കൊച്ചുബാവ അവാർഡ് (ഷാർജ) തുടങ്ങിയ അംഗീകാരങ്ങൾ 'മാവേ ലിമന്റ'ത്തെ തേടി വന്നു. *'നാടുഗദ്ദിക'* എന്ന നാടകത്തിന്റെ അവതരണം, അറസ്റ്റ്, വിചാരണ എന്നിവയ്ക്ക് ശേഷമാണ് കെ.ജെ. ബേബി 'മാവേലിമന്റം' എന്ന നോവൽ എഴുതുന്നത്. ഉടയോന് വേണ്ടി ഇല്ലിക്കാടുകൾ വെട്ടി വയലുണ്ടാക്കി രാപ്പകലോളം പണിയെടുക്കുന്ന അടിമകളുടെ ദുരിതജീവിതവും വർഗ്ഗവ്യത്യാസമില്ലാതെ ജീവിച്ചി രുന്ന അവരുടെ പഴയകാല ഓർമ്മകളും, ജീവന് വേണ്ടിയുള്ള ആദിവാസികളുടെ പോരാട്ടവീര്യവുമാണ് *'മാവേലിമന്റം'* എന്ന നോവലിന്റെ ഇതിവൃത്തം. ആദിവാസി കൾ അടിമകൾ  അല്ലാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നുവെന്നും അന്ന് ജാതി കളും ഉപജാതികളും ഇല്ലാതെ, എല്ലാവരും കൂട്ടായി പണി എടുത്തും കിട്ടുന്നത് എന്തും പങ്കിട്ട് കഴിഞ്ഞിരുന്ന ഒരു മാവേലിക്കാലം. സമത്വസുന്ദരമായ ആ ലോകത്തേയ്ക്ക് ആകാശത്ത് നിന്ന് മൂന്ന് കള്ളതമ്പുരാൻമാർ വന്നു, *മാവേലിമന്റം* അവരെ സ്നേഹ ത്തോടെ സ്വീകരിച്ചു. എന്നാൽ കള്ള തമ്പുരാൻമാർ മാവേലിമന്റെത്തിന്റെ മണ്ണ് മോഷ്ടിച്ചു, മണ്ണ് തിരിച്ച് ചോദിച്ച മാവേലിയുടെ മൂക്കിൽ ചുണ്ണാമ്പ് പാത്രം കൊണ്ട ടിച്ച് ബോധം കെടുത്തി തമ്പുരാൻമാർ മണ്ണുമായി രക്ഷപ്പെട്ടു. ഇത്തരത്തിൽ പുറത്ത് നിന്ന് വന്ന തമ്പുരാൻമാർ *മാവേലിമന്റം* തകർക്കുകയും മാവേലിമക്കളെ അടിമകൾ ആക്കുകയും ചെയ്തു.

പുരാവൃത്തങ്ങളിൽ അടക്കം ചെയ്തിരിക്കുന്ന ഒരു ഗോത്രത്തിന്റെ ചരിത്രത്തെ യാണ് *'മാവേലിമന്റത്തിൽ'* പ്രതിപാദിക്കുന്നത്. അടിമകളായ കൈപ്പാടനും ഈരയും

ഉടമകളുടെ വയലിൽ നിന്ന് കാട്ടിലേയ്ക്ക് ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നു. കാടിന്റെ മക്കൾക്ക് നഷ്ടപ്പെട്ട മണ്ണിനുവേണ്ടി, പാട്ടിനും, തുടിയ്ക്കും, ചീനിയ്ക്കും വേണ്ടി അവർ കനവ് മല ലക്ഷ്യമാക്കി ഓടുന്നു. ജീവിതത്തിനും മരണത്തിനുമിടയിലൂടെ അവർ സ്വന്തം മൂല്യങ്ങളെ നഷ്ടപ്പെടുത്താതെ സ്വപ്നഭൂമിയിയായ കനവ് മലയിലേയ്ക്ക് യാത്രചെയ്യുന്നതാണ് നോവൽ. പുരാവൃത്തങ്ങളിൽ അടിമത്തത്വത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയാത്ത അടിയോരുടെ ആദികാരണവൻമാരായ മോലോരച്ചന്റയും, കീഴോർത്തിയുടെയും ചരിത്രത്തെ പുതിയതലമുറയിലെ കൈപ്പാടനും ഈരയും തിരുത്തി കുറിക്കുന്നു.

“വൈവിദ്ധ്യങ്ങളും സ്വകീയങ്ങളായ അർത്ഥങ്ങളും ഉപേക്ഷിച്ചുകൊണ്ട് നാം പുൽകുന്ന പുതിയ അടിമത്തത്തിന്റെ കഥ അടിയാളരുടെ ആ കഥയിൽ നിന്ന് വ്യത്യസ്തല്ല. ഭാഷയെ കുറിച്ചു കലയെക്കുറിച്ചുമുള്ള ഈ കൃതിയിലെ ഉൾക്കാഴ്ചകൾ നമ്മെ സംബന്ധിച്ച് ഗാഢമായ അർത്ഥമുള്ളവയും.?” (നാരായണൻ കൽപ്പറ്റ. 2000 : പിൻകുറിപ്പ്)

**3.2.2 ഗുഡ (സിനിമ)**

“ നമ്മളവരുടെ പട്ടികളാ? അവര് വരുന്നതിനും മുമ്പേ നമ്മുടെ കാർന്നോമ്മാര് ജനിച്ചു വളർന്ന മണ്ണാണിത്” (ബേബി, കെ.ജെ. 2004:17)

കെ. ജെ ബേബി തിരക്കഥ എഴുതിയ സംവിധാനം ചെയ്ത സിനിമയാണ് ഗുഡ.

കനവിലെ കുട്ടികളായ മിനി, മംഗ്ലൂ, ശാന്തി, സന്തോഷ്, സജി എന്നിവരാണ് പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ചത്. നായ്ക്കർ വിഭാഗത്തിൽപെട്ട പെൺകുട്ടികൾ പ്രായപൂർത്തിയാകുമ്പോൾ അവരെ പാർപ്പിക്കുന്ന ചെറിയ കുടിലാണ് ‘ഗുഡ’. ഗുഡയ്ക്കുള്ളിൽ നായ്ക്കരുടെ മരിച്ച്പോയ കാരണോൻമാരുടെ പരേത്മാക്കൾ നിറഞ്ഞ് നിൽക്കുന്നത് ബുർഡയിലാണ്. ഈ ബുർഡ കുലുക്കി, ബുർഡ പാട്ടുകൾ പാടുമ്പോൾ മരിച്ച് പോയ കാരണവന്മാരുടെ ആത്മാക്കൾ ഈ ഭൂമിയിലേക്ക് ഇറങ്ങി വന്ന് സമാധാനം കൊടുക്കും എന്ന വിശ്വാസമാണ് നായ്ക്കർക്കുള്ളത്.

നായ്ക്കരുടെ സംസാര ഭാഷയിലാണ് ഈ സിനിമ നിർമ്മിച്ചിരിക്കുന്നത്. പുറം ലോകത്തിൽ നിന്ന് നായ്ക്കൻ സമുദായം നേരിടുന്ന ചൂഷണങ്ങളും ഭൂമിയ്ക്കുവേണ്ടി ആദിവാസികളെ അണിനിരത്തി സി.കെ. ജാനു നയിച്ച മുത്തങ്ങസമരവും സിനിമയിൽ കടന്നവരുന്നുണ്ട്. നന്നാറു, മാളു, ക്റത്തമാമി, മൊണ്ണി, ബൊമ്മ അമ്മ, മത്തായി

എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. നായ്ക്കൻ വിഭാഗത്തിൽപ്പെട്ട ലെച്ചു എന്ന പെൺകുട്ടി പ്രായപൂർത്തിയാകുന്നതോടെ ആഘോഷിക്കുന്ന ഗോത്രചടങ്ങുകളിലൂടെ യാണ് സിനിമയുടെ കഥ വികാസം പ്രാപിക്കുന്നത്. ആദിവാസി കുട്ടികൾ സർക്കാർ സ്കൂളുകളിൽ അനുഭവിക്കുന്ന ഒറ്റപ്പെടൽ, വനഭൂമിയിലേയ്ക്ക് കടന്നുവരുന്ന കുടി യേറ്റക്കാർ, ആദിവാസിഭാഷയെ അവഗണിക്കുന്ന ഭരണകൂടം, കാട്ടിൽ കയറുന്ന ആദി വാസികളെ വിരട്ടി ഓടിക്കുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥർ തുടങ്ങിയ രംഗങ്ങളിലൂടെ യാണ് സിനിമ കടന്നുപോകുന്നത്. ഗോത്രങ്ങൾക്കിടയിൽ നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന അവരുടെ ആചാരങ്ങളെ നിലനിർത്താനുള്ള ശ്രമവും 'ഗുഡ' യിൽ ആവിഷ്കരിച്ചി ട്ടുണ്ട്. നഗരത്തിൽ വസിക്കുന്നവർ പരിഷ്കാരികളും കാടുകളിൽ ജീവിക്കുന്നവർ അപരിഷ്കൃതരുമാണ് എന്ന പൊതുബോധത്തെ ഗുഡയെന്ന സിനിമ ശക്തമായി ചോദ്യം ചെയ്യുന്നു. കാടിനെയും മരങ്ങളെയും പുഴയെയും ആദിപൂർവ്വികരായി കണ്ട് സ്നേഹിക്കുന്ന മനുഷ്യരുടെ ജീവിതത്തെയാണ് സിനിമയിലൂടെ ചർച്ചചെയ്യുന്നത്.

"ഹാരി നടന്തിത കാടിന മക്കായോ നങ്ക

തുപ്പന് ഗാസിന് തിന്തു നടതോറോ നങ്ക

കാട് കനിഞ്ഞു നൽകിയിരുന്ന തേനും കിഴങ്ങുകളും തിന്ന് പക്ഷികളെപോലെ പറന്ന് നടന്നവരായിരുന്നു ഞങ്ങൾ എന്ന ഗുഡയിലെ ഈ പാട്ടിലൂടെ തന്നെ ആദി വാസി ജീവിതം എന്തായിരുന്നു എന്ന് കെ.ജെ. ബേബി നമുക്ക് കാണിച്ചു തരുന്നു.

**3.2.3 ബസ് പൂർക്കാന (നോവൽ)**

*മാവേലിമന്റം* എന്ന നോവലിന് ശേഷം മലബാറിലേയ്ക്കുള്ള കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ കെ.ജെ. ബേബി എഴുതിയ നോവലാണ് ബസ്പൂർക്കാന. ഈ നോവലിന്റെ കഥ വികാസം പ്രാപിക്കുന്നത് ഫ്യൂഡൽകാലഘട്ടത്തിന്റെ പശ്ചാത്തല ത്തിലാണ്. തിരുവിതാംകൂറിൽ നിന്ന് കുര്യൻ, ചാക്കോ, പൈലോ, തങ്കച്ചൻ, വർക്കി, പെണ്ണമ്മ, ചിന്നമ്മ തുടങ്ങിയവർ അവരുടെ വസ്തുവകകൾ വിറ്റ് വയനാട്ടിലേയ്ക്ക് കുടിയേറുന്ന സംഭവങ്ങളിലൂടെയാണ് നോവലിന്റെ കഥാതന്തു വളരുന്നത്.തമ്പുരാ നിൽ നിന്ന് വിലയ്ക്ക് വാങ്ങിയ കാട്ടുപ്രദേശത്ത് അവർ കൃഷിചെയ്ത്, ജീവിക്കാൻ തുടങ്ങുന്നതാണ് നോവലിന്റെ പ്രതിവാദ്യവിഷയം. കെ.ജെ. ബേബി എന്ന എഴുത്തുകാ രന്റെ പൂർവ്വികർ മലബാറിലേയ്ക്ക് കുടിയേറിയതിന്റെ ഓർമയിൽ നിന്നാണ് നോവൽ

രൂപപ്പെട്ടത്. ഈ നോവൽ എഴുതിത്തുടങ്ങിയപ്പോൾ തന്നെ കെ.ജെ. ബേബിയുടെ കണ്ണിന്റെ കാഴ്ചശക്തി കുറഞ്ഞ് വരികയും നോവലിന്റെ എഴുത്ത് പകുതിവച്ച് നിന്ന് പോകുകയും ചെയ്തു, പൂർത്തികരിക്കാൻ കഴിയാത്ത നോവലാണ് *'ബസ്പുർക്കാന'*

### 3.2.4 കനവ്

*മാവേലിമന്റവും നാടുഗദ്ദികയും* അവസാനിക്കുന്നത് അസമത്വങ്ങൾ ഇല്ലാത്ത കനവ്മല എന്ന വാഗ്ദത്തഭൂമിയിലാണ്. അടിമകളെ വിൽക്കാനും വാങ്ങാനും കഴിയാത്ത, ആദിവാസികൾക്ക് സ്വന്തമായി തീരുമാനം എടുക്കാൻ കഴിയുന്ന മാവേലിമന്റം തന്നെയാണ് 'കനവ് മല'. അടിമത്തമില്ലാതെ സ്വന്തം ഭൂമിയിൽ കൃഷിചെയ്ത് ജീവിക്കാൻ പറ്റുന്ന ഒരു കാലത്തിനെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് അടിയോരുടെയും പണിയോരുടെയും പാട്ടുകളിലും പുരാവൃത്തങ്ങളിലും നിറഞ്ഞ് നിൽക്കുന്നത്. കെ. ജെ. ബേബി എന്ന പ്രതിഭയുടെ കലാപ്രവർത്തനങ്ങളും ജീവിതവും തമ്മിൽ വൈരുദ്ധ്യമില്ലായിരുന്നു, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം കലജീവിതത്തിന്റെ പുറത്ത് നിൽക്കുന്ന ഒന്നല്ല. സർഗ്ഗത്മകപ്രവർത്തനങ്ങളിൽ കെ.ജെ. ബേബി സ്വപ്നം കണ്ട സമത്വ സുന്ദരമായ കനവ് മല എന്ന ആശയത്തിൽ നിന്നാണ് കനവ് എന്ന ബദൽ വിദ്യാഭ്യാസപദ്ധതി രൂപപ്പെടുത്തിയെടുത്തത്. പാട്ടിലൂടെയും കളികളിലൂടെയും സ്വന്തം ആവാസവ്യവസ്ഥയെ മനസ്സിലാക്കാൻ കഴിയുന്ന വിദ്യാഭ്യാസരീതി 'കനവി'ലൂടെ ആരംഭിച്ചു. ഒരു കൂട്ടം മനുഷ്യർ ഒരുമിച്ച് താമസിച്ച് സ്വപ്നങ്ങൾ പങ്ക് വയ്ക്കുന്ന ഇടയായി തീർന്നു 'കനവ്'. അടിയോർ, പണിയോർ, മുള്ളകുറുമർ തുടങ്ങിയ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾ സ്വന്തം സംസ്കാരിക ഊർജ്ജത്തെ തിരിച്ചറിയുക എന്ന ആശയമാണ് കനവ് മുന്നോട്ടു വച്ചത്. കൃഷി, കളരി, സംഗീതം, മോഹിനിയാട്ടം, സിനിമ, നാടകം അങ്ങനെ പല വിഷയങ്ങൾ കുട്ടികളെ പ്രായോഗികമായി പരിശീലിച്ചു. "കലയിലൂടെ ഞാൻ സൗഹൃദങ്ങൾ സൃഷ്ടിച്ചു സ്വപ്നം കണ്ടു, സാമൂഹികവിപ്ലവം വരുമെന്ന് ആഗ്രഹിച്ചു. അതാണ് കനവായി മാറിയത്."(ബേബി കെ.ജെ.2019 ജൂൺ 5 മാതൃഭൂമി ആഴ്ചപ്പതിപ്പ്)

### 3.3 നാടുഗദ്ദിക

"പട്ടിണി കിടക്കുന്ന മനുഷ്യാ പട്ടാപ്പകൽ അവരുടെ തീൻമേശക്കൾക്കരുകിലേയ്ക്ക് നമുക്ക് കടന്ന് ചെല്ലാം. കൂരയില്ലാത്ത മനുഷ്യാ പട്ടാപകൽ നമ്മുടെതായ മണ്ണിലേയ്ക്ക് നമുക്കു കടന്ന് ചെല്ലാം" (ബേബി, കെ.ജെ. 1993: 56)

കാടിന്റെ മക്കളുടെ കണ്ണീരും, കിനാക്കളും കൂട്ടി കുഴച്ച നാടകമാണ് *'നാടുഗദ്ദിക'.* അനുഷ്ഠാനകലാരൂപമായ ഗദ്ദികയുടെ ഊർജ്ജം ആവാഹിച്ച ഈ നാടകം നിലനിന്നിരുന്ന സവർണ്ണദൃശ്യബോധത്തെ വെല്ല് വിളിച്ചു കാട്ടുഭാഷയുടെ താളവും, മുഴക്കവും വന്യതയും തെരുവുകളിൽ അവതരിപ്പിച്ചു. മലയാളിയുടെ ദൃശ്യ സംസ്കാരത്തെ മാറ്റിമറിക്കാൻ കെൽപ്പുള്ളതായിരിക്കുന്നു നാടുഗദ്ദിക മുന്നോട്ട് വച്ച നാടക സമ്പ്രദായം.

**3.3.1 വയനാടിന്റെ രാഷ്ട്രീയ ചരിത്രം**

കർണ്ണാടക, തമിഴ്നാട്, തുടങ്ങിയ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന, കേരളത്തിന്റെ വടക്ക് കിഴക്ക് സ്ഥിതി ചെയ്യുന്ന ജില്ലയാണ് വയനാട്. 1980 നവംബർ 1-ാം തീയതിയാണ് വയനാട് സ്വതന്ത്രജില്ലയായി മാറുന്നത്. വയനാട്, വനനാട്, ബയലുനാട്, 'മയക്ഷേത്രം', തുടങ്ങിയ പേരുകൾ പരിണമിച്ചാണ് വയനാട് എന്ന പേരുണ്ടായതെന്ന് ചരിത്രഗവേഷകർ അനുമാനിക്കുന്നുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികൾ അധിവസിക്കുന്ന ജില്ലയാണ് വയനാട്. ആദിമ മനുഷ്യന്റെ വരകളും അക്ഷരങ്ങളും കൊണ്ട് ലോകപൈതൃകത്തിൽ ഇടംപിടിച്ച ഇടയ്ക്കൽ ഗുഹയും സ്ഥിതിചെയ്യുന്നത് മുപ്പത്തിയെട്ട് ശതമാനം വനപ്രദേശമായ വയനാട് ജില്ലയിലാണ്. താമരശ്ശേരി ചുരം നിർമ്മിക്കാനുള്ള വഴി കാണിച്ച് കൊടുക്കുകയും ഒടുവിൽ ബ്രിട്ടീഷ്കാർ ചതിച്ച്കൊന്ന കരിന്തണ്ടൻ എന്ന പണിയ മൂപ്പന്റെ ഓർമ്മകൾ പേറുന്ന മണ്ണാണ് വയനാടിന്റേത്.

വേടരാജാക്കൻമാർ ഭരിച്ചിരുന്ന ഈ നാടിനെ പിന്നീട് കോഴിക്കോട് സാമൂതിരിയുടെ നാട്ടുരാജ്യത്തിന്റെ ഭാഗമാക്കുകയും മൈസൂരിലെ ഭരണാധികാരിയായിരുന്ന ഹൈദർ അലിയുടെ പടയോട്ടത്തിൽ (1773) വയനാട് അടങ്ങുന്ന പ്രദേശങ്ങൾ മൈസൂർ ഭരണത്തിൻ കീഴിലായി. ബ്രിട്ടീഷ്കാരുമായി നടത്തിയ യുദ്ധത്തിൽ പരാജയപ്പെട്ട മൈസൂർ ഭരണാധികാരിയും ഹൈദർ അലിയുടെ മകനുമായ ടിപ്പു സുൽത്താൻ, ശ്രീരംഗപട്ടണ ഉടമ്പടി(1772) പ്രകാരം വയനാട് അടങ്ങുന്ന മലബാർ പ്രദേശങ്ങൾ ബ്രിട്ടീഷ്കാർക്ക് കൈമാറി. ഇരിവനാട്, വയനാട്, കുറുമ്പനാട്, താമരശ്ശേരി, തുടങ്ങിയ പ്രദേശങ്ങളുടെ അവകാശതർക്കത്തിൽ കോട്ടയം രാജകുടുംബത്തിലെ കേരളവർമ്മ പഴശ്ശിരാജാവും ബ്രിട്ടീഷ്കാരും തമ്മിൽ യുദ്ധം ആരംഭിച്ചു. 1797 വയനാട്ടിലെ ആദിവാസി വിഭാഗമായി കുറിച്ച്യർ പടയുമായി കാടുകൾ കേന്ദ്രീ

കരിച്ച് ബ്രിട്ടീഷുകാർക്ക് എതിരെ അതിശക്തമായ ഗറില്ലായുദ്ധമുറകൾ പഴശ്ശി നടത്തി. ഇടച്ചേന കുങ്കനും, തലയ്ക്കൽ ചന്തുവിന്റെ നേതൃത്വത്തിലുള്ള പഴശ്ശിപട വയനാട് പനമരത്തിൽ വച്ച് ബ്രിട്ടീഷ് സൈന്യത്തെ തുരത്തുകയും ബ്രിട്ടീഷ് പടനായകനായ ക്യാപ്റ്റൻ ഡിക്കൻസജിനെയും ലെഫ്നെന്റ് മാക്സ് വെല്ലിനെയും വധിക്കുകയും ചെയ്തു. എന്നാൽ കൂടുതൽ സൈന്യത്തെ ഇറക്കി കലാപത്തെ അടിച്ചമർത്തുകയും പഴശ്ശിയെ പുൽപ്പള്ളിയിലെ മാവിലാംതോടിൽ വച്ച് കൊല്ലുകയും (1805) ചെയ്തതോടെ വയനാടിന്റെ സമ്പൂർണ്ണമായ ആധിപത്യം ബ്രിട്ടീഷ്കാരുടെ കൈയിലെത്തി. പഴശ്ശിരാജാവിന്റെ മരണത്തിന് ശേഷവും ബ്രിട്ടീഷ്കാർ കർഷകർക്ക് ഏർപ്പെടുത്തിയ കനത്ത നികുതിയെ എതിർത്തുകൊണ്ട് കുറിച്യർ ബ്രിട്ടീഷ്കാർക്ക് എതിരെ കലാപത്തിന് തയ്യാറായി. ബ്രിട്ടീഷുകാരുടെ കടുത്തനികുതിയും, നികുതി ചുമത്തുന്ന ഉദ്യോഗസ്ഥരുടെ ചൂഷണങ്ങളെ എതിർത്ത് കൊണ്ട് കുറിച്യ പോരാളികളായ കേലൻ, കേളൂ, മാമ്പിയാട്ടു ചാമ, ആയിരം വീട്ടിൽ കോന്തപ്പൻ തുടങ്ങിയ നയിച്ച കുറിച്യ കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തി. മദ്രാസ് പ്രസിഡൻസിയുടെ കീഴിലുള്ള കോഴിക്കോട്, വയനാട്, കണ്ണൂർ, തുടങ്ങിയ പ്രദേശങ്ങൾ ബ്രിട്ടീഷ് മലബാർ എന്നാണ് അറിയപ്പെട്ടത്. സ്വാതന്ത്ര്യാനന്തരം കേരള രൂപീകരണത്തിന്റെ ഭാഗമായി വയനാട് കണ്ണൂർ ജില്ലയുടെ ഭാഗമായി തീർന്നു. 1968 നവംബർ 24- ാം തീയതി എ.വർഗ്ഗീസ്, കെ. അജിത, എ. വാസു, കിസ്സാൻ തെമ്മൻ, തേറ്റമല കൃഷ്ണൻകുട്ടി, പി.കെ. കാളൻ, ബട്ടി, തുടങ്ങിയവർ അടങ്ങിയ നക്സൽപ്രവർത്തകർ പുൽപ്പള്ളി പോലീസ്സ്റ്റേഷൻ ആക്രമിച്ചതോടെ വയനാട് കേരളരാഷ്ട്രീയചരിത്രത്തിൽ വീണ്ടും ശ്രദ്ധകേന്ദ്രമായി മാറി. ആദിവാസികളായ ജനങ്ങളെ മൃഗങ്ങളെപ്പോലെ പണിയെടുപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്തിരുന്ന ജന്മിമാർക്ക് എതിരെ എ.വർഗ്ഗീസിന്റെ നേതൃത്വത്തിൽ തൃശ്ശിലേരി, തിരുനെല്ലി പ്രദേശങ്ങളിൽ നടത്തിയ ഉൻമൂലനവും വയനാടിന്റെ രാഷ്ട്രീയ ചരിത്രത്തിലെ പ്രധാന സംഭവങ്ങളാണ്. ജൻമിമാരുടെ ഉൻമൂലനത്തിന് നേതൃത്വം കൊടുത്ത എ.എ. വർഗ്ഗീസിനെ 1970 ഫെബ്രുവരി 15 ന് പോലീസ് പിടിക്കൂടി തിരുനെല്ലിയിലെ കുമ്പാരകുനിയിൽ വച്ച് ആസൂത്രിതമായി വെടിവെച്ച് കൊന്നു. ഇത്തരത്തിലുള്ള വയനാടിന്റെ രണ്ട് നൂറ്റാണ്ടുകളുടെ രാഷ്ട്രീയ ചരിത്രമാണ് 'നാടുഗദ്ദിക' എന്ന നാടകത്തിൽ പ്രതിപാദിക്കുന്നത്.

**3.3.2 ഗദ്ദിക : ഒരു പഠനം**

വയനാട്ടിലെ അടിയ/റാവുള വിഭാഗത്തിൽപ്പെട്ട ആദിവാസിജനതയുടെ അനുഷ്ഠാനകലാരൂപമാണ് ഗദ്ദിക. 'പേഗദ്ദിക', 'പൂജഗദ്ദിക', 'നാടുഗദ്ദിക' എന്നിങ്ങനെ

മൂന്ന് തരത്തിൽ ഗദ്ദിക അനുഷ്ഠിക്കാറുണ്ട്. ഒരു വീടിലെ (മന്റം) ആർക്കെങ്കിലും അസുഖം വന്നാൽ അടിയോർ നടത്തുന്ന ഗദ്ദികയാണ് പേഗദ്ദിക. വളരെ ലളിതമായ ചടങ്ങുകളോടെ ഒരു വീട്ടിൽ മാത്രമാണ് പേഗദ്ദിക അനുഷ്ഠിക്കുന്നത്. ഒരു രാത്രി മുഴുവൻ നീണ്ടു നിൽക്കുന്ന ചടങ്ങുകൾ അടങ്ങിയ പേഗദ്ദിക അവതരിപ്പിക്കുന്നവർക്ക് പ്രതിഫലം നൽകേണ്ടതില്ല. മന്റത്തിലുള്ള വ്യക്തിയുടെ അസുഖം മാറിക്കഴിഞ്ഞാൽ അസുഖം മാറ്റിത്തന്ന ആദികാർണോൻമാർക്കും ദേവഗണങ്ങൾക്കും വേണ്ടി നടത്തുന്ന ഗദ്ദികയാണ് പൂജഗദ്ദിക. ഊരുമൂപ്പന്റെ അനുവാദം വാങ്ങിയാണ് ഗദ്ദിക നടത്താനുള്ള തീയതി നിശ്ചയിക്കുക.

ശുവാനി(ശിവൻ) യെയും കാർന്നോർമാരെയും സ്തുതിച്ചു കൊണ്ടുള്ള പാട്ടുകളിലൂടെയാണ് ഗദ്ദിക ആരംഭിക്കുന്നത്. പൂജഗദ്ദിക നടത്തുന്ന സംഘത്തിൽ കുറഞ്ഞത് പന്ത്രണ്ട് പേരെങ്കിലും ഉണ്ടാവും. ഒരു നിലവിളക്ക് കത്തിച്ചു വച്ചിട്ട് അതിന്റെ ചുറ്റും ഗദ്ദികകലാകാരൻമാർ ഉറഞ്ഞാടുന്നതോടെ പൂജഗദ്ദിക ആരംഭിക്കുന്നു. ഗദ്ദിക അവതരിപ്പിക്കുന്നവർ ഒരാഴ്ച വ്രതമനുഷ്ഠിക്കും. ലൈംഗികബന്ധം പാടില്ല എന്ന് ചിട്ടയുണ്ട് എന്നാൽ മത്സ്യമാംസാദികൾ ഉപയോഗിക്കാം. പുരുഷൻമാർ സ്ത്രീവേഷം കെട്ടിയാണ് ഗദ്ദിക അനുഷ്ഠിക്കുന്നത്. ചുവന്ന പട്ട് തലയിൽചുറ്റി, സാരിയുടുത്ത്, വളകളും ചിലങ്കകളും അണിഞ്ഞ് ഗദ്ദികക്കാർ ഉറഞ്ഞുതുള്ളുന്നു. ശിവന്റെ ഭൂതഗണങ്ങളാണ് നാട്ടിൽ അസുഖങ്ങൾ പരത്തുന്നത്, ഈ ഭൂതഗണങ്ങളെ ഓടിക്കുന്നതിന് വേണ്ടി മാരിയമ്മയുടെ വേഷമാണ് ഗദ്ദികക്കാർ കെട്ടുന്നത്. അടിയാളരുടെ/റാവുളരുടെ ആദി കാരണവരായ ഇത്തിയച്ചനാണ് ഗദ്ദിക കണ്ടുപിടിച്ചതെന്നാണ് അവർ വിശ്വസിക്കുന്നത്. അവൽ, മലർ, നെല്ല്, പൂവൻകോഴി, മുത്താരി, നാളീകേരം എന്നീ സാധനങ്ങൾ പൂജാഗദ്ദികയ്ക്ക് ആവശ്യമാണ്. ഗദ്ദിക അവതരിപ്പിക്കുന്നവരെ 'തമ്മാടി' എന്നാണ് വിളിക്കുന്നത്. പൂജാഗദ്ദിക അവതരിപ്പിക്കുന്നവർക്ക് കൊടുക്കുന്ന പ്രതിഫലത്തെ 'ഇത്തനബളാ പൈശ' എന്നാണ് പറയുന്നത്.

ഗർഭിണികളുടെ പരിരക്ഷയ്ക്കായി അവതരിപ്പിക്കുന്ന ഗദ്ദികയെ 'ബാങ്കൽ മീക്കലു' എന്നാണ് വിളിക്കുന്നത്. മൂന്നാമത്തെ ഗദ്ദികയാണ് നാടുഗദ്ദിക . ഒരു നാടിന്റെ ഐശ്വര്യത്തിനും രോഗമുക്തിക്കും വേണ്ടി വർഷത്തിൽ ഒരിക്കൽ മാത്രം അവതരിപ്പിക്കുന്ന ഗദ്ദികയാണിത്. ജാതി-മതഭേദമില്ലാതെ എല്ലാ വീടുകളിലും കയറിയിറങ്ങി നാടിനും നാട്ടാരുടെ നൻമയ്ക്കും വേണ്ടി ഗദ്ദിക ഉറഞ്ഞു തുള്ളുന്നു. സർവവ്യാധികളും മാറ്റുന്ന മാരിയമ്മയെ ആവാഹിച്ച് തുടി കൊട്ടി, ചീനി എന്ന ആദിവാ

സിസംഗീതോപകരണം ഊതിക്കൊണ്ട് ഒരാഴ്ച ഗദ്ദികസംഘം നാട്ടിലെ എല്ലാവീടുകളിലും കയറിയിറങ്ങുന്നു. കൊട്ടിയൂരിൽ നിന്ന് ആരംഭിക്കുന്ന നാടുഗദ്ദിക അണമല എന്ന സ്ഥലത്തെത്തിയാണ് ചടങ്ങുകൾ അവസാനിപ്പിക്കുന്നത്.

"ദുഷ്ടാത്മാക്കളുടെ ബാധയിൽ നിന്നും രോഗപീഢയിൽ നിന്നും മോചനം നേടുന്നതിനായി റാവുള / അടിയ ഗോത്രവിഭാഗം നടത്തിപ്പോരുന്ന ഒരു മന്ത്രവാദ അനുഷ്ഠാനകലയാണ് ഗദ്ദിക. ഗദ്ദിക എന്ന വാക്കിന് അവരുടെ ഭാഷയിൽ ശാന്തി എന്നാണർത്ഥം" (ശഫീഖ്.,വഴിപ്പാറ. 2020, ഡിസംബർ 1 : വിജ്ഞാനകൈരളി)

പി.കെ കാളന്റെയും പി.കെ.കരിയന്റെയും നിരന്തരശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഗോത്രത്തിനുള്ളിൽ മാത്രം അവതരിപ്പിച്ചു കൊണ്ടിരുന്ന 'നാടുഗദ്ദിക' പുറംലോകത്ത് അവതരിപ്പിക്കപ്പെട്ടത്.

**3.3.3 നാടകത്തിന്റെ ഇതിവൃത്തം**

"പൂർവ്വ മാതൃകകൾ ഇല്ലാത്ത തീക്ഷണവും പരുക്കനുമായ നാടകം. അടിച്ചമർത്തപ്പെട്ടവനെ സമരസജ്ജമാക്കുകയാണ് *'നാടുഗദ്ദിക'* എന്ന കെ.ജെ. ബേബിയുടെ നാടകത്തിന്റെ ദൗത്യം. പ്രതിബദ്ധതയും പ്രബോധനതത്വവും അതിന്റെ സവിശേഷതയാണ്".(തോമസ്കുട്ടി, എൻ.2004. ആഗസ്റ്റ്. ഭാഷാപോഷിണി :68) സ്വാതന്ത്ര്യത്തിന് മുമ്പും സ്വാതന്ത്ര്യാനന്തരവുമുള്ള ഇന്ത്യൻ ചരിത്രത്തിലൂടെയാണ് നാടകം സഞ്ചരിക്കുന്നത്. മാറിവരുന്ന സാമൂഹിക, രാഷ്ട്രീയ സാഹചര്യങ്ങളെ കൃത്യമായി രേഖപ്പെടുത്തി കൊണ്ട് *'നാടുഗദ്ദിക'* എന്ന നാടകം വയനാട്ടിലെ കാടിറക്കി കേരളത്തിന്റെ തെരുവിലൂടെയും സഞ്ചരിക്കുകയായിരുന്നു. നൂറ്റാണ്ടുകളായി വയനാട്ടിൽ നിലനിന്നിരുന്ന അടിമക്കച്ചവടത്തിൽ നിന്നാണ് നാടകം ആരംഭിക്കുന്നത്. വയനാട്ടിലെ ആദിവാസികൾ നേരിടുന്ന ചൂഷണങ്ങളെ കലർപ്പില്ലാതെ അവതരിപ്പിച്ചത് കൊണ്ടാണ് ഈ നാടകത്തെ നിരോധിക്കുകയും, നാടകത്തിൽ അഭിനയിച്ച ആദിവാസികളായ ജനങ്ങളെ ജയിലിൽ അടയ്ക്കുകയും ചെയ്തത്. തമ്പുരാൻമാരുടെ വയലുകളിൽ പകലന്തിയോളം മൃഗങ്ങളെപ്പോലെ പണിയെടുക്കേണ്ടി വന്ന കാടിന്റെ മക്കളുടെ രോദനവും, അവരുടെ പ്രതിരോധത്തിന്റ ജ്വാലകളുമാണ് *നാടുഗദ്ദികയിൽ* നിറഞ്ഞു നിൽക്കുന്നത്. മലയാളി കണ്ട് ശീലിച്ച വാർപ്പു മാതൃകകളെ തിരസ്കരിച്ചു കൊണ്ട് കാടിന്റെ വന്യമായ താളവും ഊർജ്ജവും ചെത്തവുമാണ് *'നാടുഗദ്ദിക'* എന്ന നാടകത്തിന്റെ ആന്തരികശക്തി.

**രംഗം – ഒന്ന്**

കേരളത്തിന്റെ രണ്ട് നൂറ്റാണ്ടുകളുടെ ചരിത്രത്തിലൂടെ നാടകത്തിന്റെ കഥാതന്തു വികസിക്കുന്നത്. കാണികളുടെ ഇടയിൽ നിന്ന് തമ്പുരാൻ ലക്ഷ്മണനെ പിടിച്ച് വലിച്ച് കൊണ്ട് രംഗത്ത്  വരുന്നു. അടിമകളുടെ കൂട്ടത്തിൽ നിന്ന് വിദ്യാഭ്യാസം നേടിയിട്ടു ള്ളവനാണ് ലക്ഷ്മണൻ. സ്വന്തം വർഗ്ഗത്തോട് നീതി പുലർത്താതെ അവനവന്റെ കാര്യങ്ങൾ മാത്രം നോക്കി സ്വപ്നലോകത്ത് ജീവിക്കുന്ന പ്രതികരണശേഷിയില്ലാത്ത കഥാപാത്രമാണ് ലക്ഷ്മണൻ. ലക്ഷ്മണനെപിടിച്ച്കൊണ്ട്വന്ന് തമ്പുരാൻ ചാതുർവർണ്യവ്യവസ്ഥ പഠിപ്പിക്കുന്നു. ചാതുർവർണ്യവ്യവസ്ഥപ്രകാരം തമ്പുരാന് കിട്ടിയ അധികാരവും, സമ്പത്തും ദൈവത്തിന്റെ വരദാനമാണെന്നും ഈ പ്രപഞ്ച ത്തിലെ സകലവസ്തുക്കളുടെയും ആദിവാസികളുടെയും പൂർണ്ണമായ അവകാശം അയാൾക്കാണെന്നും ലക്ഷ്മണനെ പറഞ്ഞ് പഠിപ്പിക്കുന്നു. ഈ ചാതുർവർണ്യവ്യവ സ്ഥയെ കാണാപാഠം പഠിക്കണം എന്ന് അയാൾ ലക്ഷ്മണനോട് പറയുന്നു. കാട്ടിൽ നിന്ന് ഇറക്കി വിടുകയും, നാടിന്റെ ഓരങ്ങളിൽ തള്ളപ്പെട്ട ആദിവാസികളുടെ പ്രതി നിധികളാണ് യാചൻ, വെള്ള, വെള്ളി എന്നീ കഥാപാത്രങ്ങൾ. നാടിന്റെ രണ്ട് നൂറ്റാ ണ്ടുകളുടെ ചരിത്രസംഭവങ്ങളെ കാഴ്ചക്കാർക്ക് പകർന്ന് നൽകുന്നത് ഗദ്ദികക്കാര നാണ്. ബ്രിട്ടീഷ് അധിനിവേശ കേരളത്തിൽ നിന്നാണ് നാടകം ആരംഭിക്കുന്നത്, ഓരോ രംഗവും കഴിയുന്തോറും കാലഘട്ടങ്ങൾ മാറികൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ഒരു ഡോക്യൂമെന്റിയുടെ സ്വഭാവത്തിലാണ് നാടകം വികാസം പ്രാപിക്കുന്നത്. അടി മകളെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് ഉടമകൾക്ക് വേണ്ടിയാണ് എന്ന സവർണ്ണബോ ധത്തെ നാടകം ആക്രമിക്കുന്നു. തന്റെ അദ്ധ്വാനശേഷിയെ തമ്പുരാക്കൻമാരുടെ വയലു കളിൽ ഹോമിച്ച അടിമയാണ് യാചൻ എന്ന വൃദ്ധൻ. ആരോഗ്യം നഷ്ടപ്പെട്ട അയാൾ താൻ പണിയെടുത്ത വയലുകൾ നോക്കി തകർന്ന മനസ്സുമായി നിൽക്കുന്നു. വയ നാട്ടിലെ ആദിവാസികൾ ഓരോ കാലഘട്ടത്തിലും നേരിട്ട ചൂഷണങ്ങളെ ഈ രംഗ ത്തിൻ ഗദ്ദികകാരൻ സൂചിപ്പിക്കുന്നു. സ്ക്കൂളിൽ പഠിപ്പിക്കുന്ന ചരിത്രപുസ്തകത്തിൽ സാധാരണക്കാരുടെ ജീവിതത്തെ കാണാൻ കഴിയില്ല. ചരിത്രമെന്നാൽ രാജാവ് കോട്ട കെട്ടിയ കഥകളാണ്. ചരിത്രകാരൻമാർ വിസ്മരിക്കപ്പെട്ട ആദിവാസികളുടെ ചരി ത്രത്തെ നിർമ്മിക്കാനുള്ള ശ്രമാണ് *നാടുഗദ്ദിക*യിലൂടെ കെ.ജെ. ബേബി നടത്തു ന്നത്. മറ്റാർക്കോ വേണ്ടി ജീവിക്കുന്ന മനുഷ്യരുടെ യാതനകൾ *നാടുഗദ്ദിക*യിൽ മുഴങ്ങി കേൾക്കുന്നു.

"ആർക്കു വേണ്ടി നമ്മൾ അദ്ധ്വാനിക്കുന്നു? കഷ്ടപ്പാടുകൾ മാത്രം സഹിച്ച് മരിച്ച് പോയ നമ്മുടെ കാർണോൻമാരുടെ പിളർന്ന നെഞ്ചുകളും കരയുന്ന തലയോട്ടികളും നമ്മോട് ചോദിക്കുന്നു. ആർക്ക് വേണ്ടി നമ്മൾ അദ്ധ്വാനിക്കുന്നു"(ബേബി കെ.ജെ 1993:12). കനവുകൾ പോലും നഷ്ടപ്പെട്ട കാടിന്റെ മക്കൾക്ക് കാടും, കാട്ടാറും, അവർക്ക് സ്വന്തമായിരുന്ന നൻമ നിറഞ്ഞ മാവേലിമന്റത്തിന്റെ പഴയ കാലത്തെ ഗദ്ദികകാരൻ ഓർമ്മിപ്പിക്കുന്നു.

**രംഗം– 2**

ഉറങ്ങി കിടക്കുന്ന അടിമകളെ തമ്പുരാൻ ചവിട്ടി ഉണർത്തി പണിയെടുപ്പിക്കുന്നു ഇല്ലികാടുകൾ തെളിച്ച് വയലുകൾ ഉണ്ടാക്കുന്ന അടിമകൾ. വിശന്ന് വലഞ്ഞ വെള്ളിയുടെ 'പയിക്കിഞ്ചോ!' എന്ന നിലവിളി ഈ രംഗത്തിൽ നിറഞ്ഞ് നിൽക്കുന്നു. തിരുനെല്ലിയിലെ വള്ളിയൂർകാവ് ക്ഷേത്രത്തിൽ എല്ലാവർഷവും നടത്തിയിരുന്ന വല്ലിപണി എന്ന അടിമവ്യാപാരത്തെ ആദിവാസികൾ ഓർത്തെടുക്കുന്നു.

**രംഗം– 3**

മൂന്നാമത്തെ രംഗത്തിലും അടിമകൾ വയലിൻ പണിയെടുക്കുന്നതാണ് ആവിഷ്കരിച്ചിട്ടുള്ളത്. കറുമ്പൻ എന്ന അടിമ വയലിൽ പണിയിൽ നിന്ന് രക്ഷപ്പെട്ട് കാട് കയറുന്നു. കാണാതായ അടിമയെ കണ്ടെത്താൻ തമ്പുരാൻ അടിമകളോട് ആവശ്യപ്പെടുന്നു. കാടിലേയ്ക്ക് കയറിയ കറുമ്പൻ അവരുടെ ആദികാരണവൻമാരായ മോലേരച്ചനെയും കീഴോരുത്തിയും ഓർക്കുന്നു, നിറയെ കിഴങ്ങും തേനുള്ള കാടിനെ ഓർക്കുന്നു. ആദിവാസികൾ എങ്ങനെ അടിമകളാക്കി എന്ന പുരാവൃത്തം ഉൾക്കൊള്ളുന്ന പണിയരുടെ പൊലപ്പാട്ടാണ് ഈ രംഗത്തിനായി നാടകകൃത്ത് ഉപയോഗിച്ചത്. ഈ ലോകത്തിൽ നിന്ന് രക്ഷപ്പെട്ട് പോയാലും മരണത്തിനുശേഷം ആദിവാസികൾ എത്തുന്ന 'കീയുലോകത്തെ' കുറിച്ച് തമ്പുരാൻ അടിമകളെ ഓർമ്മിപ്പിക്കുന്നു. ഭൂമിയിൽ ഏത് തമ്പുരാന്റെ കീഴിൽ പണിയെടുത്തോ ആ തമ്പുരാന്റെ കീഴിൽ തന്നെ മരണനാന്തരവും ജോലി ചെയ്യേണ്ടിവരും എന്നതാണ് 'കീയുലോകം' എന്ന പുരാവൃത്തം. മരിച്ച് കഴിഞ്ഞാലും അടിമത്വം അവസാനിക്കുന്നില്ല എന്ന തമ്പുരാന്റെ പ്രത്യായശാസ്ത്രം അടങ്ങിയ പുരാവൃത്തം അയാൾ അടിമകൾക്ക് പകർന്ന് നൽകുന്നു.

പഴശ്ശിരാജയും, ബ്രിട്ടീഷ്കാരും തമ്മിലുള്ള യുദ്ധത്തിന്റെ സൂചനകൾ ഈ രംഗത്ത് നാടകകൃത്ത് നൽകുന്നുണ്ട്. പഴശ്ശിയെ കുറിച്ച് എന്തെങ്കിലും വിവരം കിട്ടി

യാൽ അത് ഈസ്റ്റ്ഇന്ത്യകമ്പനിയെ വിവരം അറിയിക്കണമെന്ന വിളംബരം തമ്പു രാൻ കേൾക്കുന്നു. പഴശ്ശിയെ അന്വേഷിച്ചെത്തിയ ബ്രീട്ടീഷ്കാരെ കണ്ടിട്ട് വളരെ വിനീതവിധേയനായി തമ്പുരാൻ നിൽക്കുന്നു. അയാൾ വെളുത്ത സായിപ്പൻമാരെ കൗതുകത്തോടെ നോക്കുന്നു. പഴശ്ശിയെ വെല്ല് വിളിച്ചുകൊണ്ട് ബ്രിട്ടീഷ്കാരോടുള്ള കൂറ് തമ്പുരാൻ പ്രകടിപ്പിക്കുന്നു. വള്ളിയൂർകാവ് ക്ഷേത്രത്തിൽ എല്ലാ വർഷവും നടക്കുന്ന അടിമവ്യാപാരത്തെ യാചൻ ഓർക്കുന്നു.

**രംഗം – 4**

വള്ളിയൂർക്കാവ് ക്ഷേത്രത്തിൽ വച്ച് നടക്കുന്ന അടിമവ്യാപാരവും വയനാട്ടിലെ കുടിയേറ്റത്തെയും ഈ രംഗത്തിൽ സൂചിപ്പിക്കുന്നു. തമ്പുരാനിൽ നിന്ന് ഭൂമി വിലയ്ക്ക് വാങ്ങിയ കുടിയേറ്റകാർ മുള്ള്‌വേലിയും, മതിലുകളും കെട്ടി സ്വതന്ത്രത്തോടെ സഞ്ച രിച്ച് കൊണ്ടിരുന്ന ആദിവാസികളുടെ സഞ്ചാരത്തെ തകർക്കുന്നു. കാട് ആദിവാസി കൾക്ക്  അന്യമാകുന്ന കാഴ്ചയാണ് ഈ രംഗത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

**രംഗം – 5**

ഈ രംഗവും യാചന്റെ ഓർമ്മയിലൂടെയാണ് പുരോഗമിക്കുന്നത്. വിളവെടു ത്ത് കഴിഞ്ഞതിന് ശേഷം വയലുകളിൽ കാടിന്റെ മക്കൾ കമ്പളം നാട്ടി ആടുകയും പാടുകയും ചെയ്യുന്നു. 19–ാം നൂറ്റാണ്ടിന് ശേഷമുള്ള ചരിത്രമാണ് ഈ രംഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ സ്വതന്ത്ര്യസമരം, ഗാന്ധിജിയുടെ പോരാട്ടം എന്നിവ നാടകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ബ്രിട്ടീഷ് അനുകൂലിയായ തമ്പുരാൻ സ്വത ന്ത്ര്യസമരത്തെ പുച്ഛത്തോടെ കാണുന്നു. മഹാത്മഗാന്ധിയെ അയാൾ വെല്ല് വിളിച്ചു കൊണ്ട് ബ്രിട്ടീഷ്കാരെ സ്തുതിക്കുന്നു.

"ആരാടാ ഗാണ്ടി

സൂര്യനസ്തമിക്കാത്ത മഹാസാമ്രാജ്യത്തിനോടാ ഈ പീക്രിപിള്ളാരുടെ കളി? അവന്റെ കദറ്... അവന്റെ കദറ്... അവന്റെ അമ്പലം കേറല്? അവന്റെ കിട്ടിന്ത്യാ...(ബേബി കെ.ജെ. 1993 : 41)

**രംഗം – 6**

ഈ രംഗം സ്വാതന്ത്ര്യാനന്തര ഇന്ത്യയിലാണ് നടക്കുന്നത്. ബ്രിട്ടീഷ് അനുകൂ ലിയായ തമ്പുരാൻ സ്വാതന്ത്ര്യം കിട്ടിയതോട് കൂടി മറുകണ്ടം ചാടി കോൺഗ്രസ്സ്

പ്രവർത്തനമായി മാറുന്നു. മാറി വരുന്ന അധികാരഘടനകളെ അനുകൂലിച്ച്കൊണ്ട് തമ്പുരാന്റെ വർഗം ഓന്തിനെപോലെ നിറം മാറുന്നു, ബ്രിട്ടീഷ്കാർക്ക് അനുകൂലമായി നിന്ന തമ്പുരാൻ സ്വാതന്ത്ര്യത്തിനുശേഷം ഗാന്ധിയനായി പരിണമിക്കുന്നു. ഈ രംഗത്തിൽ തമ്പുരാൻ ഖദർ ഷർട്ട്, മുണ്ട്, ഗാന്ധിത്തൊപ്പി എന്നിവ അണിഞ്ഞ് കടന്നു വരുന്നു. സ്വാതന്ത്ര്യത്തിന് മുൻപും സ്വാതന്ത്ര്യത്തിന് ശേഷവുമുള്ള മാറ്റങ്ങൾ വ്യത്യസ്ത അനുഭവിക്കാൻ കഴിയാതെ അടിമകൾ ജനാധിപത്യ സമ്പ്രദായത്തിലെ അധികാരികളുടെ കൊടി അടയാളങ്ങളെ നിഷ്കളങ്കമായി നോക്കി നിൽക്കുന്നു. പട്ടിണിയിലാണ്ട് കിടക്കുന്ന അടിമകളോട് 'ഗാന്ധി ഒരു ദിവസം ഒരു പഴമാണ് കഴിയ്ക്കുന്നതെ'ന്നും, അതുകൊണ്ട് ജോലിക്കാരയ അടിമകൾ ഒരു നേരം ഭക്ഷണം കഴിച്ചാൽ മതിയെന്നും തമ്പുരാൻ പ്രഖ്യാപിക്കുന്നു.

***ഗദ്ദികകാരൻ*** **:** സ്വാതന്ത്ര്യത്തിന് മുമ്പും സ്വാതന്ത്ര്യത്തിന് ശേഷവും തമ്മിലുള്ള വ്യത്യാസമെന്തെന്ന് പോലും നമുക്കറിയില്ല. എന്തിന് സ്വാതന്ത്ര്യം എന്ന വാക്കു പോലും നമ്മളിലേക്കെത്തിയില്ല. നമ്മുടെ ഈ ലോകത്തും പരലോകത്തും ഇരുട്ട് മാത്രം നിലനിൽക്കുന്നു" (1993: 48)

**രംഗം – 7**

സ്വതന്ത്രഭാരതത്തിൽ വീണ്ടും അധികാരിയായി മാറിയ തമ്പുരാൻ തന്റെ വീരസാഹസിക കഥകൾ അടിമകൾക്ക് പറഞ്ഞ് കൊടുക്കുന്നു. നുണകൾ കൊണ്ട് ചരിത്രം നിർമ്മിക്കുന്ന അധികാരി വർഗ്ഗത്തിന്റെ പ്രതിനിധിയാണ് തമ്പുരാൻ. തമ്പുരാനും പഴശ്ശിയും ചേർന്ന് ബ്രിട്ടീഷുകാർക്ക് എതിരെ യുദ്ധം നടത്തിയെന്ന് അടിമകളോട് അയാൾ നുണ പറയുന്നു. ഉപ്പ് സത്യാഗ്രഹത്തിൽ ബ്രിട്ടീഷ്കാർക്കെതിരെ നടത്തിയ പോരാട്ടത്തിനിടയിൽ വയറിൽ കിട്ടിയ കുത്തിന്റെ പാട് അയാൾ കുപ്പായം പൊക്കി കാണിക്കുന്നു. ചരിത്രം എന്നത് പെരുംനുണകളുടെ കടലാസ് കഷണങ്ങളാണെന്ന് ഈ രംഗത്തിലൂടെ നാടകകൃത്ത് വിളിച്ചു പറയുന്നു. കേരളത്തിൻ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നതും തുടർന്നുണ്ടായ വിമോചനസമരത്തിന്റെ മുദ്രാവാക്യങ്ങളും ഈ രംഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ രംഗത്തിൽ തമ്പുരാൻ വിമോചനസമരത്തെ അനുകൂലിക്കുകയും കമ്മ്യൂണിസ്റ്റ്പാർട്ടിയെ വെല്ല് വിളിക്കുകയും ചെയ്യുന്നു. തൊഴിലാളി വർഗ്ഗപ്രസ്ഥാനമായ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ

വന്നിട്ടും ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയിട്ടും അതിന്റെ ഗുണഫലങ്ങൾ ആദിവാസികളുടെ അടുത്തെത്തിയില്ല എന്ന് ഗദ്ദികകാരൻ സൂചിപ്പിക്കുന്നു.

**രംഗം – 8**

ഗദ്ദികകാരന്റെ നേതൃത്വത്തിൽ അടിമകൾ തമ്പുരാനെതിരെ സമരം ചെയ്യുന്നു. മുളങ്കുറ്റി മാറ്റി സർക്കാരിന്റെ അളവായ ലിറ്ററിൽ നെല്ല് അളന്ന് കൊടുക്കുക, ആദിവാസികളിൽ നിന്ന് അപഹരിച്ച ഭൂമി, അവരുടെ സംസ്കാരം എന്നിവ തിരിച്ചു കൊടുക്കണമെന്ന് അടിമകൾ തമ്പുരാനോട് ആവശ്യപ്പെടുന്നു. ആദിവസികളുടെ ആവശ്യങ്ങൾ തമ്പുരാൻ നിഷേധിക്കുന്നു. ഗദ്ദികകാരന്റെ നേതൃത്വത്തിൽ അടിമകൾ സംഘടിതരായി നിൽക്കുന്ന തൊഴിലാളിവർഗ്ഗത്തെ കണ്ട് തമ്പുരാൻ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു.

തമ്പുരാന്റെ പുതിയ വേഷവും കൊടികളും കണ്ട് അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ട ആദിവാസികൾ ഞെട്ടുന്നു. കാരണം തൊഴിലാളി വർഗ്ഗത്തിന്റെ ചെങ്കൊടിയുമേന്തിയാണ് തമ്പുരാൻ പ്രത്യക്ഷപ്പെടുന്നത്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി സഖാക്കളെ ഇങ്ങ് അടുത്ത് വരൂ.... വർഗ്ഗസമരമല്ല. സഖാക്കളെ നമുക്കാവശ്യം വർഗ്ഗസഹകരണമാണ്" (1993:55) അടിമകളായ തൊഴിലാളി വർഗ്ഗത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുകയാണ് തമ്പുരാന്റെ ഈ രൂപമാറ്റം. മാറി വരുന്ന സാമൂഹികസാഹചര്യങ്ങളെ തങ്ങൾക്ക് അനുകൂലമായി അധികാരി വർഗ്ഗം എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്നതിന്റെ നേർകാഴ്ചയാണ് തമ്പുരാൻ എന്ന കഥാപാത്രത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. വർഗ്ഗവഞ്ചകനായ തമ്പുരാൻ തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിലേയ്ക്കു കടന്ന് വരുകയും പുതിയ സ്ഥാനമാനങ്ങൾ അലങ്കരിക്കുകയും ചെയ്യുന്നു. ഗദ്ദികകാരനും അടിമകളും കൂടി അവരുടെ ചെങ്കൊടി തമ്പുരാനിൽ നിന്ന് പിടിച്ച് വാങ്ങുന്നു. ഈ സമയത്ത് തമ്പുരാന്റെ പടിപ്പുരക്കാർ ആയുധങ്ങളുമായി പ്രവേശിച്ച് ഗദ്ദികകാരനെ പിടിക്കൂടി വിചാരണചെയ്യുന്നു. അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽ കുപ്രസിദ്ധി നേടിയ 'നാവടക്കൂ... പണിയെടുക്കൂ' എന്ന പ്രഖ്യാപനം പടിപ്പുരക്കാർ നടത്തുന്നു. ഗദ്ദികക്കാരനെ പിടികൂടി അവർ വെടിവെച്ച് കൊല്ലുന്നു. മരണസമയത്തും അടിച്ചമർത്തപ്പെട്ടവർക്ക് വേണ്ടി ഗദ്ദികകാരന്റെ ശബ്ദം ഉച്ചത്തിൽ കേൾക്കുന്നു. ഗദ്ദികകാരന്റെ മരണത്തിന് ശേഷം അടിമകളുടെ കൂട്ടത്തിൽ നിന്ന് ഒരാൾ ഗദ്ദികകാരന്റെ അരമുണ്ട് അണിഞ്ഞ് ഗദ്ദികകാരനായി മാറുന്നു. പ്രതിരോധത്തിന്റെയും പ്രതീക്ഷയുടെയും പ്രതീകമായ ഗദ്ദികകാരന് മരണമില്ല. ഗദ്ദികകാരൻ ഓരോ തലമു

റകളിലൂടെ പുനർജ്ജനിക്കുന്നു. ജീവിതം നഷ്ടപ്പെട്ട അടിമകളുടെ അവസാനത്തെ പ്രതീക്ഷ 'കനവ്മലയാണ്'. വേനലിൽ വറ്റാത്ത ഉറവകളുടെ 'കനവ്മലക്കായി'അവർ കാത്തിരിക്കുന്നു.

ഫ്യൂഡൽ പ്രഭുക്കൻമാരും നാടുവാഴികളും എങ്ങനെയാണ് ജനാധിപത്യസമ്പ്രദായത്തെ പിടികൂടിയത് എന്നതിന്റെ പ്രതീകമാണ് തമ്പുരാൻ എന്ന കഥാപാത്രം. ആദിവാസികളിൽ നിന്ന് കവർന്നെടുത്ത കാടും, നടവഴികളും ആദികാരണവൻമാരുടെ ചുടലകളും അടിമകൾ തിരിച്ച് പിടിക്കുമ്പോഴാണ് നാടകം അവസാനിക്കുന്നത്.

### 3.3.4 നാടുഗദ്ദിക : ആദ്യ അവതരണങ്ങളുടെ രംഗപാഠം

*നാടുഗദ്ദിക*യുടെ ആദ്യത്തെ രംഗപാഠത്തിൽ നിന്ന് വ്യത്യസ്തമാണ് ഇപ്പോൾ പുസ്തകരൂപത്തിലുള്ള രംഗപാഠം. *നാടുഗദ്ദിക*യുടെ പാഠത്തെ രണ്ടായി പരിഗണിക്കേണ്ടതുണ്ട്. നാടകം നിരോധിക്കുന്നതിന് മുമ്പുള്ള രംഗാവതരണപാഠവും അറസ്റ്റിന് ശേഷമുള്ള അവതരണവും *നാടുഗദ്ദിക*യിൽ തമ്പുരാനായി അഭിനയിച്ച നടവയൽ സ്വദേശി ഔസേപ്പച്ചന്റെ കുറിപ്പുകളിൽ നിന്നാണ് പഴയ നാടകാവതരണത്തിന്റെ രംഗപാഠം ലഭിച്ചത്. 1978 മുതൽ 1981 വരെയാണ് ആദ്യത്തെ രംഗപാഠം അവതരിപ്പിച്ചത്. നാടകത്തിന്റെ അറസ്റ്റ് വിചാരണ എന്നിവയ്ക്ക് ശേഷം 1990 കഴിഞ്ഞിട്ടാണ് *നാടുഗദ്ദിക*യുടെ രണ്ടാമത്തെ അവതരണം ഉണ്ടായത്.

അടിയന്തരവസ്ഥ കഴിഞ്ഞിട്ടുള്ള സാമൂഹിക അന്തരീക്ഷത്തിലാണ് ആദ്യത്തെ രംഗാവതരണം ഉണ്ടായത്. ആദ്യകാലങ്ങളിൽ അവതരണത്തിന് ജനകീയസംസ്കാരികവേദി, തീവ്രഇടത്പക്ഷ ആശയങ്ങളെ പിൻതുണയ്ക്കുന്നവർ എന്നിവരുടെ സഹകരണം ഉണ്ടായിരുന്നു. നിലവിലുള്ള വ്യവസ്ഥകളോടുള്ള അതിശക്തമായ എതിർപ്പ് ആദ്യകാല അവതരണങ്ങൾ ദർശിക്കാൻ കഴിയും. ഊരിന് കാവൽ നിൽക്കുന്ന വയലിൽ ഞണ്ടുകളെ പിടിക്കാൻ പോകുന്ന മാച്ചി എന്ന കഥാപാത്രം ആദ്യത്തെ അവതരണത്തിൽ ഉണ്ടായിരുന്നു, മാച്ചിയാണ് 'പയ്ക്കിന്റോ' എന്ന് നിലവിളിക്കുന്നത്, രണ്ടാമത്തെ അവതരണത്തിൽ ഈ കഥാപാത്രം ഇല്ല. ജനകീയ സംസ്കാരികവേദി പിരിച്ച് വിടുകയും, നക്സൽ പ്രസ്ഥാനങ്ങൾ ശിഥിലമായതിന് ശേഷമാണ് രണ്ടാംഘട്ടത്തെ നാടകാവതാരങ്ങൾ ഉണ്ടായത്. കെ.ജെ. ബേബി ആരംഭിച്ച കനവ് എന്ന ബദൽ വിദ്യാഭ്യാസകേന്ദ്രത്തിലെ കുട്ടികളായിരുന്നു. 1990 കൾക്ക് ശേഷം അവതരിപ്പിച്ച നാടുഗദ്ദികയിലെ അഭിനയതാക്കൾ. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ അതിശക്തമായ

രീതിയിൽ കടന്നാക്രമിച്ച ആദ്യത്തെ അവതരണ രീതിയിൽ നിന്ന് വളരെ വ്യത്യസ്തവും ലളിതവുമായിരുന്നു രണ്ടാമത്തെ അവതരണം. ആദ്യത്തെ അവതരണത്തിൽ മാറി മാറി വരുന്ന അധികാരരൂപങ്ങളുടെ പ്രതീകമായ തമ്പുരാനെ അടിമകൾ കടന്നാക്രമിച്ച് അധികാരംപിടിച്ചെടുക്കുകയും, തമ്പുരാന്റെ ദേഹത്ത് അടിമകൾ കയറിയിരുന്ന് പിൻഅരങ്ങിലേയ്ക്ക് അയാളെ കൊണ്ട് പോകുമ്പോഴാണ് നാടകം അവസാനിക്കുന്നത്. അധികാരത്തിന്റെ സിരാകേന്ദ്രങ്ങളിലേയ്ക്ക് തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം എന്ന ആശയമാണ് *നാടുഗദ്ദിക*യുടെ അവസാനരംഗത്തിൽ ഉണ്ടായിവരുന്നത്.

ആദ്യത്തെ നാടകാവതരണത്തിലെ പ്രധാനപ്പെട്ട രണ്ട് രംഗങ്ങളാണ് പിന്നീട് മാറ്റത്തിന് വിധേയമാക്കിയത്. ആദ്യത്തെ രംഗാവതരണത്തിൽ നിന്ന് പിന്നീട് ഒഴിവാക്കിയ രംഗങ്ങൾ സംഭാഷണവും താഴെ സൂചിപ്പിക്കുന്നു. ഏഴാമത്തെ രംഗത്തിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിശിധമായി നാടകത്തിലൂടെ വിമർശിച്ചത്. അടിമകളുടെ സമരത്തെ പിൻതുണച്ചുകൊണ്ട് ഒരു നേതാവ് കടന്ന് വരുന്നു ആ നേതാവിനെയും തമ്പുരാൻ വളരെ തന്ത്രപൂർവ്വം കൂടെ നിർത്തുന്നു.

“തമ്പുരാൻ : ആരാണ് നിങ്ങളുടെ നേതാവ്? നേതാവിനോട് ഇങ്ങോട്ട് വരാൻ പറ... ഓ... വണക്കം എത്രവരെ പഠിച്ചു... എന്താ പേര് പ്രശ്നങ്ങളൊക്കെ നമുക്ക് വീട്ടിൽ ചെന്നിട്ട് സംസാരിക്കാം. നമുക്ക് വീടുവരെ പോകാം. പിന്നെ മോനൊരു കാര്യം ചെയ്യണം എന്റെ മോൾക്കൊരു ട്യൂഷൻ കൊടുക്കണം.. എന്റെ മോളെ കണ്ടിട്ടില്ലല്ലോ... നമുക്കു വീട്ടിലേക്കു പോകാം...

(നേതാവും, തമ്പുരാനും പോകുന്നു, അടിമകൾ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.തമ്പുരാൻ ത്രിവർണ്ണകൊടി തറ്റുടുത്ത് ചെങ്കൊടിയുമായി വരുന്നു.)

ഇങ്കിലാബ് സിന്താബാദ്

കർഷകസമരം സിന്താബാദ്...

കർഷകഐക്യം സിന്താബാദ്...

ഇങ്ക്ലാബ് സിന്താബാദ്...

എന്റെ മരുമകനെ നീയെന്നെ കമ്മ്യൂണിസ്റ്റാക്കില്ലോടാ.. സഖാക്കള

എണീക്കിൻ നമുക്കു പണിയാം...(അനുബന്ധം)

ഈ രംഗത്തെ രണ്ടാമത്തെ അവതരണത്തിലും പ്രദ്ധീകരിച്ച നാടകകൃതിയിൽ നിന്ന് ഒഴിവാക്കി.

എട്ടാമത്തെ രംഗത്തിൽ ഭരണക്കൂടത്തിനെതിരെയും അധികാരവർഗ്ഗത്തിനെതിരെയും *നാടുഗദ്ദിക*കാരന്റെ പ്രതിഷേധമാണ് നിറഞ്ഞ് നിൽക്കുന്നത്.

*നാടുഗദ്ദിക* : ഇവിടത്തെ നാട്ടുപ്രമാണിമ്മാരുടെ കൈയിൽ ചെങ്കൊടി കൊടുത്ത നിലവിലുള്ള വ്യവസ്ഥിതിയെ തഴുകി തലോടി. എയർ കണ്ടീഷൻ മുറികളിൽ മലർന്ന് കിടന്ന് വിപ്ലവപ്രസ്ഥാനങ്ങളും ഇറക്കി വോട്ട് പിടിച്ച് ഫണ്ട് പിരിവ് നടത്തി കൊണ്ടിരിക്കുന്നു. നിനക്കീ അവകാശം തന്ന നിന്റെ നരച്ച വ്യവസ്ഥിതിയുടെ നരച്ച മുഖത്തേയ്ക്ക് കാർക്കിച്ച് തുപ്പിക്കൊണ്ട് ഞങ്ങൾ പറയുന്നു. ഈ പ്രകൃതിയിലുള്ള ഒരു തരിമണ്ണിന്റെ പോലും അവകാശം നിനക്കില്ല. നിനക്കെന്റെ നെഞ്ചു പിളർക്കാം. നിനക്കെന്റെ കണ്ണുകൾ ചൂഴ്ന്നെടുക്കാം... തിന്നാം. അടിമകളുടെ ചോരകുടിച്ച് മാംസം തിന്ന് മുഴുത്ത നിന്റെ, മൺതല പൊട്ടിത്തെറിക്കും.

ഇത്തരത്തിൽ അധികാരവർഗ്ഗത്തിനെതിരെ ശക്തമായ രീതിയിൽ ഗദ്ദികകാരൻ പ്രതികരിക്കുന്നത്. അടിയന്താരവസ്ഥയുടെ സൂചനകൾ കാക്കിവേഷധാരികളും പട്ടികളുടെ കുരയും, ഗദ്ദികകാരന് നേരെ തോക്കുകൾ ഗർജ്ജിക്കുന്ന ശബ്ദങ്ങളുമാണ് ഈ രംഗത്തിലുള്ളത്.  അവസാനത്തെ രംഗത്തിൽ തമ്പുരാൻ അടിമകളെ വേട്ടയാടുന്നു. ഗദ്ദികകാരന്റെ മരണത്തിന് ശേഷം ഒറ്റപ്പെട്ടു പോകുന്ന അടിമകളെ തമ്പുരാൻ കടന്നാക്രമിക്കുന്നു. വെള്ളിയെ തമ്പുരാൻ ഉപദ്രവിക്കുമ്പോൾ അവർ അടിയോരുടെ ആദികാരണവൻമാരായ അച്ഛനെയും, ഇത്തിയെയും വിളിച്ച് കരയുന്നു. കാടിന്റെ മക്കളുടെ ദീനരോധനത്തിൽ ആയുധധാരികളായ അച്ഛനും ഇത്തിയും പ്രത്യക്ഷപ്പെടുന്നു. അടിമകൾ വാള്, വില്ല്, പന്തം, തുടങ്ങിയ ആയുധങ്ങളുമായി തമ്പുരാനെ നേരിടുന്നു.

കൈയ്ക്ക് വാള് ഹൈലസ്സാ
കൈയ്ക്ക് വില്ല് ഹൈലസ്സാ
കൈയ്ക്ക് പന്തം ഹൈലസാ!

ആദിവാസികളായ അടിമകൾ അവർക്ക് നഷ്ടപ്പെട്ട ഭൂമി, ഓലക്കെട്ട്, എന്നിവ തമ്പുരാനോട് തിരിച്ചാവശ്യപ്പെടുകയും അയാളെ ബന്ധസ്ഥനാക്കുകയും ചെയ്യുന്നു. അധികാരം പിടിച്ചെടുത്ത അടിമകൾ തമ്പുരാനെ ശാരീരികമായി  കീഴ്പ്പെടുത്തുന്നു. കാളിയാക്ക് എന്ന അനുഷ്ഠാനത്തിന്റെ രീതിയിൽ അടിമകൾ ഉറഞ്ഞ്തുള്ളുന്നു. വേദിയിൽ അവതരിപ്പിക്കുകയും ഉഗ്രൻ വിഷമുള്ള കാളിയൻ പാമ്പിനോട് ആടാൻ പറയുന്ന പാട്ടിലാണ് നാടകം അവസാനിക്കുന്നത്.

"കാളിയാക്കു പിച്ചാക്കിനാ കാളിയനാകരൂ

ആടാട് പാമ്പേ... ആടാടൂ

തിരെ കുലുക്കിയാട്... മേലുകുലുക്കിയാട്...

ഉഗ്രൻവിഷമുള്ള പാമ്പുകളായി മാറി എല്ലാ അഭിനേയതാക്കളും ഉറഞ്ഞാടുമ്പോഴാണ് നാടകം അവസാനിക്കുന്നത്. പിന്നരങ്ങിൽ 'മന്തൻതല കൊത്തിക്കളാ, പൊന്തൻ വയർ കൊത്തിക്കള' എന്ന ശബ്ദങ്ങളും ഉയർന്നുകേൾക്കുന്നു. വർഗ്ഗശത്രുവിനെ ഉൻമൂലനം ചെയ്ത് ദരിദ്രവാസികളായ സാധാരണക്കാർ അധികാരം പിടിച്ചെടുക്കുമ്പോഴാണ് നാടകം അവസാനിക്കുന്നത്.

രണ്ടാംഘട്ടത്തിലെ നാടകവതരണത്തിൽ ഗദ്ദികകാരന്റെ മരണത്തിന് ശേഷം പുതിയ ഗദ്ദികകാരൻ അടിമകളുടെ ഇടയിൽ നിന്ന് ഉരുവപ്പെട്ട് വരുന്നു. തമ്പുരാനെ അടിമകൾ കീഴടക്കി അവരുടെ മണ്ണിനോട് മാപ്പ് പറയിച്ചിട്ട് സമത്വസുന്ദരമായ കനവ് മലയിലേയ്ക്ക് അവർ യാത്രചെയ്യുമ്പോഴാണ് നാടകം അവസാനിക്കുന്നത്. 'നാടുഗദ്ദിക'യുടെ ആദ്യകാല അവതരണങ്ങളിൽ കൂടെ ഉണ്ടായിരുന്ന പി.കെ വേണുഗോപാൽ രണ്ടാമത് നടത്തിയ നാടുഗദ്ദികയുടെ  അവതരണത്തിന് മൂർച്ചയില്ലായിരുന്നു എന്നാണ് വിലയിരുത്തുന്നത്. 'നാടുഗദ്ദികയുടെ ആദ്യകാലരംഗവതരണത്തിന് ഒരു പ്രത്യായശാസ്ത്രത്തിന്റെ പിൻബലമുണ്ടായിരുന്നു. രണ്ടാമത്തെ രംഗാവതരണം കണ്ട ഞങ്ങളുടെ സുഹൃത്ത് സി. എച്ച് വിചാർ അഭിപ്രായപ്പെട്ടത് കമ്മ്യൂണിസത്തിന്റെ കറ കഴുകി കളഞ്ഞതിന് ശേഷമുള്ള നാടുഗദ്ദികയെന്നാണ്."[1]

**3.3.5 കഥാപാത്രങ്ങൾ**

1978 ൽ വയനാട്സംസ്കാരികവേദി അവതരിപ്പിച്ച *നാടുഗദ്ദികയിൽ* തമ്പുരാൻ, യാചൻ, ലക്ഷ്മണൻ, ഗദ്ദികകാരൻ, വെള്ളി, വെള്ള, എന്നിവരാണ് പ്രധാനകഥാപാത്രങ്ങൾ. തന്ത്രവും കുതന്ത്രത്തിലൂടെയും കാടിന്റെ മക്കളെ അടിമകളായി മാറ്റുന്ന തമ്പുരാനും, തമ്പുരാന്റെ ചൂഷണങ്ങൾക്കെതിരെ പോരാടാൻ അടിമകളെ പ്രേരിപ്പിക്കുന്ന ഗദ്ദികകാരനുമാണ് പ്രധാനകഥാപാത്രങ്ങൾ.  കെ.ജെ. ബേബിയുടെ സർഗ്ഗാത്മ പ്രവർത്തനങ്ങൾക്ക് ആശയപരമായ ഒരു തുടർച്ച കാണാൻ കഴിയും, ആദ്യ നാടകമായ 'അപൂർണ്ണ' എന്ന നാടകത്തിലെ കഥാപാത്രങ്ങൾ തന്നെയാണ് *'നാടുഗദ്ദിക'*യിലും, 'നാടുഗദ്ദിക' എന്ന നാടകം മുന്നോട്ട് വച്ച ആശയങ്ങളുടെ തുടർച്ചയാണ് *'മാവേലിമന്റം'* എന്ന നോവലിലും.

**(i) വെള്ളി**

ആദിവാസികൾ ഇന്നും അനുഭവിക്കുന്ന ദാരിദ്രത്തിന്റെ പ്രതീകമാണ് വെള്ളി എന്ന കഥാപാത്രം. *'നാടുഗദ്ദിക'* എന്ന നാടകത്തെക്കുറിച്ച് ഓർക്കുമ്പോൾ കാഴ്ച ക്കാരുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് വെള്ളിയുടെ 'പയിക്കിന്റോ' എന്ന നില വിളിയാണ്. നാടകത്തിലെ ഓരോ രംഗവും അവസാനിക്കുന്നത് വെള്ളിയുടെ പയി ക്കിന്റോ എന്ന നിലവിളിയിലൂടെയാണ്. ആദിവാസികളുടെ ഇടയിലെ ദാരിദ്ര്യവും പോഷകാഹാര കുറവും ചർച്ചചെയ്യുന്ന പൊതുസമൂഹത്തിൽ വെള്ളി എന്ന അന്ധ ബാലന്റെ വിശപ്പിന്റെ നിലവിളി ഇന്നും മുഴങ്ങി കേട്ട് കൊണ്ടിരിക്കുന്നു.

**(ii) ലക്ഷ്മണൻ**

ആദിവാസികളുടെ കൂട്ടത്തിൽ, നിന്ന് വിദ്യാഭ്യാസം നേടിയിട്ട് സ്വന്തം വർഗ്ഗത്തെ പുച്ഛത്തോടെ കാണുകയും, പുറം ലോകത്തിന്റെ കെട്ടുകാഴ്ചകളിൽപ്പെട്ട് പോകുന്ന കഥാപാത്രമാണ് ലക്ഷ്മണൻ. അച്ഛനായ യാചനെയും സഹോദരങ്ങളായ വെള്ളി യെയും വെള്ളയെയും വെറുപ്പോടെയാണ് അയാൾ സമീപിക്കുന്നത്. ഉപരിവർഗ്ഗ ത്തിന്റെ ആശയങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന, തമ്പുരാന്റെ ഏറാൻ മൂളിയായി നിൽക്കുന്ന കഥാപാത്രമാണ് ലക്ഷ്മണൻ. കൺമുമ്പിൽ കാണുന്ന വർത്തമാനകാല യഥാർത്ഥത്തെ മനസ്സിലാകാതെ മറ്റേതോ ലോകത്ത് ജീവിക്കുന്ന സ്വപ്നജീവിയാണ് ലക്ഷ്മണൻ. ഗദ്ദികകാരന്റെ മരണത്തിന് ശേഷമാണ് ലക്ഷ്മണനിൽ കാര്യമായ മാറ്റം ഉണ്ടാകുകയും തന്റെ വർഗ്ഗത്തിന് വേണ്ടി പോരാടാൻ തയ്യാറാകുകയും ചെയ്യുന്നു. നാടകത്തിന്റെ അവസാനത്തെ രംഗത്തിൽ യാഥാർത്ഥ്യബോധത്തോടെ ലക്ഷ്മണൻ തമ്പുരാനെ ചോദ്യം ചെയ്യുന്നു. ലക്ഷ്മണൻ എന്ന കഥാപാത്രത്തെ കുറിച്ച് നാടക കൃത്ത് കെ.ജെ. ബേബി ഇത്തരത്തിലാണ് പ്രതികരിച്ചത്. "ഇത് നമ്മൾ തന്നെയാണ് കുറച്ച് വിദ്യാഭ്യാസം കിട്ടിയിട്ട്, കുറച്ച് പുസ്തകങ്ങൾ വായിച്ചിട്ട് അസ്ഥിത്വദുഃഖ ത്തിൽ നിൽക്കുന്ന ഒരു തലമുറയാണ് ലക്ഷ്മണന്റെ കഥാപാത്രം. സ്വന്തം പെങ്ങളെ മാനഭംഗം ചെയ്യുമ്പോൾ വീടിനകത്ത് അടച്ചിരിക്കുന്ന കഥാപാത്രം. വെറും ഷണ്ഡ നായ ഒരു തലമുറ, ഇരയെ കുറ്റം പറയുന്ന തലമുറ".[2]

**(iii) വെള്ള**

യാചന്റെ മകളായ വെള്ള തമ്പുരാന്റെ തോട്ടത്തിൽ വച്ച് ബലാൽസംഗത്തിന് ഇരയാകുകയും പിന്നീട് തെരുവിലൂടെ അലഞ്ഞ് നടന്ന് ജീവിതം കൈവിട്ടുപോയ കഥാപാത്രമാണ് വെള്ള. *നാടുഗദ്ദിക* യിലെ നാല് കഥാപാത്രങ്ങളും അലഞ്ഞ് തിരി

യുന്നവരാണ്, തെണ്ടി നടക്കുന്ന യാചൻ, വിശന്ന് നിലവിളിക്കുന്ന അന്ധനായ മകൻ വെള്ളി, ഒന്നും ചെയ്യാനില്ലാതെ നടക്കുന്ന ലക്ഷ്മണൻ, മറ്റുള്ളവരാൽ ഉപയോഗിച്ച് തെരുവിലേയ്ക്ക് വലിച്ചെറിഞ്ഞ യാചന്റെ ഇളയ മകൾ വെള്ള എന്നീകഥാപാത്ര ങ്ങൾ പൊതുസമൂഹത്തിൽ ചോദ്യചിഹ്നമായി നിലനിൽക്കുന്നു. തികച്ചും നിസ്സഹാ രായ ഈ കഥാപാത്രങ്ങൾ കാഴ്ചക്കാരിൽ വേദനയുടെയും ചിന്തയുടെയും കരുണ യുടെയും അനുഭൂതികളാണ് പകരുന്നത്. ഈ കഥാപാത്രങ്ങൾ എന്തുകൊണ്ടാണ് തെരുവിൽ തള്ളപ്പെട്ടു എന്ന് പരിഷ്കൃതസമൂഹത്തെ കൊണ്ട് ചിന്തിപ്പിക്കാൻ 'നാടു ഗദ്ദിക' എന്ന നാടകത്തിന് കഴിയുന്നുണ്ട്.

**(iv) തമ്പുരാൻ**

സ്വന്തമായി കൃഷിചെയ്ത് ജീവിക്കാൻ ഭൂമിയില്ലാത്ത, അടിസ്ഥാനവർഗ്ഗത്തെ പീഡിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന ചൂഷകവർഗ്ഗത്തിന്റെ പ്രതിനിധിയാണ് തമ്പുരാൻ. 'നാടുഗദ്ദിക'യിൽ തമ്പുരാൻ കേവലം ഒരു വ്യക്തയല്ല കാലഘട്ടങ്ങളി ലൂടെ മാറിവരുന്ന അധികാരകേന്ദ്രത്തിന്റെ അമൂർത്ത ബിംബം മാത്രമാണ്. ഓരോ നൂറ്റാണ്ടിന്റെ സാമൂഹ്യരാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് അനുകൂലമായ രൂപ ങ്ങൾ കൈക്കൊള്ളുന്ന അധികാരികളുടെ സൂക്ഷ്മരൂപമാണ് തമ്പുരാൻ. ഗോത്രത്ത ലവൻമാരായും ഉടമയായും രാജാവായും പുരോഗിതൻന്മാരായും ജനപ്രതിനിധിക ളായും, ജനങ്ങളുടെ രക്ഷകനായും അധികാരികൾ പ്രത്യക്ഷപ്പെടുന്നു. അധികാര വർഗ്ഗം നിർമ്മിച്ചെടുക്കുന്ന പ്രത്യായശാസ്ത്രങ്ങൾ ഉപയോഗിച്ച് അവർ ജനങ്ങളെ ശാരീരികമായും മാനസികമായും അടിമകളാക്കി മാറ്റിയെടുക്കുന്നു.

വിരാട് പുരുഷന്റെ മുഖത്ത്നിന്ന്ഉണ്ടായ വംശമാണ് തന്റെതെന്ന് വിശ്വസിക്കുന്ന സവർണബോധമാണ് തമ്പുരാനെ നയിക്കുന്നത്. ഓരോ കാലഘട്ടത്തിലും ഓരോ രൂപങ്ങളിൽ എല്ലാപ്രസ്ഥാനങ്ങളുടെ അധിപനായി തമ്പുരാൻ എത്തുന്നു. അധികാരം എവിടെയാണോ അതിനോട് ചേർന്ന് നിൽക്കാനാണ് തമ്പുരാൻ ശ്രമിക്കുന്നത്. ദൈവം തങ്ങളെയാണ് നേരിട്ട് സൃഷ്ടിച്ചത് എന്ന് ലക്ഷ്മണനോട് വിളിച്ച് പറഞ്ഞ്കൊണ്ടാണ് തമ്പുരാൻ പ്രവേശിക്കുന്നത്. തമ്പുരക്കൻമാരുടെ കഴിഞ്ഞ കാലത്തെയാണ് 'ചരിത്രം' എന്ന് വിളിക്കുന്നതെന്നും, അതിനെ മറ്റുള്ളവർ പഠിക്കണമെന്നും അയാൾ പ്രഖ്യാ പിക്കുന്നു. ചരിത്രവും, മിത്തുകളും സിദ്ധാന്തങ്ങളും ഉപയോഗിച്ചു കൊണ്ട് എല്ലാകാ ലത്തും അയാൾ അധികാരത്തെ നിലനിർത്തുന്നു. തമ്പുരാൻ എല്ലാ സാമൂഹികമുന്നേ റ്റങ്ങളെയും എതിർക്കുകയും പിന്നീട് ആ ചലനങ്ങളുടെ ഗുണഭോക്താവായി മാറുന്ന

ഒരു കോമാളി രൂപമാണ്. പ്രകൃതിയോട് ചേർന്ന് ജീവിക്കുന്ന ആദിവാസികളുടെ മണ്ണും മനസ്സും അധികാരികൾ  കവർന്നെടുക്കുന്നു. അവരുടെ വിശ്വാസങ്ങളിൽ, മേലാളന്റെ പ്രത്യായശാസ്ത്രം തിരുകി കയറ്റുന്നു. ബ്രിട്ടീഷ് ഭരണക്കാലത്ത് തമ്പുരാൻ സൂര്യനസ്ഥമിക്കാത്ത സമ്രാജ്യത്തിന്റെ കിങ്കരനായി മാറികൊണ്ട് പഴശിരാജനെ വെല്ല്വിളിക്കുകയും  ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും ഗാന്ധിജിയെയും പരിഹസിക്കുകയും ചെയ്യുന്നു.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ തമ്പുരാൻ കോൺഗ്രസിന്റെ ത്രിവർണ്ണ കൊടിയുമായി കടന്ന്വന്ന് കപടരാജ്യസ്നേഹം പ്രകടിപ്പിക്കുന്നു. “ഗാണ്ടി കി...ജയ്.. എടാ ഞാൻ അപ്പഴേ പറഞ്ഞതല്ലേ... നെഹു നല്ല പയ്യനാടാ... നല്ല തങ്കഭസ്മം കഴിച്ച് വളർന്ന പയ്യൻ” (ബേബി, കെ.ജെ. 1993:19) ഇത്തരത്തിൽ പ്രഖ്യാപിച്ച് കൊണ്ട് ഭരണകക്ഷിയുടെ വക്താവായി മാറുന്നു.  തമ്പുരാൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഭയത്തോടെ കാണുകയും വിമോചനസമരത്തിന് പിൻതുണ പ്രഖ്യാപിക്കുകയും ചെയ്യുന്നു. വിശന്ന് നിൽക്കുന്ന അടിമകളോട് പട്ടിണി കിടക്കാൻ അയാൾ പറയുന്നത് “രാജ്യം വളരെ പ്രശ്നങ്ങളിലൂടെ കടന്ന് പോകുന്നത്. ഏടാ... ഗാണ്ടി ഒരു പഴം മാത്രമാണ് ഒരു ദിവസം കഴിക്കുന്നത്. അത് കണ്ട് പഠിക്ക്” (1993 :47) ഇത്തരത്തിൽ അടിമകളുടെ എല്ലാ മാനുഷിക ആവശ്യങ്ങളെയും അയാൾ തന്ത്രങ്ങൾകൊണ്ട് ഒതുക്കുന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വരുമ്പോൾ തമ്പുരാൻ ആ സർക്കാറിനോടുള്ള എതിർപ്പ് ശക്തിയായി പ്രകടിപ്പിക്കുന്നു.

“ എടാ നിങ്ങളിഞ്ഞോ കമ്മ്യൂണിസ്റ്റ് ഭരിക്കങ്കേറിയിരിക്കുന്നു. എടാ പെരുമാഓര് ബയസ്സമ്മാരെയൊക്കെ കൊന്ന് കളയൂന്ന്... എല്ലാവരും നേരെ നേരെ നിക്ക്.. എടോ നിങ്ങറിഞ്ഞോ, ഓര് പള്ളിയുടെയും അമ്പലത്തിന്റെയും സ്വത്തെടുത്തോണ്ട് പോകാന്തൊടങ്ങ്നന്ന്... ഓന്റെ ഒരു ഭൂപരിഷ്കാരം... കേറിനിക്കടാ ബരീല്...

വിമോചനസമരം സിന്ദാബാദ്... ബിളിടാ

അങ്ങെനെതന്നെ”...  (1993 : 51)

തമ്പുരാൻ വിമോചന സമരത്തെ അനുകൂലിക്കുകയും, അടിമകളെ നിർബന്ധിച്ച് സമരത്തിൽ അണിനിരത്തുകയും ചെയ്യുന്നു.  വിമോചന സമരത്തിന്റെ മുദ്രാവാക്യങ്ങളും പാട്ടുകളും ‘നാടുഗദ്ദിക’യിൽ ഉപയോഗിച്ചിട്ടുണ്ട്. വിമോചനസമരത്തിന്റെ പശ്ചാത്താലത്തിൽ ഇന്ത്യൻപ്രസിഡന്റ് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട സർക്കാറിനെ

പിരിച്ച് വിടുന്നതോട് കൂടി തമ്പുരാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടുന്നു. അടിമകൾ സംഘടിതരായി തമ്പുരാനെതിരെ സമരങ്ങൾ നടത്തുമ്പോൾ അയാൾ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ ഭാഗമായി മാറുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാ സ്ഥാനങ്ങളിലേയ്ക്കും തമ്പുരാൻ കടന്നു വരുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ വിയർപ്പിന്റെയും കണ്ണീരിന്റെയും ചോരയുടെയും പ്രതീകമായ ചെങ്കൊടിയുമേന്തിയാണ് തമ്പുരാൻ പ്രവേശിക്കുന്നത്.

"തമ്പുരാൻ :ഇങ്കിലാബ് സിന്ദാബാദ്

കർഷകസംഘം സിന്ദാബാദ്

പ്രിയപ്പെട്ട സഖാക്കളെ, സ്നേഹിതരെ

ജനാധിപത്യവിശ്വാസികളെ, നിങ്ങൾ വലിയൊരു കാര്യമാണ് ചെയ്തത്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി!... സഖാക്കളെ ഇങ്ങടുത്ത് വരൂ... ഇങ്ങടുത്ത് വരൂ.... വർഗ്ഗസമരമല്ല സഖാക്കളെ നമ്മുക്കിന്നാവശ്യം, വർഗ്ഗസഹകരണമാണ്...

"നമ്മള് കൊയ്യും വയലെല്ലാം

ഞങ്ങടേതാണേ പൈങ്കിളിയേ"(1993 :55)

ഈ രംഗത്തിലൂടെ കേരളത്തിലൂടെ രാഷ്ട്രീയനാടകങ്ങളിൽ ശ്രദ്ധേയമായ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം മുന്നോട്ട് വച്ച ആശയത്തെ ശക്തമായ രീതിയിൽ കെ.ജെ. ബേബി കളിയാക്കുന്നുണ്ട്. തകർന്ന ഫ്യൂഡലിസത്തിന്റെ അവസാനത്തെ കണ്ണിയായ പാങ്ങൻനായർ എന്ന കഥാപാത്രം കമ്മ്യൂണിസ്റ്റ്കാരനായി ചെങ്കൊടി ഉയർത്തിപ്പിടിക്കുമ്പോഴാണ് 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം അവസാനിക്കുന്നത്. ഈ രംഗത്തെയാണ് നാടുഗദ്ദികയിലൂടെ വിമർശനവിധേയമാക്കിയത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലേയ്ക്ക് അധികാരവർഗ്ഗത്തിന്റെ കടന്നുകയറ്റത്തെ നാടുഗദ്ദികയിലെ ഈ രംഗത്തിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. 'നാടുഗദ്ദിക' എന്ന നാടകത്തെ പല സ്ഥലങ്ങളിലും വച്ച് ആക്രമിക്കപ്പെടാൻ കാരണമായത് ഈ രംഗമാണ്. നാട്ടിലെ എല്ലാ പ്രസ്ഥാനങ്ങളുടെയും അമരത്ത് തമ്പുരാൻ പ്രത്യക്ഷപ്പെടുന്നു. പഞ്ചായത്ത് പ്രസിഡന്റ്, ദേവസ്വം മാനേജർ, മദ്യവർജ്ജനകക്കമ്മറ്റിയുടെ രക്ഷാധികാരി, മഹിള സമാജത്തിന്റെ ഉപദേഷ്ടാവ്, ഗ്രാമീണവായനശാലയുടെ സ്ഥാപകപ്രമുഖകൻ, അങ്ങനെ എല്ലാ സാമൂഹ്യസ്ഥാപനങ്ങളിലേക്കും തമ്പുരാൻ കടന്ന് വരുന്നു.

**(v) യാചൻ**

നാടകം ആരംഭിക്കുന്നതുതന്നെ ജനങ്ങളുടെ ഇടയിൽ നിൽക്കുന്ന യാചനെ തമ്പുരാൻ പിടിച്ച് കൊണ്ട് വന്ന് പിച്ച എടുക്കാനുള്ള ചിരട്ടയും ഊന്ന് വടിയും നൽകി കൊണ്ടാണ്. അധികാരി വർഗ്ഗം സാധാരണകാരെ പിച്ചകാരനായി നിലനിർത്താനാണ് ശ്രമിക്കുന്നത്.

യജമാനന്റെ വയലിൻ പണിയെടുത്ത് ആരോഗ്യം നശിച്ച് തെണ്ടിനടക്കുന്ന വൃദ്ധനായ കഥാപാത്രമാണ് യാചൻ, അന്ധനായ വെള്ളി, വെള്ള, ലക്ഷ്മണൻ എന്നിവർ മക്കളാണ്. പണിയരുടെ മരണാന്തരവിശ്വാസത്തെക്കുറിച്ചും, പണിയർ അടിമകളായ കഥകൾ കെ.ജെ. ബേബിയ്ക്ക് പറഞ്ഞ് കൊടുത്ത പുൽപള്ളിയിലെ കറപ്പൻ മൂപ്പൻ എന്ന അവദൂതനാകണം. ഈ കഥാപാത്രത്തെ സൃഷ്ടിക്കാൻ നാടകകൃത്തിനെ പ്രചോദനം നൽകിയത്. അടിമകളുടെ കഴിഞ്ഞകാലങ്ങളെപ്പറ്റിയും, ചരിത്ര സംഭവങ്ങളെക്കുറിച്ചും ഗദ്ദികകാരൻ സംസാരിക്കുമ്പോൾ 'ആ പഴയകാല ഓർമകളിലേയ്ക്ക് യാചൻ സഞ്ചരിക്കുന്നു.' 'അപൂർണ്ണ' എന്ന കെ.ജെ. ബേബിയുടെ ആദ്യ നാടകത്തിലെ പ്രധാന കഥാപാത്രമാണ് യാചൻ. യാചന്റെ ഓർമ്മകളിലൂടെയാണ് വള്ളിയൂർകാവ് ക്ഷേത്രത്തിൽ എല്ലാ വർഷങ്ങളിലും നടന്നിരുന്ന അടിമവിൽപ്പന, ആദിവാസികളുടെ ആദികാരണവൻമാരായ ഉത്തപ്പനും ഉത്തമ്മയും അടിമകളായ കഥ തുടങ്ങിയ രംഗങ്ങൾ പുരോഗമിക്കുന്നത്. ആദ്യ രംഗങ്ങളിൽ നിസ്സഹയനായി എല്ലാ ദുരിതങ്ങളും പേറി നിൽക്കുന്ന യാചൻ, പഴയ കാലത്തിന്റെ നൻമകളെ പറ്റി ഓർക്കുന്നു. അവസാനത്തെ രംഗത്തിൽ യാചൻ തമ്പുരാനെതിരെ ശക്തിയായി പ്രതിഷേധിക്കുന്നു. അടിമകളുടെ അവസാനത്തെ പ്രതീക്ഷയായ 'കനവ്മലയെ' ക്കുറിച്ച് യാചൻ സംസാരിക്കുന്നു. അടിമകൾക്ക് നഷ്ടപ്പെട്ട അവരുടെ ഭൂമി തിരികെ നൽകണമെന്ന് തമ്പുരാനോട് ധൈര്യത്തോടെ ചോദിക്കുന്നത് യാചനാണ്. തമ്പുരാനെ കൊണ്ട് അടിമകളുടെ മണ്ണിനെ കെട്ടിപ്പിടിച്ച് അവർ മാപ്പ് പറയിപ്പിക്കുന്നു. തമ്പുരാന്റെ മാളിയെന്ന ദൈവസങ്കല്പ്പങ്ങളെയും കാലനെയും യാചൻ വെല്ല് വിളിക്കുന്നു.

**(vi) ഗദ്ദികകാരൻ**

"കാർണോമ്മാരെ മനുഷ്യസ്നേഹത്തിന്റെ കണ്ണി

ഇവിടെ നിന്നറ്റ് പോകാതിരിക്കാനായി മക്കൾക്ക്

നിങ്ങൾ തുടിയും കുഴലും മാവേലിക്കഥകളും കൊടുക്കണേ!(1993 :58)

അടിമകളെ ഉണർത്തുകയും അവർ അനുഭവിക്കുന്ന സാമൂഹിക അസമത്വ ങ്ങൾക്കെതിരെ ധീരമായി പോരാടാൻ ശീലിപ്പിക്കുന്ന കഥാപാത്രമാണ് ഗദ്ദികകാരൻ. സ്വാതന്ത്ര്യാനന്തരവും വയനാട്ടിലെ തിരുനെല്ലിയിൽ നിലനിന്നിരുന്ന അടിമകച്ചവ ടവും ഭൂപ്രഭുക്കൾ നടത്തി കൊണ്ടിരുന്ന ക്രൂരതകൾക്ക് എതിരെ സായുധവിപ്ലവം നടത്തിയ എ. വർഗ്ഗീസാണ് ഗദ്ദികകാരൻ എന്ന കഥാപാത്രത്തിന്റെ മാതൃക. വയലു കളിൽ പണിയെടുക്കുന്നവരുടെ കൂലി വർദ്ധിപ്പിക്കുക, കൂലിയായി കൊടുത്തിരുന്ന നെല്ല് മുളനാഴിയ്ക്ക് പകരം സർക്കാരിന്റെ അളവായ ലിറ്ററിൽ അളക്കുക, ഇത്തര ത്തിലുള്ള സമരങ്ങൾ എ. വർഗ്ഗീസിന്റെ നേതൃത്വത്തിൽ തിരുനെല്ലി, തൃശ്ശിലേരി കേന്ദ്രീ കരിച്ച് നടന്നു." വയനാട്ടിലെത്തിയ വർഗ്ഗീസ് ആദിവാസികൾ നേരിടുന്ന ശരിയായ പ്രശ്നങ്ങളെ കുറിച്ച് ബോധ്യപ്പെട്ടു. തങ്ങൾക്ക് വേണ്ടി നിലകൊണ്ട വർഗ്ഗീസിനെ അവർ അടിയേരുടെ പെരുമൻ എന്നാണ് സ്നേഹത്തോടെ വിളിച്ചത്. കർഷകരുടെ പേരിൽ ഭരണത്തിലെത്തിയ പാർട്ടി അധികാരത്തിലെത്തിയപ്പോൾ കർഷകരെയും അടിസ്ഥാനവർഗ്ഗത്തെയും മറക്കുന്ന കാഴ്ച, വർഗ്ഗീസിനെ വല്ലാതെ വിഷമിപ്പിച്ചു. (അജീഷ്, ടി. 2015 :23) വയനാട്ടിലെ ജൻമിമാർക്കെതിരെയുള്ള സമരങ്ങൾക്ക് കമ്മ്യൂ ണിസ്റ്റ് പാർട്ടിയിൽ നിന്ന് വേണ്ട സഹകരണം ലഭിക്കാത്തതിനാൽ എ. വർഗ്ഗീസിന്റെ നേതൃത്വത്തിലുള്ള സായുധകലാപങ്ങൾ നടത്താൻ ശ്രമിച്ചു. 1970 ഫെബ്രുവരി ഒന്നാം തീയതി എ.വർഗ്ഗീസ്, എ. വാസു. ആദിവാസികളായ കാളൻ, കട്ടകാളൻ, നെല്ലി, ബട്ടി, ചമ്പൻ, കരിയൻ, ചാത്തൻ , എന്നിവരുടെ നേതൃത്വത്തിലുള്ള നക്സൽ പ്രവർത്ത കർ തിരുനെല്ലി- തൃശ്ശിലേരി കേന്ദ്രീകരിച്ച് ഭൂപ്രഭുക്കൻമാരുടെ വീടുകൾ ആക്രമിച്ചു. വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടത്തിയ സായുധ കലാപത്തിൽ ജൻമിയായ വാസു ദേവ അഡിഗ, കച്ചവടക്കാരനായ ചേക്കു എന്നിവർ കൊല്ലപ്പെട്ടു. സായുധ കലാപ ത്തിന് ശേഷം ഒളിവിൽപ്പോയ വർഗ്ഗീസിനെ മങ്ങംപറ്റ ശിവരാമൻനായരുടെ വീട്ടിൽ നിന്ന് പോലീസ് പിടികൂടി തിരുനെല്ലിയിലെ വനാന്തർഭാഗത്തെ കുമ്പാരൻ കുന്നിൽ വച്ച് ആസൂത്രിതമായി വെടിവെച്ച് കൊന്നു. നിരാലമ്പരായ അടിയാ, പണിയ വിഭാഗ ത്തിൽപ്പെട്ട ആദിവാസികൾക്കായി പോരാട്ടം നടത്തിയ എ.വർഗ്ഗീസ് എന്ന വിപ്ലവ കാരിയോടുള്ള ആരാധനയാണ് ഗദ്ദികകാരൻ എന്ന കഥാപാത്രത്തിന്റെ സൃഷ്ടിയി ലേയ്ക്ക് കെ.ജെ. ബേബിയെ നയിച്ചത്. *'നാടുഗദ്ദിക'* എന്ന നാടകം ആദിവാസിക ളായ അടിയോരുടെയും പണിയോരുടെയും ചരിത്രം മാത്രമല്ല തിരുനെല്ലിയുടെ കാടു കളിൽ ആദിവാസികളെ പ്രതിരോധിക്കാൻ ശീലിപ്പിച്ച വർഗ്ഗീസിന്റെ പോരാട്ടചരിത്രം കൂടിയാണ്. "വർഗ്ഗീസ് ഒരു ദിവസം പെട്ടെന്ന് തോക്കുമായി വന്നതല്ല. മനുഷ്യസ്നേ

ഹിയായ സഖാവിന്റെ കഥകൾ പലരിൽ നിന്ന് കേൾക്കുകയായിരുന്നു. അവരെ സ്നേഹിച്ചിരുന്ന ഒരു നല്ല മനുഷ്യൻ". (ബേബി, കെ.ജെ. മാതൃഭൂമി ആഴ്ചപ്പതിപ്പ്. ജൂൺ 9: 2019)

ഗദ്ദികകാരൻ എന്ന കഥാപാത്രമാണ് നാടകത്തിന്റെ ദിശനിയന്ത്രിക്കുന്നതും, കഥാസന്ദർഭങ്ങളെ വിവരിക്കുകയും മാറിവരുന്ന ചരിത്ര മുഹൂർത്തങ്ങളെ കാണിക ളിലേയ്ക്ക് വിവരിക്കുകയും ചെയ്യുന്നത്. തമ്പുരാനെതിരെ അടിമകളെ സംഘടിപ്പി ക്കുന്ന ഗദ്ദികകാരനെ തമ്പുരാന്റെ അംഗരക്ഷകർ പിടികൂടി വിചാരണ ചെയ്യുന്നു. അടിമകൾക്ക് വേണ്ടി പോരാടിയ ഗദ്ദികകാരന്റെ ശബ്ദത്തെ ഇല്ലായ്മ ചെയ്യാൻ അംഗ രക്ഷകർ ശ്രമിക്കുന്നു.

ഗദ്ദികകാരന്റെ കൊലപാതകത്തെ തുടർന്ന് അടിയന്തരാവസ്ഥയെ ഓർമ്മിപ്പി ക്കുന്ന സംഭാഷണങ്ങളാണ് കടന്ന് വരുന്നത്

"ഒന്നിൽക്കൂടുതൽ ആളുകൾ കണ്ട് കൂടാ.... ഒന്നിൽ കൂടുതൽ ആളുകൾ മിണ്ടി ക്കൂടാ...

" നാവടക്കൂ ... പണിയെടുക്കിൻ....

നമ്മൾ രണ്ട്.... നമുക്ക് രണ്ട്"(ബേബി, കെ.ജെ. 1993:57)

ആയുഷ്കാലമത്രയും അടിമകളായി ജീവിക്കാൻ വിധിക്കപ്പെട്ട ആദിവാസി ജന തയ്ക്ക് ഗദ്ദികകാരൻ സ്വാതന്ത്രലോകത്തിന്റെ ആശയങ്ങൾ പകർന്നു നൽകി അവ രുടെ സ്വത്വബോധമുണർത്തി സമത്വ സുന്ദരമായ കനവുമലയിലേയ്ക്ക് യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്നു.

**3.3.6 നാടുഗദ്ദിക : ദർശനങ്ങൾ**

"നാവിലൂടെ വളർന്ന് വന്ന നമ്മുടെ വാക്കുകള്

ഓടാൻ പറയുകയാണെങ്കിൽ ഓടുക, മന്റത്തിന് വേണ്ടി ഓടുക,

തുടിക്കും കുഴലിനും വേണ്ടി ഓടുക,

നമ്മുടെയും കഥകൾക്കു പാട്ടിനുവേണ്ടി ഓടുക".(ബേബി, കെ.ജെ. 2000:73)

ഏതൊരു കലാസൃഷ്ടിയിലും അത് നിർമ്മിച്ചെടുക്കുന്ന കലാകാരൻ അറി ഞ്ഞോ അറിയാതെയോ ചില ദർശനങ്ങൾ മറഞ്ഞിരിക്കും. കലാകാരന്റെ ചിന്തകൾ,

പ്രത്യായശാസ്ത്രം, സ്വത്വബോധം അയാളുടെ ലോകവീക്ഷണം, സാമൂഹികബോധം എന്നിവ അവരുടെ സൃഷ്ടികളിൽ വളരെ അദൃശ്യമായി കിടക്കും. കെ.ജെ. ബേബി എന്ന കലാകാരന്റെ നാടകത്തിലും, നോവലിലും, അഭിമുഖങ്ങളിലും ആവർത്തിക്കുന്ന ദർശനങ്ങൾ താഴെ സൂചിപ്പിക്കുന്നു.

**3.3.6.1 മാവേലിനാട്**

എല്ലാ മനുഷ്യരും പരസ്പരം സഹകരിച്ച് വേട്ടയാടി, കിട്ടുന്നതെന്തും തുല്യമായി പങ്കിടുന്നത് ഗോത്രജീവിതത്തിന്റെ പ്രധാനപ്പെട്ട സവിശേഷതയാണ്. ഗോത്രസഹോദര്യത്തിന്റെ ഈ സ്വഭാവം കെ.ജെ. ബേബിയുടെ എല്ലാകൃതികളിലും നിറഞ്ഞ് നിൽക്കുന്നു. ജാതിയുടെയും വർണ്ണത്തിന്റെയും മതത്തിന്റെ ഉച്ചനീചത്വങ്ങളില്ലാത്ത സമത്വസുന്ദരമായ ഒരു ലോകത്തിനെ കുറിച്ചുള്ള പ്രതീക്ഷയാണ് 'കനവുമല' 'മാവേലിമന്റം' എന്നീ സങ്കൽപ്പങ്ങൾ പ്രശസ്ത ബംഗാളി നാടകകൃത്ത് ബാദൻസർക്കാരിന്റെ 'ഹട്ടാമലനാടുകൾക്കപ്പുറം' എന്ന നാടകത്തിലെ പ്രധാന കഥാപാത്രങ്ങളായ രണ്ട് കള്ളന്മാർ സ്വപ്നം കാണുന്നൊരു ലോകമുണ്ട്, പട്ടിണിയും അസമത്വവും അതിർത്തികളുമില്ലാത്ത ഒരു നാട് അത്തരത്തിലുള്ള ഒരു സ്വപ്നഭൂമിയാണ് കെ.ജെ. ബേബിയുടെ 'കനവ്മലയും', 'മാവേലിമന്റവും'.

"ഇനി കാർണ്ണെമാരെ നെഞ്ചിലിക്കൂടി നമ്മ ഉള്ളിലിക്കെത്തത്ത ഒരു മല മാത്രം വാക്കിയുള അങ്കങ്കുള കനവുമലെ ആടെ കൊടുവേനിക്കുകൂടി വച്ചാത്ത ഉറവും ഉളപ്പൊ ആ ഉറവന അരുവെ പൂക്കാല പാട്ടു മാത്ര പാടി നടക്കിഞ്ച തേനീച്ച ഉള്ളപ്പൊ!" (ബേബി, കെ.ജെ. 1993:61). കാർണവൻമാരുടെ നെഞ്ചിലൂടെ ഉള്ളിലെത്തിയ ഒരു മല മാത്രം ബാക്കിയുണ്ടെന്ന് അവർ ആശ്വസിക്കുന്നു., അതാണ് 'കനവ്മല'. അവിടെ വേനലിൽ വറ്റാത്ത ഉറവകളുണ്ട്. ആദിവാസികൾക്കിടയിൽ ജാതിയും ഉപജാതികളും ഇല്ലാതിരുന്ന, കാട് അവർക്ക് സ്വന്തമായിരുന്ന ഒരു കാലഘട്ടത്തിന്റെ ഓർമ്മയാണ് കനവ് മല എന്ന സങ്കൽപം.

"കൃത്യമായി ജാതി വ്യവസ്ഥയോ സാമൂഹിക വേർതിരിവുകളോ സംഘകാലത്ത് ഉണ്ടായിരുന്നില്ല. ജനങ്ങൾ സാമൂഹികമായ സമത്വത്തിലും സ്വാതന്ത്ര്യത്തിലും കഴിഞ്ഞു കൂടി. ദ്രാവിഡ സംസ്കാരത്തിന്റെ ജീവൻ തന്നെ ജാതിയില്ലായ്മ ആയിരുന്നു." (അച്യുതവാര്യർ,എസ്. 2010 : 32)

### 3.3.6.2 കാട്/ഭൂമിയുടെ അവകാശികൾ

"മുഖ്യധാരയിലെ മനുഷ്യർക്ക് ഇൻമനാട് ഇന്ത്യയോ, കേരളമോ, കോഴിക്കോടോ, ആയിരിക്കും എന്നാൽ ആദിവാസികൾക്ക് ജന്മനാട് കാടാണ്." (പോക്കർ, പി.കെ. 2006.

കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആദിവാസി സമരങ്ങൾ ഭരണക്കൂടത്തോട് ആവശ്യപ്പെടുന്നത് കൃഷിചെയ്ത് നിലനിൽക്കാൻ ആവശ്യമായ ഭൂമിയാണ്. മുത്തങ്ങ, ചെങ്ങറ, തുടങ്ങിയ ആദിവാസിഭൂസമരങ്ങൾക്ക് ഏറെ മുന്നേ തന്നെ കെ.ജെ. ബേബിയുടെ '*നാടുഗദ്ദിക*' '*മാവേലിമന്റം* '*ഗുഡ*' തുടങ്ങിയ സർഗ്ഗാത്മക പ്രവർത്തനങ്ങളിലൂടെ ചർച്ചചെയ്ത പ്രധാന വിഷയം ആദിവാസികളുടെ നഷ്ടപ്പെട്ട ഭൂമിയെക്കുറിച്ചാണ്. കാടിനെ ആരാധിക്കുന്ന മനുഷ്യനെക്കുറിച്ചാണ് '*മാവേലിമന്റം*' എന്ന നോവലിൽ പ്രതിപാദിക്കുന്നത്. മാവേലിമന്റത്തിന്റെ കൈയിൽ നിന്ന് തട്ടിപ്പറിച്ച മണ്ണ് ഉപയോഗിച്ചാണ് തമ്പുരാൻമാർ പല ജാതിയിൽപ്പെട്ട മനുഷ്യരെ ഉണ്ടാക്കിയെടുത്തത്.

'നാടുഗദ്ദിക'യുടെ അവസാനഭാഗത്ത് നിറഞ്ഞ് നിൽക്കുന്നത് കാട് നഷ്ടപ്പെട്ട മനുഷ്യന്റെ വേദനയാണ്. 'നിങ്ക അറിയണു എങ്കക്കിഞ്ചു ചിടലെ കൂടി ഇലാതെ ആത്തനെ നിങ്ങ അറിയാണു വയി മാറി വയി മാറി നടന്തു നടന്തു എങ്കക്കിബു വയിമാറി നടപ തല ഇല്ലാതെ ആത്തനെ നിങ്ക അറിയണു" (1993 : 64)

പുതിയ നിയമങ്ങൾ ആദിവാസികളെ കാടിൽ നിന്ന് ഇറക്കിവിട്ടു, വർഷങ്ങൾക്ക്മുമ്പ് നടന്ന്പൊയ്ക്കൊണ്ടിരുന്ന കാടും സ്ഥലങ്ങളും കുടിയേറ്റക്കാർ മുള്ള് വേലികൾ കൊണ്ട് നിറഞ്ഞ്, നടക്കാനുള്ള വഴിയും ഇല്ലാതായി. ഇത്തരത്തിൽ കാടിന്റെ മക്കളുടെ ജീവിതത്തിന്റെ താളം തന്നെ അപഹരിക്കപ്പെട്ടു. " നേരം വെളുക്കുമ്പോൾ മുതലന്തിവരെ അന്തിമുതൽ നേരം വെളുക്കുന്നത് വരെ തമ്പുരാൻമാരുടെ കിനാക്കൾക്ക് വേണ്ടി പണിയെടുക്കുന്നതിനിടയിലും ഇത്തിരിപോന്ന നമ്മുടെ കിനാക്കളും നമ്മളീ മണ്ണിൽ കുഴിച്ചിട്ടു." (ബേബി, കെ.ജെ. 1993: 37) മരിച്ചാൽ കുഴിച്ചിടാനുള്ള മണ്ണ്വരെ പരിഷ്കൃതസമൂഹം കൈക്കലാക്കി.അടിമകളായിരുന്ന കാലഘട്ടത്തിൽ തമ്പുരാന്റെ കൃഷിഇടത്തിൽ നിന്ന് കാട്ടിലേയ്ക്ക് ഓടി രക്ഷപ്പെടാമായിരുന്നു. കാട് അവർ അഭയം കൊടുത്തു തേനും, കാട്ട് കിഴങ്ങുകളും, ചെറിയ കെണി വച്ച് പിടിച്ച കാട്ടുമൃഗങ്ങളും അവരുടെ വിശപ്പിനെ ശമിപ്പിച്ചു; എന്നാൽ ജനാധിപത്യത്തിന്റെ വരവോട്കൂടി കാടിന്റെ മക്കളെ, അവരുടെ പോറ്റമ്മയായ കാട്ടിൽ നിന്ന് ഇറക്കി വിട്ടു.

ആർത്തിപിടിച്ച കുടിയേറ്റക്കാർ ആദിവാസി ഭൂമി ആക്രമിച്ച് കൈയ്യടക്കുകയും കാടിന്റെ മക്കളെ അവരുടെ മണ്ണിൽ അന്യരാക്കി. “വനഭൂമി കൈയ്യടക്കി സമ്പന്ന രായ കുടിയേറ്റക്കാർക്ക് കുടികിടപ്പ് അവകാശം നൽകുന്നതിന് ഭൂപരിഷ്കരണ നിയമംവ്യവസ്ഥ ചെയ്യുകയും അവരുടെ കുടിയേറ്റത്തിന് നിയമപരിരക്ഷ നൽകുക യുമാണ് ചെയ്തത്”. (മാധവ മേനോൻ, ടി. 2011 : 1050)

നിശബ്ദരായി എല്ലാം സഹിച്ചുകൊണ്ട് ജീവിതം തള്ളിനീക്കിയ അടിമകൾ അധികാരി വർഗ്ഗത്തിനെതിരെ അതിശക്തമായ രീതിയിൽ പ്രതികരിച്ചു കൊണ്ടാണ് ‘നാടുഗദ്ദിക’ എന്ന നാടകം അവസാനിക്കുന്നത്. കെ.ജെ. ബേബി രചനയും സംവി ധാനവും നിർവ്വഹിച്ച ‘ഗുഡ’ എന്ന ചലച്ചിത്രത്തിലെ ലച്ചു എന്ന കഥാപാത്രം അലക്കുകാരനോട് തർക്കിക്കുന്നത് അവർക്ക് നഷ്ടപ്പെട്ട മണ്ണിനെ കുറിച്ചാണ്.

“അലക്കുകാരൻ : ആരാടാ എന്റെ പറമ്പിൽ കയറി തൂറിയത്?

ലെച്ചു : ഞങ്ങളാടാ ... തൂറിയത്. ഞങ്ങളുടെ കാർന്നോമ്മാര് വളർന്ന സ്ഥലത്താ നിങ്ങള് നിക്കണത്.... അടിയാധാരം നിങ്ങളുടെ കയ്യിലിരിക്കട്ടെ.... നിങ്ങള് നിക്കണ മണ്ണ് കുഴിച്ച് നോക്ക്യാ ഞങ്ങളുടെ കാർണോമാരുടെ എല്ലും പല്ലും കാണാം. ചീയാത്ത തലമുടിക്കെട്ടു കാണാം.”(ബേബി, കെ.ജെ. 2004:32)

‘ഗുഡ’ യിൽ മുത്തങ്ങ ഭൂസമര നേതാവ് സി.കെ. ജാനുവിനെക്കുറിച്ച് പ്രതിപാ ദിക്കുന്നുണ്ട്.

“നമ്മുടെ ജാനു.... ഒരു സ്ക്കൂളിലും പോയിട്ടില്ല... നല്ല തന്റേടത്തോടെ ആദിവാ സികളുടെ നഷ്ടപ്പെട്ട ഭൂമിയ്ക്ക് വേണ്ടി സമരം ചെയ്യുന്നു. കിടപ്പാടം നഷ്ടപ്പെട്ട ഓരോ ആദിവാസിക്കു വേണ്ടിയാണ് ജാനു സമരം ചെയ്യുന്നത്”. (2004 : 33)

**3.3.6.3 ആദിവാസി മേഖലയിലെ പൊതുവിദ്യാഭ്യാസം**

“ആദിവാസികുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസമെങ്കിലും അവരുടെ മാതൃഭാ ഷയിൽ നൽകാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒരു പരിഷ്കൃതസമൂഹവും ഭര ണക്കൂടവും ഒഴിഞ്ഞ് മാറുന്നത് ന്യൂനപക്ഷവകാശലംഘനവും ക്രൂരതയുമാണ്. (ജോണി, ഒ.കെ. 2013 : ആമുഖം).

ബദൽജീവിതത്തിന്റെ സാധ്യതകളെ തിരിച്ചറിഞ്ഞു എന്നതാണ് കെ.ജെ. ബേബി എന്ന കലാകാരനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കിയത്. ആദിവാസി

കൾക്കിടയിൽ എങ്ങനെയാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കേണ്ടത് എന്ന തിന്റെ ഉത്തമ മാതൃകയാണ് കനവ് എന്ന ബദൽവിദ്യാഭ്യാസ പ്രസ്ഥാനം. ഗോത്ര സംസ്കാരത്തിൽ ഊന്നിനിന്നുകൊണ്ടാണ് ആദിവാസികൾ ഇടയിൽ കെ.ജെ. ബേബി വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തിയത്. ആദിവാസികളുടെ ഭാഷയും, പാട്ടും അവ രുടെ പ്രത്യേകമായ കഴിവുകളും ഉപയോഗിച്ച് കൊണ്ട് പുതിയ പഠനരീതിയാണ് കെ. ജെ. ബേബി ആരംഭിച്ചത്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഇംഗ്ലീഷ്, ഹിന്ദി, മല യാളം തുടങ്ങിയ ഭാഷകൾ കുട്ടികൾ പഠിച്ചു. വയനാട്ടിലെ വീരയോദ്ധാക്കളായ തല യ്ക്കൽ ചന്തു, കുങ്കൻ, എന്നിവരുടെ ചരിത്രത്തിലൂടെ വയനാടിന്റെ ചരിത്രം കുട്ടി കളെ പഠിപ്പിച്ചു. നിലവിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്ത് കൊണ്ട് ആദി വാസികുട്ടികളിൽ എത്തിയില്ല എന്നതിന്റെ കാരണം അത് ആദിവാസികളുടെ ഭാഷയെ അവഗണിച്ചു എന്നതാണ്.

'നാടുഗദ്ദിക' യിലും കെ.ജെ. ബേബി സംവിധാനം ചെയ്ത 'ഗുഡ' എന്ന സിനി മയിലും ആദിവാസിമേഖലയിലെ പൊതുവിദ്യാഭ്യാസത്തിന്റെ പാളിച്ചകളെയാണ് പരാ മർശിക്കുന്നത്. ആത്മാർത്ഥതയില്ലാത്ത കള്ളച്ചിരിയാണ് സ്ക്കൂളുകളിൽ നിന്ന് പഠി ക്കുന്നത് എന്നാണ് 'നാടുഗദ്ദിക'യിൽ പ്രതിപാദിക്കുന്നത്. "ഗദ്ദികകാരൻ" അതാ അവിടെ... അവൻ അവിടെ കാണുന്ന കള്ളവേഷങ്ങളും കള്ളചരിത്രങ്ങളും കാണ പാഠം പഠിക്കുന്ന തിരക്കിലാണ്. അനിയാ ഇവിടത്തെ വിദ്യാലയങ്ങളിൽ നീ എന്താണ് പഠിച്ചത്? സ്വന്തം കൂട്ടുകാരെ വെറുക്കാനോ? അനിയാ, രാജാക്കൻമാർ കോട്ട കെട്ടിയ ചരിത്രം പഠിച്ച അനിയാ...(ബേബി, കെ.ജെ. 1993 : 33-34) ആദിവാസികളുടെ മാതൃ ഭാഷയെ സർക്കാരുകൾ അംഗീകരിച്ച്, ആ ഭാഷയിലൂടെ കുട്ടികളെ പഠിപ്പിച്ചാൽ മാത്രമേ പൊതു വിദ്യാഭ്യാസ പദ്ധതി വിജയിപ്പിക്കാൻ കഴിയൂ എന്ന് കെ.ജെ. ബേബിയുടെ പ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

"ഒരു ജനതയുടെ സ്വത്വം അവരുടെ മാതൃഭാഷയാണ്.അത് നിഷേധിക്കുന്നത് അവരുടെ ജീവിതംതന്നെ നിഷേധിക്കുന്നതിന് തുല്യമാണ്. അവരുടെ ഭാഷ പാടെ നിരാകരിച്ച് കൊണ്ട് മലയാളം പഠിക്കണമെന്ന് പറയുന്നത് അക്രമമാണ്."(വൽസല .പി. , ഗ്രന്ഥാലോകം. ഡിസംബർ 1998 :46)

**3.3.7 പുരാവൃത്തം**

"മിത്ത് എന്നത് പ്രത്യായശാസ്ത്രം തന്നെ പ്രത്യായശാസ്ത്രമെന്നതിനാകട്ടെ

തങ്ങളുടെ മൂല്യങ്ങളും താൽപ്പര്യങ്ങളും വളർത്തികൊണ്ടു തന്നെ നിലനിൽക്കുന്ന അധികാരഘടനകൾ സംരക്ഷിക്കുവാൻ സമൂഹത്തിലെ അധീശവർഗ്ഗങ്ങളെ സഹായിക്കുന്ന ആശയങ്ങളുടെയും പ്രയോഗങ്ങളുടെയും സംഘാതം എന്നാണ് ബാർത്ത് അർത്ഥം കൽപ്പിക്കുന്നത്"(ഷാജി ജേക്കബ്. 2017: 42)

കെ.ജി. ബേബിയുടെ കലാപ്രവർത്തനങ്ങളിൽ ഉടനീളം വയനാട്ടിലെ ആദിവാസികളുടെ ജീവിതവും, പുരാവൃത്തവും നിറഞ്ഞ് നിൽക്കുന്നതായി കാണാം. സിനിമ, നാടകം, നോവൽ എന്നീ കലാരൂപങ്ങളിലൂടെ അതുവരെ ഉപയോഗിച്ചിരുന്ന സവർണ്ണബിംബങ്ങളെ മാറ്റി കാടിന്റെ ജീവിത്തെ നേരോടെ ആവിഷ്കരിക്കാൻ കെ. ജെ. ബേബിയ്ക്ക് കഴിഞ്ഞു. 'നാടുഗദ്ദിക'എന്ന നാടകത്തെ മറ്റ് നാടകങ്ങളിൽ നിന്ന് വേർതിരിച്ചു നിർത്തുന്ന പ്രധാനഘടകം അതിലെ മിത്തുകൾ പ്രയോഗം തന്നെയാണ്. മിത്തുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് മാവേലിമന്റ തെയ്യത്തിന്റെതാണ്. ജാതികളും ഉപജാതികളും ഇല്ലാതിരുന്ന മാവേലിമന്റത്തിന്റെ സമത്വത്തിന്റെ കാലം അക്കാലത്ത് ആകാശത്ത്നിന്ന് മൂന്ന് തമ്പുരാൻമാർ വന്ന് മാവേലിതെയ്യത്തിന്റെ മണ്ണ് മോഷ്ടിച്ച്, മാവേലിതെയ്യത്തിന്റെ മൂക്കിൽ ചുണ്ണാമ്പുപാത്രം കൊണ്ട് ഇടിച്ച് മാവേലിയെ ബോധം കെടുത്തി ആദിവാസികളുടെ മണ്ണ് മോഷ്ടിച്ച പുരാവൃത്തമാണ് ഈ നാടകത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 'മാവേലിമന്റം' എന്ന നോവലിലും ഈ പുരാവൃത്തം വിശദീകരിക്കുന്നു. കെ.ജെ. ബേബിയുടെ കൃതികളിൽ പരാമർശിക്കുന്ന പ്രധാന പുരാവൃത്തങ്ങൾ താഴെ സൂചിപ്പിക്കുന്നു.

#### 3.3.7.1 അടിയോരുടെ കാരണൻമാർ അടിമകളായ പുരാവൃത്തം

അടിയോരുടെ കാരണോൻമാരായിരുന്ന മോലോരച്ചനും, കീയോരുത്തിയും മൂടൽ രാജ്യത്തിലെ കരിപ്പൂര് കോട്ടയിൽ നിന്ന് ഒളിച്ചോടി പക്കത്തപ്പന്റെ കോട്ടയുടെ അടുത്ത് വന്നപ്പോൾ അവർ ക്ഷീണിച്ച് ഉറങ്ങിപോയി, അവിടെ വച്ച് പാക്കത്തപ്പൻ അവരെ പിടിക്കൂടി അടിമകളാക്കി. കീയോരുത്തി പാക്കത്തപ്പന്റെ കോട്ടയിലെ സൗകര്യങ്ങൾ കണ്ട് കാടിനെയും കാടിന്റെ ജീവിതത്തെയും മറന്ന് നഗരത്തിന്റെ സുഖസൗകര്യങ്ങളിൽ മയങ്ങി സ്വയം നശിക്കുന്നു. കൃത്രിമമായി സൃഷ്ടിക്കപ്പെട്ട നഗരസൗന്ദര്യസങ്കൽപ്പങ്ങളിൽ കീയോരുത്തി ആകർഷിക്കപ്പെടുന്നു. കാട്ടിലെ ജീവിത്തെ അവർ വെറുക്കുന്നു. കൃത്രിമസൗന്ദര്യത്തിന്റെ കെണിയിൽപ്പെട്ട് കീയോരുത്തി മരിക്കുന്നു. പാക്കത്തപ്പന്റെ കുളത്തിൽ മുങ്ങിമരിച്ച കീയോരുത്തിയുടെ മുടി വെള്ളത്തിൽ പൊങ്ങികിടന്നു. മേലോരച്ചൻ കോരിയെടുത്ത് ഭൂമിയിൽ ഇട്ട കീയോരുത്തിയുടെ മുടിയിഴകാണ് 'മാനിപ്പുല്ല്' ആയത് എന്നാണ് പുരാവൃത്തം.

### 3.3.7.2 തമ്പുരാന്റെ 'മാളി' എന്ന ദൈവ സങ്കൽപ്പം

''അടിയോരു ബൊവ്വെ പോനാരെ ഞാക്കു
ഒമ്പതു തെണ്ട ഉണ്ടാക്കിബരുവേ
കെത്തിക്കുടിപ്പ ഇളാനീരു
പിരിച്ചു കുടിപ്പ പൂവക്കോഴി
പോവമ്മടേക്കു പൊയ്ക്കോണം
നീങ്കടമ്മേക്കു നീങ്കിക്കോണം
കാപ്പുമു കായത്തിലു പോയിനിന്തോ
കൈതേല് പൊയ്തേലു പോയി നിന്തോ
മണ്ണിലു കാട്ടില് ഓടിയൊളിച്ചോ
അപ്പലീനെ പല്ലെ അറുനരീനെ പല്ലെ
ആരെങ്കിലും പോവടേക്കു പല്ലാ
ഇടാമന വലാമന ഞെട്ടിച്ചോ

(ബേബി, കെ.ജെ. 1991:32)

ഗോത്രവിശ്വാസങ്ങളുടെ മുകളിൽ ഹൈന്ദവബിംബങ്ങളെയും ദൈവങ്ങളേയും പ്രതിഷ്ഠിക്കുന്നതിന്റെ ഉദാഹരണമാണ് 'മാളി' എന്ന മിത്ത് ഉടയോരുടെ ദൈവമായ 'മാളി' രക്ഷപ്പെടാൻ ശ്രമിക്കുന്ന അടിമകളെ പിൻതുടർന്ന് പിടിക്കുന്നു. പാക്കത്തപ്പന്റെ കോട്ടയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച മേലോരച്ചനെയും കീയോരത്തിയെയും മാളി പിൻതുടർന്ന് പിടിക്കുന്നു. രക്ഷപ്പെടാൻ ശ്രമിച്ച അടിമകളെ പിൻതുടർന്ന് പിടിച്ചാൽ കാവുംകോവിലും ഉണ്ടാക്കിതരാം എന്ന് പാക്കത്തപ്പൻ മാളിക്ക് ഉറപ്പ് നൽകുന്നു. കൊത്തികുടിക്കാൻ ഇളനീരും പിരിച്ച്കുടിക്കാൻ പൂവൻകോഴിയും വാഗ്ദാനം ചെയ്യുന്നു. അടിമകൾ കൈതക്കിടയിലൂടെ ഓടുകയാണെങ്കിൽ കൈതമുള്ളായി മാളി അവരെ പിടിക്കും. പുഴയിലൂടെ അടിമകൾ പോകുകയാണെങ്കിൽ കയത്തിൽ നിന്ന് അവരെ പേടിപ്പിക്കും, കരിയിലക്കിടയിൽ ഒളിച്ചിരുന്ന് എലിയുടെ ശബ്ദമുണ്ടാക്കി മാളി അടിമകളുടെ സഞ്ചാരത്തെ തടയും.

ഇത്തരത്തിൽ 'മാളി' എന്ന തമ്പുരാന്റെദൈവം അടിമകളെ നിരന്തരമായി പിൻതുടർന്ന്കൊണ്ടിരിക്കും വിശ്വാസത്തിന്റെയും ആചാരത്തിന്റെയും സഹായത്തോടെ അധികാരിവർഗ്ഗം ആദിവാസികളുടെ പ്രതികരണശേഷിയെ നശിപ്പിക്കുകയും മാനസ്സികമായി അടിമകളാക്കി മാറ്റുകയും ചെയ്യുന്നു. മാളിപോലുള്ള പുരാവൃത്തങ്ങൾ കൊണ്ട് തമ്പുരാൻമാർ ഉന്നം വയ്ക്കുന്നത് ആദിവാസികളുടെ ശരീരത്തെക്കാൾ മനസ്സിനെയാണ്.

**3.3.7.3 പണിയർ അടിമകളായ പുരാവൃത്തം**

പണിയരുടെ ആദിമാതാവും , പിതാവുമാണ് ഇപ്പിമല ഉത്തപ്പനും ഇപ്പിമല ഉത്തമ്മയും, ഫലമൂലാദികൾ തേടി കാട്ടിൽ നടക്കുമ്പോൾ വരെ ഇപ്പിമലെ കൗണ്ടറും ഇപ്പിമല വട്ടകുറുമനും വേവിച്ച ആഹാരങ്ങൾ കാണിച്ച് വലവീശിപ്പിടിച്ച് അടിമകളാക്കിയെന്ന പുരാവൃത്തവും നിലനിൽക്കുന്നു.

**3.3.7.4 ഉണ്ടക്കട**

അടിയോരിലെ പ്രായമായ അമ്മമാർ അവരുടെ കൊഴിയുന്ന മുടികൾ ശേഖരിച്ച് ഒരുഉണ്ടയായി വെയ്ക്കുന്നതിനെയാണ് ഇതിനെ ഉണ്ടക്കട എന്നാണ് പറയുന്നത്. അമ്മമാർ മരിച്ച് കഴിയുമ്പോൾ ഉണ്ടക്കട അടുത്ത ബന്ധുവായ പെൺകുട്ടികൾക്ക് ലഭിക്കുന്നു. പെൺകുട്ടികൾ ഉണ്ടക്കട അവരുടെ തലമുടിയിൽ സൂക്ഷിച്ച് തലമുറകളിലൂടെ കൈമാറ്റം ചെയ്യുന്നു. *മാവേലിമന്റം* എന്ന നോവലിൽ ജെവരപ്പൊരുമൻ തന്റെ മകൾക്കായി ഉണ്ടക്കട സൂക്ഷിച്ചുവയ്ക്കുന്നുണ്ട്. ഭൂമിയും സ്വത്തു സ്വന്തമായി ഇല്ലാത്ത ആദിവാസികൾ പുതിയ തലമുറകൾക്ക് കൈമാറുന്നത് ഉണ്ടക്കട എന്ന മുടിപ്പടർപ്പും, പാട്ടും, സംഗീതവും, പുരാവൃത്തങ്ങളുമാത്രമാണ്.

**3.3.7.5 മാനിപുല്ല്** - അടിയോരുടെ ആദികാരണൻമാരായ മേലോരച്ചനും, കീഴോരുത്തിയും പാക്കത്തപ്പന്റെ അടിമകളായി കഴിയുന്ന കാലത്ത്, കീഴോരുത്തി പാക്കത്തപ്പന്റെ കോട്ടയിലെ പരിഷ്കാരങ്ങൾ കണ്ട് ആകർഷിച്ച്, പാക്കത്തപ്പന്റെ കുളത്തിൽ ഇറങ്ങുകയും പെട്ടെന്ന് കുളത്തിലെ വെള്ളം വന്ന് നിറയുകയും ചെയ്യുന്നു. പൂർണ്ണമായ വെള്ളത്തിൽ മുങ്ങിയ കീഴോത്തി മരണപ്പെടുന്നു. വെള്ളത്തിൽ മുങ്ങിയ കീഴോരുത്തിയുടെ മുടിയിഴകളാണ് മാനിപ്പുല്ലായി വളർന്നു എന്നാണ് പുരാവൃത്തം.

**3.3.7.6 കീയുലോകം**

അടിമകളെ ശാരീരികവും മാനസികവുമായി തളർത്തുന്നതിന് വേണ്ടി ഉടമകളായ തമ്പുരാക്കൾ ഉണ്ടാക്കിയ പുരാവൃത്തമാണ് 'കീയുലോകം', തമ്പുരാക്കൾക്ക് അനുകൂലമായി നിന്ന അടിമകളെ അവർ മൂപ്പൻമാരാക്കി, ഈ മൂപ്പൻമാരിലൂടെ കീയുലോകത്തിന്റെ പുരാവൃത്തം അടിമകളുടെ ഇടയിലേക്ക് പ്രചരിപ്പിച്ചു. അടിമകൾ മരിച്ചു കഴിഞ്ഞാൽ എത്തുന്ന ലോകമാണ് കീയുലോകം, ഈ ലോകത്തിലും തമ്പുരാന്റെ കീഴിൽ തന്നെ അടിമകൾ പണിയെടുക്കണം. കീയുലോകത്ത് അടിമകൾക്ക് മരണമില്ല അവർ പണിഎടുത്ത് കൊണ്ടേയിരിക്കണം. ഭൂമിയിലെ ജീവിതത്തിലും, മര

ണാനന്തരവും അടിമകളുടെ ജീവിതത്തിന് മാറ്റമില്ല. ചുരുക്കത്തിൽ മരണാന്തര ജീവിതം സ്വപ്നം കാണാൻ പോലും കഴിയാത്ത ഒരുവംശത്തിന്റെ ഗാഥയാണ്. '*നാടുഗദ്ദിക*' ഒരു വംശത്തെ മാനസികമായി അടിമത്വത്തിലേയ്ക്ക് കൊണ്ട് വരാൻ കെൽപ്പുള്ളതാണ് തമ്പുരാന്റെ വർഗ്ഗം നിർമ്മിച്ച് പ്രചരിപ്പിക്കുന്ന പുരാവൃത്തങ്ങൾ.

സ്ഥൂലമായ ശരീരത്തിലല്ല അധികാരപ്രയോഗം നടക്കുന്നത് അത് കീഴടക്കപ്പെട്ട മനസ്സുകളിലൂടെയാണ്. മിത്തുകളിൽ പലതും അധികാരിവർഗ്ഗം ഉണ്ടാക്കി അത് താഴെക്കിടയിലുള്ള ജനങ്ങൾക്കിടയിൽ അതിസമൃദ്ധമായി പകരുന്നതായി കാണാം. കേരളത്തിന്റെ ഉൽപ്പത്തിയുമായി ബന്ധപ്പെട്ട് പരശുരാമൻ മഴുഎറിഞ്ഞ് കേരളം ഉണ്ടാക്കിയെന്നും, എന്നിട്ട് കേരളത്തെ ബ്രാഹ്മണർക്ക് ദാനം നൽകിയാണെന്നുള്ള പുരാവൃത്തം ഇതിനുദാഹരണമാണ്. "പരശുരാമൻ ബ്രാഹ്മണർക്കു ഭൂമി ദാനം ചെയ്തു എന്ന സിദ്ധാന്തം, ശൂദ്രസ്ത്രീകൾ പാതിവ്രത്യവും മാറുമറയ്ക്കുന്ന വസ്ത്രവും ഉപേക്ഷിക്കണമെന്നും, ബ്രാഹ്മണരുടെ കാമനകളെ സാധിച്ച് കൊടുക്കേണ്ടതാണെന്നും പരശുരാമൻ വിധിച്ചുവത്രേ"(ശ്രീധരമേനോൻ,എ. 1978 : 190)

ഇതുപോലെയാണ് ആദിവാസികളുടെ ഇടയിൽ പ്രചരിക്കുന്ന 'കീയുലോകം', 'മാളി' എന്ന ദൈവം, പണിയരുടെയും അടിയരുടെ കാർണോൻമാർ അടിമയായ കഥ, തുടങ്ങിയ പുരാവൃത്തങ്ങൾ അധികാരി വർഗ്ഗത്തിന്റെ പ്രത്യായശാസ്ത്രപ്രയോഗങ്ങളാണ്. ആദിവാസികളുടെ ശരീരികമായും, മാനസ്സികമായും അടിമകളാകേണ്ടത് തമ്പുരാക്കൻമാരുടെ ആവശ്യമായിരുന്നു.

ഒരു അബോധരാഷ്ട്രീയമാണ് ഇത്തരത്തിൽ ഉപരിവർഗ്ഗം താഴേത്തട്ടിലുള്ള ജനങ്ങളുടെ ഇടയിലേയ്ക്ക് പകർന്നത്. പ്രതിഷേധങ്ങളെയും എതിർപ്പുകളെയും ഇല്ലാതാക്കി കീഴാളരെ മാനസികമായി അടിമത്വത്തിലേയ്ക്ക് കൊണ്ടുവരിക എന്ന പ്രത്യയശാസ്ത്രതന്ത്രമാണ് ഇത്തരത്തിലുള്ള പുരാവൃത്തത്തിലൂടെ അധികാരിവർഗ്ഗം ചെയ്യുന്നത്. "ഒരു സമൂഹത്തിലെ ഏറ്റവും ഉയർന്നതട്ടിലുള്ള വർഗ്ഗങ്ങളുടെ പ്രത്യായശാസ്ത്രങ്ങളെ അബോധപൂർവ്വമായി സ്വാംശീകരിക്കുകയും അതിനെ താഴേട്ട് പ്രസരിപ്പിക്കുകയും ചെയ്യുന്ന സങ്കീർണ്ണമായ രാഷ്ട്രീയ രാസവിദ്യയാണ് പ്രത്യയശാസ്ത്രത്തിലെ അബോധ രാഷ്ട്രീയം (Political unconsious). (സത്യൻ, പി.വി. 2011 :82.)

### 3.3.8 നാടുഗദ്ദിക : പ്രേക്ഷകർ

കേരളത്തിലെ ജനകീയനാടകപ്രസ്ഥാനം സാധാരണക്കാരുടെ ഇടയിലാണ് വളർച്ച പ്രാപിച്ചത്. 1970 കൾക്കുശേഷമുണ്ടായ തനത് പോലുള്ള പുതിയ പ്രവണത

കൾ നാടകപ്രവർത്തനങ്ങളിൽ വലിയ പരീക്ഷണങ്ങൾ നടത്തി. അടിസ്ഥാനവർഗ്ഗത്തിന്റെ കലാരൂപങ്ങൾ ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ രൂപപ്പെട്ടുവന്ന തനത് നാടകപ്രസ്ഥാനം സാധാരണക്കാരെ കാഴ്ചകാരായി പരിഗണിച്ചില്ല. കേരളത്തിന്റെ സാമൂഹികമാറ്റങ്ങളുടെ ഫലമായി രൂപപ്പെട്ടുവന്ന ജനാധിപത്യവത്ക്കരിക്കപ്പെട്ട പ്രേക്ഷകരെ തനത് നാടകം ബഹിഷ്കരിക്കുകയാണ് ചെയ്തത്. നാടകഅവബോധമുള്ള, അഭ്യസ്തവിദ്യരായ നഗരവാസികളെയാണ് തനത്നാടകപ്രസ്ഥാനത്തെ നയിച്ച മധ്യവർഗ്ഗബുദ്ധിജീവികൾ പ്രേക്ഷകരായി പരിഗണിച്ചത്.

തനത്നാടകപ്രസ്ഥാനം മുന്നോട്ടുവച്ച അവനവന്റെ വേരുകളിലേയ്ക്ക് തിരിക്കുക എന്ന ആശയത്തെ പൂർണ്ണമായി ഉൾക്കൊണ്ട നാടകമാണ് *'നാടുഗദ്ദിക'.* നാടക അവബോധം ഇല്ലാത്ത ജീവിതഅവബോധം മാത്രമുള്ള ആദിവാസികളെയാണ് നാടുഗദ്ദികയുടെ കാഴ്ചക്കാരായി പരിഗണിച്ചത്. വ്യക്തിഗുണങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രേക്ഷകരായിരുന്നില്ല *'നാടുഗദ്ദിക'* എന്ന നാടകത്തിന്റെ കാഴ്ചക്കാർ. നാടകസംഘത്തിന്റെ നിയന്ത്രങ്ങൾക്ക് വിധേയരാകാതെ വളരെ സ്വാതന്ത്ര്യത്തോടെ, നിയന്ത്രണങ്ങളില്ലാതെ തെരുവിലൂടെ കടന്ന്പോയവർ നാടകത്തിന്റെ ഭാഗമായി തീർന്നു. ഇത്തരത്തിൽ *നാടുഗദ്ദിക* അർത്ഥപൂർണ്ണമായ തനത്നാടകമെന്ന് വിളിക്കാം. '*നാടുഗദ്ദിക*' സാധാരണക്കാർക്ക് ആസ്വാദിക്കാൻ കഴിഞ്ഞതിന്റെ പ്രധാനകാരണം വൈകാരികഅംശങ്ങൾ തുളുമ്പിനിൽക്കുന്ന 'കാട്ടുധർമ്മി'യുടെ പ്രയോഗമാണ്.

“പാരമ്പര്യരംഗകലകളിൽനിന്ന് താളവും ജീവിതത്തിന്റെ തനിമയിൽ നിന്ന് സർഗ്ഗപ്രേരണയും ഉൾക്കൊള്ളുന്ന കലാകാരന് മാത്രമേ തന്റെ ആസ്വാദകനെ പ്രേക്ഷകനെ ആനന്ദിപ്പിക്കാനും ആത്മീയമായി ഉണർത്താനും കഴിയുകയുള്ളൂ” (വാസുദേവൻപിള്ള, വയല 2006:116).

**3.3.9 നാടുഗദ്ദിക : ഭാഷ**

“അമ്മമാരെ ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത നമ്മുടെ ഭാഷനിലനിർത്താനായി നിങ്ങൾ കുഞ്ഞുങ്ങൾക്ക് മുലപ്പാലുംതാരാട്ടുപ്പാട്ടും കൊടുക്കണേ” (ബേബി, കെ. ജെ. 1993:58)

ഒരു സംസ്കാരത്തെ മറ്റൊന്നിൽനിന്ന് വ്യത്യസ്തമാക്കുന്ന പ്രധാനഘടകങ്ങളിലൊന്ന് ഭാഷയാണ്. കേരളത്തിന്റെ കലാസാഹിത്യമേഖലകളിൽ ആദിവാസി ഭാഷ

യുടെ ഉപയോഗം വിരളമായിരുന്ന കാലഘട്ടത്തിലാണ് വയനാട്ടിലെ അടിയോരുടെ ഗോത്രഭാഷയിൽ *'നാടുഗദ്ദിക'* കേരളത്തിലുടനീളം അവതരിപ്പിച്ചത്. ആദിവാസിജീവിതത്തെ നിരന്തരമായി അവതരിപ്പിച്ചുകൊണ്ടിരുന്ന വാർപ്പ്മാതൃകകളെ പൂർണ്ണമായി ഉപേക്ഷിച്ചു കൊണ്ട് കാട്ടിൽ അധിവസിക്കുന്നവരുടെ സംസ്കാരത്തോട് നീതി പുലർത്താൻ നാടുഗദ്ദികയ്ക്ക് കഴിഞ്ഞു. നിരന്തരമായി അവഗണന നേരിട്ട്കൊണ്ടിരിക്കുന്ന ഗോത്രഭാഷകളിലാണ് കെ.ജെ. ബേബി തന്റെ കലാസൃഷ്ടികൾ നിർമ്മിച്ചെടുത്തത്. അടിയോരുടെ ഭാഷയിലും പാട്ടുകളും പുരാവൃത്തത്തിന്റെ സഹായത്താലാണ് '*നാടുഗദ്ദിക'* എന്ന നാടകവും *'മവേലിമന്റം'* എന്ന നോവലും സൃഷ്ടിച്ചത്. കാട്ടുനായ്ക്കരുടെ ആചാരവും, ഭാഷ ഉപയോഗിച്ചാണ് *'ഗുഡ'* എന്ന ചലച്ചിത്രം രൂപപ്പെടുത്തിയത്. ലിപികളില്ലാത്ത വാമൊഴിയായി നൂറ്റാണ്ടുകളിലൂടെ പകർന്ന കിട്ടിയ ഗോത്രഭാഷയെ ഭരണക്കൂടങ്ങൾ വിസ്മരിക്കുന്നതും കെ.ജെ. ബേബിയുടെ സർഗ്ഗാത്മകപ്രവർത്തനങ്ങളിലൂടെ വിമർശനവിധേയമാകുന്നു. ഗോത്രഭാഷ സംസാരിക്കുന്ന ആദിവാസികുട്ടികൾ പൊതുസമൂഹത്തിലും സർക്കാർസ്കൂളുകളിലും ഒറ്റപ്പെടുകയും, വംശീയഅധിക്ഷേപങ്ങൾക്ക് വിധേയരാവുകയും ചെയ്യുന്നു. ആദിവാസികുട്ടികൾക്ക് മലയാളം ഉപയോഗിക്കേണ്ടിവരുന്നത് അവരുടെ ഗോത്രത്തിന് പുറത്ത് പോകുമ്പോൾ മാത്രമാണ്. ഭാഷസ്നേഹം പ്രകടിപ്പിക്കുന്ന മലയാളികൾ ആദിവാസികളുടെ ഗോത്രഭാഷയെ നിസ്സാരവൽക്കരിക്കുന്നതിനെതിരെ *'ഗുഡ'* എന്ന ചലച്ചിത്രത്തിലൂടെ കെ. ജെ. ബേബി പ്രതികരിക്കുന്നത് ഇത്തരത്തിലാണ്.

"നായ്ക്കൻ നായ്ക്കന്റെ ഭാഷ പറയുമ്പം, നായ്കത്തി നായ്ക്കത്തിയുടെ ഭാഷ പറയുമ്പം നായ്ക്കരല്ലാത്ത നിങ്ങൾക്ക്, നായ്ക്കര് പറയുമ്പോലെ നായ്ക്കരുടെ ഭാഷ പറയാൻ പറ്റ്യോ?" (ബേബി, കെ.ജെ. 2004:51)

ഇത്തരത്തിൽ അപരിഷ്കൃതമെന്ന് പൊതുസമൂഹം കണ്ടിരുന്ന ആദിവാസി ജീവിതത്തെയും ഭാഷയെയും നാടുഗദ്ദിക'യിൽ ഉപയോഗിച്ച് കൊണ്ട് നിലനിൽക്കുന്ന സൗന്ദര്യസങ്കൽപ്പങ്ങളെ മാറ്റിമറിക്കാൻ കെ.ജെ. ബേബി ശ്രമിച്ചിട്ടുണ്ട്. പാട്ടും, തുടിയും, മാവേലികഥകളും നിലനിർത്തുന്നതിന് വേണ്ടി ഒരു വംശത്തോട് മുന്നോട്ട് ഓടാൻ പറയുന്ന നോവലാണ് *'മാവേലിമന്റം'.* 'നാടുഗദ്ദിക'യിലൂടെ പ്രമേയപരവും ഭാഷാപരവുമായ മാതൃകകളെ ഉപേക്ഷിച്ച് കൊണ്ട് കീഴാളശബ്ദത്തെ അരങ്ങുകളിൽഎത്തിക്കാൻ കെ.ജെ. ബേബിയ്ക്ക് കഴിഞ്ഞു.

"ഭാഷ കൂടാതെ നമുക്കു സ്വത്വത്തെകുറിച്ച് ബോധംതന്നെയുണ്ടാവുകയില്ല എന്നും അതേസമയം ഭാഷയ്ക്കുള്ളിൽ നമ്മുടെ സ്വത്വബോധം നിരന്തരം തെന്നിമാ

റികൊണ്ടിരിക്കുകയും ശിഥീലികരണഭീഷണി ഉയർത്തിക്കൊണ്ടിരിക്കുകയുമാണെന്ന് ലക്കാൻ കരുതി" (ഷാജി ജേക്കബ്. 2017:49)

### 3.3.10 നാടുഗദ്ദിക : അരങ്ങ് സങ്കൽപ്പം

മലയാളനാടകചരിത്രത്തിൽ *നാടുഗദ്ദിക* തെരുവ്നാടകം എന്ന നിലയിലാണ് അറിയപ്പെടുന്നത്. തെരുവ് നാടകത്തിന്റെ സിദ്ധാന്തപ്രയോഗങ്ങൾ കേരളത്തിൽ സുപരിചിതമാകുന്നതിന് മുമ്പാണ് കെ.ജെ. ബേബി *നാടുഗദ്ദിക* അവതരിപ്പിച്ചത്. കെ.ജെ. ബേബിയുടെ ആദ്യനാടകമായ *'അപൂർണ്ണ'* തിരുനെല്ലിയിലെ ചില ഭാഗങ്ങളിൽ പ്രോസേനിയം വേദിയിലാണ് അവതരിപ്പിച്ച് കൊണ്ടിരുന്നത്. വയനാട്ടിലെ ആദിവാസി വിഭാഗമായ അടിയോർ അനുഭവിക്കുന്ന ദുരുതങ്ങൾ വിഷയമാക്കിയ നാടകം ആദിവാസികളുടെ ഊരിൽ കെട്ടിയടച്ച വേദികളില്ലാത്തതിനാൽ ആളുകളുടെ ഇടയിലാണ് അവതരിപ്പിച്ചത്. കാഴ്ചകാർ നാടകത്തിന്റെ കൂടെകൂടി നടൻമാർ പറയുന്ന സംഭാഷണങ്ങളോട് പ്രതികരിക്കുകയും തുടിയുടെ ശബ്ദത്തിനനുസരിച്ച് ഇളകിയാടി. ജനങ്ങളുടെ ഇടയിൽ അവതരിപ്പിച്ചപ്പോൾ ലഭിച്ച പ്രതികരണങ്ങളാണ് കെ.ജെ. ബേബിയ്ക്ക് നാടക അവതരണത്തിന് സാധ്യതയുള്ള അരങ്ങിന്റെ പുതിയ സാധ്യതകൾ തെളിഞ്ഞ് വന്നത്. തിരുനെല്ലിയിലെ വല്ലിയൂർകാവ് ക്ഷേത്രത്തിന്റെ തുളസിത്തറയിൽ നിന്ന് ആരംഭിച്ച് നാട്ടുകാരുടെ വീടുകളിൽ കയറിറങ്ങി അവരെ ബാധിച്ചിരിക്കുന്ന എല്ലാ പ്രശ്നങ്ങളെയും ആവാഹിക്കുന്ന ഗദ്ദിക എന്ന അനുഷ്ഠാനം കെ.ജെ. ബേബി കാണുകയും ആ അനുഷ്ഠാനകലാരൂപത്തിന്റെ മാതൃകസ്വീകരിച്ച് *നാടുഗദ്ദിക* എന്ന നാടകത്തെ സൃഷ്ടിച്ചത്. ഇത്തരത്തിൽ ജനങ്ങളുടെ ഇടയിലൂടെ സഞ്ചരിച്ച് അവരുമായി നേരിട്ട് സംവദിക്കുന്ന 'നാടുഗദ്ദിക' എന്ന നാടകമായി രൂപപ്പെടുകയായിരുന്നു.

വയനാടിലെ ഊരുകളിൽ അവതരിപ്പിച്ച് കൊണ്ടിരുന്ന നാടകം പിന്നീട് കേരളത്തിന്റെ പല ഭാഗങ്ങളിലുമുള്ള തെരുവുകളിൽ അവതരിപ്പിച്ചു. ഓരോ പ്രദേശത്തും നാടകസംഘം എത്തിയിട്ട് ജനങ്ങൾ നിൽക്കാൻ കഴിയുന്ന ഗ്രൗണ്ട് തെരഞ്ഞെടുത്ത് അവിടെയാണ് *നാടുഗദ്ദിക* അവതരിപ്പിച്ചത്. ഒരു വൃത്തത്തിന്റെ മാതൃകയാണ് അരങ്ങ്, കാഴ്ച്ചക്കാർ ചുറ്റും നിന്നാണ് നാടകം വീക്ഷിക്കുന്നത്. അഭിനയിക്കാനുള്ള സ്ഥലം വൃത്തത്തിൽ രേഖപ്പെടുത്തി ആ വൃത്തത്തിൽ കമ്പുകൾ നിർത്തി അതിൽ പന്തങ്ങൾ കുത്തിനിർത്തി, പന്തത്തിന്റെ വെളിച്ചത്തിലാണ് നാടകം അവതരിപ്പിച്ചത്. (അനുബന്ധം , പേജ് : 217)

### 3.3.11 നാടുഗദ്ദികയുടെ രംഗാവതരണം

കോളോണിയൻ കാലഘട്ടത്തിലെയും സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ചരിത്രത്തെ നിരന്തരമായ അവഗണനയും ചൂഷണങ്ങൾക്കും വിധേയരാക്കിക്കൊണ്ടിരിക്കുന്ന വയനാട്ടിലെ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങളെ നാടകത്തിലൂടെയും നോവലിലൂടെയും പാട്ടുകളിലൂടെ പുറംലോകത്ത് എത്തിക്കാനുള്ള ശ്രമങ്ങളാണ് കെ. ജെ. ബേബി നടത്തിയത്. തിരുനെല്ലിയിലെ വള്ളിയൂർക്കാവ് ക്ഷേത്രത്തിൽ വർഷങ്ങളോളം നടത്തിയിരുന്ന 'വല്ലിപണി' എന്ന അടിമവ്യാപാരത്തെ തുറന്ന് കാണിച്ച നാടകമാണ് 'നാടുഗദ്ദിക'. മലയാളവേദിയിൽ ആദ്യമായി ഒരു ഗോത്രഭാഷയിൽ അവതരിപ്പിക്കപ്പെട്ട നാടകം എന്ന നിലയിൽ 'നാടുഗദ്ദിക'യുടെ പ്രസക്തി വളരെ വലുതാണ്. ആദിവാസികളുടെ പുരാവൃത്തവും, പാട്ടുകളും, താളവും, തുടിയും, ചീനിയും കൂടിയായപ്പോൾ 'നാടുഗദ്ദിക' എന്ന രാഷ്ട്രീയനാടകം രൂപപ്പെടുകയായിരുന്നു. 1978 മുതൽ 1981 വരെയുള്ള കാലഘട്ടത്തിലാണ്. നാടുഗദ്ദികയുടെ ആദ്യഅവതരണങ്ങളുണ്ടായത്. ആദ്യത്തെ നാടകമായ 'അപൂർണ്ണ'യുടെ കുറച്ച് അവതരണങ്ങൾ സ്റ്റേജിൽ അവതരിപ്പിക്കുകയും പിന്നീട് അടിയോരുടെ ഊരുകളിൽ പോയി സ്റ്റേജ് ഇല്ലാതെ അവരുടെ ഇടയിൽ അവതരിപ്പിക്കുകയും ചെയ്തു. *നാടുഗദ്ദിക*യുടെ ആദ്യത്തെ അവതരണങ്ങൾ ആദിവാസി ഊരുകളിലാണ് നടത്തിയത്. സ്റ്റേജ് ഇല്ലാതെ ജനങ്ങളുടെ ഇടയിൽ അവതരിപ്പിച്ച നാടുഗദ്ദിക പിന്നീട് വയനാടിന്റെ പുറത്ത് തെരുവുകളിൽ അവതരിപ്പിച്ച് തുടങ്ങിയത്. നടവയലിലെ കെ.ജെ. ബേബിയുടെ വീടിന്റെ മുറ്റത്താണ് 'നാടുഗദ്ദിക'യുടെ റിഹേഴ്സൽ നടന്നത്. ഈ റിഹേഴ്സൽ ക്യാമ്പിലേയ്ക്ക് അമ്പലവയൽ സ്ക്കൂൾ അദ്ധ്യാപകനായ സിവിക് ചന്ദ്രൻ, മീനങ്ങാടി സ്ക്കൂൾ അധ്യാപകനായ മുരളി മാഷ് എന്നിവർ സ്ഥിരം സന്ദർശകരായിരുന്നു. വയനാട് ജില്ലയുടെ പുറത്തേയ്ക്ക് നാടകം അവതരിപ്പിക്കാൻ സംഘത്തിന് അവസരം ഒരുക്കിയത് ഇവരാണ്. വയനാട്സംസ്കാരികവേദിയുടെ നാടകമായിട്ടാണ് *'നാടുഗദ്ദിക'* പിന്നീട് അവതരിപ്പിച്ചത്. വലിയ രംഗസാമഗ്രികളും കണ്ണഞ്ചിപ്പിക്കുന്ന കളർലൈറ്റുകളും കാതടിപ്പിക്കുന്ന ശബ്ദകോലാഹലങ്ങളുമില്ലാതെ ഒരു സംഘ ആളുകൾ 'നാടുഗദ്ദിക'യുമായി തെരുവിലേയ്ക്ക് ഇറങ്ങുകയായിരുന്നു. തെരുവ് പ്രസംഗങ്ങളും, യോഗങ്ങളും മാത്രം കണ്ടിരുന്ന മലയാളികൾക്ക് *'നാടുഗദ്ദിക'* തെരുവിൽ ഒരു പുതിയ ദൃശ്യാനുഭവമാണ് നൽകിയത്, കാഴ്ചക്കാരന്റെ തൊട്ട് അടുത്ത് നിൽക്കുന്ന ഒരു പുതിയ നാടകരൂപം. ഒരു തെരുവ്സർക്കസിന്റെയോ, തെരുവ്കച്ചവടത്തിന്റെയോ മാതൃകയിലുള്ള നാടകം. തെരുവ് നാടകത്തിന്റെ സിദ്ധാന്തങ്ങളോ പ്രയോഗങ്ങളോ പഠിച്ചിട്ടില്ല കെ.ജെ. ബേബി *'നാടു*

*ഗദ്ദിക'* ഉണ്ടാക്കിയെടുക്കുന്നത്. *'നാടുഗദ്ദിക'* എന്ന നാടകത്തിന്റെ അവതരണശരീരം ഉണ്ടായി വരുന്നത് ഗദ്ദിക എന്ന അനുഷ്ഠാനരൂപത്തിൽ നിന്നാണ്. എന്ന് മുൻപ് സൂചിപ്പിച്ചിരുന്നു. ജനങ്ങളുടെ ഇടയിൽ അവതരിപ്പിക്കുന്ന നാടകം എങ്ങനെയാണ് ഉണ്ടായതെന്ന് നാടുഗദ്ദിക എന്ന പുസ്തകത്തിന്റെ മുൻകുറിപ്പിൽ നാടകകൃത്ത് ഇത്ത രത്തിൽ വിവരിച്ചിട്ടുണ്ട്.

"1977 പകുതിയോടെ അപൂർണ്ണ മാനന്തവാടിയിലെ ഒരുസ്ക്കൂൾ സ്റ്റേജിൽ അവ തരിപ്പിച്ചു. പിന്നീട് ഈ നാടകം തിരുനെല്ലിയിലെ അടിയോർക്കിടയിൽ അവതരിപ്പി ച്ചു. അവരുടെ കുടിലുകൾക്കിടയിൽ അവതരിപ്പിച്ചു. അവരുടെ കുടിലുകൾക്കിട യിൽ സ്റ്റേജെന്നുമില്ലാതെ കാണികളുടെ നേരിട്ടുള്ള ഇടപെടൽ കണ്ടപ്പോഴാണ് ഇത്തരം നാടകങ്ങളുടെ സാധ്യത മനസ്സിലാക്കുന്നത്' (ബേബി, കെ.ജെ. 1993:25)

നാടകസംഘം ഊരുകളിൽ നാടകം അവതരിപ്പിച്ച് അവിടെ നിന്ന് കിട്ടുന്ന ഭക്ഷണസാധനങ്ങൾ, കൊണ്ട് ഒരുമിച്ച് പാചകം ചെയ്ത് കഴിച്ച് നാടകയാത്ര ചെയ്യു കയായിരുന്നു. ആദിവാസിഭാഷ സംസാരിച്ച നാടകത്തെ ഊരുകൾ സ്നേഹത്തോടെ സ്വീകരിച്ചു. തുടിയുടെ താളത്തിനൊത്ത് കാഴ്ചക്കാരും ഉറഞ്ഞാടി. അഭിനേതാക്കളും കാഴ്ചക്കാരും തമ്മിലുള്ള ദൂരം ഇല്ലാതായതോടെ നാടകം ശരിക്കും നാടിന്റെ അക മായി മാറി. കെട്ടിഉണ്ടാക്കിയ സ്ഥിരംവേദിയെ(പ്രോസേനിയം) ഉപേക്ഷിച്ച് *'നാടുഗ ദ്ദിക'* കാണികളെ തേടിയെത്തുന്ന നാടകമായി തീരുകയായിരുന്നു. സ്വാതന്ത്ര്യത്തിന് മുൻപും സ്വാതന്ത്ര്യാനന്തരവും ഗോത്രവർഗ്ഗത്തെ എങ്ങനെയാണ് ഭരണക്കൂടം അവഗണിച്ചതെന്ന് പരുക്കമായഭാഷയിൽ വിളിച്ച് പറഞ്ഞ നാടകം കേരളത്തിന്റെ തെരുവുകളിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. ജനകീയസംസ്കാരികവേദിയുടെ പ്രവർത്തകരാണ് നാടുഗദ്ദികയെ കേരളത്തിന്റെ പല ഭാഗങ്ങളിലും സംഘടിപ്പിച്ചത്. നാടകസംഘം ട്രെയിനിലും, ബസ്സിലും ദീർഘദൂരം നടന്ന് കൊണ്ടും ഒരു നാടോടി സംഘത്തെപ്പോലെ നാടകാവതരണം തുടർന്നു. നാടുഗദ്ദികയെ തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിച്ച സംസ്കാരികവേദിയുടെ പ്രവർത്തകൻ പി.കെ. വേണുഗോപാൽ നാട കത്തിന്റെ അവതരണത്തെ കുറിച്ച് ഇത്തരത്തിലാണ് പരാമർശിച്ചത്.

"കേരളത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട മനുഷ്യർ ജീവിച്ചിരിപ്പുണ്ട് എന്ന് തെരുവുകളിൽ നിന്ന് വിളിച്ച് പറഞ്ഞ നാടകം. പൊതുസമൂഹത്തിന്റെ വ്യവഹാരഭാ ഷയിൽ അതുവരെ പരിചയമില്ലാത്ത ആദിവാസിതാളത്തിന്റെയും ആഭിചാരക്രിയക ളെയും മനസ്സിലാക്കി കൊടുത്ത നാടകമാണ് *നാടുഗദ്ദിക"*.[3]

കേരളത്തിലെ ഭരണക്കൂടങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പൊയ്മുഖങ്ങളെ തുറന്ന് കാണിച്ചതിനാൽ നാടുഗദ്ദികയുടെ രംഗാവതരണങ്ങളെ പല സ്ഥലങ്ങളിലും വച്ച് പല ഭാഗങ്ങളും തടസ്സപ്പെടുത്തുകയും ആക്രണങ്ങൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

#### 3.3.11.1 നാടുഗദ്ദിക ആക്രമിക്കപ്പെടുന്നു

തെരുവിൽ നാടകം അവതരിപ്പിക്കുന്നത് ആദ്യമായി കാണുന്ന മലയാളികൾ 'നാടുഗദ്ദിക'യെ ആവേശത്തോടെ സ്വീകരിച്ചു. എന്നാൽ കേരളത്തിലെ കക്ഷിരാഷ്ട്രീയത്തെ മൂർച്ചയോടെ കടന്നാക്രമിച്ചപ്പോൾ പല സ്ഥലങ്ങളിലും നാടകത്തിനെതിരെ സംഘടിതമായ ആക്രമണങ്ങൾ ഉണ്ടായി. നാടകത്തിലെ പ്രധാന കഥാപാത്രമായ തമ്പുരാൻ ചെങ്കൊടിയുമായി രംഗപ്രവേശം ചെയ്തിട്ട് 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന് പ്രഖ്യാപിക്കുകയും, ചെങ്കൊടിയുടെ മറവിൽ ഒളിച്ചേ കണ്ടേ കളിക്കുന്നു. ഈ രംഗമാണ് പല സ്ഥലത്തും പ്രശ്നങ്ങൾക്ക് കാരണമായത്. ഓരോ സ്ഥലത്തും നാടകം അവതരിപ്പിക്കുമ്പോൾ ആ പ്രദേശത്തെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നാടകത്തിൽ ഉൾപ്പെടുത്തിയിരുന്നു. *'നാടുഗദ്ദിക'*യിൽ തമ്പുരാൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച ഔസേപ്പ്കുഞ്ഞ് നാടകാവതരണത്തെ രാഷ്ട്രീയപാർട്ടികൾ ആക്രമിച്ചത് ഓർക്കുന്നു.

"കാസർകോഡ് ടൗണിൽ നാടകം കളിച്ചോണ്ട് നിൽക്കുമ്പോൾ കുറെപ്പേർവന്ന് പ്രശ്നമുണ്ടാക്കി, അവസാനത്തെ രംഗത്തിൽ കല്ലേറുണ്ടായി, കാഴ്ചക്കാരിൽ രണ്ട് പേർക്ക് പരിക്കുണ്ടായി. ചെങ്കല്ലിന്റെ കഷ്ണങ്ങൾ കൊണ്ടാണ് എറിഞ്ഞത്. ആലപ്പുഴ ജില്ലയിൽ ഞങ്ങൾ പര്യാടനം നടത്തി, കടലോരമേഖലകളിലെ വീടുകളിൽ കയറിയിറങ്ങി നാടകം കാണാൻ ആളുകളെ ക്ഷണിച്ചു. പാട്ടുപാടി തുടിക്കൊട്ടിയാണ് ഞങ്ങൾ വീടുകളിൽ കയറിയിറങ്ങിയത്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടികാർ നാടകം ആളുകൾ കാണരുതെന്ന് പ്രചരണം നടത്തി. ഞങ്ങൾ നക്സലൈറ്റുകളാണെന്നും തലവെട്ടികളാണെന്നുമൊക്കെ പ്രചരണം ചെയ്തു. എന്നാൽ അതിനെയെല്ലാം മറികടന്ന് ജനങ്ങൾ നാടകം കാണാനെത്തി"[4].

കണ്ണൂർ ജില്ലയിലെ കല്ലാശ്ശേരി എന്ന സ്ഥലത്ത് നാടകം അവതരിപ്പിക്കാൻ എത്തിയപ്പോൾ സംഘാടകനായ വിദ്യാധരൻ എന്നയാളിനെ ഗുണ്ടകൾ തല്ലിചതച്ചത് കെ. ജെ. ബേബി ഓർത്തെടുക്കുന്നു.

"നാടകം നടത്തുന്നതിന്  വേണ്ടി ബോംബെയിൽ വർക്ക് ചെയ്യുന്ന ഒരു ആർട്ടിസ്റ്റിന്റെ വീട്ടിലാണ് തങ്ങിയത്. പെട്ടെന്ന് ഒരാൽ ഓടിവന്ന് പറഞ്ഞു. നിങ്ങൾ എത്രയും പെട്ടെന്ന് ഇവിടെനിന്ന് രക്ഷപ്പെടണം വിദ്യാധരനെ തല്ലിചതച്ച് ഓടയിൽ ഇട്ടിരിക്കുന്നു എന്ന്. ഞങ്ങൾ പെട്ടെന്ന് പോകാൻ തയ്യാറായി നിന്നു. പെട്ടെന്ന് ഒരു ജീപ്പ് വന്ന് നിന്നു ഞങ്ങൾ അതിൽ കയറി. നാടകം നടക്കേണ്ട സ്ഥലത്ത് ആയുധങ്ങളായി ഗുണ്ടകൾ കാത്ത് നിൽക്കുന്നു. ഞങ്ങൾ ജീപ്പിൽ പതുങ്ങിയിരുന്നു. പെട്ടെന്ന് കുറെപ്പേർ ജീപ്പിനെ തടയാൻ ശ്രമിച്ചു പക്ഷേ ഡ്രൈവർ അവരെ വെട്ടിച്ച് വേഗതയിൽ വളപ്പട്ടണം പോലീസ് സ്റ്റേഷനിൽ ഞങ്ങളെ എത്തിച്ചു അവിടെന്ന് ഞങ്ങൾ തലശ്ശേരി റെയിൽവേസ്റ്റേഷനിൽ എത്തി."[5]

നാടകത്തെ പ്രതിരോധിക്കാൻ രാഷ്ട്രീയ പാർട്ടികാർ മാത്രമല്ല ശ്രമിച്ചത്, അധികാരികളുടെ  ഉത്തരവ് പ്രകാരം ജനകീയസംസ്കാരികവേദിയുടെ തെരുവ് നാടകങ്ങൾ, യോഗങ്ങൾ എന്നിവയെ പോലീസ് പല സ്ഥലങ്ങളിലും തടഞ്ഞു. തിരുവനന്തപുരം ജില്ലയിലെ പല പ്രദേശങ്ങളിലും *'നാടുഗദ്ദിക'* സംഘടിപ്പിച്ചത് സംസ്കാരവേദിയുടെ പ്രവർത്തകനായ ബി. രാജീവനായിരുന്നു. ചെങ്കൽച്ചൂളയിൽ *'നാടുഗദ്ദിക* 'യുടെ അവതരണത്തെ പോലീസ് തടഞ്ഞതിനെക്കുറിച്ച് അദ്ദേഹം അഭിപ്രായപ്പെട്ടത് ഇത്തരത്തിലാണ് "നാടകത്തിന് മുമ്പ് ഞാനാണ് പ്രഭാഷണം നടത്തിയത്, അപ്പോൾ തന്നെ പോലീസ് വന്നു പറഞ്ഞു ഈ നാടകം ഇവിടെ കളിക്കാൻ പറ്റില്ല, ഈ നാടകം തീവ്രവാദം വളർത്തുന്നു എന്നാണ്. ഞങ്ങൾ അവിടെനിന്ന് മാറി മോഡൽ സ്ക്കൂളിന്റെ അടുത്തുള്ള ഗ്രൗണ്ടിൽ നാടകം പെട്ടെന്ന് അവതരിപ്പിച്ചു"[6] തലശ്ശേരിയിൽ വച്ച് നാടകാവതരണത്തെ പോലീസ് തടയാൻ ശ്രമിച്ചത് കവിയൂർ ബാലൻ *'നക്ഷത്രങ്ങൾ ചുവന്ന കാലം'* എന്ന പുസ്തകത്തിൽ ഇത്തരത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. "തലശ്ശേരിയിൽ ഒരു വൈകുന്നേരം നാടകം അവതരിപ്പിക്കാൻ ഗദ്ദികകാർ എത്തി. അപ്പോഴെയ്ക്കും പത്തും പതിനഞ്ചും വലുതും ചെറുതുമായ വാഹനങ്ങളിൽ പോലീസ്  സ്റ്റേഡിയം കോർണറിൽ എത്തിച്ചേർന്നു. ചില പോലീസ് ഉദ്യോഗസ്ഥർ എന്നെ സമീപിക്കുകയും ചില ചോദ്യങ്ങൾ ചോദിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തു. സംഗതി അത്ര പന്തിയല്ലെന്ന് മനസ്സിലാക്കിയഞാൻ കൂടിനിന്ന ജനങ്ങളോട് ഉച്ചത്തിൽ പ്രസംഗിക്കുവാൻ തുടങ്ങി... വട്ടം കൂടി നിന്ന കേൾവിക്കാരെ പുറത്താക്കി കൊണ്ട് പോലീസ് എനിക്ക്ചുറ്റും ഒരുവലയംതീർത്തു... ഗത്യന്തരമില്ലാതെ പോലീസിന് രംഗത്ത്നിന്ന് നിഷ്ക്രമിക്കേണ്ടി വന്നു"(ബാലൻ, കവിയൂർ. 2014:87)

1980 മെയ് 20ന് വയനാട് പൂതാടി പഞ്ചായത്ത് വൈസ്പ്രസിഡന്റ് മഠത്തിൽ മത്തായിയെ നക്സൽ പ്രവർത്തകൻ ഉൻമൂലനം ചെയ്തതോടെയാണ് ജനകീയ

സംസ്കാരികപ്രവർത്തകരെ പോലീസ് കൂട്ടത്തോടെ അറസ്റ്റ് ചെയ്ത് തുടങ്ങിയത്. തെരുവ് നാടകങ്ങൾ, കവിയരങ്ങുകൾ, ചൂതാട്ടവിരുദ്ധസമരങ്ങൾ, അഴിമതി ക്കാർക്കെതിരെ നടത്തിയ ജനകീയവിചാരണകൾ തുടങ്ങിയ വ്യത്യസ്തമായ പരി പാടികളിലൂടെ ബദൻരാഷ്ട്രീയ ശക്തിയായി കേരളത്തിൽ വേരോട്ടം ഉണ്ടായ ജന കീയ സംസ്കാരികവേദിയെ ഭരണകൂടം അമർച്ച ചെയ്യുകയായിരുന്നു. കോഴിക്കോട് ജില്ലയുടെ പല ഭാഗങ്ങളിലും *'നാടുഗദ്ദിക'*യെ സംഘടിപ്പിച്ചത് എ. വാസുവായിരുന്നു (ഗ്രോവാസു). പൊറ്റമൻ ക്രേന്ദീകരിച്ച് എല്ലാ വർഷവും നടത്തിയിരുന്ന എ. വർഗ്ഗീസ് സ്മാരക ഗ്രന്ഥശാലയുടെ വാർഷികവും രണ്ട് ദിവസത്തെ വർഗ്ഗീസ് അനുസ്മരണവും എ. വാസുവിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നത്. ഒന്നാമത്തെ ദിവസം *നാടു ഗദ്ദിക* നാടകവും, നാടകചർച്ചയും, രണ്ടാമത്തെ ദിവസം ജനകീയസംസ്കാരികവേ ദിയുടെ *'സ്പാർട്ടക്കസ്'* എന്ന നാടകവുമാണ് നടത്താൻ തീരുമാനിച്ചിരുന്നത്. എന്നാൽ *'സ്പാർട്ടക്കസ്'* എന്ന നാടകത്തിന് വേണ്ടി നിർമ്മിച്ചിരുന്ന സ്റ്റേജ് പോലീസ് അടിച്ച്തകർത്തു. ഈ സംഭവത്തെ എ. വാസു ഇത്തരത്തിലാണ് പ്രതികരിച്ചത്. "വർഗ്ഗീസ് സ്മാരക ഗ്രന്ഥശാലയുടെ വാർഷികത്തിന് നാടകം അവതരിപ്പിക്കാൻ സമ്മതിക്കില്ല എന്ന് പോലീസ് അറിയിച്ചു. ഞാൻ ഹൈക്കോടതിയിൽ പോയി നേരിട്ടു വാദിച്ചു. കോടതിപറഞ്ഞു പരിപാടി കുറച്ച്ദിവസത്തേക്ക് നീട്ടി വയ്ക്കാൻ പറഞ്ഞു. ഞാൻ പറഞ്ഞു രക്തസാക്ഷിദിനമാണ് മാറ്റിവയ്ക്കാൻ പറ്റില്ലെന്ന് അറിയിച്ചു. പോലീ സിന്റെ എതിർപ്പിനെ അവഗണിച്ച് ഞങ്ങൾ പരിപാടി ആരംഭിച്ചു. *'നാടുഗദ്ദിക'* ടീമിന്റെ ഗാനമേള തുടങ്ങിയപ്പോൾ പോലീസ് എത്തി. അവിടെ മുഴുവൻ ഇടിവണ്ടികൾ.. പെട്ടെന്ന് പോലീസ് ഇറങ്ങി ലാത്തിവീശി..കാഴ്ചക്കാരെയും തല്ലി. നാടകത്തിൽ ഉണ്ടാ യിരുന്ന കുറച്ച്പേർ പുറകുവശം വഴി രക്ഷപ്പെട്ടു. കെ.ജെ. ബേബിയെയും മോഹന നെയും അറസ്റ്റ്ചെയ്തു. പോലീസ് സ്റ്റേജിനെ അടിച്ച് തകർത്തു, കർട്ടൻവലിച്ച് കീറി.. നാല് തൂണുകൾ മാത്രമാണ് അവശേഷിച്ചത്."[7]

കോഴിക്കോട് പൊറ്റമൽ പോലീസ് അതിക്രമത്തിൽ നിന്ന് രക്ഷപ്പെട്ട നാടക സംഘത്തിലുള്ളവർ പാലാഴിയിലുള്ള ഒരു വീട്ടിൽ തങ്ങുകയും വടകര, നൻമണ്ട എന്നീ സ്ഥലങ്ങളിൽ പിന്നീട് നാടകം അവതരിപ്പിച്ചു. 1981 മെയ് 20 ന് വയനാട് പൂതാടി പഞ്ചായത്ത് വൈസ്പ്രസിഡന്റ് ആയിരുന്ന മഠത്തിൽമത്തായിയെ നക്സൽപ്രവർത്തകർ ഉൻമൂലനം ചെയ്തയോടെ നക്സൽ പ്രവർത്തകരെയും, ജന

കീയസംസ്കാരികവേദിയുടെ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് തുടങ്ങി. പൊറ്റമൽ നാടക അവതരണത്തെ പോലീസ് തടഞ്ഞതിൽ പ്രതിഷേധിച്ച് കോഴിക്കോട് മുതലകുളം മൈതാനത്ത് നാടകം കളിക്കാൻ നാടുഗദ്ദിക സംഘം തയ്യാറെടുത്തു. നാടകം അവതരിപ്പിക്കാനിരുന്ന ദിവസം പോലീസ് മൈതാനത്തിന് ചുറ്റും കടുത്ത നിരീക്ഷണം ഏർപ്പെടുത്തി. കാണികൾ ആകാംക്ഷരായി കുറച്ച് ദൂരെ മാറി നിന്നു, ദൂരെ നിന്ന് തന്നെ പാട്ടുപാടി നാടകസംഘം ഗ്രൗണ്ടിൽ എത്തിയപ്പോൾ തന്നെ പോലീസ് അറസ്റ്റ്ചെയ്തു. നാടകപ്രവർത്തകരെയും ജനകീയസംസ്കാരിക വേദി പ്രവർത്തകരായ എ. സോമൻ ഉൾപ്പെടെയുള്ളവരെ അറസ്റ്റു ചെയ്തു. അറസ്റ്റിനെ കുറിച്ച് ഔസേപ്പ്കുഞ്ഞ് പറഞ്ഞത് ഇത്തരത്തിലാണ്. 'പോലീസ് ഞങ്ങളെ ഇടിവണ്ടിയിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിച്ചു. ഞങ്ങൾ ചോദിച്ചു എന്തിനാണ് അറസ്റ്റ് ചെയ്യുന്നതെന്ന്? അപ്പോൾ എസ്. ഐ പറഞ്ഞു നിങ്ങൾ നക്സലൈറ്റുകളാണ് പകൽ നാടകം കാണിക്കാൻ പോകും രാത്രിയിൽ തലവെട്ടാൻ പോകും എന്ന് "[8]

അറസ്റ്റ്ചെയ്ത നാടകസംഘത്തെ കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ട് പോകുകയും *നാടുഗദ്ദിക*യിൽ അഭിനയിച്ച പ്രായപൂർത്തിയാകാത്ത ലീല എന്ന പെൺകുട്ടിയെ വെള്ളിമാട്കുന്ന് ബാലമന്ദിരത്തിലേയ്ക്ക് കൊണ്ട് പോകുകയും ചെയ്തു. അറസ്റ്റ് ചെയ്തതിന്റെ അടുത്തദിവസം നാടകസംഘത്തെ കസബപോലീസ് സ്റ്റേഷനിലേയ്ക്കും പിന്നീട് കോഴിക്കോട് സബ്ജയിലിലേയ്ക്ക് റിമാൻഡ് ചെയ്തു. കുന്നമംഗലത്തുള്ള മജിസ്ട്രേറ്റിന്റെ വീട്ടിൽ എത്തിച്ചപ്പോൾ നാടകസംഘം മുദ്രാവാക്യങ്ങൾ വിളിച്ചു. നാടകകൃത്ത് കെ.ജെ. ബേബി ഇതിനെകുറിച്ച് പ്രതികരിച്ചത് ഇത്തരത്തിലാണ്.

"ഞങ്ങൾ മജിസ്ട്രറ്റിന്റെ മുന്നിൽ നിന്ന് മുദ്രാവാക്യങ്ങൾ വിളിച്ചു. എന്തിനാണ് ഞങ്ങളെ അറസ്റ്റുചെയ്തത് എന്ന് ഉറച്ച്വിളിച്ചു ചോദിച്ചു. കോഴിക്കോട്ടു സബ് ജയിലിലേയ്ക്ക് ഞങ്ങളെ റിമാൻഡ് ചെയ്തു. അത് ഏതായാലും നന്നായി കാരണം ഞങ്ങൾക്ക് ജാമ്യം തന്നിരുന്നെങ്കിൽ വിധി മറ്റൊന്നാകുമായിരുന്നു. മഠത്തിൽ മത്തായിയുടെ കൊലപാതകത്തിന് ഞങ്ങളെ പ്രതിചേർത്തേനെ. വയനാട് വച്ച് ഞങ്ങളെ അറസ്റ്റ് ചെയ്തിരുന്നെങ്കിൽ കഥ വേറൊന്നാകുമായിരുന്നു. കാലം അതാണ് നക്സൽ എന്ന് പറഞ്ഞാൽ നക്സൽ.. കൊലപാതകി എന്ന പോലീസ് മുദ്രകുത്തിയാൽ അതാണ്"[9]. പോലീസ് സ്റ്റേഷനിലും, കോടതിമുറുകളിൽ നാട്ടുഗദ്ദികയുടെ പ്രവർത്തകരുടെ ശബ്ദം ഉയർന്നുകേട്ടു. പാട്ട്പാടിയും, മുദ്രാവാക്യങ്ങൾ വിളിച്ചും അവർ കോടതിമുറികളുടെ നിശബ്ദതയെ ഭേദിച്ചു. "ഞങ്ങളെ അറസ്റ്റ് ചെയ്തിട്ട് കേരളത്തിലെ

ബുദ്ധിജീവികളും സംസ്കാരികപ്രവർത്തകരാരും പ്രതികരിച്ചില്ല. ആകെ പ്രതികരിച്ചത് വീരേന്ദ്രകുമാർ എം.പി. മാത്രമായിരുന്നു. അറസ്റ്റ് കഴിഞ്ഞപ്പോൾ അദ്ദേഹം പത്രത്തിൽ എഴുതി അവരെ ജയിലിലയ്ക്കുകയല്ല ചേയ്യേണ്ടത്, അവരെ നാടകം കളിച്ചതിന് അറസ്റ്റു ചെയ്യുകയല്ല വേണ്ടത് എന്നാണ്, അവർ നാടുഗദ്ദിക കളിക്കുകയാണെങ്കിൽ നിങ്ങൾ കാടുഗദ്ദിക കളിക്കണം എന്ന്.[10] നാടകസംഘത്തിന്റെ പിന്നാലെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ ഉണ്ടായിരുന്നതായി ഔസേപ്പ് കുഞ്ഞ് ഓർക്കുന്നു.

"ഞങ്ങളുടെ നാടകം കളിക്കാൻ എവിടെ പോയാലും ഒരാൾ പിൻതുടരുന്നുണ്ടായിരുന്നു. ആദ്യമൊക്കെ മറഞ്ഞ് നിന്നിരുന്ന അയാൾ പിന്നീട് ഞങ്ങളോട് എവിടെയാണ് നാടകം? പുതിയതെന്തെങ്കിലും സ്ക്രിപ്റ്റിൽ കൂട്ടിച്ചേർത്തിട്ടുണ്ടോ, ആളുകളുടെ പ്രതികരണം എങ്ങനെയാണ് എന്നൊക്കെചോദിക്കും. അയാളുമായി കൂടുതൽ സംസാരിക്കാൻ ഞങ്ങൾ തയ്യാറായില്ല".[11]

**3.3.11.2 തടവറയ്ക്കുള്ളിൽ നാടുഗദ്ദിക**

"ജയിലിലുണ്ടായിരുന്ന എല്ലാവർക്കും ഞങ്ങളോട് വലിയ സ്നേഹമായിരുന്നു. കാരണം ഞങ്ങൾ ജയിലിൽകിടന്നത് കൊലപാതകം ചെയ്തിട്ടോ മോഷ്ണം നടത്തിയിട്ടോ അല്ല ഞങ്ങൾ നാടകം കളിച്ചിട്ടാണ്, ഞങ്ങൾ പാട്ടുകൾ പാടിയതിനാണ് ജയിലിൽ കിടക്കുന്നത്".[12]

*'നാടുഗദ്ദിക'* യുടെ യാത്രയെ തടസ്സപ്പെടുത്താൻ അക്രമങ്ങൾക്കും പോലീസിനും നിയമസംവിധാനങ്ങൾക്കും കഴിഞ്ഞില്ല എന്ന് മനസ്സിലാക്കാൻ കഴിയും. പോലീസ്സ്റ്റേഷൻ, ജയിൽ, കോടതി മുറികൾ എന്നിവിടങ്ങളിൽ നാടകസംഘം മുദ്രാവാക്യങ്ങളും, പാട്ടുകളും, നാടകത്തിലെ കഥാപാത്രങ്ങളുടെ സംഭാക്ഷണങ്ങൾ കൊണ്ട് നിറച്ചു. *നാടുഗദ്ദിക* സംഘം കോഴിക്കോട് സബ്ജയിലിൽ കഴിയുമ്പോൾ തടവുകാർക്ക് വേണ്ടി വളരെ രഹസ്യമായി നാടകം അവതരിപ്പിച്ചു. പ്രഭാതകൃത്യങ്ങൾക്കായി തടവുകാരെ പുറത്തിറക്കുന്ന സമയത്താണ് നാടകം കളിക്കാൻ സംഘം തീരുമാനിച്ചത്. നാടകം അവതരിപ്പിക്കാൻ പോകുന്ന കാര്യം വളരെ രഹസ്യമായി തടവുകാരെ അറിയിച്ചു. നാടകസംഘത്തിനോടൊപ്പം അറസ്റ്റിലായ സി.പി.എം. (എം. എൻ) പ്രവർത്തകൻ പയ്യോലി കൃഷ്ണൻ ജയിലിനുള്ളിലെ നാടകപ്രവർത്തനങ്ങളെ ഓർക്കുന്നു.

"ജയിലിനുള്ളിൽ നാടകം കളിക്കാൻ തീരുമാനിച്ചപ്പോൾ ആ നാടകത്തിൽ സ്ത്രീകൾ അഭിനയിച്ച ഭാഗം ഞാനാണ് അഭിനയിച്ചത്, തടവുകാരിൽ നിന്ന് ശേഖരിച്ച തോർത്തുകൾ കൂട്ടിക്കെട്ടി സ്ത്രീകളുടെ വസ്ത്രം പോലെയാക്കി"[13]

നാടുഗദ്ദിക അറസ്റ്റ് ചെയ്യുമ്പോൾ പ്രധാന നടനായ ഔസേപ്പ് കുഞ്ഞിന് കൈവശം ഉണ്ടായിരുന്ന ഒരു ജുബ്ബയും മുണ്ടും, കാക്കി നിക്കറും ജയിലിനുള്ളിൽ ഉപയോഗിക്കുന്നതിനായി അനുവാദം കൊടുത്തിരുന്നു. ഔസേപ്പ് കുഞ്ഞ് ജയിലിനുള്ളിൽ അവതരിപ്പിച്ച നാടകത്തിന്റെ ഓർമ്മകൾ പങ്ക് വയ്ക്കുന്നു. “വാർഡിനുള്ളിൽ എനിക്ക് അനുവദിച്ചിരുന്ന സഞ്ചിയിൽ എന്റെ കഥാപാത്രങ്ങളുടെ ഡ്രസ്സ് ഉണ്ടായിരുന്നു. രാവിലെ ആറ് മണി മുതൽ എട്ടു മണിവരെയാണ് പ്രഭാതകൃത്യങ്ങൾക്കായി തടവുകാരെ തുറന്ന് വിടുന്നത്. ജയിലിന്റെ മുറ്റത്ത് ഞങ്ങൾ വന്നിട്ട് പാട്ട് പാടാൻ തുടങ്ങി, നാടകത്തെകുറിച്ച് ബേബി കുറച്ച് വാക്കുകൾ പറഞ്ഞു, വളരെ പെട്ടെന്ന് നാടകം ആരംഭിച്ചു. ഒരു മണിക്കൂർ കൊണ്ട് നാടകം അവതരിപ്പിച്ചു തീർത്തു. വാർഡൻന്മാരും നാടകം കണ്ട് ആസ്വാദിച്ചു. ജയിനുള്ളിലെ നാടകാവതരണത്തിന്റെ വാർത്ത പത്രത്തിൽ വന്നു. ജയിലിനുള്ളിൽ പരിശോധനയ്ക്ക് സാധ്യതയുണ്ടെന്ന് മനസ്സിലായി. ഞങ്ങളുടെ കൈവശമുള്ള നാടകത്തിന്റെ വസ്തുക്കൾ പരിശോധനയിൽ പിടിച്ചാൽ വാർഡൻമാർക്ക് എതിരെ നടപടി ഉണ്ടാകും. അതുകൊണ്ട് വളരെ രഹസ്യമായി നാടകത്തിന് ഉപയോഗിച്ച സാധനങ്ങൾ ജയിലിന്റെ പുറത്തേയ്ക്ക് മാറ്റി”[14]

### 3.3.12 വിചാരണ

മൂന്ന്മാസത്തെ ജയിൽവാസത്തിന് ശേഷമാണ് നാടകസംഘത്തിന് കോടതി ജാമ്യം അനുവദിച്ചത്. ആഴ്ചയിൽ ഒരുദിവസം വയനാട് കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ പോയി ഒപ്പ്വയ്ക്കണം എന്ന വ്യവസ്ഥയിലാണ് കോടതി ജാമ്യം അനുവദിച്ചത്. നാല് വർഷത്തെ വിചാരണയ്ക്ക് ഒടുവിൽ കോടതി നാടകപ്രവർത്തകരെ വെറുതെ വിട്ടു. നാടകപ്രവർത്തകരുടെ അറസ്റ്റുമായി ബന്ധപ്പെട്ട കോഴിക്കോട് റൗൺ സി.ഐയെ ജഡ്ജി വിസ്തരിച്ചത് കെ.ജെ. ബേബി ഓർക്കുന്നു.

“ജഡ്ജി സി.ഐ യോട് ചോദിച്ചു.
നിങ്ങൾ നാടകം കണ്ടോ എന്ന്
സി.ഐ പറഞ്ഞു, കണ്ടു എന്ന്
എത്രപ്രാവശ്യം കണ്ടു എന്ന് ജഡ്ജി ചോദിച്ചു.
സി.ഐ പറഞ്ഞു ആറ് പ്രാവശ്യം കണ്ടു എന്ന്
ജഡ്ജി ചോദിച്ചു എങ്ങനെയുണ്ട് നാടകം
സി.ഐ. ചിരിച്ചുകൊണ്ട് പറഞ്ഞു.

നല്ല നാടകമാണ്.

ജഡ്ജി ഞങ്ങളോട് പൊയ്ക്കൊള്ളാൻ പറഞ്ഞു"[15]

അറസ്റ്റും കോടതിയും വിചാരണയും കഴിഞ്ഞ് പത്തുവർഷങ്ങൾക്കുശേഷമാണ് *'നാടുഗദ്ദിക'* പിന്നീട് അവതരിപ്പിച്ചത്. 1990 കൾക്ക്ശേഷം കെജെ. ബേബി തന്നെ സ്ഥാപിച്ച കനവിലെകുട്ടികൾ ഉൾപ്പെട്ട 'മഞ്ഞുമലൈമക്കൾ'എന്ന സംഘമായി ഇന്ത്യയുടെ പല ഭാഗങ്ങളിൽ *'നാടുഗദ്ദിക'* പിന്നീട് അവതരിപ്പിക്കപ്പെട്ടു. രംഗാവതരണം നടന്നിട്ട് നാലുപതിറ്റാണ്ടുകൾ കഴിഞ്ഞ *'നാടുഗദ്ദിക'* ഓരോ കാലഘട്ടത്തിലും പഴക്കംവരാതെ കാലികപ്രാധാന്യത്തോടെ നിലനിൽക്കുന്നു. നാടകത്തിലുടനീളം മുഴങ്ങി കേട്ട 'പയിക്കിന്റോ' എന്ന വിശപ്പിന്റെ നിലവിളി ആദിവാസി ഊരുകളിൽ നിന്ന് ഇപ്പോഴും കേട്ട് കൊണ്ടിരിക്കുന്നു. 1980കളിൽ നാടുഗദ്ദിക ഉയർത്തിയ ആദിവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പുതിയ കാലഘട്ടത്തിലെ പൊതുസമൂഹം ഏറെ ഗൗരവത്തോടെ ചർച്ച ചെയ്യുന്നുണ്ട്.

"നാടുഗദ്ദിക കോളോണിയൽ ഇന്ത്യയിലും ഫ്യൂഡൽ അർദ്ധ കോളോണിയൽ ഇന്ത്യയിലും മർദ്ദിത ജനങ്ങൾ, ആദിവാസി സ്ത്രീകൾ, തൊഴിലാളികൾ പീഡിതരും ചൂഷിതരുമായി നിലനിൽക്കുന്നതിനെ പ്രശ്നവൽക്കരിച്ച് രംഗാവിഷ്കാരത്തിന്റെ കലയായി. സ്റ്റേജില്ലാതെ ഈ നാടകം എവിടെയെല്ലാം അവതരിപ്പിച്ചോ അവിടെയെല്ലാം ജനം നാടകസംഘത്തോടൊപ്പം വികാരാവേശത്തോടെ മുന്നേറി. ഭരണക്കൂടം അതിനെ അടിച്ചമർത്തുകയായിരുന്നു."(ദാസ്, കെ. കെ. എസ്. 2014 : 232)

**3.3.1.3 നാടുഗദ്ദിക : ചരിത്രനിർമ്മിതി**

"നാടുഗദ്ദിക ഒരുപുതിയ ചരിത്രം സൃഷ്ടിക്കപ്പെടുന്നു ആ ചരിത്രമാകട്ടെ ഇന്നലകൾ മോഷ്ടിക്കപ്പെട്ട ഒരു ജനതയുടെ നൃൂതന ചരിത്രവും ഇന്നുകളും നാളെക്കുറിച്ചുള്ള സ്വപ്നങ്ങൾപോലുമില്ലാത്ത കീഴാളന്റെ പ്രതീക്ഷ നിർഭരമായ ജീവിതമാകുന്നു".(അനിൽകുമാർ, ടി.കെ. 1991, മെയ് 21. മാധ്യം ആഴ്ചപ്പതിപ്പ്) ചരിത്രം ആരുടെതാണ്, ആരാണ് ചരിത്രം സൃഷ്ടിക്കുന്നത് എന്ന ചോദ്യങ്ങൾ ആവർത്തിക്കുന്ന നാടകമാണ് *'നാടുഗദ്ദിക.'* രണ്ട് നൂറ്റാണ്ടുകളുടെ ചരിത്രസംഭവങ്ങളിലൂടെയാണ് നാടക ഇതിവൃത്തം പുരോഗമിക്കുന്നത്. ചരിത്രപുസ്തകങ്ങളിൽ ഇടമില്ലാത്ത പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ എഴുതപ്പെടാത്ത ചരിത്രത്തെ *'നാടുഗദ്ദിക'* എന്ന നാടകത്തിലൂടെ കെ.ജെ. ബേബി അടയാളപ്പെടുത്തുന്നു.

മലയാളനാടകവേദിയിൽ അതുവരെ ചർച്ച ചെയ്തിട്ടില്ലാത്ത ജാതീയ ഉച്ചനീചത്വങ്ങളാണ് നാടകത്തിന്റെ തുടക്കത്തിൽ കെ.ജെ. ബേബി അവതരിപ്പിച്ചത്. ദൈവം മനുഷ്യരെ പല ജാതികളായി സൃഷ്ടിച്ചു എന്ന ചാതുർവർണ്യ സിദ്ധാന്തത്തെ ശക്തമായ രീതിയിൽ എതിർത്ത് കൊണ്ടാണ് ഒന്നാമത്തെ രംഗം ആരംഭിക്കുന്നത്. ബ്രഹ്മാവിന്റെ മുഖവംശരായ ബ്രഹ്മണർക്കും മറ്റ് ഉയർന്ന ജാതികാർക്കും വിധേയരായി ജീവിക്കേണ്ടവരാണ് കീഴ്ജാതിക്കാരായ ആദിവാസികൾ എന്ന് തമ്പുരാൻ അവകാശപ്പെടുന്നതിലൂടെ 'നാടുഗദ്ദിക' ആരംഭിക്കുന്നത്. സമൂഹത്തിലെ മറ്റ് എല്ലാ ജാതികളിൽ നിന്ന് വിവേചനം അനുഭവിക്കുന്ന കീഴാള ജനതയുടെ നെടുവീർപ്പുകളെ നാടകം അതിശക്തമായി അവതരിപ്പിച്ചു.

### 3.3.13.1 ചാതുർവർണ്യ വ്യവസ്ഥയും നാടുഗദ്ദികയും

"അസ്പൃശ്യതയും ജാതിവേർതിരിവുകളുമുള്ള ലോകത്തിലെ ഏകമതം ഹിന്ദുമതമാണ്. ഇത് സവർണ്ണ ഹിന്ദുക്കൾ അധകൃതവർഗ്ഗക്കാർക്കെതിരെ നടത്തിപ്പോന്ന സകല അതിക്രമങ്ങൾക്കുമുള്ള മറയായിരുന്നു. ഇന്നും ഗ്രാമങ്ങളിൽ ആത്മാഭിമാനത്തോടെ അവർക്ക് ജീവിക്കാനാവുന്നില്ല". (അംബേദ്കർ, ബി. ആർ. 2017:111)

ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന ജാതിയമായ ഉച്ചനീചത്വങ്ങളെ കടന്നാക്രമിക്കുന്ന നാടകമാണ് നാടുഗദ്ദിക. നാടകത്തിന്റെ ഒന്നാമത്തെ അദ്ധ്യായത്തിൽ തമ്പുരാൻ അടിമകളോട് സംസാരിക്കുന്നത് വർണ്ണവ്യവസ്ഥയുടെ മേൻമകളെക്കുറിച്ചാണ്. ബ്രാഹ്മണ വേഷധാരിയായ തമ്പുരാൻ പല ജാതികളെ എന്തിനാണ് ദൈവം സൃഷ്ടിച്ചത് എന്ന ആശയം അടിമകൾക്ക് പകർന്ന് നൽകുന്നു. കീഴാളരായ ജനങ്ങളെ ഭരിക്കുന്നതിനും പണിയെടുപ്പിക്കുന്നതിനും വേണ്ടി വന്നാൽ കൊല്ലാനുമുള്ള അധികാരം തമ്പുരാന് നൽകിയത് ദൈവമാണെന്ന് അയാൾ സമർത്ഥിക്കുന്നു. ദൈവത്തിന്റെ പ്രതിപുരുഷനായ തമ്പുരാക്കളെ/ അധികാരികളെ എതിർത്താൻ ദൈവം കൊപിക്കുമെന്ന് എന്ന് തമ്പുരാൻ അടിമകൾക്ക് മുന്നറിയിപ്പ് നൽകുന്നു. വിരാട്പുരുഷന്റെ മുഖത്ത്നിന്ന് ഉണ്ടായ ബ്രഹ്മണനായ തമ്പുരാന് പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും മേൽ പൂർണമായ അധികാരമുണ്ടെന്ന് തമ്പുരാൻ സ്ഥാപിക്കുന്നു. മനുഷ്യരെ പലതട്ടുകളിലായി തരംതിരിക്കുന്ന വർണ്ണവ്യവസ്ഥയെ നാടകകൃത്ത് ഈ രംഗത്തിലൂടെ ആവിഷ്കരിക്കുന്നു. ഋഗ്വോദത്തിലെ പത്താമണ്ഡലത്തിലെ തൊണ്ണൂറാമത്തെ സൂക്തത്തിലെ പന്ത്രാണ്ടമത്തെ മന്ത്രത്തെ (പുരുഷ സൂക്തം) യാണ് നാടകകൃത്ത് വളരെ സൂക്ഷ്മമായി അവതരിപ്പിച്ചത്.

ബ്രാഹ്മണോ സ്യ മുഖമാസീത്

ബാഹു രാജന്യ : കൃത;

ഊരു തദസ്യ: യദ്വൈശ്യ:

പാദഭ്യം ശൂദ്രോ അജായത" (സുന്ദരൻ, എൻ. 2003 : 60)

വിരാട് പുരുഷന്റെ മുഖത്ത് നിന്ന് ബ്രാഹ്മണൻ ഉണ്ടായി, കൈകളിൽ നിന്ന് ക്ഷത്രിയനും, തുടകളിൽ നിന്ന് വൈശനും, പാദങ്ങളിൽ നിന്ന് ശൂദ്രനും ഉണ്ടായി എന്ന ആശയത്തെ തമ്പുരാൻ അടിമകളുടെ ബോധത്തിൻ നിറച്ച് തന്റെ അധികാരത്തെ പ്രത്യായശാസ്ത്രപരമായി ഊട്ടി ഉറപ്പിക്കുന്നു. ജാതികളും ഉപജാതികളുമില്ലാതിരുന്ന ആദിദ്രാവിഡ ജനതയുടെ സംസ്കാരത്തെ തകർത്ത്കൊണ്ട് ആര്യമതത്തിന്റെ കടന്ന് വരവും വർണ്ണവ്യവസ്ഥയിലൂടെ തദ്ദേശിയരായ ബഹുഭൂരിപക്ഷം ജനങ്ങളെ അടിമകളാക്കി തീർത്ത ചരിത്രത്തെയാണ് കെ.ജെ. ബേബി അടയാളപ്പെടുത്തിയത്.

വൈദിക മതത്തെ വിമർശിക്കുമ്പോഴും കേരളത്തിൽ നിലനിന്നിരുന്ന ദ്രാവിഡ സംസ്കാരത്തെ നാടകകൃത്ത് ഉയർത്തിക്കാട്ടുന്നു. എല്ലാം മനുഷ്യരും സഹോദര്യത്തോടെ ജീവിച്ചിരുന്ന, അടിമകളും ഉടമകളും ഇല്ലാതിരുന്ന ഒരു മാവേലിനാടിന്റെ ഓർമ്മകളും നാടകം മുന്നോട്ട് വയ്ക്കുന്നു. ആര്യമതത്തിന്റെ നെടുംതൂണായ വർണ്ണവ്യവസ്ഥയുടെ ആശയങ്ങൾ പേറുന്ന വർത്തമാനകാലഘട്ടത്തിലെ ഇന്ത്യയും ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ലാതിരുന്ന ദ്രാവിഡകാലഘട്ടവും തമ്മിലുള്ള അന്തർസംഘർഷമാണ് നാടുഗദ്ദികയിൽ നിഴലിച്ചു നിൽക്കുന്നത്. "ക്രിസ്തുവർഷാരംഭത്തിനും മുൻപും സംഘകാലത്തും കേരളത്തിൽ കർശനമായ ജാതിഉപജാതി അടിസ്ഥാനത്തിലുള്ള സാമൂഹികവിഭജനസമ്പ്രദായം ഉണ്ടായിരുന്നില്ല. എ.ഡി. 8-ാം ശതകമായപ്പോഴേക്കും ആര്യാഭിനിവേശത്തെ തുടർന്നു സമൂഹത്തിൽ ബ്രാഹ്മണ നേതാക്കൾക്ക് ആധിപത്യം ഉറപ്പിക്കാൻ കഴിഞ്ഞു." (ശ്രീധരമേനോൻ, എ.2007: 189).

മലയാള നാടകവേദിയുടെ സൗന്ദര്യശാസ്ത്ര സങ്കല്പ്പങ്ങളെ മാറ്റിമറിച്ച്കൊണ്ട് വയനാടൻ ആദിവാസികളുടെ ഭാഷയും, താളവും, അനുഷ്ഠാനവും, പുരാവൃത്തങ്ങളും ഉൾക്കൊണ്ട് അവതരിപ്പിക്കപ്പെട്ട ആദ്യത്തെ കീഴാളനാടകശബ്ദമാണ് നാടുഗദ്ദികയിൽ ഉയർന്ന് കേട്ടത് എന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യയിൽ നില നിൽക്കുന്ന ദാരിദ്യത്തെയും പട്ടിണിയെയും സൂചിപ്പിക്കുന്ന കഥാപാത്രമാണ് നാടു

ഗദ്ദികയിലെ വെള്ള. ഇപ്റ്റ (IPTA) അവതരിപ്പിച്ച 'നബന്ന' എന്ന നാടകത്തിലും വിശപ്പ് ആയിരുന്നു പ്രധാന വിഷയം. കേരളത്തിലെ ആദ്യത്തെ രാഷ്ട്രീയനാടകം എന്ന് വിശേഷിപ്പിക്കുന്ന കെ. ദാമോദരന്റെ 'പാട്ടബാക്കി'യിലെ ബാലൻ എന്ന ചെറിയ കുട്ടിയും വിശന്ന് നിലവിളിക്കുന്നുണ്ട്, അതുപോലെത്തന്നെ നാടുഗദ്ദികയിൽ ആദിവാസികളുടെ വിശപ്പിന്റെ വിളി ഉച്ചത്തിൽ കേൾക്കാൻ കഴിയും.

കേരളത്തിലെ ലക്ഷണമൊത്ത കമ്മ്യൂണിസ്റ്റ് നാടകം എന്ന നിലയിലാണ് 'നാടുഗദ്ദിക'യെ പരിഗണിക്കേണ്ടത്. അടിമകളായ തൊഴിലാളികൾ സംഘടിതരായി മർദ്ദകനായ തമ്പുരാന്റെ ഭരണം അട്ടിമറിച്ച് അധികാരത്തിലേയ്ക്ക് വരുമ്പോഴാണ് നാടുഗദ്ദികയുടെ ആദ്യകാലഘട്ടത്തിലെ(1980) അവതരണം അവസാനിക്കുന്നത്. ഓരോ കാലഘട്ടത്തിലും മാറിവരുന്ന സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് തമ്പുരാൻ ഓരോ പ്രസ്ഥാനത്തിന്റെ ഭാഗമായി തീരുന്നു. കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വരുമ്പോൾ തമ്പുരാൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഭാഗമായിമാറുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുള്ളിലേയ്ക്ക് ബൂർഷ്വാസികളുടെ കടന്ന് വരവിനെയാണ് നാടകകൃത്ത് അതിശക്തയായി വിമർശിച്ചത്. 'എല്ലാവരും ഒന്നാണ്' എന്ന സാഹോദര്യആശയമാണ് കേരളത്തിൽ അവതരിപ്പിക്കപ്പെട്ട എല്ലാ രാഷ്ട്രീയ നാടകങ്ങളുടെയും പ്രധാനപ്പെട്ട സന്ദേശം. വർഗ്ഗ സമരത്തിലൂടെ അധികാരം പിടിച്ചെടുക്കുക എന്ന മാർക്സിസ്റ്റ് ആശയത്തെ പൂർണ്ണമായി ഉൾക്കൊണ്ട നാടകമാണ് 'നാടുഗദ്ദിക'. സംഘടിതരായ തൊഴിലാളികൾ തമ്പുരാനിൽ നിന്ന് അധികാരം പിടിച്ചെടുക്കുന്നടുത്താണ് നാടകം അവസാനിക്കുന്നത്. വർഗ്ഗസമരം എന്ന ആശയത്തെ പൂർണ്ണമായി ഉൾക്കൊണ്ട ഇടതുപക്ഷനാടകം എന്ന നിലയിലാണ് 'നാടുഗദ്ദിക' ചരിത്രത്തിൽ നിലനിൽക്കുന്നത്. ആദിവാസികളായ തൊഴിലാളികളെ അണിനിരത്തി വർഗ്ഗശത്രുവിനെതിരെ പോരാട്ടം നടത്തുന്ന കമ്മ്യൂണിസ്റ്റ് കഥാപാത്രമാണ് ഗദ്ദികകാരൻ. നാടുഗദ്ദികയ്ക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ട രാഷ്ട്രീയനാടകങ്ങളിലെ കമ്മ്യൂണിസ്റ്റ് കഥാപാത്രങ്ങളുടെ പാത്രസൃഷ്ടി വളരെ ദുർബലമായിരിക്കുന്നുയെന്നാണ് മാർക്സിസ്റ്റ് സൈദ്ധാന്തികർ വിലയിരുത്തുന്നത്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിലെ അവസാനത്തെ രംഗത്തെ കളിയാക്കികൊണ്ടാണ് നാടുഗദ്ദിക എന്നനാടകം മൂർച്ചയോടെ രാഷ്ട്രീയ വിമർശനം നടത്തുന്നത്. കേരളത്തിലെ രാഷ്ട്രീയ നാടകങ്ങളായ 'പാട്ടബാക്കി', 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി', തുടങ്ങിയ നാടകങ്ങളിലെ കമ്മ്യൂണിസ്റ്റുകാരായ കഥാപാത്രങ്ങളുടെ നിർമ്മിതി വളരെ ദുർബലമാണെന്ന് മാർക്സിസ്റ്റ് സൈദ്ധാന്തികനായ ഇ.എം.എസ് നമ്പൂതിരിപ്പാട് തന്നെ വ്യക്തമാക്കുന്നുണ്ട്.

"യഥാസ്ഥിതിക നായർകുടുംബങ്ങളുടെ തകർച്ചയെ ചിത്രീകരിക്കുന്നതിൽ അസാമാന്യ വിജയം നേടിയ ഭാസി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ചു കാണികളിൽ മതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യം നേടുന്നതിൽ തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ നാടകത്തിലെ ഏറ്റവും നിർജ്ജീവമായ കഥാപാത്രങ്ങൾ കമ്മ്യൂണിസ്റ്റ് നേതാക്കളും പ്രവർത്തകരുമാണ്." (ഇ.എം.എസ്. 2017:164) നാടുഗദ്ദിക എന്ന നാടകത്തിന്റെ പശ്ചാത്തലം (Space) തന്നെ അടിമകൾ പണിയെടുക്കുന്ന വയലാണ്. തമ്പുരാന്റെ വയലിൽ പണിയെടുത്ത് സ്വപ്നങ്ങൾപ്പോലും നഷ്ടപ്പെട്ട അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ട ആദിവാസികളായ തൊഴിലാളികളാണ് കഥാപാത്രങ്ങൾ. ജൻമിമാർക്കെതിരെ ആദിവാസികളെ അണിനിരത്താൻ കഴിഞ്ഞ എ. വർഗ്ഗീസ് എന്ന കമ്മ്യണിസ്റ്റ്കാരന്റെ മാതൃകയിലാണ് നാടകത്തിൽ ഗദ്ദികകാരൻ എന്ന കഥാപാത്രത്തെ കെ.ജെ. ബേബി സൃഷ്ടിച്ചത്. നാടകത്തിൽ ഏറ്റവും കരുത്തുള്ള കഥാപാത്രമാണ് ഗദ്ദികകാരൻ, കെ.ജെ. ബേബിയായിരുന്നു ഗദ്ദികകാരനായി അഭിനയിച്ചത്.

പുരാവൃത്തങ്ങളിലൂടെയും പാട്ടുകളിലൂടെയും വാമൊഴിയായി തലമുറകളിലൂടെ കൈമാറുന്ന ആദിവാസികളുടെചരിത്രത്തെ മനസ്സിലാക്കി അത് നാടകരൂപത്തിൽ അവതരിപ്പിച്ചു എന്നതാണ് *'നാടുഗദ്ദിക'* യുടെ കാലികപ്രസക്തി. കാട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ വിശാലമായ ലോകത്തെ നാടകത്തിലൂടെ കെ.ജെ. ബേബിയ്ക്ക് അവതരിപ്പിക്കാൻ കഴിഞ്ഞു. വയനാട്ടിലെ ആദിവാസികൾക്കൊപ്പം ജീവിക്കുകയും അവരുടെ സംസ്കാരത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞത് കൊണ്ടാണ് *നാടുഗദ്ദിക, മാവേലിമന്റം, ഗുഡ,* എന്നീ സൃഷ്ടികളെ ഹൃദയഹാരിയായി അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. സ്വന്തം വളർച്ചയ്ക്ക് ഏത് ആശയത്തെയും വിശ്വാസത്തെയും, പ്രത്യായശാസ്ത്രത്തെയും തന്ത്രപരമായി വളച്ചൊടിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന നാഗരികമനുഷ്യന്റെ പ്രതിരൂപമാണ് *നാടുഗദ്ദിക*യിലെ തമ്പുരാൻ എന്ന കഥാപാത്രം. കോളോണിയൻ കാലഘട്ടത്തിൽ നിന്നാണ് നാടകം ആരംഭിക്കുന്നത്. ഒന്നാമത്തെ രംഗത്തിൽ ഗദ്ദികകാരൻ ലക്ഷ്മണനോട് പറയുന്ന സംഭാഷണത്തിലൂടെ ചരിത്രം എന്താണന്ന് നാടകകൃത്ത് വ്യക്തമാക്കുന്നു.

"അനിയ, രാജാക്കൻമാരുടെ കോട്ടകൾ കെട്ടിയ ചരിത്രം പഠിച്ച അനിയാ, ഒരു ചരിത്ര പുസ്കത്തിലും വേരും പേരുമില്ലാത്ത അനിയാ"(ബേബി, കെ.ജെ. 1993 :25) മൂന്നാമത്തെ രംഗത്തിൽ പഴശ്ശിയുമായിട്ടുള്ള ബ്രിട്ടീഷ്കാരുടെ യുദ്ധം സൂചിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ തമ്പുരാൻ ബ്രിട്ടീഷ്കാരുടെ പക്ഷത്താണ്. സ്വതന്ത്ര്യസമരം

പ്രക്ഷേപങ്ങളിലൂടെ നാലാമത്തെ രംഗം കടന്ന് പോകുന്നത്. സ്വാതന്ത്രഭാരത്തിന്റെ സൂചനകളിലൂടെ അഞ്ചാമത്തെ രംഗം വികാസം പ്രാപിക്കുന്നത്. ബ്രിട്ടീഷ് അനുകൂലിയായ തമ്പുരാൻ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതോടെ ഭരണവർഗ്ഗമായ കോൺഗ്രസ്സ് പ്രവർത്തകനായി മാറുന്നു. ബ്രിട്ടീഷുകാർക്ക് അനുകൂലമായി പ്രവർത്തിക്കുകയും പഴശ്ശിയെ ശത്രുവായി പ്രഖ്യാപിക്കുന്ന തമ്പുരാൻ പുതിയ കാലഘട്ടത്തിൽ താൻ പഴശ്ശിയുടെ മിത്രമാണെന്ന വ്യാജ ചരിത്രം ചമയ്ക്കുകയും. ഒരു വീരയോദ്ധാവായി അയാൾ സ്വയം വാഴ്ത്തപ്പെടുകയും ചെയ്യുന്നു. "എടോ നിനക്കറിയ്യോ ഞാനും പൈച്ചി ക്കൂടെ യുദ്ധത്തിന് പോയ ചരിത്രം ... എടോ ചരിത്രം പഠിക്കണം. അങ്ങെനെ പൈച്ചീം ഞാനുംങ്കൂടെ കാട്ടിന്നെറങ്ങി വര്യാ, പെട്ടന്നതാ വെള്ളക്കാര് മുമ്പില്.... എടോ ഇത്രേം ബലിയ ബാളൊണ്ടായിട്ടെന്താ പൈച്ചി ഓടി കാട്കേറി. ഞാൻ പാറപോലെ ഉറച്ചങ്ങ് നിന്ന് നല്ല പൊരുതി കൊടുത്തു' (1993 : 49)

സ്വാതന്ത്ര്യസമരത്തെ പുച്ഛത്തോടെ കണ്ട തമ്പുരാൻ സ്വാതന്ത്ര്യാനന്തരം ഗാന്ധിയെയും നെഹ്റുവിനെയും പുകഴ്ത്തുന്നു. സ്വാതന്ത്ര്യസമരപ്രവർത്തകനായി സ്വയം അവരോധിക്കുന്ന അയാൾ ബ്രിട്ടീഷ്കാർക്കെതിരെ യുദ്ധം നടത്തിയപ്പോൾ കൊണ്ട വെട്ടിന്റെയും കുത്തിന്റെയും പാടുകൾ അടിമകൾക്ക് കാണിച്ച് കൊടുക്കുന്നു.

"എടോ ഈ പാട് കണ്ടോ, ഞാനും ഗാണ്ടിയും കൂടെ ഉപ്പുസത്യാഗ്രഹത്തിന് പോയപ്പോ കുത്ത് കൊണ്ടതാ.." (1993 : 49)

ചരിത്രത്തെ എങ്ങനെയാണ് അധികാരവർഗ്ഗം തങ്ങൾക്ക് അനുകൂലമായി വളച്ചൊടിക്കുന്നതെന്ന് ഈ രംഗത്തിലൂടെ നാടകകൃത്ത് വ്യക്തമാക്കുന്നു. ചരിത്രമെന്നത് അധികാരികളുടെ കള്ളങ്ങൾനിറച്ച് ഒരുപുസ്തകമായി മാറുന്നു. 1950 ന് ശേഷമുള്ള കേരളമാണ് ഏഴാമത്തെ രംഗത്തിൽ, തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്ന കമ്മ്യൂണിസ്റ്റ് സർക്കാർ, ആ സർക്കാരിനെതിരെ രൂപപ്പെട്ട് വിമോചനസമരം, വയനാട്ടിൽ എ. വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടത്തിയ നക്സൽകലാപങ്ങൾ തുടങ്ങിയ ചരിത്രമുഹൂർത്തങ്ങളിലൂടെ നാടകം കടന്ന് പോകുന്നു. സംഘടിതരായ അടിമകളെ നേരിടുന്നതിന് വേണ്ടി തമ്പുരാൻ കമ്മ്യൂണിസ്റ്റ്കാരായി മാറി ചെങ്കൊടിയുമായി കടന്ന് വരുന്നു.

ഇത്തരത്തിൽ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ അമരത്തിലേയ്ക്ക് തമ്പുരാൻ കടന്ന് വരുന്നു. എട്ടാമത്തെ രംഗത്തിൽ അടിയന്തരാവസ്ഥയുടെ ഓർമ്മകൾ ഉണർത്തുന്ന സംഭാഷണങ്ങൾ കടന്ന്വരുന്നുണ്ട്. 'ആരും കൂട്ടം കൂടാൻ പാടില്ല',

നാവടക്കൂ പണിയെടുക്കൂ', 'നാം രണ്ട് നമുക്ക് രണ്ട്' എന്നീ പ്രഖ്യാപനങ്ങൾ തമ്പുരാന്റെ ഭടൻമാർ പുറപ്പെടുവിക്കുന്നു. ഇത്തരത്തിൽ ഇന്ത്യയുടെ ചരിത്രസംഭവങ്ങളിലൂടെ കടന്ന് പോകുന്ന നാടകം ജനങ്ങൾ മറന്ന പല സംഭവങ്ങളെയും പലതും ഓർമ്മിപ്പിക്കുകയും വരാൻ പോകുന്ന ദുരന്തങ്ങളെക്കുറിച്ച് മുന്നയിയിപ്പ് നൽകുകയും ചെയ്യുന്നു. നാടുഗദ്ദിക ചരിത്രത്തോടൊപ്പം സഞ്ചരിക്കുകയും മാത്രമല്ല ആദിവാസികളുടെ എഴുതപ്പെടാത്ത ചരിത്രത്തെ നാടകത്തിലൂടെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

അടിയന്താരാവസ്ഥ യുടെ സാമുഹിക രാഷ്ട്രീയ അന്തരീക്ഷത്തിൽ നാടകം അവസാനിക്കുന്നു. "ആദിവാസികളുടെ ചരിത്രത്തെയാണ് അവർ പുരാവൃത്തങ്ങളിലും, ആചാരങ്ങളിലൂടെയും ഓരോ തലമുറകളിലൂടെ വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത് ആഹ്ലാദിക്കാൻ വേണ്ടി മാത്രമല്ല. ആചാരം പെലപോലുള്ള ആചാരങ്ങളുടെ കാര്യമെടുക്കുക. മരിച്ചവർക്ക് വേണ്ടി അവർ പാടി പറയുന്നത് അവരുടെ ചരിത്രമാണ്. "(ബേബി, കെ.ജെ. 2000).

## അദ്ധ്യായ ഉപസംഗ്രഹം

വയനാട്ടിലെ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങളെ അവതരിപ്പിച്ച നാടകമാണ് *'നാടുഗദ്ദിക'*. അടിയ, പണിയ വിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ കഴിഞ്ഞ കാലവും, വർത്തമാനകാലഘട്ടത്തിൽ അവർ നേരിടുന്ന അവഗണനയുമാണ് നാടകത്തിൽ പ്രതിപാദിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിലെ ഫ്യൂഡൽകാലഘട്ടത്തിൽ സാധാരണക്കാർ തമ്പുരാൻമാരുടെ കീഴിൽ അടിമയായിരുന്ന ചരിത്രത്തിൽ നിന്നാണ് നാടകം ആരംഭിക്കുന്നത്. സ്വാതന്ത്ര്യനന്തരവും ആദിവാസികളുടെ ദുരവസ്ഥ മാറ്റമില്ലാതെ തുടർന്നു. ജനാധിപത്യവും ഭൂപരിഷ്കാരനിയമങ്ങളും ആദിവാസികളുടെ ജീവിതത്തെ കാര്യമായി മാറ്റം വരുത്താതെ കടന്നുപോയി.

പഴയ ജന്മിമാർക്ക് ശേഷം തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നവരും ആദിവാസിമേഖലയിലെ പ്രശ്നങ്ങളെ കണ്ടില്ലെന്നു നടിച്ചു. ഇന്ത്യയുടെ ചരിത്രമുഹൂർത്തങ്ങളിലൂടെ കടന്ന്പോകുന്ന നാടകം മാറിമാറി അധികാരത്തിൽ വന്ന ഭരണാധികാരികളെ രൂക്ഷ വിമർശനങ്ങൾക്ക് വിധേയമാക്കി. വാഗ്ദാനങ്ങളുടെ തന്ത്രങ്ങളുമായി പല രൂപങ്ങളിൽ കടന്ന്വരുന്ന അധികാരികളുടെ നേർക്കാഴ്ചയാണ് തമ്പുരാൻ എന്ന കഥാപാത്രം. കാലങ്ങളായി നടക്കുന്ന ചൂഷണങ്ങളെ ചെറുക്കാൻ അടിമകളെ പ്രാപ്തരാക്കുന്ന കഥാപാത്രമാണ് ഗദ്ദികകാരൻ. വയനാട്ടിലെ തിരുനെല്ലി, തൃശ്ശിലേരി കേന്ദ്രീകരിച്ച് ജൻമിമാർക്ക് എതിരെ സായുധവിപ്ലവം നടത്തിയ എ. വർഗ്ഗീസിന്റെ മാതൃകയിലാണ് ഗദ്ദികകാരൻ എന്ന കഥാപാത്രത്തെ നാടകകൃത്ത് സൃഷ്ടിച്ചത്.

*'നാടുഗദ്ദിക'* എന്ന നാടകത്തിന്റെ ആദ്യഅവതരണങ്ങൾ 1978 മുതൽ 1981 വരെയാണ് നടന്നത്. വയനാട്സംസ്കാരികവേദിയുടെ ഭാഗമായിട്ടാണ് നാടകം കേരളത്തിന്റെ തെരുവുകളിൽ അരങ്ങേറിയത്. കേരളത്തിൽ മാറിമാറി അധികാരത്തിൽ വന്ന കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടികളെ അതി ശക്തമായ ഭാഷയിലാണ് നാടകം വിമർശനവിധേയമാക്കിയത്. ആദിവാസികളെ കാലങ്ങളായ ദ്രോഹിച്ച് കൊണ്ടിരുന്ന അധികാരിവർഗ്ഗം (തമ്പുരാൻ) ഓരോ സർക്കാർ മാറി വരുമ്പോഴും ആ സർക്കാരിന്റെ ഭാഗമായി മാറുന്നു. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ അടിസ്ഥാനജനങ്ങളെ എങ്ങ

നെയാണ് വിസ്മരിക്കുന്നതെന്ന് നാടകം വ്യക്തമാക്കുന്നു. അടിയന്തിരാവസ്ഥയുടെ നിശബ്ദതയ്ക്ക് ശേഷം ഉണ്ടായ 'നാടുഗദ്ദിക' ആദിവാസികളെ ചൂഷണം ചെയ്യുന്ന വ്യവസ്ഥതിയോടുള്ള എതിർപ്പാണ് പ്രകടിപ്പിച്ചത്. 1980 കളിലെ ആദ്യകാല അവതരണം മുന്നോട്ട് വയ്ക്കുന്നത് 'തൊഴിലാളി വർഗ്ഗസർവ്വാധിപത്യം' എന്ന മാർക്സിസ്റ്റ് ആശയമാണ്.

ജനവിരുദ്ധനായ അധികാരിയെ അടിമകളായ ജനങ്ങൾ കടന്നാക്രമിച്ചിട്ട് അധികാരം പിടിച്ചെടുക്കുന്നടുത്താണ് നാടകം അവസാനിക്കുന്നത്. തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ തലപ്പത്തേയ്ക്ക് തമ്പുരാൻ കടന്നുവരുമ്പോൾ അടിമകൾ അയാളെ ആക്രമിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ രക്തത്തിൽ നിന്ന് നിറംകൊണ്ട ചെങ്കോടി പിടിച്ച് വാങ്ങുന്നു. 1980 കളിൽ നാടുഗദ്ദിക അവതരിപ്പിക്കുമ്പോൾ ജനകീയസംസ്കാരിക വേദിയുടെയും, പാർട്ടിയുടെയും (സി.പി.ഐ (എം.എൽ) പിൻതുണ നാടകത്തിനുണ്ടായിരുന്നു. സായുധവിപ്ലവത്തിലൂടെ ചൂഷകനിൽ നിന്ന് അധികാരം പിടിച്ചെടുക്കുക എന്ന തീവ്രഇടതുപക്ഷ ആശയത്തിന്റെ സ്വാധീനം നാടകത്തിനുണ്ട്. കേരളത്തിലെ രാഷ്ട്രീയപാർട്ടികളെ പരുഷമായ രീതിയിൽ നാടകം കടന്നാക്രമിച്ചപ്പോൾ നാടകത്തിന്റെ അവതരണം പല സ്ഥലങ്ങളിലും വച്ച് ആക്രമിക്കപ്പെട്ടു.

നാടകത്തിന്റെ എട്ടാമത്തെ രംഗത്തിൽ തമ്പുരാൻ സംഘടിതരായ അടിമകളെ നേരിടാൻ ചെങ്കൊടിയുമായി പ്രവേശിച്ച് *'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'* വർഗ്ഗസമരമല്ല സഹോദര്യമാണ് ആവശ്യം' എന്ന് പ്രഖ്യാപിക്കുന്ന രംഗമാണ് സംഘർഷത്തിന് ഇടയാക്കിയത്. നാടകകൃത്തിന്റെയും, നടൻമാരുടെയും അഭിപ്രായത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിമർശിച്ചത് കൊണ്ടാണ് നാടകം പല സ്ഥലങ്ങളിലും ആക്രമിക്കപ്പെട്ടത്. 1981 മെയ് 22 കോഴിക്കോട് മുതലക്കുളം മൈതാനത്തിൽ വച്ച് തീവ്രവാദം വളർത്തുന്നു എന്ന് ആരോപിച്ച് നാടകപ്രവർത്തകരെ അറസ്റ്റ് ചെയ്യുമ്പോൾ ഇ.കെ. നയനാർ മുഖ്യമന്ത്രിയായ ഇടതുപക്ഷസർക്കാരാണ് കേരളം ഭരിക്കുന്നത്. നാടകത്തിന്റെ അറസ്റ്റിന് ശേഷം 1990കൾക്ക് ശേഷം കെ.ജെ. ബേബിയുടെ നേതൃത്വത്തിൽ ആരംഭിച്ച കനവ് എന്ന സംഘടനയിലെ കുട്ടികളുമായിട്ടാണ് നാടുഗദ്ദിക രണ്ടാമത് അവതരിപ്പിക്കുന്നത്. വർഷങ്ങൾക്കു ശേഷം ഇ.കെ. നയനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാരിന്റെ ഭരണക്കാലത്തുതന്നെ *നാടുഗദ്ദിക* കാലിക്കറ്റ്യൂണിവേഴ്സിറ്റിയുടെ സിലബസ്സിന്റെ ഭാഗമായ പാഠ്യവിഷയമായിത്തീർന്നു എന്നതാണ് ചരിത്രനിയോഗം.

1990കൾക്കു ശേഷം നാടുഗദ്ദിക വീണ്ടും അവതരിപ്പിച്ചപ്പോൾ നാടകകൃത്ത് ഭാഗമായിരുന്ന ജനകീയ സംസ്കാരികവേദിയും, പ്രത്യാശാസ്ത്രങ്ങളും കേരളത്തിൽ

അവസാനിച്ച കാലഘട്ടമായിരുന്നു. പുതിയ നാടുഗദ്ദികയിലെ രംഗപാഠത്തിൽ ചെറിയ ചില മാറ്റങ്ങൾ വന്നു, പരുഷമായ രീതിയിലുള്ള രാഷ്ട്രീയ കടന്നാക്രമണങ്ങളില്ലാതെ വളരെ മയപ്പെട്ട രീതിയിലുള്ള അവതരണങ്ങളാണ് ഉണ്ടായത്. നാടകം മുന്നോട്ട് വച്ച ആശയ സംവാദത്തെ ഭരണക്കൂടം അധികാരം പ്രയോഗിച്ച് ഇല്ലായ്മചെയ്യാൻ ശ്രമിച്ചു. കേരളത്തിലെ ആദ്യകാലഘട്ടത്തിലെ രാഷ്ട്രീയ നാടകങ്ങൾ ചർച്ചചെയ്ത വിഷയം ഫ്യൂഡൽ കാലഘട്ടത്തിലെ കാർഷിക സമരങ്ങളായിരുന്നു, 'എല്ലാവരും ഒന്നാണ്' എന്ന ആശയമാണ് രാഷ്ട്രീയ നാടകങ്ങൾ മുന്നോട്ടു വച്ചത്. എന്നാൽ 'നാടുഗദ്ദിക' ചർച്ച ചെയ്ത് അധികാരവർഗ്ഗത്തിന്റെ ഭരണക്കൂടത്തെ സംഘടിതരായ തൊഴിലാളി കൾ പിടിച്ചെടുക്കുകയും തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കുന്നതുമാണ്. മാർക്സിന്റെ പ്രത്യായശാസ്ത്രത്തെ പൂർണ്ണമായി ഉൾക്കൊണ്ട നാടകമാണ് *'നാടുഗ ദ്ദിക'*. നാടുഗദ്ദിക ചർച്ച ചെയ്തത് അതിശക്തിമായ വർഗ്ഗസമരമാണ്,

ഭരണകൂടത്തിന് നാടുഗദ്ദികയെ നിശബ്ദമാക്കാൻ കഴിഞ്ഞില്ല എന്നതിന് തെളി വാണ് ജയിലിനുള്ളിലും, കോടതിമുറികളിലും നാടകത്തിന്റെ ഭാഗങ്ങൾ നാടകപ്ര വർത്തകർ അവതരിപ്പിച്ചു കൊണ്ടിരുന്നത്. കെ.ജെ. ബേബി നാടകത്തിലൂടെ ആദി വാസികളുടെ ദുരിതജീവിതം അവതരിപ്പിക്കുകമാത്രമല്ല ചെയ്തത് അദ്ദേഹത്തിന് കഴിയുന്നവിധത്തിൽ അവരുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ ശ്രമിച്ചു. ആദി വാസികുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിച്ച 'കനവ്' എന്ന കേന്ദ്രത്തിലൂടെ കെ.ജെ. ബേബി അവരുടെ ഭൗതീകജീവിതവുമായി നേരിട്ട്ബന്ധ പ്പെട്ടു. നാടകത്തിലെയും നോവലിലെയും കഥാപാത്രങ്ങൾ സ്വപ്നം കണ്ടിരുന്ന സമ ത്വസുന്ദരമായ ഒരിടമുണ്ട്, എല്ലാവരും എല്ലാവർക്കു വേണ്ടി ജീവിക്കാൻ കഴിയുന്ന ഒരു ഇടം, ആ സ്വപ്നത്തിന്റെ പ്രയോഗരൂപമാണ് 'കനവ്'

## കുറിപ്പുകൾ

| | | | | |
|---|---|---|---|---|
| 1. വേണുഗോപാൽ, പി.കെ. | അഭിമുഖം 11/8/2020 | (അനുബന്ധം. | | പേജ് : 270-272) |
| 2. ബേബി, കെ.ജെ. | അഭിമുഖം 11/8/2020 | ( | ,, | പേജ് : 243-247) |
| 3. വേണുഗോപാൽ, പി.കെ. | അഭിമുഖം 11/8/2020 | ( | ,, | പേജ് : 270-272) |
| 4. ഔസേപ്പ് കുഞ്ഞ് | അഭിമുഖം. 27/11/2018. | ( | ,, | പേജ് : 248-250) |
| 5. ബേബി, കെ. ജെ. | അഭിമുഖം. 27/11/2018. | ( | ,, | പേജ് : 243-247) |
| 6. രാജീവൻ, ബി. | അഭിമുഖം. 8/5/2019 | ( | ,, | പേജ് : 236-237) |
| 7. വാസു. എ (ഗ്രോവാസു) | അഭിമുഖം 28/11/2018. | ( | ,, | പേജ് : 251-252) |
| 8. ഔസേപ്പ്കുഞ്ഞ്. | അഭിമുഖം 27/11/2018 | .( | ,, | പേജ് : 248-250) |
| 9. ബേബി. കെ.ജെ. | അഭിമുഖം 27/11/2018. | ( | ,, | പേജ് : 243-247) |
| 10. ബേബി, കെ.ജെ. | അഭിമുഖം 27/11/2018 | ( | ,, | പേജ് : 243-247) |
| 11. ഔസേപ്പ് കുഞ്ഞ് | അഭിമുഖം 27/11/2020 | ( | ,, | പേജ് : 248-250) |
| 12. ബേബി, കെ.ജെ. | അഭിമുഖം 27/11/2018 | ( | ,, | പേജ് : 243-247) |
| 13. കൃഷ്ണൻ പയ്യോളി (ബട്ട് കൃഷ്ണൻ) 15/9/2020 | | ( | ,, | പേജ് : 253-254) |
| 14. ഔസേപ്പ് കുഞ്ഞ്. | അഭിമുഖം. 27/11/2018. | ( | ,, | പേജ് : 248-250) |
| 15. ബേബി, കെ.ജെ. | അഭിമുഖം 27/11/2018 | ( | ,, | പേജ് : 243-247) |

## അദ്ധ്യായം നാല്

# ക്രിസ്തുവിന്റെആറാംതിരുമുറിവും ആവിഷ്കാരസ്വാതന്ത്ര്യവും

അടിയന്തരാവസ്ഥയെ സർഗ്ഗാത്മകമായി പ്രതിരോധിച്ചവരുടെ തുടർപ്രവർത്തനങ്ങളായിരുന്നു 1978 ന് ശേഷം രൂപപ്പെട്ടുവന്ന ജനകീയസാംസ്കാരികവേദി. ജനകീയ സംസ്കാരികവേദി കുറച്ച്കാലം മാത്രമേ അതിജീവിച്ചുള്ളുവെങ്കിലും ആ പ്രസ്ഥാനം ഉയർത്തിയ പ്രത്യായശാസ്ത്രങ്ങൾ വീണ്ടും മുന്നോട്ടുപോയി. കലാപ്രവർത്തനങ്ങളെ ജനങ്ങളുടെ ഇടയിൽ അവതരിപ്പിച്ചു എന്നതാണ് സംസ്കാരികവേദിയുടെ പ്രവർത്തനളെ മറ്റ് പ്രസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കിയത്. തെരുവുനാടകങ്ങൾ, കവിയരങ്ങുകൾ, ചൊൽകാഴ്ചകൾ, ജനകീയവിചാരണ എന്നിവ സാംസ്കാരികവേദിയിലൂടെ ശക്തിപ്പെട്ടു. കലാപ്രവർത്തനങ്ങൾ സാധാരണക്കാരായ ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനും വേണ്ടിയാണ് സാംസ്കാരികവേദി പ്രവർത്തകർ തെരുവിനെ അരങ്ങാക്കി മാറ്റിയത്. തീവ്ര ഇടതുപക്ഷവുമായി അനുഭാവംപ്രകടിപ്പിച്ച ബുദ്ധിജീവികളുടെ കൂട്ടായ്മയായിരുന്നു സാംസ്കാരികാവേദി. ജനകീയസാംസ്കാരികവേദിയുടെ സംസ്ഥാനകമ്മറ്റിഅംഗമായിരുന്ന പി. എം. ആന്റണിയുടെ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തെ കുറിച്ചുള്ള പഠനമാണ് ഈ അദ്ധ്യായത്തിൽ നടത്തുന്നത്. ജനകീയ സംസ്കാരികവേദി പിരിച്ച് വിട്ടതിന് ശേഷമാണ് 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ രംഗാവതരണമുണ്ടാകുന്നത്.

**4. പി. എം ആന്റണി. ജീവിതം, നാടകം**

1951 ന് ആലപ്പുഴജില്ലയിലെ കാഞ്ഞിരംചിറമംഗലം കടലോരമേഖലയിൽ കയർതൊഴിലാളിയും ചവിട്ടുനാടകത്തിന്റെ ആശാനുമായ മിഖേയേൽ മൈക്കിൾ മാർഷ

ലിന്റെയും മറിയാമ്മയുടെയും എട്ടാമത്തെപുത്രനായി പി.എം.ആന്റണി ജനിച്ചു. സ്കൂൾവിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിച്ച് കയർതൊഴിൽ ചെയ്ത് ജീവിതം മുന്നോട്ട് പോകുമ്പോഴും ആന്റണിയുടെ ജീവിതത്തിന് പ്രതീക്ഷ നൽകിയത് മംഗലം ദേശസേവിനി വായനശാലയിലെ പുസ്തകങ്ങളാണ്. പ്രശസ്ത റഷ്യൻസാഹിത്യ കാരനായ ദെസ്തോവിസ്കിയുടെ 'കുറ്റവും ശിക്ഷയും' എന്ന നോവലിന്റെ സ്വാധീ നത്തിൽ ആന്റണി ആദ്യനാടകമായ 'രാസക്രിയ' പൂർത്തീകരിച്ചു, പിന്നീട് 'രക്ഷാ കവചം' എന്ന നാടകവും അവതരിപ്പിച്ചു. ദേശസേവിനി എന്ന ഗ്രന്ഥശാലയിലൂടെ പി. എം. ആന്റണി എന്ന നാടകപ്രവർത്തകൻ രൂപപ്പെട്ടുവന്നു. നാടകമാണ് തന്റെ തട്ടകം എന്ന് തിരിച്ചറിഞ്ഞ ആന്റണി 1968ൽ 'സൂര്യകാന്തി തിയേറ്റർ' എന്ന നാടക സംഘത്തിന് രൂപംകൊടുക്കുന്നു. *'ഒഴുക്കിലെ ഓളങ്ങൾ', 'ഗമനം', 'ഇരുട്ടിന്റെ സന്ത തികൾ'* തുടങ്ങിയ നാടകങ്ങളിലൂടെ കടലോരമേഖലകളിലെ മനുഷ്യർ അഭിമുഖീക രിക്കുന്ന പ്രശ്നങ്ങൾ ആന്റണി അരങ്ങിൽ എത്തിച്ചു. 1975ൽ ആന്റണി ഗ്രേസിയെ വിവാഹം കഴിച്ചു. കേരള സർക്കാർ സംഘടിപ്പിച്ച പ്രൊഫഷണൽ നാടക മൽസര ത്തിൽ ആന്റണി എഴുതി 'കടലിന്റെ മക്കൾ' മികച്ച നാടകമായി തിരഞ്ഞെടുത്തതോടെ പി. എം. ആന്റണി എന്ന നാടക പ്രവർത്തകനെ സാംസ്കാരിക കേരളം ശ്രദ്ധിക്കു ന്നത്. ലോകത്തിന്റെ പലഭാഗങ്ങളിലുംഉണ്ടായ വിപ്ലവപ്രസ്ഥാനങ്ങൾ ആന്റണി എന്ന നാടകപ്രവർത്തകനെ സ്വാധീനിച്ചു. മികച്ച നാടകത്തിനുള്ള സംസ്ഥാന സർക്കാ രിന്റെ അവാർഡ് കരസ്ഥമാക്കിയ ആന്റണിയ്ക്ക് ആശയപരമായി പ്രൊഫഷണൽ നാടകങ്ങളെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. കോടതി, ജയിൽ, വിചാരണ, ഒളിവ് ജീവിതം എന്നിവയിലൂടെ കടന്നുപോയ പി.എം. ആന്റണി ജനകീയസാംസ്കാരിവേദിയിൽ 'മോഹൻദാസ്' എന്ന അപരനാമത്തിലാണ് പ്രവർത്തിച്ചത്. പി.എം. ആന്റണി വിപ്ലവ ത്തിന്റെ പാതയിലേക്ക് സഞ്ചരിക്കാൻ തുടങ്ങുന്ന നാടകങ്ങളായിരുന്നു *'ആഗ്നേയസ്ത്രം', 'അഗ്നികവാടം', 'നരപർവ്വവും'* തുടങ്ങിയവ വ്യക്തമായ രാഷ്ട്രീയ നിലപാടുകളും, എന്തിനേയും നേരിടാനുള്ള കരുത്തുമാണ് ആന്റണിയുടെ നാടക പ്രവർത്തനങ്ങൾക്ക് കരുത്ത് നൽകിയത്. ജനകീയസംസ്കാരിവേദിയുടെ സർഗ്ഗാ ത്മകപ്രവർത്തനങ്ങൾ പി.എം. ആന്റണിയെ സ്വാധിനിച്ചു. സംസ്കാരികവേദിയുടെ സംസ്ഥാനകമ്മറ്റിയംഗത്വവും ആലപ്പുഴജില്ലയുടെ നേതൃത്വവും പി.എം. ആന്റണി യിൽ അർപ്പിതമായി. 1980 ഡിംസബറിൽ കാഞ്ഞിരം ചിറയിലെ സോമരാജൻ എന്ന കയർ ഫാക്ടറി മുതലാളിയെ നക്സൽ പ്രവർത്തകർ ഉൻമൂലനം ചെയ്തപ്പോൾ പി. എം. ആന്റണി ആ കേസ്സിൽ പ്രതിചേർക്കപ്പെട്ടു.

1981ൽ ജനകീയസംസ്കാരികവേദി പിരിച്ചുവിട്ടതിനുശേഷമാണ് പി.എം. ആന്റണിയുടെ പ്രധാനപ്പെട്ട രാഷ്ട്രീയ നാടകങ്ങൾ അവതരിപ്പിക്കുന്നത്. ജനകീയ സംസ്കാരികവേദിയുടെ ശ്രദ്ധയമായ നാടകമായ *'സ്പോർട്ടക്കാസ്'*, ആന്റണി ആലപ്പുഴ സൂര്യകാന്തി തിയേറ്ററിനുവേണ്ടി വീണ്ടും അവതരിപ്പിച്ചു. സൂര്യകാന്തി തിയേറ്റസ് ഏറ്റവും കൂടുതൽ വേദികളിൽ അവതരിപ്പിച്ച നാടകമായിരുന്നു *'സ്പാർട്ടക്കാസ്'* 1985ൽ ആലപ്പുഴ സെക്ഷൻകോടതി സോമരാജൻ വധവുമായി ബന്ധപ്പെട്ട് ആന്റണിക്ക് ആറ്മാസം ജയിൽശിക്ഷവിധിച്ചു. ഈ കേസ്സുമായി ബന്ധപ്പെട്ടു മുന്നോട്ട് പോകുമ്പോഴാണ് *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'* എന്ന നാടകം അവതരിപ്പിക്കുന്നത്. നാടകത്തിന്റെ നിരോധനം, കേസ്സ് എന്നിവ രണ്ടരവർഷം നീണ്ടു. ഇതിനിടയിൽ തൊടുപുഴ സെക്ഷൻകോടതി ആന്റണിയുടെ ജയിൽശിക്ഷ ജീവപര്യന്തമാക്കിഉയർത്തി. ആന്റണി ജയിലിൽനിന്ന് പരോളിൽവന്നസമയത്ത് *'അമ്മ'*, *'സ്വാതന്ത്രം അല്ലെങ്കിൽ മരണം'* എന്നീനാടകങ്ങൾ സംവിധാനം ചെയ്തു. വി. എൻ. ധർമ്മൻ എഴുതിയ 'സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം' എന്ന നാടകത്തിന് കേരള സംഗീതനാടകഅക്കാദമി പി. എം. ആന്റണിയെ മികച്ച സംവിധായകനായി തിരഞ്ഞെടുത്തു. (1988) *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'* എന്ന നാടകത്തിലൂടെ ക്രിസ്ത്യൻ സഭകളെ കടന്നക്രമിച്ച ആന്റണി *വിശുദ്ധപാപങ്ങൾ* എന്ന നാടകത്തിലൂടെ അതിരൂക്ഷമായ ഭാഷയിൽ സഭയുടെ അധികാരത്തെ ചോദ്യംചെയ്തു. ജയിലിൽ കിടക്കുമ്പോൾ പി. എം. ആന്റണി എഴുതിയ നാടകങ്ങളാണ് *'വിശുദ്ധപാപങ്ങളും'*, *'സ്നേഹപൂർവ്വം മണ്ഡേലയ്ക്ക് വിന്നി'* 1992 ൽ *'മണ്ഡേലയ്ക്ക് സ്നേഹപൂർവ്വം വിന്നി'* എന്ന നാടകം കേരളസാഹിത്യഅക്കാദമി അവാർഡിന് അർഹമായി. പി.എം.ആന്റണിയുടെ ജയിൽശിക്ഷ കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള സംസ്കാരിക നേതാക്കളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ 1992 ൽ പി.എം. ആന്റണിയെ ജയിൽ മോചിതനാക്കി. കേസ്, ജയിൽ, കോടതി, ഒളിവ് ജീവിതം എന്നിവയിലൂടെയാണ് പി.എം. ആന്റണി എന്ന നാടകപ്രവർത്തകന്റെ കലാജീവിതം കടന്നു പോകുന്നത്. തോപ്പിൽഭാസി 'സോമൻ' എന്ന പേരിൽ ഒളിവിൽ കഴിഞ്ഞുകൊണ്ട് നാടകങ്ങൾ അവതരിപ്പിച്ചതുപോലെയാണ് ആന്റണിയുടെ ജീവിതവും കടന്നുപോയത്. ജയിൽമോചിതനായ പി. എം. ആന്റണി ഇറാക്കിലെ അമേരിക്കൻ അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ *'ടെററിസ്റ്റ്'*, നവോദ്ധാന നായകനായ 'അയ്യങ്കാളി'യുടെ ജീവിതത്തെ

ആസ്പദമാക്കി *'അയ്യങ്കാളി'* എന്നീ നാടകങ്ങൾ അവതരിപ്പിച്ചു. അരങ്ങിന്റെ സ്വഭാവം മാറിമറിയുന്ന പുതിയകാലഘട്ടത്തിൽ ഗാനമേളയും മെഗാഷോകളും മിമിക്സ്പരേഡും വേദികളിൽ നിറഞ്ഞു. നാടകത്തിന്റെ രംഗാവതരണങ്ങൾ കുറഞ്ഞുവന്ന 1990കൾക്ക് ശേഷമുള്ള കാലഘട്ടത്തിൽ നാടകവുമായി പി.എം. ആന്റണി നേരിട്ടു ജനങ്ങളെ കാണാൻ തീരുമാനിച്ചു. 'അരങ്ങത്ത് നിന്ന് അടുക്കളയിലേയ്ക്ക്' എന്ന ആപ്തവാക്യവുമായി ചെറിയ നാടകങ്ങളുമായി പി.എം. ആന്റണിയും സംഘവും കേരളത്തിലെ പല ഭാഗങ്ങളിലൂടെയും നാടകയാത്ര ചെയ്തു. അധികാരത്തോടെ നിരന്തരംകലഹിച്ച ആന്റണി മതങ്ങൾ സൃഷ്ടിച്ച മതിലുകളിൽ കുടുങ്ങിയില്ല. സ്വന്തം മകളുടെ കല്യാണം തന്നെ ജനകീയമായി ആചാരങ്ങൾ ഇല്ലാതെനടത്തി. 2011 ഡിസംബർ 22 ന് പി.എം. ആന്റണി അന്തരിച്ചു. മരണത്തിലും മതത്തിനോട് അടിയറവ് പറയാതെ പി. എം. ആന്റണിയുടെ ഭൗതികശരീരം സ്വന്തംവീട്ട്മുറ്റത്ത് ദഹിച്ചുതീർന്നു. ലോകത്തെ നോക്കികണ്ട കണ്ണുകൾ ആന്റണിയുടെ താൽപര്യപ്രകാരം മരണശേഷം ദാനം ചെയ്തു. വിട്ടുവീഴ്ചകളില്ലാത്ത രാഷ്ട്രിയദർശനം തന്നെയായിരുന്നു ആന്റണിയുടെ ജീവിതവുംകലാപ്രവർത്തനങ്ങളും. "ഓർക്കുമ്പോൾ ദു:ഖത്തെക്കാളേറെ ആത്മാഭിമാനം തോന്നുന്ന ബന്ധം. ആത്മാവിൽ ക്ഷതമേൽക്കുമ്പോൾ ചോരയൊഴുക്കുന്ന സർഗ്ഗീയതയുടെ പ്രവാചക സാന്നിധ്യം, കയറിന്റെ ഊടും പാവും നെയ്തെടുക്കുംപോലെ നാടകത്തിൽ ദൃശ്യശ്രവ്യങ്ങളെ, ദേശകാലങ്ങളെ ഇഴയടുപ്പത്തിൽ വിന്യസിക്കുന്ന വിശ്വമാനവികതയുടെ ആവേശം. അദ്ദേഹത്തിന്റെ സാമൂഹ്യബോധത്തിനു ചന്ദ്രന്റെ തണുപ്പിലുമേറെ നട്ടുച്ചയുടെ തീക്ഷണതയുണ്ടായിരുന്നു." (നാരായണപണിക്കർ, കാവാലം.2012:7)

## 4.1 പി. എം. ആന്റണിയുടെ നാടകങ്ങൾ ഒരു പഠനം

### 4.1.1 'വിശുദ്ധപാപങ്ങൾ'

"ചരിത്രത്തിൽ തിരിമറികളിൽപ്പെട്ട് അവിശുദ്ധവസ്തുക്കൾ വിശുദ്ധവസ്തുക്കളാവുകയും അവ വീണ്ടും അവിശുദ്ധവസ്തുക്കളായി മാറുകും ചെയ്യുന്നു. ഇതാ ഈ കുരിശ്ശ് പണ്ട് റോമൻ ഭരണക്കൂടത്തിന്റെ നിന്ദ്യമായ പീഢന ഉപകരണമായിരുന്നു. സ്പാർട്ടക്കാസിനെപോലുള്ള വിപ്ലവകാരികളെ തറച്ച്കൊന്ന കുരിശ്ശ് ക്രിസ്തുവിന്റെ വധത്തിന് ശേഷം വിശുദ്ധവസ്തുവായി മാറി" (ആന്റണി പി.എം. 2007 :68)

*'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'* എന്ന നാടകത്തിനുശേഷം പി. എം. ആന്റണി എഴുതിയ നാടകമാണിത്. ക്രിസ്ത്യൻ സഭകളോടും പുരോഹിതൻമാരോടും

പി.എം. ആന്റണി എന്ന നാടകകാരൻ ശക്തമായി പ്രതികരിക്കുന്ന നാടകമാണിത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ജർമ്മനിയിലാണ് നാടകത്തിന്റെ കഥാതന്തു വികസിക്കുന്നത്. ജൂതൻമാരെ ഹിറ്റ്ലറുടെ നേതൃത്വത്തിൽ കൂട്ടക്കൊല ചെയ്യുമ്പോഴും നിശബ്ദതപാലിക്കുന്ന ക്രിസ്ത്യൻസഭയ്ക്ക് എതിരെയുള്ള പ്രതിഷേധമാണ് *'വിശുദ്ധപാപങ്ങൾ'* . എപ്പിക് രീതിയിലാണ് നാടകത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്, വിദൂഷകൻ ജർമ്മനിയുടെ ചരിത്രത്തെ വിവരിച്ച് തരുകയും അയാൾ നാടകത്തിന്റെ രംഗങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. ജൂതരെ കൂട്ടക്കൊല ചെയ്യുന്നതിൽ ആനന്ദംകണ്ടെത്തുന്ന ഒരുകൂട്ടം സാഡിസ്റ്റുകളാണ് ഈ നാടകത്തിലെ കേന്ദ്ര കഥാപാത്രങ്ങൾ. ജർമ്മനിയുടെ ഏറ്റവും നീചമായ ഒരു ഇരുണ്ടകാലഘട്ടത്തെ നാടകത്തിലൂടെ അവതരിപ്പിക്കാൻ പി. എം. ആന്റണിക്ക് കഴിഞ്ഞു. ജൂതക്കൂട്ടക്കൊലയ്ക്ക് നേതൃത്വംകൊടുത്ത യുദ്ധവെറിയനായ 'ബാരൻറൂട്ട്', എന്ന പട്ടാളക്കാരൻ, 'പ്രൈസില്ല' എന്ന മന്ത്രിസഭാംഗം , 'അഡോൾഫ് ഹിച്ച്മാൻ' എന്ന ഹോട്ടലുടമയും കൊല്ലപ്പെടുന്ന ജൂതരുടെ തലയോടുകൾ സൂക്ഷിക്കുന്ന ഡോക്ടർ എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. ഹിറ്റ്ലറെ രംഗത്തവതരിപ്പിക്കാതെ അയാളുടെ കിങ്കരൻമാരിലൂടെയാണ് നാടകം നിർമ്മിച്ചിരിക്കുന്നത്. ജർമ്മനിയുടെ ചരിത്രം നന്നായി ഗവേഷണം ചെയ്തിട്ടാണ് പി.എം. ആന്റണി നാടകം എഴുതിയിരിക്കുന്നത്.

"മനുഷ്യരെ ആദ്യമായി തീയിലിട്ട് കൊല്ലാൻ ലോകത്തെ പഠിപ്പിച്ചത് കത്തോലിക്ക സഭാണല്ലോ തിരുമനസ്സേ, ബ്രൂണയെപ്പോലെ തീയിൽ വെന്ത് മരിച്ച ആയിരങ്ങളുടെ ആത്മാവ് സഭയെ ശ്വാസം മുട്ടിച്ച് കൊന്നുവോ? കേട്ടോ ഫാദർ, നമ്മുടെ തിരുസഭ ശത്രുക്കളെ തീയിലിട്ടു കൊന്നില്ലായിരുന്നുവെങ്കിൽ ഈ ഗ്യാസ് ചേംബർ എന്ന ആശയം തന്നെ ഞങ്ങൾക്കു തോന്നുമായിരുന്നോ എന്നത് സംശയകരമാണ്" (ആന്റണി, പി.എം. 2007:117)

*"ക്രിസ്തുവിന്റെ ആറാം തിരുമുറിവി"*ന് ശേഷം ക്രിസ്ത്യൻ സഭകളോടുള്ള ആന്റണിയുടെ സമരമായിട്ടാണ് ഈ നാടകത്തെ കാണേണ്ടത്. ഒരു തരം ഡോക്യുമെന്ററിയുടെ സ്വഭാവമുള്ളതിനാൽ ഈ നാടകം കൂടുതൽ വേദികളിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

#### 4.1.2 മണ്ഡേലയ്ക്ക് സ്നേഹപൂർവ്വം വിന്നി

"വിന്നി : കഴിഞ്ഞ എത്രയോ വർഷങ്ങളായി പിതൃഭൂമിയ്ക്കു വേണ്ടി ഞങ്ങളുടെ കുഞ്ഞുങ്ങൾ മരിച്ചു വീഴുന്നു. അതിനു നിങ്ങളുടെ സഹതാപം വേണമെന്നില്ല. ഞങ്ങളുടെ ഭൂമി കവർന്നെടുത്തിട്ട് ഞങ്ങളെ പിൻവാതിലിലൂടെ ചവിട്ടിപ്പുറത്താക്കാൻ ഞങ്ങൾ സമ്മതിക്കണം അല്ലേ?" (2007 :135)

കാഞ്ഞിരംചിറ സോമരാജൻ വധക്കേസ്സിൽ പ്രതിചേർക്കപ്പെട്ട് തിരുവനന്തപുരം സെൻട്രൽജയിലിൽ കഴിഞ്ഞ മൂന്ന്വർഷത്തിനുള്ളിൽ പി.എം. ആന്റണി എഴുതിയ നാടകമാണ് *'മണ്ഡേലയ്ക്ക് സ്നേഹപൂർവ്വം വിന്നി'.* ആന്റണി ജയിലിൽകിടന്ന്നാടകം എഴുതുമ്പോൾ പ്രധാനകഥാപാത്രമായ നെൽസൺ മണ്ഡേല ജയിലിലും, ഭാര്യ വിന്നി വീട്ടുതടങ്കലിലുമായിരുന്നു എന്നത് യാദൃശ്ചികം. ഒരു കത്ത് അവസാനിക്കുമ്പോൾ അഭിസംബോധന ചെയ്യുന്ന വാക്യമാണ് നാടകത്തിന്റെ പേരായി തെരഞ്ഞെടുത്തത്. സ്വന്തംമണ്ണിൽ അടിമകളായി കഴിയേണ്ടിവന്ന ആഫ്രിക്കയിലെ കറുത്ത മനുഷ്യരുടെ പോരാട്ടമാണ് നാടകം. ജയിലിൽ കഴിയുന്ന മണ്ഡേലയ്ക്ക് ഭാര്യയായ വിന്നി കത്തുകളിലൂടെ അവരുടെ സ്നേഹവും, രാഷ്ട്രീയവും, പ്രതീക്ഷകളും കൈമാറുന്നു. സ്വാതന്ത്ര്യസമരത്തിന്വേണ്ടി ശക്തമായി പോരാടുന്ന സ്ത്രീകഥാപാത്രമാണ് നാടകത്തിലെ വിന്നി. ഒരു കൈയിൽ ബൈബിളും, കുരിശ്ശും മറുകൈയിൽ യന്ത്രത്തോക്കുമായി കറുത്തമനുഷ്യരെ വേട്ടയാടിപിടിച്ച് അടിമകളായി വിൽക്കുന്ന പാതിരിമാരിലൂടെയാണ് നാടകം ആരംഭിക്കുന്നത്. ആഫ്രിക്കയുടെ  ചരിത്രത്തെ വിവരിക്കുന്നത് ജോസിനെ എന്നവൃദ്ധകഥാപാത്രമാണ്. ഒരു രാജ്യത്ത് രണ്ടാംതരം പൗരൻമാരായി ജീവിക്കേണ്ടിവരുന്ന കറുത്തവർഗ്ഗക്കാരന്റെ സമാധാനപരമായസമരങ്ങളെ വെള്ളക്കാർ യന്ത്രതോക്കുകൾ കൊണ്ടാണ് അടിച്ചമർത്തിയത്. പോലീസ് സ്റ്റേഷൻ,കോടതി, സ്കൂൾ എന്നിവയെല്ലാം വെള്ളക്കാർക്ക് വേണ്ടി അഥവാ ഭരണവർഗ്ഗത്തിന് അധികാരം നിലനിർത്താനാണ് പ്രവർത്തിക്കുന്നത്. റോബൻ ദ്വീപിലെ തടവറയിൽ നിന്ന് നെൽസൺ മണ്ഡേല സ്വാതന്ത്രനായി, ഒരു വലിയ ചലിക്കുന്ന ന്യൂസ്പേപ്പർ മനുഷ്യനായി മാറുമ്പോഴാണ് നാടകം അവസാനിക്കുന്നത്.

#### 4.1.3 അയ്യങ്കാളി

"കാളി അടിയാള കുട്ട്യോളെ പള്ളിക്കൂടത്തി ചേർത്ത് അച്ചരം പഠിപ്പിക്കാൻ ശമ്മതിച്ചില്ലെങ്കി നാളെ മൊതൽ ഒറ്റ അടിയാളനും തമ്പ്രാക്കമ്മാരുടെ പാടത്തില് വേലയ്ക്ക് എറങ്ങണില്ല. മേലാളൻമാരുടെ പാടത്ത് അടിയാങ്ങള് പണിയെടുത്തില്ലെങ്കി അവിടെ നെല്ല് വിളയമാട്ടെ. അവിടെ മൊട്ടി പുല്ല് താൻ വെളയും" (2007 :215)

പൊതുഇടങ്ങളിൽ നിന്ന് തീണ്ടാപ്പാടകലെ നിർത്തപ്പെട്ട അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ട മനുഷ്യരുടെ കരുത്തുള്ള ശബ്ദമായി മാറിയ അയ്യങ്കാളിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി പി.എം. ആന്റണി എഴുതിയ നാടകമാണ് *'അയ്യങ്കാളി'.* പട്ടിയ്ക്കും, പൂച്ചയ്ക്കും സഞ്ചരിക്കാൻ കഴിയുന്ന റോഡുകളിൽ സഞ്ചാരസ്വാതന്ത്ര്യം നിക്ഷേധിക്കപ്പെട്ട് അടിമകളായി വയലുകൾ പണിയെടുത്ത ഒരു മനുഷ്യവംശത്തിന്റെ ഗാഥയാണ് അയ്യങ്കാളി എന്ന നാടകത്തിലൂടെ അവതരിപ്പിച്ചത്. നാട്ടുകാർ സ്നേഹത്തോടെ 'ഊർപിള്ളേ' എന്ന് വിളിച്ച അയ്യങ്കാളിയുടെ കുട്ടികാലത്ത് നിന്നാണ് നാടകം ആരംഭിക്കുന്നത്. ഒരു ആയുഷ്ക്കാലം മുഴുവൻ മനുഷ്യരായി പരിഗണിക്കാതെ അടിച്ചമർത്തപ്പെട്ട മണ്ണിന്റെ മക്കളുടെ അതിജീവനവും സഹനവും പോരാട്ടവുമാണ് നാടകത്തിൽ പ്രതിപാദിക്കുന്നത്. 'ഊർപിള്ള' എന്ന ചെറിയ കുട്ടിയിൽ നിന്ന് ഫ്യൂഡലിസത്തിന്റെ വർണ്ണവെറിയുടെ പത്തി ഒടിക്കാൻ കഴിയുന്ന അയ്യൻകാളിയിലേയ്ക്കുള്ള ഒരു മനുഷ്യന്റെ വളർച്ചയിലൂടെയാണ് നാടകം പുരോഗമിക്കുന്നത്. കീഴ്ജാതിക്കാർക്ക് പഠിക്കാൻ വേണ്ടിയുള്ള പോരാട്ടങ്ങൾ, മഹാത്മഗാന്ധിയുടെ സന്ദർശനം, വില്ലുവണ്ടിസമരം എന്നീ ചരിത്രസംഭവങ്ങൾ നാടകത്തിൽ പ്രതിപാദിക്കുന്നുണ്ട്. അടിയാള വർഗത്തിന്റെ ചരിത്രത്തിലെ ഒരു രഥോൽസവമായിരുന്നു അയ്യങ്കാളിയുടെ വില്ലുവണ്ടിയാത്ര എന്ന് കോറസ്സിനെകൊണ്ട് പി.എം.ആന്റണി പറയിപ്പിക്കുന്നത് എത്രമാത്രം യഥാർത്ഥമാണ്. മനുഷ്യാവകാശം നിഷേധിക്കപ്പെട്ട ഇരുപതാം നൂറ്റാണ്ടിലെ കേരളത്തെ അടയാളപ്പെടുത്താൻ അയ്യങ്കാളിയിലൂടെ പി.എം. ആന്റണിയ്ക്ക് കഴിഞ്ഞു. ജാതിയമായ ഉച്ചനീചത്വങ്ങൾ കാരണം ക്രിസ്തുമതത്തിൽ ചേരുമ്പോഴും ക്രിസ്ത്യാനികൾക്ക് ഇടയിൽ കീഴ്ജാതിക്കാരൻ നേരിടുന്ന അവഗണനയെ ജ്ഞാനസ്നാന രംഗത്തിലൂടെ അവതരിച്ചിട്ടുണ്ട്.

"വൈദികൻ : (മറ്റൊരുവന്റെ തലയിൽ കൈവച്ച്) കാരുണ്യവാനായ ദൈവത്തിന്റെ നാമത്തിൽ നിന്നെ ഞാൻ 'പൗലോസെയെന്നു നാമകരണം ചെയ്യുന്നു. പത്രോസെ, ഈ നിൽക്കുന്ന പൗലോസിന് വസ്ത്രം കൊടുക്കൂ.

പത്രോസ്: വാടാ കോരമ്പറയനേ

വൈദികൻ : പത്രോസേ (ശാസനാസ്വരം)

പത്രോസ് : ക്ഷമിക്കണമച്ചോ, തൊട്ടുമുമ്പ് വരെ കോരമ്പറയനെന്നു വിളിച്ചവനെ പൗലോസെയെന്നു വിളിക്കാൻ നാവുവഴങ്ങുന്നില്ല അച്ചാ" (ആന്റണി, പി.എം. 2007 : 195)

### 4.1.4 ടെററിസ്റ്റ്

"നമ്മുടെ യുദ്ധവിരുദ്ധത, അമേരിക്കൻ വിരുദ്ധത പലപ്പോഴും വെറും ജാഡയാണല്ലോ" (ആന്റണി, പി.എം. 2008, ആമുഖം)

ലോകരാജ്യങ്ങൾക്കിടയിൽ ആയുധങ്ങൾ വിതരണം ചെയ്യുകയും, അതേ സമയം സമാധാനം സ്ഥാപിക്കുന്നു എന്ന പേരിൽ രാജ്യങ്ങളിൽ കടന്ന്കയറ്റം ചെയ്യുന്ന അമേരിക്ക എന്ന, രാജ്യത്തിന്റെ ഇരട്ടത്താപ്പിനെകുറിച്ചാണ് *'ടെററിസ്റ്റ്'* എന്ന നാടകത്തിൽ പി.എം. ആന്റണി പ്രതിപാദിക്കുന്നത്. പി.എം. ആന്റണിയുടെ നാടകങ്ങളുടെ ഇതിവൃത്തം പലരാജ്യങ്ങളിലാണ് നടക്കുന്നത്. *'വിശുദ്ധപാവങ്ങൾ'* (ജർമ്മനി) *'മണ്ടേലയ്ക്ക് 'സ്നേഹപൂർവ്വം വിന്നി'* (ദക്ഷിണാഫ്രിക്ക, *'ടെററിസ്റ്റ്'* (ഇറാക്ക്) അങ്ങനെ പലരാജ്യങ്ങളുടെ ചരിത്രത്തിലൂടെയാണ് പി.എം. ആന്റണിയുടെ നാടകങ്ങൾ സഞ്ചരിക്കുന്നത്. ഇറാക്ക് യുദ്ധത്തിന്റെ പശ്ചാത്തലത്തിലുള്ള *'ടെററിസ്റ്റ്'* എന്ന നാടകത്തിൽ പ്രതിനായകനായി നിൽക്കുന്നത് അമേരിക്ക തന്നെയാണ്. ഈ നാടകത്തിലും വത്തിക്കാനും പോപ്പും കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ കടന്ന് വരുന്നുണ്ട്.

ഇറാക്ക് യുദ്ധത്തിനിടയിൽ നിന്ന് ജീവൻരക്ഷിക്കാൻ വേണ്ടി ഓടിഒളിക്കുന്ന പ്രൊഫസർ, തസ്ലീമ, ഇമാം, അൽത്താസ് എന്നീ കഥാപാത്രങ്ങളിലൂടെയാണ് നാടകം പുരോഗമിക്കുന്നു. ഇറാക്കിന്റെ ചരിത്രം, സദ്ദാംഹുസൈന്റെ പോരാട്ടങ്ങൾ എന്നിവയെ നാടകത്തിൽ പ്രതിപാദിക്കുന്നു. നാടകത്തിലുടനീളം പ്രൊഫസർ എന്ന കഥാപാത്രം സോവിയേറ്റ് യൂണിയനെയും സ്റ്റാലിനെയും കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

രംഗം –

"പ്രൊഫസർ : യുദ്ധം തകർത്തെറിഞ്ഞ സോവിയേറ്റ് റഷ്യയെ പത്ത് വർഷങ്ങൾകൊണ്ട് ലോകരാഷ്ട്രങ്ങളോടൊപ്പമെത്തിച്ച ഉരുക്ക്മനുഷ്യനായിരുന്നു സ്റ്റാൻലിൻ. സ്റ്റാലിന്റെ സോവിയറ്റ് റഷ്യ ഇന്നുണ്ടായിരുന്നെങ്കിൽ ബുഷും, ബ്ലയറും ഈ മണ്ണിൽ കാലുകുത്തുമായിരുന്നില്ല. എത്രയോ ചെറിയ രാജ്യങ്ങളെയാണ് ഈ സാമ്രാജ്യത്വഭീകരൻമാരിൽ നിന്ന് സേവിയേറ്റ് റഷ്യ രക്ഷിച്ചിട്ടുള്ളത്. " (ആന്റണി,പി.എം. 2007:51) മരണഭീതിയിൽ ഒളിച്ചു കഴിയുന്ന തസ്ലീമ എന്ന പെൺകുട്ടി ഇറാക്കിന്റെ സ്വാതന്ത്ര്യത്തിന്വേണ്ടി ചാവേർആകുന്നിടത്താണ് നാടകം അവസാനിക്കുന്നത്.

**4.1.5 അമേരിക്കൻ മോഡൽ അറബിക്കടലിൽ**

"പ്രതികരണശേഷിയില്ലാത്ത ഒരു ജനതയ്ക്ക് മുമ്പിൽ പ്രതികരിച്ചിരുന്ന ഒരു സമൂഹത്തെ കാണിക്കാനാണ് പുന്നപ്രവയലാർ എഴുതിയത്" (ആന്റണി, പി.എം. 2012:ആമുഖം)

തിരുവിതാംകൂർ ദിവാൻ ആയിരുന്ന സർ. സി.പി രാമസ്വാമിഅയ്യരുടെ പട്ടാള ത്തിനെതിരെ ചീകികൂർപ്പിച്ച വാരികുന്തവുമായി പോരാട്ടംനടത്തിയ ഒരു ജനതയുടെ വിപ്ലവവീര്യത്തെ ഓർമ്മിപ്പിക്കുന്ന തെരുവ് നാടകമാണ്, *'അമേരിക്കൻ മോഡൽ അറ ബിക്കടലിൽ'* കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മറക്കാനാവാത്ത ഏടുക ളിൽ ഒന്നാണ് പുന്നപ്ര- വയലാർ കർഷകസമരം. പുന്നപ്ര വയലാർ സമരങ്ങളിൽ പങ്കെടുത്ത സൈമൻ ആശാൻ, കെ.വി. പത്രോസ്, കുമാരപണിക്കർ, ഭാസ്കരൻ, പി. കെ. ചന്ദ്രാനന്ദൻ എന്നിവരാണ് ഈ നാടകത്തിലെ പ്രധാനകഥാപാത്രങ്ങൾ. കർഷ കതൊഴിലാളികളുടെ അവകാശങ്ങളെ അടിച്ചമർത്തിയ ജൻമിമാർക്ക് ഒത്താശ ചെയ്തു കൊടുത്ത ദിവാന്റെ ഭരണം പുന്നപ്ര- വയലാർ സമരത്തിലൂടെയാണ് അന്ത്യം കുറി ക്കുന്നത്. വിപ്ലവംചവിട്ടികുഴച്ച മണ്ണിന്റെ പഴയ പോരാട്ടവീര്യത്തെ ആന്റണി കഥാ ബീജമായി തെരഞ്ഞെടുത്തത്. മുതലാളിമാർ തൊഴിലാളികളെ ക്രൂരമായി മർദ്ദിക്കുന്ന രംഗത്തിലാണ് നാടകം ആരംഭിക്കുന്നത്. മുതലാളിമാർക്ക് തൊഴിലാളികളെ തല്ലാനും കൊന്ന് വയലിൽ താഴ്ത്താനും കഴിയുമായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്.

അധികാരി വർഗ്ഗത്തിനെതിരെ നിരാലമ്പരായ തൊഴിലാളികൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽകീഴിൽ അണിനിരന്ന്പോരാട്ടംനടത്തുന്ന കാലഘട്ടത്തിൽ നിന്നാണ് നാടകത്തിന്റെ ഇതിവൃത്തം പുരോഗമിക്കുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എന്താണെന്ന് സൈമൻ ആശാന്റെ വാക്കുകളിലൂടെ നാടകകൃത്ത് വളരെ വ്യക്തമായി സൂചിപ്പി ക്കുന്നു. "നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് നമ്മൾ തന്നെയാണ്. നമു ക്കുവേണ്ടി സമരം ചെയ്യേണ്ടത് പാർട്ടിയല്ല. നമ്മളാണ്, കമ്മ്യൂണിസ്റ്റുകൾക്ക് ചില മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ കഴിയും. പാർട്ടിയെന്നു വച്ചാൽ നമ്മളാണ്, നമ്മളി ല്ലാതെ പാർട്ടിയില്ല"(ആന്റണി, പി.എം. 2012:39). നേതാക്കൾ എപ്പോഴും അധികാ രത്തോടും അധികാരസ്ഥാപനങ്ങളോടും ചേർന്ന് നിൽക്കുന്നതും ഈ നാടകത്തിൽ സൂചിപ്പിക്കുന്നുണ്ട്. പോലീസിന്റെ വെടിയുണ്ടകളെ അവഗണിച്ച് തൊഴിലാളികൾ മുന്നേറുമ്പോഴാണ് നാടകം അവസാനിക്കുന്നത്.

### 4.2 പി.എം. ആന്റണിയുടെ രചനാഭാഷ

1970 കൾക്ക് ശേഷമാണ് പി.എം. ആന്റണിയുടെ നാടകങ്ങൾ രൂപപ്പെട്ട് വന്നത്. ആലപ്പുഴ മംഗലം കടലോരമേഖലകളിലെ ജീവിതങ്ങളാണ് പി.എം. ആന്റണിയുടെ ആദ്യകാലനാടകങ്ങളിൽ നിറഞ്ഞ് നിൽക്കുന്നത്. കടലിന്റെ ആഴവും, പരപ്പും തിര മാലകളുടെ താളവുമായിരിക്കാം പി.എം. ആന്റണി എന്ന എഴുത്തുകാരനെ പരുവ

പ്പെടുത്തിയെടുത്തത്. മംഗലം ദേശസേവിനി വായനശാലയിൽ നിന്ന് വായിച്ച ലോക ക്ലാസിക്ക് കൃതികൾ ആന്റണിയുടെ രചനയെ വളരെ സ്വാധീനിച്ചതായി കാണാം. കടലോരമേഖലകളിലെ മനുഷ്യ ജീവിതങ്ങളാണ് ആദ്യകാല നാടകങ്ങളായ 'ഒഴുക്കിലെ ഓളങ്ങൾ', 'ഇരുട്ടിന്റെ സന്തതി', 'കടലിന്റെ മക്കൾ' തുടങ്ങിയവയിൽ നിറഞ്ഞ് നിൽക്കുന്നത്. മാർക്സിസ്റ്റ് ആശയങ്ങളോടുള്ള ആന്റണിയുടെ തീവ്രമായ അടുപ്പമാണ് എല്ലാ രചനകളിലും ദർശിക്കാൻ കഴിയും. കേരളത്തിലെ രാഷ്ട്രീയ നാടകങ്ങളുടെ തുടർച്ചയെന്ന നിലയ്ക്കാണ് പി.എം. ആന്റണിയുടെ നാടകങ്ങളെ പരിഗണിക്കേണ്ടത്. 'സ്പാർട്ടക്കാസി'ന്റെ അവതരണത്തോടെയാണ് പി.എം. ആന്റണി ക്രിസ്ത്യൻസഭകൾക്കെതിരെയുള്ള തന്റെ വിയോജിച്ച് അടയാളപ്പെടുത്തി തുടങ്ങിയത്. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവിന്റെ' അവതരണത്തോടെ സഭകളോടുള്ള വിമർശനം കൂടുതൽ കരുത്തോടു കൂടി അവതരിപ്പിച്ചു.

1980 ന് ശേഷമാണ് ആന്റണിയുടെ നാടകങ്ങൾ അതിശക്തമായ രാഷ്ട്രീയ പ്രമേയങ്ങളും ചരിത്രസംഭവങ്ങളും സംസാരിച്ച് തുടങ്ങിയത്. ആലപ്പുഴയിലെ പ്രദേശികമായ ഭാഷ, ശൈലി, പ്രമേയങ്ങൾ തുടങ്ങിയവ ആന്റണിയുടെ നാടകങ്ങളിൽ നഷ്ടപ്പെടുന്ന കാഴ്ചയാണ് പിന്നീടുണ്ടായത്. 'ക്രിസ്തുവിന്റെ ആറാംതിരുമുറിവി'ന് ശേഷം അമിതമായ രാഷ്ട്രീയ പ്രമേയങ്ങൾ ആന്റണി നാടകങ്ങളിലൂടെ ചർച്ച ചെയ്തത് കൊണ്ടാകാം അത്തരം നാടകങ്ങളുടെ കൂടുതൽ വേദികളിൽ അവതരിപ്പിക്കാൻ കഴിയാതെ പോയത്. ലോകചരിത്രവും രാഷ്ട്രീയവുമായ ആശയങ്ങൾ അടങ്ങിയ കടുകട്ടി സംഭാഷണങ്ങൾ സാധാരണക്കാരായ ജനങ്ങളുടെ ഇടയിൽ വലിയ സ്വീകാര്യത കിട്ടിയില്ല എന്നതാണ് യഥാർത്ഥ്യം. 'ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്' ശേഷം ലോകചരിത്രത്തെയാണ് നാടകനിർമ്മിതിക്കായി പി.എം. ആന്റണി തെരഞ്ഞെടുത്തത്. വാചികപ്രാധാന്യവും കഥാപാത്രങ്ങളെക്കൊണ്ട് അമിതമായ രാഷ്ട്രീയ പ്രസംഗങ്ങളും ആന്റണിയുടെ നാടകങ്ങളുടെ ന്യൂനതയായി പരിഗണിക്കാം. സാധാരണക്കാരായ പ്രേക്ഷകർക്ക് ആന്റണി നാടകമാക്കിയ രാജ്യങ്ങളുടെ ചരിത്രമോ, സംസ്കാരമോ സുപരിചിതമല്ല. കഥാപാത്രങ്ങളുടെ പേരുതന്നെ നാടകത്തിൽ നിന്ന് സാധാരണക്കാരെ അകറ്റുന്ന ഘടകങ്ങളാണ്.

**4.2.1 പൗരോഹിത്യം**

"ആത്മാവ് നഷ്ടപ്പെട്ടാൽ പിന്നെ നമുക്ക് എന്തുണ്ട് എന്നാണ് ക്രിസ്തു. ഭൗതീക വിമോചനത്തിന് വേണ്ടി അദ്ദേഹം ഒന്നും ചെയ്യുന്നില്ല. ജീവിതം തന്നെ നഷ്ടപ്പെട്ടാൽ പിന്നെ എന്താത്മാവ് എന്ന് ജനങ്ങൾ ക്രിസ്തുവിനോട് തിരിച്ചു ചോദിക്കുന്നു. " (ആന്റണി, പി.എം. 2008 : ...)

'*വിശുദ്ധ പാപങ്ങൾ*' എന്ന നാടകത്തിൽ ജൂതരെ  കൂട്ടക്കൊല ചെയ്യുന്നതിന് നേതൃത്വം നൽകിയ ഹിറ്റ്ലറും, ഹിറ്റ്ലറുടെ കൂട്ടക്കൊലകളെ നിശബ്ദത പാലിച്ച് അനുകൂലിച്ച റോമിലെ പോപ്പിനെയുമാണ് കേന്ദ്രീകരിക്കുന്നത്. ഭരണകൂടത്തെ നിയന്ത്രിക്കാൻ കഴിയുന്ന മതാധികാരങ്ങളെ നേരിട്ടാക്രമിക്കുകയായിരുന്നു ആന്റണിയുടെ നാടകങ്ങൾ. "സഭ ഒരിക്കലും പുരോഗമന ആശയങ്ങളെ അനുകൂലിച്ചിട്ടില്ല, എതിർത്തിട്ടേയുള്ളു എന്നു കാണാം. യുദ്ധങ്ങളെയും, കൊലപാതകങ്ങളെയും പ്രോത്സാഹിപ്പിച്ച ചരിത്രമാണവർക്കുള്ളത്." (അനിൽ, പള്ളികുന്നം 2012 :42). *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'* എന്ന നാടകത്തിന്റെ ഏഴാമത്തെ രംഗത്തിൽ മരുഭൂമിയിലെ ആശ്രമത്തിൽ പുതിയ രക്ഷകനെ കണ്ടെത്തുന്ന രീതി വളരെ രസകരമായി നാടകകൃത്ത് അവതരിപ്പിച്ചിട്ടുണ്ട്.

ഈ രംഗത്തിൽ യേശുവിനെ കാണാൻ വരുന്ന യൂദാസ്സിനെ ആശ്രമത്തിൽ കടത്തി വിടുന്നില്ല. യൂദാസ് ഫാദർ ജറോംബൊംക്ക് കുറച്ച് പണം കൈകൂലിയായി കൊടുക്കുന്നു, പണം കിട്ടുമ്പോൾ ഫാദർ യൂദാസിനെ അകത്തേയ്ക്ക് കടത്തിവിടുന്നു. "ജറോംബൊം : അല്ലാ, നീ ആളു മുടുക്കനാണല്ലോ താടിക്കാരാ സെമിനാരികളിലും കൈക്കൂലിയുള്ള വിവരം നീയെങ്ങനെ അറിഞ്ഞു? (ആന്റണി, പി.എം. 1988 : 101) 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ അവതരണവുമായി ബന്ധപ്പെട്ട് കോടതി , കേസ്സ്, നിരോധനം, പ്രതിഷേധങ്ങൾ എന്നിവയ്ക്ക് ശേഷം ആന്റണി പൗരോഹിത്യത്തിനെതിരെയുള്ള അതിശക്തമായ പോരാട്ടങ്ങളാണ് തന്റെ നാടകങ്ങളിലൂടെ  നടത്തിയത്.

ഹിറ്റ്ലർ ചെയ്ത എല്ലാപാപങ്ങളെയും മതപൗരോഹിത്യം വിശുദ്ധമാക്കി എന്നാണ് *'വിശുദ്ധപാപം'* എന്ന നാടകത്തിലൂടെ പി.എം. ആന്റണി സ്ഥാപിക്കുന്നത്.

രംഗം –

"റെക്കാഡോ:- യൂറോപ്പിൽ ജനിച്ച് വീഴുന്ന ഒരൊറ്റ ജൂതകുഞ്ഞിനും രക്ഷയില്ല. ഇവിടെ നിന്ന് മനുഷ്യത്വത്തെ ഹിറ്റ്ലർ തുടച്ചു നീക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഹീനതയുടെ ലോകത്തെയാണോ വിശുദ്ധ മേരിയ്ക്ക് സമർപ്പിക്കുന്നത്?  അഞ്ഞൂറു ദശലക്ഷം ജനങ്ങളുടെ മേൽ അധികാരമുള്ളയാളാണ് മാർപാപ്പ. അവരിൽ ഇരുപതു ശതമാനം ഹിറ്റ്ലറുടെ പ്രജകളാണ്. യൂറോപ്പിനെ ശവപ്പറമ്പാക്കുന്ന ഈ കാടത്തത്തിനെതിരെ പോപ്പ് മൗനം പാലിച്ചാൽ" (ആന്റണി, പി.എം. 2007:84)

*'സ്നേഹപൂർവ്വം മണ്ഡേലയ്ക്ക് വിന്നി'* യിൽ ആദ്യ രംഗം ആരംഭിക്കുന്നത് ഒരു കൈയിൽ ബൈബിളും, അരയിൽ തോക്കുമായി വരുന്ന വെള്ളക്കാരായ പാതിരിമാർ കറുത്ത മനുഷ്യരെ പിടിക്കൂടി അടിമചന്തയിൽ വിൽക്കുന്നത് ആവിഷ്ക്കരിച്ചുകൊണ്ടാണ് '*ടെററിസ്റ്റ്*' എന്ന നാടകത്തിലെ പ്രൊഫസർ എന്ന കഥാപാത്രത്തെ കൊണ്ട് അതിശക്തമായ രീതിയിൽ പൗരോഗിത്വത്തെ പി.എം. ആന്റണി കടന്നാക്രമിച്ചതായി കാണാം.

രംഗം–

"പ്രൊഫസർ :– ലോകത്തെ വെട്ടിപ്പിടിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ഹിറ്റ്ലറും, മുസ്സോളിനിയും വത്തിക്കാന്റെ അനുഗ്രഹവും വാങ്ങിയായിരുന്നു യാത്ര പുറപ്പെട്ടത്. യൂറോപ്പിലേയ്ക്ക് സ്റ്റാലിന്റെകമ്മ്യൂണിസം വരാതിരിക്കാൻ ഹിറ്റ്ലറെ പറഞ്ഞയച്ചതും വത്തിക്കാന്റെ മറ്റൊരുദൈവമായിരുന്ന പയസ്സ് പന്ത്രണ്ടാമൻ . (2007:49)

പുന്നപ്ര വയലിന്റെ പശ്ചാത്തലത്തിൽ പി. എം. ആന്റണി എഴുതിയ *'അമേരിക്കൻ മോഡൽ അറബിക്കടലിൻ'*, ജൻമിമാർക്ക് എതിരെ ക്രിസ്ത്യാനികളായ കർഷകതൊഴിലാളികൾ പ്രതികരിക്കുമ്പോൾ പുരോഹിതൻ അനുകൂലിക്കുന്നത് ഫ്രൂഡലിസത്തെയാണ്.

രംഗം–9

വറീത് : അച്ചോ! ഈ മൊതലാളിമാര് ഞങ്ങളെ തെങ്ങേലും മരത്തേലും കെട്ടിയിട്ട് തല്ലി എല്ലൊടിച്ചപ്പോഴും ഞങ്ങളുടെ കൂരയ്ക്ക് തീയിട്ടപ്പോഴും അച്ചൻ കൂട്ടമണി അടിച്ചത് ഞങ്ങളാരും കേട്ടില്ലല്ലോ?

പുരോഹിതൻ : നമ്മുടെ മിശിഹാകർത്താവ് എന്താണ് പറഞ്ഞിരിക്കുന്നത്? ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങളാണ് രാജാവും ജന്മിയും മുതലാളിയുമൊക്കെ അവരുടെ ആശ്രിതരെ സ്നേഹിക്കാനും ശാസിക്കാനുമുള്ള അവകാശം (മുകളിലേയ്ക്ക് കൈയുയർത്തി) അവിടുന്ന് അവർക്ക് നൽകിയിരിക്കുന്നു."(ആന്റണി, പി.എം. 2012 : 43)

**4.2.2 ചരിത്രം**

"ഇന്നിനെ അഭിമുഖീകരിക്കാനുള്ള പിടിവള്ളിയാണ് ചരിത്രം. അതുകൊണ്ട് എന്റെ പ്രമേയങ്ങൾ ചരിത്രത്തെ അഭിമുഖീകരിക്കുന്നു. ഞാൻ ക്രിസ്തുവിനെയും, സ്പാർട്ടക്കാസിനെയും കൊണ്ട് വന്നത് മനുഷ്യരെ അവർ കടന്ന് വന്ന വഴികൾ

അവരുടെ തലമുറയ്ക്ക് വേണ്ടി വീഴ്ത്തേണ്ടി വന്ന ചോരപ്പാടുകൾ ഒക്കെ ഓർമ്മിക്കാൻ വേണ്ടിയാണ് നിൽക്കുന്ന മണ്ണ് മനസ്സിലാകണമെന്നില്ല, അവരെ തിരിച്ചറിവുള്ളവരാക്കാൻ വേണ്ടിയാണ് ഞാൻ നാടകം എഴുതുന്നത്. അതിന് വേണ്ടി മാത്രമാണ് എനിക്കരങ്ങ്" (ആന്റണി, പി.എം. 2008: ആമുഖം.)

ചരിത്രവും നാടകവും തമ്മിലുള്ള ബന്ധത്തെയല്ല ഇവിടെ സൂചിപ്പിക്കുന്നത് മറിച്ച് ചരിത്രത്തെയും ചരിത്രകഥാപാത്രങ്ങളെയും എങ്ങനെയാണ് പി.എം. ആന്റണി നാടകത്തിന്റെ നിർമ്മിതിയ്ക്ക് വേണ്ടി ഉപയോഗിക്കുന്നു എന്ന് പരിശോധിക്കുകയാണ്. ചരിത്ര പുരുഷൻമാരെയും ചരിത്രസംഭവങ്ങളെയും ഒരു കലാകാരനെന്ന നിലയിൽ വളരെ സൂക്ഷ്മമായി പഠിച്ചതിന് ശേഷമാണ് പി.എം.ആന്റണി നാടകങ്ങൾ രചിച്ചത്. ആന്റണിയുടെ നാടകയാത്രയുടെ തുടക്കത്തിൽ സ്വന്തം തട്ടകമായ കടലോരമേഖലയിലെ പ്രശ്നങ്ങളെയും കഥാപാത്രങ്ങളെയുമാണ് നാടകങ്ങളിൽ നിറഞ്ഞ് നിന്നിരുന്നു. 1980– കൾക്ക് ശേഷം ജനകീയ സംസ്കാരിക വേദിയുമായി ചേർന്ന് പ്രവർത്തിച്ചതിന് ശേഷമാണ്  പി.എം. ആന്റണിയുടെ നാടകങ്ങൾക്ക് ചരിത്രം ഇഷ്ട വിഷയമായി തീരുന്നത്, ഈ യാത്രയുടെ തുടക്കം *'സ്പാർട്ടക്കാസ്'* എന്ന നാടകത്തിന്റെ അവതരണത്തിലൂടെയാണ്. ചരിത്രത്തെയും ഇതിഹാസങ്ങളെയും അടിസ്ഥാനമാക്കി ആന്റണി എഴുതിയ നാടകങ്ങൾ താഴെ സൂചിപ്പിക്കുന്നു.

- കേരളത്തിന്റെ നക്സൻ പ്രസ്ഥാനത്തിന്റെ രക്തസാക്ഷിയായ 'എ. വർഗ്ഗീസിന്റെ' കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ നാടകമാണ് *'ചൂഴ്ന്നെടുത്ത കണ്ണുകൾ'.*
- അടിമകളുടെ മോചനത്തിനായി സ്വന്തംജീവൻബലിനൽകിയ ഗ്രീക്ക് ഇതിഹാസ നായകൻ സ്പാർട്ടാക്കസിന്റെ പോരാട്ടങ്ങളെ അനുസ്മരിക്കുന്ന നാടകമാണ് *'സ്പാർട്ടാക്കസ്'.*
- ക്രിസ്തുവിന്റെ ജീവിതത്തെ വേറിട്ട കാഴ്ചയിൽ അവതരിപ്പിച്ച നാടകമായിരുന്നു. *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'.*
- രണ്ടാം ലോകമഹായുദ്ധ കാലഘട്ടത്തിൽ 'ഹിറ്റ്ലർ' നടത്തിയ ജൂതക്കൂട്ട കൊലയുടെ പശ്ചാത്തലത്തിൽ എഴുതിയ നാടകമാണ് *'വിശുദ്ധ പാപങ്ങൾ'*
- വർണ്ണ വിവേചനത്തിനെതിരെ പോരാടിയ 'നെൽസൺ മണ്ഡേലയുടെയും ഭാര്യ വിന്നിയുടെയും ജീവിതത്തെ അടിസ്ഥാനമാക്കിയ നാടകമായിരുന്നു *'മണ്ഡേലയ്ക്ക് സ്നേഹപൂർവ്വം  വിന്നി'.*

- സവർണ്ണമോധാവിത്വത്തിനെതിരെ, ശബ്ദം ഉയർത്തുകയും കീഴാളരുടെ മാനുഷികാവകാശങ്ങൾക്ക് വേണ്ടി ജീവിതംസമർപ്പിക്കുകയുംചെയ്ത അയ്യങ്കാളിയുടെ ഓർമ്മകളെ കേരളത്തിന് വീണ്ടും നൽകിയ നാടകമായിരുന്നു *'മഹാത്മാ അയ്യങ്കാളി'.*
- കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രപോരാട്ടമായ പുന്നപ്ര- വയലാറിനെ ആസ്പദമാക്കി എഴുതിയ നാടകമാണ് *'അമേരിക്കൻ മോഡൽ അറബിക്കടലിൽ'.*
- ലോക കമ്മ്യൂണിസ്റ്റ് നേതാക്കളിൽ പ്രമുഖനായ സ്റ്റാലിനോടുള്ള ആന്റണിയുടെ ആവേശമാണ് *'സഖാവ് സ്റ്റാലിൻ'* എന്ന നാടകം.
- ഇറാഖിന് മേലുള്ള അമേരിക്കയുടെ അധിനിവേശത്തെ ശക്തമായി, ചോദ്യം ചെയ്തനാടകമാണ് *'ടെററിസ്റ്റ്'*

സാധാരണകാരായ പ്രേക്ഷകർക്ക് ലോകചരിത്രം മനസ്സിലാക്കി കൊടുക്കുകയാണ് തന്റെ നാടകധർമ്മമെന്ന് പി.എം. ആന്റണിയുടെ വാക്കുകളിൽ നിറഞ്ഞു നിൽക്കുന്നു. "പ്രാദേശിക രാഷ്ട്രീയം ഇന്ന് ജനങ്ങളെ പഠിപ്പിക്കേണ്ട കാര്യമില്ല. എന്നാൽ ലോകരാഷ്ട്രീയം പഠിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കാരണം ഇവിടെ നമ്മളെ ഭരിക്കുന്ന ഭരണകൂടത്തിൽ ഇരിക്കുന്നത് ഇവിടത്ത്കാരല്ല അവർ ലോക സാമ്രാജ്യത്തിന്റെ പ്രതിനിധികളാണ്." (അനിൽ പള്ളികുന്നം, 2012:42)

### 4.3 ക്രിസ്തുവിന്റെ ആറാംതിരുമുറിവ്

'ആവിഷ്കാരസ്വാതന്ത്ര്യം' എന്ന വാക്ക് കേരളത്തിൽ ശക്തമായി മുഴങ്ങി കേട്ടത്, 1986 ൽ പി.എം. ആന്റണി അവതരിപ്പിച്ച *'ക്രിസ്തുവിന്റെ ആറാം തിരുമുറിവിന്റെ* നിരോധനത്തിലൂടെയാണ് . പ്രശസ്ത ഗ്രീക്ക് നോവലിസ്റ്റായ 'നിക്കോസ് കസാൻദസാക്കിന്റെ ഏറെ വിവാദമുണ്ടാക്കിയ *'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങൾ'(The Last Temtation of Crist)* എന്ന നോവലിന്റെ സ്വതന്ത്രനാടകാവിഷ്കാരമായിരുന്നു *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'.* നാടകത്തിന്റെ റിഹേഴ്സൽ ആരംഭിച്ചപ്പോൾ തന്നെ വിവാദമാകുകയും, പിന്നീട് ഹൈക്കോടതിയുടെ അനുവാദത്തിൽ കുറച്ച് സ്ഥലത്ത് അവതരിപ്പിച്ചപ്പോൾ തന്നെ കത്തോലിക ബിഷപ്പായിരുന്ന ഡോ. ജോസഫ് കുണ്ട്കുളത്തിന്റെ നേതൃത്വത്തിൽ നാടകത്തിനെതിരെ ശക്തമായ പ്രതിഷേധപരിപാടികൾനടന്നു. മതവിശ്വാസം നാടകത്തിലൂടെ വ്രണപ്പെടുന്നു എന്ന് പ്രഖ്യാപിച്ചു

കൊണ്ട് വിശ്വാസികൾ ഒരു ചേരിയിലും, ആവിഷ്കാര സ്വാതന്ത്ര്യം തടയരു ത്എന്ന്ആവശ്യപ്പെട്ട് കൊണ്ട് കലാകാരൻമാരും സാമൂഹികപ്രവർത്തകരും മറുചേ രിയിലും അണിനിരന്നു. തൃശ്ശൂർ കേന്ദ്രീകരിച്ച് വിശ്വാസികളുടെ കൂറ്റൻ പ്രകടനവും, ഇതിനേ പ്രതിരോധിച്ച് സംസ്കാരികപ്രവർത്തകരുടെ ആവിഷ്കാരസ്വാതന്ത്ര്യ കൺവെൻഷനും നടന്നു. 1986 നവംബർ മാസം മുതൽ പത്രങ്ങളിലും, മാസികകളിലും *'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്'* എന്ന നാടകത്തിന്റെ വാർത്തകൾ നിറഞ്ഞു. നാട കത്തെ അനുകൂലിച്ച് കൊണ്ട് 'ലിബറേഷൻ തിയോളജിയുടെ കേരളത്തിന്റെ വക്താ ക്കളായ ഡോ. പൗലോസ് മാർ പൗലോസ്, ഫാദർ കാപ്പൻ എന്നിവരും അണിനിര ന്നു. ക്രമസമാധാനം തകരും എന്ന കാരണം ചൂണ്ടിക്കാട്ടി ജില്ലാ കളക്ടറുടെ ഉത്തര വിൻപ്രകാരം കേരളത്തിലെഓരോജില്ലയിലും നാടകംനിരോധിച്ചു. നാടകം ബോംബെ യിൽ അവതരിപ്പിക്കാൻ ശ്രമിച്ചപ്പോൾ വിശ്വാസികൾ കോടതിയെ സമീപിക്കുകയും ബോംബെ ഹൈക്കോടതി നാടകം നിരോധിക്കുകയും ചെയ്തു. നാടകകൃത്ത് സുപ്രീം കോടതിയെ സമീപിച്ചെങ്കിലും നാടകത്തിന് അനുകൂലമായ വിധി സുപ്രീം കോടതി അനുവദിച്ചില്ല.

### 4.3.1 ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം നോവൽ ഒരു പഠനം

#### 4.3.1.1 നിക്കോസ് കസൻദ്സാക്കീസ് (1893-1957)

ആധുനികഗ്രീക്ക് സാഹിത്യകാരിൽ ശ്രദ്ധേയനായ വ്യക്തിത്വമാണ് നിക്കോസ് കസാൻദ്സാക്കീസ്. *'സോർബ ദി ഗ്രീക്ക്', 'ദി ലാസ്റ്റ് ടെംപ്റ്റേഷൻ, 'ക്രൈസ്റ്റ് റീ ക്രൂസി ഫൈഡ്,* തുടങ്ങിയ നോവലുകളിലൂടെ ലോകമെമ്പാടും ആരാധകരെ സൃഷ്ടിക്കാൻ കസാൻദ്സാക്കീസ് എന്ന ദാർശനികനായ എഴുത്തുകാരന് കഴിഞ്ഞു. വേദപുസ്ത കത്തിൽ നിന്ന് വ്യത്യസ്തമായി ക്രിസ്തുവിന്റെ ജീവിതത്തെ ആവിഷ്കരിച്ച *'ക്രിസ്തു വിന്റെ അന്ത്യപ്രലോഭനങ്ങൾ'* എന്ന നോവൽ ക്രിസ്തുമതവിശ്വാസികൾക്കിടയിൽ വലിയ പ്രതിഷേധങ്ങളുണ്ടാക്കി. 1954-ൽ കസാൻദ്സാക്കീസിന്റെ *ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങൾ* വത്തിക്കാന്റെ നിരോധന പുസ്തകങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെ ടുത്തി.

#### 4.3.1.2 നോവലിന്റെ ഇതിവൃത്തം

ഒരു സാധാരണ മരപ്പണിക്കാരനിൽ നിന്ന് അസ്സാധാരണനായ വ്യക്തിയിലേ ക്കുള്ള ക്രിസ്തുവിന്റെ യാത്രയാണ് *'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങൾ'* എന്ന

നോവൽ. ഇന്ദ്രിയങ്ങളുടെ കാമനകളെയും ഭൗതികജീവിതത്തിന്റെ പ്രലോഭനങ്ങളെയും അവസാനനിമിഷംവരെ അതിജീവിക്കുന്ന യേശുവിന്റെ അമാനുഷിക കഴിവുകളെ നോവൽ വളരെസൂക്ഷ്മമായി വിശകലനം ചെയ്യുന്നു. നസറത്തിലെ സാധാരണകാരനായ ആശാരിയിൽ നിന്ന് ലോകത്തിന് മാതൃകയായി വളർന്ന ഇതിഹാസ പുരുഷനോടുള്ള കസാൻദ്സാക്കിന്റെ അഭിനിവേശമാണ് *ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം.* മൂലകൃതിയായ ബൈബിളിൽ വളരെ വ്യത്യസ്തമായിട്ടാണ് നോവലിലെ എല്ലാം കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും ഉപയോഗിച്ചിരിക്കുന്നു. യൂദാസ്സ്, മഗ്ദലിനായിലെ മേരി, യേശു, എന്നിവരെ മാനുഷികമായ പരിവേഷം നൽകാനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്. മഗ്ദലീനമേരിയും, യേശുവും ഈ നോവലിൽ കളിക്കൂട്ടുകാരാണ്. വിവാഹത്തിൽ നിന്ന് യേശു പിൻതിരിയുന്നത് കൊണ്ടാണ് മഗ്ദലീനമേരി വേശ്യയായിതീരുന്നത്, ഇത് യേശുവിന്റെജീവിതത്തിൽഉടനീളം കുറ്റബോധമായി പിൻതുടരുന്നുണ്ട്. റോമിനെതിരെ വിമോചന പോരാട്ടത്തിൽ ഏർപ്പെടുന്നവരെ വധിക്കാനുള്ള കുരിശ്ശ് യേശുവാണ് നിർമ്മിക്കുന്നത്. ജീവിതത്തിലുടനീളം പ്രലോഭനങ്ങളെ അതിജീവിക്കുന്ന യേശു, കുരിശ്ശിൽ കിടക്കുന്ന അവസാന നിമിഷവും പ്രലോഭനങ്ങളാൽ വേട്ടയാടപ്പെടുന്നു. റോമൻ ഭരണക്കൂടത്തിനെതിരെ ഇസ്രേയേൽ ജനതനടത്തുന്ന പോരാട്ടത്തിന്റെ പശ്ചാത്തലത്തിലാണ് നോവൽ ആരംഭിക്കുന്നത്. ഈ നോവലിൽ റോമിനെതിരെ പ്രതിരോധം സൃഷ്ടിക്കുന്ന സംഘത്തിലെ ഒരംഗമാണ് യൂദാസ്സ്. ചെറുപ്പകാലത്ത് ഏകാകിയായി അലഞ്ഞ് നടക്കുകയും, സ്വപ്നങ്ങൾ കണ്ട് ഞെട്ടി ഉണരുകയും ചുറ്റുപാടുകളിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമമാണ് യേശു ചെയ്യുന്നത്. നിരന്തരം മരുഭൂമിയിലൂടെ യാത്രചെയ്യുന്ന യേശു ഗലീലിയായിൽ തിരിച്ച് വന്നതിനുശേഷം വലിയ ജനക്കൂട്ടങ്ങളോട് സംസാരിക്കുന്നു. ഭൗതീകമായ കാര്യങ്ങളാണ് യൂദാസ് ആവശ്യപ്പെടുന്നത് എന്നാൽ യേശു എപ്പോഴും ആത്മാവിനെകുറിച്ചാണ് സംസാരിക്കുന്നത്. യേശു നടത്തുന്നപ്രഭാഷണങ്ങളിൽ ആകൃഷ്ടരായി 'പത്രോസ്സും' 'ആൻഡ്രു', യോഹന്നാൻ' , യാക്കോബ് എന്നിവർ ശിഷ്യൻമാരായികൂടുന്നു. യേശു ശിഷ്യൻമാരിൽ ഏറ്റവുംവിശ്വസ്തനായി പരിഗണിക്കുന്നത് യൂദാസിനെയാണ്. ഇസ്രായേലിന്റെ രക്ഷകൻ യേശുവായിരിക്കുമോ എന്ന സംശയത്തിലാണ് യൂദാസ്സ് യേശുവിന്റെ കൂടെ നിൽക്കുന്നത്. യേശുവിന്റെ നിർദ്ദേശപ്രകാരമാണ് യൂദാസ്സ് യേശുവിനെ റോമൻ പടയാളികൾക്ക് ഒറ്റി കൊടുക്കുന്നത്. കുരിശ്ശിൽ തറച്ച് കിടക്കുന്ന അവസാന നിമിഷങ്ങളിൽ യേശുവിനെ പ്രലോഭനങ്ങൾ വേട്ടയാടിയിരുന്നു. ഒരു സാധാരണ മനുഷ്യനായി ജീവിച്ച് വിവാഹം കഴിച്ച് കുടുംബംനോക്കുന്ന യേശു

വിനെയാണ് അവസാനത്തെ അദ്ധ്യായങ്ങളിൽ കാണിക്കുന്നത്. എന്നാൽ കുരിശ്ശിൽ കിടക്കുന്ന യേശു ആ പ്രലോഭനങ്ങളിൽ വശപ്പെടാത്ത ശരീരത്തിന്റെ വേദനകളെ അതിജീവിക്കുന്നു. യേശു അനുഭവിക്കുന്ന അന്തർസംഘർഷങ്ങളെയാണ് നോവൽ ശ്രദ്ധകൊടുക്കുന്നത്. "അവനെ അനുധാവനം ചെയ്യുവാൻ നമുക്ക് കഴിയണമെങ്കിൽ അവൻ അനുഭവിച്ച സംഘട്ടനത്തിന്റെ തീവ്രതക്കുറിച്ച്, നമ്മൾ അവന്റെ വേദനയും ഭൂമിയുടെ വിരിഞ്ഞു നിൽക്കുന്ന കെണികൾക്കുമേൽ അവൻനേടിയവിജയത്തെ സംബന്ധിച്ച് മനുഷ്യരുടെ വലുതും ചെറുതുമായ സന്തോഷങ്ങളെ അവൻ ബലിഅർപ്പിച്ചതിനെ കുറിച്ച്, പരിത്യാഗങ്ങളിൽ നിന്ന് പരിത്യാഗങ്ങളിലേയ്ക്ക് വിജയങ്ങളിൽ നിന്ന് വിജയങ്ങളിലേയ്ക്ക് അവസാനം രക്തസാക്ഷ്യത്തിന്റെ കൊടുമുടിയായ കുശിശ്ശിലേയ്ക്ക് ആരോഹണം ചെയ്യുന്നതിനെക്കുറിച്ച് നമുക്ക് അഗാധമായ ഒരു ബോധം ഉണ്ടായിരിക്കണം." (കസാൻദ സാക്കീസ് 2018 : 8)

നോവലിലൂടെനീളം യേശുവിനെ മേരിയുടെ പുത്രൻ എന്നാണ് വിശേഷിപ്പിക്കുന്നത്.

#### 4.3.1.3 ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം കഥാപാത്രങ്ങൾ

##### (1) യേശു

നിരന്തരം തന്നെ വേട്ടയാടുന്ന സ്വപ്നങ്ങളുടെ അർത്ഥം തേടിയാണ് യേശു സഞ്ചരിക്കുന്നത്. ആൾക്കൂട്ടത്തെ ഭയക്കുന്ന, രാത്രികളിൽ പിച്ചുംപേയും പറയുന്ന ഇടയ്ക്ക് ജ്വരം വരുന്ന ദുർബലമായ ഒരു മനുഷ്യനാണ് നോവലിന്റെ ആദ്യഭാഗങ്ങളിലെ യേശു. പിന്നീട് ശരീരത്തിന്റെ വേദനകളെ അതിജീവിച്ച് മരണത്തെ വളരെ നിസ്സാരമായി സമീപിക്കാൻ യേശുവിന് കഴിയുന്നു. ശരീരവുമായിബന്ധപ്പെട്ട് നിൽക്കുന്ന എല്ലാബന്ധങ്ങളെയും യേശുഉപേക്ഷിക്കുന്നു. ആത്മസംഘർഷത്തിൽപ്പെട്ട്ഉഴലുന്ന മനുഷ്യർക്ക് ഇച്ഛാശക്തിനൽകുന്ന ചിത്രീകരണമാണ് യേശുവിലൂടെ നോവലിസ്റ്റ് ചെയ്യുന്നത്. യേശുവിൽ ദർശിക്കുന്ന ക്ഷമ, ശാന്തത, ത്യാഗം, കളങ്കമില്ലാത്ത സ്നേഹം എന്നീ ഗുണങ്ങൾ എന്നിവ ഒരു ദിവസം പെട്ടെന്ന് വന്നുചേർന്നതല്ല, ഭൗതീകജീവിതത്തിലെ ഓരോ പ്രശ്നങ്ങളെ അഭിമുഖീകരിച്ചാണ് ഇത്തരം ഗുണങ്ങൾ യേശു ആർജ്ജിച്ചത്. ധീരമരണത്തിന്റെ പ്രതീകമാണ് കുരിശിനെയാണ് അതിനെയാണ് യേശു പിൻതുടർന്നത്, നിർമ്മിച്ചത്, മറികടന്നത്. ഭരണക്കൂടം ജനങ്ങളെ ഭയപ്പെടുത്തിയ കുരിശ് മരണത്തിലേയ്ക്ക് യേശു സ്വയംഎത്തിച്ചേർന്നതാ

ണ്. ഓരോ മനുഷ്യനും ഭയപ്പെടുന്ന മരണത്തെ വളരെ നിസ്സാരമായി അഭിമുഖീകരിക്കാൻ യേശു ശീലിക്കുകയായിരുന്നു.

### (ii) യൂദാസ്സ് ഇസ്കരിയോട്ട്

യേശു കാണുന്ന സ്വപ്നങ്ങളിൽ തന്നെ പിൻതുടരുന്ന ചുമപ്പ് താടിക്കാരനാണ് യൂദാസ്സ്. ഇസ്രായേലിന്റെ വിമോചന നേതാവ് സീലട്ടിനെ കൊല്ലാൻ കുരിശ്ശ് നിർമ്മിക്കുന്ന യേശുവിനെ അവൻ എതിർക്കുന്നു. യേശുവിനെ യൂദാസ്സ് വിടാതെപിൻതുടരുകയും, മരുഭൂമിയിലെ ആശ്രമത്തിൽവച്ച് യേശുവിനെ കൊല്ലാനും ശ്രമിക്കുന്നു. റോമിനെതിരെ ഇസ്രായേൽ ജനത നടത്തുന്ന സായുധ വിപ്ലവത്തിന് ജീവൻനൽകാൻ തയ്യാറായ ആത്മാർത്ഥതയുള്ള കഥാപാത്രമാണ് യൂദാസ്. യേശു സ്വർഗ്ഗരാജ്യത്തെ കുറിച്ച് സംസാരിക്കുമ്പോൾ യൂദാസ് ചിന്തിക്കുന്നത് ഇസ്രയേൽ ജനങ്ങളുടെ ഭൗതീകജീവിതമാണ്. യൂദാസ്സ് ഇസ്രായേലിന്റെ ജനങ്ങളെകുറിച്ച് സംസാരിക്കുമ്പോൾ യേശു ലോകത്തിന്റെ എല്ലാഭാഗത്തുമുള്ള മനുഷ്യർക്ക്വേണ്ടി സംസാരിക്കുന്നു. യൂദാസ്സ് സാമൂഹികമായ അസമത്വങ്ങളെ കുറിച്ച് സംസാരിക്കുന്നു യേശു ശരീരത്തിനെ നിയന്ത്രിക്കുന്ന ആത്മാവിനെകുറിച്ച് സംസാരിക്കുന്നു.

ഒരു നിരൂപകനെപ്പോലെ യൂദാസ്സ് യേശുവിനെ വിമർശിക്കുകയും തനിക്ക് ശരിയെന്ന് തോന്നുന്നത് യേശുവിനോട് സംസാരിക്കുകയും ചെയ്യുന്നു. യേശുവിന്റെ ശാന്തതയെക്കാൾ യൂദാസ്സിനെ കൂടുതൽആകർഷിച്ചത് കോടാലിയുമായി സഞ്ചരിക്കുകയും യോർദാൻ നദിയിൽ ജനങ്ങളെ ജ്ഞാനസ്നാനം ചെയ്യിപ്പിക്കുന്ന സ്നാപകയോഹാന്നാനെയാണ്. യൂദാസ്സ് യേശുവുമായി നിരന്തരം സംവാദത്തിൽ ഏർപ്പെടുകയും തർക്കിക്കുകയും, കലഹിക്കുകയുംചെയ്യുന്നു. മദ്യപിക്കാത്ത, സ്ത്രീകളുമായി ബന്ധമില്ലാത്ത ശക്തനായ കഥാപത്രമാണ് നോവലിലെ യൂദാസ്സ്. ഉപമകളിലൂടെ യേശു സംസാരിക്കുന്നത് പലശിഷ്യമാർക്കും മനസ്സിലാകുന്നില്ല പക്ഷേ യൂദാസ്സ് യേശുപറയുന്നതിന്റെ ആന്തരികആർത്ഥമാണ് എപ്പോഴും ചികയാൻ ശ്രമിക്കുന്നത്.

യേശുവും യൂദാസ്സും തമ്മിലുള്ള ആത്മബന്ധത്തിൽ മറ്റ്ശിഷ്യൻമാർ അസൂയാലുക്കളാണ്. ഭീരുക്കളും നിലപാടുകളുമില്ലാത്തവരുമായ യേശുവിന്റെ ശിഷ്യൻമാരെ യൂദാസ്സ് ഒരിക്കലും പരിഗണിച്ചിട്ടില്ല. ഭൗതീക ജീവിതവും ആത്മീയ ചിന്തയും തമ്മിലുള്ള ഏറ്റുമുട്ടലുകളാണ് യേശുവിലൂടെയും യൂദാസ്സിലൂടെയും സംഭാഷണങ്ങളിലൂടെ പുറത്ത് വരുന്നത്.

### (iii) മേരി

നോവലിൽ ഏറ്റവും ദുരിതങ്ങൾഏറ്റ്വാങ്ങി നീറിക്കഴിയുന്ന കഥാപാത്രമാണ് യേശുവിന്റെഅമ്മയായ മേരി. യേശു ഒരുസാധാരണക്കാരനെപ്പോലെ വിവാഹം ചെയ്ത് കുട്ടികളുമായി ജീവിക്കുന്നതാണ് അവരുടെ സ്വപ്നം. എന്നാൽ മേരിയുടെ സ്വപ്ന ങ്ങളെ തകർത്ത് കൊണ്ടാണ് യേശുവിന്റെ ജീവിതം മുന്നോട്ടു പോകുന്നത്. രാത്രി യിൽ യേശു സ്വപ്നങ്ങൾ കണ്ട് ഞെട്ടി നിലവിളിക്കുന്നതും, അലഞ്ഞ്തിരഞ്ഞുള്ള യാത്രകളും മേരിയെ വിഷമത്തിലാക്കുന്നു. വീട്വിട്ട് യാത്രചെയ്യുന്ന യേശു വലിയ ജനക്കൂട്ടങ്ങൾക്കിടയിൽ സംസാരിക്കുമ്പോൾ മേരി യേശുവിനെ വീട്ടി ലേയ്ക്ക്കൊണ്ട്പോകാൻ ശ്രമിക്കുന്നു എന്നാൽ യേശു മേരിയെ അവഗണിക്കു ന്നു."എനിക്ക് അമ്മയില്ല. എന്റെ അമ്മയും സഹോദരങ്ങളും ഇവരാണ്". (2018: 190)

മകൻ തന്നിൽനിന്ന് അകന്ന്പോകുന്നത് നിസംഗതയോടെനോക്കി നിൽക്കാനേ മേരിയ്ക്ക് കഴിയുന്നുള്ളൂ. ഓരോദിവസവും തന്നിൽനിന്ന് അകന്ന് പോകുന്ന മകനെ ഓർത്ത് ജീവിതം തള്ളിനീക്കുന്ന ഒരുസാധു സ്ത്രീയുടെ വേദന കൂടിയാണ് '*ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം*'. സ്വന്തം അമ്മയുടെ പ്രതീക്ഷകളെ തകർത്ത്കൊണ്ടാണ് യേശു കോടിക്കണക്കിന്വരുന്ന ജനങ്ങൾക്ക് പ്രതീഷയും, പ്രത്യാ ശയും പകർന്ന്നൽകുന്നത്.

യേശുവിന്റെ ജീവിതത്തിൽ കടന്ന്വരുന്ന സ്ത്രീകഥാപാത്രങ്ങളെല്ലാം മേരി തന്നെയാണ്, അമ്മ മേരി, മഗ്ദനയിലെ മേരി, കുരിശ്ശിൽ കിടക്കുമ്പോൾ സ്വപ്നത്തിൽ കാണുന്ന ലാസറത്തിന്റെ സഹോദരി മേരി. നോവലിലെ ഓരോ കഥാപാത്രങ്ങളു ടെയും സ്വഭാവസവിശേഷതകൾ വളരെ വ്യക്തമായി കസാൻദസാക്കിസ് നിർമ്മിച്ചി രിക്കുന്നു. വ്യത്യസ്ത സ്വഭാവത്തിന്റെ ഉടമകളായ ശിഷ്യൻമാർ, ദൈവത്തിന്റെ അത്ഭുതങ്ങൾ കാണാൻ കാത്തിരിക്കുന്ന ജനക്കൂട്ടം, അങ്ങനെ ഓരോന്നും മനോ ഹരമായി ചിത്രീകരിക്കുന്നു.

#### 4.3.1.4 ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം ദർശനം

നീഷേയുടെ തത്വചിന്തകളെ കുറിച്ച് ഗവേഷണം നടത്തി ആ വിഷയത്തിൽ ഡോകടറേറ്റ് നേടിയ കസാൻദ്സാക്കിസ് യേശുവിനെ സൃഷ്ടിച്ചത്'സൂപ്പർമാൻ' എന്ന ആശയത്തെ മുൻനിർത്തിയാണ്. എഴുത്തുകാരനെ സ്വാധീനിച്ച കമ്മ്യൂണിസം, ആത്മ ത്യാഗത്തിൽഅടിസ്ഥാനമായി ബുദ്ധദർശനം, നീഷേചിന്തകൾ എന്നിവയുടെ സ്വാധീനം ഈ നോവലിനെ മികവുറ്റതാക്കി. എല്ലാ ദൗർബല്യങ്ങളെയും, ഭൗതീക

മായ ആസക്തികളെയും യേശു എങ്ങനെയാണ്അതിജീവിച്ചത്എന്നാണ് നോവലിൽ കസാൻദ്സാക്കീസ് വിവരിക്കുന്നത്. ശരീരമാണോ, അത്മാവാണോ ഓരോ മനുഷ്യ നെയും നയിക്കുന്നത് എന്ന ചോദ്യത്തിലൂടെയാണ് നോവൽ പുരോഗമിക്കുന്നത്. ഒരുമനുഷ്യന്റെ എല്ലാബന്ധങ്ങളിൽ നിന്ന് മുക്തമാകുമ്പോഴാണ് പരിപൂർണ്ണ സ്വാതന്ത്ര്യനാകുന്നത് എന്നതത്വം ഈനോവലിൽ അടക്കം ചെയ്തിരിക്കുന്നു. പ്രകാ ശവേഗത്തെക്കാൾ പെട്ടെന്ന് സഞ്ചരിക്കാൻ കഴിയുന്ന ഒരുവന്റെ ഇന്ദിരിയകാമനകളെ എങ്ങനെയാണ് നിയന്ത്രിക്കുന്നത് എന്ന് യേശു എന്ന കഥാപാത്രത്തിലൂടെ നോവ ലിസ്റ്റ് മനസ്സിലാക്കി തരുന്നു. കഥാപാത്രങ്ങളുടെ മാനസികവ്യാപരത്തെ ഓരോവരി കളിലൂടെ പുറത്ത്കൊണ്ടു വരാൻ നോവലിസ്റ്റിന് സാധിച്ചിട്ടുണ്ട്.

അത്ഭുതങ്ങൾകാണിക്കുന്ന മജിഷ്യനല്ലദൈവം എന്നസങ്കൽപ്പം നോവൽ മുന്നോട്ട് വയ്ക്കുന്നു. "അത്ഭുതങ്ങൾ ആവശ്യമില്ലാതെ ഒരുദൈവത്തിൽ വിശ്വസി ക്കവാൻ കഴിയുന്നവർ അനുഗ്രഹീതർ. (2018:363)

യേശുവിന്റെശിഷ്യനായ മത്തായി, യേശുനടത്തുന്ന ഓരോപ്രഭാഷണവും എഴുതിസൂക്ഷിക്കുന്നു. തന്നെകുറിച്ച്എഴുതിയ അത്ഭുതകഥകൾകേട്ട് യേശു മത്താ യിയോട് ക്ഷോഭിക്കുന്നു. "ഇത്വെറും നുണകളാണ്. മിശിഹയ്ക്ക് അത്ഭുതങ്ങളുടെ ആവശ്യമില്ല. അവൻആകുന്നു അത്ഭുതം അവൻ ജനിച്ചത് നസറത്തിലാണ് അല്ലാതെ ബദ്‌ലഹേമില്ല." (2018: 440). സ്നേഹം പകർന്നുനൽകിയ പ്രവാചകനെ എങ്ങനെയാണ് അത്ഭുതങ്ങളുടെ വക്താവാക്കിമാറ്റി എന്ന് നോവലിലൂടെ കദാൻദ്സാക്കീസ് വിവരി ക്കുന്നു. ജനക്കൂട്ടങ്ങളെ നയിക്കുന്നത് അക്രമവാസനയാണ് അതുകൊണ്ടാണ് പീലാ ത്തോസിന്റെ വിചാരണവേളയിൽ ജനക്കൂട്ടം കൊലയാളിയായ ബറാബസിനെയാണ് സ്വതന്ത്രനാക്കാൻ ആവശ്യപ്പെടുന്നതും യേശുവിനെ ക്രൂശിക്കാൻ ആവശ്യപ്പെട്ടതും 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന യേശുവിന്റെ വച നത്തെക്കാൾ ജനക്കൂട്ടത്തെ ആകർഷിച്ചത് 'പല്ലിന് പല്ല്, കണ്ണിന് കണ്ണ്, ചോരയ്ക്ക് ചോര' എന്ന പഴയ നിയമത്തെയാണ്. പരസ്പരം സ്നേഹിക്കാൻ പഠിപ്പിച്ച യേശു വിന് പൊതുജനം വിധിക്കുന്നത് കുരിശ്ശ് മരണമാണ്. ഒരു മനുഷ്യന്റെ ജനനംമുതൽ അവന്റെകൂടെ സഞ്ചരിക്കുന്ന അവന്റെ സന്തതസഹചാരിയാണ് മരണം എന്നാൽ മനുഷ്യൻ ഓരോനിമിഷവും ജീവിക്കുന്നത് മരണത്തെഭയന്ന് കൊണ്ടാണ്. ജീവിതത്തോടുള്ള കൊതി അവനെ കൂടുതൽ ദുഃഖത്തിലേയ്ക്ക് തള്ളിവിടുന്നു. മര ണത്തെ തോൽപ്പിക്കുമ്പോഴാണ് സ്വാതന്ത്ര്യമുണ്ടാകുന്നതെന്ന എന്ന ആശയം ഈ

നോവലിലുണ്ട്. "മരണത്തോട് കൂടി ഒന്നും അവസാനിക്കുന്നില്ല. മരണഭയമില്ലാതെയാകുമ്പോഴാണ് നിങ്ങൾ സ്വതന്ത്രരാകുന്നത്, അനശ്വരതയിലേയ്ക്കുള്ള വാതിലാണ് മരണം. നിന്റെ പ്രിയപ്പെട്ടയാൾ മരിച്ചതല്ല. അയാൾ അനശ്വരനായി തീർന്നതാണ്· (2018. 450) തളർന്ന് നിൽക്കുന്നവർക്ക്, ആത്മവിശ്വാസംനഷ്ടപ്പെട്ട് നിൽക്കുന്നവർക്ക്, ദുരിതങ്ങൾപേറുന്നവർക്ക് കരുത്ത് നൽകുന്ന ക്ലാസ്സിക് നോവലാണ്'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങൾ.

നിക്കോസ് കസാൻദ്സാക്കിന്റെ *'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം'* എന്ന നോവലിന്റെ സ്വതന്ത്രനാടകാവിഷ്കാരമാണ് *ക്രിസ്തുവിന്റെ ആറാംതിരുമുറിവ്* ആലപ്പുഴ 'സൂര്യകാന്തി തിയേറ്റേഴ്സ് ആണ് നാടകം അവതരിപ്പിച്ചത്. നാടകത്തിന്റെ റിഹേഴ്സൽ ആരംഭിച്ചപ്പോൾതന്നെ വിവാദങ്ങൾ ആരംഭിച്ച് തുടങ്ങി. ക്രിസ്തുവിനെ മോശക്കാരനായി ചിത്രീകരിക്കുന്നു എന്നാരോപിച്ച് തൃശ്ശൂർ കത്തോലിക്കസഭ ബിഷപ്പ് ഡോ. ജോസഫ് കുണ്ട്കുളത്തിന്റെ നേതൃത്വത്തിൽ പ്രതിഷേധങ്ങൾ തുടങ്ങി. നാടകം കുറച്ച്വേദികളിൽ അവതരിപ്പിച്ചപ്പോൾതന്നെ മതവിശ്വാസികളുടെ എതിർപ്പിനെ തുടർന്ന് ജില്ലാ കളക്ടർമാർ കേരളത്തിലെ ഓരോജില്ലകളിലും നാടകംനിരോധിച്ച് തുടങ്ങി. ഒരുതെരുവ്യുദ്ധത്തെ ഓർമ്മിക്കുന്ന തരത്തിൽ ആവിഷ്കാരത്തെ അനുകൂലിച്ചവരും പ്രതികൂലിച്ചവരും വലിയപ്രതിഷേധപ്രകടനങ്ങൾനടത്തി. ബോംബെയിൽ നാടകം അവതരിപ്പിക്കാൻ പോയപ്പോൾ ബോംബെഹൈക്കോടതി നാടകത്തെ നിരോധിച്ചു. ആവിഷ്കാരസ്വാതന്ത്ര്യത്തിന്വേണ്ടി സുപ്രീംകോടതിയിൽപോയപ്പോൾ നാടകത്തിന്റെ അവതരണത്തെ സുപ്രീംകോടതി അനുവദിച്ചില്ല. ഇത്തരത്തിൽ കേരളം മുഴുവൻ വലിയ ചലനങ്ങൾ സൃഷ്ടിച്ച നാടകമാണ് *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്.'*

### 4.3.2 ക്രിസ്തുവിന്റെ ആറാം തിരുമുറിവ് ഇതിവൃത്തം

*'ക്രിസ്തുവിന്റ അന്ത്യപ്രലോഭനം'* എന്ന നോവലിലെ കഥാപാത്രങ്ങളും സന്ദർങ്ങളുമാണ് നാടകത്തിന്റെ നിർമ്മിതിയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്. പതിമൂന്ന് രംഗങ്ങളുള്ള നാടകത്തിൽ ക്രിസ്തുവിന്റെ യൗവനകാലം മുതൽ കുരിശ്ശാരോഹണത്തിന് തൊട്ടുമുമ്പ്വരെയുള്ള ഭാഗങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജീസസ്സ്, യൂദാസ്, ബറാബസ് എന്നീ കഥാപാത്രങ്ങളിലൂടെയാണ് നാടകത്തിന്റെ ഇതിവൃത്തം പുരോഗമിക്കുന്നത്. ഇസ്രായേലിന്റെ വിമോചനത്തിനായി പ്രവർത്തിക്കുന്ന 'സഹോദരസംഘം' എന്ന വിപ്ലവകാരികളുടെ സംഘടനയുടെ നേതാവാണ് യൂദാസ്സ്. ആശാ

രിയായ ജീസസ്സ് റോമൻഭരണക്കൂടത്തിനെതിരെ വിപ്ലവംനടത്തുന്ന സീലട്ടിനെ കൊല്ലാനുള്ള കുരിശ്ശ്നിർമ്മിച്ച്കൊണ്ടിരിക്കുന്ന രംഗത്തിലാണ് നാടകം ആരംഭിക്കുന്നത്. റോമിനെതിരെ ഇസ്രയേൽ നടത്തുന്ന വിമോചനസമരത്തിൽ പങ്കെടുക്കാതെ വിമോചകരെ കൊല്ലാനുള്ള കുരിശ്ശാണ് ജീസസ്സ് നിർമ്മിക്കുന്നത്. നാടകത്തിന്റെ കേന്ദ്രകഥാവസ്തു റോമിനെതിരെയുള്ള വിപ്ലവ പ്രവർത്തനങ്ങളാണ്

**രംഗം – ഒന്ന്**

വിപ്ലവകാരിയായ സീലട്ടിനെകൊല്ലാനുള്ള കുരിശ്ശ്നിർമ്മിക്കുന്ന ജീസസ്സ്. അവിടെകടന്ന്വരുന്ന യൂദാസ്സ് ജീസസിനോട് കുരിശ്ശ്നിർമ്മിക്കരുതെന്ന് ആവശ്യപ്പെടുന്നു. ഇസ്രേയേലിന്റെ രക്ഷകനെകൊല്ലാൻ കുരിശ്ശ്നിർമ്മിക്കുന്ന ജീസസിനെപ്പറ്റി യൂദാസ്സ് വളരെ നികൃഷ്ടമായി സംസാരിക്കുന്നു.

യൂദാസ്: നിനക്കീ കൊലമരം ഉണ്ടാക്കി കൊടുക്കാൻ നാണമില്ലേ ജീസസ്... ഒരൊറ്റ യഹൂദനും പണിയാൻ ഇഷ്ടപ്പെടാത്ത കുരിശ്ശുണ്ടാക്കി നീ ഗവർണറുടെ ബഹുമതി നേടാൻ ശ്രമിക്കുകയാണല്ലേ? യഹൂദ്യയിലെ വേശ്യപ്പെണ്ണുങ്ങൾ പോലും ഇത്ര നാണംകെട്ട പണിചെയ്യില്ല.... ഇസ്രയേലിന്റെ രക്തം കുടിച്ച് തീർക്കുന്ന റോമൻപട്ടികൾക്കെതിരെ ചെറുവിരലനക്കാൻ ധൈര്യപ്പെടാത്ത ഭീരു". (ആന്റണി, പി.എം. 1988.47)

ഇസ്രയേലിന്റെ വിമോചനത്തെകുറിച്ച് നീണ്ടസംവാദങ്ങൾക്ക്ഒടുവിൽ യൂദാസ്സ് പുറത്തേയ്ക്ക്പോകുന്നു, സീലട്ടിനെ കുരിശ്ശിൽതറയ്ക്കാനുള്ള റോമൻ ഭരണാധികാരികളുടെ അറിയിപ്പ് മുഴങ്ങുന്നു. സീലട്ടിനെ തറയ്ക്കാനുള്ള കുരിശ്ശുമായിപുറത്തേയ്ക്ക്പോകുന്ന ജീസസ്സിനെ ഞെട്ടലോടെ നോക്കിനിൽക്കുന്ന മറിയ.

**രംഗം– 2**

സീലട്ടിനെ കുരിശ്ശിൽ തറച്ചതിന്ശേഷം ഗാഗുൽത്തായി മലയിൽ നിൽക്കുന്ന ജനങ്ങൾ. സീലട്ട് കുരിശ്ശിൽനിന്ന് അത്ഭുതകരമായിരക്ഷപ്പെടും, ദൈവംവന്ന് രക്ഷിക്കും എന്ന് ജനങ്ങൾ പ്രതീക്ഷിച്ച് നിൽക്കുന്നു. യൂദാസ്സിന്റെ നേതൃത്വത്തിലുള്ള വിപ്ലവസംഘം ഇസ്രയേലിന്റെ സ്വാതന്ത്ര്യത്തിന്വേണ്ടി മുദ്രാവാക്യങ്ങൾ മുഴക്കുന്നു. സീലട്ടിനെ തറച്ചകുരിശ്ശിനെ മണ്ണിട്ട് ഉറപ്പിക്കുന്ന ജീസസ്സ്. അമ്മയ്ക്ക് ജീസസിന്റെ ഈ പ്രവൃത്തി കണ്ടിട്ട് സഹിക്കുന്നില്ല, കുരിശ്ശുനിർമ്മിച്ച ജീസസ്സിനെ അവർ വഴക്ക് പറയുന്നു.

മറിയം ജീസസ്... നീ വീട്ടിലേയ്ക്ക് പോകൂ.... നിനക്കിതൊക്കെ ചെയ്യാൻ എങ്ങനെ കഴിയുന്നു കുഞ്ഞേ. (1988: 54)

കുരിശ്നിർമ്മിച്ച ജീസസ്സിനെ ജനങ്ങളും മഗ്ദലനയിലെ മേരിയും പരിഹസിക്കുന്നു. ജീസ്സസിന്റെ ഭീരുത്വവും, യൂദാസിന്റെ രാജ്യസ്നേഹത്തിലൂടെയാണ് ഈ രംഗം കടന്നുപോകുന്നത്.

**രംഗം 3**

ജീസസ്സ് രാത്രികാലങ്ങളിൽ ഒറ്റയ്ക്ക് സംസാരിക്കുന്നതും, നിലവിളിക്കുന്നതുമായ കാര്യങ്ങൾ മറിയം സഹോദരൻ സൈമണോട് സംസാരിക്കുന്നു. ജീസസ്സ് മരുഭൂമിയിലെ സന്യാസാശ്രമത്തിൽ പോകാൻ തീരുമാനിക്കുന്നു. മകൻ മരുഭൂമിയിലേക്ക് പോകുന്നത് സങ്കടത്തോടെ നോക്കിനിൽക്കുന്ന മറിയ.

**രംഗം–4**

യൂദാസ്സിന്റെ സഹോദര സംഘത്തിലാണ് ഈ രംഗം നടക്കുന്നത്. സീലട്ടിനെ തറയ്ക്കാനുള്ള കുരിശ് കൊണ്ട്വരുന്നത് തടയാൻ സംഘം യൂദാസിനെ ഏൽപ്പിച്ചു പക്ഷെ അയാൾക്ക് ജീസസ്സിനെ തടയാൻ കഴിഞ്ഞില്ല. യൂദസിനെ വിപ്ലവംസംഘം വിമർശിക്കുന്നു. അവിടേയ്ക്ക് ജീസസ്സ് കടന്ന്വരുന്നു, ബറാബസ്സ് ജീസസ്സിനെ തല്ലുന്നു, തിരിച്ചടിക്കാൻ കൈ ഉയർത്തിയ ജീസസ്സ് കോപത്തെ അടക്കിവയ്ക്കുന്നു. ജീസസ്സിന്റെ യാത്രയെ യൂദാസ് കളിയാക്കുന്നു.

യൂദാസ്: നീ എന്തന്വേഷിച്ച് പോകുന്നു?

ജീസസ് : സ്നേഹം, ദൈവത്തെ, ദൈവം സ്നേഹമാണ് സഹോദരാ...

യൂദാസ് : മനുഷ്യരുടെ ഇടയിൽ തിരയേണ്ടത് നീ മരുഭൂമിയിൽ അന്വേഷിക്കുന്നു. വെളിച്ചത്തെ ഭയന്ന് നീ ഇരുട്ടിൽ ഒളിക്കുന്നു" (1988: 72)

യേശു മരുഭൂമിയിലേയ്ക്ക് യാത്രചെയ്യുന്നു. ഇസ്രയേലിന്റെ വിപ്ലവപ്രവർത്തകരെ കൊല്ലാൻ കുരിശ്ശുണ്ടാക്കുന്ന ജീസസിനെ വധിക്കാനുള്ള ഉത്തരവാദിത്വം യൂദാസ്സിനെ സഹോദരസംഘം ഏൽപ്പിക്കുന്നു.

**രംഗം –5**

(മീൻപിടിത്തക്കാരനായ സെബദിയുടെ വീട്)

ആന്ദ്രൂറുവും, പീറ്ററും മീൻ പിടിക്കാൻ പോയ കാശിന്റെ കാര്യത്തിൽ തർക്കിക്കുന്നു. വിശന്ന് വലഞ്ഞ ജീസസ്സ് അവരോട് ആഹാരം ആവശ്യപ്പെടുന്നു, ഈ രംഗത്തിൽ മരുഭൂമിയിലേക്കുള്ള ജീസസ്സിന്റെ യാത്രതുടരുന്നു.

**രംഗം–6**

(മഗ്ദലനയിലെ മേരിയുടെ വീട്.)

മഗ്ദലനയിലെ മേരി നടത്തുന്ന വേശ്യാലയത്തിലാണ് ഈരംഗം ആരംഭിക്കുന്നത്. കളിക്കൂട്ടുകാരിയായിരുന്ന മേരിയുടെ ജീവിതം തകർന്നതിന് കാരണകാരൻ താനാണെന്ന് വിശ്വസിക്കുന്ന ജീസസ്സ്. മേരി ശാപവചസ്സുകളാൽ ജീസസ്സിനെ നേരിടുന്നു. മേരി ചെയ്തുകൊണ്ടിരിക്കുന്ന പാപകർമ്മത്തിൽനിന്ന് അവളെ പിൻതിരിപ്പിക്കാൻ ജീസസ്സ് ശ്രമിക്കുന്നു. ജീസസ്സിനെ കാണുമ്പോൾ മേരി അവരുടെ കുട്ടിക്കാലം ഓർക്കുന്നു. ജീസസ്സ് മേരിയോട് ക്ഷമ ചോദിച്ചിട്ട് മരുഭൂമിയിലെ ആശ്രമത്തിലേയ്ക്ക് തിരിക്കുന്നു.

**രംഗം–7**

(മരുഭൂമിയിലെ ആശ്രമം)

ആശ്രമത്തിലെ ഗുരു മരണംപ്രതീക്ഷിച്ച് കിടക്കുകയാണ്, ഗുരുവിന്റെ മരണസമയമാകുമ്പോൾ പുതിയരക്ഷകന്റെ വരവ് അവർപ്രതീക്ഷിക്കുന്നു. പുതിയ രക്ഷകൻവരും എന്നപ്രതീക്ഷയിൽ നിൽക്കുന്ന ജോണും, സന്യാസിയായ ജറോംബൊവും ജീസസ്സ് ആശ്രമത്തിൽ കടന്ന്വരുമ്പോൾ ഗുരുമരണപ്പെടുന്നു. സന്യാസിമാർ, ജീസസ്സിനെ പുതിയ രക്ഷകനായി പ്രഖ്യാപിക്കുന്നു. മരുഭൂമിയിലെ ആശ്രമത്തിലെ സന്യാസികളുടെപ്രവർത്തനങ്ങളെ വിഡ്ഢിത്തരമായിട്ടാണ് പി.എം. ആന്റണി ചിത്രീകരിക്കുന്നത്. മനുഷ്യരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി ഒരു രക്ഷകൻ അവതരിപ്പിക്കും എന്ന പുരാണ ഇതിഹാസങ്ങളിലെ സങ്കൽപ്പത്തെ ഈ രംഗത്തിലൂടെ പി.എം. ആന്റണി ശക്തമായി വിമർശിക്കുന്നു. ചക്ക വീണ് മുയൽ ചത്തു എന്നത് പോലെയാണ് ജീസസ്സിനെ രക്ഷകനായി ജറോംബൊം എന്ന സന്യാസി പ്രഖ്യാപിക്കുന്നത്.

"ജീസസ്സ്: ദൈവമേ ഒരു മരണത്തിന് സാക്ഷ്യം വഹിക്കാനാണോ നീയെന്നെ ഇവിടെ എത്തിച്ചത്?

ജറൊബൊ : അപ്പോൾ നിന്റെ തലയിൽ തന്നെ രക്ഷകസ്ഥാനം.

ജീസസ്സ് : ഞാൻ രക്ഷകനോ?

ജറോംബെ : അതേ, ഇപ്പോൾ മരിച്ച അദ്ദേഹം പറഞ്ഞിരുന്നതെന്താണെന്നറി

യാമോ? അദ്ദേഹം മരിക്കുന്നതിനു മുൻപ് ഈ ആശ്രമത്തിൽ വരുന്നവനാരോ അവനെ രക്ഷകനായി വാഴിക്കണമെന്ന്.

ജീസസ് : ഞാൻ രക്ഷകനാകുന്നതെങ്ങനെ? അദ്ദേഹത്തെ കണ്ട് എന്റെ സ്വപ്ന ങ്ങളുടെ രഹസ്യമറിയാൻ വന്നതല്ലേ?

ജറോംബൊം : എന്തായാലും നീ തന്നെ രക്ഷകൻ." (1988: 100)

രക്ഷക സങ്കൽപ്പങ്ങളെ ആക്ഷേപഹാസ്യത്തിന്റെ രൂപത്തിലാണ് ഈ രംഗത്ത് അവതരിപ്പിക്കുന്നത്.

**രംഗം-8**

(മരുഭൂമിയിലെ അശ്രമം.)

ജീസസ്സിനെകൊല്ലാൻ യൂദാസ് കത്തിയുമായി കാത്ത് നിൽക്കുന്നു എന്നാൽ ജീസസ്സ് യാതൊരുചെറുത്തുനിൽപ്പിനുംതയ്യാറാകാതെ യൂദാസ്സിന്റെമുന്നിൽ മരണ ത്തിന് തയ്യാറായിനിൽക്കുന്നു. ജീസസ്സ് എന്ന കഥാപാത്രത്തിന്റെ കൃത്യമായ വളർച്ച കൊണ്ടുവരാൻ നാടകകൃത്തിന് കഴിഞ്ഞിട്ടില്ല എന്ന് ഈ രംഗത്തിൽ മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ രംഗങ്ങളിൽ വളരെ ഭയത്തോടെയും കുറ്റബോധത്തോടെയും നിൽക്കുന്ന കഥാപാത്രം ഈ രംഗത്തിൽ വളരെധൈര്യത്തോടെ കാണപ്പെടുന്നു. ജീസസ്സ് എന്ന കഥാപാത്രത്തിന്റെ മാനസികവികാസത്തെയും ക്രമാനുഗതമായ വളർച്ച യെയും അവതരപ്പിക്കുന്നതിൽ നാടകകൃത്ത് പരാജയപ്പെടുന്നതായി ഈ രംഗത്ത് കാണാൻ കഴിയും. ആശ്രമത്തിൽ എത്തിയ ഉടൻ ഒരു പുതിയ മനുഷ്യനായി ജീസസ്സ് മാറുന്നു.

**രംഗം-9**

(സഹോദരസംഘം)

മരുഭൂമിയിലെ ആശ്രമത്തിൽ ജീസസ്സിനെ കൊല്ലാൻപോയ യൂദാസിനെ വിപ്ലവം സംഘം കാത്തിരിക്കുന്നു. എന്നാൽ ജീസസ്സിനെ കൊല്ലാതെ തിരിച്ചു വന്ന യൂദാ സ്സിന്റെ പ്രവർത്തിയെ അവർ അപലപിക്കുന്നു. വിപ്ലവം സംഘം മഗ്ദലീന ആക്രമി ക്കാൻ തീരുമാനിക്കുന്നു.

**രംഗം-10**

(കടൽത്തീരത്ത് പ്രസംഗിക്കുന്ന ജീസസ്സ്)

ആശ്രമത്തിൽനിന്ന് തിരിച്ച്വന്നതിന്ശേഷം കടൽക്കരയിൽ ജീസസ്സ് വലിയ ജനക്കൂട്ടങ്ങൾ ഇടയിൽനിന്ന് പ്രസംഗിക്കുന്നു. ഈ രംഗത്ത് ജീസസ്സ് പ്രസംഗിക്കുന്ന ആശയങ്ങളെ ജനങ്ങൾ  ചോദ്യംചെയ്യുന്നു ജീസസ്സ് പറയുന്നആശയങ്ങളെ ജന ങ്ങളെ കൊണ്ട് ചോദ്യംചെയ്യിപ്പിക്കുക എന്നരീതിയാണ് നാടകകൃത്ത് സ്വീകരിച്ചിരിക്കുന്നത്.

ജീസസ്സ് : നീ നിന്റെ വലത് കരണത്തടിക്കുന്നവന് ഇടത്കരണവും കൂടി കാണിച്ച് കൊടുക്കുക. നിന്റെ ഉടുപ്പ് കരസ്ഥമാക്കുന്നവന് നിന്റെ മേലങ്കി കൂടി കൊടുക്കുക.

ഒരുവൻ : ഇയാളീപറയുന്നത്...എന്റെമ്മയെ ബലാൽസംഗം ചെയ്യുന്ന റോമക്കാരന് എന്റെ സഹോദരിയെ കൂടി കൊടുക്കണമെന്നാണല്ലോ ഇയാൾ പറയുന്നത്"(1988: 118). നാടകകൃത്ത് ഈ രംഗത്ത് ജനങ്ങളുടെ സംഭാഷണത്തിലൂടെ ജീസസ്സിന്റെ വചന ങ്ങളെ വിമർശിക്കുന്നു. ആൾക്കൂട്ടം പ്രസംഗിച്ചുകൊണ്ട് നിൽക്കുന്ന ജീസസ്സിനെ ആക്രമിക്കുന്നു, ആ  സ്ഥലത്തേയ്ക്ക് യൂദാസ് കടന്ന്വന്ന് ജീസസ്സിനെ രക്ഷിക്കുന്നു. ജനങ്ങളുടെ ആവശ്യം എന്താണെന്ന് തിരിച്ചറിയാനാവാതെ നിൽക്കുന്ന ജീസ സ്സിനെയാണ് ഈ രംഗത്ത് കാണാൻകഴിയുന്നത്.

**രംഗം–11**

(മഗ്ദലീന ആക്രമിക്കപ്പെടുന്നു.)

ബറബാസിന്റെ നേതൃത്വത്തിൽ മഗ്ദലീനനഗരം ആക്രമിക്കുകയും വേശ്യയായ മേരിയെ കല്ലെറിഞ്ഞ്കൊല്ലാൻ വേണ്ടി തയ്യാറാകുകയും ചെയ്യുന്നു. ജീസസ് ഇട പ്പെട്ട് ബറാബാസിന്റെ പ്രവർത്തിയെ തടഞ്ഞ് മേരിയെ രക്ഷപ്പെടുത്തുന്നു. തന്നെ കൊല്ലാൻ നിൽക്കുന്ന ജനക്കൂട്ടത്തോട് വളരെ വിപ്ലവകരമായ സംഭാഷണങ്ങൾ മേരി യെകൊണ്ട് നാടകകൃത്ത് പറയിക്കുന്നുണ്ട്.

മേരി : നിങ്ങളുടെ ഭാര്യയെയും സഹോദരിയേയും അവരുടെ അനുവാദം കൂടാതെ വ്യഭിചരിക്കുന്ന റോമിനെതിരെ ഒരു ചെറിയ കല്ലെങ്കിലും എറിയാൻ നിങ്ങൾക്ക് ധൈര്യ മുണ്ടോ?" (1988: 130)

**രംഗം– 12 & 13**

(പെരുനാൾ ആഘോഷിക്കാൻ തയ്യാറായി നിൽക്കുന്ന ഇസ്രയേലി ജനത)

ദേവാലയത്തെ കേന്ദ്രീകരിച്ച് നടത്തുന്ന കച്ചവടത്തെതടയുന്ന ജീസസ്സ്, ചാട്ട വാറുമായി ക്രുദ്ധനായി നിൽക്കുന്ന ജീസസ്. പന്ത്രണ്ടാമത്തെ രംഗത്തിലും പ്രസം ഗിച്ച് കൊണ്ടിരിക്കുന്ന ജീസസ്സിനെ ജനങ്ങൾ ചോദ്യംചെയ്യുന്നു.

ജീസസ്സ്: നിങ്ങൾ ആകാശത്തിലേയ്ക്ക് നോക്കുക.. ആകാശത്തിലെ പറവകൾ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല... എങ്കിലും സർവ്വശക്തിമാനായ ദൈവം അവയെ തീറ്റി പ്പോറ്റുന്നു.

ജനങ്ങൾ : ഞങ്ങൾ പറവകളല്ല. മനുഷ്യരാണ്. " (1988: 135)

നാടകത്തിന്റെ അവസാനത്തെരംഗത്തിൽ കുരിശ്ശിൽതറച്ച് തന്നെകൊല്ലാൻ വരുന്ന റോമൻ പട്ടാളക്കാരെ ജീസസ്സ് കാത്ത് നിൽക്കുന്നു. മരണംകാത്ത്നിൽക്കുന്ന ജീസസ്സിനെ യൂദാസ്സ് ചുംബിക്കുമ്പോഴാണ് നാടകംഅവസാനിക്കുന്നത്.

*'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങൾ'* എന്ന നോവലിലെ ചില രംഗങ്ങൾ എടുത്തതിന് ശേഷം കഥാപാത്രങ്ങൾക്ക് സംഭാഷണങ്ങൾ നിർമ്മിക്കുകയായിരുന്നു നാടകകൃത്ത് ചെയ്തത്.

**4.3.3 ക്രിസ്തുവിന്റ ആറാം തിരുമുറിവ് കഥാപാത്രങ്ങൾ**

**(i) ജീസസ്സ്**

'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' എന്ന നാടകത്തിൽ കേന്ദ്രകഥാപാത്രം ജീസസ്സ് ആണ്. യേശു എന്ന ഹീബ്രു നാമത്തിന്റെ ഇംഗ്ലീഷ് രൂപമായ ജീസസ്സ് എന്ന പേരാണ് കഥാപാത്രത്തിന് ഉപയോഗിച്ചിരിക്കുന്നത്. നാടകത്തിന്റെ കഥാബീജം വികസിക്കുന്നത് സഹോദരസംഘം എന്ന വിപ്ലവപ്രവർത്തകരിലൂടെയാണ്, അതിനാൽ ജീസസ് എന്ന കഥാപാത്രത്തിന്റെ ക്രമാനുഗതമായ വളർച്ച ചിത്രീകരിക്കാൻ നാടകകൃത്തിന് കഴിഞ്ഞിട്ടില്ല. എപ്പോഴും ഭയത്തിലും, ആത്മവഞ്ചനയിലും നിൽക്കുന്ന കഥാപാത്രമാണ് ജീസസ്സ്. യൂദാസിനോട് ക്ഷമചോദിച്ച് പോകുന്ന വളരെ ദുർബലനായ കഥാപാത്രം, ഇസ്രയേൽ ജനങ്ങൾ വിമോചനം ആഗ്രഹിച്ച് പ്രവർത്തിക്കുമ്പോൾ അവരുടെ ഭൗതികമായ ഇച്ഛകൾ മനസ്സിലാക്കാതെ ആത്മാവിനെക്കുറിച്ച് സംസാരിക്കുകയാണ് ജീസസ്സ്. "ഭരണകൂടത്തെ അതേപോലെ നിലനിർത്താൻ തല്ലുകൊള്ളാനുള്ള അവകാശത്തിന് എഗ്രിമെന്റ് വയ്ക്കുകയാണ് യേശു ചെയ്യുന്നത്. പ്രതിഷേധിക്കാനുള്ള മനുഷ്യന്റെ തൃഷ്ണ ഇല്ലാതാക്കുന്നു. തങ്ങൾക്ക് ഒപ്പംനിന്ന്പൊരുതിയ ബറാബാസിനെ വിട്ടുകിട്ടാനും ക്രിസ്തുവിനെ കൈയൊഴിയാനും ആ ജനതയ്ക്ക് മടിയുണ്ടായിരുന്നില്ല. അത് ഇന്നും ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു." (ആന്റണി, പി.എം. 2008. ആമുഖം)

വിപ്ലവപോരാട്ടങ്ങൾക്കും, വിമോചനപ്രവർത്തനങ്ങളുമാണ് നാടകത്തിൽ പ്രാധാന്യം നൽകുന്നത്. നാടകകൃത്ത് കഥാപാത്രആവിഷ്കാരത്തിൽ ജീസസിനെക്കാൾപ്രാധാന്യം നൽകിയിരിക്കുന്നത് യൂദാസിനും ബറാബസിനുമാണ്. റോമിന്റെ ദുർഭരണത്തിൽനിന്ന് ജനങ്ങൾ ആഗ്രഹിക്കുന്നത് സ്വാതന്ത്രമാണ്. ജനങ്ങൾ സംഘടിതരായി പോരാടാൻ തയ്യാറായി നിൽക്കുന്ന സന്ദർഭത്തിലാണ് അവരുടെ വിപ്ലവവീര്യത്തെ തകർത്ത് കൊണ്ട് 'സ്നേഹത്തെ'കുറിച്ച് ജീസസ് സംസാരിക്കുന്നത്.

"യൂദാസ്: ജീസസ്സ്, നിനക്ക് ഇസ്രേയേലിനെ മനസ്സിലായിട്ടില്ല. നീ ഇനിയും വളരെ പഠിക്കേണ്ടിയിരിക്കുന്നു.

ജീസസ് : എനിക്ക് എവിടെയാണ് സഹോദരാ തെറ്റു പറ്റിയത്?

യൂദാസ് : യജമാനനേയും അടിമയേയും ഒരേ തുലാസിൽ തൂക്കിന്നിടത്താണ് നിനക്ക് പറ്റിയ തെറ്റ്. ഇസ്രലേയിന്റെ രക്ഷകൻ തല്ലുന്നവന്റെ കൂടെയല്ല തല്ലുകൊള്ളുന്നവന്റെ കൂടെയാണ് നിൽക്കേണ്ടത്." (ആന്റണി, പി. എം. 1988: 119)

### (ii) യൂദാസ്

*'ക്രിസ്തുവിന്റെ ആറാം തിരുമുറിവി'*ലെ കേന്ദ്രകഥാപാത്രം യൂദാസ്സാണ്. ഇസ്രയേലിന്റെ വിമോചനത്തിനായി ജീവൻത്യാജിക്കാൻ തയ്യാറായി നിൽക്കുന്ന വീരനായകഥാപാത്രം. പി.എം. ആന്റണി എന്ന നാടകപ്രവർത്തകന്റെ ഉള്ളിലുള്ള വിപ്ലവചിന്തകളാണ് യൂദാസ്സിന്റെ സംഭാഷണത്തിലൂടെ പുറത്തേയ്ക്ക് വരുന്നത്. ഭരണക്കൂടത്തെ മുഖ്യശത്രുവായി കണ്ടുകൊണ്ട് സായുധകലാപം ചെയ്യുന്ന തീവ്ര ഇടതുപക്ഷ ആശയങ്ങൾ ആന്റണിയുടെ '*ക്രിസ്തുവിന്റെ ആറാംതിരുമുറിവ്*' എന്ന നാടകത്തിലെ ജീസസ്സ് ഒഴികെ എല്ലാകഥാപാത്രങ്ങളിലും നിറഞ്ഞ്നിൽക്കുന്നു. യൂദാസ്സിലും, ബറാബാസിലും മാത്രമല്ല ജീസസ്സിന്റെ ആശയങ്ങളെ ചോദ്യംചെയ്യുന്ന ജനങ്ങളിലും ഈ വിപ്ലവചിന്തകൾ വളരെസ്പഷ്ടമായി കാണാൻകഴിയും. '*ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങൾ*' എന്ന നോവലിലെ യൂദാസ് യേശുവിന്റെ പിന്നാലെ നിഴൽപോലെ സഞ്ചരിക്കുന്നു. എന്നാൽ നാടകത്തിൽ ജീസസ്സ് യൂദാസ്സിന്റെ പിന്നാലെയാണ് സഞ്ചരിക്കുന്നത്. ഒരു വിപ്ലവനായകന്റെ എല്ലാസ്വഭാവവും യൂദാസിന്റെ കഥാപാത്ര നിർമ്മിതിയിൽ കാണാൻകഴിയും. നാടകത്തിൽ യൂദാസ്സ് എപ്പോഴും ജീസസ്സിന്റെ പ്രവർത്തി

കളെ പുച്ഛത്തോടെ വീഷിക്കുന്നു. ഭരണക്കൂടത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്ന സഹോദരസംഘത്തിന്റെ പ്രവർത്തനങ്ങളാണ് നാടകത്തിൽ പ്രാധാന്യം കൊടുക്കുന്നത്. ഭൗതികവാദത്തിലൂന്നിയാണ് *'ക്രിസ്തുവിന്റെ ആറാംതിരുമുറിവിലെ'* എല്ലാ കഥാപാത്രങ്ങളെയും നാടകകൃത്ത് നിർമ്മിച്ചിരിക്കുന്നത്.

ജീസസ് : ലോകത്തു നിന്നും സ്നേഹം നഷ്ടപ്പെട്ടിരിക്കുന്നു യൂദാസ്, മനുഷ്യർ രക്തദാഹികളായി പാഞ്ഞു നടക്കുന്ന ഈ ലോകത്ത് സ്നേഹം കൊണ്ട് മാത്രമേ ശാശ്വതമായ ഒരു പരിഹാരമുണ്ടാകു!

യൂദാസ് : മനുഷ്യനിൽ നിന്നും സ്നേഹം എങ്ങനെ നഷ്ടപ്പെട്ടു എന്നതിന്റെ കാരണം നീ അന്വേഷിക്കുന്നില്ല.

ജീസസ്സ് : എന്താണ് കാരണം?

യൂദാസ് : നൂറ്റാണ്ടുകളായുള്ള അടിമത്വം, ഭൂമിയും ഭൂമിയിലുള്ള വസ്തുക്കളും വളരെ കുറച്ച് ബലവാൻമാരും ധനവാൻമാരും കൈയിൽവെച്ചുകൊണ്ടിരിക്കുന്നു. വിശക്കുന്നവന് മൂക്കുമുട്ടെ ഭക്ഷിച്ചവനെ സ്നേഹിക്കാൻ കഴിയില്ല. തല്ലുകൊള്ളുന്നവന് തല്ലുന്നവനേയും സ്നേഹിക്കാൻ കഴിയില്ല ജീസസ്സ്. " (1988: 119)

**4.3.4 കഥാപാത്രങ്ങൾ : നോവലിലും നാടകത്തിലും**

**4.5.3.1 നോവൽ**

നോവലിൽ ഓരോകഥാപാത്രങ്ങളുടെയും മാനസികഅപഗ്രഥനം വളരെ സൂക്ഷ്മമായി നിർവ്വഹിച്ചിരിക്കുന്നു. യേശു അനുഭവിക്കുന്ന മാനസികസംഘർഷം, ഒരു പ്രവാചകനിലേയ്ക്കുള്ള ക്രമാനുഗതമായ വളർച്ച എന്നിവ വളരെ മനോഹരമായിട്ടാണ് പുരോഗമിക്കുന്നത്. തന്നിൽനിന്ന് അകന്ന്പോകുന്ന മകനെ ഹൃദയംതകർന്ന് നോക്കിനിൽക്കാൻ വിധിക്കപ്പെട്ട മേരി, നോവലിൽ ശരിക്കും ഒറ്റപ്പെട്ട് പോകുന്ന കഥാപാത്രമാണ്. യേശുവിന്റെ നല്ല സുഹൃത്ത് എന്ന നിലയിലാണ് യൂദാസ്സിന്റെ കഥാപാത്രത്തെ സൃഷ്ടിച്ചിരിക്കുന്നത്. മഗ്ദലീനയിലെ മേരിയെ യേശു കാണാൻപോകുന്ന രംഗത്തിൽ ശരീരത്തിന്റെ ആകർഷണങ്ങൾക്ക് അപ്പുറത്തേക്ക് ഒരു സ്ത്രീയുടെയും പുരുഷന്റെയും ആത്മബന്ധത്തിന്റെ അതിമനോഹരമായ ചിത്രീകരണമാണ്. അത്ഭുത പ്രവർത്തികൾ ചെയ്യുന്നതിന് മുമ്പുള്ള യേശുവിന്റെ മാനസികമായ വളർച്ചയാണ് നോവൽ കൂടുതൽ ശ്രദ്ധിക്കുന്നത്. പന്ത്രണ്ട് വയസ്സിന് ശേഷം അലഞ്ഞ് തിരിയുന്ന യേശു പിന്നീട് മുപ്പത്താമത്തെ വയസ്സിലാണ് പ്രവാചകനായി വരുന്നത്. നോവൽ

വായിക്കുന്ന ഒരു വിശ്വാസിക്ക് യേശുവിനെ കൂടുതൽ സ്നേഹിക്കാൻകഴിയും എന്ന താണ് ഈസർഗ്ഗാത്മരചനയുടെ പ്രത്യേകത.

#### 4.3.4.2 നാടകം

ആന്റണിയുടെ നാടകങ്ങളിൽ ആവർത്തിച്ചുവരുന്ന ഭരണക്കൂടത്തിനെതിരെ യുള്ള സായുധവിപ്ലവം, എന്ന ആശയം *'ക്രിസ്തുവിന്റെ ആറാം തിരുമുറിവിലും'* നിറഞ്ഞ് നിൽക്കുന്നു. ക്രിസ്തുവിന്റെ അമ്മയായ മേരിയെ നോവലിൽ വളരെ സാധു വായ ഒരു അമ്മയായിട്ടാണ് ചിത്രീകരിക്കുന്നത് എന്നാൽ നാടകത്തിലെ മറിയം ഇസ്ര യേലിന്റെ സ്വാതന്ത്ര്യത്തിന്വേണ്ടിവിപ്ലവം സംസാരിക്കുന്നതായി കാണാം.

"മറിയം: ഇസ്രയേലിനു ഒരു രക്ഷകൻ ഉണ്ടായികാണുവാൻ എനിക്കും കൊതി യുണ്ട്. എത്രയോ തലമുറകളായി ഇസ്രയേൽ ജനത ഒരു രക്ഷകനുവേണ്ടി കാത്തിരി യ്ക്കുന്നു." (1988:44) 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിലെ എല്ലാ കഥാപാത്രങ്ങളിലും ഒരു വിപ്ലവകാരിയുടെ നിഴൽ വീണ് കിടക്കുന്നുണ്ട്.

### 4.3.5 ക്രിസ്തുവിന്റെ ആറാം തിരുമുറിവ് ദർശനം

"ആന്റണി മുദ്രകളോടും പാരമ്പര്യങ്ങളോടും വിശ്വസ്തപുലർത്തേണ്ട ഒരു കഥ കളി ആർട്ടിസ്റ്റല്ല എന്നതാണ്. ആന്റണി ഒരു നാടകക്കാരനാണ്. ഒരർത്ഥത്തിൽ ഒരു തെരുവ്നാടകക്കാരൻ. ഒരുതെരുവ്നാടകകാരന്റെ ബാധ്യത ആ തെരുവിനോടും അതി ലൂടെ കടന്ന്പോകുന്ന മനുഷ്യരോടുമാണ്." (ആനന്ദ്. 2013:39)

പി.എം. ആന്റണിയുടെ *ക്രിസ്തുവിന്റെ ആറാംതിരുമുറിവ്* എന്ന നാടകം വിശ കലനം ചെയ്യുന്നത് ക്രിസ്തുവിന്റെ ത്യാഗമോ ജീവിതമോ അല്ല. ഇസ്രയേലി ജന ങ്ങൾ ഭൗതീകമായ വിമോചനത്തിന് യുദ്ധം ചെയ്യുമ്പോൾ അവിടെ ആത്മീയതയുടെ പ്രവാചകന്റെ ആവശ്യമില്ല എന്ന ആശയമാണ് നാടകം മുന്നോട്ട് വയ്ക്കുന്നത്. സാമൂ ഹികമായ അസമത്വങ്ങൾ അനുഭവിക്കപ്പെടുന്നജനങ്ങൾക്ക് 'ശത്രുക്കളെ സ്നേഹി ക്കുക' എന്ന ആശയത്തെ ഒരിക്കലും ഉൾക്കൊള്ളാൻ കഴിയുകയില്ല. *'ക്രിസ്തുവിന്റെ ആറാം തിരുമുറിവി'*ൽ ഉടനീളമുള്ള എല്ലാകഥാപാത്രങ്ങളും ആവശ്യപ്പെടുന്നത് ഭൗതി കമായ മാറ്റങ്ങളാണ്. റോമിനെതിരെ ആയുധമെടുത്ത് പോരാടുന്ന രക്ഷകനെയാണ് ജനങ്ങൾ കാത്തിരിക്കുന്നത്. പി.എം. ആന്റണിയുടെ എല്ലാ നാടകങ്ങളിലും ആവർത്തിച്ച് വരുന്ന ചില ആശയങ്ങൾ താഴെ സൂചിപ്പിക്കുന്നു.

i. രാജാവിന് അല്ലെങ്കിൽ ഏകാധിപതികൾക്ക് അനുകൂലമായ ക്രിസ്ത്യൻ സഭകൾ.

ii. ഭരണകൂടത്തിനെതിരെ പ്രവർത്തിക്കുന്ന ജനങ്ങളുടെ/ വിപ്ലവപ്രവർത്തകരുടെ കൂട്ടായ്മ

iii. ചരിത്രത്തോടും, ചരിത്ര പുരുഷൻമാരോടുള്ള താൽപ്പര്യം.

iv. യുക്തിവാദത്തിൽ അടിസ്ഥാനമാക്കിയ ആശയം.

v. അമേരിക്ക അടക്കമുള്ള അധിനിവേശശക്തികളോടുള്ള ശക്തമായഎതിർപ്പ്

vi. അധികാരിവർഗ്ഗത്തിനോടുള്ള ജനങ്ങളുടെ പ്രതിരോധം

ഭരണക്കൂടത്തിനോടോ, ഭരണക്കൂടത്തെ സ്വാധീനിക്കുന്ന ശക്തികളുമായിട്ടുള്ള ഏറ്റുമുട്ടലുകളാണ് പി. എം. ആന്റണിയുടെ നാടകങ്ങളുടെ പ്രധാനകഥാതന്തു. ശരിയായ മാർക്സിസ്റ്റ് അവലോകനമാണ് നാടകനിർമ്മിതിയ്ക്ക് ആന്റണി ഉപയോഗിച്ചിരിക്കുന്നത്. അധികാര വർഗ്ഗത്തിനോടുള്ള സാധാരണ മനുഷ്യരുടെ പ്രതിരോധങ്ങളാണ് എല്ലാ നാടകങ്ങളിലും നിറഞ്ഞ് നിൽക്കുന്നത്, "മനുഷ്യവംശ ചരിത്രമാകെ തന്നെ തന്നെ വർഗ്ഗസമരങ്ങളുടെ ചരിത്രമാണ്, ചൂഷകരും ചൂഷിതരും ഭരിക്കുന്നവരും മർദ്ദിതരും തമ്മിലുള്ള പോരാട്ടത്തിന്റെ ചരിത്രമാണ്"(കാറൽ മാർക്സ്. 2014 : 11)

**4.4. ആറാം തിരുമുറിവ് :ആവിഷ്കാര സ്വാതന്ത്ര്യം**

പ്രൊസീനിയം രീതിയിൽ രൂപകൽപ്പനചെയ്ത '*ക്രിസ്തുവിന്റെ ആറാം തിരുമുറിവ്*' വിവാദമായതോടു കൂടി നാടകത്തിന്റെ തുടർച്ചയെന്ന പോലെ തെരുവിൽ പ്രതിഷേധങ്ങളും, വലിയ മാർച്ചും, ഘോഷയാത്രകളും രൂപപ്പെട്ടു. നാടകത്തെ നിരോധിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ക്രിസ്തുമതവിശ്വാസികളുടെ വിശ്വാസസംരക്ഷണയാത്രയും, സാംസ്കാരികപ്രവർത്തകർ നയിച്ച ആവിഷ്കാരസ്വാതന്ത്രസമ്മേളനങ്ങളും നാടകത്തെ തെരുവിൽഎത്തിച്ചു. 1986 നവംബർ മാസം മുതൽ കേരളത്തിലെ ദിനപത്രങ്ങളുടെയും, പ്രധാന വാർത്ത നാടകത്തിനെ കുറിച്ചായിരുന്നു. പ്രോസീനിയം വേദിയിൽ അവതരിപ്പിച്ച നാടകത്തിന്റെ തുടർച്ചയാണ് തെരുവിൽ ഉണ്ടായപ്രക്ഷോഭങ്ങൾ '*ക്രിസ്തുവിന്റെ ആറാം തിരുമുറിവ്*' നിരോധിച്ചതിനെ തുടർന്ന് രണ്ട് പ്രതിരോധനാടകങ്ങൾ കേരളത്തിൽഅരങ്ങേറി. നാടകനിരോധനത്തെ എതിർത്ത് കൊണ്ട് മധുമാസ്റ്ററുടെ നേതൃത്വത്തിൽ '*വീണ്ടും ക്രിസ്തു*' എന്ന പ്രതിഷേധ നാടകം കോഴിക്കോട് മുതലക്കുളംമൈതാനത്തിൽ അവതരിപ്പിച്ചു. മധുമാസ്റ്ററും സംഘത്തിലുണ്ടായിരുന്നവരും ആവിഷ്കാരസ്വാതന്ത്ര്യത്തിന്വേണ്ടി പന്തം

കൊളുത്തി പ്രകടനംനടത്തുകയുംചെയ്തു. എ.നന്ദകുമാർ , അലി അക്ബർ, കെ. രഞ്ജിത്ത് തുടങ്ങിയ പ്രവർത്തകരെ പോലീസ്അറസ്റ്റ്ചെയ്തു. തൃശ്ശൂരിലെ നാടക പ്രവർത്തകൻ ജോസ് ചിറമേലിന്റെ നേതൃത്വത്തിൽ ആലപ്പാട് മുതൽ തൃപ്രയാർ വരെ പതിനാല് കേന്ദ്രങ്ങളിലൂടെ കടന്ന് പോകുന്ന *'കുരിശ്ശിന്റെ വഴി'* പ്രതിഷേധ നാടകം അവതരിപ്പിക്കാൻ തുടങ്ങിയപ്പോൾതന്നെ പോലീസ് അറസ്റ്റ് ചെയ്തു.

ഇത്തരത്തിൽ *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'* എന്ന നാടകം കേരളത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. *'ക്രിസ്തുവിന്റെ ആറാം തിരുമുറിവിന്റെ* റിഹേഴ്സൽ ആലപ്പുഴയിലെ തീരദേശപ്രദേശമായ മംഗലത്ത് ആരംഭിച്ചപ്പോൾതന്നെ മതവിശ്വാസികളുടെ ഭാഗത്ത് നിന്ന്പ്രതിഷേധങ്ങൾരൂപപ്പെട്ടുതുടങ്ങി. നാടകത്തിന്റെ അവതരണത്തിന് മുമ്പ് ആലപ്പുഴയിലെ ചില സ്ഥലങ്ങളിൽ പതിച്ച "ദൈവപുത്രനല്ലാത്ത യേശു, ഒറ്റുകാരനല്ലാത്ത യൂദാസ്, 'വേശ്യയല്ലാത്ത മഗ്ദലനമറിയം', 'കൊള്ളക്കാരനല്ലാത്ത ബറാബാസ്' എന്ന വാചകത്തോട് കൂടിയ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടതോടെ നാടകത്തിനെതിരെ പ്രതിക്ഷേധങ്ങൾ തുടങ്ങി.

ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ ഇടയിലാണ് 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' ആലപ്പുഴ ശവക്കോട്ടപാലത്തിന് സമീപത്തുള്ള സുഗതൻമെമ്മോറിയൽ ഓഡിറ്റോറിയത്തിൽ ആദ്യ അവതരണം നടത്തിയത്. വിവാദങ്ങൾക്കിടയിലും കുറച്ച് വേദികളിൽ നാടകംഅവതരിപ്പിച്ചു. "തൃശ്ശൂർജില്ലയിലെ വലപ്പാട്ട് നാടകംഅവതരിപ്പിച്ചപ്പോൾ വിശ്വാസികൾ ആഡിറ്റോറിയത്തിൽ കടന്ന് വലിയബഹളമുണ്ടാക്കി, അതിനിടയിലും നാടകം അവതരിപ്പിച്ചു. വലപ്പാട്ട് അവതരിപ്പിച്ചതിന് ശേഷമാണ് കത്തോലിക്ക ബിഷപ്പ് ഡോ. ജോസഫ് കുണ്ടുകുളം നാടകത്തിനെതിരെ ശക്തമായ വിമർശനം ഉയർത്തിയത്."[1]

**4.4.1 ക്രിസ്തുവിന്റെ ആറാം തിരുമുറിവിനെതിരെയുള്ള പ്രതിഷേധം**

മതവിശ്വാസത്തെ വൃണപ്പെടുത്തുന്നു എന്ന കാരണത്താൽ തൃശ്ശൂർജില്ലയിലെ ക്രൈസ്തവമതവിശ്വാസികൾ തേക്കിൻകാട്മൈതാനത്ത് ഒത്തുക്കൂടുകയും അവിടെ നിന്ന് കളക്ടറേറ്റിലേയ്ക്ക് മാർച്ച്നടത്തുകയും ചെയ്തു. 'മതം അപകടത്തിൽ, ക്രിസ്തുവിനെ രക്ഷിക്കുക, എന്നപ്രചരണം കേരളത്തിന്റെ എല്ലാജില്ലകളിലും ഉണ്ടായിവന്നു. ക്രമസമാധാനപ്രശ്നം ആരോപിച്ച് തൃശ്ശൂർ ജില്ലാകളക്ടർ നാടകത്തെ രണ്ട് മാസത്തേയ്ക്ക് നിരോധിച്ചു. 1986 നവംബർ 8-ാം തീയതി തൃശ്ശൂർ റീജണൽ തിയേറ്റർ

അവതരിപ്പിക്കാൻ തീരുമാനിച്ചപ്പോൾ നാടകത്തിന്റ അവതരണം നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശ്വാസികളുടെ നേതൃത്വത്തിൽ നവംബർ മൂന്നാംതീയതി വലിയപ്രതിഷേധയാത്രസംഘടിപ്പിച്ചു.

കുട്ടികളും, കന്യാസ്ത്രീകളും അണിനിരന്ന വലിയ പ്രകടനം തൃശ്ശൂർ കളക്ട്രേറ്റിൽ കൂടിചേരുകയും നാടകം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഭീമഹർജി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു ഫാദർ. ലോറൻസ് *ഒലക്കേങ്കല്‍* ആയിരുന്നു സംയുക്ത സമര സമിതിയുടെ കൺവീനർ. 1986 നവംബർ 3-ാം തീയതി നടത്തിയ പ്രതിഷേധ പ്രകടനം ഒരു ഹർത്താലിന്റെ പ്രതീതി ഉണർത്തി കടകമ്പോളങ്ങൾ അടഞ്ഞു കിടക്കുകയും കത്തോലിക്ക സഭയുടെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ അടച്ചിടുകയും ചെയ്തു. ബിഷപ്പ് ജോസഫ് കുണ്ടുകുളം ഉത്ഘാടനം ചെയ്ത പ്രതിഷേധ പ്രകടനത്തിൽ ജനതാപാർട്ടി എം.എൽ.എ. കെ.ജെ ജോർജ്ജ്, കൽദാമ മെത്രാപോലീത്താ, ഡോ.മാർ അപ്രേം, മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപ്പോലീത്താ ജോസഫ് മാർ കുറിലോസ്, കാത്തലിക് യൂണിയൻനേതാവ് പോൾ നെല്ലിശ്ശേരി എന്നിവർ പ്രതിഷേധയോഗത്തെ അഭിസംബോധനചെയ്ത് സംസാരിച്ചു. തൃശ്ശൂർജില്ലയിൽ നടന്ന പ്രതിഷേധത്തെ തുടർന്ന് കേരളത്തിന്റെ എല്ലാ ജില്ലകളിലും നാടകത്തിനെതിരെ വലിയ പ്രതിഷേധയാത്രകൾ സംഘടിപ്പിച്ചു. നവംബർ നാലാം തീയതിയിലെ എല്ലാ പത്രങ്ങളുടെയും പ്രധാനവാർത്ത വിശ്വാസികളുടെ പ്രതിഷേധത്തെ കുറിച്ചായിരുന്നു (അനുബന്ധം)

ക്രമസമാധാന പ്രശ്നം കണക്കിലെടുത്ത് തൃശ്ശൂർ ജില്ലാ കളക്ടറായിരുന്ന വിനോദ് റോയ് *'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'* എന്ന നാടകത്തെ നിരോധിക്കുകയും, തൃശ്ശൂർ നഗരത്തിൽ രണ്ട് ആഴ്ചത്തേയ്ക്ക് നിരോധനാജ്ഞ പുറപ്പെടുവിക്കുകയും ചെയ്തു. 'ക്രിസ്തുവിന്റ ആറാം തിരുമുറിവ് എന്ന നാടകത്തിന്റെ തുടർച്ച എന്നനിലയിലാണ് തെരുവിലെ പ്രതിഷേധങ്ങൾ അരങ്ങേറിയത്.

### 4.4.2 നാടകസംഘത്തിന്റെ പ്രതിഷേധം

നാടക നിരോധനത്തെ എതിർത്ത്കൊണ്ട് പി.എം. ആന്റണിയുടെ നേതൃത്വത്തിൽ ആലപ്പുഴ മംഗലം ദേശസേവിനി വായനശാലയിൽ നിന്ന് പ്രതിഷേധപ്രകടനം നടന്നു. 'ആവിഷ്കാരസ്വാതന്ത്ര്യത്തിന് ജനാധിപത്യവിശ്വാസികൾ ഒന്നിക്കുക' എന്ന ബാനർ ഉയത്തിപ്പിടിച്ച്കൊണ്ടായിരുന്നു പ്രതിഷേധം. നാടകത്തിൽ അഭിനയിച്ച നടീനടൻമാർ വായമൂടികെട്ടിയും നാടകകൃത്തായ പി.എം. ആന്റണി ദേഹം

മുഴുവൻ ചങ്ങലകൾ കൊണ്ട് ബന്ധിച്ചുമാണ് പ്രതിഷേധം നടത്തിയത്. 'ഏകലവ്യന്റെ വിരൽ വീണ്ടും മുറിക്കപ്പെടുന്നു' 'ഗായകന്റെ നാവ് പിഴുതെറിയപ്പെടുന്നു', 'നാടകം ഇവിടെ നിരോധിക്കുമ്പോൾ കുരിശ്ശിൽ ഏറുന്നത് മതേതരത്വമാണ്' തുടങ്ങിയ മുദ്രാവാക്യങ്ങളും പ്ലക്കാർഡുകളുമായി നീങ്ങിയ പ്രകടനത്തെ ആലപ്പുഴ കോൺവെന്റ് സ്ക്വയറിൽ വച്ച് പോലീസ് അറസ്റ്റ് ചെയ്തു. ആലപ്പുഴ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ നാടകപ്രവർത്തകർക്ക് ജാമ്യം അനുവദിച്ചു. നാടകപ്രവർത്തകരുടെ അറസ്റ്റിൽ പ്രതിഷേധിച്ച് കൊണ്ട് പ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കരപിള്ള എഴുതിയ 'ആവിഷ്കാരസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുക' എന്ന പത്രകുറിപ്പാണ് കേരളത്തിൽ നടന്ന ആവിഷ്കാര കൺവെൻഷന്റെ തുടക്കംകുറിച്ചത്. ആവിഷ്കാരസ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ചെറുതും, വലുതുമായ പ്രവർത്തനങ്ങളുടെ കേന്ദ്രം തൃശ്ശൂർ ജില്ലയിലായിരുന്നു.

#### 4.4.3. സ്വാതന്ത്ര്യോത്സവം

ക്രിസ്തുവിന്റെ ആറാംതിരുമുറിവ്, നിരോധിക്കുകയും നിരോധനത്തെ എതിർത്ത്കൊണ്ട് അവതരിപ്പിക്കാൻ ശ്രമിച്ച 'കുരിശിന്റെ വഴി'യിൽ എന്ന നാടകത്തിന്റെ അവതരണത്തിന് മുമ്പേതന്നെ അറസ്റ്റുചെയ്തതിലും പ്രതിഷേധിച്ച് കേരളത്തിൽ ഉടനീളം ശക്തമായ പ്രതിഷേധങ്ങൾ രൂപപ്പെട്ടു. ആവിഷ്കാര സ്വാതന്ത്ര പ്രക്ഷോഭങ്ങൾ തൃശ്ശൂര് കേന്ദ്രീകരിച്ച് വലിയ സർഗ്ഗാത്മക കൂട്ടായ്മ രൂപപ്പെട്ട് വന്നു. ആവിഷ്കാരസ്വാതന്ത്രത്തെ പിൻതുണച്ച്കൊണ്ട് കലാകാരൻമാരും, രാഷ്ട്രീയ പ്രവർത്തകരും സാംസ്കാരികനായകൻമാരും അണിനിരന്ന പ്രതിരോധകമ്മറ്റികൾ രൂപപ്പെട്ടു. കെ.ജി. ശങ്കരപ്പിള്ള ചെയർമാനായും എം.എം. സോമശേഖരൻ കൺവീനറുമായ കോഡിനേഷൻ കമ്മറ്റി രൂപികരിക്കപ്പെട്ടു. സച്ചിദാനന്ദൻ, മോഹൻദാസ്, ശങ്കരനാരയണൻ തമ്പി, പി.സി. ഉണ്ണിചെക്കൻ, സിവിക് ചന്ദ്രൻ, ഗോപിനാഥൻ, ജോസ് ചിറമ്മൽ, ശിവശങ്കരൻ, എം. എം. ഡേവിഡ് തുടങ്ങി പ്രമുഖർ ആവിഷ്കാര സ്വാതന്ത്ര കമ്മിറ്റിയിലുണ്ടായിരുന്നു. 1987 ജനുവരി 4-ാം തീയതി തൊടുപുഴ ൗൺ ഹാളിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഒരുകൺവെൻഷൻനടന്നു. തൊടുപുഴ കൺവെൻഷൻ പ്രശസ്ത സാഹിത്യകാരൻ പൊൻകുന്നം വർക്കി ഉത്ഘാടനം ചെയ്തു. തോപ്പിൽ ഭാസി, ഡി. വിനയചന്ദ്രൻ, കളർകോഡ് വാസുദേവൻ തുടങ്ങിയവർ കൺവെൻഷനിൽ പങ്കെടുത്തു. ഈ സമ്മേളനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ട് സംഘമിത്രരവിയും സംഘവും തൊടുപുഴ പ്രൈവറ്റ്ബസ്സ്സ്റ്റാൻഡിന് എതിർവശം പതിനഞ്ച്അടി ഉയരത്തിലുള്ള ഒരു ബുദ്ധശിൽപ്പം ഉണ്ടാക്കി വച്ചു. കോട്ട

യത്ത് ജാതിവിരുദ്ധ മതേതരവേദിയുടെ നേതാവായ രാജഗോപാൽ വാകത്താനം നാടകനിരോധനത്തിനെതിരെ ഒരു കൺവെൻഷൻ വിളിച്ചു ചേർത്തു. കെ.കെ. മൻമൂൻ, പി.ഒ ജോൺ, കെ.ഒ. രാജു, എം.ഡി. തോമസ്, കെ.കെ. എസ് ദാസ്, കെ.കെ. കൊച്ച് എന്നിവർ പൈകടാസ് കോളേജിൽ നടന്ന കൺവെൻഷനിൽ പങ്കെടുക്കുകയും, കൺവെൻഷന് ശേഷം നഗരംചുറ്റിയുള്ള പ്രതിഷേധപ്രകടനം നടത്തുകയും ക്രൈസ്തവമതമേധാവികൾക്കും ഭരണകൂടത്തിനെതിരെ മുദ്രാവാക്യങ്ങൾ വിളിക്കുകയും ചെയ്തു. പ്രകടനകാരെ പോലീസ്അറസ്റ്റ് ചെയ്യുകയും കോടതി ഇവരെ കോട്ടയം സബ്ജയിലിലേക്ക് റിമാന്റ്ചെയ്യുകയുംചെയ്തു. തൃശ്ശൂരിൽ ആവിഷ്കാര സ്വാതന്ത്രപ്രക്ഷോഭം വലിയ രീതിയിലുള്ള ഘോഷയാത്രയാണ് കലാകാരൻമാർ നടത്തിയത്. പി.പി. ശങ്കരപിള്ളയാണ് ആവിഷ്കാര സ്വാതന്ത്ര്യപ്രക്ഷേപത്തെ 'സ്വാതന്ത്ര്യാൽസവം'എന്ന് പേരിട്ടത്. തൃശ്ശൂർ കേന്ദ്രീകരിച്ച് നടത്തിയ ആവിഷ്കാരസ്വാതന്ത്ര്യപ്രതിഷേധങ്ങൾക്ക് ഇരിങ്ങാലക്കുട മുൻ എം.എൽ.എ കെ.വി.കെ. വാര്യരും പിൻതുണ നൽകി. 'ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്റെ നിരോധനത്തെ എതിർത്ത് കൊണ്ട് നടത്തിയ ആവിഷ്കാര സ്വാതന്ത്രപ്രക്ഷോപങ്ങൾക്ക് ചുക്കാൻ പിടിച്ച സി.പി.ഐ (എം.എൻ) പ്രവർത്തകനായ ശിവശങ്കരൻ ഇത്തരത്തിലാണ് അഭിപ്രായപ്പെടുന്നത്. "ആറാം തിരുമുറിവ് തൃശ്ശൂരിൽ സംഘടിപ്പിച്ചത് പാർട്ടിയുടെ രാഷ്ട്രീയതീരുമാനമായിരുന്നു. ഞങ്ങൾ നാടകം അവതരിപ്പിക്കാൻ തുടങ്ങിയപ്പോൾ പുറത്ത് കെ.സി.വൈ.എം. (K.C.Y.M) പ്രകടനം നടത്തി. ആ പ്രകടനത്തിനിടയിൽ നമ്മുടെ പ്രവർത്തകരായ സ്റ്റീഫനൻ, ചന്ദ്രൻ, എന്നിവർ നക്സൽഡബാരി സിന്ധാബാദ് എന്ന് മുദ്രാവാക്യങ്ങൾ വിളിച്ചു. പോലീസ് ചന്ദ്രനെ അറസ്റ്റ് ചെയ്ത് ക്രൂരമായി മർദ്ദിച്ചു. ജനങ്ങൾക്ക് ...................പ്പം സ്വാതന്ത്ര്യവും ഒഴിച്ച് കൂടാനാവാത്തതാണ്.[2]" 1987 ജനുവരി 4-ാം തീയതി തൃശ്ശൂർ സി.എം.എസ് സ്ക്കൂളിൽ വച്ച് ആവിഷ്കാരസ്വാതന്ത്ര്യ സമ്മേളനത്തെ പ്രശസ്തസാഹിത്യകാരൻ ശിവരാമകാരന്ത് ഉത്ഘാടനം ചെയ്തു. സി.എം.എസ് സ്ക്കൂളിൽ നിന്ന് തൃശ്ശൂർ റൗണ്ട് ചുറ്റി ആവിഷ്കാരസ്വാതന്ത്ര്യഘോഷ യാത്ര തേക്കിൻക്കാട് മൈതാനത്തിൽ സമാപിച്ചു. കെ.ജി. ശങ്കരപ്പിള്ള, ഫാദർ വടക്കൻ തുടങ്ങിയ കലാസാഹിത്യമേഖലകളിലെ വ്യക്തിത്വങ്ങൾ ഘോഘയാത്രയിൽ പങ്കെടുത്തു. ആവിഷ്കാരസ്വാതന്ത്ര്യ വേണ്ടിയുള്ള വിവിധമുദ്രാവാക്യങ്ങൾഎഴുതിയ ബാനറുകൾ, കെട്ട്കുതിരകൾ, കോൽകളി അടക്കമുള്ള കലാരൂപങ്ങൾ ഘോഷയാത്രയിൽ അണിനിരന്നു.

തേക്കിൻകാട് മൈതാനത്തിൽ കൂടിയ ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോപത്തെ അഭിസംബോധന ചെയ്ത്കൊണ്ട് സുകുമാർ അഴിക്കോട് പ്രസംഗിച്ചു. തൃശ്ശൂർ കേരളവർമ്മ കോളേജ്, ഫൈൻ ആർട്സ് കോളേജ് തുടങ്ങി വിദ്യാഭ്യാസസ്ഥാപനങ്ങ

ളിലെ വിദ്യാർത്ഥികളുടെ പിൻതുണയും ആവിഷ്കാര സ്വാതന്ത്ര്യ പ്രക്ഷോപത്തെ കൂടുതൽ ശക്തമാക്കി.

**4.6.4 ക്രിസ്തുവിന്റെ ആറാം തിരുമുറിവ് നിയമസഭയിൽ**

1986 നവംബർ 7 തീയതികളിൽ ഒത്ത്ചേർന്ന നിയമസഭയിൽ 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' നിരോധിക്കണമെന്ന് നിയമസഭാസമാജികനായിരുന്ന സിദ്ധാർത്ഥൻ കാട്ടുങ്ങൽ ആവശ്യപ്പെടുകയും, ആ സബ്മിഷന് മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ  നൽകിയ മറുപടിയും താഴെ സൂചിപ്പിക്കുന്നു.

"ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകം വമ്പിച്ച വാദവിവാദങ്ങൾ ഉയർത്തിയിരിക്കുകയാണ്. ഇതിവരെ യേശു ക്രിസ്തു ദൈവപുത്രനാണെന്ന് കരുതി ആരാധിക്കുന്ന ക്രൈസ്തവരുടെ വിശ്വാസത്തിനു നേരെയുള്ളനഗ്നമായ കടന്നാക്രമണം നാളെ മറ്റ്മതവിശ്വാസികളുടെ നേരെയും ആവർത്തിച്ചുക്കൂടെന്നില്ല. ക്രിസ്തുവും നബിയും ശ്രീബുദ്ധനുമെല്ലാം നാളെ തെരുവിൽ ആക്ഷേപിക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ, മതവിശ്വാസം സംരക്ഷിക്കുന്നതിന് വേണ്ടി വിവിധവിഭാഗം ആളുകൾ സംഘടിക്കേണ്ട സാഹചര്യം ഉണ്ടാവുകയും അത് വലിയ സാമൂഹ്യപ്രശ്നമായി മാറുകയും ചെയ്യും. മതവിശ്വാസികളുടെ വികാരത്തെ മുറിവേൽപ്പിക്കാൻ ആരേയും അനുവദിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മറുപടി മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : ആ നാടകത്തിൽ ഇവിടെ സൂചിപ്പിച്ച പോലെ ക്രിസ്തുവിനെ ഏറ്റവും മോശമായ തരത്തിൽ ചിത്രീകരിച്ചതിനെ തുടർന്ന് ആ വിഭാഗത്തിനുണ്ടായ വികാരങ്ങളെ കണക്കിലെടുത്തുകൊണ്ട് നാടകത്തെ നിരോധിച്ച് കൊണ്ട് ഒരു നടപടി സ്വീകരിക്കുകയുണ്ടായി. എന്തായാലും ശരി അവിടെ മാത്രമല്ല ഈ നാടകത്തെ തുടർന്ന് ഈ സംസ്ഥാനത്തൊരിടത്തും സംഘർഷാവസ്ഥ ഉണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്."

(അനുബന്ധം. പേജ് നമ്പർ :220)

**4.4.5 കാലിക്കറ്റ് സർവ്വകലാശാല പാഠഭാഗം പിൻവലിക്കുന്നു.**

മതവിശ്വാസികളുടെയും, ചിലരാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഇടപെടലിനെ തുടർന്ന്, ഗ്രീക്ക് സാഹിത്യകാരനായ നിക്കോസ് കസാൻദസാക്കിസിന്റെ *ക്രിസ്തുവിന്റെ ആന്ത്യപ്രലോഭനങ്ങൾ* എന്ന നോവലിനെ ആസ്പദമാക്കി പി.എ വാര്യർ തയ്യാറാക്കിയ ഉപന്യാസം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പ്രീ-ഡിഗ്രി രണ്ടാംവർഷ

പുസ്തകത്തിൽനിന്ന്ഒഴിവാക്കി. കേരള നിയമസഭയിൽ നിയമസഭാസമാജികൻ ലോന പ്പൻ നമ്പാടാൻ ഈ പാഠഭാഗം ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പാഠഭാഗത്തെ സിലബസ്സിൽ നിന്ന് നീക്കാൻ ചെയ്യാൻ ബോർഡ് ഓഫ് സ്റ്റഡിസീനോട് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കാലി ക്കട്ട് യൂണിവേഴ്സിറ്റിയുടെ മലയാള വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ്സ് മതവികാര ങ്ങൾ വൃണപ്പെടുന്നു എന്ന കാരണത്താൽ പാഠഭാഗത്തെ സിലബസ്സിൽ നിന്ന് ഒഴി വാക്കി.

#### 4.4.6 തെരഞ്ഞെടുത്ത പാനലിന്റെ മുന്നിലെ നാടകാവതരണം

കേരളത്തിലെ ഓരോ ജില്ലകളിലും 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' നിരോ ധിച്ചതോടെ നാടകകൃത്തായ പി.എം. ആന്റണി ഹൈകോടതിയിൽ നാടകാവതരണ ത്തിനുള്ള അനുമതിക്കായി അപേക്ഷ നൽകി. കേരള ഹൈക്കോടതി 'ക്രിസ്തുവിന്റെ ആറാംതിരുമുറിവിനെ കുറിച്ച് പഠിക്കുന്നതിന് വേണ്ടി കലാസാഹിത്യ സംസ്കാരി മേഖലകളിൽ പ്രവർത്തിക്കുന്നവരെയും മതാദ്ധ്യക്ഷൻമാരെയും ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു പാനൽ രൂപീകരിച്ചു. റിട്ടേഡ് ജഡ്ജ് ടി. ചന്ദ്രശേഖരമേനോൻ ചെയർ മാനായിട്ടുള്ള പതിനഞ്ച്പേർഅടങ്ങിയ ഒരുപാനലിന്മുമ്പിൽ 1987 മെയ് 5ന് 'ക്രിസ്തു വിന്റെ ആറാംതിരുമുറിവ്' അവതരിപ്പിച്ചു. പാനലിന്റെ ഭാഗമായിരിക്കുന്ന പ്രശസ്ത സാഹിത്യകാരി സാറാജോസഫ്, നാടകകൃത്ത് കെ.ടി. മുഹമ്മദ്, ബിഷപ്പ് പൗലോസ് മാർ പൗലോസ്, എൻ. എം. തോമസ്, എം. ശ്രീധരമേനോൻ, തുടങ്ങിയവരും പാനൽചെയർമാനായ ടി. ചന്ദ്രശേഖരമേനോനും നാടകം നിരോധനത്തെ എതിർത്തു. കുങ്കമം മാസികയുടെ ചീഫ് എഡിറ്റർ എൻ.വി. കൃഷ്ണവാര്യർ, ടി. മഞ്ചുരാൻ, ബന ഡിക് ഗ്രിഗോറിയോസ്, ബാബുപോൾ, മലയാള മനോരമ എഡിറ്റർ കെ.എം. തരകൻ തുടങ്ങിയവർ 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' ക്രിസ്തുവിനെ മോശമായി ചിത്രീ കരിക്കുന്നു എന്നും വിശ്വാസികളുടെ വികാരം നാടകം വൃണപ്പെടുത്തും എന്നും വിലയിരുത്തി. കെ.പി.എ.സി.എന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാടകസംഘത്തിന്റെ സ്ഥാപകനും, 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിന്റെ ഭാഗമായിരുന്ന അഡ്വ. ജനാർദ്ദനക്കുറുപ്പ് പാനലിന്റെ ഭാഗമായിരിക്കുന്നു. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തെ വിമർശിക്കുകയും നാടകത്തിൻ ക്രിസ്തിവിനെ മോശ മായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത് എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയത് നാടകത്തെ നാടകകൃത്ത് തന്നെ പിൻവലിക്കണമെന്ന് കേരളകൗമുദിപത്രത്തിന്റെ ചീഫ്എഡിറ്റ റായ എം. എസ്. മണി അഭിപ്രായപ്പെട്ടത്.[3]

### 4.4.7 ക്രിസ്തുവിന്റെ ആറാം തിരുമുറിവിനെ അനുകൂലിച്ചവരുടെ അഭിപ്രായ ങ്ങൾ

ക്രിസ്തുവിന്റെ ആറാംതിരുമുറിവ് എന്ന നാടകത്തെ അനുകൂലിക്കുകയും ആവി ഷ്കാരസ്വാതന്ത്രത്തിന്‌വേണ്ടി വാദിച്ച ബുദ്ധികളുടെയും സാംസ്കാരികപ്രവർത്ത കരുടെയും അഭിപ്രായങ്ങൾ താഴെസൂചിപ്പിക്കുന്നു.

1. "അഭിപ്രായസ്വാതന്ത്ര്യത്തിന് നേരെയുള്ള കയ്യേറ്റം... ആ നാടകത്തിന്റെ അവത രണം നിഷേധിച്ചത് തെറ്റ്. അത് ഭരണഘടന വാഗ്ദാനം ചെയ്യുന്ന അഭിപ്രായസ്വാത ന്ത്ര്യത്തിനെതിരെയുള്ള കയ്യേറ്റമാണ്." (കൃഷ്ണയ്യർ, വി.ആർ. 1986 : 5)[4]
2. "ഒരു കലാസൃഷ്ടി നടത്താനും സാഹിത്യ രചന നടത്താനും അഭിപ്രായ പ്രക ടനം നടത്താനും മതത്തിന്റെ സർട്ടിഫിക്കറ്റ് വേണമെന്നാണോ ഇവരുടെ വാദം? നിങ്ങളീ നാടകം കാണരുത്, നമ്മുടെ വിശ്വാസം നഷ്ടപ്പെടുമെന്ന് പറയുന്നത്. അപഹാസ്യമല്ലേ" (പൗലോസ് മാർ പൗലോസ്. 1986 : 5)[5]
3. "രക്ഷകന് മറ്റൊരു രക്ഷകന്റെ ആവശ്യമുണ്ടോ? രക്ഷകനായ യേശുവിന്റെ രക്ഷ കനായി ചമയുന്ന ബിഷപ്പിന്റെ ഭാവം വളരെ തരം താഴ്ന്നതാണ്" (സുകുമാർ അഴിക്കോട്. 1986 :3)[6]
4. നിർമ്മാണ വൈകല്യങ്ങൾ കൊണ്ടും കാലപ്പഴക്കം കൊണ്ടും പാലങ്ങളിൽ ആ പരസ്യ പലക ഉയരാറുണ്ട്. അതുപോലെ മതങ്ങളുടെ ചരിത്രങ്ങളിൽ പലപ്പോഴും നാം കേട്ടുപോന്നിട്ടുള്ളതാണ് "മതം അപകടത്തിൽ", (മുഹമ്മദ്, കെ.ടി. 1986 :11)[7]
5. "നാടകത്തിനെതിരെയുള്ള പ്രക്ഷോഭണം അപഹാസ്യവും പരിഹാസ്യവുമായി തോന്നു ന്നു. സർക്കാർ എന്തിനെയോ ഭയപ്പെടുന്നു". (ശിവശങ്കരപിള്ള, തകഴി 1986 :)[8]

### 4.4.8 ക്രിസ്തുവിന്റെആറാംതിരുമുറിവിനെ വിമർശിച്ചവരുടെ അഭിപ്രായങ്ങൾ

ക്രിസ്തുവിന്റെആറാംതിരുമുറിവിന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തെ കുറിച്ച് പ്രതി കൂല അഭിപ്രായം രേഖപ്പെടുത്തിയ രാഷ്ട്രീയ, സംസ്കാരിക, മേഖലകളിലുള്ളവ രുടെ അഭിപ്രായങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. "നാടകം പോലുള്ള കലാരൂപങ്ങൾ മതവികാരത്തെ വൃണപ്പെടുത്തുന്നതിനുള്ള ഉപകരണമാക്കുന്നത് തെറ്റാണ്"(കരുണാകരൻ, കെ. 1986:3)[9]
2. സിനിമയ്ക്കും പോലെ നാടകത്തിനും സെർസെറിംഗ് ഏർപ്പെടുത്തണം. (മാ രാർ, കെ.ജി. 196:3)[10]

3. ഈ നാടകം ക്രിസ്തുവിന്റെ ആറാംതിരുമുറിവ് മാത്രമല്ല പരിശുദ്ധാത്മക്കളെ ആരെയും അവഹേളിക്കുന്ന സംഭവം ഇവിടെ ഉണ്ടാകരുത്.

(ജോസഫ് കുണ്ട്കുളം.1986:1)[11]

4. ഗുരുവായൂരപ്പനെയോ ശബരിമല അയ്യപ്പനെയോ ഒരു നാടകത്തിൽ കഥാപാത്രമാക്കിയിട്ട് മറ്റൊരു കലാപാത്രത്തെ കൊണ്ട് അവരുടെ മുഖത്ത് കാർക്കിച്ച് തുപ്പുന്ന രംഗം ഞാൻ സൃഷ്ടിക്കില്ല. അരങ്ങ് അമ്മയെ വിമർശിക്കാം പക്ഷേ തല്ലരുത്. ക്രിസ്തുമതത്തെ വിമർശിക്കാം പക്ഷേ കുരിശ്ശിൽ തറയ്ക്കരുത്."

(പിള്ള, എൻ. എൻ. 1987:40)[12]

5. ലോകാരാദധ്യനായ യേശുദേവനെ അപസാഹ്യനായി ചിത്രീകരിക്കുന്ന 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തെ 1961– ലെ ഡ്രാമാറ്റിക് പെർഫോമൻസ് ആക്റ്റ് അനുസരിച്ച് സംസ്ഥാനമൊട്ടാകെ നിരോധിക്കണം.

(ജേക്കബ് അച്ചാരുപറമ്പിൽ. 1986 :1)[13]

6. എല്ലാം നഷ്ടപ്പെട്ടവർക്ക് വിശ്വാസം അർപ്പിക്കാൻ ചുരുക്കം ചില വിഗ്രഹങ്ങളെ ഇനി ബാക്കിയുള്ളൂ. ഒരു ബുദ്ധൻ, ഒരു ക്രിസ്തു, ഒരു നബി, ഒരു മാർക്സ്, ഒരു ഗാന്ധി, ഇത്രമാത്രം. സാധാരണക്കാരായ മിതബുദ്ധികളായ വിവേചന ശക്തി കുറഞ്ഞ ഞങ്ങൾക്ക് ഈ വിഗ്രഹങ്ങളെങ്കിലും തകരുതെന്ന് ആഗ്രഹമുണ്ട്. തോഴരെ, സോദരേ ശേഷിച്ച വിഗ്രഹങ്ങൾ ഉടയ്ക്കരുത്

(കുഞ്ഞബ്ദുള്ള, പുനത്തിൽ. 1987:)[14]

## അദ്ധ്യായ ഉപസംഗ്രഹം

ആവിഷ്കാരസ്വാതന്ത്ര്യം എന്ന ആശയം കേരളത്തിൽ ചർച്ചയായി തീർന്നത് 'ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്റെ നിരോധനത്തോടെയാണ്. നാടകത്തിന്റെ റിഹേഴ്സൽ ആരംഭിച്ചപ്പോൾ തന്നെ നാടകത്തിനെതിരെ ക്രിസ്തുമതവിശ്വാസികളുടെ പ്രതിഷേധമുണ്ടാവുകയും റിഹേഴ്സൽക്യാമ്പ് പോലീസ്റെയ്ഡ്ചെയ്യുകയും ചെയ്തു. "മനുഷ്യപുത്രനല്ലാത്ത ക്രിസ്തു, ഒറ്റുകാരനല്ലാത്ത യൂദാസ്, വേശ്യയല്ലാത്ത മറിയ, കള്ളനല്ലാത്ത ബറാബാസ്' എന്നെഴുതിയ നാടകത്തിന്റെപോസ്റ്റർ പ്രത്യക്ഷപ്പെട്ടതോടെയാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. മതവിശ്വാസികളുടെ പ്രതിഷേധങ്ങളെ തുടർന്ന് ഭരണക്കൂടം കേരളത്തിലെ ഓരോജില്ലകളിലും നാടകം നിരോധിച്ചു. നാടകത്തെ നിരോധിച്ചപ്പോൾ പുരോഗമന സാഹിത്യക്കാരും, രാഷ്ട്രീയപ്രവർത്തകരും കലാകാരന്റെ ആവിഷ്കാരത്തിന് വേണ്ടി വാദിച്ചു.

സഭയും മതവിശ്വാസികളും ഒരുഭാഗത്തും പുരോഗമനകലാസാഹിത്യ പ്രവർത്തകരും മറുഭാഗത്തും തങ്ങളുടെ ആശയങ്ങൾ ശക്തിയായി അവതരിപ്പിച്ചു. കെ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള ഐക്യജനാധിപത്യമുന്നണി സർക്കാർ നാടകനിരോധനത്തെ അനുകൂലിച്ചു. പിന്നീട് അധികാരത്തിൽ വന്ന ഇ.കെ. നയനാർ നയിച്ച ഇടത്പക്ഷസർക്കാരും നിരോധനം തുടരുകയാണ് ചെയ്തത്. സർക്കാറിനെ നിയന്ത്രിക്കാൻ കഴിയുന്ന മതസംഘടനകളാണ് ആവിഷ്കാരത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചത്. മതവികാരം വൃണപ്പെടുന്നു എന്ന കാരണത്താലാണ് നിയമം മൂലം നാടകത്തെ നിരോധിച്ചത്. അക്രമസക്തരായ ജനക്കൂട്ടങ്ങൾക്ക് അനുകൂലമായിട്ടാണ് സർക്കാരുകൾ പലപ്പോഴും പ്രവർത്തിക്കുന്നതെന്ന്. മതസംഘടനകൾ ജനാധിപത്യ സർക്കാരുകൾക്ക് മേൽ സമ്മർദ്ദം ചെലുത്തി നാടകം പോലുള്ള കലാരൂപങ്ങളുടെ അവതരണത്തെ തടയുന്നു. മതേതരരാജ്യമായ ഇന്ത്യയിൽ മതവിശ്വാസി അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നത്പോലെ ഒരു യുക്തിവാദിക്ക് അവരുടെ നാസ്തികവാദം പ്രചരിപ്പിക്കാനുള്ള അവകാശമുണ്ട്. ജനാധിപത്യ, മതേതര രാജ്യത്ത് ഒരു വ്യക്തിയുടെ

അഭിപ്രായസ്വാതന്ത്ര്യത്തെ ആൾക്കൂട്ടങ്ങൾ തടസ്സപ്പെടുത്തുന്നത് വളരെ ദൗർഭാഗ്യകരമാണ്. മതവും, സർക്കാരും ചേർന്ന അധികാരകേന്ദ്രത്തിനെതിരെ കലാകാരൻമാരും സാഹിത്യകാരും അടങ്ങുന്നവർ നടത്തിയ ചെറുത്ത് നിൽപ്പാണ് 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ അവതരണവുമായി ബന്ധപ്പെട്ട ഏറ്റവും മനോഹരമായ മുഹൂർത്തം. ഒരു കലാകാരന്റെ തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നത് അയാളുടെ കലാസൃഷ്ടികളിലൂടെയാണ് ഇത്തരം പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നത് ഭരണഘടന നൽകുന്ന മൗലികഅവകാശങ്ങളുടെ ലംഘനമാണ്. ക്രമസമാധാനം തകർക്കുന്ന ആൾക്കൂട്ടങ്ങളെയാണ് നിയന്ത്രിക്കേണ്ടതിന് പകരം കലാപ്രവർത്തനങ്ങളെ നിരോധിക്കുന്ന കാഴ്ചയാണ് ചരിത്രസംഭവങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. നാടക നിരോധന നിയമം ഉപയോഗിച്ച് എതിർശബ്ദങ്ങളെ ഇല്ലായ്മ ചെയ്യുന്നത് ഒരു ജനാധിപത്യരാജ്യത്തിന് ഭൂഷണമല്ല.

## കുറിപ്പുകൾ

1. ജേക്കബ്. അഭിമുഖം 10/2/2019 (അനുബന്ധം. പേജ് : 257-258)

2. ശിവശങ്കരൻ അഭിമുഖം 28/10/2020 ( അനുബന്ധം. പേജ് : 269)

3. T.Parameswaram VS District, Collector on 17 December, 1987. https//Indian Kanoon. Org.

4. കൃഷ്ണയ്യർ, വി.ആർ. 1986 (നവംബർ 15) അഭിപ്രായ സ്വാതന്ത്ര്യത്തിന് എതിരെയുള്ള കയ്യേറ്റം. മാതൃഭൂമി ദിനപത്രം.(പേജ്).

5. പൗലോസ് മാർ പൗലോസ്. 1986 (നവംബർ 7) നാടകം നിരോധിക്കുന്നത് സംസ്കാരിക ഫാസിസത്തിലേയ്ക്ക് നയിക്കും. മാതൃഭൂമി ദിനപത്രം. (പേജ് -5)

6. സുകുമാർ അഴിക്കോട്. 1986 (നവംബർ 13) ബിഷപ്പല്ല യേശുവാണ് രക്ഷകൻ. മാതൃഭൂമി ദിനപത്രം (പേജ്-3)

7. മുഹമ്മദ്, കെ.ടി. 1986 (ഡിസംബർ 14-20) വിരോധവും. മാതൃഭൂമി ആഴ്ചപ്പതിപ്പ്: (പേജ് 10-11)

8. ശിവശങ്കരപ്പിള്ള, തകഴി. 1986. നവംബർ 15 ഫാസിസ്റ്റ് പ്രവണത . മാതൃഭൂമിദിനപത്രം(പേജ്-5)

9. കരുണാകരൻ, കെ. 1986 (നവംബർ 24) നാടകം നിരോധിച്ചത് ക്രമസമാധാനത്തിന്റെ പേരിൽ. മാതൃഭൂമി ദിനപത്രം (പേജ്- 4)

10. മാരാർ, കെ.ജി. 1986. (നവംബർ 21, വെള്ളി) നാടകത്തിനും സെൻസെറിംഗ് വേണം. മലയാള മനോരമ ദിനപത്രം. (പേജ്-3)

11. ജോസഫ്, കുണ്ട്കുളം. 1986. (നവംബർ 7) നാടകം നിരോധിക്കുന്നത് സംസ്കാരിക ഫാസിസത്തിലേയ്ക്ക് നയിക്കും. മാതൃഭൂമി ദിനപത്രം. (പേജ്-5)

12. പിള്ള, എൻ.എൻ. 1987. (ഫെബ്രുവരി 15-21) ആറാംതിരുമുറിവും ഞാനും മാതൃഭൂമി ആഴ്ചപ്പതിപ്പ്. P:

13. ജേക്കബ്, അച്ചാരു പറമ്പിൽ. 1986 (നവംബർ 29) ആറാം തിരുമുറിവ് സംസ്ഥാനത്താകെ നിരോധിക്കണമെന്ന്. മാതൃഭൂമി ദിനപത്രം (പേജ്-1)

14. കുഞ്ഞബ്ദുള്ള, പൂനത്തിൽ. 1987. (ജനുവരി 4-10). വിഗ്രഹഭജ്ഞകരേ ഒരു വാക്ക്. മാതൃഭൂമി ആഴ്ചപ്പതിപ്പ്.

## അദ്ധ്യായം അഞ്ച്

# കുരിശിന്റെവഴിയിലും ആവിഷ്ക്കാര സ്വാതന്ത്ര്യവും

പി. എം. ആന്റണിയുടെ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ അവതരണത്തെ ഡ്രാമാറ്റിക് പെർഫോമൻസ് ആക്ട് ഉപയോഗിച്ച് ഗവൺമെന്റ് പല ജില്ലകളിലും നിരോധിച്ചപ്പോൾ കലാകാരൻമാരും സാഹിത്യപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും നടത്തിയ പ്രതിഷേധപ്രവർത്തനങ്ങളാണ് ആവിഷ്ക്കാരപ്രക്ഷോഭമായി തീർന്നത്. ആലപ്പുഴ ജില്ലയിൽ നാടകം നിരോധിച്ചതിൽ പ്രതിഷേധിച്ച് നാടകകൃത്ത്പി.എം ആന്റണിയുടെ നേതൃത്വത്തിൽ ആലപ്പുഴ സൂര്യകാന്തി തിയേറ്റേഴ്സ് എന്ന നാടകസംഘത്തിലെ പ്രവർത്തകർ മംഗലം ദേശസേവിനി വായനശാലയിൽ നിന്ന് വലിയ പ്രതിഷേധയാത്ര ആലപ്പുഴ ശവക്കോട്ട പാലം വരെ നടത്തി. ആന്റണി സ്വശരീരം ചങ്ങലകളിൽബന്ധിച്ചാണ് പ്രതിഷേധയാത്രകളിൽ പങ്കെടുത്തത്. നാടകനിരോധനം ഏർപ്പെടുത്തിയ കേരളസർക്കാരിനെ എതിർത്ത് കൊണ്ടാണ് ആവിഷ്ക്കാരപ്രക്ഷോഭംനടന്നത്. പ്രശസ്ത നോവലിസ്റ്റ് തകഴി ശിവശങ്കരപ്പിള്ള നാടകനിരോധനത്തിനെതിരെ പത്രക്കുറിപ്പ് നൽകിയതോടെയാണ് ആവിഷ്ക്കാര പ്രക്ഷോഭങ്ങൾ കേരളത്തിൽ അലയടിച്ചു തുടങ്ങിയത്.

1986 നവംബറിൽ, ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്റെ അവതരണത്തെ ക്രിസ്തുമതവിശ്വാസികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു. തൃശൂർ കേന്ദ്രമാക്കി കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നാടകത്തിനെതിരെ വിശ്വാസികളുടെ ശക്തമായ പ്രതിഷേധം ഉണ്ടായി.'മതം അപകടത്തിൽ','മതവികാരം വ്രണപ്പെടുത്തുന്നു', എന്നീ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് വിശ്വാസികൾ തൃശൂർജില്ലയുടെ വിവിധഭാഗങ്ങളിൽ വലിയപ്രതിഷേധപ്രകടനങ്ങൾനടത്തി. ക്രമസമാധാനപ്രശ്നം കണക്കിലെടുത്ത് തൃശൂർ ജില്ലാകളക്ടർ ആയിരുന്ന വിനോദ് റോയി 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്'

എന്ന നാടകം അവതരിപ്പിക്കുന്നത് രണ്ട്മാസത്തേക്ക് നിരോധിച്ചു. ഈ നിരോധനത്തെ സർഗാത്മകമായി എതിർത്തു കൊണ്ടാണ് ആവിഷ്ക്കാര പ്രക്ഷോഭങ്ങൾ തൃശൂർ കേന്ദ്രീകരിച്ച് നടന്നത്.

നാടക നിരോധനത്തിനോടുള്ള പ്രതിഷേധമായി രൂപപ്പെട്ടുവന്ന തെരുവുനാടക മായിരുന്നു ജോസ്ചിറമ്മലിന്റെ 'കുരിശിന്റെ വഴിയിൽ'. വിമോചനദൈവസഭ, റാഡിക്കൽ പെയിന്റേഴ്സിന്റെ കൂട്ടായ്മ, തീവ്ര ഇടതുആശയങ്ങളെപിൻതുണച്ചവർ, യുക്തിവാദികൾ, സർഗാത്മകപ്രവർത്തകർ, കവികൾ എന്നിവരുടെ കൂട്ടായ്മ ആയിരുന്നു ആവിഷ്ക്കാരസ്വാതന്ത്ര്യപ്രക്ഷോഭത്തെ നയിച്ചത്. കലാകാരൻമാർ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്വേണ്ടിയും മതവിശ്വാസികൾ വിശ്വാസ സംരക്ഷണത്തിനായും നേർക്കുനേർ അണിനിരന്നു. തൃശൂരിൽ നടന്ന ആവിഷ്കാര പ്രക്ഷോഭത്തെ നയിച്ചത് ഉണ്ണിച്ചെക്കൻ, എം.എം.സോമശേഖരൻ, ശിവശങ്കരൻ, ഡേവിസ്, ഇ.വി.കാർത്തികേയൻ തുടങ്ങിയവരായിരുന്നു. വിമോചനദൈവസഭയുടെ കേരളത്തിലെ വക്താക്കളായ ബിഷപ്പ് പൗലോസ് മാർ പൗലോസ്, ഫാദർ വടക്കൻ എന്നിവർ ആവിഷ്ക്കാരസ്വാതന്ത്ര്യപ്രക്ഷോഭത്തിന് ശക്തമായ പിൻതുണനൽകി. തൃശൂരിലെ സോണലോഡ്ജ് കേന്ദ്രീകരിച്ചാണ് ആവിഷ്ക്കാരസ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ ആലോചനകൾ നടന്നത്. തൃശൂർ കേരളവർമ്മകോളേജിലെയും ഫൈൻആർട്സ് കോളേജിലെയും വിദ്യാർത്ഥിപങ്കാളിത്തം ആവിഷ്ക്കാരസ്വാതന്ത്ര്യ പ്രഖ്യാപനത്തെ കൂടുതൽ ഊർജ്ജസ്വലമാക്കി. തൃശൂർ കേന്ദ്രമാക്കി സംഘടിപ്പിച്ച രാഷ്ട്രീയ-സാംസ്ക്കാരികപ്രവർത്തകരുടെ ചർച്ചയിലാണ് നാടകനിരോധനത്തെ സർഗാത്മകമായിത്തന്നെ പ്രതിരോധിക്കണമെന്ന് പ്രശസ്തനാടകപ്രവർത്തകനായ ജോസ് ചിറമ്മൽ അഭിപ്രായപ്പെട്ടത്.

"ആറാം തിരുമുറിവ്" നിരോധിച്ചതിനെതിരെ പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ സോണാലോഡ്ജിൽ വിളിച്ചു ചേർത്ത യോഗത്തിൽ ചിറമ്മലും പങ്കെടുത്തിരുന്നു. അന്ന് സി.ആർ.സി.സി. പി.ഐ (എം.എൽ) നേതാവായിരുന്ന പി.സി. ഉണ്ണിച്ചെക്കനും യോഗത്തിൽ പങ്കെടുത്തിരുന്നു. കല കൊണ്ട് പ്രതിരോധിക്കുക എന്ന ആശയത്തിന്റെ ഭാഗമായി ഒരു തെരുവുനാടകം കളിക്കണമെന്ന നിർദ്ദേശമാണ് ജോസ് ചിറമ്മൽ മുന്നോട്ട് വച്ചത്."( ബാലചന്ദ്രൻ, എം.ആർ: 2020 : 284 )

1986 നവംബർ 17ന് ആലപ്പാട് നിന്ന് ആരംഭിക്കാനിരുന്ന ' കുരിശിന്റെ വഴിയിൽ ' എന്ന നാടകത്തിന്റെ അവതരണത്തെ പൊലീസ്തടയുകയും കലാകാരൻമാർ അടങ്ങുന്ന അൻപത്തിയേഴ് പേരെ അറസ്റ്റ്ചെയ്യുകയുംചെയ്തു. അവതരണത്തിന് മുമ്പ് തടസ്സപ്പെടുത്തിയ നാടകം എന്ന നിലയിലാണ് 'കുരിശിന്റെ വഴിയിൽ' പരിഗണിക്കേണ്ടത്. അപൂർണമായ ഈ നാടകം സർഗാത്മക പ്രതിരോധ പ്രവർത്തനങ്ങളുടെ ഉത്തമമാതൃകയാണ്.

### 5.1 ജോസ് ചിറമ്മൽ ( 1953-2006) : ജീവിതവും നാടകവും

1953 നവംബർ ഒന്നാം തീയതി തൃശൂർ ജില്ലയിലെ കണിമംഗലത്ത് ചിറമ്മൽ വീട്ടിൽ ലോനപ്പന്റെയും അന്നമ്മയുടെയും മൂത്തമകനായി ജോസ് ചിറമ്മൽ ജനിച്ചു. സ്കൂൾ കോളേജ് കാലഘട്ടത്തിൽ തന്നെ നാടകങ്ങൾ സ്വന്തമായി എഴുതി സംവിധാനം ചെയ്തു. പ്രശസ്ത സാഹിത്യകാരൻ രാഹുൽസംസ്കൃതിയുടെ 'വോൾഗ മുതൽ ഗംഗ വരെ' എന്ന കൃതിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ജോസ് ചിറമ്മൽ എഴുതിയ നാടകമായിരുന്നു *'മാദ്രിഗോത്രം'*. 'മാദ്രിഗോത്ര'ത്തിന്റെ രംഗാവതരണത്തോടെ ചിറമ്മൽ മലയാളനാടകവേദിയിൽ തന്റെ സാന്നിധ്യമറിയിച്ചു. തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ ആദ്യബാച്ചിലെ വിദ്യാർത്ഥിയായി ജോസ് ചിറമ്മൽ നാടകപഠനം പൂർത്തീകരിച്ചു. സ്ക്കൂൾ ഓഫ് ഡ്രാമയിലെ പഠനത്തിന് ശേഷം ജോസ് ചിറമ്മൽ കേരളത്തിനകത്തും പുറത്തും നാടകപ്രവർത്തനങ്ങൾ കൂടുതൽ ജനകീയവത്ക്കരിക്കാനുള്ള ശ്രമങ്ങളിൽ സജീവമായി. 1983 ജൂൺ മാസംമുതൽ നവംബർവരെയുള്ള അഞ്ച്മാസങ്ങൾ നീണ്ടുനിന്ന ഒരുനാടകശിൽപശാല തൃശൂരിലെ കാട്ടൂർ എന്ന ഗ്രാമത്തിൽ ജോസ് ചിറമ്മലും എ.ഡി.സഹദേവനും ചേർന്ന് സംഘടിപ്പിച്ചു. കാട്ടൂലിലെ സാധാരണക്കാരുടെ സഹായത്തോടെ നടത്തിയ നാടകക്യാമ്പിന്റെ തുടർച്ചയായിട്ടാണ് *'തിയേറ്റർറൂട്ട് '* എന്ന ജനകീയനാടകസംഘം ജോസ്ചിറമ്മലിന്റെ നേതൃത്വത്തിൽ രൂപീകരിച്ചു. സാധാരണക്കാരുടെ ഇടയിൽ നാടകം കൂടുതൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ലളിതവും സരസവുമായ നാടകങ്ങൾ *'തിയേറ്റർറൂട്ട്'* അവതരിപ്പിച്ചു. ജയപ്രകാശ് കുളൂരിന്റെ പാലങ്ങൾ, ഫോൺ, ക്യാ..ക്യാ?, കുഞ്ഞുണ്ണിമാഷിന്റെ 'ശിങ്കിടി', ചന്ദ്രശേഖരപാട്ടീലിന്റെ *'കുടകൾ'* തുടങ്ങിയ ലഘുനാടകങ്ങൾ കേരളത്തിന്റെപലഭാഗങ്ങളിലും ജനകീയമായി അവതരിപ്പിക്കപ്പെട്ടു.'ജോസ്ചിറമ്മൽ നാടകപാത' എന്ന ഡോക്യുമെന്ററിയിൽ ആലപ്പാട് സ്വദേശിയായ സുരേഷ്ബാബു ജോസ് ചിറമ്മലിന്റെ ജനകീയ പ്രവർത്തനങ്ങളെ

ക്കുറിച്ച് ഇത്തരത്തിലാണ് വിലയിരുത്തുന്നത് "കലയെ ജനാധിപത്യവത്ക്കരിക്കുക, അറിവിനെ സ്വകാര്യവത്ക്കരിക്കാതിരിക്കുക, നാടകത്തെ ജനാധിപത്യവത്ക്കരിക്കുക എന്ന സാംസ്ക്കാരികരാഷ്ട്രീയപ്രവർത്തനമാണ് ജോസേട്ടൻ നിർവഹിച്ചത്."[1] ഉത്പുൽദത്തിന്റെ *'സൂര്യവേട്ട'*, ബാദൻസർക്കാരിന്റെ *'ഭോമ'*, വിശാഖദത്തന്റെ *'മുദ്രോരാക്ഷസം'* തുടങ്ങിയ നാടകങ്ങളുടെ അവതരണത്തോടെ ജോസ് ചിറമ്മൽ എന്ന നാടകസംവിധായകൻ മലയാളനാടകവേദിയിലെ പരിചിതമുഖമായിത്തീർന്നു. കന്നഡസാഹിത്യകാരനായ ദത്താത്രേയ രാമചന്ദ്രബേന്ദ്രയുടെ *'മരണക്കളി'*, ദക്ഷിണാഫ്രിക്കൻ സാഹിത്യകാരൻ വോൾ സോയങ്കിയുടെ' ചതുപ്പിൽ പാർക്കുന്നവർ എന്നിവ തിയേറ്റർറൂട്ട് അവതരിപ്പിച്ചു. കൊല്ലം കാളിദാസകലാകേന്ദ്രയ്ക്ക് വേണ്ടി *'റെയിൻബോ'* എന്ന നാടകവും സംവിധാനം ചെയ്തു. 1990-91 കാലഘട്ടത്തിൽ അമേരിക്കയിലെ ഫോർഡ്ഫൗണ്ടേഷന്റെ ധനസഹായത്തോടെ തെരുവ്നാടകങ്ങളും നാടകശിൽപശാലകളും സംഘടിപ്പിച്ചു. കണ്ണൂർ സ്വദേശിനിയായ മോളിയാണ് ഭാര്യ. യൂജിൻ, വോൾഗ, ഒലീന എന്നിവരാണ് ജോസ് ചിറമ്മലിന്റെ മക്കൾ. ജോസ് ചിറമ്മ ലിന്റെ നാടകാന്വേഷണങ്ങളും യാത്രകളും ജീവിതവും 2006 സെപ്തംബർ 19ന് ഒരു ദുരന്തനാടകം പോലെ അവസാനിക്കുകയായിരുന്നു. ജയരാജ് വാര്യർ, സുധി വട്ടപ്പിന്നി, ജോസ് പി.റാഫേൽ, സുർജിത്ത്, സതീഷ് മായന്നൂർ തുടങ്ങി നിരവധി നാടകപ്രവർത്തകരെ വാർത്തെടുക്കാൻ ജോസ്ചിറമ്മലിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ സർഗാത്മകപ്രവർത്തനങ്ങളെ നാടകപ്രവർത്തകനായ സുർജിത് ഇങ്ങനെ നിരീക്ഷിക്കുന്നു: "നവീന നാടകാന്വേഷണകാലത്ത് ഏറ്റവും നവീനരംഗാവിഷ്ക്കാരങ്ങൾ നടത്തിയ മനുഷ്യനായിരുന്നു ജോസേട്ടൻ"[2]

### 5.2 കുരിശിന്റെ വഴിയിൽ : നാടകാവിഷ്കാരം

പി.എം.ആന്റണിയുടെ *'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്'* എന്ന നാടകത്തെ നാടകനിരോധനനിയമം പ്രയോഗിച്ച് നിരോധിച്ചതിനോടുള്ള പ്രതിഷേധ സൂചകമായിട്ടാണ് *'കുരിശിന്റെ വഴി'* യിൽ എന്ന പ്രതിരോധനാടകം രൂപപ്പെട്ടത്. ഇതേപ്പറ്റി സേതുനാഥ് പണ്ടത്തറ 'നാടകപാത' യെന്ന ഡോക്യുമെന്ററിയിൽ ഇത്തരത്തിൽ അഭിപ്രായപ്പെടുന്നു: "ഞാനും ജോസേട്ടനും തൃശൂർ കെ.എസ്.ആർ.ടി.സിയിൽ നിൽക്കുമ്പോഴാണ് ക്രിസ്തുവിന്റെ ആറാംതിരുമുറിവ് നിരോധിച്ച വാർത്ത റേഡിയോയിൽ കേട്ടത്. ഇതുകേട്ട ജോസേട്ടൻ അസ്വസ്ഥനായി. ഇത് ശരിയാവില്ല, കലാകാരന് അഭിപ്രായസ്വാതന്ത്ര്യമില്ലേ എന്നദ്ദേഹം ചോദിച്ചു. നേരേ വാടാനപ്പള്ളി

യിലെ ബോധിട്യൂഷൻ സെന്ററിൽ പോയി. അവിടെയുള്ള കലാകാരൻമാരെ വിവരം അറിയിച്ചു. പിന്നീട് ആലപ്പാട് പോയി ഇ.പി.കാർത്തികേയൻ, ശാന്തൻ എന്നിവരേയും കണ്ടു. ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികളെയും കണ്ടു. പിന്നീട് ആലപ്പാട്ട് വന്നപ്പോൾ എസ്.എൻ.ഡി.പി ഹാൾ ഫ്രീയായി റിഹേഴ്സലിന് തന്നു. ഇങ്ങനെയാണ് കുരിശിന്റെ വഴി രൂപപ്പെടുന്നത് ’[3]

നാടകം,ചിത്രകല, സംഗീതം തുടങ്ങിയ കലാരൂപങ്ങളെ ഒന്നിച്ചണിനിരത്തിക്കൊണ്ട് ഒരു ഘോഷയാത്രയുടെ രൂപത്തിലായിരുന്നു ചിറമ്മൽ നാടകത്തെ രൂപപ്പെടുത്തിയത്. ആലപ്പാട് മുതൽ തൃപ്രയാർ വരെയുള്ള സ്ഥലങ്ങളിലൂടെ സഞ്ചരിക്കുന്ന പുത്തൻ തെരുവുനാടകസങ്കൽപ്പമായിരുന്നു ‘*കുരിശിന്റെ വഴിയിൽ*’. കിലോമീറ്ററുകളോളം കലാകാരൻമാരും ജനങ്ങളും ഒരുമിച്ച് സഞ്ചരിക്കുകയും ആ സഞ്ചാരത്തിലൂടെ വികസിക്കുകയും ചെയ്യുന്ന ആശയമായിരുന്നു ആ നാടകത്തിന്റെ രംഗാവിഷ്ക്കാരത്തിലൂടെ സൃഷ്ടിക്കാൻ ശ്രമിച്ചത്. അഡ്വ.പ്രേംപ്രസാദ്, മണിലാൽ, വി.ആർ.രമേശ് തുടങ്ങിയ നാടകപ്രവർത്തകരുടെ സംഘമായ വാടാനപ്പള്ളി ’തിയേറ്റർ ഗാതറിംങ്’ ഇ.വി.കാർത്തികേയൻ, മഹിമൻ, സജീവൻ, കെ.കെ.രാജു, സുർജിത് തുടങ്ങിയ പ്രവർത്തകരുടെ സംഘടനയായ ആലപ്പാട് ജോത്സ്യന, തൃശൂർഫൈൻ ആർട്സ്കോളേജ്, കേരളകലാഭവൻ തുടങ്ങിയ നിരവധി സംഘടനകളുടെ പ്രവർത്തകരെ ഏകോപിപ്പിച്ചാണ് ‘കുരിശിന്റെ വഴിയിൽ’ അവതരിപ്പിക്കാൻ ശ്രമിച്ചത്. കുരിശും വഹിച്ചു കൊണ്ട് ക്രിസ്തു ഗാഗുൽത്തായ് മലയിലേക്ക് പോകുന്ന യാത്രയെ അനുസ്മരിപ്പിച്ചു കൊണ്ട് കലാകാരൻമാർ കുരിശും വഹിച്ച് പല സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന രീതിയിലാണ് നാടകം രൂപപ്പെടുത്തിയിരുന്നത്. തൃശൂരിലെ ആലപ്പാട്ട് നിന്ന് ആരംഭിക്കുന്ന നാടകം ചാഴൂർ, വേലൂർപ്പടി, പെരിങ്ങോട്ടുകര, ചെമ്മാപ്പിള്ളി, കിഴക്കേനട തുടങ്ങിയ പതിനാല് സെൻട്രലുകളിലൂടെ കടന്നുപോയി തൃപ്രയാറിൽ എത്തുന്ന ഒരു വലിയ യാത്രയുടെ രൂപത്തിലായിരുന്നു കുരിശിന്റെ വഴിയുടെ രംഗഭാഷ രൂപീകരിച്ചിരുന്നത്. ക്രിസ്തുവിനെ പീലാത്തോസ് വിചാരണ ചെയ്യുകയും കുരിശിലേറ്റിക്കൊല്ലാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു. ഇതേത്തുടർന്നുള്ള ക്രിസ്തുവിന്റെ ഗാഗുൽത്തായിലേയ്ക്കുള്ള പീഡനയാത്രയാണ് ‘കുരിശിന്റെ വഴിയിൽ’ ആവിഷ്ക്കരിക്കാൻ ശ്രമിച്ചത്. കുരിശും വഹിച്ച് നടന്നുപോകുന്ന ക്രിസ്തു കാണുന്ന കാലികസംഭവങ്ങളിലൂടെയാണ് നാടകം പുരോഗമിക്കുന്നത്. ആലപ്പാട് ജംഗ്ഷനിൽ നിന്ന് കുരിശ്ശ് വഹിച്ച് കൊണ്ടുള്ള ക്രിസ്തുവിന്റെ യാത്ര തൃപ്രയാറിൽ അവസാനി

ക്കുന്നു. ഇന്ത്യയിലെ വർത്തമാനകാലസംഭവങ്ങളെ പതിനാല് സ്ഥലങ്ങളിലായി നാടകരൂപത്തിൽ അവതരിപ്പിക്കുകയും ക്രിസ്തുഅതിന് സാക്ഷിയാവുകയും ചെയ്യുന്നു. തങ്കമണിയിലെ പൊലീസ് വെടിവയ്പ്പ്, അട്ടപ്പാടിയിലെ സ്ത്രീകൾക്ക് നേരേയുള്ള പൊലീസ് അതിക്രമം, ഭോപ്പാൽ ദുരന്തം, വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്ക്കരണം, വൈപ്പിൻ വിഷമദ്യദുരന്തം, കീഴ്മാട് അന്ധവിദ്യാലയത്തിലെ പൊലീസ് അതിക്രമം തുടങ്ങിയ കാലികവിഷയങ്ങളാണ് ഓരോ സ്ഥലങ്ങളിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചിരുന്നത്. മനോധർമ്മ അഭിനയശൈലി(Improvisation) ഉപയോഗിച്ച്, ഓരോ സ്ഥലങ്ങളിലും കലാകാരൻമാർ ജനങ്ങളുമായി സംവദിച്ചാണ് നാടകം പുരോഗമിക്കുന്നത്. സംഘം ഓരോ സ്ഥലത്തും എത്തുന്നതിനും മുമ്പേ ചിത്രകലാകാരൻമാരും ബാന്റ്സെറ്റും അവിടെയെത്തി ജനങ്ങളെ അണിനിരത്തുന്നു. നാടകസംഘം കടന്നുപോകുന്നയിടങ്ങളിലെ ജനങ്ങളെ കഥാപാത്രങ്ങളാക്കി മാറ്റുക, കടന്നുപോകുന്ന വാഹനങ്ങളെ നാടകത്തിനായി ഉപയോഗിക്കുക, അവിടെയുള്ള കെട്ടിടങ്ങളെ നാടകത്തിന് ആവശ്യമായ വിധത്തിൽ ഉപയോഗിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് സംവിധായകനായ ജോസ് ചിറമ്മൽ അഭിനയിക്കുന്നവർക്ക് നൽകിയത്. "തെരുവ്മൂലയ്ക്ക് പകരം തെരുവിനെത്തന്നെ അരങ്ങാക്കിക്കൊണ്ടുള്ള, ഒരുപക്ഷേ, ഇന്ത്യയിലെതന്നെ ആദ്യത്തേതും ഏറ്റവും വലുതുമായ അവതരണമാവുമായിരുന്നു അത്"– ( ബാലചന്ദ്രൻ എം. എൻ– 2020 : 279 )

'*കുരിശിന്റെ വഴിയിൽ*' എന്ന നാടകത്തിൽ ക്രിസ്തുവിനെ ക്രൂശിക്കാൻ കൊണ്ടുപോകുന്ന ഭടനായി അഭിനയിച്ച സുർജിത് നാടകത്തെപ്പറ്റി ഇങ്ങനെ പ്രതികരിക്കുന്നു:" തെരുവിനെ മനസ്സിലാക്കുക, അതിനോട് പ്രതികരിക്കുക, ബസ് കാത്തു നിൽക്കുന്നവർ, കാണികൾ എന്നിവരൊക്കെ വെറും കാഴ്ചക്കാരല്ല, അവർ അഭിനേതാക്കളായി മാറുകയാണ്. ആളുകളുടെ ഇടയിലേക്ക് ഇറങ്ങുകയാണ്, തെരുവിൽ ആളുകളെ അഭിമുഖീകരിക്കുമ്പോൾ അവിടെ എന്ത് എക്സ്പ്രസ് ( express ) ചെയ്യണം , തെരുവിലെ ശബ്ദങ്ങൾ, കെട്ടിടങ്ങൾ, അതിനെയൊക്കെ എങ്ങനെ ഉപയോഗപ്പെടുത്തണം എന്നിങ്ങനെയൊക്കെയുള്ള ചർച്ചകളാണ് അവതരണത്തിന് മുന്നോടിയായി നടന്നത്. ക്രിസ്തുവിന്റെ ആറാംതിരുമുറിവ് നിരോധിച്ചതിൽ പ്രതിഷേധിച്ച് ക്രിസ്തുവിന്റ കുരിശുമരണത്തിലേക്കുള്ള യാത്രയെ നാടകമായി അവതരിപ്പിക്കാനാണ് ജോസ് ചിറമ്മലിന്റെ നേതൃത്വത്തിലുള്ള നാടകപ്രവർത്തകർ ശ്രമിച്ചത്."[4]

### 5.2.1 റിഹേഴ്സൽ

തൃശൂർ ആലപ്പാട് എസ്.എൻ.ഡി.പി സമാജം, വാടാനപ്പള്ളിയിലെ ബോധിട്യൂഷൻ സെന്റർ എന്നിവിടങ്ങളിലാണ് 'കുരിശിന്റെ വഴിയിൽ' എന്ന നാടകത്തിന്റെ ചർച്ചകൾ നടന്നത്. ആലപ്പാട് ജോത്സ്യനയുടെ സെക്രട്ടറിയും സാമൂഹികപ്രവർത്തകനുമായ ഇ.പി. കാർത്തികേയൻ കുരിശിന്റെവഴിയുടെ സവിശേഷതകളെപ്പറ്റി ഇങ്ങനെ പ്രതികരിക്കുന്നു . "കലാകാരനെയാണ് ശരിക്കും ക്രൂശിച്ചത്. ക്രിസ്തുവിനെ ഒരു കലാകാരനായിട്ടാണ് ചിത്രീകരിക്കാൻ ശ്രമിച്ചത്. ക്രൂശിക്കപ്പെട്ട കലാകാരന്റെ പ്രതി രൂപമായിത്തീരുകയായിരുന്നു ക്രിസ്തു."[5]

കൃത്യമായ ലിഖിതരൂപംഇല്ലാതെ നാടകത്തിന്റെ യാത്രയ്ക്ക്അനുസരിച്ച് മനോധർമ്മാഭിനയപ്രകാരം വികസിക്കുന്നരൂപമായിരുന്നു കുരിശിന്റെവഴിയിൽ എന്ന നാടകത്തിന്റെ രംഗപാഠം. ഓരോ കാലികവിഷയത്തെക്കുറിച്ചുമുള്ള ചർച്ചകളാണ് എല്ലാദിവസവും നടന്നത്. കുരിശിന്റെ വഴിയിൽ ക്രിസ്തുവായി അഭിനയിച്ച സജീവൻ റിഹേഴ്സലിനെപ്പറ്റി ഇങ്ങനെ പറയുന്നു "സംഭാഷണങ്ങൾ ഒന്നും ഇല്ലായിരുന്നു. വലിയൊരു കുരിശ് ചുമന്ന് കൊണ്ടുനടക്കുക, ഓരോ സ്ഥലത്തും മുട്ടുകുത്തുക ഇതായിരുന്നു ജോസേട്ടൻ നൽകിയ നിർദ്ദേശം. ഞാനന്ന് താടിയും മുടിയും നീട്ടി വളർത്തിരുന്നു. അതായിരിക്കാം എന്നെ യേശുവായി തീരുമാനിക്കാനുള്ള കാരണം[6]"

നാടകത്തിന്റെ റിഹേഴ്സലിനെപ്പറ്റിയുള്ള പത്രവാർത്തകൾ വന്നപ്പോൾ ആലപ്പാട്ട് എസ്.എൻ.ഡി.പി സമാജം പൊലീസ് വളയുകയും നാടകത്തിന്റെ വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. സമാജത്തിലെ നാടകപ്രവർത്തനങ്ങളെപ്പറ്റി പൊലീസ് രഹസ്യാനഘേഷണം നടത്തുകയും ചെയ്യുന്നുണ്ടായിരുന്നു. പൊലീസ് റെയ്ഡിനെപ്പറ്റി ഇ.പി. കാർത്തികേയൻ ഓർക്കുന്നു"ഞങ്ങൾ നാടകത്തെപ്പറ്റി സംസാരിച്ചു കൊണ്ടിരിക്കവേ, സമാജം പൊലീസ്വളഞ്ഞു. സ്ക്രിപ്റ്റ് ആവശ്യപ്പെട്ടു. നാടകാവതരണം എന്നാണ്എന്നവർ ചോദിച്ചു. ഞാൻ പെട്ടെന്ന്, നവംബർ 17ന് ആണെന്ന് പറഞ്ഞു. അങ്ങനെയാണ് അന്ന് തന്നെ അവതരണം നടത്താൻ തീരുമാന മായത്. ആലപ്പാട് ജംഗ്ഷനിൽ പൊലീസ് എപ്പോഴുമുണ്ടായിരുന്നു. ഞങ്ങളെയവർ എപ്പോഴും നിരീക്ഷിച്ചുകൊണ്ടിരുന്നു." വാടാനപ്പള്ളി തിയേറ്റർ ഗാതറിങ്ങ് കാലികസംഭവങ്ങൾ വിഷയമാക്കിയ സ്കിറ്റുകളുടെ റിഹേഴ്സലുകൾ നടത്തി.

### 5.2.2 അറസ്റ്റ്

1986 നവംബർ പതിനേഴാംതീയതി രാവിലെമുതൽ ആലപ്പാട്ജംഗ്ഷൻ പൊലീസ്‌വാഹനങ്ങളാൽ നിറഞ്ഞു. നാടകാവതരണംകാണാൻ ആയിരക്കണക്കിനാളുകൾ തടിച്ചുകൂടി. നാടകം ആരംഭിക്കുന്നതിന് മുമ്പ് തൃശൂർഫൈൻ ആർട്സ്കോളജ്, കേരളകലാഭവൻ തുടങ്ങിയ സ്ഥാപനങ്ങളിലെ ചിത്രകലാവിദ്യാർത്ഥികൾ ആലപ്പാട് ജംഗ്ഷനിൽ വലിയ ന്യൂസ്പ്രിന്റ് വലിച്ചുകെട്ടി അവരുടെ ചിത്രരചന ആരംഭിച്ചു. ടി.വി.സന്തോഷ്, എ.വി.നജീബ്, മുരളി ചീരോത്ത്, ശിൽപി രാജൻ തുടങ്ങിയ കലാകാരൻമാർ നിരോധനത്തിനെതിരായി ചിത്രരചന നടത്തി. ആലപ്പാട് നാടകംകാണാൻവന്ന ആളുകളുടെ ഛായാചിത്രങ്ങൾ അവർ വരച്ചു. കുറേപ്പേർ കവിതചൊല്ലുകയും പാട്ടുകൾപാടുകയുംചെയ്തു. തൃശൂർ ഫൈൻആർട്സ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന മുരളീചീരോത്ത് 'കുരിശിന്റെ വഴി'യുടെ ഭാഗമായതിനെപ്പറ്റി ഇത്തരത്തിലാണ് പ്രതികരിച്ചത്.

"നാടകറിഹേഴ്സൽ ഞാൻ കണ്ടിരുന്നില്ല. തൃശൂർ ഫൈൻആർട്സ് കോളേജിൽ നിന്ന് ഞങ്ങൾഏഴുപേർഉണ്ടായിരുന്നു. റെഡ്ഫ്ളാഗ് ഇതിന്റെ സംഘാടനത്തിൽ മുഖ്യപങ്ക് വഹിച്ചിരുന്നു. എല്ലാ കാമ്പസുകളെയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് അന്ന് മയിൽപ്പീലി എന്നൊരു മാഗസിൻ ഉണ്ടായിരുന്നു. 'അമ്മയറിയാൻ' എന്ന സിനിമയിലും ഈ കൂട്ടായ്മ സജീവമായിരുന്നു. അങ്ങോട്ടും ഇങ്ങോട്ടും ബന്ധപ്പെട്ടിരുന്നു. നാടകം നിരോധിച്ചപ്പോൾ തന്നെ ഞങ്ങൾ കോളേജിൽ വലിയ പ്രതിഷേധം സൃഷ്ടിച്ചു. വലിയ പെയിന്റിംഗുകൾ വരച്ചു. അതിൽ പലതും കളക്ടീവ് ആയ വർക്കുകൾ ആയിരുന്നു. കൃത്യമായ നിലപാടും രാഷ്ട്രീയവും ആയിരുന്നു ഞങ്ങളെ അത്തരത്തിലുള്ള പ്രക്ഷോഭങ്ങളുടെ ഭാഗമാക്കിയത്"[8] ആലപ്പാട് ജംഗ്ഷനിൽ കലാകാരൻമാർ യുദ്ധവിരുദ്ധചിത്രങ്ങളും മാവോ സെതൂങ്ങിന്റെ 'നൂറ്പൂക്കൾ വിരിയട്ടെ' എന്ന ആശയത്തെയുൾക്കൊണ്ടുള്ള കുറേ റോസാപ്പൂക്കളുമാണ് വരച്ചത്. കവി സച്ചിദാനന്ദന്റെ 'നാവുമരം', 'നിശബ്ദത' എന്നീ കവിതകളും ലാറ്റിനമേരിക്കൻ കവി പാബ്ളോ നെരൂദയുടെ ' കവിതകളും നാടകാവതരണത്തിന് മുമ്പ് ആലപ്പാട്ട് ജംഗ്ഷനിൽ ചൊല്ലിയതായി കേരളകലാഭവനിലെ വിദ്യാർത്ഥിയായിരുന്ന എ.വി. നജീബ് ഓർക്കുന്നു.[9]

ആലപ്പാട്ജംഗ്ഷൻ പൊലീസ് വാഹനങ്ങളാൽ നിറഞ്ഞു. നാടകത്തിന്റെ ഭാഗമായ മ്യൂസിക്ബാൻഡ് ആലപ്പാട് എത്തി പാട്ടുകൾപാടിത്തുടങ്ങി. ചെമ്മപ്പള്ളി

ബാബു, രാധാമണി, റംല, ചന്ദ്രിക, പപ്പുണ്ണിചന്ദ്രൻ തുടങ്ങിയവരാണ് ഗായക സംഘത്തിൽ ഉണ്ടായിരുന്നത്. 'കുരിശിന്റെ വഴിയിൽ' യേശുവായി അഭിനയിച്ച സജീവൻ ചെറാക്കൊള്ളി, പീലാത്തോസായി അഭിനയിച്ച കെ.കെ.രാജൻ തുടങ്ങിയ കലാകാരൻമാർ നാടകാവതരണത്തിനായി മുന്നോട്ട് വന്നു. ഭടൻമാരായി അഭിനയിച്ച സുർജിത്, മഹിമൻ എന്നിവർ ആലപ്പാട്കപ്പേളയ്ക്ക് മുന്നിൽമുട്ടുകുത്തി നിന്ന് 'കുളിച്ചു കുഞ്ഞാടിൻ രക്തത്തിൽ, പാപക്കറ മാറ്റാൻ കുളിച്ചു കുഞ്ഞാടിൻ രക്തത്തിൽ' എന്ന ഗാനം ആലപിച്ചു.

നാടകത്തിൽ പീലാത്തോസായി അഭിനയിച്ച കെ.കെ.രാജൻ, ആലപ്പാട് കപ്പേളയുടെ മുകളിൽ കയറി കൈകൾ രണ്ടും വെള്ളത്തിൽ കഴുകി, ക്രിസ്തുവിനെ വിചാരണ ചെയ്യുന്നതിന് വേണ്ടി ആദ്യസംഭാഷണമായ 'ഈ രക്തത്തിൽ എനിക്ക് പങ്കില്ല' എന്ന്വിളിച്ചുപറഞ്ഞു. ഉടൻതന്നെ പൊലീസ്കടന്നുവന്ന് നാടക പ്രവർത്തകരെ അറസ്റ്റ്ചെയ്തു. നാടകസംഘാംഗങ്ങൾ, സംഘാടകർ, ഗായകസംഘം, കാണികൾ എന്നിവരുൾപ്പെടെ ആയിരുന്നു അറസ്റ്റ്. അൻപത്തിയേഴ് പേരെയാണ് ആകെ അറസ്റ്റ്, ചെയ്തത്.

കലാകാരൻമാരെ പോലീസ് അറസ്റ്റ്ചെയ്തപ്പോൾ നാട്ടുകാർ പൊലീസ് വാഹനം തടഞ്ഞു. നടൻമാരെ തൊടരുതെന്ന് ജനം പൊലീസിന് മുന്നറിയിപ്പ് നൽകി. "ഒരു വയോവൃദ്ധൻ ഉറക്കെ പോലീസിനോട് വിളിച്ചു പറഞ്ഞു: നിങ്ങൾ നാടകം തുടരാൻ അവരെഅനുവദിക്കൂ. അത് കണ്ടതിന്ശേഷം വേണമെങ്കിൽ അവരെ അറസ്റ്റ് ചെയ്യൂ." (ബാലചന്ദ്രൻ, എം.ആർ 2020 : 290 ) മുളയിലേ നുള്ളപ്പെട്ട ഒരു നാടകം എന്ന നിലയിലാണ് നാടകചരിത്രത്തിൽ 'കുരിശിന്റെ വഴി'ഇടം പിടിക്കുന്നത്. വ്യത്യസ്തമായ രാഷ്ട്രീയാശയങ്ങൾ പുലർത്തിയിരുന്നവരും 'കുരിശിന്റെ വഴി'യുമായി സഹകരിച്ചു എന്നതിന് തെളിവാണ് നാടകത്തിലുടനീളം പങ്കെടുത്ത് അറസ്റ്റുവരിച്ച ഉണ്ണിക്കൃഷ്ണൻ എന്ന കോൺഗ്രസ് പ്രവർത്തകൻ. കുരിശിന്റെ വഴിയെപ്പറ്റി അദ്ദേഹം ഇത്തരത്തിലാണ് പ്രതികരിച്ചത്. "ആവിഷ്ക്കാരസ്വാതന്ത്ര്യം തന്നെയായിരുന്നു പ്രശ്നം. പാർട്ടിഎതിർത്തെങ്കിലും ഞാൻനാടകപ്രവർത്തകരോട് ഒപ്പംകൂടി. കുരിശിന്റെ വഴിയുടെ റിഹേഴ്സലിൽ ഞാൻ ഉണ്ടായിരുന്നു. നേരിനൊപ്പം നിൽക്കുക എന്നതായിരുന്നു എന്റെ നിലപാട്. പാർട്ടിയിൽ നിന്ന് വിമർശനങ്ങൾ ഉണ്ടായി."[10]

നാടകപ്രവർത്തകരെ അറസ്റ്റു ചെയ്ത് പൊലീസ് വാൻ മുന്നോട്ട് കുതിച്ചപ്പോൾ ആയിരക്കണക്കിന് നാട്ടുകാരാണ് വാനിന് പിന്നാലെ സഞ്ചരിച്ചത്. വാൻ കടന്ന് പോയ

ജംഗ്ഷനുകളിൽ നിന്നെല്ലാം വാർത്തയറിഞ്ഞ് പോലീസ് വാനിന്റെ പിന്നാലെ കൂടി. ഇതേപ്പറ്റി തിയേറ്റർ റൂട്ടിന്റെ സെക്രട്ടറിയായിരുന്ന സതീഷ് മായന്നൂർ ഇത്തരത്തി ലാണ് ഓർക്കുന്നത്. "ആ അറസ്റ്റ് വളരെ തെറ്റായിപ്പോയി. കുരിശിന്റെ വഴിയിൽ എന്ന നാടകത്തിൽ എന്താണ് പറയുന്നത് എന്ന് കേൾക്കാതെ, അതേപ്പറ്റി ഒരു ധാരണയുമില്ലാതെയായിരുന്നു അറസ്റ്റ്. ആ നാടകം നടന്നിരുന്നെങ്കിൽ ഒരു ക്രമസമാധാനപ്രശ്നവും ഉണ്ടാവുമായിരുന്നില്ല."[11]

### 5.2.3 പോലീസ് സ്റ്റേഷൻ

അറസ്റ്റിന്ശേഷം അങ്ങേയറ്റം നാടകീയമായ സംഭവവികാസങ്ങളാണ് ഉണ്ടായത്. നടക്കാതെ പോയ നാടകത്തിന്റെ തുടർച്ചയാണ് പൊലീസ് സ്റ്റേഷനിലും കോടതിയിലും സംഭവിച്ചതെന്ന് വേണമെങ്കിൽ പറയാം. അറസ്റ്റ് ചെയ്യപ്പെട്ട കലാകാരൻമാർ പൊലീസ് വാനിനുള്ളിൽ പാട്ടുകൾ പാടി, ഫൈൻ ആർട്ട്സ് കോളേജ് വിദ്യാർത്ഥികൾ വാനിനുള്ളിൽ ചിത്രങ്ങൾവരച്ചു. നാടകത്തിന്റെ രംഗാവിഷ്ക്കാരം ആരംഭിച്ചത് തന്നെ അറസ്റ്റിന് ശേഷമാണെന്ന് പറയാം, അറസ്റ്റും പൊലീസ് വാനും സ്റ്റേഷനുമെല്ലാം അവർ അരങ്ങായി മാറ്റുകയായിരുന്നു.

നാട്ടുകാരും സാംസ്ക്കാരികപ്രവർത്തകരുമെല്ലാം മുദ്രാവാക്യങ്ങളുമായി വാനിന് പിന്നാലെയെത്തി. പ്രതിഷേധപ്രകടനം കടന്നുപോകുന്നിടത്തുനിന്നെല്ലാം കൂടുതലാളുകൾ അതിനൊപ്പംചേർന്നു. നാടകപ്രവർത്തകരെ അന്തിക്കാട് പോലീസ് സ്റ്റേഷനിൽ എത്തിച്ചപ്പോൾ കലാകാരൻമാർക്ക്പിന്തുണപ്രഖ്യാപിച്ചുകൊണ്ട് ആയിരക്കണക്കിനാളുകൾ അവിടെതടിച്ചുകൂടി. കലാകാരൻമാർ പോലീസ് സ്റ്റേഷനിലും പ്രതിഷേധംതുടർന്നു. പോലീസ്സ്റ്റേഷനിൽ മുട്ടുകുത്തി നിന്ന് 'ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർഅറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമേ' എന്നവർ പ്രാർത്ഥിച്ചു. ഫൈൻആർട്സ് കോളജ് വിദ്യാർത്ഥികൾ പോലീസ് സ്റ്റേഷൻ ചുമരിൽ ചിത്രങ്ങൾ വരയ്ക്കുകയും മുദ്രാവാക്യങ്ങൾഎഴുതുകയുംചെയ്തു.

കുരിശിന്റെ വഴിയിലൂടെ സംഗീതസംഘം പൊലീസ്റ്റേഷനിൽ എത്തുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. കലാകാരൻമാരുടെ അറസ്റ്റിൽ പ്രതിഷേധിച്ച് രാഷ്ട്രീയസാംസ്ക്കാരികപ്രവർത്തകർ അന്തിക്കാട്ട് പോലീസ്സ്റ്റേഷനിലേക്ക് പ്രതിഷേധപ്രകടനംനടത്തി. അധ്യാപകനും കേരളകലാമണ്ഡലം രജിസ്ട്രാറു മായിരുന്ന ഗ്രാമപ്രകാശ്, അധ്യാപകനും കവിയുമായിരുന്ന വി.ജെ.തമ്പി,

കെ.ഗോപിനാഥൻ തുടങ്ങിയവരാണ് പ്രകടനത്തിന് നേതൃത്വം നൽകിയത്. സി.പി.ഐ പ്രവർത്തകരായിരുന്ന വി.എസ്.സുനിൽകുമാർ, പ്രദീപ്, അനിൽ, പി.ബാലചന്ദ്രൻ എന്നിവർ കലാകാരൻമാർക്ക് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് പൊലീസ് സ്റ്റേഷനിൽ എത്തി. പോലീസ് സ്റ്റേഷനിൽ തടിച്ചു കൂടിയ ജനങ്ങൾ അവിടെനിന്ന്പ്രതിഷേധ പ്രകടനമായി അന്തിക്കാട് ജംഗ്ഷനിൽ എത്തുകയും യോഗംചേരുകയുംചെയ്തു. സാംസ്ക്കാരിക, രാഷ്ട്രീയനേതാക്കളുടെ പ്രസംഗത്തിന്ശേഷം ജനങ്ങൾ പിരിഞ്ഞുപോയി. അറസ്റ്റിലായവരെ അന്നുതന്നെ അയ്യന്തോൾ സ്റ്റേഷനിലേക്ക് മാറ്റി. പിറ്റേദിവസം കോടതി കുരിശിന്റെവഴിയുമായി ബന്ധപ്പെട്ട് അറസ്റ്റ്ചെയ്യപ്പെട്ടവരെ ജാമ്യത്തിൽ വിട്ടയച്ചു.

### 5.2.4 വിചാരണയും

അമ്പത്തിയേഴ്പേർക്കെതിരെയാണ് നാടകനിരോധനനിയമം ഉപയോഗിച്ച് പൊലീസ്കേസ്എടുത്തത്. തൃശൂർജില്ലാകോടതിയിൽ നാടകപ്രവർത്തകരുടെ വിചാരണ നാലുവർഷത്തോളംനീണ്ടു. കലാകാരൻമാരിൽ പലരും ഈ കാലയളവിൽ ഇന്ത്യയുടെ പലഭാഗങ്ങളിലായി പ്രവർത്തിച്ചു വരികയായിരുന്നു. കേസിന്റെ ആവശ്യ ങ്ങൾക്കായി പലയിടങ്ങളിൽനിന്നായി കോടതിയിൽഎത്തുന്നത് വളരെ ബുദ്ധിമുട്ടായിത്തീർന്നു. അറസ്റ്റും പോലീസ് സ്റ്റേഷനുമല്ല, വിചാരണ നടപടികളാണ് ഏറെബുദ്ധിമുട്ടായതെന്നാണ് നാടകപ്രവർത്തകനായ മഹിമൻ അഭിപ്രായപ്പെടുന്നത് " വിചാരണ ആയിരുന്നു വലിയ ശിക്ഷ. നാല് വർഷത്തോളം കേസ് നീണ്ടു. അൻപത്തിയേഴുപേരായിരുന്നു പ്രതികൾ. ഒരാൾ വന്നില്ലെങ്കിൽ കേസ് മാറ്റിവയ്ക്കും."[12] വാടാനപ്പള്ളി തിയേറ്റർ ഗാതറങ്ങിന്റെ പ്രവർത്തകനും കുരിശിന്റെ വഴിയിൽ പങ്കാളിയുമായ മണിലാൽ ഇത്തരത്തിൽ പ്രതികരിക്കുന്നു : ' യാദൃച്ഛികമായി അവിടെ എത്തിയവരായിരുന്നു അറസ്റ്റിലായവരിൽ ഏറെയും. വളരെ വ്യത്യസ്തമായ മേഖലകളിലുള്ളവർ. നാട്ടിൽപതിവായിനടക്കാറുള്ള സാധാരണ പ്രതിഷേധ സമരങ്ങളെപ്പോലെ സ്റ്റേഷനിൽകൊണ്ടുപോയിപേരുംമേൽ വിലാസവുമെഴുതി വാങ്ങിയിട്ട് വിടുമെന്നായിരുന്നു അവരിൽ പലരും കരുതിയിരുന്നത്. വിചാരണ നടപടികൾ പുരോഗമിച്ചതോടെ അവരിൽ പലർക്കും പൊറുതിമുട്ടി" ബാലചന്ദ്രൻ എം. എൻ. 2020: 292 )

വിചാരണനടപടികൾ അവസാനിക്കുന്നത് വളരെ നാടകീയമായിട്ടാണ് എന്നാണ് നാടകപ്രവർത്തകർ ഓർക്കുന്നത്. ഈ പ്രബന്ധത്തിന്റെ പാഠ്യവിഷയങ്ങളായി

തെരഞ്ഞെടുത്ത മറ്റൊരു നാടകമായ നാടുഗദ്ദിക സംബന്ധിച്ച വിചാരണയും ഇങ്ങനെ തന്നെയാണ് അവസാനിച്ചതും. നാടകങ്ങൾ നിരോധിക്കുക, കലാകാരൻമാരെ അറസ്റ്റ് ചെയ്യുക, കുറേവർഷങ്ങൾ വിചാരണചെയ്യുക, പിന്നെവെറുതെവിടുക എന്ന രീതിയാണ് പൊതുവേ സംഭവിച്ചത്. വർഷങ്ങൾ നീണ്ടുനിൽക്കുന്ന വിചാരണയാണ് ശരിക്കുമുള്ള ശിക്ഷ എന്നാണ് കുരിശിന്റെ വഴിയിൽ പങ്കെടുത്ത കലാകാരന്മാർ വില യിരുത്തുന്നത്. കോടതിയിലെ വിചാരണ അവസാനിച്ചതിനെക്കുറിച്ച് നാടകത്തിൽ ഭടനായി അഭിനയിച്ച സുർജിത് ഇത്തരത്തിലാണ് ഓർത്തെടുക്കുന്നത് : "വിചാരണ നടക്കുമ്പോൾ ഞങ്ങളുടെ വക്കീൽ വി.കെ.പ്രകാശൻ മജിസ്ട്രേറ്റിനോട് അപേക്ഷിക്കുകയായിരുന്നു ഇവർ വിദ്യാർത്ഥികളാണ് കേസ് നടത്താൻ കാശില്ല തനിക്ക് ഫീസ്പോലുംകിട്ടുന്നില്ല കേസ് ഒഴിവാക്കണം എന്ന് കുറച്ചു കഴിഞ്ഞപ്പോൾ മജിസ്ട്രേറ്റ് എല്ലാവരോടുമായി പറഞ്ഞു, പോയിക്കോളാൻ. അപ്പോഴാണ് കേസ് തീർന്നു എന്ന് മനസ്സിലായത്."[13]

**5.2.5 പ്രതികരണങ്ങൾ :**

1. കേരളത്തിൽ നടന്നിട്ടുള്ള ഏറ്റവുംവലിയ സ്ഫോടനങ്ങളിൽ ഒന്നാണ് കുരിശിന്റെ വഴിയിൽ കേരളത്തിന്റെ കലാചരിത്രത്തിൽ നാടകം കൊണ്ട് നടത്തിയ ഏറ്റവും വലിയ ഏറ്റുമുട്ടലാണ്, ഇടപെടലാണ്, പ്രതികരണമാണ്, പ്രതിരോധമാണ് 'കുരിശിന്റെ വഴി'യിലൂടെ ഉണ്ടായത് എന്ന് പറയാൻഒരുമടിയും കാണിക്കേണ്ടതില്ല. മുളയിലെ അടിച്ചമർത്തപ്പെട്ട നാടകം നമ്മുടെ ഉള്ളിലെ തന്നെ ഒരു വലിയ തീ ആണ് പുറത്തുകൊണ്ട് വന്നത്- രാവുണ്ണി, സി.[14]

2. നാടകം ആളുകളുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയും എന്ന് കണ്ട് ഭരണകൂടം അവയുടെ അവതരണങ്ങളെ അടിച്ചമർത്തി. അവർക്ക് നാടകങ്ങളെ പേടിയാണ്- സുർജിത്.[15]

3. മതപൗരോഹിത്യവും സർക്കാരും ചേർന്ന അധികാരബാന്ധവത്തെ എതിർത്ത ജനാധിപത്യവിശ്വാസികളുടെകൂട്ടായ്മആയിരുന്നു ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ നയിച്ചത് - വേണുഗോപാലൻ, പി.കെ.[16]

4. നാടകത്തെ നിരോധിച്ചത് വളരെ മോശമായ അവസ്ഥയാണ്. നാടകം കാണാതം നാടകത്തെക്കുറിച്ച് ഒരു വിവരവുമില്ലാത്തവരാണ് നാടകത്തെ തടഞ്ഞത്. ആവി ഷ്കാരസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും ശക്തമായി നിലനിറുത്തണം. അല്ലെങ്കിൽ ഇന്ത്യ എന്ന ജനാധിപത്യ രാജ്യം തകരും. അഭിപ്രായ സ്വാത ന്ത്ര്യത്തെ തല്ലിതകർക്കുന്നത് ഫാസിസ്റ്റ് പ്രവണതയാണ്.

- ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ [17]

## 5.3 അധ്യായം ഉപസംഗ്രഹം

അവതരണത്തിന് മുമ്പ് തടസ്സപ്പെടുത്തിയ നാടകം എന്ന നിലയ്ക്കാണ് 'കുരിശിന്റെ വഴിയിൽ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടുന്നത്. ആലപ്പാട് ജംഗ്ഷനിൽ നാടകം തുടങ്ങിയപ്പോൾ തന്നെ നാടകപ്രവർത്തകരെയും സംഘാടകരെയും കുറച്ച് കാഴ്ച്ചക്കാരെയും പൊലീസ് അറസ്റ്റു ചെയ്യുകയായിരുന്നു. നാടക തടസ്സപ്പെടുത്തി യതിൽ പ്രതിഷേധിച്ച് ജനങ്ങൾ പൊലീസ് വാഹനം തടഞ്ഞു. പിന്നീടവർ അന്തിക്കാട് സ്റ്റേഷനിലേക്ക് മാർച്ചു ചെയ്തു. കാഴ്ചക്കാരുൾപ്പെടെയാണ് 55 പേരെ പൊലീസ് അറസ്റ്റു ചെയ്തത്. മതനിന്ദ, ക്രമസമാധാനം തകർക്കുക എന്നീകുറ്റങ്ങൾചുമത്തി യായിരുന്നു അറസ്റ്റ്. ഭരണകൂടത്തിന്റെ അധികാരപ്രയോഗം പൊലീസ്, കോടതി, വിചാരണ എന്നിവയിലൂടെയാണ് നടപ്പാക്കിയത്. പ്രതിഷേധിച്ച കലാകാരൻമാരെ അറസ്റ്റ്ചെയ്യുകയും കോടതികളിൽ വർഷങ്ങൾ നീണ്ടുനിന്ന വിചാരണയിലൂടെ പ്രതിരോധസ്വഭാവമുള്ള നാടകപ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യാൻ സർക്കാരിന് കഴിയുകയും ചെയ്തു. വർത്തമാനയഥാർത്ഥങ്ങളോട് സംവദിക്കുന്ന രാഷ്ട്രീയബോധ മുള്ള കലാപ്രവർത്തകർക്കുള്ള മുന്നറിയിപ്പുകളാണ് ഇത്തരം അറസ്റ്റുകളിലൂടെ ഭര ണക്കൂടം പകർന്ന് നൽകിയത്. മത വിശ്വാസം വ്രണപ്പെടുന്നു എന്ന കാരണത്താൽ അക്രമാസക്തരായ ആൾക്കൂട്ടത്തെയാണോ കലാകാരൻമാരെയാണോ നിയന്ത്രിക്കേണ്ടത് എന്ന ചോദ്യവും ഇവിടെ പ്രസക്തമാണ്. അധികാരകേന്ദ്രങ്ങളെ വിമർശിക്കുന്ന നാടകങ്ങളെ തടയുകയും വിചാരണകൾക്ക് ഒടുവിൽ വെറുതെ വിടുകയും ചെയ്യുന്ന കാഴ്ചയാണ് നമുക്ക് മുന്നിലുള്ളത്. 'കുരിശിന്റെ വഴിയിൽ' എന്ന നാടകത്തിന്റെ ഭാഗമായ അൻപത്തിയേഴ്പേരാണ് വിചാരണകൾക്കായി നാല് വർഷത്തോളം കോടതിയിൽ കയറിയിറങ്ങിയത്. നാടുഗദ്ദിക എന്ന നാടകത്തിന്റെ പ്രവർത്തകർ വയനാട് പനമരത്തിൽ നിന്ന് കോഴിക്കോട് കോടതിയിലാണ് കേസിന്റെ ആവശ്യങ്ങൾക്കായി പോകേണ്ടിയിരുന്നത്. നാടകപ്രവർത്തകരുടെ അഭിപ്രായങ്ങളിൽ നിന്ന് മനസ്സിലാക്കാൻകഴിഞ്ഞത് വർഷങ്ങളോളംനീണ്ട വിചാരണയാണ് ഏറ്റവും വലിയശിക്ഷയായി അവർക്ക്തോന്നിയത്. അറസ്റ്റും കോടതിയും കേസും മറ്റ് നടപടികളിലൂടെയും ഭരണകൂടത്തിനെതിരായ നിലപാട് പുലർത്തിയ നാടകങ്ങളുടെ

ഒഴിക്ക് ഇല്ലാതാക്കാനായി എന്ന് കാണാൻ കഴിയും. ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിച്ച തെരുവ്നാടകങ്ങളുടെ വളർച്ചയെ ഇത്തരംനിരോധനങ്ങൾ തടസ്സപ്പെടുത്തി. സാധാരണക്കാർക്കിടയിൽ പ്രവർത്തിച്ചിരുന്ന നാടകകലാ കാരൻമാരുടെ അറസ്റ്റും അനുബന്ധവ്യവഹാരങ്ങളും ജനകീയവിഷയങ്ങളിൽ ഇടപെടാനുള്ള കലാകാരുടെ ശേഷിയെ ഇല്ലായ്മ ചെയ്യാനാണ് അധികാരികൾ ശ്രമി ച്ചത്.

## കുറിപ്പുകൾ


1. ബാലചന്ദ്രൻ, എം.എൻ.2021. *ജോസ്ചിറമ്മൻ നാടകപാത* (എപ്പിസോഡ്-11) http://youtube/- 69yrOKIHK

2. സുർജിത്ത് അഭിമുഖം. 19/7/2019. സമയം : 5 p.m (അഭിമുഖം. പേജ് : 262-266)

3. ബാലചന്ദ്രൻ, എം.എൻ.2021 ജോസ്ചിറമ്മൻ നാടകപാത. (എപ്പി.11)

4. സുർജിത്ത്. അഭിമുഖം 19/7/2019

5. കാർത്തികേയൻ, ഇ.പി. അഭിമുഖം 25/7/2020 (അനുബന്ധം.പേജ് : 270-272)

6. സജീവൻ, ചെറാംകൊള്ളി അഭിമുഖം 20/2/2020 („ പേജ് : 277)

7. കാർത്തികേയൻ. ഇ.പി. അഭിമുഖം 25/7/2020 („ പേജ് : 267-268)

8. മുരളീ ചിരോത്ത്. അഭിമുഖം( ഫോൺ) 20/2/2021. („ പേജ് : 274)

9. നജീബ്, എ.വി. അഭിമുഖം (ഫോൺ) 19/2/2021. („ പേജ് : 275-276)

10. ഉണ്ണികൃഷ്ണൻ, ജോസ് ചിറമ്മന്റെ അനുസ്മരണത്തിന് ആലപ്പാട്ട് നടത്തിയ പ്രഭാഷണം. 22/11/2017. ( പേജ് : 278)

11. സതീഷ്, മായന്നൂർ അഭിമുഖം(ഫോൺ) 20/2/2021. („ പേജ് : 273)

12. മഹിമൻ. അഭിമുഖം (ഫോൺ) 27/7/2020 („ പേജ് : 263-264)

13. സുർജിത്ത് അഭിമുഖം.19/7/2020 („ പേജ് : 265-266)

14. രാവുണ്ണി, സി. ജോസ് ചിറമ്മൽ അനുസ്മരണത്തിന് ആലപ്പാട്ട് നടത്തിയ പ്രഭാഷണം („ പേജ് : 277)

15. സുർജിത്ത് അഭിമുഖം. 19/7/2020 („ പേജ് : 265-266)

16. വേണുഗോപൻ. പി.കെ. അഭിമുഖം („ പേജ് : 270-272)

17. ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ. അഭിമുഖം(20.5.2021) (.......................)

## ഉപസംഗ്രഹം

'ആവിഷ്കാരസ്വാതന്ത്ര്യവും അധികാരവും മലയാള നാടക വേദിയിൽ-, നാടുഗദ്ദിക,കുരിശിന്റെ വഴിയിൽ, ക്രിസ്തുവിന്റെആറാംതിരുമുറിവ് എന്നീ നാടകങ്ങളെ മുൻനിർത്തിയുള്ള അപഗ്രഥനാത്മക പഠനം' എന്ന പ്രബന്ധത്തിന്റെ പഠനത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും താഴെ സൂചിപ്പിക്കുന്നു.

- ഇന്ത്യക്കാർ അവതരിപ്പിച്ച നാടകങ്ങളെ നിരോധിക്കുന്നതിനു വേണ്ടി ബ്രിട്ടീഷുകാർ രൂപീകരിച്ച നിയമമാണ് 'ഡ്രമാറ്റിക് പെർഫോമൻസ് ആക്റ്റ്. ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾ നടത്തിയ ഇന്ത്യൻ നാടകങ്ങളെ നിരോധിക്കാൻ ആയി നിർമ്മിച്ചെടുത്ത നിയമമാണിത്. സ്വാതന്ത്ര്യാനന്തരവും ഈ ബ്രിട്ടീഷ് നിയമത്തെ ചില ഭേദഗതികളോടുകൂടി ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഉപയോഗിക്കുന്നു.
- ഡ്രമാറ്റിക് പെർഫോമൻസ് ആക്റ്റ് കാലപ്പഴക്കംചെന്ന ഒരുനിയമം ആണെന്നാണ് നിയമവിദഗ്ധർ, വാദിക്കുന്നത്. മതനിയമങ്ങൾ പിന്തുടരുന്ന ബംഗ്ലാദേശിൽ പോലും ഈനിയമം റദ്ദാക്കി. കലാകാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും അഭ്യർത്ഥനകൾമാനിച്ചു വെസ്റ്റ്ബംഗാൾ ഈ നിയമത്തെ റദ്ദ് ചെയ്തു.
- സ്വാതന്ത്ര്യാനന്തരം വീണ്ടും ഉപയോഗിക്കപ്പെട്ട ഈ നിയമത്തിൽ 'മതവികാരം വ്രണപ്പെടുത്തുന്ന നാടകങ്ങളെ നിരോധിക്കുക' എന്നൊരുഭേദഗതിയാണ് പ്രധാനമായി വരുത്തിയത്. മതവികാരം വ്രണപ്പെടുത്തുന്നു എന്ന കാരണങ്ങൾ ചൂണ്ടികാണിച്ചു പല നാടകങ്ങളെയും നിരോധിച്ചു. നാടകങ്ങളുടെ അവതര ണത്തെ യാഥാസ്ഥിതികരായ മതസംഘടനകൾ എതിർക്കുകയും അതിനെ തുടർന്നു ക്രമസമാധാനം തകരുന്നു എന്ന കാരണം ചൂണ്ടിക്കാണിച്ച് സർക്കാർ ആ നാടകങ്ങളുടെ അവതരണത്തെ നിരോധിച്ച ചരിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്

- മതേതര, ജനാധിപത്യ, സെക്കുലർ രാജ്യമായ ഇന്ത്യയിൽ  മത, ജാതീയ സംഘടനകളുടെ നിർബന്ധത്തിനുവഴങ്ങി ഭരണകൂടം പലനാടകളും നിരോധിച്ചു.
- ഭരണകൂടങ്ങളെ നിർമ്മിക്കാനുംനിയന്ത്രിക്കാനും കഴിയുന്ന മത, ജാതീയസംഘടനകളാണ് ഇന്ത്യയിലെ കലാരൂപങ്ങളുടെ ആവിഷ് കാരത്തിന് പലപ്പോഴും കടിഞ്ഞാണിട്ടുള്ളത്.
- ഇന്ത്യയിൽ രണ്ടുതരത്തിലാണ് നാടകം നിരോധനം നടന്നിട്ടുള്ളത്,  സർക്കാർ നിയമങ്ങളിലൂടെ നിരോധിക്കുകയും രണ്ടാമതായി ആൾക്കൂട്ടങ്ങൾ നിരോധി ക്കുകയും ചെയ്യുന്നു.
- പൗരാവകാശങ്ങളുടെയും ലിംഗ സമത്വത്തിന്റെയും സാമൂഹ്യസമത്വത്തി ന്റെയും  മുകളിൽ വിശ്വാസം, മതവികാരം എന്നിവയെ പ്രതിഷ്ഠിക്കുന്നത് ഒരു ജനാധിപത്യരാജ്യത്തെ  സംബന്ധിച്ചടത്തോളം അപകടകരമായ ഒരു സംഗതിയാണ്.
- അക്രമാസക്തരായ ജനങ്ങൾ നാടകത്തിനെതിരെ പ്രതിഷേധിക്കുകയും അവരെ പ്രീണിപ്പിക്കുന്നതിന്റെ ഭാഗമായി ക്രമസമാധാനംതകരുന്നു എന്ന കാരണം ചൂണ്ടിക്കാട്ടിയാണ് ഭരണകൂടം പലപ്പോഴും നാടകനിരോധന നിയമം നടപ്പിലാക്കിയത്
- ക്രമസമാധാനം തകർക്കുന്നവരെ നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ അധികാരികൾ നാടകത്തെനിരോധിച്ചും നാടകപ്രവർത്തകരെ അറസ്റ്റ് ചെയ്തും വോട്ട് ബാങ്കായ ആൾക്കൂട്ടങ്ങളെ തൃപ്തിപ്പെടുത്തുന്നു.
- ഇന്ത്യൻ ഭരണഘടന അനുവദിച്ചു തരുന്ന അഭിപ്രായസ്വാതന്ത്ര്യം ചില വ്യക്തികളുടെയോ  സംഘടനകളുടെയോ നിബന്ധനകൾക്കും നിയന്ത്രണങ്ങ ൾക്കും വിധേയമാക്കാതെ ഒരുപൗരന് സ്വതന്ത്രമായി പ്രകടിപ്പിക്കാൻ കഴിയണം.
- അധികാരം എന്ന പരികൽപ്പനയെക്കുറിച്ച് ആദ്യകാലത്തെ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്ന അധികാരമെന്നാൽ മുകളിൽ നിന്ന് താഴേയ്ക്ക് പ്രവഹിക്കുന്ന ശക്തിയാണ് എന്നാണ് അർത്ഥമാക്കുന്നത്. ഒരു നാട് ഭരിക്കുന്നവരെ അധി കാരിയെന്നാണ് വിളിച്ചിരുന്നത്.
- രാജാവ്,  പുരോഗിതർ, എന്നിവരിലാണ് അധികാരം കേന്ദ്രീകരിച്ചിരിക്കുന്ന ത്. ഈ അധികാരം താഴെ തട്ടിലുള്ളവരിലേയ്ക്ക് ബലപ്രയോഗത്തിലൂടെ അടി ച്ചേൽപ്പിക്കുന്നു.

- ഫ്യൂഡലിസത്തിന്റെയും, രാജഭരണത്തിന്റെയും കോളേണിയൽ ഭരണത്തിന്റെ കീഴിലായിരുന്ന രാജ്യങ്ങളിലെ സാധാരണ ജനങ്ങളുടെ ശരീരത്തിന്റെ പൂർണ്ണമായ അധികാരം ഭരണാധികാരികൾക്ക് ആയിരുന്നു.
- മാർക്സിസ്റ്റ് പ്രസ്ഥാനശാസ്ത്രത്തിന്റെ വളർച്ചയോട് കൂടിയാണ് അധികാരത്തിന്റെ പ്രയോഗത്തെ കുറിച്ച് കൂടുതൽ പഠനങ്ങൾ രൂപപ്പെട്ട് വന്നത്.
- മാർക്സിസ്റ്റ് സൈദ്ധാന്തികരുടെ അഭിപ്രായത്തിൽ അധികാരം കേന്ദ്രീകരിക്കുന്നത് മൂലധനം കൈവശപ്പെടുത്തിയിരിക്കുന്ന ഭരണകൂടത്തിലാണ്. ഭരണകൂടം ബലപ്രയോഗത്തിലൂടെ അധികാരം സ്ഥാപിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബം, പള്ളി, കലാകായികസംസ്കാരിക പ്രവർത്തനങ്ങൾ അടങ്ങിയ സ്ഥാപനങ്ങളിലൂടെ ഭരണകൂടം അവരുടെ പ്രത്യായശാസ്ത്രങ്ങളെ ജനങ്ങളിൽ എത്തിക്കുന്നു.
- അധികാരത്തിന്റെ ഘടന, വിവിധ രൂപങ്ങൾ, സൂക്ഷ്മമായ പ്രയോഗം എന്നിവയെ കുറിച്ച് സമഗ്രമായ പഠനം നടത്തിയത് മിഷേൽ ഫൂക്കോ ആയിരുന്നു. പഴയ കാലഘട്ടത്തിൽ വ്യക്തികളുടെ ശരീരത്തെ അധികാരികൾ പരസ്യമായി ശിക്ഷാനടപടികൾ വിധേയരാക്കിയിരുന്നു. എന്നാൽ ജയിൽ, ഭ്രാന്താശുപത്രി എന്നീ സ്ഥാപനങ്ങളുടെ വരവോടെ വ്യക്തികളുടെ ശരീരത്തെയും മനസ്സിനെയും ഭരണകൂടം അതിസൂക്ഷ്മമായ നിരീക്ഷണങ്ങൾ വിധേയമാക്കുന്നു.
- ജയിലിൽ വ്യക്തികളുടെശരീരത്തെ ഭരണകൂടം പൂർണ്ണമായനിയന്ത്രണങ്ങൾക്ക് വിധേയമാക്കി വസ്തുവൽക്കരിക്കുന്നു. നിരന്തരമായ അച്ചടക്ക നടപടികളിലൂടെ വ്യക്തികളുടെ ശരീരത്തെയും മനസ്സിനെയും ഭരണകൂടം പരുവപ്പെടുത്തി എടുക്കുന്നു.
- അച്ചടക്ക നടപടികളിലൂടെ രൂപപ്പെടുത്തി എടുക്കുന്ന പൊതുസമൂഹം ഭരണകൂടത്തെ അനുസരിക്കുകയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. പ്രതികരണ ശേഷിയില്ലാത്ത ഒരു തലമുറയെ വാർത്തെടുക്കുന്ന സൂക്ഷ്മമായ പ്രയോഗങ്ങളാണ് ഭരണകൂടം നടത്തിവരുന്നത്.
- അച്ചടക്ക അധികാരം സമൂഹത്തിൽ നടപ്പിലാക്കുമ്പോഴും അതിനെ പ്രതിരോധിച്ച് കൊണ്ട് ഭരിക്കപ്പെടുന്നവരുടെ ജൈവരാഷ്ട്രീയ അധികാരം ശക്തിപ്പെടുന്നു.

- നാടുഗദ്ദിക, ക്രിസ്തുവിന്റെ ആറാംതിരുമുറിവ്, കുരിശിന്റെ വഴിയിൽ എന്നീ നാടകങ്ങളെ നിരോധിക്കുകയും വിചാരണ ചെയ്യുകയും ചെയ്തതിലൂടെ ഭരണകൂടം അച്ചടക്കഅധികാരംസ്ഥാപിച്ച്കൊണ്ട് കലാകാരൻമാരെ സൂക്ഷ്മമായ നിരീക്ഷണങ്ങൾ വിധേയമാക്കി.
- ആധുനികഭരണകൂടങ്ങൾ പൗരന്മാരിൽ അധികാരം സ്ഥാപിക്കുന്നത് നിയമങ്ങളിലൂടെയാണ്
- സ്വാതന്ത്ര്യമെന്നത് ഒരു വ്യക്തിയോ ഒരു സംഘടനയോ മറ്റുള്ളവർക്ക് ചില നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു തരേണ്ടഒന്നല്ല.
- ഭരണകൂടം നാടകത്തെ സെൻസർഷിപ്പ്ഏർപ്പെടുത്തുകയും നാടക പ്രവർത്തകരെ വർഷങ്ങളോളം നിരീക്ഷിക്കുകയും ചെയ്യുന്നു.
- അധികാരത്തിലെ ഏറ്റവും സൂക്ഷ്മമായ രൂപമാണ് ഒരു വ്യക്തിയെ നിരന്തരമായ നിരീക്ഷണത്തിന് വിധേയമാക്കുകയും എന്നത്.
- നാടകംനിരോധനവും അറസ്റ്റും വർഷങ്ങൾ നീണ്ടു നിൽക്കുന്ന വിചാരണകളിലൂടെയും ഭരണകൂടം കലാകാരന്മാരെ സൂക്ഷ്മ നിരീക്ഷണം നടത്തുകയും, അച്ചടക്ക നടപടികളിലൂടെ വ്യക്തികളെ വഴക്കിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.
- നാടക നിരോധനം, അറസ്റ്റ്, വിചാരണ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയബോധവും പ്രതികരണശേഷിയുമുള്ള നാടകങ്ങളുടെ വളർച്ചയെ മുരടിപ്പിക്കാൻ അധികാരികൾക്ക് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.
- ഭരണകൂടഅധികാരത്തിനെതിരെ ശക്തമായപ്രതിരോധം തീർത്ത ജനകീയ സാംസ്കാരികവേദിഅവതരിപ്പിച്ച നാടകമായിരുന്നു നാടുഗദ്ദിക. കെ ജെ ബേബി സംവിധാനം ചെയ്ത ഈ നാടകം പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസികൾക്ക് വേണ്ടി ശബ്ദമുയർത്തിയ ആദ്യമലയാള നാടകമാണ്.
- വയനാട്ടിലെ ആദിവാസികളുടെ സാംസ്കാരിക രാഷ്ട്രീയ വ്യവഹാരത്തിന്റെ നേർക്കാഴ്ചയായിരുന്നു നാടുഗദ്ദിക. ആദിവാസിയുടെ സ്വത്വബോധം ഉയർത്തിപ്പിടിച്ച നാടകം കേരളത്തിൽ നിലനിൽക്കുന്ന കക്ഷിരാഷ്ട്രീയഅധികാര സമവാക്യങ്ങളെ അതിശക്തമായി വിമർശിച്ചു .
- വയനാട്ടിലെ ആദിവാസികളുടെ അനുഷ്ഠാനകലാരൂപമായ ഗദ്ദികയുടെ മാതൃകയിൽ രൂപപ്പെടുത്തിയ നാടുഗദ്ദിക യൂറോപ്യൻ കേന്ദ്രീകൃതമായ ആധു

നിക നാടകരൂപങ്ങളെ  ഉപേക്ഷിച്ച് പൗരസ്ത്യ നാടകവേദിയുടെ വേരുകൾ അന്വേഷിച്ച നാടകമായിരുന്നു. ഇതിലൂടെ ആധുനിക നാടകവേദിയുടെ രൂപപരവും സൗന്ദര്യശാസ്ത്രപരവുമായ സങ്കൽപ്പങ്ങളുടെ പൊളിച്ചെഴുത്ത് ആയിരുന്നു നാടുഗദ്ദിക എന്ന നാടകത്തിന്റെ അവതരണത്തിലൂടെ സംഭവിച്ചത്.

- വയനാട്ടിലെ ആദിവാസിവിഭാഗമായ അടിയോരുടെയുംപണിയരുടെയും ഭാഷാ, പുരാവൃത്തങ്ങൾ, താളം, ദൃശ്യകലാ സങ്കേതങ്ങൾ എന്നിവ ഉപയോഗിച്ച് നിർമ്മിക്കപ്പെട്ട നാടുഗദ്ദിക കേരളത്തിലെ സവർണ്ണ കലാസൗന്ദര്യമൂല്യങ്ങളെ ബഹിഷ്കരിച്ചു കൊണ്ട് അടിസ്ഥാനവർഗ്ഗനാടകവേദിയുടെ സാധ്യതകൾ തേടുകയായിരുന്നു.
- മലയാളിക്ക് തെരുവുനാടകത്തിന്റെ അവതരണ രീതികൾ പരിചയപ്പെടുത്തി കൊടുക്കുന്നതിൽ നാടുഗദ്ദിക നിസ്തൂലമായ പങ്കു വഹിച്ചിട്ടുണ്ട്.
- കേരളത്തിലെ ഇടതു-വലതു പ്രസ്ഥാനങ്ങളെ കടന്നാക്രമിച്ച നാടുഗദ്ദികയെ തീവ്ര ഇടതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുന്നു എന്ന കാരണത്താൽ ഇ.കെ. നയനാർ മുഖ്യമന്ത്രിയായ ഇടതുപക്ഷ സർക്കാർ നാടുഗദ്ദിക നിരോധിക്കുകയും നാടക പ്രവർത്തകരെ അറസ്റ്റ് ചെയ്തു ജയിലിൽ അടക്കുകയും ചെയ്തു. നാടുഗദ്ദികയെ നിരോധിച്ച അതേ സർക്കാർ വർഷങ്ങൾക്ക് ശേഷം വീണ്ടും അധികാരത്തിൽ വന്നപ്പോൾ നാടുഗദ്ദിക കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പാഠ്യ സിലബസിന്റെ ഭാഗമായി എന്നതാണ് ചരിത്രനിയോഗം.
- 1981 മെയ് 22ന് നാടുഗദ്ദികയെ കോഴിക്കോട് മുതലക്കുളം മൈതാനത്ത് വച്ച് അറസ്റ്റ് ചെയ്തു. നാലു വർഷങ്ങളോളം നാടകത്തിന്റെ വിചാരണ നീണ്ടു. അറസ്റ്റും വിചാരണയും കഴിഞ്ഞു പത്തു വർഷങ്ങൾക്ക് ശേഷമാണ് കെ ജെ ബേബി പിന്നീട് കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി.
- അറസ്റ്റും വർഷങ്ങൾനീണ്ടുനിൽക്കുന്ന വിചാരണയും നാടുഗദ്ദികയിൽ പങ്കെടുത്തവരെ ശാരീരികവും മാനസികവുമായി തളർത്തി.
- 1981 മെയ് 20 തിന് വയനാട് കേണിച്ചിറ മഠത്തിൽ മത്തായിയെ നക്സൽ പ്രവർത്തകർ ഉൻമൂലനം നടത്തി. ആ കൊലപാതകകേസിൽ പോലീസുംഭരണക്കൂടവും കെ.ജെ. ബേബിയെ അധികാരദുർവിനിയോഗം നടത്തി കുരുക്കാൻ നിരന്തരമായി ശ്രമിച്ചു എന്ന് നാടകപ്രവർത്തകർ ആരോപിക്കുന്നു.
- നാടുഗദ്ദിക വിചാരണയ്ക്കു ശേഷവും കെ ജെ ബേബിയുടെ പ്രവർത്തനങ്ങളിൽ ശക്തമായ പോലീസ് നിരീക്ഷണം ഉണ്ടായിരുന്നു

- മതപൗരോഹിത്യവും രാഷ്ട്രീയവും ചേർന്ന  അധികാര ബന്ധത്തെ പ്രതി രോധിച്ച നാടകമായിരുന്നു പി എം ആന്റണിയുടെ 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്'  മതവികാരം വ്രണപ്പെടുത്തുന്നു എന്ന കാരണത്താൽ കേരളത്തിലെ ഓരോ ജില്ലകളിലും നാടകം നിരോധിച്ചു.
- ആവിഷ്കാരസ്വാതന്ത്ര്യം എന്ന വാക്ക് കേരളത്തിൽ ആദ്യമായി മുഴങ്ങിക്കേട്ടത് 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' നിരോധിച്ചതോടെയാണ്.  കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പാഠഭാഗമായിരുന്ന 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭന ങ്ങൾ' എന്ന നോവലിന് പി, എ. വാര്യർ എഴുതിയ ആസ്വാദനത്തെയും പാഠഭാഗ ത്തിൽ നിന്ന് ഒഴിവാക്കി.
- 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ് 'എന്ന നാടകത്തിലെ നിരോധനത്തിനു ശേഷവും പി, എം. ആന്റണി പൗരോഹിത്യത്തിന് എതിരെ നാടകങ്ങളിലൂടെ അതിശക്തമായ വിമർശനമുയർത്തി. തീവ്ര ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും ജനകീയസാംസ്കാരികവേദിയുടെയും അപചയത്തിന് ശേഷം പി, എം. ആന്റണിയുടെ നാടകങ്ങൾ കൂടുതൽ അരങ്ങുകളിലേക്ക് എത്തിയില്ല.
- അമിതമായ രാഷ്ട്രീയ പ്രമേയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും പ്രയോഗവും യൂറോ സെൻട്രിക്കായ നാടകരൂപവും കൊണ്ട് 'ക്രിസ്തുവിന്റെ ആറാം തിരുമു റിവിനു' ശേഷമുള്ള പി.എം. ആന്റണിയുടെ നാടകങ്ങൾക്ക് സാധാരണക്കാരുടെ ഇടയിൽ വലിയ പ്രചാരം ലഭിച്ചില്ല.
- 'ക്രിസ്തുവിന്റെആറാംതിരുമുറിവി'ന്റെ ആവിഷ്കാരത്തെ നിരോധിച്ചതിൽ പ്രതിഷേധിച്ചത് ജോസ് ചിറമ്മലിന്റെ നേതൃത്വത്തിൽ  'കുരിശിന്റെ വഴിയിൽ' എന്ന പ്രതിരോധ നാടകം അവതരിപ്പിക്കാൻ തീരുമാനിച്ചത്. തൃശ്ശൂർ ആലപ്പാട് അവതരിപ്പിക്കാനിരുന്ന 'കുരിശിന്റെ വഴിയി'യുടെ നാടകാവതരണത്തിന് മുമ്പുതന്നെ പോലീസ് തടസ്സപ്പെടുത്തി, നാടകപ്രവർത്തകരെയും കാഴ്ചക്കാരു ടെയും ഉൾപ്പെടെ അൻപത്തിയേഴ്പേരെ പോലീസ്അറസ്റ്റ് ചെയ്തു.
- നാടക അവതരണത്തിന് മുമ്പ് അറസ്റ്റുചെയ്യുകയും അവതരിപ്പിക്കാൻ കഴിയാതെപോയനാടകം എന്ന ഖ്യാതിയും കുരിശിന്റെ വഴിയിൽ നേടി. ഭ്രൂണ ഹത്യ ചെയ്യപ്പെട്ട നാടകം എന്ന നിലയ്ക്കാണ് കുരിശിന്റെ വഴിയിൽ എന്ന നാടകത്തെ നിരൂപകർ വിലയിരുത്തുന്നത്. ഈ നാടകം അവതരിപ്പിച്ചിരുന്നു എങ്കിൽ കേരളത്തിന്റെ തെരുവുനാടകചരിത്രത്തെ രൂപപരമായി മാറ്റി മറിക്കാൻ നാടകം ആകുമായിരുന്നു

- നാടകത്തിന്റെ അറസ്റ്റും വിചാരണയും സംവിധായകനായ ജോസ് ചിറമ്മലിന്റെ നാടക പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. ഇന്ത്യക്കകത്തും വപുറത്തും പ്രവർത്തിച്ച് കൊണ്ടിരുന്ന കലാകാരന്മാർ കേസിനുവേണ്ടി മാസാമാസം കോടതിയിൽവരുന്നത് വലിയദുരന്തംആയിട്ടാണ് അവർ വിലയിരുത്തുന്നത്.
- ഒരു സാധാരണ സമരത്തെ പോലെ അറസ്റ്റ് ചെയ്യുംഎന്നിട്ട് വെറുതെ വിടും എന്ന് മാത്രമാണ് കലാകാരന്മാർ പ്രതീക്ഷിച്ചത്. എന്നാൽ നാടകം നിരോധന നിയമപ്രകാരം കേസ് ആയപ്പോൾ കലാകാരനെ സംബന്ധിച്ചിടത്തോളം അത് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു.
- കേസിലുൾപ്പെട്ട അൻപത്തിയേഴ് പേർക്ക് ഒരുമിച്ച് വരാൻ കഴിയാത്തതിനാൽ വിചാരണ വർഷങ്ങളോളം നീണ്ടു.
- വർഷങ്ങളോളം നീണ്ട് നിന്ന വിചാരണയായിരുന്നു ശരിക്കുള്ള ശിക്ഷ എന്നായിരുന്നു നാടക പ്രവർത്തകർ അഭിപ്രായപ്പെട്ടത്.
- കോടതി വിചാരണയെന്ന അച്ചടക്ക നടപടികളിലൂടെ പ്രതിരോധം തീർക്കുന്ന വരെ വഴക്കിയെടുക്കുക എടുക്കുകയെന്ന സൂക്ഷ്മഅധികാരപ്രയോഗരീതി യാണ് ഭരണകൂടം സ്വീകരിച്ചിരിക്കുന്നത്.
- 'നാടുഗദ്ദിക'യും, 'കുരിശിന്റെ വഴി'യിൽ എന്ന നാടകത്തിന്റെ അറസ്റ്റും വിചാരണയുമായി ബന്ധപ്പെട്ട് പൊതുസ്വഭാവം എന്ന് പറയുന്നത് വർഷങ്ങ ളോളം വിചാരണ നീട്ടുകയും എന്നിട്ട് കലാകാരൻമാരെ വെറുതെ വിടുക എന്ന രീതി രണ്ട് നാടകങ്ങളുടെ വിചാരണകളിൽ ദർശിക്കാൻ കഴിയും.

**അറസ്റ്റും വിചാരണയും നാടകപ്രവർത്തകരുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ**

- നാടുഗദ്ദിക എന്ന നാടകത്തിലെ അറസ്റ്റും ജയിൽവാസവും കഴിഞ്ഞതോടെ കെ ജെ ബേബി പ്രാദേശികമായി ഒറ്റപ്പെട്ടു. വയനാട് പനമരത്തിലെ തദ്ദേശീയ രായ ജനങ്ങൾ ഒരു കുറ്റവാളിയെ നോക്കിക്കാണുന്ന രീതിയിൽ ആണ് കെ ജെ ബേബിയെ പരിഗണിച്ചത്. കേസ്കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ വീട്ടിൽപോലീസിന്റെ നിരീക്ഷണവും സന്ദർശനം ഉണ്ടായിരുന്നു. 1990 ന് ശേഷം ആദിവാസികുട്ടികളെ പഠിക്കുന്നതിനുവേണ്ടിസ്ഥാപിച്ച കനവ്എന്ന ബദൽവിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് പുറത്തുനിന്നും വന്ന എല്ലാവരെയും നാട്ടുകാർ സംശയത്തോടെയാണ് നിരീക്ഷിച്ചത്. അപരിചിതർ കെ. ജെ

ബേബിയെ കാണാൻ വന്നാൽ നാട്ടുകാർ പോലീസിനെ വിവരം അറിയിക്കുന്നത് സ്ഥിരമായിരുന്നു. കോടതി വ്യവഹാരത്തിന് ശേഷം കെ. ജെ ബേബിക്ക് നാടകത്തിൽ പങ്കെടുത്തവരുമായുള്ള ബന്ധം ഇല്ലാതായി. അറസ്റ്റിനു ശേഷമുള്ള പത്ത് വർഷങ്ങൾ കെ ജെ ബേബി നിശബ്ദമായ ഒരു ജീവിതമാണ് നയിച്ചത്. വയനാടിന് പുറത്തുള്ള സാംസ്കാരികപ്രവർത്തകരും കലാകാരനും ബേബിക്ക് പിന്തുണ നൽകിയപ്പോഴും നാട്ടുകാർ സംശയത്തോടെയാണ് നോക്കിക്കണ്ടത്

- ക്രിസ്തുവിന്റെ ആറാം തിരുമുറിവിന്റെ നിരോധനത്തിനു ശേഷം പി. എം ആന്റണിയുടെ ജീവിതം ജയിലിനുള്ളിൽ ആയിരുന്നു. ആലപ്പുഴ കാഞ്ഞിരം ചിറയിൽ നക്സൽപ്രവർത്തകർനടത്തിയ ഒരുകൊലപാതകത്തിൽ പ്രതി ചേർക്കപ്പെട്ട പൂജപ്പുര സെൻട്രൽ ജയിലിൽ കഴിയുകയായിരുന്നു. ജയിലിൽ കിടന്നു കൊണ്ട് എഴുതിയ നാടകങ്ങളായിരുന്നു 'വിശുദ്ധ പാപങ്ങളും', 'മഗ്ദ ലയ്ക്ക് സ്നേഹപൂർവ്വം വിന്നിയും'. അറസ്റ്റും ജയിൽവാസവും പി എം ആന്റണി എന്ന് നാടകപ്രവർത്തകനെ തളർത്തിയില്ല. ക്രിസ്ത്യൻ സഭകൾക്കും പൗരോഹിത്യത്തിനും എതിരെ അതിശക്തമായ പോരാട്ടങ്ങളാണ് നാടകംനിരോധനത്തിനു ശേഷം ആന്റണിനടത്തിയത്. ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ ആന്റണിയുടെ നാടകങ്ങൾക്ക് പഴയ പോലെ സ്വീകാര്യത കിട്ടിയില്ല. ആന്റണിയുടെ നാടകങ്ങൾ സംഘടിപ്പിച്ചാൽ എന്തെങ്കിലും പ്രശ്നം ഉണ്ടാകും എന്നുള്ള ആളുകളുടെ ഭയമാണ് അദ്ദേഹത്തിന്റെ നാടക അവതരണങ്ങൾ കുറയാനുള്ള പ്രധാന കാരണം. പി. എം ആന്റണിയുടെ മരണംവരെ അദ്ദേഹത്തിന്റെ രാഷ്ട്രീയനിലപാടുകളിൽ ഉറച്ച് അദ്ദേഹം നിൽക്കുകയും അത് നാടകങ്ങളിലൂടെ അവതരിപ്പിക്കുകയും ചെയ്തു

- ജോസ്ചിറമ്മൽ എന്ന കലാകാരൻ ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയോടോ പ്രത്യയശാസ്ത്രങ്ങളോടോ അനുഭാവം പ്രകടിപ്പിച്ചിട്ടില്ല. സർക്കാർ നിയമങ്ങളിലൂടെ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' നിരോധിച്ചതിനോടുള്ള പ്രതിഷേധത്തിന്റെ ഭാഗമായിട്ടാണ് ജോസ് ചിറമ്മൽ 'കുരിശിന്റെ വഴിയിൽ' അവതരിപ്പിക്കാൻ തീരുമാനിച്ചത്. നാടകത്തെ സ്നേഹിക്കുന്ന ഒരുസാധാരണ കലാകാരന്റെ പ്രതിഷേധമായിരുന്നു അത്. അറസ്റ്റും വിചാരണയും ജോസ്

ചിറമ്മലിനെ അസ്വസ്ഥനാക്കിയിരുന്നു എന്നാണ് സുഹൃത്തുക്കൾ വിലയിരുത്തുന്നത്. കുരിശിന്റെ വഴിയുടെ അവതരണത്തെ പോലീസ്തടയുമെന്ന് നാടകപ്രവർത്തകർ പ്രതീക്ഷിച്ചിരുന്നു എന്നാൽകേസും വിചാരണയും ഉണ്ടാകുമെന്ന് അവർ ആരും പ്രതീക്ഷിച്ചിരുന്നില്ല.

## ഗ്രന്ഥസൂചികൾ

അജീഷ്, ടി. 2016. *നക്സൽ ചരിത്രം അടിയന്തരാവസ്ഥയ്ക്ക് മുൻപ്.* തൃശ്ശൂർ : ഗ്രീൻബുക്സ്.

അനിൽകുമാർ, ടി.കെ. 2004. *മലയാള സാഹിത്യത്തിലെ കീഴാളപരിപ്രേക്ഷം.* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി

അയ്യപ്പപണിക്കർ. 2015. *അമർഷത്തിന്റെ കവിതകൾ.* തിരുവനന്തപുരം : ചിന്താ പബ്ലിക്കേഷൻസ്.

അച്യുതവാര്യർ, എസ്. 2010. *കേരളസംസ്കാരം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അനിൽ പള്ളികുന്നം. 2012. വിശുദ്ധപാപികളുടെ ഉയർത്തെഴുന്നേൽപ്പുകൾ. സ്മരണിക. രവീന്ദ്രൻ കെ.(എഡിറ്റർ). ആലപ്പുഴ: പി.എം. ആന്റണി ഫൗണ്ടേഷൻ

അരുൺ കുമാർ, റ്റി. 2021. *തടവുചാടിയ വാക്ക്.* പാലക്കാട്. :ലോഗോസ് ബുക്ക്സ്

ആന്റണി, പി.എം. 2007. *ക്രിസ്തുവിന്റെ ആറാംതിരുമുറിവും വിശുദ്ധപാപങ്ങളും.* കൊച്ചി : ഇല ബുക്സ്

...................................... 2008. *ടെററിസ്റ്റ്.* കോഴിക്കോട്. പ്രിയത ബുക്സ്.

...................................... *അമേരിക്കൻ മോഡൽ അറബിക്കടലിൽ.* ആലപ്പുഴ : പി.എം. ആന്റണി ഫൗണ്ടേഷൻ.

........................................1988. *ക്രിസ്തുവിന്റെ ആറാംതിരുമുറിവ്.* ന്യൂഡൽഹി : ഇന്ത്യൻ എസ്തീസ് പബ്ലിക്കേഷൻസ്.

ആനന്ദ്. 2013. *നഷ്ടപ്രദേശങ്ങൾ.* തൃശ്ശൂർ : കറന്റ് ബുക്സ്.

അംബേദ്ക്കർ, ബി. ആർ. 2017. ഞാൻ എന്തുകൊണ്ട് ഹിന്ദുമതം ഉപേക്ഷിക്കുന്നു. (വിവ: ശ്രുതികാർത്തിക) തിരുവനന്തപുരം : മൈത്രി ബുക്സ്.

എബ്രഹാം, ടി.എം.2018. നവീനനാടകചിന്തകൾ. തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

കരുണാകരൻ പട്ടത്തുവിള. 1993. *ബലി.* കോഴിക്കോട് : ബോധി പബ്ലിക്കേഷൻസ്.

ബാലൻ കവിയൂർ. 2014. *നക്ഷത്രങ്ങൾ ചുവന്ന കാലം.* തൃശ്ശൂർ : ഗ്രീൻബുക്സ്.

കാറൽ മാർക്സ്, എംഗൽസ്. 2014. *കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ.* തിരുവനന്തപുരം : പ്രഭാത് ബുക്സ് ഹൗസ്.

കസാൻദ്സാക്കീസ് നിക്കോസ്. 2018. *ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം.* (വിവ.വിൻസൺ,.കെ.സി) കോട്ടയം: ഡി.സി. ബുക്സ്.

ഗ്രാംഷി. ആന്റോണിയോ. 2010. *ഫാസിസത്തെപറ്റി.* (വിവ. സത്യൻ. പി.വി.) തിരുവനന്തപുരം മൈത്രി ബുക്സ്.

ഗോവിന്ദപിള്ള, പി. 2015. അമർഷത്തിന്റെ കവിതകൾ (ആമുഖം). തിരുവനന്തപുരം : ചിന്താ പബ്ലിഷേൻസ്.

ഗോവിന്ദപിള്ള, പി. 2016. മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം ഉത്ഭവും വളർച്ചയും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചാക്കോ ഡി. അന്തിക്കാട്. 2020. *പി.എം. ആന്റണി ഒരു നാടകഗറില്ലയുടെ ജീവിതരേഖ* സ്മരിക. ആലപ്പുഴ : പി.എം. ആന്റണി ഫൗണ്ടേഷൻ.

ജോണി, ഒ.കെ. 2013. വയനാട്ടിലെ ആദിവാസിപ്പാട്ടുകൾ (അവതാരിക). മോഹനചന്ദ്രൻ, എസ്.ആർ. കോഴിക്കോട്: മാതൃഭൂമി ബുക്സ്)

ജയരാജ്. യു.പി. 2003. *സ്മരണ.* കോട്ടയം : ഡി.സി. ബുക്സ്.

തോമസ്കുട്ടി. എൻ. 2004 കീഴാളന്റെ നാടുഗദ്ദിക. ഭാഷാസാഹിതി. തിരുവനന്തപുരം : കേരള സർവ്വകലാശാല

ദാമോദരൻ,കെ. 2011. *കെ. ദാമോദരന്റെ സമ്പൂർണ്ണകൃതികൾ.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്.

നാരായണൻ, കൽപ്പറ്റ. 2000. *പുതിയ തുടിച്ചൊല്ലുകൾ* (പിൻകുറിപ്പ്) മാവേലി മന്റം. ബേബി.കെ.ജെ. തൃശ്ശൂർ : കറന്റ് ബുക്സ്.

നാരായണപണിക്കർ, കാവാലം. 2012. *സ്മരണിക.* ആലപ്പുഴ : പി.എം. ആന്റണി ഫൗണ്ടേഷൻ.

ദാസ്, കെ.കെ.എസ്. 2014. *ദലിത് പ്രത്യയശാസ്ത്രം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നാണു.പി.കെ. 2006. *ഒരു ആദിവാസി ബാലന്റെ ആത്മകഥയിൽ നിന്ന്.* തിരുവനന്തപുരം : സൈൻ ബുക്സ്

പോക്കർ, പി.കെ. 2008. *ആന്റോണിയോ ഗ്രാംഷി സംസ്കാരിക പഠനം.* (എ.ഡി രാജശേഖരൻ.എസ്) തിരുവനന്തപുരം : ചിന്താ പബ്ലിക്കേഷൻസ്.

പൗലോ ഫെയർ. 2011. *മർദ്ദിതരുടെ ബോധന ശാസ്ത്രം.* തിരുവനന്തപുരം: മൈത്രി ബുക്സ്.

മാവോ സെതൂങ്. 1983. *മാവോസെതൂങ്ങ് തെരഞ്ഞെടുത്ത കൃതികൾ*. കോട്ടയം : ജനകീയ പ്രസിദ്ധീകരണ കേന്ദ്രം.

മാധവമേനോൻ,ടി 2011. ഗോത്രസംസ്കൃതി കേരള സംസ്കാരപഠനങ്ങൾ (എഡിറ്റർ) പത്മന രാമചന്ദ്രൻ. തൃശ്ശൂർ:കറന്റ് ബുക്സ്.

മുരളീധരൻ നായർ, വി. 1991. നാടകം ജീവിതമാക്കിയവർ. കോട്ടയം : ഡി.വി. ബുക്സ്

ബേബി കെ.ജെ. 1993, *നാടുഗദ്ദിക* തൃശ്ശൂർ : കറന്റ് ബുക്സ്

..................... 2000, *മാവേലിമന്റം.* തൃശ്ശൂർ : കറന്റ് ബുക്സ്

............................. *ഗുഡ. 2004* കോട്ടയം : ഡി.സി ബുക്സ്

ബാലൻ കവിയൂർ. 2014. *നക്ഷത്രങ്ങൾ ചുവന്ന കാലം*. തൃശ്ശൂർ, ഗ്രീൻ ബുക്സ്.

തോപ്പിൽ ഭാസി. 2008. ഒളുവിലെ ഓർമ്മകൾക്ക്ശേഷം. കോട്ടയം : ഡി.സി. ബുക്സ്.

രവീന്ദ്രൻ, പി.പി. 1999. *ആധുനികാന്തരം.* വിചാരം വായന.തൃശ്ശൂർ : കറന്റ് ബുക്സ്.

രാധാകൃഷ്ണൻ, എസ്. 2008. *ആന്റോണിയോ ഗ്രാംഷി സംസ്കാരികപഠനം* (എഡി) രാജശേഖരൻ, എസ്. തിരുവനന്തപുരം : ചിന്താ പബ്ലിക്കേഷൻസ്.

രവിവർമ്മ, ആറ്റൂർ. 2012. *ആറ്റൂർ കവിതകൾ.* കോട്ടയം: ഡി.സി, ബുക്സ്

രമേഷൻ പഴവിള. 2015. *അമർഷത്തിന്റെ കവിതകൾ.* തിരുവനന്തപുരം : ചിന്താ പബ്ലിക്കേഷൻസ്.

രജികുമാർ, കെ. 2015. സ്വാതന്ത്ര്യസമരസേനാനികളുടെ നിരോധിക്കപ്പെട്ട കൃതികൾ. തിരുവനന്തപുരം : സംസ്ഥാന പുരാരേഖ വകുപ്പ്.

രാജീവൻ, ബി. 2010. *ജനനിബിഡമായ ദന്തഗോപുരം.* തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്.

വൽസല, പി.1974. *ആഗ്നേയം.* കോട്ടയം: എൻ.ബി. എസ്.

വാസുദേവൻപിള്ള, വയല. 2013. രംഗഭാഷ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വിജയൻ, എം. എൻ. 2010. *എം.എൻ. വിജയന്റെ ലോകങ്ങൾ.* (എഡി) ഷൂബ, കെ. എസ്. സുധീഷ് എസ്. തിരുവനന്തപുരം: സ്ക്കൂൾ ഓഫ് മാർക്സിയൻ കൾച്ചർ സ്റ്റഡീസ്.

ശങ്കരപിള്ള, കെ.ജി. 1997. *കെ.ജി. ശങ്കരപിള്ളയുടെ കവിതകൾ.* കോട്ടയം: ഡി.സി. ബുക്സ്.

................................ 2017. മലയാളത്തിന്റെ പ്രിയപ്പെട്ട കവിതകൾ. തൃശ്ശൂർ. ഗ്രീൻ ബുക്സ്.

ശ്രീകുമാർ.കെ. 2005. ഒരു മുഖം ജനപ്രിയനാടകവേദിയുടെ മിടിപ്പുകൾ. കോഴി ക്കോട് : ലിപി പബ്ലിക്കേഷൻസ്.

ശ്രീധരമേനോൻ. 1978. *കേരളസംസ്കാരം.* കോട്ടയം. ഡി.സി. ബുക്സ്.

ഷിബിജ, എൻ. 2011. *കാലം ദേശം പ്രതിരോധം* കോഴിക്കോട് : വിദ്യാർത്ഥി പബ്ലി ക്കേഷൻസ്.

ഷീബ എം, കുര്യൻ. 2012. *റെയ്മണ്ട് വില്യംസ് സംസ്കാരം സാഹിത്യം രാഷ്ട്രീ യം.* തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്.

ഷിജു, ഏലിയാസ്. 2013. *ഗ്രാംഷി ദർശനത്തിന്റെ പൊരുൾ.* തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്.

ഷാജി, ജേക്കബ്. 2017. *ജനപ്രിയസംസ്കാരം ചരിത്രവും സിദ്ധാന്തവും.* കോഴി ക്കോട്: മാതൃഭൂമി ബുക്സ്.

സച്ചിദാനന്ദൻ, കെ. 2015. *അമർഷത്തിന്റെ കവിതകൾ*. തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്.

.........................., കെ, 2013 *പോരാട്ടത്തിന്റെ കവിതകൾ* തിരുവനന്തപുരം : ചിന്താ പബ്ലിക്കേഷൻസ്.

................................ കെ. 2004. *വിക്ക്.* കോട്ടയം : ഡി.സി. ബുക്സ്.

സച്ചിദാനന്ദൻ, കെ. 1997 *സച്ചിദാനന്ദന്റെ കവിതകൾ.* കോട്ടയം: അക്ഷരം പബ്ലി ക്കേഷൻസ്.

......................... 2013. *സത്യവാങ്മൂലം.* തിരുവനന്തപുരം: കേരള സർവ്വകലാശാല പ്രകാശനവിഭാഗം.

സത്യൻ, പി.വി.. 2011. *അർത്ഥൂസറും മാർക്സിസത്തിന്റെ ഭാവിയും.* തിരുവനന്ത പുരം: ചിന്താ പബ്ലിക്കേഷൻസ്.

സേതുനാഥ്, കെ.പി. 2017. *കാക്കി കക്കയം.* കോട്ടയം: ഡി.സി. ബുക്സ്.

സുകുമാരൻ, എം. 2012. *എന്റെ കഥകൾ.* കോട്ടയം: ഡി.സി. ബുക്സ്.

സുന്ദരൻ, എൻ. 2003. ഋഗ്വോദസൂക്തങ്ങൾ. തിരുവനന്തപുരം : യൂണിവേഴ്സിറ്റ് ഓഫ് കേരള.

## ആനുകാലികങ്ങൾ


അനിൽകുമാർ, ടി.കെ. 1991, മെയ് 21. *ചരിത്രരചന നാടുഗദ്ദികയിൽ.* മാധ്യമം ആഴ്ചപ്പതിപ്പ്.

തോമസ്, പി.ടി. 2017 (മെയ്-27) ആ കാലഘട്ടത്തിലെ നക്സലൈറ്റുകളുടെ ചരിത്രം ആർക്കും മായ്ക്കാനാവില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പ്. തക്കം 10

നാണു, പി.കെ. 2007 (മെയ് 22) ചരിത്രത്തിന്റെ ഇരകൾ. മാതൃഭൂമി ആഴ്ചപ്പതിപ്പ്. ലക്കം 10


നാണു, പി.കെ. 2007 (മെയ് 22) ചരിത്രത്തിന്റെ ഇരകൾ. മാതൃഭൂമി ആഴ്ചപ്പതിപ്പ്. ലക്കം 10


ബേബി, കെ.ജെ/ ഷിബിൻ കൃഷ്ണൻ. 2019 (ജൂൺ 9) *മലയാള തിളക്കമുള്ള ക്ലാസ്സ്മുറികളിൽ ആദിവാസി കുട്ടികൾ ഒറ്റപ്പെടുന്നതെന്തുകൊണ്ട്?* മാതൃഭൂമി ആഴ്ച്ച പ്പതിപ്പ്. ലക്കം. 12(പേജ്)

മധുസുദനൻ, ടി.വി/വിജു.പി. നായർ. 2005. (ഒക്ടോബർ 14). *പലരുടെയും പേരുകൾ പറയാൻ വയ്യ.* മാധ്യമം ആഴ്ച്ചപ്പതിപ്പ് (പേജ്-20)

മാധവൻ.ഒ 1998, (നവംബർ) നാടിളക്കിയനാടകം ഭാഷാപോഷിണി (പേജി -29)

രാജൻ, കാഞ്ഞങ്ങാട്. 2017(മെയ് 21-27) രാജനെ കൊല്ലുന്നത് ഞാൻ നേരിട്ട് കണ്ടു. മാതൃഭൂമി ആഴ്ചപ്പതിപ്പ്. ലക്കം 10

വൽസല, പി. 1998, (ഡിസംബർ) ഗ്രന്ഥലോകം. വാല്യം.50. ലക്കം 12. പേജ്- 46

സുലോചന, സി. ആർ/ ജയ്ദേവ്, കെ.പി. 2017. (മെയ് 21-27).(പോലീസുകാർ കീറിയെറിഞ്ഞ എസ്.എസ്.എൽ.സി. ബുക്ക്. മാതൃഭൂമി ആഴ്ചപ്പതിപ്പ്. ലക്കം 10

ശഫീഖ് വഴിപ്പാറ. 2020, (ഡിസംബർ 1) പി.കെ. കരിയൻ ഗോത്രസംസ്കാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതിനിധാനം. വിജ്ഞാന കൈരളി. ലക്കം. 12 (പേജ്.51)

സച്ചിദാനന്ദൻ, കെ. 2017, (മെയ് 22-27) ഉറുമ്പുകളുടെ സംഘഗാനം കേട്ടത് അവർ മാത്രം. മാതൃഭൂമി ആഴ്ചപ്പതിപ്പ്. ലക്കം 10. പേജ്.126

സച്ചിദാനന്ദൻ, കെ/ കണ്ണൻ, കെ.2016. (ജൂലായ് 24-30) എഴുപതുകളുടെ മലയാള കവിത, ഇപ്പോൾ ഇന്ത്യൻ കവി. മാതൃഭൂമി ആഴ്ചപതിപ്പ്. ലക്കം. 19

## ഇംഗ്ലീഷ് ബുക്ക്സ്

Alise Hodge . 2010. Actor training. London'. Routledge.

Basu, Durga Das. 2015. Introduction to the constitution of India. Hariyana : Lexis Nexis.

Bosl, Augusto. 1974. Theatre of the oppressed. (trans- Charles and maria). London. Pluto press.

Chris, Hann. 2000. Social Anthropology. U.K Hodder & Staugton.

Malev, Andrei, Babel (editor) 2011. Vakhtangor source book. London : Routledge.

Hoffman, mercelo. 2011. michel Foucault key concepts. (edited) Dianna Taylor. New Delhi : Rawat Publications.

Lunch, A Richard. 2011. michel foucalt key concepts(edited) Dianna Taylor.

New Delhi : Rawat Publications

Nandi Bhatia. 2004. Act of Authority Act of Resistance. New Delhi: Oxford University press.

2009. medern Indian theatre. New Delhi : Oxford university press.

Panday, J.N. 2014. (Constitutional law of India. Allahabad: central law Agency.

Russell, Bertrand. 2010. Power. London. Routtedge.

Utpul Dutt. 1977, October 31 Rebel without a pause India today.

## ആവേദസൂചി

ഉണ്ണികൃഷ്ണൻ. കുരിശിന്റെ വഴിയിൽ എന്ന നാടകത്തിന്റെ ഭാഗമായി പ്രവർത്തിച്ചു. രാഷ്ട്രീയപ്രവർത്തകൻ.

ഔസേപ്പ് കുഞ്ഞി (ഔസേപ്പ് അച്ചൻ)- നാടുഗദ്ദികയിലെ പ്രധാനനടൻ. വയനാട് പാതിരിയമ്പം സ്വദേശി.

കാർത്തികേയൻ, ഇ.പി. സി.പി.ഐ (എം.എൻ) പ്രവർത്തകനായിരുന്നു. ആലപ്പാട് ജോൽസന സംസ്കാരിക സംഘത്തിന്റെ സെക്രട്ടറി. കുരിശിന്റെ വഴിയുടെ സംഘാടകൻ

കൃഷ്ണൻ പയ്യോളി (ബട്ട് കൃഷ്ണൻ സി.പി.ഐ(എം.എൻ) പ്രവർത്തകൻ. നാടുഗദ്ദികയെ കോഴിക്കോടിന്റെ പല ഭാഗങ്ങളിലും സംഘടിപ്പിച്ചു. നജീബ്, എ.പി.

ബാലചന്ദ്രൻ, എം.എൻ. ജോസ് ചിറമ്മലിന്റെ സുഹൃത്ത്, സംസ്കാരികപ്രവർത്തകൻ.

മഹിമൻ. ആലപ്പാട് ജോൽസനയുടെ പ്രവർത്തകൻ. കുരിശിന്റെ വഴിയിൽ അഭിനയിച്ചു.

ആർട്ടിസ്റ്റ്. മുരളി ചീരോത്ത്: കൺടെംപററി വിഷ്യൂൻ ആന്റ് പെർഫോമൻസ് ആർട്ടിസ്റ്റ്

രഘു. ജെ. എഴുത്തുകാരൻ. സംസ്കാരിക പ്രവർത്തകൻ.

രാജീവൻ, ബി. അദ്ധ്യാപകൻ. ഇടത്പക്ഷ സൈദ്ധാന്തികൻ. ജനകീയ സംസ്കാരിക വേദി പ്രവർത്തകൻ.

രഘു, ജെ. എഴുത്തുകാരൻ. സംസ്കാരിക പ്രവർത്തകൻ.

എ. വാസു (ഗ്രോവാസു)- പുൻപള്ളി, തൃശ്ശിലേരി നക്സൽ കലാപത്തിൽ പങ്കെടുത്തു. ജനകീയ സംസ്കാരികവേദിയുടെ പ്രവർത്തനങ്ങളെ കോഴിക്കോട്ട് ജില്ലയിൽ സംഘടിപ്പിച്ചു.

വേണുഗോപൻ, പി.കെ. സി.പി.ഐ(എം.എൻ) പ്രവർത്തകനായിരുന്നു. ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോപങ്ങളുടെ സംഘാടകൻ.

ശശിധരൻ നടുവിൽ. നാടകപ്രവർത്തകൻ. തൃശ്ശൂർ വല്ലച്ചിറ സ്വദേശി.

സച്ചിദാനന്ദൻ, കെ.കവി, ജനകീയ സംസ്കാരിക വേദിയുടെ പ്രവർത്തകനായിരുന്നു.

സജീവൻ, ചെറാകൊള്ളി. കുരിശിന്റെ വഴി എന്ന നാടകത്തിൽ ക്രിസ്തുവായി അഭിനയിച്ചു. നാടക പ്രവർത്തകൻ.


സതീഷ്, മായന്നൂർ. നാടകപ്രവർത്തകൻ. തൃശ്ശൂർ സ്വദേശി.

സിവിക് ചന്ദ്രൻ അദ്ധ്യാപകനും ജനകീയസംസ്കാരിക വേദിയുടെ സെക്രട്ടറിയായിരുന്നു. അദ്ധ്യാപകൻ.


സുർജിത്ത്. നാടക പ്രവർത്തകൻ, സിനിമാ നടൻ.

സ്റ്റെല്ല, ജനകീയ സംസ്കാരിക വേദിയുടെ അമ്മ എന്ന നാടകത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചു, സീരിയൽ മേഖലയിൽ സജീവം.

ചിത്രം 1




ചിത്രം 2




ജനകീയസാംസ്കാരികവേദി അവതരിപ്പിച്ച അമ്മ എന്ന നാടകത്തിന്റെ നോട്ടീസ്

ചിത്രം 3



നാടുഗദ്ദികയുടെ ഫോട്ടോ

ചിത്രം 4



കെ.ജെ. ബേബി

ചിത്രം 5




നാടുഗദ്ദികയുടെ അരങ്ങ് (വരച്ചത് : ഹരിചന്ദ്രൻ)


ചിത്രം 6



നാടുഗദ്ദികയിൽ തമ്പുരാനായി അഭിനയിച്ച ഔസേപ്പ്കുഞ്ഞ്

ചിത്രം 7





ക്രിസ്തുവിന്റെ ആറാം തിരുമുറിവ്

Rs. 10, 5

പി. എം. ആന്റണി ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്റെ നോട്ടീസ്

ചിത്രം 8



വർത്തമാന വിമർശനം ചരിത്രത്തിലൂടെ

സൂര്യകാന്തി തിയറേറ്ഴ്സിൻെറ 'വിശുദ്ധ പാപങ്ങൾ' എന്ന നാടകത്തിലെ ഒരു രംഗം: ഇടത്തുനിന്ന്: ബാബു പോഞ്ഞിക്കര, ഓമന, പി.എം. ആൻറണി, ശിവൻ അയോധ്യ തുടങ്ങിയവർ.

ചിത്രം 9




ചിത്രം 10








ക്രിസ്തുവിന്റെആറാംതിരുമുറിവ്

ചിത്രം 11



LIBRARY ARCHIVES Kerala Legislative Assembly



അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ശ്രദ്ധയോടുകൂടി നോക്കുന്നതാണ്.


(22) പനയം-കുഴിത്തടം ആദിവാസി കേന്ദ്രങ്ങളിലെ ശുദ്ധജല വിതരണപദ്ധതി

ശ്രീ. തോപ്പിൽ രവി: സർ, കുണ്ടറ നിയോജകമണ്ഡലത്തിലെ പെരിനാട് പഞ്ചായത്തിൽ, അവിടത്തെ പനയം, കുഴിത്തടം എന്നീ 2 ഹരിജൻ ആദിവാസ കേന്ദ്രങ്ങളെ ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച ശുദ്ധജല പദ്ധതിയാണ് പനയംകുഴിത്തടം പദ്ധതി. 1984-ൽ ഇതാരംഭിച്ചു. 1985 അവസാനമായപ്പോഴേക്കും 17-ലക്ഷം രൂപ ചെലവാക്കി പണിയുന്ന റിസർവോയറിന്റെ പണി പൂർത്തിയായി. 24 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ട് ഒരു വർഷമായി. ചില സ്പെഷ്യൽസും, ചിലതരം പൈപ്പുകളും ഇല്ലാത്തതുകൊണ്ടു മാത്രം 18 ലക്ഷം രൂപ ചെലവാക്കി പൂർത്തിയാകാറായി കിടക്കുന്ന ഈ പദ്ധതി ഇപ്പോൾ സ്തംഭിച്ചു കിടക്കുകയാണ്. അത് എത്രയും വേഗം പൂർത്തിയാക്കേണ്ടതുണ്ട്. 24 കിലോമീററോളം നീളത്തിൽ ആളുകൾക്ക് ശുദ്ധജലം കിട്ടാൻ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച ഈ പദ്ധതി തീരെ ചെറിയ ഒരു തുകയുടെ അപര്യാപ്തതകൊണ്ട് ഇങ്ങനെ മുടങ്ങിക്കിടക്കാൻ അനുവദിക്കുന്നത് വളരെ കുററകരമായ കൃത്യവിലോപമാണ്. അതൊഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി: സർ, ഇത് 16 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി കൊടുത്തത്. 1983-ൽ 5 ലക്ഷം രൂപയുടെ പണി ടെൻഡർ ചെയ്തു, 1984-ൽ പണി ആരംഭിച്ചു. സംഭരണിയുടെ പണി പൂർത്തിയാക്കി. 22 കിലോമീററർ പൈപ്പ് ലൈൻ സിസ്ററം പൂർത്തിയാക്കി ഇതിനു പുറമെ ഒരു കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. അതിന്റെ പമ്പ് ഹൗസ്സിന്റെ പണി പൂർത്തിയായിരിക്കുകയാണ്. ഏതാണ്ട് 17 ലക്ഷം രൂപയുടെ പണി ഇതിനോടകം കഴിഞ്ഞു. ഇനി 8 ലക്ഷം രൂപയുടെ പണി കൂടെ നടത്താനുണ്ട്. അത് എത്രയുംവേഗം പൂർത്തിയാക്കാൻ കഴിയും.

(23) ക്രിസ്തുവിന്റെ ആറാം-തിരുമുറിവ് എന്ന നാടകത്തിന്റെ പേരിലുള്ള വിവാദം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, "ക്രിസ്തുവിന്റെ ആറാം തിരുമുറിവ്" എന്ന നാടകം വമ്പിച്ച വാദവിവാദങ്ങൾ ഉയർത്തിവിട്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഒരു ന്യൂനപക്ഷ സമുദായമായ ക്രൈസ്തവ സഹോദരൻമാരുടെ മത വികാരങ്ങളെ ആഴത്തിൽ മുറിവേൽപ്പിക്കുകയും അഗാധമായി വേദനപ്പെടുത്തുകയും ചെയ്ത ഈ നാടകത്തിന്റെ അവതരണത്തിനെതിരെ വമ്പിച്ച പ്രതിഷേധം ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണ്. മത വിശ്വാസം ഓരോരുത്തരുടേയും വ്യക്തിപരമായ പ്രശ്നമാണെന്നിരുന്നാലും, ആ വിശ്വാസത്തെ ചോദ്യം ചെയ്യാനോ, അവഹേളിക്കാനോ ഉള്ള നീക്കങ്ങൾ നമ്മുടെ സമൂഹത്തിൽ അസ്വാസ്ഥതകളും സംഘർഷങ്ങളും ഉണ്ടാക്കും. രാജ്യത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കുന്നതിന് എല്ലാം മററ്






...ും ഒന്നിച്ച് നിൽക്കേണ്ട ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും ഇത്തരം ...ാര്യങ്ങളിൽ നാം തികഞ്ഞ ജാഗ്രത പുലർത്തേണ്ടതാണ്. ഇതുവരെ ...യശുക്രിസ്തു ദൈവ പുത്രനാണെന്ന് കരുതി ആരാധിക്കുന്ന ക്രൈസ്ത...രുടെ വിശ്വാസത്തിനുനേരെയുള്ള ഈ നഗ്നമായ കടന്നാക്രമണം നാളെ മററ്...ത വിശ്വാസങ്ങളുടെ നേരെയും ആവർത്തിച്ചുകൂടെന്നില്ല. ക്രിസ്തുവും നബി...യും ശ്രീബുദ്ധനുമെല്ലാം നാളെ തെരുവിൽ ആക്ഷേപിക്കപ്പെടുന്നസാഹചര്യ...ങ്ങൾ ഉണ്ടായാൽ, മത വിശ്വാസം സംരക്ഷിക്കാൻ വേണ്ടി വിവിധ വിഭാഗം...ളുകൾ സംഘടിക്കേണ്ട സാഹചര്യം ഉണ്ടാകുകയും അത് വലിയ സാമൂഹ്യ...പശ്നമായി മാറുകയും ചെയ്യും. ബൈബിളും, ഭഗവത്ഗീതയും, ഖുറാനു...മൊക്കെ വിശുദ്ധ ഗ്രന്ഥങ്ങളായി നാം കരുതുന്നു. അങ്ങനെ കരുതാതി...രിക്കാൻ ആർക്കും അവകാശമുണ്ട്. പക്ഷെ കരുതുന്നവരുടെ വിശ്വാസങ്ങളെ ...ുത്തി മുറിവേൽപ്പിക്കാൻ ആർക്കും അവകാശമില്ല. ഇക്കാര്യം ഗൗരവപൂർവ്വം ...വൺമെന്റ് പരിശോധിക്കുകയും മതവിശ്വാസികളുടെ വികാരങ്ങളെ ...ുറിവേൽപ്പിക്കാൻ ആരെയും അനുവദിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ കരുണാകരൻ): സർ, ആലപ്പുഴ സൂര്യകാന്തി തീയേറ്റ...്സിന്റെ "ക്രിസ്തുവിന്റെ ആറാം തിരുമുറിവ്" എന്നുള്ള നാടകത്തെ ...ംബന്ധിച്ചിടത്തോളമുള്ള വികാരങ്ങളെന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർ ...ിവിടെ അവതരിപ്പിച്ചുകഴിഞ്ഞു. സി. പി. എം.-ലെ ഒരു പ്രവർത്തകനായ ...ൻറണിയാണ് തീയേറേറഴ്സിന്റെ സെക്രട്ടറി. അദ്ദേഹം ഇതിനുവേണ്ടി ...ുള്ള നടപടികൾ സ്വീകരിച്ച് 3, 4 സ്ഥലങ്ങളിൽ നാടകം നടന്നു. ആ നാടക...ത്തിൽ ഇവിടെ സൂചിപ്പിച്ച പോലെ ക്രിസ്തുവിനെ ഏററവും മോശമായ ...രത്തിൽ ചിത്രീകരിച്ചതിനെ തുടർന്ന് ആ വിഭാഗത്തിനുണ്ടായ വികാരങ്ങളെ ...ണക്കിലെടുത്തുകൊണ്ട് ഈ നാടകം നിരോധിച്ചുകൊണ്ട് ഒരു നടപടി ...സ്വീകരിക്കുകയുണ്ടായി. ആ നിരോധന നടപടിക്കെതിരായി ആൻറണി ...ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി ഒരു ഇടക്കാല ഉത്തരവ് ...ുറപ്പെടുവിക്കുകയും ചെയ്തു. അതുപ്രകാരം നാടകം നടത്തുന്നതിനുള്ള ...സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും, പ്രൊട്ടക്ഷൻ കൊടുക്കാൻ പോലീ...സിന് നിർദ്ദേശമാണ് ഹൈക്കോടതിയിൽനിന്നുമാദ്യമുണ്ടായത്. അതിനു...ശേഷം പിന്നീട് കൊടുങ്ങല്ലൂര് കളിച്ചു, തൃശ്ശൂരിൽ ഇന്ന് കളിക്കാൻ ...ീരുമാനിച്ചിരിക്കുകയായിരുന്നു. പതിനായിരക്കണക്കിന് മതവിശ്വാസികൾ, ...അവരുടെ വിശ്വാസത്തെ വെല്ലുവിളിക്കുന്ന നടപടിയെ കണ്ണടച്ചു നോക്കിനിൽ...ക്കാൻ സാധിക്കുകയില്ലെന്ന സ്ഥിതിയിലേക്ക് നീങ്ങിയതിനെ തുടർന്ന് ...ഒരു സംഘർഷാവസ്ഥ ഉണ്ടായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കളക്ടർ ...ചില നടപടികൾ സ്വീകരിച്ചു. ആ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ...ആൻറണി ഹൈക്കോടതിയിൽ ചെന്നു, ഇന്നലെ ഹൈക്കോടതിയിൽ നിന്നുണ്ടാ...യിട്ടുള്ള ഉത്തരവ്, ഈ പ്രശ്നം, നാടകത്തിന്റെ മെരിററ് തീരുമാനിക്കുന്നത് ...മാററി വച്ചുകൊണ്ട്, ഇക്കാര്യത്തിൽ ആ പ്രദേശത്തുണ്ടാകുന്നതായ നിയമസമാ...ധാനനില പാലിക്കാനുള്ള ചുമതല നിയമസമാധാനപാലകർക്കുണ്ട്. ആ നില...യിൽ കളക്ടർ സ്വീകരിച്ച നടപടി ശരിയാണ്. എന്തെങ്കിലും വിധത്തിൽ ...സംഘട്ടനം ഉണ്ടാകുകയാണെങ്കിൽ ആ നാടകം അവതരിപ്പിക്കുന്നത് തടയാൻ ...കളക്ടർക്ക് അധികാരം കൊടുത്തുകൊണ്ടുള്ള ഒരു വിധി ഉണ്ടായിട്ടുണ്ട്. ...ഇതിന്റെ അടിസ്ഥാനത്തിൽ ഏത് മതസ്തരുടേതായാലും ശരി ബഹുമാന...പ്പെട്ട മെമ്പർ ഇവിടെ ചോദിച്ചതുപോലെ മതവിശ്വാസമുള്ളവരും ഇല്ലാത്തവരും ...ഉണ്ടാകാം, പക്ഷെ ഏതെങ്കിലും വിഭാഗത്തിന്റെ വിശ്വാസത്തെ വ്രണപ്പെടു...ത്തിക്കൊണ്ട് അതൊരു സംഘട്ടനത്തിന് വഴിതെളിക്കുന്ന സാഹചര്യം ഈ കേരള...ത്തിൽ ഉണ്ടാകാൻ പാടില്ല. എല്ലാവർക്കും ഇക്കാര്യത്തിൽ ഒരേ അഭിപ്രായമായിരി...ക്കണം. ഗവൺമെന്റ് അത് തടയുന്നതിനുവേണ്ടി സ്വീകരിക്കാവുന്ന എല്ലാ

ക്രിസ്തുവിന്റെആറാംതിരുമുറിവ് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സിദ്ധാർത്ഥൻ കാട്ടുങ്ങൽ എം.എൽ.എ നിയമസഭയിൽ നൽകിയ സബ്മിഷനും മുഖ്യ മന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരൻ നൽകിയ മറുപടിയും

ചിത്രം 3



ജനാധിപത്യത്തിനും, മതേതരത്വത്തിനും
ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള
കേരള കൺവെൻഷൻ
1987 ജനുവരി 4, തൃശൂരിൽ


സംസ്ഥാന സ്വാഗതസംഘം: രക്ഷാധികാരികൾ—റിട്ട: ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, റിട്ട: ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ, തകഴി O ചെയർമാൻ: ആർ. ശങ്കരനാരായണൻതമ്പി O വൈസ് ചെയർമാൻമാർ: പവനൻ, ജി. കുമാരപിള്ള, ഫാ: ഏ. പി. ജേക്കബ്ബ്, കെ. വി. കെ. വാരിയർ, ഡോ: പി. മുരളീധരൻ, മുല്ലനേഴി, ജോർജ്ജ് ജോസഫ് കോയിക്കര
O സെക്രട്ടറി: സോമശേഖരൻ

തൃശൂർ ജില്ലാ സ്വാഗതസംഘം ചെയർമാൻ: കെ. ജി. ശങ്കരപിള്ള O വൈ. ചെയർമാൻമാർ: വി. ടി. ഇന്ദുചൂഡൻ, നീലൻ, കെ. സച്ചിദാനന്ദൻ, പ്രൊഫ: പി. നാരായണമേനോൻ, ഡോ: എം. ആർ. ഗോവിന്ദൻ
O സെക്രട്ടറി: എം. എം. ഡേവിസ്.

സുഹൃത്തെ,

ശക്തമായിക്കൊണ്ടിരിക്കുന്ന ഭരണകൂട ഭീകരതയ്ക്കും, മതമൗലികവാദത്തിനും സാംസ്കാരിക ഫാസിസത്തിനും എതിരെ ജനുവരി 4-ന് തൃശ്ശൂരിൽ ഒരു സംസ്ഥാനതല സമ്മേളനം നടക്കുന്നു. സംഘടനാപരമായി ഭിന്നതകളുള്ളപ്പോഴും ജനാധിപത്യ മൂല്യങ്ങൾക്ക് വില കല്പിക്കുന്ന നാം തന്നെയാണ് ഇത് സംഘടിപ്പിക്കുന്നത്. തങ്കമണിയിൽ സ്ത്രീകളുടെ നേരെയുള്ള കടന്നാക്രമണവും, കീഴ്മാട് അന്ധവിദ്യാർത്ഥികൾക്ക് നേരെയുള്ള മർദ്ദനവും ഏതോ ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെ നെറികേടുകൾ മാത്രമായി കണ്ടുകൂടാ. തൊഴിൽ തേടുന്ന ചെറുപ്പക്കാർക്കുനേരെ തോക്കു ചൂണ്ടുന്ന, ആത്മാവിൽ ഇരുട്ടു നിറഞ്ഞ ഒരു ഭരണകൂടത്തിന്റെ ചെയ്തികളായി നാം ഇതിനെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

(മറുപുറം)



വഴി നടക്കുന്നതിനും, ക്ഷേത്രപ്രവേശനത്തിനും വേണ്ടി, ജാതിമത മേധാവിത്വങ്ങൾക്കെതിരെ, നിരവധി പോരാട്ടങ്ങളിലൂടെ നാം നേടിയെടുത്ത ജനാധിപത്യ അവകാശങ്ങൾ ഇന്നു നഷ്ടമായിതുടങ്ങിയിരിക്കുന്നു. ബഹുവിധ ദർശനങ്ങളുടെ നാടായ ഇന്ത്യയിൽ, ബൗദ്ധരും, ജൈനരും, ലോകായതികന്മാരും സ്വാശ്രവാദികളും എല്ലാം ചേർന്ന് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ നാനാത്വമാണ് ഉള്ളത്. ഇന്ന് മത സംഘടനകളും രാഷ്ട്രീയ നേതൃത്വവും ഒത്തുചേർന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളെവരെ ചിന്താ പരമായ ഫാസിസത്തിന് കീഴിലാക്കാൻ ശ്രമിക്കുന്നു.

കഴിഞ്ഞ രണ്ടു മാസത്തിനകം അഞ്ചാമത്തെ നാടകസംഘവും അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു. മത കുററ വിചാരണകളുടേയും, ബ്രാഹ്മണ മേധാവിത്വത്തിന്റേയും എല്ലാം മധ്യകാലങ്ങളെ ഓർമ്മിപ്പിക്കുന്നതാണ് ഇന്നത്തെ നമ്മുടെ ജീവിത സാഹചര്യങ്ങൾ. കലാസാഹിത്യരചനക്കും ആസ്വാദനത്തിനും വേണ്ട സ്വാതന്ത്ര്യം മത നേതൃത്വവും ഭരണാധികാരവും ചേർന്നുള്ള സഖ്യം നമ്മിൽനിന്ന് എടുത്തു മാററികൊണ്ടിരിക്കുന്നു. ഇതെല്ലാം ദിനംപ്രതിയെന്നോണം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. രക്ഷയ്ക്കായി അവതാരങ്ങളെ പ്രതീക്ഷിയ്ക്കാനില്ലെന്നിരിയ്ക്കെ ജനങ്ങൾതന്നെയാണ് തങ്ങളുടെ രക്ഷകർ. വ്യത്യസ്തതകൾ ചൊല്ലി വേറിട്ട് നില്ക്കാതെ ഇന്ന് സ്വാതന്ത്ര്യബോധവും പ്രതിരോധ ചിന്തയുമുള്ളവർക്ക് ഗാഢവും ധീരവുമായ ഒരു പുതിയ സൗഹൃദം സൃഷ്ടിക്കാനാവും. ഈ ഒരു ആത്മബോധത്തോടെയാണ് ജനുവരി 4-ന് തൃശ്ശൂരിൽ നാം ഒന്നിക്കുന്നത്. അന്നു നാം പ്രഖ്യാപിക്കും 'ജനങ്ങൾക്ക് അപ്പത്തോടൊപ്പം സ്വാതന്ത്ര്യവും ഒഴിച്ചുകൂടാനാവാത്തതാണെന്ന്.'

—സ്വാഗതസംഘം

സ്വാഗതസംഘം ഓഫീസ്: സോണി ലോഡ്ജ്, റൂം നമ്പർ 50, ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ-1. ഫോൺ: 24933

പ്രിന്റ്‌വെൽ, പൂങ്കുന്നം

ആവിഷ്കാരസ്വാതന്ത്ര്യകൺവെൻഷന്റെ നോട്ടീസ്

ചിത്രം 13

## ക്രിസ്തുവിന്റെആറാംതിരുമുറിവിന്റെ നിരോധനത്തെ കുറിച്ചുള്ള പത്രവാർത്തകൾ












ചിത്രം 14

## ക്രിസ്തുവിന്റെ ആറാംതിരുമുറിവിന്റെ നിരോധനത്തെ

## കുറിച്ചുള്ള പത്രവാർത്തകൾ



മനോരമ

1986 നവംബർ 7 വെള്ളി 12 പേജ് 90 പൈസ


പത്തരമാററിന്റെ സൗഹൃ
ആരും അതിശയിക്കുന്ന
ഭീമാ & ബ്രദർ
ജ്വല്ലേഴ്സ്
ആലപ്പുഴ


നിയമന :ം: പ്രത്യേ

പരിശോധ ന ഇല്ല

സ്വന്തം ലേഖകൻ

വിവാദ നാടകം: സഭാധ്യക്ഷന്മാർ പ്രതിഷേധിച്ചു



മനോരമ

1986 നവംബർ 8 ശനി 8 പേജ് 90 പൈസ


ജൂഇൗ കൺമഷി


വിവാദനാടകം നിരോധിച്ചു

സ്വന്തം ലേഖകൻ

ക്കിടന്ന 3 സഹോദരങ്ങൾ

ിടിഞ്ഞു വീണു മരിച്ചു

സ്വന്തം ലേഖകൻ

തങ്കമണി സംഭവം:

ചിത്രം 15

## ക്രിസ്തുവിന്റെആറാംതിരുമുറവിന്റെ നിരോധനത്തെ കുറിച്ചുള്ള പത്രവാർത്തകൾ



മാതൃഭൂമി

പുസ്തകം 6 ലക്കം 336

THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

പേജ് 12 വില 90 പൈസ

Regd No. KL/TV/(N)/243 Trivandrum Tuesday November 4 1986 – തിരുവനന്തപുരം 1986 നവംബർ 4 ചൊവ്വ

# നാടകത്തിനെതിരെ സമരം മൂർച്ഛിക്കുന്നു

സ്വന്തം ലേഖകൻ

**തൃശ്ശൂർ: ഒരു നാടകത്തിനെതിരെ, സമരം ആളിപ്പിടിക്കുന്നു. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' ... മതസൗഹാർദ്ദവും സമാധാന പ്രാതിനിധ്യമുള്ള സമരസമിതി നാടകത്തിനെതിരെ രംഗത്ത് വന്നിട്ടുണ്ട്. ... ജീവിതവും തകർക്കുന്നതാണ് നാടകമെന്ന് അവർ വാദിക്കുന്നു.**

### ഒരു നാടകവും നോവലിസ്റ്റുംകുരിശിൽ

### കമ്പോളം നിശ്ചലം

(ശേഷം 5–ാം പേജ് 8–ാം കോളം)

## ...ീർ:പ്രശ്നങ്ങൾ ...വസാനിച്ചുവോ?

വി. കെ. മാധവൻകുട്ടി

തലസ്ഥാന വിശേഷം

സിൻഡി... ...ക്കാർ

ചിത്രം 16

## കുരിശിന്റെവഴിയിൽ എന്ന നാടകത്തെക്കുറിച്ചുള്ള പത്രവാർത്തകൾ

# ഒരു മാരത്തോൺ നാടകം

കാരാഞ്ചിറ: പീഡനങ്ങളനുഭവിക്കുന്നവർക്കുവേണ്ടി കുരിശ്ശിലേറിയ ക്രിസ്തുവിനെ കഥാപാത്രമാക്കി തെരുവുനാടകം വരുന്നു. ആധുനിക സങ്കേതങ്ങളുപയോഗിച്ച് ചെയ്യുന്ന ഈ മൂന്ന് മണിക്കൂർ നാടകത്തിൽ നൂറിലധികം നടന്മാർ അഭിനയിക്കും. നാടകം മുഴുവനായി കാണണമെങ്കിൽ നാടകക്കാരോടൊപ്പം പത്ത് കിലോമീററർ ദൂരം നടക്കണം.

കലാകാരന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നാക്രമണങ്ങൾക്കെതിരെപ്രതികരണമെന്നനിലയിൽ അവതരിപ്പിക്കുന്ന ഈ നാടകത്തിന് മുൻകൂട്ടി തയ്യാറാക്കിയ സ്ക്രിപ്ടില്ല. നടന്മാരുടേയും കലാകാരന്മാരുടേയും ചർച്ചയിലൂടെ നാടകം ഉരുത്തിരിയുകയാണുണ്ടായതത്രെ.

റിഹേഴ്സൽ പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഈ നാടകം ഏതാനും ദിവസങ്ങൾക്കകം തൃശ്ശൂർ ജില്ലയിലെ ആലപ്പാട് മുതൽ തൃപ്രയാർവരെയുള്ള തെരുവിൽ അവതരിപ്പിക്കും.

ആലപ്പാട്സെൻടലിൽ ക്രിസ്തുവിനെ വിചാരണചെയ്യപ്പെടും. വിചാരണയ്ക്കുശേഷം കുരിശിലേററാൻ വിധിക്കപ്പെട്ട ക്രിസ്തുവിനെ കുരിശും ചുമപ്പിച്ച് തെരുവിലൂടെ നടത്തുന്നു. മർദ്ദകരാൽ ആനയിക്കപ്പെട്ട് ക്രിസ്തു ഓരോ കവലകളിലുമെത്തുമ്പോൾ അവിടെ സമകാലീന ഇന്ത്യൻ അവസ്ഥയെ ചിത്രീകരിക്കുന്ന ഓരോ നാടകങ്ങൾകാണും.

ഭോപ്പാൽ സംഭവം, വൈപ്പിൻ വിഷമദ്യദുരന്തം, തങ്കമണി സംഭവം, കലാ നിരോധനം, പത്രസ്വാതന്ത്ര്യം, പോലീസ് അക്രമങ്ങൾ തുടങ്ങിയവയെ അധികരിച്ച് പന്ത്രണ്ടോളം സ്വയംപൂർണ്ണങ്ങളായ നാടകങ്ങൾ 'ക്രിസ്തു' കടന്നുപോകുന്ന ചാഴൂർ, പെരുങ്ങോട്ടുകര, താന്യം എന്നീ പ്രദേശങ്ങളിൽ അവതരിപ്പിക്കും. ഈ പീഡാനുഭവങ്ങളിലൂടെ കുരിശും ചുമന്നുവരുന്ന ക്രിസ്തുവിനെ തൃപ്രയാറിൽ വെച്ച് കുരിശ്ശിലേററിക്കൊല്ലും. ഇതാണ് നാടകത്തിന്റെ തീം.

നാടകത്തിന്റെ സംവിധാന മേൽനോട്ടം വഹിക്കുന്ന ജോസ് ചിറമൽ പറഞ്ഞു: ''ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്ന കലാകാരനാണ്. പക്ഷേ, അച്ചന്മാരും പള്ളിക്കാരും ക്രിസ്തുവിനെവെച്ച് രാഷ്ട്രീയം കളിക്കുമ്പോൾ ഞങ്ങൾക്ക് പ്രതികരിക്കാതിരിക്കാൻ കഴിയില്ല.''

## വെരിഫിക്കേഷൻ ഒഴിവാക്കിയതിൽ മുഖ്യമന്ത്രിക്ക് സന്തോഷം

തിരുവനന്തപുരം: കേന്ദ്ര സർവീസുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കേരളീയരെ പ്രത്യേക പോലീസ് വെരിഫിക്കേഷന് വിധേയരാക്കുന്ന സമ്പ്രദായം കേന്ദ്ര ഗവണ്മെണ്ട് വേണ്ടെന്നുവെച്ചതിൽ മുഖ്യമന്ത്രി

ചിത്രം 17



# നാടക റിഹേഴ്സൽ ക്യാമ്പ് പോലീസ് വളഞ്ഞു

സ്വന്തം ലേഖകൻ

കാരാഞ്ചിറ: ക്രിസ്തുവിനെക്കുറിച്ചുള്ള തെരുവുനാടകത്തിൻെറ റിഹേഴ്സൽക്യാമ്പ് പോലീസ് വളഞ്ഞു. നടന്മാരെ കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തു. പോലീസ് ഭീഷണിമൂലം തെരുവ് നാടകം നീട്ടിവെച്ചു.

ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നാക്രമണങ്ങൾക്കെതിരെ പ്രതിരോധമെന്ന നിലയിൽ ആലപ്പാട്ടുനിന്ന് ആരംഭിക്കാനുദ്ദേശിച്ചിരുന്ന തെരുവ് നാടകമാണ് പോലീസ് ഇടപെടൽമൂലം നീട്ടിവെച്ചത്. ക്രിസ്തുവിനെ അവഹേളിക്കുന്ന യാതൊന്നും നാടകത്തിലില്ലെന്നാണ് സംഘാടകരുടെ അവകാശവാദം.

നാടകത്തെക്കുറിച്ചുള്ള വിവരം പുറത്തുവന്നതോടെ ജില്ലയിലെ പോലീസിൻെറ മുഴുവൻ ശ്രദ്ധയും ആലപ്പാട് ഗ്രാമത്തിലായിരുന്നു. സംഘാടകരായ ആലപ്പാട് ജ്യോൽസ്നയുടേയും, വാടാനപ്പിള്ളി തീയേട്രിക്കൽ ഗ്യാതറിങ്ങിൻേറയും റിഹേഴ്സൽ ക്യാമ്പിൽ പോലീസ് നിരന്തരം എത്തിക്കൊണ്ടിരുന്നു.

നൂറോളം നടന്മാർ അഭിനയി[illegible] നീളമുള്ള തെരുവ് മുഴുവനായി ഉപയോഗിക്കുകയും ചെയ്യുന്ന [illegible] 19 ബുധനാഴ്ചയോടെ കളിക്കാമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ, തിങ്കളാഴ്ച തന്നെ വമ്പിച്ച സന്നാഹങ്ങളുമായി പോലീസ് ആലപ്പാട്ടെത്തി. രണ്ടുവലിയവാനുകളിലും ഏഴ് ജീപ്പുകളിലുമായെത്തിയ പോലീസ് നാടക റിഹേഴ്സൽ നടക്കുന്ന സമാജം ഹാൾ വളഞ്ഞു. നടന്മാരേയും അവിടെയുണ്ടായിരുന്ന കാണികളേയും ആലപ്പാട് സെൻററിലേക്ക് പിടിച്ചുകൊണ്ടുപോയി ചോദ്യം ചെയ്തു.

പോലീസ് [illegible] വമ്പിച്ച പോലീസ് സന്നാഹങ്ങളും കണ്ടതോടെ ആലപ്പാട് ഗ്രാമം ഭീതിയിലാണ്ടു. മററൊരു 'തങ്കമണി' ആവർത്തിക്കാൻ പോവുകയാണോ എന്നുപോലും ജനങ്ങൾ സംശയിച്ചു.

''നാട്ടിൽ ഭീതി നിലനിൽക്കുന്ന അവസ്ഥയിൽ പോലീസിൻെറ കഴുകൻകണ്ണുകൾക്ക് മുന്നിൽ നാടകംകളിച്ചാൽഅത് ജനങ്ങളുമായി ശരിയായ രീതിയിൽ സംവേദനം ചെയ്യുകയില്ല'' എന്നാണ് നാടകസംഘം വിലയിരുത്തുന്നത്. അതുകൊണ്ട് തൽക്കാലം ബുധനാഴ്ച നാടകം കളിക്കേണ്ടതില്ലെന്ന് തീരുമാനിച്ച് സംവിധായകൻ ജോസ് ചിറമ്മൽ കോഴിക്കോട്ടേയ്ക്ക് തിരിച്ചുപോയി.

## കുതിരവട്ടത്തിനും നെല്ലിക്കോടനും ചെരിപ്പേറ്

പാവറട്ടി: ഹാസ്യ നടൻ കുതിരവട്ടം പപ്പുവിനും നെല്ലിക്കോട് ഭാസ്കരനും നേരെ ഞായറാഴ്ച ചെരിപ്പേറുണ്ടായി. ക്ഷുഭിതരായ ചിലർ ഇരുന്നൂറോളം കസേരകൾ കേടുവരുത്തി.

പാവറട്ടി സെൻറ് ജോസഫ്സ് ഹൈസ്ക്കൂൾ ഓഡിറേറാറിയത്തിൽ. കോഴിക്കോട് അക്ഷര തിയേറേറഴ്സിൻെറ ബാനറിൽ ''ബാങ്ക് ഓഫ് ചിററിക്കൽസ്'' എന്ന നാടകം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് കാണികൾ ക്ഷുഭിതരായത്. ചില സംഭാഷണങ്ങൾ സഭ്യേതരമായതാണത്രെ കാരണം. മാത്രമല്ല, ചില നടന്മാരുടെ ചലനങ്ങളിൽ കാലുറക്കായ്മയും അനുഭവപ്പെട്ടുവത്രെ.

വൈകിട്ട് ഏഴിന് ആരംഭിക്കേണ്ട നാടകത്തിന് തിരശ്ശീല ഉയർന്നത് ഒരു മണിക്കൂർ വൈകിയാണ്. അതും കാണികൾ ക്ഷുഭിതരാകാൻ കാരണമായി. നാടകം ഇടയ്ക്കുവെച്ച് നിറുത്തേണ്ട ഗതികേടും ഉണ്ടായി.

മാതൃഭൂമി 1986 നവംബർ 19 ബുധനാഴ്ച 5

# പട്ടാളക്യാമ്പിൽ മലയാളി യുവതി പൊള്ളലേററ് മരിച്ചു

മുണ്ടക്കയം: ആസ്സാമിലെ പട്ടാള ക്യാമ്പിൽ ദുരൂഹസാഹചര്യത്തിൽ മലയാളി യുവതി പൊള്ളലേററ് മരിച്ചു.

മുണ്ടക്കയം വെള്ളനാടി മലയാളം പ്ലാൻേറഷനിലെ തൊഴിലാളിയായിരുന്ന തൊണ്ടിപ്പറമ്പിൽ പരമേശ്വരൻെറ മകൾ രാജമ്മ (31) ആണ് ഈ ഹതഭാഗ്യ. ബോർഡർ സെക്യൂരിററി ഫോഴ്സിൽ സബ് ഇൻസ്പെക്ടറായ ഭർത്താവ് ടി.പി. രാജപ്പനോടൊപ്പം ആസ്സാമിലെ സിൽച്ചാർ ജാരിയാത്തല ബസാറിലെ ക്യാമ്പിൽ കഴിയവേയാണ് രാജമ്മ മരിച്ചത്.

നാല് മാസം മുമ്പ് ഭർത്താവ് രാജപ്പനോടൊപ്പം പോയ രാജമ്മയുടെ മൃതദേഹം പോലും ബന്ധുക്കൾക്ക് കാണാൻ കഴിഞ്ഞില്ല. മരണവാർത്ത അറിഞ്ഞ് സഹോദരൻ സുകു ആസ്സാമിലെത്തിയപ്പോഴേക്കും മൃതദേഹം ക്യാമ്പിലെ ശ്മശാനത്തിൽ സംസ്കരിച്ചു കഴിഞ്ഞിരുന്നു.

രാജപ്പനും രാജമ്മയും അയൽവാസികളായിരുന്നു. സ്നേഹത്തിലായിരുന്ന അവർ പതിനഞ്ച് കൊല്ലം മുമ്പ് വിവാഹിതരായി. കല്യാണം കഴിഞ്ഞ് രാജപ്പൻ ഭാര്യയേയും കൂട്ടി ക്യാമ്പിലേക്കുപോയി. രണ്ട് വർഷം കഴിഞ്ഞപ്പോൾ ഒരു പെൺകുട്ടി പിറന്നു. പതിനാലുകാരിയായ റെജിമോൾ ഇപ്പോൾ മുണ്ടക്കയത്ത് 9–ാം ക്ലാസ്സിൽ പഠിക്കുന്നു.

വിവാഹം കഴിഞ്ഞ് രണ്ടുമൂന്ന് കൊല്ലം ആയതോടെ അവരുടെ ജീവിതത്തിൽ സ്വരച്ചേർച്ചയില്ലായ്മ കണ്ടുതുടങ്ങി. സ്ത്രീധനം കിട്ടിയില്ലെന്നു പറഞ്ഞ് രാജമ്മയെ ഭർത്താവ് ഉപദ്രവിക്കുമായിരുന്നുവത്രെ. 'സൊസൈററി ലേഡി' ആവാൻ രാജമ്മയ്ക്ക് കഴിയുന്നില്ലെന്ന് പറഞ്ഞ് രാജപ്പൻ മർദ്ദിക്കുമായിരുന്നുവെന്ന് ബന്ധുക്കൾ പറയുന്നു.

പിന്നീട് രാജമ്മയെ ഭർത്തൃവീട്ടിൽ ആക്കിയശേഷം രാജപ്പൻ ക്യാമ്പിലേക്ക് മടങ്ങി.

ഇതിനിടെ രാജമ്മയുടെ വീട്ടുകാർ കുറെ പണവും അഞ്ചുപവൻെറ ആ[illegible]രണങ്ങളും രാജപ്പനു നൽകി. ഇതിനു പുറമെ പതിനായിരം ക. കൂടി വേണമെന്ന് രാജപ്പൻ ആവശ്യപ്പെട്ടു[illegible]വത്രെ. രൂപ കൊടുക്കാതായപ്പോൾ അയാൾ ഭാര്യയെ വീണ്ടും ഉപദ്രവി[illegible]ച്ചുവെന്ന് പറയപ്പെടുന്നു. രാജമ്മ[illegible] ഭർത്തൃഗൃഹംവിട്ട് സ്വന്തം വീട്ടിൽതാ[illegible]സമാക്കി.

ഇതിനിടെ ബന്ധം പിരിയാൻ രാജപ്പൻ ശ്രമിച്ചപ്പോൾ മുണ്ടക്കയ[illegible] എസ്.എൻ.ഡി.പി. ശാഖാ ഭാരവാഹികൾ ഇടപെട്ടു. ഇരുവരും രമ[illegible]തയിലെത്തി.

നാലുമാസംമുമ്പ് രാജമ്മയെ ഭർത്ത[illegible]വ് ക്യാമ്പിലേക്കുകൂട്ടികൊണ്ടുപോ[illegible]യി. പിന്നീട് രാജമ്മയുടെ ഒരു [illegible] അതുപോലും ബന്ധുക്കൾക്ക് കി[illegible]യില്ല. കഴിഞ്ഞ ഒക്ടോബർ 31–ന [illegible] ആസ്സാമിൽനിന്ന് രാജമ്മ മരിച്ച[illegible] [illegible]

മൃതദേഹം മോർച്ചറിയിൽ സൂക്ഷ[illegible]ക്കാൻ ടെലഗ്രാം ചെയ്തശേഷം രാജ[illegible]യുടെ അനുജൻ സുകു അവിടേക്ക[illegible] പോയി. എന്നാൽ സുകു എത്തിയപ്പോഴേയ്ക്കും മൃതദേഹം സംസ്കരിച്ച[illegible] കഴിഞ്ഞിരുന്നു. ഇത് ചോദ്യംചെ[illegible] സുകുവിനെ ക്യാമ്പിലുള്ളവർ ഭീ[illegible]ണിപ്പെടുത്തിയത്രെ. രാജമ്മ ദേഹത്ത[illegible] തീകൊളുത്തി ആത്മഹത്യചെയ്യു[illegible]ന്നാണ് സുകുവിനോടവർ പറഞ്ഞ[illegible]ത്. എന്നാൽ തൻെറ മകൾ ഒരിലും ആത്മഹത്യചെയ്യില്ലെന്ന് അ[illegible] ദേവകി ഉറച്ചുവിശ്വസിക്കുന്നു.

രാജമ്മയുടെ മരണത്തെക്കുറി[illegible] [illegible] ശനനടപടി സ്വീകരിക്കണമെ[illegible] വശ്യപ്പെട്ട് പ്രധാനമന്ത്രി, മുഖ്യമ[illegible] എന്നിവർക്ക് ബന്ധുക്കൾ നിവേദ[illegible] നൽകിയിട്ടുണ്ട്.

ചിത്രം 18



ജോസ് ചിറമേൽ


അനുബന്ധം 2

ഭാഗം 1


## നാടുഗദ്ദികയുടെ ആദ്യകാല അവതരണത്തിന്റെ സ്ക്രിപ്റ്റ്

(പ്രധാന നടനായ ഔസേപ്പ് കുഞ്ഞിന്റെ നോട്ടുബുക്കിൽ നിന്നും ലഭിച്ചത്)


1




2




3




4




5




6



7




8




9




10




11



12



13



**അനുബന്ധം 2**

**ഭാഗം 2**

**നാടുഗദ്ദികയിലെ പാട്ടുകൾ**

ആദിവാസികളുടെ ചരിത്രത്തെ അവരുടെ പുരാവൃത്തങ്ങളിൽ നിന്ന് കണ്ടെത്താനുള്ള ശ്രമമാണ് 'നാടുഗദ്ദിക' എന്ന നാടകത്തിലൂടെ കെ.ജെ. ബേബി ശ്രമിച്ചത്. ആട്ടവും പാട്ടും ഉപയോഗിച്ച് ഈ പുരാവൃത്തങ്ങൾ തലമുറകളിലൂടെ ഗോത്രവംശം വാമൊഴിയായി കൈമാറ്റം ചെയ്യപ്പെടുന്നു. ആദിവാസി ഈരുമൂപ്പൻമാരിൽ നിന്ന് ശേഖരിച്ച പുരാവൃത്തങ്ങൾ ഉപയോഗിച്ചാണ് കെ.ജെ. ബേബി 'നാടുഗദ്ദിക'യും 'മാവേലിമന്റം'വും രൂപപ്പെടുത്തിയെടുത്തിയത്. *നാടുഗദ്ദിക* യിൽ ഉപയോഗിച്ച പാട്ടുകൾ താഴെ സൂചിപ്പിക്കുന്നു.

1. തൂവരൂ മാവേ (2)

പുട്ടില് കണ്ടില് പുള്ളു കിരഞ്ഞു
തൂവരു മാവേ (2)
മൂഞ്ച്കവട്ട മുക്കുറ്റിപുല്ലു
കാലത്തെരുപൊതി നെല്ലു
മലയൻതങ്കടു മല്ലികപൂവു
കാളി വിരണാത്തി
കഞ്ചി തന്തനെ ചെച്ചോണ്ട് പോണേ
കാളി വിരണാത്തി
എണ്ണ തന്തേനെ കുടിച്ചോണ്ട് പോണേ
കാളി വിരണാത്തി.
ചിക്കകിരഞ്ഞങ്കു ചീനിയ്ക്കുപോണേ
കാളി വിരണാത്തി.
പുള്ളു കിരഞ്ചു പൂവുവുക്കു പോണം

കാളി വിരണാത്തി.

ബണ്ണത്ത തൊടല് പേൻ, മുട്ടീനാ

കൊങ്കി കൊങ്കി കൊങ്കോങ്കി.'

അടിമകൾ വയലിൽഞാറ്നടുന്ന ഭാഗത്താണ് ഈ പാട്ട് നാടകത്തിൽ ഉപയോഗിച്ചത്. രണ്ട്കുട്ടികൾ പരസ്പരം സംസാരിക്കുന്ന രീതിയാണ് ഈ പാട്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വയലിൽ പണിയ്ക്ക്പോയഅമ്മ കുട്ടിയ്ക്കായി കഞ്ഞി ഉണ്ടാക്കി വച്ചു. എന്നാൽ മല്ലികപൂവുള്ള മലയുടെ അപ്പുറത്തുള്ള കാളി വിരണാത്തി എന്ന ഭ്രാന്തി ആ കഞ്ഞി എടുത്തു കളഞ്ഞു. വീട്ടിലുണ്ടായിരുന്ന എണ്ണയും ഭ്രാന്തി എടുത്ത് കുടിച്ചു.

പുള്ള് എന്ന പക്ഷികരഞ്ഞാൽ മഴനിൽക്കും എന്നാണ് പണിയരുടെ വിശ്വാസം എന്നാൽ പുള്ള് കരയുന്നുമുണ്ട് മഴ നിൽക്കുന്നുമില്ല. മഴകാരണം വീടിന് പുറത്തുപോയി ഞണ്ട് പിടിക്കാനോ, പുഴയിൽപ്പോയി മീൻ പിടിക്കാനോ കുട്ടികൾക്ക് കഴിയുന്നില്ല. വിശന്ന് വലഞ്ഞ കുട്ടികൾ മഴതോരാനായി കാത്തിരിക്കുന്നതാണ് ഈ പാട്ടിന്റെ അർത്ഥം. വിശപ്പിനെക്കുറിച്ച് അടിയോർ പാടുന്ന പാട്ടിനെ യാണ് *നാടുഗദ്ദിക*യിൽ കെ.ജെ. ബേബി ഉപയോഗിച്ചിരിക്കുന്നത്.

**2.ചിട്ടാ ചിട്ടാ കുരുവി**

ചിട്ടാ ചിട്ടാ കുരുവി

കുണുക്ക് തായോ

എന്റെ ചിന്ന പുള്ളേ കാതിലൊരു

കുണുക്കു തായോ (2)

ആറ് ചക്കര നൂറ് വണ്ടി

തങ്കമി തങ്കാ

മദിരാശി പട്ടണത്തിലെ

തങ്കമി തങ്ക...

ചിട്ടാ ചിട്ടാ പഴം

ചിക്കി തായോ

എന്റെ ചിട്ടപഴം

തിരിട്ട് പഴം

ചിക്കി തായോ

നാടനല്ല നാടു

എങ്കള മലനാട്

നാട് നല്ല മലനാട്

എങ്കള വയനാട്

അടിമകൾ തമ്പുരാന്റെ വയൽകൊയ്യുന്ന രംഗത്തിലാണ് ഈ പാട്ട് ഉപയോഗിച്ചത്. പോറോട്ട് നാടകങ്ങളിലൂടെ വയനാട്ടിലെ ആദിവാസികൾക്ക് ലഭിച്ച പാട്ടാണിത്. കളിപ്പാട്ട് എന്നറിയപ്പെടുന്ന ഈ പാട്ട് നാടകത്തിന്റെ ജനകീയത വർദ്ധിപ്പിച്ചതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

**3. പയ്ക്കിന്റോ**

പയ്ക്കിന്റോ .. പയ്ക്കിന്റോ..

നോക്കാവൂ കാണി

കഞ്ഞിമു കാണി

പയ്ക്കിന്റോ ... പയ്ക്കിന്റോ...

ചായ കുടിപ്പാൻ പൈസേമു കാണി

നീരു കുടിപ്പാൻ പാത്രവും കാണി

പയ്ക്കിന്റോ.. പയ്ക്കിന്റോ...

ജീവിക്കാൻ ആവശ്യമായ എല്ലാം സാധനങ്ങളും നഷ്ടപ്പെട്ട് പോയ മനുഷ്യരുടെ രോദനത്തെയാണ് ഈ പാട്ടിലൂടെ സംവദിക്കുന്നത്. മുറുക്കാൻ വാങ്ങാൻ കാശില്ല, വിശപ്പ് അകറ്റാൻ കുടിക്കാനുള്ള കഞ്ഞിയില്ല, ചായ കുടിക്കാനാണെങ്കിൽ കൈയിൽ ചില്ലറ പൈസപോലുമില്ല. അതുമാത്രമല്ല ജീവൻ നിലനിർത്താനുള്ള വെള്ളം കുടിക്കാനുള്ള പാത്രവും കൈവശമില്ല എന്ന് ഈ പാട്ടിലൂടെ അവർ വിവരിക്കുന്നു.

**4. കാളിയാക്ക്**

കാളിയാക്കൂ പിച്ചാക്കിനാ കാളിയനാകരൂ

ആടാട് പാമ്പേ ആടാടൂ

തിരെ കുലുക്കിയാട്....മേലുകുലുക്കിയാട്

എന്റെ പാമ്പിക്ക് പാല് കുടിരേ

ത്താടൂ പാമ്പേ ആടാടൂ

ഇടഞ്ഞാട് പാമ്പേ ഉറഞ്ഞാട്

ഉറഞ്ഞാട് പാമ്പേ ഇടഞ്ഞാട്

ഉറഞ്ഞാട് പാമ്പേ ഇടഞ്ഞാട്

കൊത്തുമാ... പാമ്പേ

കൊത്തുമാ...

1980 കളിൽ *നാടുഗദ്ദിക*യുടെ ആദ്യകാല രംഗാവതരണത്തിലാണ് ഈ പാട്ട് ഉപയോഗിച്ചത്. അടിമകൾ തമ്പുരാന് എതിരെ തിരിയുകയും, അയാളെ വളഞ്ഞിട്ട് പിടിക്കുകയും ചെയ്യുന്നു. തമ്പുരാന്റെ മേലിൽ ചാടിക്കയറിയിട്ട് അയാളെ പിൻഅരങ്ങിലേയ്ക്ക് അടിമകൾ കൊണ്ട് പോകുന്നു. നാടകത്തിലെ എല്ലാ അഭിനേതാക്കളും തമ്പുരാന്റെ ചുറ്റും ഉറഞ്ഞാടുമ്പോൾ, ഈ പാട്ടാണ് ഉപയോഗിച്ചിരുന്നത്. അടിമകളുടെ ആദികാരണനായ അച്ഛനും ഇത്തിയും ആയുധധാരികളായി പ്രത്യക്ഷപ്പെട്ട് തമ്പുരാനെ ഇല്ലായ്മ ചെയ്യുന്നു. നിരായുധരും, ദുർബലരുമായ അടിമകൾ സംഘടിതരായി ജൻമിമാർക്ക് എതിരെ സായുധവിപ്ലപത്തിന് തയ്യാറാകുമ്പോഴാണ് *നാടുഗദ്ദിക* എന്ന നാടകം അവസാനിക്കുന്നത്. 1990കളിൽ അവതരിപ്പിച്ച *നാടുഗദ്ദിക*യിൽ നിന്ന് ഈ രംഗം ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഈ പാട്ടുകൾ കനവിലെ വിദ്യാർത്ഥികളായ സജി, സന്തോഷ്, നാടുഗദ്ദികയിലെ നടനായ ഔസേപ്പ് കുഞ്ഞ് എന്നിവരിൽ നിന്നാണ് ലഭിച്ചത്.

## അനുബന്ധം 3

### അഭിമുഖങ്ങൾ

### അഭിമുഖം 1

**അധ്യാപകനും ഇടത്പക്ഷ സൈദ്ധാന്തികനും ജനകീയ സംസ്കാരികവേദി യുടെ പ്രവർത്തകനായിരുന്ന ബി. രാജീവനുമായി നടത്തിയ അഭിമുഖം**

**(9/8/2019. 5 pm)**

ചോദ്യം : അടിയന്താരാവസ്ഥയുടെ പ്രവർത്തനങ്ങളെ എങ്ങനെയാണ് ഓർക്കുന്നത്?

ഉത്തരം : കെ. വേണുവിന്റെ സൗഹൃദത്തിലാണ് ഞാൻ പ്രസ്ഥാനത്തിലേയ്ക്ക് വരുന്നത്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ മറ്റ്പ്രസ്ഥാനങ്ങൾ സൈലൻസ് ആയി. ഈസൈലൻസിനെ ബ്രേക്ക്ചെയ്യാനാണ് ഞങ്ങൾ ശ്രമിച്ചത്. ഗവൺമെന്റിനെകുറിച്ച് മിണ്ടാൻ കഴിയാത്തസമയത്താണ് കായണ്ണ പോലീസ്സ്റ്റേഷൻ ആക്രമിക്കുന്നത്, വാർത്തകൾ പുറത്ത് വരാത്ത കാലഘട്ടം, മിണ്ടാൻപറ്റാത്ത അവസ്ഥ, കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമിക്കുന്നതിന്റെ തലേദിവസം വേണു എന്റെ വീട്ടിലായിരുന്നു. വീട്ടിലിരുന്ന് സൈക്ലോസ്റ്റയിൻമിഷൻ സംഘടിപ്പിട്ട് വിതരണം ചെയ്യാനുള്ളനോട്ടീസ് അടിക്കുകയായിരുന്നു. വാസു എന്ന മെഡിക്കൽസ്റ്റുഡന്റ് വേണുവിനൊപ്പം ഉണ്ടായിരുന്നു. വാസുവിനെ അറസ്റ്റ്ചെയ്ത്ഉരുട്ടി, അന്ന് രാത്രി എന്നെഅറസ്റ്റു ചെയ്തു. ജയറാം പടിക്കൽ, ലക്ഷ്മണ, മുരളീകൃഷ്ണദാസ്, എന്നിവർ ചോദ്യംചെയ്യാൻ വന്നു. വേണു എവിടെയാണ്എന്ന് എന്നോട്ചോദിച്ചു, വിവസ്ത്രനാക്കിയതിന് ശേഷമാണ് എന്നെ ചോദ്യംചെയ്തത്. രാവിലെ എന്നെ പുറത്ത് വിട്ടു.

ചോദ്യം : ജനകീയസംസ്കാരികവേദിയുടെ പ്രവർത്തനങ്ങൾ എങ്ങനെയാണ് തുടങ്ങിയത്?

ഉത്തരം : അടിയന്തരാവസ്ഥയിൽ അറസ്റ്റ്ചെയ്തവർ 1980കളുടെ തുടക്കത്തിലാണ് പുറത്തേയ്ക്ക് വരുന്നത് സർക്കാർ എന്നെ യൂണിവേഴ്സിറ്റി കോളേജിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. ജനകീയസംസ്കാരികവേദിയുടെ തുടക്കം പല സ്ഥലങ്ങളിലായിരുന്നു. ജനകീയലൈനും ഉൻമൂല

നലൈനും ഇത് രണ്ടും പാർട്ടിയിൽ ശക്തമായഗ്രൂപ്പുകൾ ആയിരുന്നു. അടിയന്തരാവസ്ഥ കഴിഞ്ഞതോടുകൂടി ജനകീയശൈലിയിൽ പ്രവർത്തിക്കാൻആഗ്രഹിക്കുന്നവർ പാർട്ടിയിൽ മേൽക്കോയ്മ ഉണ്ടായി. ഇതാണ് ജനകീയസംസ്കാരികവേദിയായി തീർന്നത് പാർട്ടിയിൽ ഉണ്ടായ ഈസ്പ്ലിറ്റ് തന്നെയാണ് ജനകീയസംസ്കാരികവേദി തകരാനും കാരണം. വേണു തീവ്രപക്ഷഗ്രൂപ്പിന്റെ ആളായിരുന്നു ജനകീയസാംസ്കാരികവേദിയുടെ പ്രവർത്തകരെ അവർ കമ്മ്യൂണിസ്റ്റ് വിരുദ്ധരായി ചിത്രീകരിച്ചു. എന്റെ 'സ്വാതന്ത്ര്യത്തിന്റെ സമഗ്രത' എന്ന പുസ്തകം സംസ്കാരികവേദിയുടെ മാർഗ്ഗരേഖയായി, ജനകീയ സാംസ്കാരികവേദിയുടെ മാസികയായ പ്രേരണയുടെ എഡിറ്ററും ഞാനായിരുന്നു. 1980 ൽ എന്നെ അറസ്റ്റ് ചെയ്തു. പരവൂരിൽ സ്പാർട്ടക്കാസ് കളിച്ചപ്പോൾ പോലീസ് ഞങ്ങളുടെ പൊതു സമ്മേളനം നിരോധിച്ചു. ഞങ്ങൾ നിരോധനത്തെ വൈലേറ്റ് (Violate) ചെയ്തു. പോലീസ് ലാത്തിചാർജ്ജ്ചെയ്തു എന്നെഅറസ്റ്റ്ചെയ്ത് പരവൂർ സബ്ജയിലിലേയ്ക്ക്മാറ്റി. ആജയിലിൽ കിടന്ന്കൊണ്ട് അടുത്തസെല്ലിൽ കിടക്കുന്നവർകേൾക്കുമാറ് ഞങ്ങൾപ്രഭാഷണങ്ങൾനടത്തി. ഞങ്ങളെ പിന്നീട് വിയ്യൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റി. ഒരു മാസം ജയിലിന്റെ അകത്ത്. കേളേജിൽനിന്ന് എന്നെ സസ്പെൻഡ് ചെയ്തു.

ചോദ്യം : നാടുഗദ്ദികയുമായി ബന്ധമുണ്ടായിരുന്നോ?

ഉത്തരം : നാടുഗദ്ദികയെ തിരുവനന്തപുരംജില്ലയിലെ പലഭാഗങ്ങളിലും കൊണ്ട് നടന്ന് അവതരിപ്പിച്ചത് ഞാനായിരുന്നു. നാടകം തുടങ്ങുന്നതിന്മുമ്പ് എന്റെപ്രഭാഷണം ഉണ്ടായിരുന്നു. ചെങ്കൽചൂളയിൽ നാടകത്തിന് മുമ്പുള്ള എന്റെപ്രഭാഷണം തുടങ്ങിയപ്പോൾതന്നെ പോലീസ്വന്നു. നാടകംകളിക്കാൻപറ്റില്ല എന്ന്പറഞ്ഞു, നയനാർആയിരുന്നു മുഖ്യമന്ത്രി. അവിടെ നിന്ന് കുറച്ച് മാറി ഞങ്ങൾ നാടകം അവതരിപ്പിച്ചു. സാംസ്കാരികവേദി കത്തിനിൽക്കുന്ന സമയമായിരുന്നു.

ചോദ്യം : ഭരണകൂടത്തിന്റെ അധികാരത്തെ ഭയമില്ലായിരുന്നോ?

ഉത്തരം : അധികാരം നമ്മളെ ഭയപ്പെടുത്താൻ ശ്രമിക്കും, അത് വെറുപ്പിന്റെ പ്രത്യായശാസ്ത്രമാണ്, കാണ്ടാമൃഗത്തിന്റെ സൗന്ദര്യമുണ്ട്. ഫാസിസത്തിന്റെ സൂക്ഷ്മമായ രാഷ്ട്രീയം (micropolitics) തന്നെ ആത്മമാവ് ഇല്ലാത്ത ജനതയെ സൃഷ്ടിക്കലാണ്. സ്വന്തം അടിമത്വത്തിൽ (Slavory) ആനന്ദിക്കുന്നവർ.

## അഭിമുഖം 2

## പ്രശസ്ത കവിയും ജനകീയസാംസ്കാരികവേദി പ്രവർത്തകനുമായ കെ. സച്ചിദാനന്ദനുമായി നടത്തിയ അഭിമുഖം

**31.10.2019. (2** P.m)

ചോദ്യം : അടിയന്തരാവസ്ഥയെ എതിർത്ത്കൊണ്ട് കവിതകൾ എഴുതിയ കവിയാണല്ലോ അങ്ങ്. ഭരണക്കൂടത്തിന്റെ സെൻസെർഷിപ്പിനെ മറികടന്ന് കവിതകൾ എഴുതിയത് എങ്ങനെയാണ്?

ഉത്തരം : എന്നെ രണ്ട് പ്രാവശ്യം കൈംബ്രാഞ്ച് ചോദ്യം ചെയ്തു. അടിയന്തരാവസ്ഥയിൽ ഞങ്ങൾ യെനൻ' എന്ന മാസികപുറത്തിറക്കി, വി.സി. ശ്രീജനായിരുന്നു എഡിറ്റർ. മാസികയുമായിബന്ധപ്പെട്ട എല്ലാപേരെയും അറസ്റ്റ്ചെയ്തു എന്നെയും അറസ്റ്റ്ചെയ്ത് ചോദ്യംചെയ്തു. ഇരിങ്ങാലക്കുടയിലെ ഞാൻ താമസിച്ചിരുന്ന വീടിന് എപ്പോഴും പോലീസ് നിരീക്ഷണം ഉണ്ടായിരുന്നു. ആരൊക്കെയാണ് വരുന്നത് എന്ന് അവർ സൂക്ഷ്മമായി നിരീക്ഷിച്ചിരുന്നു. എനിക്ക് വന്നിരുന്ന കത്തുകൾ അവർ പോസ്റ്റ്ഓഫീസിൽപോയി പരിശോധിക്കുമായിരുന്നു. അടിയന്തരാവസ്ഥ കഴിഞ്ഞിട്ട് തൃശ്ശൂർ നടവരമ്പിൽ ഒരുതൊഴിലാളിസമരത്തെ പോലീസ് അടിച്ചൊതുക്കി. പോലീസിന്റെ ഈ ആക്രമണത്തെ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വലിയഒരുമാർച്ച്സംഘടിപ്പിച്ചു. സിവിക് ചന്ദ്രനും ആ മാർച്ചിൽ ഉണ്ടായിരുന്നു. ആ പ്രതിഷേധ പ്രകടനത്തെ പോലീസ് തല്ലിചതച്ചു. ഞങ്ങൾക്ക് എതിരെ പോലീസ് കേസ്സെടുത്തു. ഒരു മാസം കഴിഞ്ഞ് രാവിലെ അഞ്ച് മണിക്ക് പോലീസ് എന്റെ വീട് വളഞ്ഞ്എന്നെ അറസ്റ്റ്ചെയ്തു. എന്നെ കോർട്ടിൽ പ്രൊഡ്യൂസ് ചെയ്തു. മേഘനാഥനായിരുന്നു വക്കീൽ. കാർത്തികേയൻ, സദാശിവൻ എന്നിവരെയും അറസ്റ്റ് ചെയ്തു. കോടതി എന്നെ വെറുതെ വിട്ടു. സാധാരണ പ്രതി

ഷേധങ്ങളെ ഇങ്ങെനെ അറസ്റ്റ് ചെയ്യാൻ പാടില്ല എന്ന് പറഞ്ഞുകൊണ്ടാണ് കോടത് കേസ്സ് തള്ളിയത്. ഞങ്ങളുടെ പ്രവർത്തനത്തിന് ശേഷം രൂപപ്പെട്ട ജോൺഎബ്രഹാമിന്റെ സിനിമകൾ എല്ലാം സംസ്കാരിക വേദിയുടെ തുടർച്ച തന്നെയാണ്. അടിയന്തരാവസ്ഥയിൽ ഞാൻ എഴുതിയ ' നിഷ്പക്ഷത' എന്ന കവിത അനുവദിച്ചില്ല, എല്ലാ പത്രങ്ങളും മാസികളും അടുത്ത സെൻസെറിംഗിന് വിധേയമാക്കിയിരുന്നു. പിന്നീട് കാക്കനാടന്റെ നേതൃത്വത്തിൽ പുറത്തിറങ്ങിയ സെൻസെറിംഗ് വളരെ കുറഞ്ഞ മലയാള നാട് എന്ന മാസികയിലാണ് കവിത അച്ചടിച്ച് വന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന കവിതകളെ സമാഹരിച്ച് ഒരു പുസ്തകമായി പുറത്തിറക്കാൻ തീരുമാനിച്ചു. 'സ്വാതന്ത്ര്യഗീതങ്ങൾ' എന്നായിരുന്നു ആ സമാഹാരത്തിന്റെ പേര് എന്നാൽ സർക്കാർ ആ പേര് അനുവദിച്ചില്ല. കെ. ജി. ശങ്കരപിള്ളയായിരുന്നു എന്നെ സംസ്കാരിക വേദിയിലേക്ക് കൊണ്ട് വന്നത്. സാധാരണക്കാരുടെ ഇടയിൽ ചെല്ലുന്നതിനും കവിത പ്രചരിപ്പിക്കുന്നതിനും വേണ്ടി ഞാൻ എഴുതിയ കവിതകളാണ് പുലയപ്പാട്ടും പറയപ്പാട്ടും.

**അഭിമുഖം 3**

**ജനകീയസംസ്കാരികവേദിയുടെ പ്രധാനപ്പെട്ട നാടകമായ അമ്മയിൽ പ്രധാന കഥാപാത്രം അവതരിപ്പിച്ച സ്റ്റെല്ലയുമായി (സിനിമ, സീരിയൽ, അഭിനയിത്രി) നടത്തിയ അഭിമുഖം**

ചോദ്യം : പേര് ?

ഉത്തരം : സ്റ്റെല്ല, ഇലിപ്പോട്, തിരുവനന്തപുരം

ചോദ്യം : ജനകീയസംസ്കാരികവേദിയുടെ അംഗമായിരുന്നല്ലോ, മുഖ്യധാര രാഷ്ട്രീയപാർട്ടികളെയും ഭരണക്കൂടത്തെയും അതിശക്തിയായി എതിർത്തനാടകങ്ങളുടെ ഭാഗമായിരുന്നല്ലോ ആഅനുഭവം ഒന്ന് വ്യക്ത മാക്കാമോ?

ഉത്തരം : അടിയന്തരാവസ്ഥയ്ക്ക്മുമ്പ്തന്നെ സിവിക് ചന്ദ്രൻ, മധുമാസ്റ്റർ എന്നി വരുടെ കൂടെ തെരുവ്നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. പോലീസിന്റെ കണ്ണ്വെട്ടിച്ച് മധുമാസ്റ്റർ പല വേഷങ്ങളിലാണ് സഞ്ചരിക്കുന്നത്. ജന കീയസംസ്കാരികവേദിയുടെ ഭാഗമായതിന്റെപേരിൽ എന്റെവീട്ടിൽ പല പ്പോഴും പോലീസിന്റെ റെയ്ഡ് ഉണ്ടായിട്ടുണ്ട്. അമ്മ നാടകത്തിൽ അഭി നയിക്കുമ്പോൾ സ്റ്റേജിൽ പ്രോപ്പർട്ടിഒന്നുംഉണ്ടാകില്ല, എല്ലാം മൈം ആണ്. ജോയിമാത്യൂ എന്റെ മകനായിട്ടാണ് അഭിനയിക്കുന്നത്. പാബ്ലോ നെരൂദയുടെ കവിതയും നാടകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. മധു മാസ്റ്റർ സംവിധാനംചെയ്ത സ്പാർട്ടക്കാസ്, വെള്ളക്കാരൻ നീഗ്രോ എന്നീ നാടകത്തിലും അഭിനയിച്ചിട്ടുണ്ട്. സിവിക് ചന്ദ്രന്റെ 'എം.എൻ. എ' എന്ന നാടകം ഗറില്ലാമോഡലിൽ അവതരിപ്പിച്ച ഒരുനാടകംആയിരുന്നു. ഒരുഖദർധാരിയെ നാട്ടുകാർ ഓടിച്ചിട്ട്പിടിക്കുന്നടുത്ത് നിന്നാണ് നാടകം ആരംഭിക്കുന്നത്. ജനങ്ങൾ എപ്പോഴും നാടകത്തിൽ ഇടപെ ടാറുണ്ട്, അവർക്കറിയില്ല ഇത് നാടകമാണെന്ന്. മനോധർമ്മ അഭിനയം തന്നെയാണ് ആ നാടകത്തിൽ ഉപയോഗിച്ചത്. ഞങ്ങൾ ഒരു സ്ഥലത്ത്

പെട്ടെന്ന് ചെല്ലും എന്നിട്ട് നാടകം അവതരിപ്പിക്കും അവതരണത്തിനു ശേഷം ഞങ്ങൾ ആൾക്കൂട്ടത്തിൽ മറയും. ഒരോ സ്ഥലത്തെ സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങളാണ് ആ നാടകത്തിലൂടെ അവതരിപ്പിച്ചത്. ഞങ്ങളെ നിരീക്ഷിക്കാൻ എപ്പോഴും നീലകണ്ഠൻമാർ (പോലീസ്) ഉണ്ടാകും.

ചോദ്യം : നിങ്ങളുടെ നാടകപ്രവർത്തനങ്ങളെ രാഷ്ട്രീയപാർട്ടികളോ, പോലീസോ തടസ്സപ്പെടുത്തിയിട്ടുണ്ടോ?

ഞങ്ങളുടെ പിന്നാലെ എപ്പോഴും പോലീസ് ഉണ്ടായിരുന്നു. ഞങ്ങൾക്ക് മേക്ക്അപ്പ് (Make up) ഒന്നുമില്ലാത്തതിനാൽ അവർക്ക് പെട്ടെന്ന് ഞങ്ങളെ തിരിച്ചറിയാൻ കഴിയില്ല. നാടകം അവതരിപ്പിച്ച് കഴിഞ്ഞാൽ പലവഴികളിലൂടെ ഞങ്ങൾ മാറികളയും. കോഴിക്കോട് വച്ച് നാടകം അവതരിപ്പിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ ഞങ്ങളെ ഓടിച്ചു. എന്റെ ഭർത്താവായ എ.സി.കെ. രാജയെ അവർ തല്ലിചതച്ചു. ഞങ്ങൾ പ്രതിഷേധറാലി നടത്തിയപ്പോഴും കുറേആളുകൾ ഞങ്ങളെ ആക്രമിക്കാൻ ശ്രമിച്ചു.

## അഭിമുഖം 4

## സി.പി.ഐ (എം. എൻ) ന്റെ വിദ്യാർത്ഥി സംഘടനയായ വിപ്ലവവിദ്യാർത്ഥി സംഘടനയുടെ അംഗമായിരുന്ന ജെ. രഘുവുമായി നടത്തിയ അഭിമുഖം

**(4-6-2019. 10 am)**

ചോദ്യം : പേര് ?

ഉത്തരം : ജെ. രഘു, A.K 58, പി.റ്റി.പി നഗർ, തിരുവനന്തപുരം

ചോദ്യം : കേരളത്തിലെ കലാസാഹിത്യമണ്ഡലത്തിൽ സംസ്കാരികവേദിയുടെ സ്ഥാനം എന്താണ്?

ഉത്തരം : പാർട്ടിയുടെ തീരുമാനം അനുസരിച്ചാണ് ജനകീയസംസ്കാരികവേദി ഉണ്ടാക്കിയത്. സച്ചിദാനന്ദനും കെ.ജി. ശങ്കരപിള്ളയും, കടമനിട്ട രാമകൃഷ്ണനും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും സപ്പോർട്ട് സംസ്കാരികവേദിയെ മികവുള്ളതാക്കി. ഇടത്പക്ഷ ആശയത്തോട് താൽപ്പര്യമില്ലാത്തവരും സംസ്കാരികവേദിയുടെ ഭാഗമായി പ്രവർത്തിച്ചിട്ടുണ്ട്. പാഠപുസ്തകത്തിൽ നിന്ന് കവിതകൾ പബ്ളിക്ക് സ്പെയിസിൽ അവതരിപ്പിച്ചത് സാംസ്കാരിക വേദിയാണ്. ഞങ്ങളെ അറസ്റ്റ് ചെയ്തു. ജനകീയസംസ്കാരികവേദിയുടെ ഏറ്റവും ശ്രദ്ധേയമായ നാടകം നാടുഗദ്ദികയാണ്. കല ജനകീയമാക്കിയത് സംസ്കാരിക വേദിയിലൂടെയാണ്. കേരളത്തിലെ ബുദ്ധി ജീവികളുടെ ഒരു ക്രീം തന്നെയായിരുന്നു ജനകീയസംസ്കാരിക വേദി

## അഭിമുഖം 5

## കേരള സാഹിത്യഅക്കാദമി അവാർഡ് ജേതാവും നാടകപ്രവർത്തകനും ആക്റ്റിവിസ്റ്റുമായ കെ. ജെ. ബേബിയുമായി നടത്തിയ അഭിമുഖം

**(28-11-2018 : 2 Pm)**

ചോദ്യം : പേര്?

ഉത്തരം : കെ.ജെ. ബേബി, കനവ്, നടവയൽ, പനമരം, വയനാട്

ചോദ്യം : നാടുഗദ്ദിക എന്ന നാടകത്തിന്റെ പ്രസക്തി എന്താണ്? എങ്ങനെയാണ് ആദിവാസി ഊരുകളിൽ നിന്ന് ഈ നാടകം രൂപപ്പെട്ടത്?

ഉത്തരം : വയനാട്ടിലെ ആദിവാസികളുടെ ഇടയിൽ സാക്ഷരതപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് അവരുമായി കൂടുതൽ അടുക്കാൻ കഴിഞ്ഞത്. എന്റെ വീട്ടിൽ പണിസാധനങ്ങൾ വയ്ക്കുന്ന മുറിയിലാണ് സാക്ഷരതാപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഞാൻ അന്ന് മുടിയൊക്കെ വളർത്തി ഒരു ഹിപ്പിയായിരുന്നു. എന്നെ കാണുമ്പോൾ ആദിവാസികുട്ടികൾ കൗതുകത്തോടെ നോക്കി നിൽക്കും, ആ കുട്ടികളെ വച്ചാണ് ഈ ആദ്യ സാക്ഷരത പ്രവർത്തനങ്ങൾ നടത്തിയത്. ഞങ്ങൾ കണ്ണൂരിൽനിന്ന് വയനാട്ടിലേയ്ക്ക് വന്നവരാണ്. വയനാട്ടിലെ തിരുനെല്ലിയിൽ ഞങ്ങൾ താമസിച്ച വീടിന്റെ എതിർവശത്ത് വയലാണ്, വയലിന്റെ അപ്പുറത്ത് ട്രൈബൽ കോളനിയാണ്. രാത്രിയിൽ അവിടെ നിന്ന് തുടിയുടെ ശബ്ദം കേൾക്കാം. ആ തുടിയുടെ ശബ്ദമാണ് എന്നെ അവിടേയ്ക്ക് എത്തിച്ചത്. അവിടെ ഒരു മൂപ്പൻ ഉണ്ടായിരുന്നു. അവരുടെ ഭാഷ വേറെയാണ് വേഷം വേറെയാണ് എനിക്ക് അവരോട് വലിയ താൽപ്പര്യം തോന്നി. ഇവരെക്കുറിച്ച് നാട്ടുകാർ വളരെ മോശമായിട്ടാണ് സംസാരിക്കുന്നത്, ഇപ്പോഴും ഗ്രാമങ്ങളിലേയ്ക്ക് പോയാൽ ഇവരെക്കുറിച്ച് നല്ലതൊന്നും ആളുകൾ പറ

യില്ല. ഞാനും പലപ്പോഴും ആലോചിക്കും ഞാൻ എങ്ങനെയാണ് ഇവരുടെ ഇടയിലേക്ക് എത്തിയതെന്ന്. മൂപ്പൻമാരുമായിട്ടുള്ള ബന്ധത്തിലൂടെയാണ് ഇവരുടെ പാട്ടുകളും കഥകളും ലഭിക്കുന്നത്. മൂപ്പൻമാരിൽ നിന്നാണ് മുറിഞ്ഞ് മുറിഞ്ഞ് കിടക്കുന്ന മാവേലിക്കഥ ലഭിക്കുന്നത്. ഞാൻ ആദ്യം വിചാരിച്ചത് സാക്ഷരത ക്ലാസ്സ് എന്ന് പറയുമ്പോൾ ഇവര് ചാടി വീഴും എന്നായിരുന്നു. പക്ഷേ, അവര് അടുത്തില്ല, അതിനൊരു രാഷ്ട്രീയമുണ്ട്. ഈ മലയാളം എന്ന് പറയുന്നത് അവരുടെ ഉടയോരുടെ ഭാഷയാണ്. ഈ ലാംഗേജിനോട് അവർ പെട്ടെന്ന് അടുക്കില്ല. അപ്പോ ഞാനെന്റെ അക്ഷരപരിപാടി നിർത്തി സംഗീതം തുടങ്ങി. വയനാട് ഭജനപ്പാട്ടുകൾ ആദിവാസികളിൽ നിന്ന് പഠിച്ചു, പാട്ടിനകത്തൂടെ അവരുടെ ചരിത്രത്തെയാണ് അവതരിപ്പിക്കുന്നത്. വയനാടൻ പാട്ടുകളും ഞാൻ എഴുതിയ കുറേപാട്ടുകളുമായി 1975ൽ വർണ്ണക്ഷേത്ര എന്ന സംഘടന മാനന്തവാടിയിൽ നടത്തിയ ഗാനമേള മൽസരത്തിൽ ഞങ്ങൾ തട്ടിക്കൂട്ടിയ സീറോ ആർട്ട്സ് ക്ലബ് പങ്കെടുത്തു. ഇൻസ്റ്റ്റമെന്റ് (Instrument) ഒന്നുമില്ലാതിരിക്കുന്നു, തുടി മാത്രമായിരുന്നു കൈയ്യിൽ ഉണ്ടായിരുന്നത്. ഞങ്ങളെ സ്റ്റേജിൽ കണ്ടപ്പോൾ തന്നെ ആളുകൾ കൂകി തുടങ്ങി. ഞാൻ അവരോട് പറഞ്ഞു ഞങ്ങൾസീറോ ആണെന്ന് എന്നിട്ട് 'നാട് എൻ വീട് വയനാട്' എന്ന് പാട്ട്പാടി. ജനങ്ങൾ ആദ്യമായിട്ടാണ് സ്വന്തം മണ്ണിനെക്കുറിച്ചുള്ള പാട്ട് കേൾക്കുന്നത്, അവർ ഇളകിയാടി. ഞങ്ങളെ ആളുകൾ എടുത്തുയർത്തി. ഒന്നാം സമ്മാനവും ലഭിച്ചു. ഈ സംഘത്തെ വച്ചാണ് ആദ്യ നാടകമായ 'അപൂർണ്ണ' അവതരിപ്പിച്ചത്. ആദിവാസികളുടെ ഊരിൽ സ്റ്റേജ് ഇല്ലാതെ അപൂർണ്ണ അവതരിപ്പിച്ചപ്പോൾ അവരിൽ നിന്ന് കിട്ടിയ പ്രതികരണങ്ങളിൽ നിന്നാണ് തുറന്നവേദി എന്ന ആശയം എനിക്ക് ലഭിക്കുന്നത്. അപൂർണ്ണ എന്ന നാടകത്തെ വികസിപ്പിച്ചാണ് നാടുഗദ്ദിക നിർമ്മിക്കുന്നത്. മിത്തുകളിൽ നിറഞ്ഞ് നിൽക്കുന്ന വയനാടിന്റെ ചരിത്രത്തെയാണ് നാടുഗദ്ദികയിൽ അവതരിപ്പിച്ചത്. രണ്ടരവർഷം കൊണ്ട് ഡവല്പ്പ് ചെയ്ത നാടകമായിരുന്നു, റിഹേഴ്സലെല്ലാം എന്റെ വീടിന്റെ മുറ്റത്തായിരുന്നു. പ്രതികരണശേഷിയില്ലാത്ത ഒരു തലമുറയുടെ പ്രതീകമാണ് നാടകത്തിലെ ലക്ഷ്മണൻ. സ്വന്തം പെങ്ങൾ പീഢനത്തിരയാകുമ്പോൾ അവളെ കുറ്റം പറയുന്ന തലമുറ, കുറച്ച് വിദ്യാഭ്യാസം ചെയ്തിട്ട്

ബുദ്ധിജീവിചമയുന്ന വെറും ഷണ്ഡൻമാരായ ഒരു തലമുറയുടെ പ്രതീകമാണ് ലക്ഷ്മണൻ.

ചോദ്യം : നാടകത്തിന്റെ അറസ്റ്റ്, നിരോധനം എന്നിവയെ കുറിച്ച് വിവരിക്കാമോ?

ഉത്തരം : 1978 മുതലാണ് നാടുഗദ്ദിക കേരളത്തിന്റെ പല ഭാഗങ്ങളിലും അവതരിപ്പിക്കുന്നത്. കേരളത്തിന്റെ തെരുവുകളിൽ അവതരിപ്പിച്ച നാടകത്തെ ജനങ്ങൾ ആവേശത്തോടെയാണ് സ്വീകരിച്ചത്. മാർക്സിസ്റ്റ് പാർട്ടിക്കാരാണ് നാടകത്തിനെതിരെ അക്രമങ്ങൾ നടത്തിയത്. കണ്ണൂരിലെ കല്ലാശ്ശേരിയിൽ നിന്ന് ഞങ്ങൾ സി.പി. എം.ന്റെ അക്രമണത്തിൽ നിന്ന് ഓടി രക്ഷപ്പെട്ടിട്ടുണ്ട്. നാടകം അവതരിപ്പിക്കാൻ അവിടെ എത്തിയപ്പോൾ തന്നെ വലിയ പ്രതിഷേധങ്ങളാണ് ഉണ്ടായത്. വിദ്യാധരൻ എന്ന ആളാണ് അവിടെ നാടകം സംഘടിപ്പിച്ചത്, ഞങ്ങളെ ഒരു വീട്ടിൽ കൊണ്ടാക്കിയിട്ട് പുറത്തിറങ്ങരുതെന്ന് പറഞ്ഞു. അപ്പോഴാണ് ഒരാൾ ഓടി വന്ന് പറഞ്ഞത് മാർക്സിസ്റ്റുകാർ വിദ്യാധരനെ അടിച്ച് ഓടയിൽ ഇട്ടിരിക്കുന്നു എന്ന്. നാടകസംഘത്തെ തല്ലാൻ പാർട്ടികൾ ആയുധങ്ങളുമായി തെരുവിൽനിൽക്കുന്നു എന്നവാർത്തയറിഞ്ഞ് എത്രയുംപെട്ടെന്ന് അവിടെന്ന് രക്ഷപ്പെടാൻ ഞങ്ങൾ തീരുമാനിച്ചു. ആരോ ഏർപ്പാട് ചെയ്ത് ഒരുജീപ്പ് അവിടെവന്നു, ഞങ്ങൾ ജീപ്പിൽ കയറിരക്ഷപ്പെട്ടു. ജംഗ്ഷനിൽ എത്തിയപ്പോൾ ആൾക്കുട്ടം ജീപ്പിനെ തടയാൻ ശ്രമിച്ചു, അതിൽ നിന്ന് രക്ഷപ്പെട്ട് ഞങ്ങൾ തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ എത്തി. 1990 കൾക്ക് ശേഷം 'നാടുഗദ്ദിക' വീണ്ടും അവതരിപ്പിച്ചപ്പോൾ അതിലെ പല രംഗങ്ങളും വളരെ ലൈറ്റ് ആക്കിയാണ് അവതരിപ്പിച്ചത് കാരണം അടി വന്നാൽ നമ്മൾ ഒറ്റയ്ക്ക് തന്നെ കൊള്ളേണ്ടി വരും. ഒരു നാടകം കളിച്ചതിനാണ് ഞങ്ങളെ അറസ്റ്റ് ചെയ്തത് ജയിലിൽ അടച്ചത്. ഞങ്ങളെ സഹായിക്കാൻ വാസുവേട്ടൻ (ഗ്രോവാസു) ഒഴികെ വേറെയാരും ഇല്ലായിരുന്നു.

ഞങ്ങളെ അറസ്റ്റ് ചെയ്തതിനെ കുറിച്ച് സംസ്കാരികനായകരോ ബുദ്ധിജീവികളോ ആരുംപ്രതികരിച്ചില്ല. എം.പി. വീരേന്ദ്രകുമാർ മാത്രമാണ് ഞങ്ങൾക്ക് വേണ്ടി സംസാരിച്ചത്. അറസ്റ്റ്ചെയ്ത സർക്കാരിനോട് അദ്ദേഹം പറഞ്ഞു അവർ നാടുഗദ്ദിക അവതരിപ്പിച്ചെങ്കിൽ നിങ്ങൾ കാട്ടു

ഗദ്ദിക കളിക്കണം എന്നാണ്. അറസ്റ്റ് ചെയ്ത് ജയിലുനുള്ളിൽ ആക്കിയപ്പോഴും അതിനുള്ളിലെ തടവുകാർക്ക് വേണ്ടി ഞങ്ങൾ നാടകം അവതരിപ്പിച്ചു. വിചാരണവേളയിലും ഞങ്ങൾ പാട്ടുകൾ പാടി, നാടകത്തിലെ സംഭാഷണങ്ങൾ വിളിച്ചു പറഞ്ഞു. എന്തായാലും റിമാൻഡ് ചെയ്തത് നന്നായി അല്ലെങ്കിൽ വയനാട് മഠത്തിൽ മത്തായിയെ നക്സൽ പ്രവർത്തകർ കൊലപ്പെടുത്തിയകേസ്സിൽ പോലീസ് ഞങ്ങളെകുടിക്കിയേനേ.

ചോദ്യം : ജയിൽ ശിക്ഷയ്ക്ക് ശേഷം എന്തായിരുന്നു പ്രവർത്തനങ്ങൾ? ജയിലും നിരോധനവും അറസ്റ്റും താങ്ങളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളെ എത്തരത്തിലാണ് ബാധിച്ചത്?

ഉത്തരം : ജയിൽ ഒരു വലിയ യൂണിവേഴ്സിറ്റിയാണ് പുറത്ത് വലിയ വിപ്ളവം നടത്തിയവർ ജയിലിനുള്ളിലായപ്പോൾ ഒരു തുണ്ട് ബീഡിയ്ക്ക് വേണ്ടി, ഒരു ഉരുളചമ്മന്തിയ്ക്കു വേണ്ടി, അടിക്കൂടുന്ന കാഴ്ചയാണ് കണ്ടത്. ജയിലിൽ നിന്ന് പുറത്ത്വന്നപ്പോൾ ആകെഒറ്റപ്പെട്ട അവസ്ഥയായിരുന്നു. വർഷങ്ങൾ നീണ്ട വിചാരണയുടെ ഫലമായി നാടകത്തിൽ അഭിനയിച്ച എല്ലാവരുടെയും ജീവിതം വലിയ ദുരിതത്തിലായി. നാടകത്തിൽ അഭിനയിച്ചവരുമായുള്ള ബന്ധം നഷ്ടപ്പെട്ടു. ഞാൻ അവരെ കുടുക്കിയെന്ന് അവരുടെ ബന്ധുക്കളെങ്കിലും വിചാരിച്ച് കാണണം. അവരുടെ ഊരുകളിലേയ്ക്ക് ഞാൻ പിന്നീട് പോയിട്ടില്ല. മനുഷ്യാവകാശപ്രവർത്തകനായ മുകുന്ദൻ സി മേനോൻ എന്നെകാണാൻവന്നിരുന്നു നഷ്ടപരിഹാരത്തിന് കേസ്സ്കൊടുക്കണംഎന്ന് അദ്ദേഹം വാദിച്ചു ഞാൻ പറഞ്ഞു ഇനി ഒന്നിന്റെയും പുറകേ നടക്കാൻ വയ്യെന്ന്. അന്ന് സോഷ്യൽ വീഡിയ ഒന്നും ഇല്ലായിരുന്നല്ലോ. ഒരാളെ നക്സൽ എന്ന് പോലീസുകാർ പറഞ്ഞാൽ അയാൾ നക്സൽ തന്നെ ഇപ്പോഴാണെങ്കിൽ ആളുകളെ പഴയപോലെ കുടുക്കാൻ കഴിയില്ല. ആദിവാസികൾ അഭിനയിച്ച നാടകം, 'പയ്ക്കിഞ്ചോ' എന്ന് വിളിച്ചതിനാണ് എന്നെ അറസ്റ്റ് ചെയ്തത്. ആഴ്ചയിൽ രണ്ട് പ്രാവശ്യം കമ്പളക്കാട് സ്റ്റേഷനിൽ പോയി ഒപ്പിടണം. ഞാൻ മാനസികമായി അസ്വസ്ഥനായി. എന്റെ പ്രവർത്തനങ്ങളെ ഇപ്പോഴും പോലീസ് നിരീക്ഷിക്കുന്നുണ്ട്. നാടുഗദ്ദിക കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പഠിക്കാനുണ്ടന്നോ, എനിക്ക് കേരളസാഹിത്യഅക്കാദമി അവാർഡ് കിട്ടി

യെന്നോ അവർക്കറിയില്ല. ശരിക്കും ഞാൻ നാട്ടുകാരിൽ നിന്നും ഒറ്റപ്പെട്ടു. വയനാട്ടിന് പുറത്തുള്ളവർ നമ്മളെ അംഗീകരിക്കുമ്പോഴും നാട്ടുകാർ സംശയത്തിലാണ് വീക്ഷിക്കുന്നത്.

ചോദ്യം : നാടുഗദ്ദിക വീണ്ടും അവതരിപ്പിക്കാൻ തീരുമാനിച്ചത് എപ്പോഴാണ്?

ഉത്തരം : വിചാരണ അവസാനിച്ച് കുറെ കാലം ഞാൻ യാത്ര, പഠന അങ്ങനെ കഴിഞ്ഞുകൂടി. 1990കൾക്ക് ശേഷം സ്ക്കൂളിൽനിന്ന് ഡ്രോപ്പ്ഔട്ട് ആക്കുന്ന ആദിവാസി കുട്ടികളെ പഠിപ്പിക്കുന്നതിന് വേണ്ടി എന്റെ ഭാര്യ ഷെർലിയും ഞാനുംകൂടി വീടിന്റെമുറ്റത്ത് ക്ലാസ്സുകൾആരംഭിച്ചു. ഇതാണ് പിന്നീട് കനവായി മാറിയത്. 'മാവേലിമന്റം' എന്ന നോവൽ വായിച്ചവർ നാടുഗദ്ദികയെന്ന നാടകം കാണണം എന്ന് ആഗ്രഹം പ്രകടിപ്പിച്ചതിന്റെ ഭാഗമായി കനവിലെ കുട്ടികളെ വച്ചാണ് 'നാടുഗദ്ദിക' രണ്ടാമതും അവതരിപ്പിച്ചത്' 'മഞ്ഞുമലൈമക്കൾ' എന്ന കനവിലെ കുട്ടികളുടെ സംഘമാണ് 'നാടുഗദ്ദിക' രണ്ടാമത് അവതരിപ്പിച്ചത്. നാടുഗദ്ദിക പ്രെസന്റിൽ (Present) നിൽക്കുന്നു, അത്, എപ്പോൾ വേണമെങ്കിലും തുടരാം, ഹിസ്റ്ററിയെ (history)വീണ്ടും കൂട്ടിച്ചേർക്കാൻ കഴിയും. അങ്ങനെ എപ്പോഴും വികസിക്കാൻ കഴിയുന്ന നാടകമാണ്. ഈ നാടകം തീരുന്നില്ല. നാടുഗദ്ദികയുടെ തുടർച്ചയാണ് കനിവ്. 'അമ്മയും നൻമയും ഒന്നാണ് നമ്മളും നിങ്ങളും ഒന്നാണ്' എന്ന് പാടാൻ കഴിയും എന്നാൽ അത് ഉണ്ടാക്കാൻ പറ്റണം അല്ലെങ്കിൽ പറഞ്ഞിട്ട് കാര്യമില്ല. നമുക്ക് എന്തും എഴുതാം പക്ഷേ അത് ജീവിതത്തിൽ കൊണ്ട് വരാൻ പാടാണ്. ഒരു ചെടി നടാൻ ആർക്കും താൽപ്പര്യമില്ല എല്ലാവർക്കും പൂക്കൾ മതി.

## അഭിമുഖം 6

## നാടുഗദ്ദികയിൽ തമ്പുരാൻ എന്ന പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച ഔസേപ്പച്ചൻ (ഔസേപ്പ് കുഞ്ഞ്) മായി നടത്തിയ അഭിമുഖം

**(27-11-2020. 10 P.m)**

ചോദ്യം : പേര് ?

ഉത്തരം : ഔസേപ്പ് കുഞ്ഞ്, പാതിരിയമ്പം, നടവയൽ പി.ഒ, വയനാട്

ചോദ്യം : നാടുഗദ്ദിക 1980 കളിലും 1990 കൾക്ക് ശേഷവും അവതരിപ്പിച്ചപ്പോൾ ആ നാടകത്തിന്റെ ഭാഗമായിരുന്നുവല്ലോ താങ്ങൾ, നാടകത്തിന്റെ അവതരണം, അറസ്റ്റ്, വിചാരണ എന്നിവയെകുറിച്ച് വിവരിക്കാമോ?

ഉത്തരം : മ്യൂസിക് ചെയ്യാനാണ് ബേബി ആദ്യം എന്നെ വിളിച്ചത്. ഞാൻ ആദ്യ നാടകമായ അപൂർണ്ണയിൽ വയലിൻ വായിക്കാനാണ് എത്തിയത്. ആ നാടകത്തിലെ തമ്പുരാൻ എന്ന കഥാപാത്രം അവതരിപ്പിച്ചുകൊണ്ടിരുന്ന പനമരത്തെ മൊയ്ദീൻ ആനാടകത്തിന് നിന്ന് മാറി, അങ്ങനെയാണ് ഞാൻ തമ്പുരാനായി അഭിനയിച്ചത്. നാടകം കണ്ട ആളുകൾ എന്നെ ഇപ്പോഴും തമ്പുരാനെന്നാണ് വിളിക്കുന്നത്. ബേബിയുടെ വീടിന്റെ മുറ്റത്ത് തന്നെയായിരുന്നു നാടകത്തിന്റെ റിഹേഴ്സൽ

ചോദ്യം : നാടകസംഘത്തെ എപ്പോഴാണ് അറസ്റ്റ് ചെയ്തത്? നാടകയാത്ര വിവരിക്കാമോ?

കോഴിക്കോട് പൊറ്റമൽ വർഗ്ഗീസ് സ്മാരക ബുക്ക് സ്റ്റാളിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി രണ്ട് ദിവസത്തെ സംസ്കാരിക പരിപാടികൾ നടത്താനായിരുന്നു സംഘാടകർ തീരുമാനിച്ചിരുന്നത്. ഒന്നാമത്തെ ദിവസം നാടുഗദ്ദിക ടീമിന്റെ പാട്ടും, നാടകവും, മൈക്ക് ഉപയോഗിക്കാൻ പോലീസ് അനുവാദം തന്നില്ല. ഞങ്ങൾ അതിനെ അവഗണിച്ച് കൊണ്ട് പരിപാടി അവതരിപ്പിക്കാൻ തീരുമാനിച്ചു. കെട്ടിയുണ്ടാക്കിയ സ്റ്റേജിൽ നാടുഗദ്ദിക സംഘത്തിന്റെ പാട്ട് ആരംഭിച്ചു

പിന്നരങ്ങിൽ ഞാൻ മേക്ക്അപ്പ് (Make up) ചെയ്യുകയായിരുന്നു. പെട്ടെന്ന് പോലീസുകാർ ചാടിവീണ് മൈക്ക് തട്ടിപറിക്കാൻ ശ്രമിച്ചു, പാർട്ടി പ്രവർത്തകർ പെട്ടെന്ന് തന്നെ ആപ്ലിഫയറും, മൈക്കും അവിടെ നിന്ന് മാറ്റി. പോലീസ് കാഴ്ചക്കാർക്കു നേരെയും ഞങ്ങൾക്കു നേരെയും ലാത്തി ചാർജ്ജ് ചെയ്തു. മീനങ്ങാടി മുരളീ മാഷിന് പോലീസിന്റേന്ന് നല്ല അടികിട്ടി. ഞങ്ങൾ ഉടൻ തന്നെ കോസ്റ്റ്യൂ സഞ്ചിയിൽ ഇട്ട് പതുക്കെ കാണികളുടെ ഇടയിൽ മറഞ്ഞു. പോലീസ് അപ്പോഴും ഞങ്ങളെ തപ്പുകയായിരുന്നു. കോഴിക്കോടുള്ള മോഹൻ ഞങ്ങളുടെ നാടകവുമായി സഹകരിച്ചിട്ടുണ്ട്. അയാൾ ഞങ്ങളുടെ നാടകത്തിൽ ഉപയോഗിക്കുന്ന കൊടികൾ മാറ്റുന്നതിനിടയിൽ പോലീസ് അറസ്റ്റ് ചെയ്തു. സ്റ്റേജ് പോലീസ് അടിച്ച് തകർത്തു, നാടകത്തിന് ഉപയോഗിക്കേണ്ട സാധനങ്ങൾ അവർ നശിപ്പിച്ചു. കർട്ടനൊക്കെ വലിച്ച് കീറി. വർഗ്ഗീസ് സ്മാരക ബുക്ക് സ്റ്റാൾ പോലീസ് റെയ്ഡ് ചെയ്തു. ബേബിയെയും പോലീസ് അറസ്റ്റ് ചെയ്തു. ഞങ്ങൾ പാലാഴിയിലുള്ള ഒരു വീട്ടിൽതങ്ങി. നാടകത്തിൽ ഉണ്ടായിരുന്ന പെൺകുട്ടികളെ മാനന്തവാടിയിലെ വീടുകളിൽഎത്തിച്ചു. ഇതായിരുന്നു ആദ്യത്തെ പോലീസ് ആക്രമണം. പിന്നീട് വടകര, നൻമണ്ട എന്നീ പ്രദേശങ്ങളിൽ നാടകം അവതരിപ്പിച്ചതിന് ശേഷമാണ് കോഴിക്കോട് മുതലക്കുളം മൈതാനത്ത് നാടകം കളിക്കാൻ തീരുമാനിച്ചത്. നാടകം അവതരിപ്പിക്കാൻ അവിടെ പോകുമ്പോൾ തന്നെ പോലീസ് മൈതാനം വളഞ്ഞ് നിൽപ്പുണ്ടായിരുന്നു, എന്നാണ് സംഭവിക്കുന്നത് എന്നറിയാൻ ജനങ്ങൾ തടിച്ച് കൂടി നിൽക്കുകയായിരുന്നു. ഞങ്ങളുടെ സംഘംഎത്തി പാട്ട്പാടി തുടങ്ങിയപ്പോൾ തന്നെ പോലീസ് അറസ്റ്റ് ചെയ്തു. കാണികളെ അവർ ഓടിച്ചു. ഞങ്ങളെ അറസ്റ്റ് ചെയ്ത് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ എത്തിച്ചു. നാടകത്തിലുണ്ടായിരുന്ന പ്രായപൂർത്തിയാവാത്ത പെൺകുട്ടികളെ വെള്ളിമാട്കുന്ന് ബാലമന്ദിരത്തിൽ എത്തിച്ചു. അവിടെ നിന്ന് ഞങ്ങളെ കസബപോലീസ്സ്റ്റേഷനിലേയ്ക്ക് മാറ്റി. പത്രക്കാർ ഞങ്ങളുടെ ഫോട്ടോ എടുക്കാൻ വന്നു ഞങ്ങൾ അനുവദിച്ചില്ല. പിന്നീട് കുന്നമംഗലം മജിസ്ട്രേറ്റിന്റെ വീട്ടിൽ കൊണ്ടുപോയി. മജിസ്ട്രേറ്റിന്റെ

വീട്ടിനു മുന്നിൽ നിന്ന് ഞങ്ങൾ മുദ്രാവാക്യങ്ങൾ വിളിച്ചു. പോലീസ്കാർ ചാർജ്ജ്ഷീറ്റിൽ നാടകപ്രവർത്തകരായ ഞങ്ങളുടെ കുറ്റങ്ങൾ എഴുതിയിരിക്കുന്നത് കേട്ടാൽ ഞെട്ടിപ്പോകും. ഞങ്ങൾ തലവെട്ടാൻ പ്രേരിപ്പിക്കുന്നു, ജനങ്ങളെ ഉൻമൂലനത്തിന് പ്രേരിപ്പിക്കുന്നു, വിപ്ലവഗാനങ്ങൾ കൊണ്ട് അമ്മാനമാടുന്നു, തുടങ്ങിയ കുറ്റങ്ങളാണ് ഞങ്ങൾക്കെതിരെ എഴുതിചേർത്തിരിക്കുന്നത്.

ചോദ്യം : ജയിലിലെ അനുഭവം എന്തായിരുന്നു? ജയിലിനുള്ളിലും നാടകം അവതരിപ്പിച്ചു അല്ലേ?

ഞങ്ങൾ ജയിലിൽ കിടക്കുമ്പോൾ വയനാട്ടിലെ പോലീസുകാർ നക്സൽ മഠത്തിൽ മത്തായിയുടെ ഉൻമൂലന കേസ്സു ഞങ്ങളുടെ തലയിൽ വയ്ക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. തടവുകാർക്ക് ഞങ്ങളോട് വലിയ സ്നേഹമായിരുന്നു കാരണം ഞങ്ങൾ ക്രിമിനൽ കുറ്റംചെയ്തിട്ടല്ല അങ്ങോട്ട്എത്തിയത്, നാടകം കളിച്ചതിലാണ് ഞങ്ങൾ ജയിലിലായത്. ആ ജയിലിനുള്ളിൽ ഞങ്ങൾ പാട്ടുകൾ പാടി, രാഷ്ട്രീയപ്രസംഗങ്ങൾ നടത്തി. തടവുകാർ നാടകം കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. ജയിലിലെ ഉദ്യോഗസ്ഥർ അറിയാതെ നാടകം കളിക്കാൻ ഞങ്ങൾ തയ്യാറായി. രാവിലെ തടവുകാരെ പ്രാഥമിക ആവശ്യങ്ങൾക്കായി തുറന്ന്വിടുന്നസമയത്ത് നാടകംകളിക്കാം എന്ന് തീരുമാനിച്ചു. വളരെ രഹസ്യമായി തടവുകാരെ ഞങ്ങൾ കൂട്ടി, ബേബി കുറച്ച് വാക്കുകൾ പറഞ്ഞു. ഒരു മണിക്കൂർ കൊണ്ട് നാടകം അവതരിപ്പിച്ച് തീർത്തു. ജയിലിനുള്ളിൽ നാടകം അവതരിപ്പിച്ച വാർത്തകൾ പത്രത്തിൽ വന്നതോടെ ജയിൽ വാർഡനെതിരെ അന്വേഷണം ഉണ്ടായി. വാസു വേട്ടൻ ഇടയ്ക്കിടയ്ക്ക് ഞങ്ങളെ കാണാൻ വരും. മൂന്നമാസത്തോളം ജയിലിൽ ഞങ്ങൾ കിടന്നു.

## അഭിമുഖം 7

## പുൽപള്ളി, തിരുനെല്ലി, തൃശ്ശിലേരി, തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന നക്സൽ കലാപത്തിൽ പങ്കെടുക്കുകയും, നാടുഗദ്ദികയെ നാടകത്തെ കോഴിക്കോടിന്റെ പല ഭാഗങ്ങളിലും സംഘടിപ്പിച്ച എ. വാസുവുമായി (ഗ്രോവാസു) നടത്തിയ അഭിമുഖം (28-10-2018. 4 P.m)

ചോദ്യം : പേര് ?

ഉത്തരം : എ. വാസു (ഗ്രോ വാസു), പൊറ്റമല, കോഴിക്കോട്

ചോദ്യം : നാടുഗദ്ദികയുമായി എപ്പോഴാണ് ബന്ധമുണ്ടാക്കുന്നത്?

ഉത്തരം : 1978 ലാണ് ഞാൻ ബേബിയെ കാണുന്നത് വർഗ്ഗീസ് രക്തസാക്ഷിത്വ ദിനമായ ഫെബ്രുവരി 18-ന് തിരുനെല്ലിൻ വച്ച് നടന്ന പരിപാടിയിൽ ബേബിയുടെ പാട്ടും അവരുടെ സംഘത്തിന്റെ നൃത്തവും ഉണ്ടായിരുന്ന അവിടെവച്ചാണ് ഞാൻ ബേബിയെ പരിചയപ്പെടുന്നത്. കോഴിക്കോടിന്റെ പലഭാഗങ്ങളിലും നാടുഗദ്ദികയെ സംഘടിപ്പിച്ചത് ഞാനാണ്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിന് ശേഷം ബഹുജനങ്ങൾക്കിടയിൽ സ്വാധീനമുണ്ടാക്കാൻ 'നാടുഗദ്ദിക'യ്ക്ക് കഴിഞ്ഞു. പക്ഷേ ബഹുജനകാഴ്ചപ്പാടില്ലാത്തവരാണ് 1946 മുതൽ തൊഴിലാളികളുടെ ഇടയിൽപ്രവർത്തിച്ച കമ്മ്യൂണിസ്റ്റുകാർ. പോലീസിന്റെ ഏജന്റുകളാണ് ഈ നാടകത്തെ നശിപ്പിച്ചത് അല്ലെങ്കിൽ കേരളം മുഴുവൻ വളരേണ്ട നാടകമായിരുന്നു. ജനങ്ങളുടെ പിൻതുണയില്ലാതെ വിപ്ലവം നടക്കുകയില്ല, ജനങ്ങളുമായി ബന്ധമില്ലാത്ത കുറേബുദ്ധിജീവികളുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് സംസ്കാരികവേദി തകർന്നത്. നാടുഗദ്ദിക വളരാതിരിക്കാൻ ആസൂത്രിതമായി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ബേബിയെ പോലുള്ള ഒരു നല്ല സഖാവിനെ കാണാൻ കഴിയില്ല, നല്ല ഭാവനയുള്ളവൻ, നിസ്വാർത്ഥനായ മനുഷ്യൻ, നല്ല ബുദ്ധിയുള്ളവനാണ് ബേബി. നാടുഗദ്ദിക ചരിത്രത്തെ ഭേദിക്കുന്ന ഒരു നാടകമാണ്, വളരെ ലളിതമായി രാഷ്ട്രീയകാരുടെ കാപട്യത്തെ

തുറന്ന് കാണിച്ചു. രാഷ്ട്രീയ ശത്രുക്കളുടെ ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് നാടുഗദ്ദികയെ അറസ്റ്റ് ചെയ്തത്. പൊറ്റമൻവച്ച്നടന്ന അവതരണത്തെ പോലീസുകാരും രാഷ്ട്രീയക്കാരും തടസ്സപ്പെടുത്തുകയും സ്റ്റേജ്അടിച്ച്തകർക്കുകയുംചെയ്തു. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ബേബി വഹിച്ച പങ്ക് വളരെ വലുതാണ്, വളരെ ദീർഘദൃഷ്ടിയോട് കൂടി പ്രവർത്തിക്കാൻ അയാൾക്ക് കഴിഞ്ഞു. പരീക്ഷണങ്ങൾ നടത്താനുള്ള അയാളുടെ കഴിവ് അപാരമാണ്.

**അഭിമുഖം 8**

**1981 മെയ് 22 നാടുഗദ്ദികയുടെ നാടക സംഘത്തെ അറസ്റ്റ് ചെയ്തപ്പോൾ ആ സംഘത്തിന്റെ കൂടെ അറസ്റ്റ് വരിച്ച  സി.പി. ഐ (എം. എൻ) പ്രവർത്തകനുമായ പയ്യോളി കൃഷ്ണനുമായി (ബട്ട് കൃഷ്ണൻ) നടത്തിയ അഭിമുഖം**

**(15.2.2021. 3 P.m)**

ചോദ്യം : അറസ്റ്റ്, ജയിൽ കോടതി, വിചാരണ തുടങ്ങിയ കാര്യങ്ങളെ എത്തരത്തിലാണ് നോക്കികാണുന്നത്?

ഉത്തരം : നാടുഗദ്ദികയുടെ അവതരണത്തെ ഞാൻ വളരെ വിസ്മയത്തോടെയാണ് നോക്കി കണ്ടത്. മൈക്രോഫോൺ ഇല്ലാതെ പാട്ട് പാടി ജനങ്ങളെ കൂട്ടി അവരുടെഇടയിൽ നാടകംകളിക്കുന്നസംഘം, കൃത്യമായ രാഷ്ട്രീയ ബോധമുള്ള മറ്റൊരു നാടകം ഞാൻ കണ്ടിട്ടില്ല. ഞാൻ കോഴിക്കോടിന്റെ എല്ലാ ഭാഗങ്ങളിലും നാടകസംഘത്തിനൊത്ത് സഞ്ചരിച്ചിട്ടുണ്ട്. എത്ര കണ്ടാലും മതിവരാത്ത നാടകം, നമ്മളെ വലിച്ചടുപ്പിക്കുന്ന എന്തോ അപാരമായ ഒരു ശക്തി ആ നാടകത്തിനുണ്ട്. ഞാൻ നാടകത്തിന്റെ കൂടെ സഞ്ചരിക്കുകയും അതിലെ ചെറിയ വേഷങ്ങൾ പിന്നീട് അഭിനയിച്ച് തുടങ്ങി. ഓരോ നാട്ടിൽ എത്തുമ്പോൾ ആ നാട്ടിലെ സഖാക്കൾ നാടകത്തിൽ അഭിനയിക്കാറുണ്ട്. മുതലക്കുളം മൈതാനത്തിൽ നാടകസംഘംഎത്തി പാട്ട്പാടി തുടങ്ങിയപ്പോൾ തന്നെ അറസ്റ്റ് ചെയ്തു, ഞങ്ങളെ വലിയ ഇടിവണ്ടിയിലേയ്ക്ക് അവർ ബലമായി പിടിച്ച് കയറ്റി. ഈ സംഘത്തിനോട് വല്ലാത്ത ശത്രുത പോലീസിന് ഉണ്ടായിരുന്നു. ഞങ്ങളെ കസബ പോലീസ്സ്റ്റേഷനിലേയ്ക്ക് കൊണ്ട് പോയി. ഞങ്ങൾ അവിടെ മുദ്രാവാക്യങ്ങൾ വിളിച്ചു. ഉടനെ തന്നെ ഞങ്ങളെ ജില്ലാ ജയിലിലേക്ക് മാറ്റി. ജയിലിനുള്ളിൽ ഞങ്ങൾ നാടകം കളിക്കാൻ തീരുമാനിച്ചു. ജയിലിലെ അന്തേവാസികളുടെ തോർത്തുകൾ വാങ്ങിച്ച് സ്ത്രീകളുടെ ഡ്രസ്സ് ഞങ്ങൾ ഉണ്ടാക്കി. വളരെ രഹസ്യമായി തടവുകാരോട് ഞങ്ങൾ കാര്യംപറഞ്ഞു. ഒരു ദിവസം രാവിലെ ഞങ്ങൾ ജയി

ലിനുള്ളിൽ നാടകം അവതരിപ്പിച്ചു. പെൺകുട്ടികൾ അഭിനയിച്ച ഭാഗം അഭിനയിച്ചത് ഞാനാണ്. ജയിലർമാർ നാടകം കണ്ട്, നിന്നു, ഞങ്ങളെ തടഞ്ഞില്ല. പിറ്റേ ദിവസത്തെ പത്രത്തിൽ വാർത്ത വന്നു ജയിലിനു ള്ളിൽ നാടകം അവതരിപ്പിച്ചുഎന്ന്. കോടതിയിലെ വിചാരണ വേള യിൽ ഞങ്ങൾ മുദ്രാവാക്യങ്ങൾ വിളിച്ചു. 'നാടകം കളിച്ചതിന് ഞങ്ങളെ എന്തിനാണ് അറസ്റ്റ് ചെയ്തത്'? 'ആശയപ്രചാരണം മൗലീകമായ അവ കാശമാണ്', 'കലാകാരൻമാരോട് നീതി കാണിക്കുക'. ഞങ്ങളുടെ നാടകം നിരോധിച്ചാൽ ഞങ്ങൾ ജയിലിനുള്ളിലും നാടകം കളിക്കും' ഞാനാണന്ന് മുദ്രാവാക്യങ്ങൾ വിളിച്ച് കൊടുത്തത് പോലീസിനെയും ജയിലിനെയും കോടതിയെയും ഭയമില്ലാതെ നേരിട്ട കലാകാരൻമാർ, അതൊരു കാലമായിരുന്നു.

**അഭിമുഖം 9**

**അധ്യാപകനും പി എം ആന്റണിയുടെ സുഹൃത്തായ ബാലചന്ദ്രനുമായി നടത്തിയ അഭിമുഖം** (11-2-2018. 4 P.M)

ചോദ്യം : പേര്?

ഉത്തരം : ബാലചന്ദ്രൻ പി. എം. സെക്രട്ടറി, പി എം ആന്റണി ഫൗണ്ടേഷൻ, മംഗലം, കാഞ്ഞിരംചിറ പി. ഒ, ആലപ്പുഴ

ചോദ്യം : ക്രിസ്തുവിന്റെ ആറാംതിരുമുറിവുമായുള്ള ബന്ധം എന്താണ്?

ഉത്തരം : ക്രിസ്തുവിന്റെആറാംതിരുമുറിവ് പി എം ആന്റണി ആദ്യമായി വായിച്ച് കേൾപ്പിക്കുന്നത് ഞങ്ങൾ കുറച്ചുപേരുടെ ഇടയിലാണ്. നാടകത്തിലെ മ്യൂസിക് ചെയ്തത് ഞാനാണ്. ഞങ്ങളത് ലൈവ് മ്യൂസിക് ഒഴിവാക്കി സറൗണ്ട് സ്റ്റീരിയോ റെക്കോർഡ് മ്യൂസിക് ഉപയോഗിച്ചത്. മോസാട്ടിന്റെയും ബിദൊവന്റെയും മ്യൂസിക്ക് കട്ട് ചെയ്തു ഉപയോഗിക്കുകയായിരുന്നു. ഞങ്ങൾ ഈ നാടകം അവതരിപ്പിച്ച എല്ലാ സ്ഥലങ്ങളിലും നാടകംകഴിഞ്ഞിട്ട് വലിയചർച്ചകൾ നടന്നിരുന്നു. നാടകം ശരിക്കും നന്നായി ക്ലച്ച്പിടിച്ചു, ഒരുപാട് ബുക്കിംഗ് വന്നു ബോംബെയിലും ബാംഗ്ലൂരിലും പൂനെയിലും ഡൽഹിയിലും, അപ്പോൾ നിരോധനത്തിനുള്ള ഒരുലാഞ്ചനപോലും ഇല്ലായിരുന്നു. കരിവള്ളൂരിൽ നാടകം കളിക്കുമ്പോൾ ഓഡിയൻസ് ആവശ്യപ്രകാരം രണ്ടുപ്രാവശ്യം അവതരിപ്പിച്ചു. നാടകത്തിന്റെ സ്ക്രിപ്റ്റ് പോലെയല്ല ആന്റണിയുടെ ഡയറക്ഷൻ. ഇതിനിടയിലാണ് ഈ പള്ളിയും നിരോധനവും ഉണ്ടാകുന്നത്. ആന്റണിയും ഞാനും തൃശ്ശൂരിൽ പോയി ബിഷപ്പ്കുണ്ടുകുളത്തിനെ കണ്ടു, നാടകത്തിന്റെ സ്ക്രിപ്റ്റ് വായിച്ചു കേൾപ്പിച്ചു, ഇതിൽ എവിടെയാണ്ബൈബിളിനെചലഞ്ച് ചെയ്തിരിക്കുന്നതെന്ന് ചോദിച്ചു. സർക്കാരിന് വലിയ ദേഷ്യം ആയി ഓരോ ജില്ലയിലും നാടകം നിരോധിച്ചു. ഞാൻ പങ്കെടുത്ത ഒരു വേദിയിൽ പോലും നാടകത്തിനെതിരെ ആരും ഒരുപരാമർശം പോലും പറഞ്ഞിട്ടില്ല.

ചോദ്യം : നാടക നിരോധനം എങ്ങനെയായിരുന്നു?

ഉത്തരം : ആലപ്പുഴ ജില്ലയിൽ ആണ് ആദ്യം നിരോധിക്കുന്നത്. റിഹേഴ്സൽ നടക്കുമ്പോൾ തന്നെ ഡിവൈഎസ്പിയുടെ ഓഫീസിൽ കൊണ്ടുപോയി സ്ക്രിപ്റ്റ് കാണിച്ചിട്ടുണ്ട്, പിന്നീട് നിരോധനം ഉണ്ടാകുന്നത്. ഹൈക്കോടതി നാടകംനിരോധിച്ചു. ആവിഷ്കാരസ്വാതന്ത്ര്യത്തിനു വേണ്ടി ഞങ്ങൾ വായ്മൂടിക്കെട്ടി കൊണ്ട് പ്രതിഷേധം നടത്തി, ആന്റണി ദേഹമാകെ ചങ്ങലകൾ കൊണ്ട് ബന്ധിച്ചാണ് യാത്രയിൽ പങ്കെടുത്തത്. 'ഗായകന്റെ നാവു പിഴുതെടുക്കുന്നു', 'ഏകലവ്യന്റെ വിരൽ മുറിക്കപ്പെടുന്നു', തുടങ്ങിയ മുദ്രാവാക്യങ്ങൾ ഞങ്ങൾ വിളിച്ചു. പിന്നീട് സോമരാജൻ വധക്കേസുമായി ബന്ധപ്പെട്ട് ആന്റണി ജയിലിലായി.

ചോദ്യം : നാടകത്തിന്റെ വിചാരണ എങ്ങനെ ആയിരുന്നു?

ഉത്തരം : വിചാരണയ്ക്കു ബന്ധപ്പെട്ട രസകരമായ കാര്യം നമ്മുടെ എസ്. ഡി കോളേജിൽപഠിപ്പിച്ചുകൊണ്ടിരുന്ന ഇസ്ത്താക്ക്മാഷ് ആന്റണിക്ക് വേണ്ടികോടതിയിൽ വാദിച്ചു. ഖസാൻദ്സക്കിസിന്റെ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങൾ കോളേജിൽ പഠിപ്പിക്കാൻ ഉള്ളതാണെന്നും ആ നോവലിന്റെ നാടകരൂപംആയ ക്രിസ്തുവിന്റെആറാംതിരുമുറിവ് നിരോധിക്കരുതെന്നാവശ്യപ്പെട്ടു. എനിക്ക് തോന്നുന്നത് നാടകത്തിനെ തിരെ ഇപ്പോഴും നിരോധനം ഉണ്ടെന്നാണ്. ശരിക്കും വി. ടി. ഭട്ടതിരി പ്പാടിന്റെ കാലഘട്ടത്തിലെ ഒരു വിപ്ലവസ്വഭാവമാണ് ആന്റണിക്കുള്ളത്.

ചോദ്യം : ആന്റണിയുടെ നാടകങ്ങളുടെ പൊതു സ്വഭാവം എന്താണ്?

ഉത്തരം : നമ്മൾ വായിക്കുന്നസ്ക്രിപ്റ്റ് അല്ല ആന്റണി സംവിധാനം ചെയ്യുമ്പോൾ വേറെ ലെവലാ. ആന്റണിയുടെ നാടകത്തിൽ അഭിനയിച്ച എല്ലാം സാധാരണ ആൾക്കാരാണ്, ഇവിടെയുള്ള മത്സ്യതൊഴിലാളികൾ. അവരെ ട്രെയിൻ ചെയ്തെടുക്കാൻ പുള്ളിക്കാരൻ കാലൻ ആണ്. ഞാൻ ടെറ റിസ്റ്റ് എന്ന നാടകത്തിൽ അഭിനയിച്ചിട്ടുണ്ട്. ഒരു വെള്ളക്കാരനാ യിട്ടാണ് ഞാൻ അഭിനയിച്ചത് പിന്നെ ആറാം തിരുമുറിവിനെക്കുറിച്ച് നൂറു കണക്കിന് ആൾക്കാരുടെ ഗവേഷണത്തിന്റെ ഫലമാണ് ആ നാടകം. കേസ് കഴിഞ്ഞ് പിന്നെ ആന്റണി നാടകത്തെ വിട്ടു, നാടകം കഴിഞ്ഞു ഇനി അതിന്റെ പുറകെ പോകേണ്ട കാര്യമില്ല എന്ന് ആന്റണി പറഞ്ഞു,

## അഭിമുഖം 10

**ക്രിസ്തുവിന്റെ ആറാംതിരുമുറിവ് എന്ന നാടകം അവതരിപ്പിച്ച ആലപ്പുഴ സൂര്യ കാന്തി തിയേറ്ററിന്റെ സെക്രട്ടറിയും പി.എം. ആന്റണിയുടെ സുഹൃത്തായ ജേക്കബുമായി നടത്തിയ അഭിമുഖം**

**(10.2.2019. 10** P.m**)**

ചോദ്യം : പേര് ?

ഉത്തരം : കെ. ആർ. ജേക്കബ്, കല്ലുപുരയ്ക്കൽ, കാഞ്ഞിരംചിറ പി.ഒ, ആലപ്പുഴ

ചോദ്യം : ക്രിസ്തുവിന്റെ ആറാംതിരുമുറിവ് എങ്ങനെയാണ് രൂപപ്പെട്ടത്?

ഉത്തരം : നാടകം തുടങ്ങുന്നതിന്മുമ്പ് നാല്മാസംമുതൽതന്നെ ബൈബിളിനെ കുറിച്ചുള്ളചർച്ചകൾ ഞങ്ങൾനടത്തി. ആലപ്പുഴ ഭാഗങ്ങളിലെ പല സംസ്കാരിക പ്രവർത്തകരും ബൈബിളിനെ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിച്ചു. ഈ ചർച്ചകളിലാണ് കസാൻദ്സാക്കിന്റെ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങളും ചർച്ച ചെയ്യുന്നത്. ഞങ്ങളുടെ റീഡോഴ്സ് ഫോറത്തിലൂടെയാണ് ഈ നാടകത്തിന്റെ ചർച്ചകൾ ആരംഭിക്കുന്നത്. ബൈബിളിലെ ക്രിസ്തു ദൈവപുത്രനാണ് അത്ഭുതങ്ങൾ കാണിക്കും എന്നാൽ കസാൻദ്സാക്കിന്റെ നോവലിൽ അദ്ദേഹം ഒരു മനുഷ്യനാണ്. മാംസവും ആത്മാവും തമ്മിലുള്ള സംഘർഷമാണ് കസാൻദ്സാക്കിന്റെ മിക്കനോവലുകളിലും പരാമർശിക്കുന്നത്. ആനോവലിൽ നിന്ന് കുറച്ചു ഭാഗവും ബാക്കി പുതിയ നിയമത്തിലെ ചില സന്ദർഭങ്ങളും ചേർത്താണ് നാടകത്തിന് ആവശ്യമായ രംഗങ്ങൾ രൂപപ്പെടുത്തിയത്. കസൻദ്സാക്കിസിന്റെ നോവലിനോട് വിദൂരവിധേയത്വം പുലർത്തുന്ന നാടകമാണ് ക്രിസ്തിവിന്റെ ആറാം തിരുമുറിവ്. നാടക റിഹേഴ്സൽ തുടങ്ങിയപ്പോൾ തന്നെ പോലീസ് വന്നു, സ്ക്രിപ്റ്റ് ആവശ്യപ്പെട്ടു. ഞാനാണ് ആലപ്പുഴ ജില്ലാ ജഡ്ജിക്ക് അടുത്ത് സ്ക്രിപ്റ്റ്കൊണ്ടുപോയികൊടുത്തത്. ഞങ്ങളുടെനാട്ടിൽതന്നെ

ബൈബിൾനാടകങ്ങൾ അവതരിപ്പിച്ചിരുന്ന സെയ്ത്താൻ ജോസഫിന്റെ നാടകസംഘം ഉണ്ടായിരുന്നു. അവരാണ് ക്രിസ്തുവിന്റെ ആറാംതിരുമുറിവിനെതിരെ പരാതികൾ ആദ്യം കൊടുക്കുന്നത്. ആവിഷ്കാരസ്വാതന്ത്ര്യത്തിന് വേണ്ടി ആലപ്പുഴ ജില്ലയിൽ ഞങ്ങൾ വലിയ പ്രകടനം നടത്തി. ആന്റണി ദേഹത്ത്ചങ്ങലകൾ കൊണ്ട്വരിഞ്ഞാണ് പ്രകടനത്തിൽ പങ്കെടുത്തത്.  ആന്റണി എന്നോട് പറഞ്ഞു നീ പുറത്ത് നിന്ന് സഹായങ്ങൾ ചെയ്യണം എന്ന് അതുകൊണ്ട് ഞാൻ അറസ്റ്റ് വരിച്ചില്ല. പ്രകടനത്തിൽ സൂര്യകാന്തി തിയേറ്ററിന്റെ വണ്ടിയും അതിലുണ്ടായിരുന്നസാധനങ്ങളും കോടതിപിടിച്ചെടുത്തു. വണ്ടി പിന്നീട് വിട്ടുകിട്ടി, സാധനങ്ങൾ പലതും നശിച്ചു.

## അഭിമുഖം 11

**നാടകപ്രവർത്തകനും  അധ്യാപകനും കുരിശിന്റെ വഴിയിൽ പിലാത്തോസായി അഭിനയിച്ച കെ.കെ. രാജനുമായി നടത്തിയ അഭിമുഖം**

**(11.09.2020. 12** P.m)

ചോദ്യം : കുരിശിന്റെ കുരിശിന്റെ വഴിയുടെ റിഹേഴ്സൽ, അറസ്റ്റ് തുടങ്ങിയ സംഭവങ്ങളെ വിവരിക്കാമോ?

ഉത്തരം : ആലപ്പാട് എസ്.എൻ.ഡി.പി സമാജത്തിലായിരുന്നു റിഹേഴ്സൽ, അങ്ങനെ റിഹേഴ്സൽ ഒന്നുമുണ്ടായിരുന്നില്ല ഓരോ ദിവസവും കാലികവിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയാണ് നടന്നത്. കിലോമീറ്ററുകൾ സഞ്ചരിച്ച് അവതരിപ്പിക്കേണ്ട ഒരു പുതിയ നാടകരൂപമായിരുന്നല്ലോ, അപ്പോൾ ഓരോ ജംഗ്ഷനിൽ ഏത് വിഷയമാണ് അവതരിപ്പിക്കേണ്ടത്? ജനങ്ങളുമായി എത്തരത്തിലാണ് സംവദിക്കേണ്ടത്? തുടങ്ങിയ കാര്യങ്ങളാണ് ചർച്ച ചെയ്തത്. ഞാൻ പീലാത്തോസ്സായിട്ടാണ് അഭിനയിച്ചത്, നാടകം തുടങ്ങുന്നതിന് മുമ്പ് ഞാൻ ആലപ്പാട് ജംഗ്ഷനിലെ കപ്പേളയുടെ അടുത്തുള്ള കെട്ടിടത്തിന്റെ മുകളിൽ കയറി. എനിക്ക് പീലാത്തോസിന്റെ കോസ്റ്റൂം ഉണ്ടായിരുന്നു. ബാക്കിയുണ്ടായിരുന്നവർക്ക് സാധാരണവേഷമായിരുന്നു. ഞാൻ അവിടെ കയറിനിന്ന് വെള്ളം ഉപയോഗിച്ച് കൈകൾ കഴുകി, താഴെ നിൽക്കുന്ന യേശുവിനെ നോക്കി ‘എന്തിനാണ് ഇയാളെ ഇവിടെ കൊണ്ട് വന്നിരിക്കുന്നത്? ഇയാൾ എന്ത് കുറ്റമാണ് ചെയ്തത്? എന്ന ചോദ്യം ചോദിച്ച് അഭിനയിച്ച് തുടങ്ങിയപ്പോൾ പോലീസുകാർ മുകളിൽ കയറിവന്നു. എന്റെ കൈയിൽ അവർ കടന്നുപിടിച്ചു കഴുത്തിന് പിടിച്ച്തള്ളി അങ്ങനെ ഞങ്ങളുടെ നാടകവതരണത്തെ അവർ നിർത്തിച്ചു, എല്ലാവരെയും അറസ്റ്റ് ചെയ്ത് പോലീസ് വണ്ടിയിൽ കയറ്റി. നാടകം കളിക്കാൻ സമ്മതിക്കില്ലാ എന്ന് കരുതി എന്നാൽ അറസ്റ്റ് ചെയ്യും എന്ന് പ്രതീക്ഷിച്ചില്ല. കേസ്സിൽ ഞാനായിരുന്നു ഒന്നാം പ്രതി പോലീസ് അറസ്റ്റ്

ചെയ്താൽ പ്രശ്നമുണ്ടാക്കരുതെന്നും ബലപ്രയോഗം നടത്തരുതെന്നും ജോസേട്ടൻ പറഞ്ഞിരുന്നു. അറസ്റ്റോ, ലാത്തിചാർജോ, ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചത്. കേസ്സായി കോടതിയിൽ എത്തും എന്നാരും പ്രതീക്ഷി ച്ചില്ല.

ചോദ്യം : അന്തിക്കാട്ട് പോലീസ്സ്റ്റേഷനിലാണല്ലോ ആദ്യം എത്തിക്കുന്നത്? ശരിക്കും അറസ്റ്റും പോലീസും സ്റ്റേഷനും അങ്ങനെ കൊണ്ടിരുന്നു നാടകം തുടർന്നു അല്ലേ?

ഉത്തരം : അതെ, അന്തിക്കാട്ട് പോലീസ്സ്റ്റേഷനിൽ ജനങ്ങൾതടിച്ച്കൂടി. ഒരുനാട്മുഴുവൻ ഞങ്ങളോടൊപ്പം ചേരുകയായിരുന്നു. ഞങ്ങളെ അറസ്റ്റ് ചെയ്ത്കൊണ്ട്പോയവണ്ടിയുടെ പിന്നാലെ ജനങ്ങൾ സഞ്ചരിക്കുകയാ യിരുന്നു. അറസ്റ്റ്ചെയ്ത വാഹനത്തിന്റെ അകത്തുംപുറത്തും മുദ്രാവാ ക്യങ്ങളും പാട്ടുകളും കൊണ്ട് നിറഞ്ഞു.

സ്റ്റേഷനിൽഎത്തിയിട്ട് ഞങ്ങൾ മുട്ട്കുത്തിനിന്ന് ഇവർ ചെയ്യുന്നതെന്തെന്ന് ഇവർക്കറിയില്ല ഇവരോട് രക്ഷിക്കണമേ' എന്ന് പ്രാർത്ഥിച്ചു. അന്തിക്കാട്ട് സ്റ്റേഷന്റെ ചുവരിൽ ആർട്ട്സ്കോളേജിലെ വിദ്യാർത്ഥികളായ മുരളി, സന്തോഷ് എന്നിവർ അവിടെന്ന്കിട്ടിയ കരിക്കട്ടകൾകൊണ്ട് ചിത്ര ങ്ങൾവരച്ചു. സ്റ്റേഷന്പുറത്ത് വലിയപ്രതിഷേധ പ്രകടനങ്ങൾനടന്നു. കെ. ഗോപിനാഥൻ, ഗ്രാമപ്രകാശ് എന്നിവരുടെ നേതൃത്വത്തിൽ പന്തംകൊ ളുത്തിപ്രകടനം എന്നിവനടന്നു. ഞങ്ങളെ ആരാത്രിതന്നെ അയ്യ ന്തോൾസ്റ്റേഷനിലേയ്ക്ക് മാറ്റി. ചില പോലീസ്കാർ വളരെമോശ മായിപെരുമാറി. ആലപ്പാട്ടെജനങ്ങൾ കലാകാരുടെ കൂടെയായിരുന്നു. നല്ലരാഷ്ട്രീയബോധമുള്ള, പ്രബുദ്ധരായ ജനങ്ങളാണ് അവർ. നാടക നിരോധനം സാംസ്കാരികമായ ഒരുഇഷ്യൂ(issue) ആയത്കൊണ്ട്തന്നെ കണ്ടമാനംആളുകൾ പ്രതിഷേധത്തിൽ പങ്കെടുത്തു. നാടക പ്രവർത്ത നത്തെ നന്നായി പ്രോൽസാഹിപ്പിച്ചിരുന്ന നാട്ടുകാരായിരുന്നുഅവർ. കാർത്തികേയനും, സുർജിത്തും സുരേഷ്ബാബുവും, ജോസേട്ടനും അവിടെ ഒരുവലിയനാടകതരംഗംതന്നെരൂപപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളുടെ പ്രവർത്തനങ്ങളെ വളരെ ആവേശത്തോടെയാണ് അവർനോക്കിക്കണ്ടത്. അതിശക്തമായ ഒരു കൾച്ചറൽ വിംഗ് ആലപ്പാടുണ്ടായിരുന്നു.

ചോദ്യം : വിചാരണ ഒരുപാട്വർഷം നീണ്ടു അല്ലേ?

ഉത്തരം : കേസിൽ അൻപത്തിയേഴ്പേർ ഉണ്ടായിരുന്നു വിചാരണയ്ക്ക് എല്ലാവർക്കും ഒരുമിച്ച് വരാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് തന്നെ ജഡ്ജ് കേസ്സിനെ നീട്ടിക്കൊണ്ടുപോയി. അങ്ങനെ കുറേവർഷംനീണ്ടുപോയി. ഒന്നരവർഷം ആ കേസ്സിന്റെ പിന്നാലെ പോയി. പിന്നീട് ഞാൻ നാഷ്ണൽ സ്ക്കൂൾ ഓഫ് ഡ്രാമയിൽ പഠിക്കാൻപോയി.

ചോദ്യം : നാടകപ്രവർത്തനങ്ങളെ എല്ലാ കാലത്തെയും സർക്കാർ അടിച്ചമർത്തിയിട്ടുണ്ട്, ശരിക്കും പ്രതികരണശേഷിയുള്ള നാടകപ്രവർത്തകരെ ഭരണക്കൂടത്തിന് ഭയമാണോ?

ഉത്തരം : നാടകംകളിക്കുന്നതിനെതിരെ എല്ലാസർക്കാരും വളരെക്രൂരമായി പ്രവർത്തിച്ചിട്ടുണ്ട്. വിശ്വാസികളെ സംരക്ഷിക്കുകയും കൂടെ നിർത്തുകയുമാണ് സർക്കാർ ചെയ്തത്. കലാകാരന് സംരക്ഷണം ഒരുസർക്കാരും കൊടുത്തിട്ടില്ല. ആവിഷ്കാരസ്വാതന്ത്ര്യത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും ഒരുസർക്കാരും പരിഗണനൽകിയില്ല.

ചോദ്യം : ഈ നാടകം അവതരിപ്പിച്ചിരുന്നെങ്കിൽ ഒരു പക്ഷേ തെരുവ് നാടകത്തിന്റെ ചരിത്രം തന്നെ മാറ്റിമുറിക്കുമായിരുന്നുയെന്ന് നാടകനിരൂപകർ പരമാമർശിക്കുന്നതിനെ എങ്ങനെയാണ് വിലയിരുത്തുന്നത്?

ഉത്തരം : ഇതൊരു നാടകമല്ലായിരുന്നു, പ്രദർശനമായിരുന്നു, കുരിശ്ശിന്റെ വഴിയെന്ന് പറയുന്നത് ഒരുപ്രാർത്ഥനയാണ് ഗാഗുൽത്തായ് മലയിലേയ്ക്കുള്ള ക്രിസ്തുവിന്റെയാത്ര, അതിനെ റീപ്രോഡ്യൂസ് ചെയ്യാനുള്ള ശ്രമമായിരുന്നു. ഒരു ഘോഷയാത്രയോ, പ്രദർശനമോ ആകുമായിരുന്നു. അതിനെ ഒരുതെരുവ്നാടകംഎന്ന്വിളിക്കാമോഎന്ന് സംശയമാണ്ഉള്ളത്. ഒരു നാടകത്തിന്വേണ്ട കോൺഫ്ളിക്റ്റോ, വികാസപരിണാമങ്ങളോ അതിനില്ലായിരിക്കുന്നു. അത്ശരിക്കും ഒരു പ്രദർശനമായിരുന്നു. കുറച്ച്പേരാണ് ആയാത്രയെ നിയന്ത്രിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഓരോ സ്ഥലത്ത് എത്തുമ്പോൾ ഞങ്ങൾ കഥാപാത്രങ്ങളായി മാറിക്കൊണ്ട് സമകാലീകവിഷയങ്ങൾ അവതരിപ്പിക്കും എന്നായിരുന്നു തീരുമാനിച്ചിരുക്കുന്നത്. സ്പോട്ട് ഇംപ്രവൈസേഷൻ ആണ് ഉദ്ദേശിച്ചിരിക്കുന്നത്. ആ

ഘോഷയാത്രയ്ക്ക് സ്ക്രിപ്റ്റ് ഇല്ല. ഓരോജംഗ്ഷനിൽ ഏത്വിഷയമാണ് അവതരിപ്പിക്കേണ്ടത് എന്ന് ജോസേട്ടൻ ഞങ്ങൾക്ക് നിർദ്ദേശം തരും അതു അനുസരിച്ച് ഞങ്ങൾഅഭിനയിക്കും ഇതായിരുന്നുഐഡിയ.

ഈനാടകത്തിൽ കൃത്യമായകഥാപാത്രങ്ങളെ കിട്ടിയത് എനിക്കും യേശു വായി അഭിനയിച്ച സജീവനും മാത്രമാണ്.

## അഭിമുഖം 12
## ജോസ് ചിറമ്മലിന്റെ കുരിശിന്റെ വഴിയിൽ എന്ന നാടകത്തിൽ ഭടനായി അഭിനയിച്ച മഹിമനുമായി നടത്തിയ അഭിമുഖം

**(25–7–2020. 10 P.m )**

ചോദ്യം : പേര് ?

ഉത്തരം : മഹിമൻ കെ.എസ്, കല്ലുങ്ങൽ, ചാഴൂർ പി.ഒ, തൃശ്ശൂർ

ചോദ്യം : നാടകത്തെ കുറിച്ചുള്ള ഓർമ്മകൾ എന്താണ്?

ഉത്തരം : ഒരുപാട് സംസ്കാരികപ്രവർത്തകരുടെയും സംഘങ്ങളുടെയും കൂട്ടായ്മയാണ് കുരിശ്ശിന്റെ വഴിയിൽ ആലപ്പാട് എസ്. എൻ.ഡി.പി സമാജത്തിലാണ് റിഹേഴ്സൽ നടന്നത്. എല്ലാവരും ഒത്ത്കൂടുന്നസ്ഥിരം സ്ഥലമാണത്. സ്ക്രിപറ്റ് ഇല്ല ഓരോ കാലികവിഷയങ്ങൾ ഞങ്ങൾ എല്ലാ ദിവസവും ചർച്ചചെയ്യും. ഭോപ്പാൽ ദുരന്തം, തങ്കമണിയിലെ പോലീസ് അതിക്രമം അങ്ങെനെ ഇന്ത്യയിലും കേരളത്തിലും നടക്കുന്ന സാമൂഹിക പ്രശ്നങ്ങളാണ് നാടകത്തിലൂടെ അവതരിപ്പിക്കാൻ തീരുമാനിച്ചത്. റിഹേഴ്സൽ തുടങ്ങിയ മുതൽ ക്രൈംബ്രാഞ്ചിന്റെ ആളുകൾ ഞങ്ങളുടെ പിന്നാലെ തന്നെ ഉണ്ടായിരുന്നു. യേശുവിനും പിലാത്തോസിനും മാത്രമേ കോസ്റ്റ്യും ഉണ്ടായിരുന്നുള്ളൂ. അറസ്റ്റ്ചെയ്തഅന്ന് ആലപ്പാട് മുഴുവൻ പോലീസ്വണ്ടികൊണ്ട്നിറഞ്ഞു. ക്രിസ്തുവിനെ വിചാരണ ചെയ്യുന്നരംഗംതുടങ്ങിയപ്പോൾതന്നെ അറസ്റ്റു ചെയ്തു. അൻപത്തിയേഴ്പേരെ പോലീസ്അറസ്റ്റു ചെയ്തു. അന്തിക്കാട്ട് പോലീസ് സ്റ്റേഷന് മുന്നിൽ ഞങ്ങൾ നാടകത്തിലെ ഡയലോഗുകൾ വിളിച്ചു പറഞ്ഞു. ആളുകൾ പോലീസ് സ്റ്റേഷന്റെ മുന്നിൽ നിറഞ്ഞു. വിചാരണ മൂന്നര വർഷംനീണ്ടുനിന്നു. സോഷ്യൽ കമ്മിറ്റ്മെന്റാണ് ഞങ്ങളെ ഒരുമിച്ച് നിർത്തിയത് ഉള്ളത്കൊണ്ട്കഴിയുക, ഒരുമിച്ച് ജീവിക്കുക എന്ന സ്വപ്ന

മാണ് ഞങ്ങളെ നാടകത്തിൽ എത്തിച്ചത്. സ്നേഹവും സന്തോഷവും പങ്കിട്ട് ജീവിക്കുക അതായിരുന്നു ഞങ്ങളുടെ ജീവിതം, എന്ത് ബുദ്ധി മുട്ടിയാലും കൂട്ടായ്മ ഉണ്ടല്ലോ അതാണ് വിജയം. പാടത്ത്കിടന്ന് നേരംവെളുക്കുന്നവരെ ഞങ്ങൾ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കും അവിടെ തന്നെ കിടന്നുറങ്ങും. ജോൺ, ശാന്തൻ, ജോസേട്ടൻ ജനങ്ങ ളോട് ചേർന്ന് നിൽക്കുന്ന അവരോടൊത്ത് ജീവിക്കുന്ന ജനകീയരായ മനുഷ്യൻമാരാണ്.

## അഭിമുഖം 13

## കുരിശ്ശിന്റെ വഴിയിൽ ഭടനായി അഭിനയിച്ച നാടകപ്രവർത്തകൻ സുർജിത്തു മായി നടത്തിയ അഭിമുഖം

**(19-7-2019. 10 p.m)**

ചോദ്യം : പേര് ?

ഉത്തരം : സുർജിത് പി.ജി, പനമുക്കത്ത് ഹൗസ്, ആലപ്പാട് പി.ഒ, തൃശ്ശൂർ

ചോദ്യം : വിചാരണയുമായി ബന്ധപ്പെട്ട് കാര്യങ്ങളെ വിവരിക്കാമോ?

ഉത്തരം : 57 പേർ കേസ്സുമായി ബന്ധപ്പെട്ട എല്ലാ മാസവും കോടതിയിൽ എത്തണമായിരുന്നു, ഒരാൾ വന്നില്ലെങ്കിൽ കേസ്സ് വീണ്ടുംമാറ്റിവയ്ക്കും അങ്ങനെ മൂന്നരവർഷം കേസ്സ് നീണ്ടു. ആരേലും കാശൊന്നും ഇല്ലായിരുന്നു മിക്കവാറും ഞങ്ങളുടെ വക്കീലാണ് ഞങ്ങൾ ചായയും ഭക്ഷണമൊക്കെ വാങ്ങി തരുന്നത്. കോടതിയിൽവച്ച് ഞങ്ങളുടെ നമ്പർ എടുപ്പിക്കും എണ്ണുന്നതിനിടയിൽ ആരെങ്കിലും ഒരക്കംതെറ്റിക്കും അപ്പോൾ മജിസ്ട്രേറ്റ് ഞങ്ങളെ പുറത്താക്കും.ആദ്യമൊക്കെ വാദം കേൾക്കാൻ ആളുകൾവരുമായിരുന്നു. കേസ്സ് നീണ്ടുപോയപ്പോൾ വക്കീൽ ഒരു ദിവസം കോടതിയോട് പറഞ്ഞു ഇവരെല്ലാം സ്റ്റുഡന്റാണ് കൈയ്യിൽ പൈസയില്ലാത്തവരാണ്. ഇവരെ വെറുതെ വിടണമെന്ന് കുറച്ച് കഴിഞ്ഞ് മജിസ്ട്രേറ്റ് പറഞ്ഞു 'ഇറങ്ങിപ്പോയ്ക്കോളൂ എല്ലാവരും എന്ന്' അപ്പഴാ മനസ്സിലായത് കേസ്സ്വെറുതെവിട്ടുഎന്ന്.

ചോദ്യം : നിരോധനങ്ങളെ കുറിച്ച് എന്താണ് അഭിപ്രായം?

ഉത്തരം : ഇത്തരം നിരോധനത്തിലൂടെ ശരിക്കും ആദിവാസികളെപ്പോലെ നാടകക്കാരെ അധികാരികൾ സൈഡ് ലൈൻ ആക്കി. നാടകപ്രവർത്തനങ്ങളിലൂടെ ആളുകളുടെ ഇടയിൽ മെസ്സേജ് നൽകാൻ കഴിയും എന്ന് മനസ്സിലാക്കിയ ഭരണക്കൂടങ്ങൾ നാടകങ്ങളെ അടിച്ചമർത്തി. കോടതിയ്ക്ക് പരസ്പരം ആളുകളെ അകറ്റാൻ കഴിഞ്ഞിട്ടുണ്ട്. നാല് വർഷത്തോളം കേസ്സ് നീണ്ടപ്പോൾ ഞങ്ങളുടെ ടീമിൽത്തന്നെ പല രീതി

യിൽ ഭിന്നതകൾ ഉടലെടുത്തു. ഭരണക്കൂടത്തിന് നാടകങ്ങളെ പേടി യാണ്. സർഗ്ഗാത്മക പ്രതിരോധങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്, തല്ലാൻ നിൽക്കുന്ന ഡെൽഹിയിലെ പോലീസിന് പൂവ് കൊടുക്കുന്ന പെൺകു ട്ടിയുടെ ചിത്രം പ്രതിരോധത്തിന്റെ പുതിയ മുഖമാണ്.

## അഭിമുഖം 14

### കുരിശ്ശിന്റെ വഴിയുടെ സംഘാടകനും ആലപ്പാട് ജോൽസന സംസ്കാരിക സംഘടനയുടെ സെക്രട്ടറിയുമായിരുന്ന ഇ.പി. കാർത്തികേയനുമായി നടത്തിയ അഭിമുഖം (25-7-2020. 10 a.m)

ചോദ്യം : പേര് ?

ഉത്തരം : ഇ.പി. കാർത്തികേയൻ, കാവുംപറമ്പ്, ആലപ്പാട് പി.ഒ, തൃശ്ശൂർ

ചോദ്യം : കുരിശ്ശിന്റെവഴിയുടെ സംഘാടകനെന്ന നിലയിൽ നാടകവുമായി ബന്ധപ്പെട്ട ഓർമ്മങ്ങൾ എന്താണ്?

ഉത്തരം : ഞാൻ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളായിരുന്നു, ലോ കോളേജിൽ സംഘടന പ്രവർത്തനവുമായി സജീവമായിരുന്ന കാലഘട്ടം. ക്രിസ്തുവിന്റെ ആറാംതിരുമുറിവ് നിരോധിച്ചതിൽ പ്രതിഷേധം ഉണ്ടായിരുന്നവർ തൃശ്ശൂർസോണലോഡ്ജിൽ ഒത്തുകൂടി. പ്രധാനപ്പെട്ട സംസ്കാരിക കേന്ദ്രമായിരുന്ന സോണലോഡ്ജ് പാർട്ടി പ്രവർത്തകരായ ശിവശങ്കരൻ, എം.എ ഡോവിഡ് തുടങ്ങിയവർ ഒത്തുകൂടി. ആലോചനയിൽ ജോസേട്ടനും ഉണ്ടായിരുന്നു. ജോസേട്ടൻ അങ്ങനെ ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയുടെ ആളായിരുന്നില്ല. നാടകം നിരോധിച്ചപ്പോൾ അതിനെ കലാപരമായി തന്നെ പ്രതിഷേധിക്കണം എന്ന് അഭിപ്രായപ്പെട്ടത് ജോസേട്ടനാണ്. തെരുവിലൂടെ സഞ്ചരിക്കുന്ന ഒരു നാടകം എന്ന ആശയം ജോസേട്ടൻ തന്നെ മുന്നോട്ട്വച്ചു. കേരളത്തിലെ സാമൂഹികസംഭവങ്ങൾ ഓരോജംഗ്ഷനിലും അവതരിപ്പിച്ച് കൊണ്ടുള്ള ഒരു യാത്രയാണ് കുരിശ്ശിന്റെ വഴിയിൽ എന്ന് ജോസേട്ടൻ അഭിപ്രായപ്പെട്ടു. തൃശ്ശൂരുള്ള എല്ലാ കലാസാഹിത്യപ്രവർത്തകരെയും അണിനിരത്തിക്കൊണ്ടുള്ള ഒരുപ്രതിഷേധമാണ് കുരിശ്ശിന്റെ വഴിയിൽ, കലാകാരൻമാരെന്നത് കുരിശിലേറ്റപ്പെട്ട ക്രിസ്തുവാണ് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് കുരിശ്യാത്രപ്ലാൻചെയ്തത്. മഹിമൻ,

സുർജിത്ത്, കെ. കെ. രാജൻ, സജീവൻ, മണിലാൽ, പ്രേംപ്രസാദ്, അങ്ങനെ നിരവധി കലാകാരൻമാരാണ് പ്രതിഷേധ പരിപാടിയ്ക്കായി അണിനിരന്നത്. ആലപ്പാട്, വാടാനപള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നാടകത്തിന്റെ ചർച്ചകൾ തുടങ്ങി. അതിനിടയിൽ നാടകത്തിന്റെ റിഹേഴ്സ് വിവരങ്ങൾ പത്രത്തിൽ വന്നു, പോലീസ് അന്വേഷണം തുടങ്ങി. ഞങ്ങളുടെ റിഹേഴ്സൽക്യാമ്പ് പോലീസ്വളഞ്ഞു. എന്നാണ് നാടകം അവതരിപ്പിക്കാൻ പോകുന്നത് എന്ന് അവർ ചോദിച്ചു, ഞാൻ വെറുതെ പറഞ്ഞു നവംബർ 17-ാം തീയതിയെന്ന് അങ്ങനെയാണ് ആ ഡേറ്റിൽ നാടകം അവതരിപ്പിക്കാൻ തീരുമാനിച്ചത്.

ചോദ്യം : അറസ്റ്റിനെ കുറിച്ച് വിവരിക്കാമോ?

ഉത്തരം : നാടകം തുടങ്ങുന്നതിന് മുമ്പ് ആലപ്പാട് ജംഗ്ഷനിൽ ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികൾ ചിത്രങ്ങൾ വരച്ച് തുടങ്ങി. രാവിലെ മുതൽ തന്നെ പോലീസ് അവിടെ നിറഞ്ഞു. ചിത്രം വരയ്ക്കുക, ഗാനങ്ങൾ പാടുക, സ്ക്രിറ്റുകൾ അവതരിപ്പിക്കുക, അങ്ങനെ പലകലകളുടെ സമ്മേളനമായിരുന്നു കുരിശ്ശിന്റെ വഴിയിൽ കാഴ്ചക്കാരെ നമ്മോടൊത്ത് അണിനിരത്തുകയെന്ന ആശയമാണ് നാടകത്തിനുള്ളത്. രണ്ടായിരത്തോളം ആളുകൾ അവിടെ നിറഞ്ഞു. ഞങ്ങൾ തലേദിവസം തന്നെ തീരുമാനംഎടുത്തിരുന്നു അറസ്റ്റ് ചെയ്യുകയാണെങ്കിൽ ബലം പ്രയോഗം നടത്താൻ പാടില്ല എന്ന്. ഞങ്ങളെ അറസ്റ്റ് ചെയ്തപ്പോൾ ജനങ്ങൾ പോലീസിനെതടഞ്ഞു. ഞാൻ പുറത്തേയ്ക്ക് നോക്കിയപ്പോൾ അമ്മമാർ കരയുകയാണ്, ഇത് ഞങ്ങളുടെ നാടാണ്. കലാകാരന്മാരെ സ്നേഹിക്കുന്നമനുഷ്യരാണ് അവർ.

ചോദ്യം : വിചാരണ കുറിച്ച് വിസ്തരിക്കാമോ?

ഉത്തരം : ഞങ്ങളുടെ വിചാരണ നടക്കുമ്പോൾ തന്നെ സർക്കാർ മാറി ഇ.കെ. നയനാർ മുഖ്യമന്ത്രിയായ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നു. ശങ്കരനാരായണൻ, പവനൻ, തുടങ്ങിയവരുമായി മുഖ്യമന്ത്രിയെ കണ്ടു കേസ്സ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ മാറി വന്ന സർക്കാരും പഴയ സർക്കാരിന്റെ നിലപാടുകൾ തന്നെ തുടർന്നു. പിന്നെ ജേസേട്ടന്റെ പ്രവർത്തനങ്ങൾ മൂലം നാടകവുമായി ഒരു ബന്ധമില്ലാത്തവരെയും നാടകകവുമായി ചേർത്ത് നിർത്താൻ കഴിഞ്ഞിട്ടുണ്ട്.

## അഭിമുഖം 15

## സി.പി.ഐ (എം.എൻ) പ്രവർത്തകനും ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോപ ത്തിൽ സംഘാടകനായി പ്രവർത്തിച്ച ശിവശങ്കരനുമായി നടത്തിയ അഭിമുഖം

**(28-10-2020, 10 a.m)**

ചോദ്യം : പേര് ?

ഉത്തരം : ശിവശങ്കരൻ എം., മളാവത്ത്, അടാട്ട് പി.ഒ, തൃശ്ശൂർ

ചോദ്യം : ആവിഷ്കാര സ്വാതന്ത്ര്യപ്രക്ഷോപത്തിന്റെ സംഘാടകൻ എന്ന നിലയിൽ താങ്കളുടെ പ്രവർത്തനങ്ങൾ വിവരിക്കാമോ?

ഉത്തരം : ആറാംതിരുമുറിവ് നിരോധിച്ചപ്പോൾ കേരളത്തിലെ മുഖ്യധാര രാഷ്ട്രീയക്കാർ അതിനോട് മുഖംതിരിച്ച സമയത്താണ് സമാന്തരമായി സംസ്കാരികപ്രവർത്തകർ നിരോധനത്തെ എതിർത്ത് കൊണ്ട് കേരളം മുഴുവൻ പ്രക്ഷോപങ്ങൾ നയിച്ചത്. കേരളവർമ്മകോളേജിലെ എസ്.എഫ്.ഐക്കാർ പ്രക്ഷോപത്തിന് വലിയ സപ്പോർട്ട് നൽകിയവരാണ്. ആ കോളേജിലെ കുട്ടികൾ ഓരോ സ്ഥലത്തുള്ള പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിന്നത്. തൃശ്ശൂർ കേന്ദ്രീകരിച്ച് ആവിഷ്കാരകമ്മറ്റി രൂപീകരിച്ചത്. കെ. സച്ചിദാന്ദൻ, കെ.ജി. ശങ്കരപിള്ള, ഗോപിനാഥൻ ജോസ് ചിറമ്മൻ, തുടങ്ങിയവർ ഉൾപ്പെടുന്നതാണ് ആവിഷ്കാര കമ്മറ്റി. കേരളത്തിന്റെ പല ഭാഗങ്ങളിലും ആവിഷ്കാര കമ്മറ്റികൾ രൂപീകരിക്കുകയും അതിശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തു.

**അഭിമുഖം 16**

**ആവിഷ്കാര സ്വാതന്ത്ര്യപ്രക്ഷോപത്തിന്റെ സംഘാടകനും നാടുഗദ്ദിക യ്ക്കൊപ്പം തൃശൂരിന്റെ പല ഭാഗങ്ങളിലും യാത്ര ചെയ്ത പി.കെ. വേണു ഗോപാലുമായി നടത്തിയ അഭിമുഖം**

**(11-8-2020 ,10 a.m)**

ചോദ്യം : പേര് ?

ഉത്തരം : പി.കെ. വേണുഗോപാൽ, ജനകീയകലാസാഹിത്യവേദി, A/102 ശ്രീരംഗ ലൈൻ, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം.

ചോദ്യാം : ക്രിസ്തുവിന്റെആറാംതിരുമുറിവ് നിരോധിച്ചപ്പോൾ രൂപപ്പെട്ട് വന്ന ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോപങ്ങളെ കുറിച്ച് വിവരിക്കാമോ?

ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോഭം ആരംഭിക്കുമ്പോൾ ഞാൻ തൊടു പുഴ കൃഷിവകുപ്പിൽജോലിചെയ്യുകയാണ്. 1987 ജനുവരി 4-ാം തീയതി ഞങ്ങൾ തൊടുപുഴ ററൗൺഹാളിൽ ആവിഷ്കാര സ്വാതന്ത്ര്യസമ്മേ ളനം വിളിച്ച്ചേർത്തു തൊടുപുഴ പഴയ ബസ്സ്റ്റാൻഡിന്റെ എതിർവശം ആവിഷ്കാരസ്വാതന്ത്ര്യഭാഗമായി പതിനഞ്ച്അടി ഉയരമുള്ള ഒരു ബുദ്ധ പ്രതിമ സ്ഥാപിച്ചു. ഒരു രാത്രിയും പകകലും പണിയെടുത്താണ് സംഘ മിത്ര രവിയുടെ നേതൃത്വത്തിൽ ആ പ്രതിമ ഉണ്ടാക്കിയത്. ററൗൺഹാളി ആവിഷ്കാര സ്വാതന്ത്ര്യസമ്മേളനം പൊൻകുന്നം വർക്കി ഉത്ഘാടനം ചെയ്തു. സി.പി.ഐ (എം.എൻ) ആ കാലഘട്ടത്തിൽ പല ഗ്രൂപ്പുക ളായി ചിതറിയിരുന്നു. ഭാസുരേന്ദ്ര ബാബു പാർട്ടിയിൽ നിന്ന് പുറത്ത് പോയി. ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോപങ്ങളെ പാർട്ടിയുടെ പല ഗ്രൂപ്പുകളും എതിർത്തു. സിവിക് ചന്ദ്രൻ, ഉണ്ണിചെക്കൻ, ശിവശങ്കരൻ, എം.എം. ഡേവിസ്, എം.എം. സോമശേഖരൻ, മുൻസ്പീക്കർ ശങ്കരനാ രായണൻ തമ്പി എന്നിവർ ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോപത്തെ നയി ച്ചവരിൽ പ്രധാനപ്പെട്ട വ്യക്തിത്വങ്ങളാണ്. എം.എം. സോമശേഖരൻ കൺവീനറായി തൃശ്ശൂരിൽ കോഡിനേഷൻ കമ്മറ്റി രൂപീകരിച്ചു. പി.പി

ശങ്കരപ്പിള്ള ആവിഷ്കാര സമരങ്ങളെ സ്വാതന്ത്രോൽസവം എന്നാണ് വിളിച്ചിരുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഈ പ്രക്ഷോപങ്ങളെ തകർക്കാൻ ശ്രമിച്ചു. ഞങ്ങളുമായി സഹകരിച്ച പലരേയും ഇതിൽനിന്ന് പിൻതിരിപ്പിക്കാൻശ്രമിച്ചു. ജി. കുമാരപ്പിള്ള ആവിഷ്കാരഘോഷയാത്രയിൽ മുൻപന്തിയിൽ തന്നെ നിന്നു. തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിൽനടന്ന ആവിഷ്കാരസ്വതന്ത്ര്യ സമ്മേളനം സുകുമാർഅഴിക്കോട് ഉത്ഘാടനം ചെയ്തു. രാവിലെ സി.എം. എസ് സ്കൂളിൽ ആവിഷ്കാരഘോഷയാത്രയുടെ രാഷ്ട്രീയസമ്മേളനം നടന്നു. കെ.ജി. ശങ്കരപിള്ള, ജി. കുമാരപിള്ള, ഫാദർ വടക്കൻ എന്നിവർ പങ്കെടുത്തു. നാടകം നിരോധിച്ചത് കൃത്യമായ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായിട്ടാണ്. കത്തോലിക്ക സഭയെ സംരക്ഷിക്കേണ്ടത് എല്ലാ രാഷ്ട്രീയക്കാരുടെയും ആവശ്യമാണ്. ഞങ്ങൾ നടത്തിയ ആവിഷ്കാരസ്വാതന്ത്ര്യത്തെ മറയാക്കിക്കൊണ്ട് അധികാരത്തിൽ കയറിയ ഇടതുപക്ഷ സർക്കാരു പഴയസർക്കാരിന്റെ തീരുമാനം തന്നെ തുടർന്നു. ഇതിനെ കുറിച്ച് ആരും രേഖപ്പെടുത്തിയിട്ടില്ല.

ചോദ്യം : നാടുഗദ്ദികമായി കുറച്ച് കാലം സഞ്ചരിച്ചല്ലോ ആ ഓർമ്മകൾ എന്താണ്?

ഉത്തരം : കുറച്ച് സ്ഥലത്ത് ഞാൻ നാടകത്തോടൊപ്പം ഉണ്ടായിരുന്നു. ബേബി സി.പി. ഐ (എം.എൻ) രാഷ്ട്രീയത്തെ അംഗീകരിക്കുന്ന ആളാണ്. പല രൂപങ്ങളിൽ വരുന്ന തമ്പുരാൻ എന്ന കഥാപാത്രം ചൂഷിതവർഗ്ഗത്തിന്റെ പ്രതിനിധിയാണ്. നാടുഗദ്ദികയിലെ പാട്ടുകൾ മനോഹരമാണ്. 'തൂവരുമാവേ..' പയ്ക്കിഞ്ചോ തുടങ്ങിയ പാട്ടുകൾ ആരെയും പിടിച്ച് നിർത്തും. ആദിവാസികളായജനത കേരളത്തിൽ ജീവിച്ചിരിപ്പുണ്ട് എന്ന് വിളിച്ച് പറഞ്ഞ നാടകമാണ് നാടുഗദ്ദിക. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിനു ശേഷം ഏറ്റവും കൂടുതൽ വേദികളിൽ അവതരിപ്പിച്ച നാടകം. ആഭിചാരക്രീയകൾക്ക് സമാനമായിരുന്ന നാടകത്തിന് ഉപയോഗിച്ച താളം, നമ്മുടെ വ്യവഹാര ഭാഷയുടെ താളമല്ല. നാടകത്തിന്റെ അവതരണത്തിന് ശേഷം ആളുകൾ അഭിപ്രായങ്ങൾ നടത്താറുണ്ട്. ആദ്യകാല അവതരണത്തിൽ തമ്പുരാനെ ഉൻമൂലനം ചെയ്ത് ജനങ്ങൾ അധികാരം പിടിച്ചെടുക്കുമ്പോഴാണ് നാടകം അവ

സാനിക്കുന്നത്. രണ്ടാംഘട്ടത്തിലെ നാടുഗദ്ദികയുടെ അവതരണം ഞാൻ കണ്ടിട്ടുണ്ട്. കെ.ജെ. ബേബിയുടെ ശരീരഭാഷ തന്നെ മാറിയിട്ടു ണ്ട്. ശരീരം വഴങ്ങുന്നില്ല. കമ്മ്യൂണിസത്തിന്റെ കറകഴുകി കളഞ്ഞ തിന് ശേഷമുള്ള നാടുഗദ്ദികയെന്ന് രണ്ടാമത്തെ അവതരണത്തെ പി. എച്ച്. പിചാർ വിളിച്ചത് ശരിയാണെന്ന് എനിക്ക് തോന്നി. അടിയ ന്തരാവസ്ഥ കഴിഞ്ഞതിന് ശേഷമുള്ള രാഷ്ട്രീയ അന്തരീക്ഷത്തിലാണ് നാടുഗദ്ദികയുടെ ആദ്യകാലഅവതരണങ്ങൾ രൂപപ്പെട്ടത്. ജനകീയ സംസ്കാരികവേദിയുടെ പ്രവർത്തനങ്ങളെ മുഖ്യധാരബുദ്ധിജീവികൾ അംഗീകരിച്ചിരിക്കുന്നു. ആദിവാസികളുടെ ഭൂമിയുടെ പ്രശ്നങ്ങളാണ് നാടുഗദ്ദിക മുന്നോട്ട് വച്ച ആശയം.

## അഭിമുഖം 17

## കുരിശിന്റെ വഴിയിൽ അഭിനയിച്ച സതീഷ് മായന്നൂരുമായി

## നടത്തിയ അഭിമുഖം (20-2-2021 4 P.m)

ചോദ്യം : പേര് ?

ഉത്തരം : സതീഷ് മായന്നൂർ, വെട്ടിയമ്പാടി മന, ചൂണ്ട് പി.ഒ, തൃശ്ശൂർ

ചോദ്യം : കുരിശിന്റെ വഴി എന്ന നാടകത്തിലെ അനുഭവങ്ങൾ എന്താണ് ?

ഉത്തരം : ഞാൻ ജോസേട്ടന്റെ തീയേറ്ററൻ റൂട്ടിന്റെ ഭാഗമായിരുന്നു. ഞാൻ അറസ്റ്റിനെക്കുറിച്ച് പറയാം പോലീസ് നാടക പ്രവർത്തകരെ അറസ്റ്റ് ചെയ്തപ്പോൾ ജോസേട്ടൻ എന്നോട്പറഞ്ഞുമാറിനിൽക്കാൻ കാരണം പുറത്ത് നമ്മുടെ ആളുകൾ ആരെങ്കിലും വേണം, അങ്ങനെ ഞാൻ അറസ്റ്റിൽ നിന്ന് രക്ഷപ്പെട്ടു. ഞാൻ ജനങ്ങളുടെ ഇടയിലാണ് പിന്നീട് നിന്നത്. വണ്ടിയുടെ പിന്നാലെ നാട്ടുകാർ ഓടി. ഓരോ സ്ഥലത്ത് നിന്ന് ആളുകൾ കൂടിക്കൊണ്ടിരുന്നു.

ചോദ്യം : കലാപ്രവർത്തനങ്ങളെ നിരോധിക്കുന്നതിനെതിരെ കുറിച്ച് എന്താണ് പറയാനുള്ളത്?

ഉത്തരം : കുരിശിന്റെ വഴിയിൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് കഴിഞ്ഞ് പോകുമായിരുന്നു. പക്ഷേ അവതരിപ്പിക്കാത്ത നാടകം ഇപ്പോഴും നിലനിൽക്കുന്നു. കുരിശിന്റെ വഴിയിയുടെ അവതരണം സാദ്ധ്യമായിരുന്നുവെങ്കിൽ ഒരുപക്ഷേ തെരുവ് നാടകത്തിന്റെ കാഴ്ച്ചപ്പാട് തന്നെ മാറുമായിരുന്നു. പുതിയ ഒരു നാടക അനുഭവമായിരുന്നു. ഇത്തരത്തിലുള്ള പല അഭിപ്രായങ്ങളും നാടകപ്രവർത്തകരും ബുദ്ധിജീവികളും ഉയർത്തിയിട്ടുണ്ട്. ഒരിക്കലും നിരോധിക്കാൻ പാടില്ലായിരുന്നു. വോട്ട് ബാങ്ക് ലക്ഷ്യമാക്കിയിട്ടാണ് സർക്കാർ നാടകത്തെ നിരോധിച്ചത്. നാടകം കളിക്കണമോ അത് സെൻസെർ ചെയ്യണമോ ചെയ്യേണ്ട എന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. ഈ നാടകം അവതരിപ്പിച്ചാൽ സംഘർഷം ഉണ്ടാകും എന്ന നിഗമനത്തിലാണ് നാടകം നിരോധിച്ചത്. അത് കളിച്ചിരുന്നെങ്കിൽ ഒരു സംഘർഷവും ഉണ്ടാകുമായിരുന്നില്ല.

**അഭിമുഖം 18**

**കുരിശിന്റെ വഴിയുടെ അവതരണത്തിന്റെ ഭാഗമായി ആലപ്പാട്ട് ജംഗ്ഷനിൽ ചിത്രരചന നടത്തിയ പ്രശസ്ത വിഷ്വൽ, പെർഫോമൻസ് ആർട്ടിസ്റ്റ്, മുരളീ ചീരോത്തുമായി നടത്തിയ അഭിമുഖം**

**(11-10-2020. 7 P.m)**

ചോദ്യം : പേര് ?

ഉത്തരം : മുരളി ചീരോത്ത്, C- 380, ജലവായു വിഹാർ, കമ്മനവള്ളി മെയിൻ റോഡ്, ബാംഗ്ലൂർ 560043

ചോദ്യം : കുരിശിന്റെ വഴിയിൽ എന്ന നാടകത്തിന്റെ ഭാഗമായി തീർന്നത് എങ്ങനെയാണ്?

ഉത്തരം : തൃശ്ശൂർ ഫൈൻആർട്സ്കോളേജിൽനിന്ന് ഞങ്ങൾ ഏഴ്പേർ ഉണ്ടായിരുന്നു. ഞങ്ങളുടെ ചാർത്ത് എന്ന മാഗസ്സിൻ ഉണ്ടായിരുന്നു, അങ്ങോട്ട് ഇങ്ങോട്ടുമുള്ള ബന്ധം ഉണ്ടായിരുന്നു. ക്യാമ്പസ്സുകൾ തമ്മിൽ പരസ്പരംബന്ധം ഉണ്ടായിരുന്നു. ഫൈൻആർട്സ് കേളേജിൽ വച്ചാണ് ഞങ്ങളുടെ ആവിഷ്കാരസ്വതന്ത്ര്യപെയിന്റിംഗ് തുടങ്ങിയവർ കുറച്ചു പേർചേർന്ന് വരച്ച ചിത്രങ്ങളായിരുന്നു ഒരാൾ വരയ്ക്കുന്നതിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് ചിത്രങ്ങൾ വരച്ചത്. കൃത്യമായ രാഷ്ട്രീയ നിലപാടുകളാണ് ഞങ്ങളെ  നാടകത്തിലെത്തിയത്. ആലപ്പാട്ട് ആദ്യം ഞങ്ങളാണ് എത്തി ചിത്രങ്ങൾ വരച്ചത്. ഞങ്ങളെയാണ് ആദ്യം അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്തപ്പോൾ കൈയ്യിൽ ഉണ്ടായിരുന്ന പെയിന്റ് ഉപയോഗിച്ച് പോലീസ് വണ്ടിയുടെ ഉള്ളിലും ചിത്രങ്ങളും മുദ്രവാക്യങ്ങളും എഴുതി. അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ എത്തിച്ചപ്പോൾ ആരും ഒന്നും കഴിച്ചിട്ടില്ലായിരുന്നു. അപാര എനർജിയായിരുന്നു എല്ലാവർക്കും ഞങ്ങൾവലിയആവേശത്തിലായിരുന്നു. ലോക്കപ്പ് മുറികളിലും ഞങ്ങൾ ചിത്രങ്ങൾ വരച്ചു.  ഞങ്ങളെ കാണാൻ ഒരുപാട് പേർ വന്നിരുന്നുജോൺ എബ്രഹാം ഉണ്ടായിരുന്നു.

**അഭിമുഖം 19**

**കുരിശിന്റെ വഴിയിൽ എന്ന നാടകത്തിൽ പങ്കെടുത്ത എ.യു. നജീബുമായി നടത്തിയ അഭിമുഖം ( 19/2/2021)**

ചോദ്യം : പേര് ?

ഉത്തരം : എ.യു. നജീബ്, അമ്പലത്തിൻ വീട്, ചേറ്റുവ, കുണ്ടന്നൂർ, പി.ഒ, തൃശ്ശൂർ

ചോദ്യം : കുരിശിന്റെ വഴിയിൽ ഭാഗമായി തീർന്നതെങ്ങനെ ?

ഉത്തരം : ഞാനന്ന് കേരള കലാഭവനിൽ ചിത്രകലാവിദ്യാർത്ഥിയാണ്. ഒരു കലാരൂപത്തിന്റെ ആവിഷ്കാരത്തെ സർക്കാർ നിരോധിച്ചപ്പോൾ ഉണ്ടായ പ്രതിഷേധമാണ് ഞങ്ങളെപ്പോലുള്ള കലാവിദ്യാർത്ഥികളെ ആ നാടകത്തിന്റെ ഭാഗമാക്കി തീർത്തത്. അറസ്റ്റ്ചെയ്തദിവസംഞങ്ങളാണ് ആദ്യം ആലപ്പാട് ജംഗ്ഷനിൽ വലിയബാനർ വലിച്ച്കെട്ടിയാണ് ചിത്രങ്ങൾ വരച്ച് തുടങ്ങിയത്. ഞങ്ങളാണ് കുരിശിന്റെ വഴിയെന്ന നാടകത്തിന്റെ മുന്നേ ഓരോ സ്ഥലങ്ങളിലും എത്തി ചിത്രങ്ങൾ വരയ്ക്കണം, പിന്നാലെ നാടകംസംഘം എത്തും എന്നതായിരുന്നു പ്ലാൻ. ആലപ്പാട്ട് പല ചിത്രങ്ങളും വരച്ചു ക്രിസ്തുവിനെ ക്രൂശിക്കുന്നത്, പീലാത്തോസ് വിധി പറയുന്നത് അങ്ങനെ പലതും. ഞങ്ങൾ കുറേ റോസാപ്പൂക്കൾ വരച്ചു. മാവോയുടെ നൂറ്റോസാപൂക്കൾവിരിയട്ടെ എന്ന ആശയത്തെമുൻനിർത്തിയാണ് റോസാപൂക്കൾ വരച്ചത്. ഞങ്ങൾ വെള്ള പേപ്പറിൽ വരച്ച ചിത്രങ്ങൾ അവിടെ കൂടിയ ജനങ്ങളാണ് തെരുവിൽ പല സ്ഥലങ്ങളിൽ ഒട്ടിച്ചത്. പോലീസ്വണ്ടികൾ അപ്പോഴും ആലപ്പാട് ജംഗ്ഷനിൽ നിറഞ്ഞിരുന്നു. ഞങ്ങൾ വരക്കുന്ന ചിത്രങ്ങൾ കാണാൻ ജനങ്ങൾ തടിച്ചു കൂടി. അതിൽ കുറേ പേർ കവിതകൾ ചൊല്ലി. ഞാൻ കുരിശ്ശിന്റെ വഴിയിൽ അവതരിപ്പിക്കാനിരിക്കുന്ന ഒരു സ്കിറ്റിൽ അഭിനയിക്കാനുള്ള റിഹേഴ്സലിലും പങ്കെടുത്തു. അന്ധവിദ്യാലയത്തിലെ വിദ്യാർത്ഥികളെ പോലീസ് തല്ലിയ സംഭവത്തെ അവതരിപ്പിക്കാൻ തീരു

മാനിച്ചിരുന്നു അതിലെ ഒരു വിദ്യാർത്ഥി നേതാവായി അഭിനയിക്കേണ്ടിയിരുന്നത്. ഞങ്ങളാണ് ആലപ്പാടിന്റെ തെരുവിൽ തുടങ്ങിയ ചിത്രരചന പിന്നീട് പോലീസ് വാൻ, പോലീസ് സ്റ്റേഷൻ എന്നിടങ്ങളിൽ തുടർന്നു. പങ്കെടുത്ത എല്ലാവർക്കും വ്യക്തമായ രാഷ്ട്രീയ ബോധമുണ്ടായിരുന്നു. അത് നൻമയുടെ കൂടെ നിൽക്കുകയെന്നതാണ്.

**അഭിമുഖം 20**

**കുരിശിന്റെ വഴിയിൽ ക്രിസ്തുവായി അഭിനയിച്ച സജീവൻ ചെറാക്കോള്ളിയു മായി നടത്തിയ അഭിമുഖം ( 2/7/2018 4 pm)**

ചോദ്യം : പേര് ?

ഉത്തരം : സജീവൻ ചെറാക്കോള്ളി

ചോദ്യം : കുരിശ്ശിന്റെ വഴിയിൽ ക്രിസ്തുവായി തെരഞ്ഞെടുത്തത് എങ്ങനെ യാണ്? നാടകത്തിന്റെ അനുഭവം വിശദീകരിക്കാമോ?

ഉത്തരം : ഞാൻ സ്ക്കൂളിൽ പഠിക്കുമ്പോൾതന്നെ നാടകങ്ങളിൽ അഭിനയിക്കാ റുണ്ട്. ജോസേട്ടനെ എനിക്ക് നേരത്തെ പരിചയമുണ്ട് അങ്ങനെയാണ് കുരിശിന്റെ വഴിയിൽ എന്ന നാടകത്തിന്റെ ഭാഗമായി മാറുന്നത്. റിഹേ ഴ്സൽ തുടങ്ങിയത് മുതൽ തെരുവിൽ ഒരു സഞ്ചരിക്കുന്ന നാടകം അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ചർച്ച ചെയ്തത്. അങ്ങനെ പ്രത്യേകിച്ച് ഡയ്ലോഗ് (dialogue) ഒന്നുമില്ല. അതു വരെ കണ്ടിട്ടുള്ള നാടകങ്ങളുടെ മാതൃകയിലല്ല കുരിശിന്റെ വഴിയിൽ ഡിസൈൻ ചെയ്തത്. എന്നോട് ജോസേട്ടൻ പറഞ്ഞത് കുരിശ്ശുകൊണ്ട് പതിനാല് സ്ഥലങ്ങളിലൂടെ നടക്കുക ഓരോ പ്രധാനസ്ഥലങ്ങളിൽ എത്തുമ്പോൾ മുട്ട്കുത്തിനിന്ന് പ്രാർത്ഥിക്കുക എന്ന നിർദ്ദേശം മാത്ര മാണ് നൽകിയത്. ഞാനന്ന് താടിയുംമുടിയും നീട്ടിവളർത്തിയ ഒരു ഹിപ്പിയായിരുന്നു അതായിരിക്കാം ജോസേട്ടൻ എന്നെ ക്രിസ്തുവായി സെലക്റ്റ് ചെയ്തത്. മരത്തിന്റെ കുരിശ്ശായിരുന്നു, നല്ല ഭാരമുണ്ടായി രുന്നു. ആലപ്പാട് ജംഗ്ഷനിൽ കുരിശ്ശുമായി ഞാൻ എത്തിയ പ്പോൾത്തന്നെ പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരുന്നു. ആദ്യം എന്നെ തന്നെ അറസ്റ്റ് ചെയ്തു. ഞങ്ങളെ അറസ്റ്റ് ചെയ്തപ്പോൾ നാട്ടു കാർ മുഴുവൻ ഞങ്ങളോടൊത്ത് സ്റ്റേഷനിൽ വന്നു.

**അഭിമുഖം 21**

**കുരിശിന്റെ വഴിയിൽ പങ്കെടുത്ത്, അറസ്റ്റ് വരിച്ച പ്രശസ്ത നാടൻപാട്ട് കലാകാരനും, ഗാനരചയിതാവുമായ ഏങ്ങണ്ടിയൂർ ചന്ദ്രശേഖരനുമായി നടത്തിയ അഭിമുഖം ( 20/5/2021 10 am)**

ചോദ്യം : പേര് ?

ഉത്തരം : ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ

ചോദ്യം : നാടകനിരോധനനിയമം ഉപയോഗിച്ച് കുരിശിന്റെ വഴിയിൽ എന്ന നാടകത്തെ നിരോധിച്ചപ്പോൾ ഉണ്ടായ മാനസികാവസ്ഥ എന്തായിരുന്നു?

ഉത്തരം : സർക്കാർ നാടകനിരോധനനിയമം ഉപയോഗിച്ച് 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' നിരോധിച്ചപ്പോൾ കേരളത്തിലുള്ള കലാകാരന്മാരെ അത് വളരെ വേദനിപ്പിച്ചു. നിരോധനത്തോടുള്ള സർഗ്ഗാത്മക പ്രതികരണമാണ് കുരിശ്ശിന്റെ വഴിയിൽ എന്ന നാടകമായി രൂപപ്പെട്ട് വന്നത്. നാടകം, സിനിമ, സാഹിത്യം തുടങ്ങിയ കലാപ്രവർത്തനങ്ങൾ വളരെ ഗൗരവമായി കണ്ടിരുന്ന വാടനാപള്ളി തിയേറ്റർ ഗ്യാതറിങ്ങിന്റെ പ്രവർത്തകനായിരുന്നു ഞാൻ. കുരിശിന്റെ വഴിയിൽ എന്ന നാടകത്തിന്റെ അവതരണത്തിന് വേണ്ടി ഞാനൊരു പ്രാർത്ഥനാഗാനം എഴുതിയിരുന്നു. അതൊന്നും അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അറസ്റ്റ് ചെയ്ത് അന്തിക്കാട് പോലീസ്സ്റ്റേഷനിൽ കൊണ്ട് പോയപ്പോൾ കലാകാരൻമാർ അവിടെയും അരങ്ങാക്കി മാറ്റി. 'ഞങ്ങൾക്ക് വിശക്കുന്നു' എന്ന് പല രീതികളിൽ അവതരിപ്പിച്ചു. പോലീസ്സ്റ്റേഷൻ ജനങ്ങളെ കൊണ്ട് നിറഞ്ഞു. നാടകത്തെ നിരോധിച്ചത് വളരെ മോശമായ അവസ്ഥയാണ് നാടകം കാണാതെ, നാടകത്തെ കുറിച്ച് അറിയാത്തവരാണ് നാടകത്തെ തടഞ്ഞത്. ആവിഷ്കാരസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും ശക്തമായി നിലനിർത്തണം അല്ലെങ്കിൽ ഇന്ത്യ എന്ന ജനാധിപത്യരാജ്യം തകരും. അഭിപ്രായത്തെ ആവിഷ്കാരത്തെ തല്ലിതകർക്കുന്നത് ഫാസിസ്റ്റ് പ്രവണതയാണ്. വാക്കായാലും, നാടകമായാലും പ്രതിഷേ

ധമായാലും അത് ജനാധിപത്യരാജ്യത്ത് ഉയർന്ന് കേൾക്കണം. കരുണാകരനാണ് അന്ന് മുഖ്യമന്ത്രി, വോട്ട് ബാങ്കല്ലേ, അവർ വിശ്വാസികളെ സംരക്ഷിക്കും. ആവിഷ്കാരസ്വാതന്ത്ര്യപ്രക്ഷോപത്തിന്റെ ഭാഗമായി ഞാൻ തിരുവനന്തപുരത്തും, പാലക്കാടും അങ്ങനെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ഞങ്ങളുടെ കേസ്സ് വാദിച്ച പ്രകാശൻ വക്കീൽ കാശ് വാങ്ങാതെയാണ് കേസ് വാദിച്ചത്. –

**അനുസ്മരണം 1**

**കുരിശിന്റെ വഴി എന്ന നാടകത്തിന്റെ അനുസ്മരണത്തിന് പ്രശസ്ത കവി. സി. രാവുണ്ണി നടത്തിയ പ്രഭാക്ഷണം. (സ്ഥലം : ആലപ്പാട് എസ്.എൻ.ഡി.പി. സമാജ ത്തിൽ)**

**(11-10-2020. 7 P.m)**

കേരളത്തിൽ ഉണ്ടായ ഏറ്റവും വലിയ സ്ഫോടനങ്ങളിൽ ഒന്നാണ് കുരിശിന്റെ വഴിയിൽ തിരിഞ്ഞ് നോക്കുമ്പോൾ ആവേശമുണ്ട്, തോൽവിയുമുണ്ട്. അമർഷമുണ്ട് അത്തരത്തിൽ ആ നാടകം പല മാനങ്ങളുണ്ട്. കേരളത്തിന്റെ കലാചരിത്രത്തിൽ നാടകം കൊണ്ട് നടത്തിയ ഏറ്റവും ഒരു വലിയ ഇടപെടലാണ്, വിപ്ലവമാണ്, ഏറ്റുമുട്ടലാണ് എന്ന് തുറന്നു പറയാൻ ഒരു മടിയുമില്ല. വാസ്തവത്തിൽ ആ നാടകം കളിച്ച് തീരു മായിരുന്നെങ്കിൽ ഇത്രമേൽ നമ്മുടെ ഉള്ളിൽ ഒരു കനലായി നിൽക്കുമായിരുന്നില്ല. മുളയിലെ അടിച്ചമർത്തപ്പെട്ട ആ നാടകം നമ്മുടെ ഉള്ളിൽത്തന്നെ ഉള്ള തീയെയാണ് പുറത്തുകൊണ്ടു വന്നത്. ജോസ് ചിറമ്മലിനെ പോലുള്ള പൊളിറ്റിക്കൽ മൂവ്മെന്റിന്റെ ഭാഗമാക്കാത്ത ഒരാൾ ഒരു വലിയ പൊളിറ്റൻ ആക്ഷന്റെ മുന്നിലേയ്ക്ക് വന്നു എന്ന താണ് കുരിശിന്റെ വഴിയുടെ പ്രത്യേകത. പങ്കെടുത്ത മിക്ക ആളുകളും പൊളിറ്റി ക്കൽ അല്ല. പൊളിറ്റിക്കൻഅല്ലാത്ത ആളുകൾപോലും ഒരുരാഷ്ട്രീയ സന്ദർഭത്തിൽ, ഒരു രാഷ്ട്രീയ ആക്ഷനിൽ പങ്കെടുക്കുന്നു എന്നതാണ് കുരിശ്ശിന്റെ വഴിയുടെ പ്രത്യേ കത. വേറെ ചേരിയിൽ നിൽക്കുന്നവർപ്പോലും ഈ പ്രക്ഷോഭത്തിന്റെ ഭാഗമായത് നീതിയ്ക്ക് വേണ്ടിയുള്ള നമ്മുടെയുള്ളിലെ തീയെ സൂക്ഷിക്കണം. കൈയുർത്താനു മുള്ള ശക്തി നമ്മൾ സൂക്ഷിച്ച് വയ്ക്കണം. ഏറ്റു വാങ്ങിയ പ്രഹരങ്ങളാണ് ഏറ്റവും മഹത്തരമായി തീരുന്നത്. ഇത്രയും പ്രശ്നങ്ങളും കേസ്സുകളുമായി വർഷങ്ങളോളം കോടതിയിൽ കയറി ഇറങ്ങുകയുണ്ടായി. ആ പ്രയാസവും വേദനയുമാണ് ആ ചെയ്ത പ്രവർത്തിയെ മഹനീയമാക്കിയത്. വളരെ വലിയ അത്മവീര്യംനിറഞ്ഞ സമരത്തിന് കേന്ദ്രമായി തീർന്ന ഈ മണ്ണിനെ ഞാൻ നമിക്കുന്നു.

## അനുസ്മരണം 2

## കുരിശിന്റെ വഴിയിൽ അനുസ്മരണത്തിന്റെ ഭാഗമായി ഉണ്ണികൃഷ്ണൻ നട ത്തിയ പ്രഭാഷണം. (സ്ഥലംആലപ്പാട്, എസ്.എൻ.ഡി.പി സമാജം)

**(16.9.2017)**

നാടകത്തിന്റെ ആവിഷ്കാരവുമായി ബന്ധപ്പെട്ട വിഷയത്തിലാണ് ഞാൻ കുരിശിന്റെവഴിയിൽ ഭാഗമായത്, എന്റെ പാർട്ടി അതിനെതിരെയാണ് എങ്കിലും എനിക്ക് ശരിയാണെന്ന് തോന്നിയത് ഞാൻ ചെയ്തു. ഞാൻ കുരിശ്ശിന്റെ വഴിയിലെ ഭാഗമായി തീരുകയായിരുന്നു. കൊടുങ്ങല്ലൂരിൽ പോയത് ഞാൻ ക്രിസ്തുവിന്റെ ആറാം തിരുമുറിവ് കണ്ടത്. നാടകം നിരോധിച്ചതിനോട് എനിക്ക് യോജിപ്പില്ല. അങ്ങനെയാണ് ഞാൻ ആലപ്പാട്ട്വന്നിട്ട് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി തീരുന്നത്. റിഹേഴ്സൽ സമയത്തും പോലീസ് കടന്ന് വന്നു. കുരിശിന്റെ വഴിയിൽ ഞാൻ അഭിനയിക്കാൻ ഇരുന്നത് ഒരു പോലീസുകാരന്റെ വേഷമായിരുന്നു. നാടകത്തിൽ അഭിനയിച്ചതിന് പാർട്ടിയിൽ നിന്ന് വിമർശനങ്ങൾ നേരിടേണ്ടി വന്നു. എതായാലും നേരിനൊപ്പം നിൽക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ നാടകത്തോടൊപ്പം നിന്നു.